രസികരഞ്ജിനി

൲൮൰ ചിങ്ങം

പുസ്തകം ൩ ലക്കം ൧

പ്രസന്ന പ്രൌഢസരസ
പ്രസംഗങ്ങൾനിറഞ്ഞിനി
രസജ്ഞൎക്കു കൊടുക്കട്ടേ
രസം രസികരഞ്ജിനി



രസികരഞ്ജിനി

പരസ്യം

ഈ മാസികയുടെ പത്രാധിപർ കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാനവർകളും, മാനേജർ അമ്പാടി ചെറിയ കൃഷ്ണപ്പുതുവാൾ അവർകളും ആകുന്നു.

ലേഖനങ്ങൾ, അഭിപ്രായത്തിന്നയക്കുന്ന പുസ്തകങ്ങൾ, അതു സംബന്ധിച്ച എഴുത്തുകൾ ഇവ രസികരഞ്ജിനി പത്രാധിപൎക്കും വരിപ്പണം, പരസ്യക്കൂലി, പരസ്യങ്ങൾ, കാൎയ്യസംബന്ധമായ എഴുത്തുകൾ ഇവ ടി. മാനേജൎക്കും മേൽവിലാസംവെച്ച് എറണാകുളത്തു കോവിലകത്തേക്ക് അയക്കേണ്ടതാകുന്നു.

പത്രാധിപരുടേയും മാനേജരുടേയും മാസിക സംബന്ധമായ എഴുത്തുകളിലൊ ലക്കൊട്ടുകളിലൊ അവരുടെ മുദ്രയൊ ഒപ്പൊ ഉണ്ടായിരുന്നാൽ മതി.

എന്ന്

കോവിലകം
എറണാകുളം

രസികരഞ്ജിനി ഉടമസ്ഥൻ,
RAMA VURMA,
13th Prince of Cochin.

ഞങ്ങൾ സ്വീകരിക്കാത്ത ലേഖനങ്ങൾ തിരിയെ അയച്ചു തരണമെന്ന് ആവശ്യപ്പെടുന്നവർ എഴുതിയതോന്നിച്ച് ആയതിന്നു വേണ്ടിവരുന്ന ബ്രിട്ടിഷ് സ്റ്റാമ്പോ കൊച്ചി അഞ്ചൽ മുദ്രയോ അടക്കം ചെയ്യേണ്ടതാകുന്നു.

രാജ്യകാൎയ്യസംബന്ധമായ യാതൊരു ലേഖനങ്ങളും ഈ മാസികയിൽ പ്രസിദ്ധം ചെയ്യുന്നതല്ല.

രസികരഞ്ജിനിയിൽ പ്രസിദ്ധപ്പെടുത്തുവാൻ അയക്കുന്ന ലേഖനങ്ങൾ രഞ്ജിനി പുറപ്പെടുന്നതിന് ഒരു മാസം മുമ്പായി ഇവിടെ കിട്ടേണ്ടതാകുന്നു.

പത്രാധിപൎക്ക് അയയ്ക്കുന്ന എഴുത്തുകളും ലേഖനങ്ങളും പത്രാധിപർ, എറണാകുളം എന്നുമാത്രം മേൽവിലാസം വെച്ച് അയക്കേണ്ടതാകുന്നു. അല്ലാത്തപക്ഷം ആയവ ആപ്പീസ്സിൽ കിട്ടുവാൻ താമസം വരുന്നതാണ്.

ര. ര. പ.

RN 822 (1)

സംഗതിവിവരം

1. പ്രസ്താവന 1
2. മരുമക്കത്തായം 4
3. മലയാളകൊല്ലം— (ചിങ്ങമാസം) 13
4. വൈദ്യശാസ്ത്രം— കെ. എൻ. എ. 19
5. തപതീസംവരണം വഞ്ചിപ്പാട്ട — വള്ളത്തോൾ നാരായണമേനോൻ 24
6. ധർമ്മശാസ്ത്രത്തിന്റെ മൂലതത്വങ്ങൾ — ജി. രാമമേനോൻ, എം. എ. 30
7. കിഞ്ചിദ്ദോഷം— നടുവത്ത മഹൻനമ്പൂരി 34
8. ഈഴവർ 37
9. ഒരു കഥ — കാരാട്ട അച്യുതമേനോൻ ബി. എ. ബി. എൽ. 44
10. താതോപദേശം (ഇംഗ്ലീഷിൽനിന്നും) — കെ. സി. കേശവപിള്ള 52
11. ഔഷധിനിഘണ്ടു 54
12. പലവക 55

വിദ്യാവിനോദിനി അച്ചുകൂടം

കൊച്ചി മലങ്കാട.

രസികരഞ്ജിനീ

൧൦൭൮

പുസ്തകം ൧ | ചിങ്ങമാസം | ലക്കം ൧

മംഗളം.

മൈക്കോപ്പാം പാരമ്പോടേറ്റം മകരന്ദ മതിലാക്കുളിലുള്ളോരു മന്നിൻ.
നേരാക്കാട്ടിച്ചെല്ലുമാമാന്ന്പൂന്തിമലമകളെത്തോളിലേറുന്ന സിംഹം
വാരക്കാരോന്നായുള്ളവും കരിമുഖഗജവും ഗംഗയും തമ്മിലി,ന-
ണ്ണോട്ടുണ്ടാം കുടുംബക്കലഹമിവകളുടുക്കുന്ന സാമ്പൻ സഹായം

വള്ളത്തോൾ നാരായണമേനോൻ.

പ്രസ്താവന.



ശൈശവകാലത്തിൽ പ്രസിദ്ധിയുണ്ടാകുവാൻ കൌതുകം മാത്രം മതി. കൌതുകമുള്ള ശിശുവിനെ കാണികൾ കൊണ്ടാടുക പതിവാണല്ലൊ. ജന്മസിദ്ധമായ ഈ ഗുണം കൊണ്ടു കേൾവി സമ്പാദിച്ച ശിശു കൌമാരം മുതൽ കീർത്തിക്കു പാത്രമാകേണമെങ്കിൽ തന്റേതു കൊണ്ടു നേടേണ്ടതായ മററു ചില ഗുണങ്ങളും അവ[illegible]ണ്ടു്. ഈ ഗുണങ്ങൾ സദുപദേശംകൊണ്ടും അഭ്യാസബലംകൊണ്ടും അല്ലാതെ മററുപ്രകാരത്തിൽ കിട്ടത്തക്കതല്ല. വിദ്യാധനസമ്പന്നന്മാരാ

യ പലരും ഐകയോഗക്ഷേമമായി കഴിഞ്ഞുവരുന്ന തറവാട്ടിൽ കം
ണാൻ കൊതിച്ചുണ്ടായ സന്താനത്തിൻെറ അഭ്യുദയത്തിനുവേണ്ടി
കുടുംബത്തോടുകൂടി ശ്രദ്ധിക്കുവാൻ ഇടവരുന്നതായാൽ പക്ഷെ ഈ
ഗുണലാഭത്തിന്നായി മറെറാരിടം തേടാതെ കഴിയും. ധനം ചുരു
ങ്ങിയ തറവാട്ടിൽ സന്താനം വൎദ്ധിക്കുകയും ദരിദ്രം കൂടിയേറുകയും
ചെയ്താൽ പിന്നത്തെ പുറപ്പാടു മട്ടുമാറീട്ടുണ്ട്. മലയാളകുടുംബ
ങ്ങളിൽ ഭാഗം നിയമംകൊണ്ടു വിധിച്ചിട്ടില്ലെങ്കിലും ദരിദ്രംകൊണ്ടു
ഭാഗിക്കാത്ത തറവാടുകൾ നൂററിൽ ഒന്നോ രണ്ടോ കണ്ടാൽ ഭാ
ഗ്യം. താവഴി പിരിഞ്ഞാൽ 'തൻപിള്ള പൊൻപിള്ള' എന്നാണ
ല്ലോ കണ്ടുവരുന്നത്. ഈ നിയമമില്ലാത്ത നടവടി മലയാളകു
ടുംബങ്ങളെ മാത്രമല്ല മലയാളപത്രങ്ങളേയും ബാധിച്ചുതുടങ്ങി. ഈ
ബാധയെക്കുറിച്ചു വിസ്തരിക്കുവാൻ ഞങ്ങൾ തുനിയുന്നില്ല. പൂൎവ
സ്വത്തില്ലാത്ത കേരളകുടുംബത്തിൽ പത്രസന്താനം വൎദ്ധിച്ചു താ
വഴി പിരിയുന്നതുകൊണ്ടു നിത്യതക്കു ഞെരുക്കം നേരിടുകയാണ് വ
ന്നുകൂടുന്നത് എന്നുള്ള വാസ്തവം ഞങ്ങൾ മറച്ചുവയ്ക്കാനും ഭാവമി
ല്ല. സ്വയാൎജ്ജിതംകൊണ്ടും ഉററമിത്രങ്ങളുടെ സഹായംകൊണ്ടും
കാലക്ഷേപത്തിന്നു വക മതിയാവാതെ കഷ്ടിക്കുന്ന പത്രസന്താന
ങ്ങളിൽ രസികരഞ്ജിനിയും ഉൾപ്പെടുകയില്ലെന്നു ഞങ്ങൾ പറയു
ന്നില്ല. രഞ്ജിനിയുടെ അരിഷ്ടസ്ഥാനത്തു നില്ക്കുന്ന ഗ്രഹം ഉച്ചയാ
യിട്ടില്ലെന്ന് അതിൻെറ ഭൂതകാലത്തെ ഗണിക്കുമ്പോൾ കാണുന്ന
തു ഭാരവാഹികൾക്ക് ഒരു സമാധാനം തന്നെ. ഈ മാസികയുടെ
ആവിർഭാവം മുതൽ കൎമ്മസമുച്ചയങ്ങളെക്കൊണ്ട് ഇതിനെ ഈ നി
ലയിലെത്തിക്കുവാൻ യത്നിച്ചിട്ടുള്ള പത്രസുഹൃത്തുക്കളോടു ഞങ്ങളു
ടെ നിൎവ്യാജമായ കൃതജ്ഞതയുടെ സ്വല്പസൂചനപോലും രേഖപ്പെ
ടുത്തികാണിപ്പാൻ ഞങ്ങൾ ശക്തന്മാരല്ലാത്തതുകൊണ്ടു 'വന്ദനം'
എന്ന മൂന്നക്ഷരം മാത്രമേ അതിലേക്കുവേണ്ടി കുറിക്കുന്നുള്ളു. പ
ത്രസുഹൃത്തുക്കളുടെ പ്രത്യേകദൃഷ്ടികൊണ്ടു രഞ്ജിനിയുടെ ശൈശവാ
വസ്ഥ പറയത്തക്ക അരിഷ്ടങ്ങളൊന്നും കൂടാതെ കഴിഞ്ഞുകൂടിയ
സ്ഥിതിക്ക് കൌമാരദശയും ശിക്ഷാപാടവമുള്ള പണ്ഡിതമ്മന്യ
ന്മാരുടെ സന്നിധാനംകൊണ്ടു ശോഭിക്കുമെന്നും കരുതി സദുപദേ
ശത്തിന്നായി ഇതാ ഇതിനെ അഞ്ചാമത്തെ വയസ്സിൽ സജ്ജന
സമക്ഷം സമൎപ്പിച്ചുകൊള്ളുന്നു.

രഞ്ജിനിയുടെ ആയവ്യയത്തെപ്പററി ഞങ്ങൾക്കാക്ഷേപമില്ല. അത് ഏതു നിലയിലായാലും ഞങ്ങളുടെ ഉദ്ദേശസിദ്ധിക്കു ഒരു തടസ്ഥമായിത്തീരുന്നതല്ല. എന്നാൽ, ഞങ്ങളുടെ കൃതാൎത്ഥതക്ക് അധിഷ്ഠാനദേവതകളാക്കി കല്പിച്ചവരുന്നവരിൽ ചിലർ പത്രാന്തരകൃത്യംകൊണ്ടോ കൃത്യാന്തരഗൌരവംകൊണ്ടോ കഴിഞ്ഞ കൊല്ലത്തിൽ രഞ്ജിനിയെ തീരേ വിസ്മരിക്കുകയാണ് ചെയ്തിട്ടുള്ളത്. 'മാന്യലേഖകന്മാരുടെ സംഖ്യ കറുത്ത പക്ഷത്തിലെ ചന്ദ്രനെ അനുകരിച്ചു കാണുന്നു' എന്നു കഴിഞ്ഞ പ്രസ്താവനയിൽ പ്രസ്താവിക്കേണ്ടിവന്നു. ഇക്കുറി കറുത്ത വാവുനാളത്തെ ചന്ദ്രൻ എന്നു ഭേദപ്പെടുത്തുവാനിടവരുത്തിയതു ശോചനീയംതന്നെ. ഗദ്യപദ്യക്കളരിയിൽ പയററുന്ന കട്ടിത്തരക്കാരുടെ ചൊല്ലിയാട്ടത്തിന്നിടക്കു ആദ്യവസാനക്കാരന്റെ മനോധൎമ്മം രംഗസ്ഥിതജനങ്ങൾക്കു ഉന്മേഷജനകമാണെന്നു പറയേണ്ടതില്ല.

മലയാളത്തിൽ എഴുതാവുന്നവർ ചിലരും എഴുതിയാൽ നന്നാകുന്നതു ചിലരും മാത്രമാണ്. കഠിനവിഷയങ്ങളെ സുഗമമായ വഴിക്കു മനസ്സിലാക്കുവാൻ വിഷയവിവേചനം ചെയ്തു സത്തെടുത്തു നിറംപിടിപ്പിച്ചു ആസ്വാദികത്തക്ക രീതിൽ മനോധൎമ്മത്തോടുകൂടി എഴുതീട്ടുള്ള ലേഖനങ്ങളെക്കൊണ്ടാണല്ലോ ഒരു മാസികക്കു പ്രസിദ്ധിയും പ്രചാരവുമുണ്ടാകുന്നത്. പത്രാധിപർ എത്രതന്നെ സമൎത്ഥനായിരുന്നാലും നാലു വിഷനങ്ങളെപ്പററി ഒരാൾ എഴുതുന്നതും വിവിധവിഷയങ്ങളിൽ പാടവമുള്ള നാലു പേർ ഓരോ വിഷയത്തെ പ്രതിപാദിക്കുന്നതും തമ്മിൽ ഭുജഗജാന്തരമുണ്ട്. ഈ അഭിപ്രായം രഞ്ജിനിയുടെ ആവിൎഭാവത്തിന്നു മുമ്പുതന്നെ ഞങ്ങൾക്കുണ്ടായിരുന്നതുകൊണ്ടാണ് പേരുകേട്ട മാന്യലേഖകന്മാരോടു സഹായം ആവശ്യപ്പെട്ടനുവദിപ്പിച്ചിട്ടുള്ളത്.

എന്തിനേറെ പറയുന്നു; പണക്കാരനായ കൃഷിക്കാരന്നും കെട്ടിനിൎത്തീട്ടുള്ള വെള്ളംകൊണ്ട് കൃഷിപ്പണിക്കു മതിയായില്ലെന്നു വരാം. മഴ പണം കൊടുത്താൽ കിട്ടുന്ന സാധനവുമല്ല. മലയാളത്തിൽ മഴ പെയ്യാഞ്ഞാൽ ദുൎഭിക്ഷം നീങ്ങുവാനും പ്രയാസം. അതുകൊണ്ട് കേരളഭൂമിയിൽ ജനിച്ചു വളൎന്നു തൃപ്തിയായ വളം ചേൎത്തു മോടിപടലങ്ങളിൽ പടൎന്നു തുടങ്ങീട്ടുള്ള രഞ്ജിനീവല്ലിയെ സു

മനസ്സുകൾ പ്രസാദിച്ചു കാലോചിതമായ ലേഖനവൎഷംകൊണ്ടു തണുപ്പിച്ചു പുഷ്ടിപ്പെടുത്തേണമെന്നു മാത്രമേ ഞങ്ങൾ പ്രാൎത്ഥിക്കുന്നുള്ളു.

മരുമക്കത്തായം

ഈ വിഷയത്തെപ്പററി താഴെ കാണിക്കുന്ന ചോദ്യങ്ങൾക്കു സമാധാനമായി ചില സംഗതികൾ മാത്രമാകുന്നു ഇവിടെ പ്രസ്താവിക്കുവാൻ ഭാവിക്കുന്നത്.

ചോദ്യം 1. മലയാളത്തിലെ ഹിന്തുക്കളിൽ എന്തെല്ലാം ജാതിക്കാരാകുന്നു മരുമക്കത്തായ മൎയ്യാദയെ അനുഷ്ഠിച്ചു വരുന്നത്?

2. ഈ മൎയ്യാദ ആരംഭിപ്പാനുള്ള കാരണമെന്താകുന്നു? സ്ത്രീപുരുഷന്മാരിലുള്ള സംസൎഗ്ഗത്തിന്റെ സ്വഭാവത്താൽ സന്താനത്തിന്റെ പിതാവ് ആരെന്നു നിശ്ചയിപ്പാൻ നിൎവ്വാഹമില്ലായ്കയാൽ രക്തസംബന്ധവഴിക്ക് അനന്തരവാവകാശമാകുവാൻ വേണ്ടി പുത്രന്മാരെ അവകാശികളാക്കാതെ സോദരിപുത്രന്മാരെ അവകാശികളാക്കിയതൊ?

3. താവഴിക്കാൎക്ക് അവകാശം ഇരിക്കുന്നതിന്റെ അവസാനം എവിടെയാകുന്നു?

4. തവാട്ടിൽ പലൎക്കും ഓഹരി നിശ്ചയിക്കുന്നതിന്റെ ക്രമം എങ്ങിനെയാകുന്നു?

5. നിൎബ്ബന്ധിച്ചു ഭാഗം വാങ്ങാമൊ? ആവാമെങ്കിൽ ആയത് എങ്ങിനെയുള്ള അവസ്ഥയിലാകുന്നു?

6. സ്വത്തുക്കൾ വ്യയം ചെയ്യുന്നതിങ്കൽ ഉള്ള ക്ലിപ്തം എത്രത്തോളമാകുന്നു?

7. ദത്തെടുക്കാമോ? ആവാമെങ്കിൽ എതു നിയമപ്രകാരം?

8. കാരണവസ്ഥാനാരോഹണം എന്തിന്മേൽ സ്ഥാപിക്കപ്പെട്ടിരിക്കുന്നു?

9. ഒരു കാരണവനെ ധിക്കരിച്ചു നടക്കാവുന്നത് എപ്പോൾ? ആ

യത് ആരുടെ അധികാരത്താൽ ചെയ്യാം?

10. ജീവനാംശത്തിന്ന് അവകാശികൾ ആരെല്ലാമാകുന്നു?

11. വൈധവ്യംപോലെ വല്ല അവസ്ഥയും ഉണ്ടോ? ഉണ്ടെങ്കിൽ അങ്ങിനെയുള്ള ഒരു സ്ത്രീയുടെ അവകാശം എന്തെല്ലാമാകുന്നു?

12. സ്വാതന്ത്ര്യമുള്ള വല്ല അവകാശങ്ങളും സ്ത്രീകൾക്കുണ്ടോ? ഉണ്ടെങ്കിൽ ആ അധികാരത്തിന്റെ സ്വഭാവം എന്താകുന്നു?

1. മരുമക്കത്തായ ജാതികൾ:—

നമ്പ്ര	ജാതിപ്പേര	നമ്പ്ര	ജാതിപ്പേര	നമ്പ്ര	ജാതിപ്പേര
1	അച്ചൻ	30	ചേലക്കുറുപ്പ്	59	മുള്ളുതിയ്യൻ
2	അകത്തനായർ	31	ചെമ്പൊട്ടി	60	മൂപ്പൻ തിയ്യൻ
3	അലക്കകാരൻ	32	ചെണ്ടപുതുവാൾ	61	മൂത്താൻ
4	അമ്പലക്കാരൻ	33	ചെട്ടിയാൻ	62	മുക്കവൻകാവുതി
5	അമ്പലവാസി	34	ഏറാടി	63	ടി. പണിയൻ
6	ടി. അടിയോടി	35	എളമാൻ	64	നമ്പ്യാര
7	ടി. നമ്പിശ്ശൻ	36	കച്ചാരിനായര്	65	നമ്പ്രാത്ത നായര്
8	ആണ്ടി	37	കലങ്കൊടി	66	നാടുവാഴിനായര
9	അണ്ണൂട്ടാൻ	38	കല്ലാരിക്കുറുപ്പ്	67	നായകൻ
10	ആന്തിയാൻ കുശവൻ	39	കല്ലാട്ടുകുറുപ്പ്	68	നായനാർ
11	ആന്തൂരാൻ	40	കാരിങ്കൽ നായര്	69	നായർനമ്പി
12	ആത്തൂരാൻ കുറുപ്പ്	41	കാരപ്പണിക്കർ	70	നായര്
13	അത്തികുറിശ്ശി	42	കർത്താവ്	71	ടി. യാവാരി
14	ടി. മാരയാൻ	43	കത്തിളിനായര്	72	നെടുങ്ങാടി
15	അടികൾ	44	കാവിൽഅമ്പലവാസി	73	നൽച്ചാലിയൻ
16	അടിയോടി	45	ടി. വിരാടി	74	ഒടവൻ
17	ആട്ടുകാരൻ	46	കിടാരൻ	75	ഒരയൻനായര്
18	ചക്കാൻ	47	കിരിയം നായർ	76	ഓത്തുനായര്
19	ടി. നായര	48	കൊലയാൻ	77	ഓടത്തവൻ
20	ടി. വാണിയർ	49	കൊളങ്ങരെ നായർ	78	ഓട്ടക്കാരൻ
21	ചക്കങ്കൽ നായര്	50	കോല്പാട	79	പാലത്തുനായര
22	ചാലിയൻ	51	മാചപ്പൊതുവാൾ	80	പള്ളിച്ചാൻ
23	ടി. കാവുതിയൻ	52	മന്നാടിയാർ	81	പണിക്കർ
24	ടി. പൊതുവാൾ	53	മാരയാൻ	82	പാറമ്പി
25	ചങ്കൻനായർ	54	ടി. അമ്പലവാസി	83	പാപ്പൂര നായർ
26	ചാന്ന	55	മടവൻ	84	പതിയാര
27	ടി. പണിക്കർ	56	മേനോക്കി	85	പെ[illegible] നായര
28	ചാക്യാർ	57	മേനോൻ	86	പിഷാരോടി
29	ചായക്കുറുപ്പ്	58	മൂക്കവൻ	87	പൊതുവാൾ

നമ്പ്ര	ജാതിപ്പേര	നമ്പ്ര	ജാതിപ്പേര	നമ്പ്ര	ജാതിപ്പേര
88	പുലിയൻനായര്	106	ശൂദ്രൻ നായകൻ	124	വണ്ണത്താൻ
89	പൂമാല കെട്ടുന്നവൻ	107	ടി. നായർ	125	വാണിയർ
90	പൂനമ്പി	108	ടി. പൊതുവാൾ	126	വാണിയൻ
91	പുഷ്പകൻ	109	തരകൻ	127	വാരിയർ
92	ടി. അമ്പലവാസി	110	തെയ്യാടിനമ്പ്യാര	128	വട്ടക്കാടൻ
93	ക്ഷത്രിയൻ	111	തെയ്യമ്പാടി	129	ടി. ചക്കാൻ
94	രാവാരി	112	ടി. കുറുപ്പ്	130	വട്ടകനായർ
95	സാമന്തൻ	113	തിയ്യൻ	131	വെളുത്തേടൻ
96	സാമന്തൻ ഏറാടി	114	ടി. ക്ഷത്രിയൻ	132	വെളക്കത്തലവൻ
97	ടി. കർത്താർ	115	തിരുമുല്പാട്	133	വള്ളോടി
98	ടി. നമ്പ്യാർ	116	തുന്നക്കാരൻ	134	വൈശ്യർ
99	ടി. നാടുവാഴി	117	ഉള്ളാട്ടിൽ നായര്	135	യാവാരി
100	ടി. നെടുങ്ങാടി	118	ഉണ്ണിത്തിരി	135	ടി. നായര്
101	ടി. സ്വാത്തൻ	119	ഉരാളി	137	യോഗി
102	സാമന്തൻതിരുമുല്പാട്	120	ടി. യാദര	138	ഗുരുക്കൾ
103	ടി. വള്ളോടി	121	ടി. കുറവൻ	139	പരവൻ
104	സാമിലനമ്പ്യാര്	122	വളിഞ്ചിയൻ		
105	ശൂദ്രൻ	123	വാണിയൻനായര		

ഈ പട്ടികയിൽ പെട്ടിട്ടുള്ള എല്ലാ ജാതിക്കാരും മരുമക്കത്തായക്കാരാകുന്നു. എന്നാൽ പുലിയൻ, തിയ്യൻ, മുതലായ അപൂൎവ്വം ചില ജാതിക്കാരിൽ മക്കത്തായക്കാരേയും നമ്പൂരിമാരിൽ ചില മരുമക്കത്തായക്കാരേയും കാണാവുന്നതാണ്. ഈ പട്ടികയിൽ ചേൎക്കാത്തതായ ഒരു ഹീനജാതിയുണ്ട്. അതു 'പുള്ളുവനാ'കുന്നു. ഈ ജാതിക്കാർ അവരവരുടെ സോദരിമാരെ കല്യാണം കഴിച്ചു അവൎക്കുണ്ടാകുന്ന സന്താനങ്ങളെ അവകാശികളാക്കുന്നു. ഈ നടപ്പു മറ്റു മക്കത്തായക്കാരിലും മരുമക്കത്തായക്കാരിലും ഇല്ല. ഇതു സൎപ്പങ്ങളുടെ ആചാരമാണെന്നു പറയുന്നു. ഈ ജാതിക്കാർ മലയാളത്തിൽ ചുരുക്കമാണ്. ഇവൎക്കു ജന്മമുള്ള പ്രവൃത്തി മലയാളത്തിൽ സൎപ്പപ്രതിഷ്ഠകൾ ഉള്ള ചില സ്ഥലങ്ങളിൽ 'നാഗം പാട്ട്' എന്ന ഉത്സവങ്ങൾക്കു പുള്ളുവവീണകളോടുകൂടി നാഗസ്തുതികൾ പാടുകയാകുന്നു. ഇപ്പോൾ പുതിയതായിട്ടു പ്രസിദ്ധംചെയ്യുവരുന്ന ജാതിവിവരണപുസ്തകത്തിൽ (Living races of mankind) ഇന്ത്യക്കു കിഴക്കുള്ള 'ബോൎണിയോ', 'ആസ്ത്രേലിയാ' മുതലായ ഭൂഖണ്ഡങ്ങളിൽ ചില കാപ്പിരി ജാതിക്കാർ മരുമക്കത്തായക്കാരാണെന്നു

പ്രസ്താവിച്ചു കാണുന്നുണ്ടെങ്കിലും ഇവിടെ മലയാളത്തിലുള്ള ജാതിക്കാരെക്കുറിച്ചു മാത്രമേ പറഞ്ഞിട്ടുള്ളു.

2. ഈ ചോദ്യത്തിൽ പ്രസ്താവിച്ചപ്രകാരം സ്ത്രീപുരുഷന്മാരിലുള്ള സംയോഗത്തിൻെറ സ്വഭാവംകൊണ്ടു സന്താനത്തിൻെറ പിതാവ് ആരാണെന്നു നിശ്ചയിപ്പാൻ പാടില്ലായ്കയാൽ മരുമക്കളെ അവകാശികളാക്കുന്നതല്ല. അതിന്നുള്ള കാരണങ്ങൾ താഴെ കാണിക്കുന്നു.

മരുമക്കത്തായം എന്ന വാക്ക് മാതൃപാരമ്പര്യം അല്ലെങ്കിൽ ക്ഷേത്രപാരമ്പര്യം എന്ന വാക്കുകൾക്കു പകരം നടപ്പായിട്ടുള്ളതാകുന്നു. അപ്രകാരംതന്നെ പിതൃപാരമ്പര്യം അല്ലെങ്കിൽ ബീജപാരമ്പര്യം എന്നുള്ള വാക്കുകൾക്കു പകരം മക്കത്തായം എന്നും പറയുന്നു. 'ബീജക്ഷേത്രപ്രവിധയാ ലോകേ പത്യം ദ്വിധാ സ്മൃതം' എന്നു 'വ്യവഹാരമാലിക'യിലുള്ള വചനപ്രകാരം ലോകത്തിങ്കൽ ബീജപാരമ്പര്യമായിട്ടും ക്ഷേത്രപാരമ്പര്യമായിട്ടും ഇങ്ങിനെ രണ്ടു പ്രകാരം അനന്തരവാവകാശവഴികളാകുന്നു.

മനുസംഹിതയുടെ 9-ാം അദ്ധ്യായത്തിൽ 'ക്ഷേത്രഭൂതാ സ്മൃതാ നാരീ ബീജഭൂതഃ സ്മൃതഃ പുമാൻ' എന്നുള്ള വചനപ്രകാരം സ്ത്രീയെ ക്ഷേത്രമായിട്ടും പുരുഷനെ ബീജമായിട്ടും കല്പിച്ചിരിക്കയാൽ സ്ത്രീപാരമ്പര്യവഴിക്കാരെ മാതൃപാരമ്പര്യക്കാരെന്നും ക്ഷേത്രപാരമ്പര്യക്കാരെന്നും മരുമക്കത്തായക്കാരെന്നും, പുരുഷപാരമ്പര്യവഴിക്കാരെ ബീജപാരമ്പര്യക്കാരെന്നും പിതൃപാരമ്പര്യക്കാരെന്നും മക്കത്തായക്കാരെന്നും പറയുന്നു.

'ജീമൂതവാഹനം' എന്ന പുസ്തകത്തിൽ 'യദാ സാ മൌരസോ സന്നസ്യാൽ സുതോ ദൌഹിത്രയേവ വാ തൽ സുതോ വാ ധനം താസം സ്വസ്ത്രീയാദ്യാസ്സമാപ്നുയുഃ' എന്നുള്ള പ്രമാണപ്രകാരം ബീജപാരമ്പര്യക്കാൎക്കുതന്നെയും ആ പാരമ്പര്യവഴിയിൽ സന്താനങ്ങളില്ലാതെ വന്നാൽ സ്വസ്ത്രീയനായ മരുമകന് അനന്തരവാവകാശം ലഭിക്കും.

പാത്മപുരാണത്തിൽ നാരദപ്രൃഥുസംവാദമായ ചോളഭൂപകഥാപ്രസ്താവത്തിൽ 'ഇത്യുക്ത്വാ ഭാഗിനേയം സ്വമഭിഷിഞ്ച നൃപാസതേ ആബാല്യാദ്ദീക്ഷിതോ യജ്ഞേ പൃപുത്രത്വമഗാദ്യതഃ; ന പ്രസ്ത്രീയാ എവ ജായന്തേ തൽ കൃത്യവധി പതിനഃ' എന്നുള്ള വചന

ങ്ങളാൽ ചോളരാജാവു പുത്രാഭാവത്തിങ്കൽ തന്റെ മരുമകനെ അനന്തരവസ്ഥാനത്താക്കിയ പ്രകാരവും കാണുന്നു. എന്നാൽ ബീജപാരമ്പൎയ്യവഴിയിൽ സന്താനങ്ങളില്ലാഞ്ഞാൽ അവൎക്കു പകരമായി വരാൻ അവകാശിയായി മരുമകൻ മലയാളത്തിൽ ആദ്യംതന്നെ അനന്തരവാവകാശിയാകുവാനുള്ള കാരണമാണ് ഇനി ആലോചിക്കേണ്ടത്.

മനുസംഹിതയുടെ 9-ാം അദ്ധ്യായത്തിൽ 'വിശിഷ്ടം കുത്രചിൽ ബീജം സ്ത്രീയോനിസ്ത്വേവ കുത്രചിൽ' എന്നുള്ള പ്രമാണപ്രകാരം ഒരേടത്തു ബീജപാരമ്പൎയ്യത്തിനും മറെറാരേടത്തു ക്ഷേത്രപാരമ്പൎയ്യത്തിന്നും പ്രാബല്യമുണ്ട്. എങ്ങിനെയെന്നാൽ വിധിപ്രകാരമുള്ള വിവാഹത്താലാകുന്നു ഒരു സ്ത്രീയുടെ മേൽ പുരുഷനു സ്വാമിത്വം സിദ്ധിക്കുന്നത്. 'സ്വക്ഷേത്രേ സംസ്കൃതായാന്തു' എന്നും, 'ഭൎത്തുശരീരശുശ്രൂഷാം ധൎമ്മകാൎയ്യഞ്ച നൈത്യികം സ്വാമേവ കുൎയ്യാത്സൎവ്വേഷാം ന സ്വജാതിഃ കഥഞ്ചന' എന്നുള്ള പ്രമാണങ്ങളാൽ സമാനജാതിയായവരെ മാത്രമേ വിധിപ്രകാരം വിവാഹം ചെയ്യാൻ പാടുള്ളൂ. അന്യജാതിയെ പാടില്ല. അങ്ങിനെ വിവാഹം ചെയ്തിട്ടു സ്വാമിത്വം സിദ്ധിച്ചിട്ടുള്ള ക്ഷേത്രത്തിൽ (സ്ത്രീയിൽ) സന്താനോല്പത്തി ചെയ്യുന്ന അവസ്ഥയിലാകുന്നു ബീജവഴിക്കു പ്രാമാണ്യമുള്ളത്. മേലദ്ധ്യായത്തിൽതന്നെ 'യഥാഗോശ്വോഷ്ട്രദാസീഷു മഹിഷ്യാജാവികാസു ച നോല്പാദകഃ പ്രജാഭാഗീ തഥൈവാന്യാംഗനാസു ച' എന്ന പ്രമാണത്താൽ വിവാഹം ചെയ്യാത്തവളായും അന്യജാതിയായും ഉള്ള സ്ത്രീയിൽ ഉല്പാദനംചെയ്യുന്നവന്ന് ആ സന്താനത്തെ ലഭിക്കയില്ല. പിന്നേയും ആ അദ്ധ്യായത്തിൽ

'യഃ ബ്രാഹ്മണസ്തു ശൂദ്രായാം കാമമുല്പാദയേത്സുതം
സഃ പാരയന്നേവ ശവഃ തസ്മാൽ പാരശവഃ സ്മൃതഃ'

എന്ന പ്രമാണത്താൽ ബ്രാഹ്മണൻ ശൂദ്രസ്ത്രീയിൽ കാമത്തിനാലുല്പാദിപ്പിച്ചിട്ടുള്ളവൻ പിതാവിന്റെ ശ്രാദ്ധാദികൎമ്മങ്ങൾക്കു യോഗ്യനല്ലായ്കയാൽ അവൻ ജീവിച്ചിരിക്കുമ്പോൾതന്നെ ശവതുല്യനായി വിചാരിക്കപ്പെടുന്നു. പുത്രൻ എന്ന പദത്തിന്റെ അൎത്ഥം: കൎമ്മം കൊണ്ടു പിതാവിനെ പുന്നാമമായ നരകത്തിൽനിന്നു ത്രാണനം ചെയ്യുന്നവൻ എന്നുതന്നെ.

തഥൈവ ക്ഷേത്രിയോ ബീജം പരക്ഷേത്രപ്രവാപിണഃ
കുൎവ്വന്തി ക്ഷേത്രിണാമൎത്ഥം ന ബീജി ലഭതേ ഫലം'

എന്നു മേലദ്ധ്യായത്തിലുള്ള പ്രമാണത്താൽ ഒരുത്തൻ തനിക്കവകാശമില്ലാത്ത അന്യക്ഷേത്രത്തിൽ വിത്തിട്ടാൽ ആ വിത്തിന്റെ ഫലം ആ ക്ഷേത്രത്തിന്റെ ഉടമസ്ഥനല്ലാതെ വിത്തിട്ടവനു ലഭിക്കയില്ല. മേൽപ്രകാരമുള്ള അവസ്ഥയിലുണ്ടാകുന്ന സന്താനങ്ങൾ ക്ഷേത്രഭൂതയായ മാതാവിന്റെയും അവളുടെ സ്വാമിത്വമുള്ള ഭ്രാത്രാദികളുടേയും ഉപകാരാൎത്ഥമായി ഭവിക്കുന്നു. അതുകൊണ്ടാകുന്നു ഒരേടത്തു ക്ഷേത്രത്തിന്നു പ്രാബല്യതയുണ്ടെന്നു പറഞ്ഞത്.

ഗാൎഗ്ഗ്യയുധിഷ്ഠിരസംവാദമായ 'കേരളമാഹാത്മ്യ'മെന്ന ഗ്രന്ഥത്തിൽ,

'അസ്മിൻ ദേശേ ദ്വിജാതീനാമേകയേവവിവാഹകം
കൎത്തവ്യം കേരളേ ദേശേ പുത്രാണാം ജ്യേഷ്ഠ ഏവ ഹി
അസ്മിൻ ദേശേ സ്ഥിതാനാഞ്ച ജാതീനാമസ്വഹന്നിശം
സംമാന്താനാഞ്ച സൎവ്വേഷാം അഖിലാനാന്തു ഭൎഗ്ഗവഃ
പാതിവ്രത്യഞ്ച സ്വാസാമസ്യാസ്മിൻ മമ ദേശകേ;
ബ്രാഹ്മണാനാഞ്ച നിത്യന്തു പാതിവ്രത്യവിധിം തഥാ
തിഷ്ഠന്തു ദ്വിജപത്നീനാം ഇതരേഷാം നിവാസിനാം;
പാതിവ്രത്യവ്രതംമാസ്തു സത്യമേവ വദാമ്യഹം
ഗ്രഹസ്ഥാദിതസ്ഥാഭി സ്സുന്ദരീഭിൎദ്വിജോത്തമഃ;
രത്യൎത്ഥഞ്ച പ്രവൎത്തന്തു താസാം വംശാഭിവൃദ്ധയെ'

എന്നുള്ള പ്രമാണങ്ങളാൽ കാണുന്നപ്രകാരം കേരളമെന്ന പുരാതനസംജ്ഞയുള്ള മലയാളത്തിലെ ബ്രാഹ്മണരുടെ തറവാട്ടുകളിലെ ജ്യേഷ്ഠന്മാർ മാത്രമേ വിവാഹം ചെയ്യാവൂ എന്നും അവരൊഴികെയുള്ള ബ്രാഹ്മണർ, രത്യൎത്ഥം അവരിൽ താഴെയുള്ള ഇതരജാതികളിലെ സ്ത്രീകളെ അംഗീകരിച്ചുകൊള്ളട്ടെയെന്നും, ബ്രാഹ്മണജാതിയിലൊഴികെ മററു ജാതികളിൽ പാതിവ്രത്യം വേണ്ട എന്നും ഭാൎഗ്ഗവനായ ശ്രീപരശുരാമൻ കല്പിച്ചു. വിവാഹകൎമ്മത്താൽ സ്ത്രീകളുടെ സ്വാമിത്വം സിദ്ധിക്കാത്ത ബ്രാഹ്മണരാൽ മേൽപ്രകാരം സന്താനോല്പത്തിയുണ്ടാവാൻ സംഗതിവരുന്ന അവസ്ഥയിന്മേൽ ക്ഷേത്രപാരമ്പൎയ്യത്തിന്നല്ലാതെ ബീജപാരമ്പൎയ്യത്തിന്നു ബലമുണ്ടാകുന്നതല്ലായ്കയാൽ മേൽപറഞ്ഞ പുസ്തകത്തിൽതന്നെ,

'മാതുലാനാന്തു സംസ്കാരഃ പിതൃവദ്വിശ്വ ജാതയഃ
കൎത്തവ്യം മമ ലോകേസ്മിന്മാതുലം പിതൃരൂപകം'
'മാതുലസ്യ ധനാസ്സന്തു ഭ്രാതൄണാന്ത്യസ്യൈ ജനായ ച'

എന്നുള്ള പ്രമാണങ്ങളാൽ കാണപ്പെടുന്നപ്രകാരം കേരളത്തിൽ ആ വക ജാതികൾക്കു മരുമക്കത്തായ വഴിക്കു അനന്തരവാവകാശമാകട്ടേയെന്നു ശ്രീപരശുരാമൻതന്നെ കല്പിച്ചു നടത്തിയതാകുന്നു.

ഈ നിയമങ്ങൾ ശ്രീപരശുരാമൻ ചെയ്വാനുണ്ടായ കാരണം എത്രയും വിസ്തരിച്ചു പറവാൻ തക്കതാകുന്നുവെങ്കിലും ഈ പ്രസംഗത്തിൽ അറിവാനാവശ്യമുള്ളേടത്തോളം മാത്രമേ ഇവിടെ ചേക്കുന്നുള്ളൂ. മലയാളം എന്നു പറയുന്നത് ഭാൎഗ്ഗവരാമൻ മലകളിൽനിന്നും സമുദ്രത്തിൽനിന്നും എടുത്തിട്ടുള്ള രാജ്യമാകുന്നു. സമുദ്രത്തിനു ആഴമെന്നുകൂടി പേരുള്ളതുകൊണ്ട് ഈ രാജ്യത്തിനു മലയാളമെന്ന പേരു സിദ്ധിച്ചു. ഈ സംഗതി സ്കാന്ദപുരാണത്തിൽ ജംബുദ്വീപുവൎണ്ണനയുടെ ൯-ാം അദ്ധ്യായത്തിലുള്ള,

'യാവൽ ഗോകൎണ്ണപൎയ്യന്തം താവൽ കന്യാലയാന്തരം
കേരളാഖ്യ മഹാദ്വീപം രാമേണാദ്ധൃതമംബുധേഃ
കഠാരേണ വിഭേദേന മലയാചല സൈഹ്യജൌ
തയോരന്തരഭൂമിസ്തു വിദാരാഖ്യേതിവിശ്രുതാ'

എന്ന പ്രമാണങ്ങളാൽ അറിയാവുന്നതാണു. സമുദ്രത്തിൽനിന്ന് എടുത്ത ഭൂമിക്കു 'കേരളമെന്നും', പൎവ്വതങ്ങളിൽനിന്നെടുത്ത ഭൂമിക്കു 'വിദാരം, എന്നും മാത്രമേ ആദ്യത്തെ സംജ്ഞകളാകുന്നത്. 'വിദാരം' പാലക്കാട്ടും തെന്മലപ്പുറവും ആകുന്നു. മേലദ്ധ്യായത്തിലുള്ള 'അഷ്ടാശീതി യുഗം രാമോ രാജാഭൂൽ കേരളേ ഭുവി' എന്ന വചനത്താൽ ദൃഷ്ടാന്തപ്പെടുന്നപ്രകാരം ശ്രീപരശുരാമൻ കേരളത്തിന്റെ രാജാവായിരുന്നു. അദ്ദേഹം ബ്രാഹ്മണാദിവൎണ്ണങ്ങളെ അന്യദേശങ്ങളിൽനിന്നു കൊണ്ടുവന്ന് ഇവിടെ പാൎപ്പിച്ചു. അവർ സ്വദേശങ്ങളിലേക്കു പോകാതിരിക്കുവാനായി അവരുടെ ആചാരം, ഭാഷാ, വേഷം ഇത്യാദികളെ മാററുകയും ഓരോരോ കുടുംബക്കാൎക്കു യഥായോഗ്യം തറവാടുകൾ, ദേശങ്ങൾ, സ്ഥാനങ്ങൾ ഇത്യാദി പ്രത്യേകം പ്രത്യേകം കൊടുക്കുകയും ചെയ്തു. തറവാടുകളുടെ സ്വത്തുക്കൾ ഭാഗിച്ചു ശിഥിലമായാൽ സ്ഥിരതയില്ലാതെ വരുമെന്നുവെച്ച് തറവാ

ട്ടു മുതൽ ഭാഗിക്കരുതെന്നും കല്പിച്ചു. എല്ലാം സഹോദരന്മാൎക്കും സന്താനങ്ങൾ ഉണ്ടായാൽ അവരിൽ പല സമയത്തും ഉണ്ടാകുന്ന ഭിന്നത നിമിത്തം ഭാഗം വേണ്ടിവരുമെന്നു കണ്ടിട്ടാകുന്നു ജ്യേഷ്ഠൻ മാത്രമേ വിവാഹം ചെയ്യാവൂ എന്നു കല്പിച്ചത്.

നപുംസകഭാഗം ഇല്ല എന്നു മനുസംഹിതയുടെ 9-ാം അദ്ധ്യായത്തിൽ 'നിരംശൌ ക്ലീബ പതിതൌ' എന്ന പ്രമാണത്താൽ സിദ്ധമാകുന്നു. നപുംസകനെന്നു പുത്രോല്പാദനേയുണ്ടാക്കാത്തവനാണെങ്കിലും വിവാഹത്താൽ സ്വാമിത്വം സിദ്ധിക്കാത്ത ഒരു സ്ത്രീയിൽ ഉണ്ടാകുന്ന സന്താനത്തെ ഉല്പാദകനു ലഭിക്കയില്ലെന്നു മുൻകാണിച്ച പ്രമാണങ്ങളാൽ വ്യക്തമാകയാൽ ആ വക സന്തതി ഉണ്ടാക്കുന്നവനെ നപുംസകനെപ്പോലെ തന്നെ വിചാരിക്കാം. എന്നാൽ ഇങ്ങിനെയുള്ള സഹോദരന്മാരുടെ ശേഷക്രിയക്കും സ്വന്ത സമ്പാദ്യത്തിന്നും അവകാശികൾ മേൽഅദ്ധ്യായത്തിലുള്ള

'ഭ്രാതൄണാമേകജാതാനാമേകശ്ചേൽ പുത്രവാൻ ഭവേൽ
സൎവ്വാം സ്താം സ്തേന പുത്രേണ പുത്രിണോമനുരബ്രവീൽ'

എന്ന പ്രമാണപ്രകാരം ജ്യേഷ്ഠന്മാർ വിവാഹംചെയ്ത സ്ത്രീകളിൽ അവൎക്കുണ്ടാകുന്ന പുത്രന്മാർ തന്നെ.

3. തറവഴിക്കാൎക്കുള്ള അവകാശത്തിന്റെ അന്ത്യം യോഗക്ഷേമശാസനകളുടെ ഭിന്നതയാകുന്നു. കാലംകൊണ്ടാകട്ടെ തലമുറകൊണ്ടാകട്ടെ അതിന്നൊരു ക്ലിപ്തമില്ല. ഒരു മൂലഗൃഹത്തിലെ കുടുംബങ്ങളുടെ ബഹുത്വം നിമിത്തം ആയവർ ഭിന്നഗൃഹക്കാരായാലും യോഗക്ഷേമശാസനകൾ ഒന്നായിത്തന്നെ ഇരിക്കുന്നേടത്തോളം സ്വാൎത്ഥസംബന്ധികളായിരിക്കുമെന്നു 'കേരളക്ഷിതിരത്നമാല' എന്ന ഗ്രന്ഥത്തിൽ,

'വംശേതു സ്വാൎത്ഥസംബന്ധേ വയോവൃദ്ധസ്തുയോ ഭവേൽ
സ ഏവ കൎത്താ ഭൂധാന്യ ധനാദ്യഖിലസമ്പദാം.'

എന്നുള്ള പ്രമാണത്താൽ സിദ്ധിക്കുന്നു.

4. തറവാട്ടുമുതലിന്നു എല്ലാം കുഡുംബങ്ങളും സമാവകാശികളാണെങ്കിലും ആയതു ഭാഗിച്ചുകൂടായെന്നു 2-ാം ചോദ്യത്തിന്റെ ഉത്തരത്തിലും 5-ാം ചോദ്യോത്തരത്തിലും പ്രസ്താവിച്ച അവസ്ഥകളാൽ കാണാം. അതുകൊണ്ടു ഭാഗിക്കുന്ന അവസ്ഥയിൽ മാത്രം

ഉണ്ടാകുന്നതായ ഒരു ഓഹരിയുടെ ക്ലിപ്തം നിശ്ചയിപ്പാൻ ഒരു നിയമം ഇല്ല.

5. ഭാഗം നിബന്ധിച്ച വാങ്ങിക്കൂട (2-ാം ചോദ്യോത്തരവും 4-ാം ചോദ്യോത്തരവും നോക്കുക). ചില തറവാട്ടുകാരു സർവ്വകുടുംബസമ്മതത്തിന്മേൽ ഓരോരോ ആൾക്കെങ്കിലും ഓരോരോ താവഴിക്കെങ്കിലും ഓരോരോ സമഭാഗമായിട്ടു ഭാഗിച്ചിട്ടുണ്ട്. ആയതു ഏതുകക്ഷികളില്ലാതേയും ന്യായാധിപതിയുടെ അധികാരത്താൽ അല്ലാതേയും കക്ഷികൾക്ക് അവരവരുടെ സ്വന്തമനസ്സുപ്രകാരവും സമ്മതപ്രകാരവും ചെയ്യു പ്രവൃത്തി ആകയാൽ ഒരു നിബന്ധനപോലെ വിചാരിക്ക വയ്യ.

ഭാഗം എന്നത് ദായഭാഗമെന്ന പദത്തിന്റെ ഒരു സംക്ഷേപമാകുന്നു. ദായത്തിങ്കലല്ലാതെ ഭാഗശബ്ദം ഇരിക്കുന്നതല്ലായ്കയാൽ ഭാഗപദപ്രയോഗത്തിങ്കൽ ദായത്തെ കൃതമായിട്ടു ഗ്രഹിക്കുന്നു. മനുസംഹിതയുടെ 9-ാം അദ്ധ്യായത്തിൽ 'ഊർദ്ധ്വം പിതുശ്ച മാതുശ്ച സമേത്യ ഭ്രാതരസ്സമം ഭജേരൻ പൈതൃകം രിക്ഥമനീശാസ്തേഹി ജീവിതോഃ' എന്നുള്ള പ്രമാണത്താൽ മാതാപിതാക്കന്മാരുടെ കാലാന്തരത്തിങ്കലല്ലാതെ അവർ ജീവിച്ചിരിക്കുമ്പോൾ അവരുടെ സ്വത്തിനെ ഭാഗിക്കാൻ പുത്രന്മാർക്ക് അധികാരമില്ല. 'ജീമൂതവാഹനം' എന്ന പുസ്തകത്തിൽ,

'വിഭാഗോർത്ഥസ്യ പിത്ര്യസ്യ പുത്രൈര്യസ്തു പ്രകല്പ്യതേ
ദായഭാഗ ഇതിപ്രോക്തം തദ്വിവാദപദം ബുധൈഃ'

ഇതിവചനേന പിത്ര്യമായ ധനത്തെക്കൊണ്ടു പുത്രന്മാരാൽ ചെയ്യപ്പെടുന്ന വിഭാഗത്തെ ദായഭാഗമെന്നു പറയുന്നു. പിത്ര്യം പിതൃമരണോപജാതസ്വത്വമാകകൊണ്ടു പിതാവിന്റെ സ്വത്വം പോയതിൽ പിന്നെ മാത്രമേ അവന്റെ സ്വത്തിനെ ഭാഗിച്ചുകൂടു. (8-ാം ചോദ്യോത്തരത്തിൽ പ്രസ്താവിച്ചപ്രകാരം) പിതൃപരമായ കാരണശബ്ദം മാതുലജ്യേഷ്ഠാദിപ്രയോഗശിക പുരുഷപരമായി മരുമക്കത്തായക്കാർ എടുക്കുന്നതിനാൽ മക്കത്തായത്തിൽ ഏകപുരുഷവാച്യമായ ആ പദം മരുമക്കത്തായത്തിൽ അനേകപുരുഷവാച്യമാകുന്നു. ഈ അവസ്ഥയാൽ (മേൽ കാട്ടിയ പ്രമാണങ്ങൾ പ്രകാരം) ആ അനേക പുരുഷന്മാരുടേയും സ്വത്വം പോകാതെ ഭാഗിക്കാൻ പാടില്ല. എന്നാൽ അങ്ങിനെയുള്ള ഓരോരോ പുരുഷന്മാരുടെ കാലാ

ന്തരത്തിങ്കൽ ഉത്തരോത്തരവയോധികന്മാൎക്കു വഴിക്കുവഴിയായി കൈയററം വരുന്നതിനാൽ പിതൃശബ്ദവാച്യന്മാരായ കാരണവന്മാർ എല്ലാവരുടേയും സ്വാതന്ത്ര്യനിവൃത്തി വരുന്നതല്ലാത്തതുകൊണ്ടു മരുമക്കത്തായമൎയ്യാദയിൽ ദായഭാഗത്തിനു. പാടുണ്ടാകയില്ലെന്നു മേൽ കാണിച്ച പ്രമാണങ്ങളുടെ താല്പൎയ്യത്താൽ തന്നേയും സിദ്ധിക്കുന്നു.

(തുടരും)

മലയാംകൊല്ലം*

ചിങ്ങമാസം.

തുംഗശ്രീസിംഹ,വാഹേ! തുഹിനശിഖരിതൻ
കന്യകേ,! നിസ്തുലാഭേ!
ഭൃംഗാ,ളീകേശി! ചാപ,ഭ്രുകുടി! മൃഗ,സമാ-
നാക്ഷി!,കുംഭ,സ്തനാഢ്യേ!
ഭംഗം മീനാ,ക്ഷി! തീൎത്തിടുക മധുമഥനാ
ജാ,രിസേവ്യേ! വൃഷാ,ങ്കോ-
ത്സംഗശ്രീ, സൌമ്യഗേഹേ,! ഭഗവതി!, കടകോ,-
ല്ലാസിഹസ്തേ! നമസ്തേ.

2

ചേരുന്നു സിംഹമയി സിംഹകടിപ്രദേശേ! നീ ഇളനീരഭഗജങ്ങളുമൊളിച്ചിടുന്നു
താരങ്ങളെന്നു പറയും മണിമൌക്തികങ്ങൾ പാരാതനേകമിളിയേന്തി വിളങ്ങിടുന്നു.

3

ചൊല്ലാൎന്ന വായുരജകൻ ഘനവസ്ത്രജാലമെല്ലാടവും ജലകണാഞ്ചിതമാം പ്രകാരം
കല്ലോത്തകാന്തികലരും ഗഗനത്തിലിട്ടു തല്ലിട്ടതിന്നിഹ വെളുപ്പു വരുത്തിടുന്നു.

---

* മലയാംകൊല്ലമെന്ന ഈ കാവ്യം ‘രഞ്ജിനി’യിൽ ചേൎപ്പാനായി ഒരു കവി ഞങ്ങൾക്കയച്ചു തന്നിട്ടുള്ളതാണ്. വായനക്കാർ ഇതിനെ പ്രത്യേകം ശ്രദ്ധയോടുകൂടി വായിച്ചുനോക്കീട്ടു തങ്ങൾക്കു രുചിക്കുന്നതായി തോന്നിയാൽ ആ വിവരം (പത്തുദിവസത്തിന്നകം) ഞങ്ങൾക്കറിവുതരുന്നപക്ഷം ഇതുപോലെ പന്ത്രണ്ടു മാസത്തേക്കുറിച്ചും അതാതുമാസത്തിൽ ഓരോ സൎഗ്ഗം വീതം പ്രസിദ്ധപ്പെടുത്താവുന്നതാണ്.

ഇത് എല്ലാവൎക്കും ‘ആപാദമധുര’മായി തോന്നുന്നതല്ലെങ്കിലും സഹൃദയന്മാൎക്കു ‘ആലോചനാമൃത’മായിത്തോന്നിയാൽ ഉദ്ദേശം സഫലമായി.

ര. വ.

4

പാരിൽസമസ്തതരുഗുല്മലതാഗണങ്ങൾ വേരൊത്തുറച്ചതിഗുണങ്ങളിണങ്ങിടുന്നു
ശീതപ്രകാശനിധിയായിട്ടുമോഷധീശൻ ശ്രീപ്രസാദമൊടുയർന്നുവിളങ്ങിടുന്നു.

5

ധവളമയൂഖകലൊക്കെയുമോണവട്ടൻ ദാരിദ്ര്യസങ്കടമൊഴിഞ്ഞുജഗത്തിലെല്ലാം
കാറൊക്കെയുത്തമമരയങ്ങകലെക്കളഞ്ഞു പാരാതെമിത്രഭഗവാൻതെളിയുന്നുപാരം.

6

നാട്ടിൽക്കരപ്പിഴചുരുങ്ങിജനങ്ങളെല്ലാം വാട്ടംവെടിഞ്ഞുവെളിയോട്ടുനടന്നിടുന്നു
കാട്ടിൽക്കരപ്പുവളരുന്നിതുകാട്ടുജന്തുക്കൂട്ടങ്ങളേറ്റമതിനുമദിച്ചിടുന്നു.

7

ചേരുംവിധംമൃദുകരങ്ങൾപതിച്ചുരാജാ വാരാലയന്നുപദമേറിവിളങ്ങിടുന്നു
ചോരപ്രയോഗമൊഴിവായിവിട്ടിന്നിടുന്നു ചാരാത്തമോകുലയാംമുഴവൻരസേന

8

ചേലൊത്തിടുംനദികളൊക്കെതെളിഞ്ഞുവേണ്ട പോലുള്ളമാർഗ്ഗമതിലൂടെനടന്നിടുന്നു
വേഗാക്രമത്തൊടുതരംഗജങ്ങൾപൊക്കി കോലാഹലങ്ങളെനദീപതിനിർത്തിടുന്നു,

9

ലോകർക്കുനല്ലസുഖമായനിളജല്ലപോലെ പോകുന്നതിന്നുതടവില്ലതെളിഞ്ഞമാർഗ്ഗം
ആകുന്നമട്ടുജലബാധയൊഴിച്ചുവെള്ള ക്കാർക്കൂട്ടമിട്ടുവിലസുന്നൊരുകാലമല്ലേ!

10

ദോഷംജലത്തിനുകലങ്ങലതിന്നിടുന്നു തോഷിച്ചുതൻജലജവൃന്ദങ്ങൾചിരിച്ചിടുന്നു
ഘോഷാക്രമംജലപതിക്കുകുറഞ്ഞുലക്ഷ്മീ പോഷംതെളിഞ്ഞുവിളപ്പുകനിഞ്ഞറിലപ്പും.

11

ചേലൊത്തചിത്രജശരങ്ങളിൽമുഖ്യമായ നീലാംബുജംസുലഭമായിജഗത്തിലെല്ലാം
ചേലായതാക്ഷിമണിമാരുടെസൽക്കടാക്ഷ നീലാംബുജത്തിനധികംവിലകുറ്റിടുന്നു

12 [ളുങ്ങി

വല്ലാതെതൻനിലകൾവിട്ടിഹപൊങ്ങിവന്ന തെല്ലുംവെടിഞ്ഞഴകെഴുംപടിതാണൊതു
ഉല്ലാസമോടുവിലസുംസലിലത്തിനേറ്റം ഫുല്ലാംബുജാദിഗുണമൊക്കെയുമൊത്തിടുന്നു

13

സന്താപമേറിയധരാതലസാന്ത്വനത്തി നന്തമ്മുദാസുരവരൻസലിലംതെളിച്ച്
ചന്തത്തിൽപെട്ടുന്നപടിചെയ്യൊരുമേഘവായു യന്ത്രപ്രയോഗമൊഴിവാക്കിനിലച്ചുവാതം.

14

കെട്ടറ്റകാർകുഴലുവെള്ളമൊഴിച്ചുമെയ്യിൽ പിടേചേട്ടംപൊടികളഞ്ഞുകുളിച്ചുഭൂമി
മൂട്ടുള്ളസ്വച്ഛകരമാംതുകിൽകൊണ്ടുതോർത്തി മോടിയ്ക്കുചന്ദ്രകരവസ്ത്രമണിഞ്ഞിടുന്നു.

15

ചീരത്താരവഞ്ജലമജ്ജനശുദ്ധമാംതൻ പാത്തട്ടിൽവന്നമലർമങ്കകളിയ്ക്കുമൂലം
അല്ലത്താരത്തൊടുജനങ്ങളുറങ്ങിടാതെ കാന്താസ്ഥലത്തിലൊഴിയാതെകിടന്നിടുന്നു.

16

മുന്നംസ്യമന്തകമഹാമണിയൊന്നെടുത്തു വെന്നോർത്തുശൗരിശതധന്വാശിരസ്സറുത്തു
നന്നായന്നുമണിയെടുത്തതുകൊണ്ടുലോക രൊന്നാകെങ്ങളുടെശിരസ്സുമുറിച്ചിടുന്നു

17 [ട്ടും

ഇന്നേവരുംകിമപിയെത്രനമായിയെന്നാൽ നന്നല്ലപെറ്റവരൊടൊത്തുവസിപ്പതെ
എന്നോർത്തുകറ്റകളൊഴിച്ചുമെതിച്ചുവയ്ക്കോലൊന്നിച്ചുനെന്മണികൾവേർതിരിച്ചിടുന്നു

18

ലോകത്തിനേറ്റമിടയാംപടിനഷ്ടമായി പ്ലേഗുംക്രമേണജലബാധകളന്നതെല്ലാം
ശോകങ്ങളെന്നുകരുതീട്ടുപൂർത്തുസൗഖ്യം ലോകത്തിനായ്സകലധാന്യവുമിട്ടിടുന്നു

19

ഏററംബലിഷ്ഠനിഹനേത്തുവരുദേശായാം തോറേറാട്ടുമേലഹ്യതയുള്ളവരെന്നയുക്ത്യാ
കാററത്തിട്ടുന്നുപതിരൊക്കെയുമങ്ങട്ടരെ മാററുന്നതിന്നുഭുവിലോകരശേഷധാന്യം

20

ഒന്നിച്ചുജന്മമൊരുപോലെവപുസ്സുകണ്ടാ ലെന്നാലുമുള്ളിലൊസാരമൊഴിഞ്ഞമൂലം
നന്നല്ലിതെന്നുപതിരങ്ങുകളഞ്ഞിടുന്നു നന്ദിച്ചുനെല്ലറയിലിട്ടിഹകാത്തിടുന്നു

21 [ൽ

മാന്യങ്ങളാംപയറുഴുന്നുകളെന്നശിംബി ധാന്യങ്ങളാംനന്മണികളുള്ളിൽനിറഞ്ഞുമോദം
അന്യൂനമൃതസവരസത്തൊടുനൃത്തമാടി മിന്നുന്നമട്ടുകൊടിനീട്ടിവിളങ്ങിടുന്നു

22

നന്നായ്നനച്ചുവളമിട്ടതിനാൽവളൎന്നു വന്നോരുവാഴകളിൽവാച്ചൊരുകണ്ണുപെട്ടു
നന്ദിച്ചുമാറുഴകെഴുന്നവകൾക്കശേഷം മന്ദിച്ചിടാതുടനെതാൻകുലവന്നുചേൎന്നു

23

വമ്പിച്ചവന്നബഹുസസ്യസമൃദ്ധികൊണ്ടു സമ്പൂൎണ്ണമായഭുവനേമരുവുംജനങ്ങൾ
കംഭിന്നവക്ത്രരുടെകമ്പനിയറ്റുവാനും സമ്പത്തിതോൎക്കിൽമതിയെന്നുനിനച്ചിടുന്നു

24

വിഘ്നംപെടുന്നവനലക്ഷ്മിലഭിയ്ക്കയില്ല വിഘ്നംപെടാത്തവനലക്ഷ്മിയുടൻലഭിയ്ക്കും
വിഘ്നംവരുന്നകളയാനരുതാതെയില്ല വിഘ്നംസ്മരാൎത്തികളശേഷമറുക്കമൊന്ന്!

25

ഭക്തപ്രിയൻഗണപതിയ്ക്കുമഹാജനങ്ങൾ ഭക്തിയ്ക്കുവേണ്ടവിഭവങ്ങൾനിവേദ്യമായി
ശക്തിയ്ക്കുചേൎന്നപടിനൽകിവിപത്തിൽനിന്നു മുക്തിപ്പെടുന്നൊരുഗണേശചതുൎത്ഥിവ

26 [ന്നു.

വല്ലാത്തനൎത്ഥഭയകാരണമിന്നുകാണ ന്നില്ലാരുമേചെറിയശീതളമസ്തിതന്നെ
എല്ലാമൊഴിഞ്ഞുസുകൃതമുള്ളവർകണ്ടുവാഴ്ത്തും നല്ലാഭയുള്ളളികദേശമെഴുന്നകാന്തേ!

27

കണ്ടാൽചമ്പുമുതുകന്നമുറ്റമെന്നു വേണ്ടാജഗത്തിൽമുഴുവൻവിഭവങ്ങൾതിങ്ങി
വേണ്ടോരുപുഷ്ടിയിതുകണ്ടുരസിപ്പതിന്നു വേണ്ടിക്കളുഹലിമഹാബലിവന്നിടുന്നു

28 [ജൻ

മുമ്പിൽജഗത്തിതഖിലംബഹുധമ്മമുൾക്കൊണ്ടന്വോടുകാത്തൊരുമഹാബലിദൈത്യരാ
വമ്പൻവരുന്നതിരുവോണദിനംജനങ്ങൾ സമ്പൂൎണ്ണഭക്തിപരമോത്സവമാക്കിടുന്നു

29 [ദി

ഹസ്തത്തിലായിവിഭവങ്ങൾജനത്തിനെല്ലാം ഹസ്തത്തിലായിതിരുവോണമഹോത്സവം
ഹസ്തത്തിൽമന്നവർതെളിഞ്ഞുചമഞ്ഞിടുന്നു ഹസ്തത്തിനുക്കടയവക്കടിയായ്ത്തിനോദം

30

മാവേലിതന്റെവരവിൽസ്തവമാൎത്തുബാലർ പൂവട്ടിയൊക്കെനിറയുമ്പടിപൂവറുത്ത്
മോദംതെളിഞ്ഞവകളിട്ടുനിജാങ്കണങ്ങളാവിമ്മദാചലവിധത്തിലണിഞ്ഞിടുന്നു

31

തൃക്കാക്കരപ്പനുടെദിവ്യമഹോത്സവശ്രീ യിക്കാലമാണുതുടരുന്നതുപണ്ടുപോലും [ന്തു
ചൊല്ലേറുമാണ്ടലോകരതുകൊണ്ടുനിജാങ്കണത്തിൽ തൃക്കാക്കരപ്പനെയണിഞ്ഞുനിരത്തിടു

32

ഉദ്യോഗശാലികൾപണിയ്ക്കൊഴിവായമൂലം സദ്യോവരുന്നുസരസംനിജമായനാട്ടിൽ
ഹൃദ്യങ്ങളാംപലവിനോദവിധങ്ങൾചെയ്യാനുദ്യോഗമോടവർതെളിഞ്ഞുമുതിന്നിടുന്നു

33

പന്തിട്ടുതട്ടിയതിനുള്ളകളിക്കുകൂടിടുന്നോർ സന്തോഷമോടുജയമാൎന്നുരസിച്ചിടുന്നു [ടുന്നു
പൈതേൻതൊഴാമൊഴികൾചോട്ടുചവിട്ടിടുമ്പോൾ പന്തോടിടഞ്ഞമുലനിന്നുള്ള

34

മെല്ലെങ്കിലുംകാലംവടികൊണ്ടടിക്കൂട്ടമാണ വില്ലിൻനിനാദമുലകാകെനിറഞ്ഞിടുന്നു
സല്ലീലയാടിവിലസുന്നുകളിസ്ഥലമോമൽക്കല്യാണിമാരടയവില്ലെത്തുചില്ലിവല്ലി

35

മണ്ഡിച്ചിടുന്നുരസികാവലിതൻനഖത്താൽ ഖണ്ഡിച്ചപെണ്മുലകളെ സ്പൃശനാന്ദത്തെ [ൽ.
ഖണ്ഡതചാമെന്നമുളകുപ്പിവകത്തികൊണ്ടു ഖണ്ഡിച്ചനാരകഫലങ്ങള്‍ലിട്ടിടുന്നു

36

അല്പതരംവനിതമാർകുചമണ്ഡലത്തെ കെല്പോടുഹാരമണിചേർത്തണിയുന്നുഭംഗ്യാ
ചൊല്ലാന്നിട്ടുമഹിതമണ്ഡനഹേമരത്നാ ച്ചെല്പോരുകെയ്യുംജഗതിസമ്പ്രതിശൂന്യമായി

37

ചന്തത്തിൽവാഴയുടെനല്ലകുലയ്ക്കുചേർന്ന നേന്ത്രപ്പഴങ്ങളെനുറുക്കിനുറുക്കിലോകം
ചെന്തീയിൽവെന്തുചിതമോടഖിലംചെലുത്തിസന്തോഷമാർന്നുമദമൊത്തുകളിച്ചിടുന്നു

38

അത്യന്തമുത്തനവശർക്കരചേർന്നുസാധു വൃത്തതചാമന്നുജനമായതുകെട്ടിയേറാം
പ്രത്യേകമെണ്ണയിൽവറുത്തുടനെപൊടിച്ചു ചിത്തപ്രമോദമൊടുതിന്നുതകർത്തിടുന്നു

39

കല്യാണരൂപമിറകന്ദകലീലചെയ്യും ബാലാജനങ്ങളുടെവാർകുഴൽമേചകൂന്തൽ
ലോലങ്ങളായടികളംചേർന്നുപതിച്ചിടുന്നു ചാലേശ്രമാംബുകണതാരകളാമിന്നിടുന്നു

40

തെല്ലെന്നുമവനതിയുചാതികയുംപ്രകാരം മെല്ലെന്നുലോകർപലരുണ്ടുമദിച്ചിടുന്നു
ഉല്ലാസമോടുമടവിൽബാഹുശക്തിയോടു തല്ലുന്നതങ്ങളിലടുത്തുതടുത്തുകൊണ്ടു്

41

ഓണത്താരുമല്ലുഴകിനോടുമടക്കിഞങ്ങൾ തീർത്താരനിന്ദയലക്ഷണമാണിതെന്നു്
ഓണത്തരമല്ലനെമടക്കിയവമ്പന്മാരിൽ ചാർത്താനമോദമൊടുലോകർകൊടുത്തിടുന്നു

42

വാരോടുപൂത്തുകളിനാട്ടിൽനിറഞ്ഞിടുന്നു പൂത്തങ്ങളെചുട്ടുടനെടുത്തവരാർത്തിടുന്നു
പൂതായുധക്കണകളംപൂടൊട്ടുപെയ്യിടുന്നു പൂതോടിടുംമുലകളംചേർത്തമയന്നുലോകം.

43

കിട്ടീകരത്തിലിഹപൂത്തുകളെന്നനാമ മിട്ടുള്ളപെണ്മുലകളംഭാഗ്യമിതെന്നുറച്ചു് [ന്നു
കെട്ടാൻപടിച്ചപണിയൊക്കെയെടുത്തുപൊങ്ങി ട്ടൊട്ടുപ്പഹോചിലരിരുന്നുകുറഞ്ഞിട്ടു

44

എണ്ണക്കാച്ചിലുളവായവനാഗ്ഘോഷം കണ്ണിൽപ്പെടുന്നുബഹുരൂക്ഷതകൂടിടുന്നു
തിണ്ണംചെലുതചാമണായുന്നുകരോരമായി ഭ്ണ്ണിച്ചിടുംപടിമുഴത്തുവരുന്നുകമ്പം.

45

പെട്ടെന്നുനല്ലപരടിട്ടുവരിഞ്ഞുകെട്ടി ച്ചുട്ടുറപമ്പരമെറിഞ്ഞുതിരിച്ചിടുന്നു
ദുഷ്പ്രാവധുക്കളുടെപമ്പരമോടടഞ്ഞ പുഷ്പാസ്ത്രനാഹൃദയസീമനിചേർത്തിടുന്നു.

46

വഞ്ചിച്ചുകൊണ്ടുചിലർശീട്ടുകളിക്കുമേറ്റം വഞ്ചിക്കളിക്കുവിരുതുള്ളവരാക്കളിക്കും
തഞ്ചത്തിലോണസുമഹോത്സവമാദരിച്ചു ചഞ്ചത്തരാക്ഷി രസമോടുതുനിഞ്ഞിടുന്നു.

47

പാരതചാമുള്ളചതുരംഗമുഖങ്ങളായു ള്ളോരോരോവിനോദരസസിന്ധുവിൽമുങ്ങിമുങ്ങി
പാരിൽസമസ്തജനവൃന്ദകളിയാടിടുന്നി ലോരമ്യമോണസുമഹോത്സവമെത്രകേമം,

48

വന്മാനശാലിജനമാശനിറച്ചുകൊണ്ടു സമ്മാനമുണ്ടുകളംകൊടുപ്പുതുവാങ്ങിലോകം
സമ്മോദമുള്ളിലധികംനിലനിന്നുചിത്ത സമ്മോഹനാസ്പദമിതാണിതുപൂരിതാരേ!

49

യാടിപ്പെടുന്നതിരുവോണമഹോത്സവത്തിൽ മോടിയ്ക്കുനല്ലിയപുതുപ്പുടയൊന്നുതന്നെ
കോടിയ്ക്കുഹേമസദൃശമെന്നുനിനച്ചുപുത്ത നാടയ്ക്കു 'കോടി'യതിരേ പറഞ്ഞിടുന്നു.

50

ഓണപ്പുടയ്ക്കുമലയാളിജനത്തിനെല്ലാം വേണംചരക്കപലമാതിരിയെന്നമൂലം
ഓണോത്സവംവസനവിക്രയശാലിമർത്ത്യശ്രേണിയ്ക്കുനല്ലകണിയായ്ചമയുന്നുകാണ്ക.

51

നിസ്തുല്യലക്ഷ്മിവദനത്തിനുചേക്കുവാനായ് കസ്തൂരികൊണ്ടുകുറിയിട്ടുവിളങ്ങുമാറ്റേ!
വസ്ത്രത്തിലുംപലതരംകുറിചേർത്തുലോകരത്യന്തലാഭമിതുകാലമണഞ്ഞിടുന്നു.

52

ചൊല്ലൊങ്ങിടുന്നപരദേശിസമൂഹമേററം കെല്പേറുമാവണിയവിട്ടമഹാവ്രതത്തെ
അല്ലേതരോത്സവരസംവരമാറനുഷ്ഠിച്ചുൾപ്പൂതെളിഞ്ഞുവിലസുന്നുമഹാവിശേഷം

53

വട്ടംതികഞ്ഞഴകിൽവാവിലുദിച്ചുപൊങ്ങും ചട്ടററതിങ്കൾതൊഴുമിസ്സലിദോശയപ്പം
ഇഷ്ടത്തൊടെന്നുമുതലാംപലഹാരമെല്ലാം തുഷ്ട്യാചമച്ചുപരദേശികൾതിന്നിടുന്നു

54

മാടോടുചേർച്ചുകുരുവേററമിരിപ്പിടത്തിൽ കൂട്ടംപ്രകാരമൊരുവൃദ്ധി, തിരക്കരത്തിൽ
ചോടിനുറപ്പി, വയെഴുംപരദേശികൾക്കമൂട്ടംകുചേ! രുചികരംപലഹാരമല്ലോ

55

തുഷ്ട്യാനിറച്ചുപലഹാരഗണങ്ങൾതിന്നു ശിഷ്ടാപയോജനയനേ! പരദേശിസംഘം
പുഷ്ട്യാവസാദിവിഭവങ്ങൾതികഞ്ഞുലോകക്ലിഷ്ടംനടിച്ചുകുതുകേനകൊടുത്തിടുന്നു

56

കൃഷ്ണാവതാരശുഭവാസരമായിടുന്ന കൃഷ്ണാഷ്ടമീതിഥിയിലുത്തമഭക്തവൃന്ദം
കൃഷ്ണാലയങ്ങളിലണഞ്ഞുപവാസപൂർവ്വം കൃഷ്ണാർച്ചനാദികൾകഴിച്ചുവസിച്ചിടുന്നു

57

താരാശിതന്നുടെശുഭോത്തമകീർത്തിചിത്ത താരിൽധരിച്ചുതരമോടുതടിച്ചഭക്ത്യാ
താരാധിനാഥമുഖി! ചക്രധരാവതാര താരത്തിലിങ്ങുപവസിച്ചുവരുന്നുലോകം

58

ചൂടുള്ളിൽനിന്നൊഴിവതിന്നുനിജോത്തമാംഗേ ചൂടുന്നുനല്ലതുളസീദളമാംപ്രസാദം
പാടുന്നുകൃഷ്ണചരിതങ്ങൾജനം, പുറത്തായിടുന്നുരാഗനികരങ്ങളകത്തുനിന്നു

59

പാനാശനങ്ങളുമുറക്കവുമങ്ങുവിട്ടു മാനംനടിച്ചുചിലരീമഹിതവ്രതത്തിൽ
സ്നാനാർച്ചനാനമനമാനജപാന്തരത്വമല്പാനാദിചെയ്തിളകിടാതെവസിച്ചിടുന്നു

60　　[കന്ന്യാ

പെണ്ണുങ്ങളൊപ്പെരിയകൈതൃകമുള്ളൊരുണ്ണിക്കണ്ണന്റെകുഞ്ഞുകളിയോർത്തിളകുന്നഭ
ഉണ്ണാതെവിഷ്ണുഗുണനാമകഥാദിപാടി തണ്ണാരസേനഹരിസേവകൾചെയ്തിടുന്നു

61

വാപ്പിൽപയോജധിയെന്നകണക്കതിർത്ത പാല്പായസംപുതിയവെണ്ണവെളുത്തചോറ്
അപ്പംതടിച്ചകദളിപ്പഴമെന്നിതെല്ലാം അർപ്പിച്ചിടുന്നുഭഗവാനിഹഭക്തലോകം

62

പാപാന്ധകാരമകലുന്നതിനാജ്ജനങ്ങൾ ദീപാളിവെച്ചുഹരിതന്നടികുമ്പിടുന്നു
ശ്രീപൂണ്ടകൃഷ്ണനെഴുമമ്പലമഷ്ടഗന്ധധൂപങ്ങൾകൊണ്ടുസുരഭീകൃതമാക്കിടുന്നു.

63

താരിൽപ്പിറന്നതരുണീരമണന്നുചിത്ത താരിൽപ്രസാദമുളവാക്കുവതിന്നുവേണ്ടി
ചാരുപ്രണീതസുമമാലകളെടുത്തുവെച്ചു ഭൂരിപ്രസൂനമഹിതാർച്ചനചെയ്തിടുന്നു

64

അററംവെടിഞ്ഞധികമോഹനസൽഗുണങ്ങൾ പാറിത്തെളിഞ്ഞസകലാവയവങ്ങ
ളൊററെന്നുമിന്നുമഴകുള്ളമുരാരിതൻെറ ചുററുംജനങ്ങൾചിതമോടുനടന്നിടുന്നു

65

മായാമനുഷ്യനുടെനല്ലവതാരകാല മായുള്ളപാതിനിശയിൽപതിരററഭക്ത്യാ
കായാന്തരംഗപരിശുദ്ധികലർന്നലോക രായാസമോടുഹരിപൂജകൾചെയ്തിടുന്നു

65

ആർത്താനുകമ്പിഭഗവാൻെറവിചിത്രപുണ്യ വാർത്താവിശേഷമഴകോടുരചെയ്തുകൊണ്ടു
തീർത്ഥാദിസേവകൾകഴിച്ചിഹഭക്തലോകം പ്രാർത്ഥിച്ചിടുന്നുപചതങ്ങനിഭജ്ഛപോലെ

66

സന്താപമററുവലയുംപശുപാലവൃഷ്ണി കുന്തീസുതാദിനിജഭക്തജനത്തെയെല്ലാം
ചന്താകലർന്നകരളിൽകനിവോടുകാത്ത ചെന്താമരാക്ഷകരുണാകരപാഹികൃഷ്ണ

67

ന്യായേനശങ്കരനുബാണരണത്തിൽവത്സ ലസ്ഥേയത്തിലബ്ജഭവനിന്ദ്രനതിപ്രവർഷേ
ആയാസമെന്നിയെമടക്കമണച്ചവിഷ്ണോ മായാമനുഷ്യസകലേശ്വരപാഹികൃഷ്ണ

68

ദാരിദ്ര്യദാരുണവിഷാഗ്നിവിഷണ്ണയായ ദാരോക്തികൊണ്ടരികിൽവന്നകുചേലനായി
സ്വൈരംസുരേശ്വരസമൃദ്ധികൊടുത്തിതേത്രം പോരെന്നുകേണകരുണാകരകൃഷ്ണപാഹി

69

കുന്തീസുതന്നുതുണയായ്ദ്വിജവര്യനായി ച്ചന്തംകലർന്നദശബാലകരേയുമൊപ്പം
സന്താനവൃദ്ധിയതിനേകിയഭക്തലോക സന്താനവൃക്ഷകമലാക്ഷമുകുന്ദപാഹി

70

പോരിന്നെതൃത്തസമയേകുലനാശമൂലാ പോരായ്മയോർത്തുതളരുംസഖിഫല്ഗുനന്ന്
സാരഥ്യമമ്പിനൊടുചെയ്തുമലാത്മഗീതാസാരങ്ങൾചൊല്ലിയസരോരുഹനേത്രപാഹി

71

പാലാഴിമങ്കമുതലായവർകാണ്കവേഗോ പാലാംഗനാമണികൾതങ്ങടെമദ്ധ്യദേശേ
കോലാഹലത്തൊടെഴുന്നെള്ളിരസിച്ചുരാസ ലീലാവിധംപലതുചെയ്തമുകുന്ദപാഹി

72

ധർമ്മിഷ്ഠനായ്സ്വപദസേവകനാംസ്സ്വിളങ്ങും ധർമ്മാത്മജന്നുഹൃദയംതെളിയുന്നതിന്നായ്
ശർമ്മംജഗത്തിലണയുമ്പടിഭൂരിയജ്ഞ കർമ്മംനടത്തിയയദൂത്തമകൃഷ്ണപാഹി

73

ഇന്ദ്രാനലാദ്യഖിലദിക്പതിനായകന്മാർ സന്ദേഹമററുനിജസാരപദാർത്ഥമെല്ലാം
വന്ദിച്ചുതൃക്കഴലിൽവെച്ചുവണങ്ങിനിന്ന നന്ദാത്മജേശ്വരഗണേശ്വരകൃഷ്ണപാഹി

74

നാരായണോത്തമസുലക്ഷണമൊത്തുഭൂമി ഭാരാവതാരമതിനായ്വസുദേവഗേഹേ
സ്വൈരംജനിച്ചഭവദത്ഭുതദിവ്യബാല ചാരുസ്വരൂപമിഹമാധവകാണണംമേ

75

അത്യന്തദുഷ്ടയമുനാനദിതൻെറശുദ്ധി ക്കത്യുഗ്രകാളിയസഹസ്രഫണങ്ങൾതോറും
തിത്തിത്തയെന്നുപലമാതിരിചെയ്തനിൻെറ നൃത്തപ്രയോഗമിഹമാധവകാണണംമേ

76

ഒററക്കരത്തിൽമലയാംകുടയുംരസിച്ചു മററേക്കരത്തിലൊരുവേണുവുമായിനിന്ന്
തെററെന്നുഘോരഹരിമാരിതടുത്തിടുംനി ന്നററംവെടിഞ്ഞഴകുമാധവകാണണംമേ

77

ആപാദചൂഡമതിമോഹനശോഭപൂണ്ടു താപാപഹേന്ദുകരരഞ്ജിതകാനനാന്തേ
ഗോപാംഗനാമണികളൊത്തുകളിച്ചിടുംനിൻ രൂപാമൃതംകിമപിമാധവകാണണംമേ

78

വമ്പിച്ചകംസഗജരാജവധംകഴിച്ചു കൊമ്പൊന്നെടുത്തണിവിയപ്പൊട്ടുമചാരപൂണ്ടു
അമ്പോടുമല്ലരണരംഗമണഞ്ഞിടുന്ന നിന്മുഗ്ദ്ധരൂപമിഹമാധവകാണണംമേ

79

ഇഷ്ടപ്പെട്ടന്നൊരുകുചേലമഹീസുരന്റെ കഷ്ടംചെടച്ചു ചളിചേൻവിയത്തദേഹം
കെട്ടിപ്പിടിച്ചതിരസാശ്രുകണങ്ങൾപെയ്യു ചുട്ടററന ൻവടിവുമാധവകാണണംമേ

89

ഈ വിശ്വഭാരമൊഴിവാനൊരുഘോരയുദ്ധം ഭാവിച്ചിടുമ്പോളുഴലുംസഖിഫല്ഗുനന്നു
ആവശ്യമായതുവശാലഥകാട്ടിടുംനിൻ ശ്രീവിശ്വരൂപമിഹമാധവകാണണംമേ

81

തൃച്ചക്രശംഖധരനായ്മലർമങ്കതൊട്ടുള്ള ഷ്ണിന്നശക്തികളൊടൊത്തുവികുണ്ഠലോകേ
മെച്ചപ്പെട്ടുംഭുജഗമെത്തയിൽവാണിടുംനിൻ സച്ചിത്സ്വരൂപമിഹമാധവകാണണംമേ

82

നേത്രാശ്രുവർഷപുളകങ്ങളോടൊത്തുകൃഷ്ണ സ്തോത്രങ്ങളിങ്ങിനെജനങ്ങൾപഠിച്ചിടുന്നു
ചിത്രഃ വിചിത്രമതിമംഗളമത്രനന്ദ പുത്രാവതാരതിഥിതാരമഹത്വമോത്താൽ

83

കൊണ്ടാടിടത്തായവാസംകലരുമഖിലപ-
ത്മത്തിനേവന്നുഹാസം
കണ്ടാലു ഭ്രൂവിലാസംപെടുമണിമിഴിനി-
യ്യിന്നു സാനന്ദഹാസം
ഉണ്ടേറെശ്രീവികാസംപലതിനുമിതുകം
ലാപ്പിയേ! വംഗവിലാസം
പൂണ്ടുംകൊണ്ടപ്രയാസംകവികൾപറയുമൊം-
"ട്ടിങ്ങിനേചിങ്ങമാസം"

ഒന്നാം സർഗ്ഗം കഴിഞ്ഞു.

വൈദ്യശാസ്ത്രം.

വൈദ്യവിഷയത്തെപ്പററി ആദ്യമായി ചിന്തിപ്പാൻ തുടങ്ങിയതു ഹിന്തുക്കളാണെന്നു പറയുന്നത് ഒരു അതിശയോക്തിയായി വരുന്നതല്ല. അന്യരാജ്യക്കാരുടെ ശാസ്ത്രങ്ങളിലെ

മൂലതത്വങ്ങൾ ഹിന്തുക്കൾ വഴിക്ക് ഉണ്ടായിട്ടുള്ളവയാണെന്നു ദൃഷ്ടാന്തപൂർവ്വം 'ആയുർവൈദ്യപ്പഴമ' എന്ന ലേഖനത്തിൽ പ്രസ്താവിച്ചിട്ടുമുണ്ട്. ഇനി ഇതിന്റെ ഉത്ഭവത്തെപ്പററി അല്പം പറയും.

ഹിന്തുക്കളുടെ വേദങ്ങളോളം പഴക്കമുള്ള റിക്കാട്ടുകൾ യാതൊന്നും ലോകത്തിലില്ലെന്നുള്ള സംഗതി നിർവ്വാദമാകുന്നു. ഋഗ്വേദമാണ് ഏററവും പുരാതനമായിട്ടുള്ളത്. ഈ വേദം ഉണ്ടായകാലത്ത് ഇന്ത്യയിൽ വൈദ്യന്മാരുണ്ടായിരുന്നു എന്ന് അതിലെ ചില സന്ദർഭങ്ങളിൽ നിന്ന് അറിയാം.

വെള്ളം, വായു, സസ്യം ഇവകളുടെ ഗുണങ്ങളെ സൂചിപ്പിക്കുന്ന വാക്യങ്ങൾ അതിൽ കാണുന്നുണ്ട്. 'ജലം അമൃതമയമാണ്. അതിൽ സകല ഔഷധങ്ങളും ലയിച്ചിരിക്കുന്നു' എന്നും മററും പറഞ്ഞുകാണാം.

സോമൻ ഔഷധങ്ങളുടെ ഭരണദേവതയാണെന്ന് അതിൽ പറഞ്ഞിട്ടുണ്ട്. ഒരു സന്ദർഭത്തിൽ മേധാതിമഹർഷി ഇങ്ങിനെ പ്രസ്താവിച്ചിരിക്കുന്നു. 'സകല മരുന്നുകളും ലോകരക്ഷിതാവായ അഗ്നിയും വെള്ളത്തിൽ ഉണ്ട്. അതിൽ സകല ഔഷധങ്ങളും അടങ്ങിയിരിക്കുന്നു എന്നു സോമൻ എന്നോടുപദേശിച്ചു.'

സൂര്യപുത്രരായ അശ്വനിദേവകൾ ദേവകളുടെ പ്രധാനവൈദ്യന്മാരായിരുന്നു. അവർ ചെയ്തിട്ടുള്ള പ്രശംസാർഹങ്ങളായ പ്രവൃത്തികൾ ഋഗ്വേദത്തിൽ വിവരിച്ചിട്ടുണ്ട്. കക്ഷീവമഹർഷിക്കു കണ്ണു കാണുന്നതിനും ചെവി കേൾക്കുന്നതിന്നും നിവൃത്തിയില്ലാതെ കഷ്ടപ്പെട്ടിരുന്നു. ആ കഷ്ടപ്പാട് അശ്വനിദേവകൾ തീർത്തു. അതുനിമിത്തം അദ്ദേഹം അവരെ സ്തുതിച്ചിട്ടുണ്ട്. 'ഹേ അശ്വനികളെ! കണ്ണുകാണാതെ വഴതി നടക്കുന്ന ഈ കുരുടന്റെ സ്തുതി കേൾക്കുക. സൽപ്രവൃത്തികളെ രക്ഷിച്ചുപോരുന്ന നിങ്ങൾ എന്റെ കണ്ണിന്നു കാഴ്ച നൽകിയതിനാൽ ഞാൻ നിങ്ങളെ വാസ്തവത്തിൽ അഭിനന്ദിക്കുന്നു'.

കണ്വനു കൺകാണുമാറാക്കിയതും നൃഷദപുത്രനെ ചെവി കേൾക്കുമാറാക്കിയതും ഇവരാണെന്നു താഴെ പറയുന്ന വാക്യത്തിൽ നിന്ന് അറിയാം. 'ബുദ്ധനായ അത്രിക്കു നിങ്ങൾ മോചനം കൊടുത്തു. തിമിരം നിമിത്തം കുരുടനായിത്തീൎന്ന കണ്വനു നിങ്ങൾ കാഴ്ചനൾകി'.

ഗൃത്സമേദൻ രുദ്രനെ ഇപ്രകാരം സ്തുതിക്കുന്നു. 'അങ്ങ തന്ന സുഖകരങ്ങളായ സസ്യങ്ങളെക്കൊണ്ടു രക്ഷപ്പെട്ട ഞാൻ നൂറുവഷം ജീവിച്ചിരിക്കട്ടെ. എൻെറ ശത്രുക്കളേയും കഠിനപാപങ്ങളേയും അനേക ന്യൂനതകളേയും അകററുക. ഹേ രുദ്ര! ഞങ്ങളുടെ അപൂണ്ണമായ അച്ചനകളെക്കൊണ്ട് അങ്ങയെ ഞങ്ങൾ അസഹ്യപ്പെടുത്തുന്നില്ല. ഔഷധങ്ങൾകൊണ്ട് ഞങ്ങളുടെ പുത്രന്മാക്കു ജീവസ്സു നല്കുക. അങ്ങ വൈദ്യന്മാരിൽ വെച്ച് അഗ്രഗണ്യനാണെന്നു ഞങ്ങൾ അറിയുന്നു'. രുദ്രനെ സ്തുതിക്കുന്ന വാക്യങ്ങൾ ഇനിയും കാണാം.

ഡോക്ടർ മൂരിനാൽ തർജ്ജമചെയ്യപ്പെട്ട ഋഗ്വേദത്തിലെ താഴെ പറയുന്ന വാക്യംകൊണ്ടും ആ കാലത്തു ഹിന്തുക്കളുടെ ഇടയിൽ വൈദ്യന്മാർ ഉണ്ടായിരുന്നു എന്നു വിശദമാവും. 'ഞാൻ ഒരു കവി. എൻെറ പിതാവു വൈദ്യൻ. മാതാവു ധാന്യം പൊടിക്കുന്നവൾ. ഞങ്ങളുടെ പല വിദ്യകളെക്കൊണ്ടു ലാഭത്തെ ഇച്ഛിച്ച് അവരവരുടെ പ്രവൃത്തികളെ ഞങ്ങൾ പിന്തുടരുന്നു.'

ഇങ്ങിനെ പുരാതനഗ്രന്ഥങ്ങൾ സൂക്ഷ്മമായി പരിശോധിച്ചാൽ വൈദികകാലത്തുതന്നെ ഹൈന്ദവവൈദ്യം നടപ്പായിരിക്കുന്നു എന്നു ദൃഷ്ടാന്തപ്പെടുന്നതാണ്. എന്നാൽ പൌരാണികകാലംവരെ ഇത് ഒരു ശാസ്ത്രനിലയെ പ്രാപിച്ചിട്ടുണ്ടായിരുന്നില്ല.

ആയുർവ്വേദമാണ് ഈ വിഷയത്തിൽ ഏററവും പുരാതനമായിട്ടുള്ള ഗ്രന്ഥം. ഇതു ബ്രഹ്മാവിൻെറ കൃതിയാണ്. കലിയുഗാരംഭത്തോടുകൂടിയാണ് അദ്ദേഹം ഈ ഗ്രന്ഥം ഉണ്ടാക്കിയത്. മനുഷ്യരുടെ ക്ഷീണാവസ്ഥയും അരിഷ്ടതയും കണ്ടു കരുണതോന്നി അവരുടെ ആവശ്യത്തിന്നായി അദ്ദേഹം ഉപവേദത്തെ നിമ്മിച്ചു. ധമ്മശാസ്ത്രം, ധനുർവേദം, ഗാന്ധവ്വവേദം, ആയുർവേദം ഇങ്ങിനെ നാലു ഭാഗങ്ങളിലായിട്ടാണ് ഉപവേദം ഉണ്ടാക്കിയത്. രോഗങ്ങളെ തടുത്തു മാററിയും ലോകത്തിൽ വസിക്കേണ്ടുന്ന മാഗ്ഗങ്ങളെ അദ്ദേഹം ആയുർവേദത്തിൽ വിവരിച്ചു. നാലാമത്തെ വേദമാകുന്ന അഥവ്വവേദത്തിൻെറ രീതിയിൽ തന്നെയാണ് ഈ ഉപവേദവും ഉണ്ടാക്കിയത്. ഈ മൂലകൃതി എട്ടായി ഭാഗിച്ചിരിക്കുന്നു. സാല്യം, സാലക്യം, കായചികിത്സ, ഭൂതവിദ്യ, കൌമാരഭൃത്യം, അഗദം, രസായനം, വാജീകരണം ഇങ്ങിനെ എട്ടു ഭാഗങ്ങളാണ്.

ഇവ ഓരോന്നിൽ വിവരിച്ചിരിക്കുന്ന സംഗതികളെ ചുരുക്കി പറയാം.

സാല്യം എന്ന വാക്കിൻെറ അർത്ഥംകൊണ്ടുതന്നെ ആയുധപ്രയോഗമാണ് ഇതിൽ വിവരിക്കുന്നത് എന്ന് അറിയാം. ശസ്ത്രക്രിയയെ പററിയാണ് ഇതിൽ പറയുന്നത്. മനുഷ്യശരീരത്തിൽ സംഗതിവശാൽ ഏററതോ ഏല്പിക്കപ്പെട്ടതോ ആയ പുല്ല്, കല്ല്, മരം, ലോഹം, അസ്ഥി മുതലായ ബാഹ്യവസ്തുക്കളെ വലിച്ചെടുപ്പാനുള്ള വഴികളും അതുനിമിത്തം ഉണ്ടാവുന്ന എരിച്ചിൽ മുതലായ ഉപദ്രവങ്ങളുടെ ചികിത്സയും ഗർഭത്തിൽതന്നെ ഇരുന്നു ചത്തുപോകുന്ന കുട്ടികളെ പുറത്തെടുപ്പാനുള്ള മാർഗ്ഗങ്ങളും കുരു മുതലായവ കീറേണ്ടും ക്രമങ്ങളും മററ ശസ്ത്രക്രിയകളും അതിന്ന് ഉപയോഗിക്കുന്ന ആയുധങ്ങളെ പററിയും ഇതിൽ വിവരിച്ചിട്ടുണ്ട്. രണ്ടാമതായി പറഞ്ഞ സാലക്യവും ശസ്ത്രക്രിയാവിഷയംതന്നെ. കണ്ണ്, മൂക്ക്, ചെവി മുതലായി കഴുത്തിന്നു മേല്പോട്ടുള്ള ബാഹ്യേന്ദ്രിയരോഗങ്ങളേയും ചികിത്സയേയും പററിയാണ് അതിൽ പറയുന്നത്. കണ്ണു കീറുന്നതിന്നും മററും ഉപയോഗിക്കുന്ന ലോഹങ്ങളായ ആയുധങ്ങളുടെ സമ്പ്രദായത്തിൽനിന്നാണ് ഈ പേര് ഉണ്ടായത്. പനി, ക്ഷയം, കുഷ്ഠം മുതലായി ദേഹമാസകലം ബാധിക്കുന്ന രോഗങ്ങളേയും ചികിത്സയേയുംപററി കായചികിത്സയിൽ പറയുന്നു രാക്ഷസന്മാർ, ഗന്ധർവന്മാർ, യക്ഷർ, ദേവതകൾ, മുതലായവരുടെ കോപങ്ങൾകൊണ്ടുണ്ടാകുന്ന ബാധകളും മററും നാലാമതായി പറഞ്ഞ ഭൂതവിദ്യയിൽ വിവരിച്ചിരിക്കുന്നു. ഗ്രീസ്സ്, അറേബിയാ, യൂറോപ്പ്, ഈ രാജ്യങ്ങളിലെ വിദ്യാലയങ്ങളിൽ ഈ വിദ്യ ഒരു സാരമായ വിഷയമായിരുന്നു. അടുത്തകാലംവരെ ഇതിന്നു നടപ്പും ഉണ്ടായിരുന്നു എന്നു ബട്ടൻെറ പുസ്തകം നോക്കിയാൽ അറിയാവുന്നതും ആണ് (Burton's Anatomy of Malancholy). എന്നാൽ പരിഷ്കാരവർദ്ധനയോടുകൂടി ഇതിന്നു പ്രചാരം കുറവായിട്ടാണ് വരുന്നത്. ബാലരോഗങ്ങൾ, ഈററസ്സുന്നി മുതലായവ കൌമാരഭൃത്യം എന്ന അഞ്ചാം ഭാഗത്തിൽ പ്രസ്താവിച്ചിട്ടുണ്ട്. ആറാം ഭാഗത്തിലെ വിഷയം വിഷങ്ങളും പരിഹാരങ്ങളും ആകുന്നു. ശക്തി, ബുദ്ധി, ആയുസ്സ് ഇവകളെ വർദ്ധിപ്പിക്കുന്ന രസായനങ്ങളുടെ വിവരണം ഏഴാം ഭാഗത്തിലുണ്ട്. പ്രജയും ശക്തിയും വർദ്ധിപ്പാനുള്ള ഉപായങ്ങ

ളാണ് ഒടുവിലത്തെ ഭാഗത്തിൽ വിവരിക്കുന്നത്. ഇങ്ങിനെ വൈദ്യസമ്പ്രദായത്തെ രീതിപ്പെടുത്തിയ ഈ മൂലകൃതിയിൽ എല്ലാം സംഗതികളും വേണ്ടപോലെ അദ്ദേഹം വിവരിച്ചു.

ബ്രഹ്മാവിൽനിന്നു ഈ വിദ്യ ദക്ഷൻ പഠിച്ചു. അദ്ദേഹം ചികിത്സാദർശനം എന്ന ഒരു ഗ്രന്ഥവും എഴുതി. ബ്രഹ്മാവു സൂര്യനെ പഠിപ്പിച്ചു എന്നും പറയുന്നുണ്ട്. അശ്വനിദേവകൾ പഠിച്ചതു ദക്ഷൻെറ അടുക്കൽനിന്നാണ്. അവർ അനേകം ഗ്രന്ഥങ്ങൾ ഉണ്ടാക്കിട്ടുണ്ട്, ചികിത്സാരത്നതന്ത്രം അവയിൽ ഒന്നാണ്. നിത്യയൌവ്വനശാലികളായ ദേവകൾക്കു വൈദ്യാപേക്ഷ ചുരുങ്ങിയിരുന്നതിനാൽ അശ്വനിദേവകൾക്ക് അവരുടെ ഇടയിൽ വലിയ നില ഒന്നും ഉണ്ടായിരുന്നില്ല. എന്നാലും ദേവാസുരന്മാർ തമ്മിലും ദേവകൾ തമ്മിൽ തമ്മിൽ തന്നേയും പലപ്പോഴും ഉണ്ടായിട്ടുള്ള യുദ്ധങ്ങളിൽനിന്നു എല്ക്കുന്ന മുറികൾ മുതലായവ ഉണക്കുന്നതിന്നും മററുമായി അനേകശസ്ത്രക്രിയകൾ അവക്കുവേണ്ടി അശ്വനിദേവകൾ ചെയ്തിട്ടുണ്ട്. ഇന്ദ്രൻെറ ഹസ്തങ്ങളിൽ ഒന്നിനെ ബാധിച്ചിരുന്ന വാതരോഗത്തെ അശ്വനിദേവകൾ ചികിത്സിച്ചു മാററിയ അവസരത്തിൽ അദ്ദേഹവും അവരുടെ അടുക്കൽനിന്ന് ആയുർവേദം പഠിച്ചു. ഇങ്ങിനെ കുറെ കാലത്തേക്കു ദേവകളുടെ ഇടയിൽ മാത്രമേ വൈദ്യം നടപ്പുണ്ടായിരുന്നുള്ളു.

ദുഷ്കർമ്മങ്ങളും അപമര്യാദകളും വർദ്ധിച്ചു വന്നതോടുകൂടി പലവിധമായ രോഗങ്ങളും മനുഷ്യരെ ബാധിച്ചു തുടങ്ങി. ഇതു കണ്ടു മഹർഷിമാക്കു പശ്ചാത്താപം ഉണ്ടായി. രക്ഷാമാർഗ്ഗങ്ങൾ ആലോചിപ്പാനായി ഹിമവാൻ പർവ്വതത്തിൽവെച്ച് അവരെല്ലാവരും ഒരിക്കൽ ഒന്നിച്ചുകൂടി. ഭരദ്വാജൻ ആത്രേയൻ ഈ മഹർഷിമാരായിരുന്നു മുഖ്യ ഉത്സാഹികൾ. അന്ന് ആ യോഗത്തിലുണ്ടായിരുന്ന മുനിമാരിൽ മററ ചിലരേയും പറയാം. അംഗിരസ്സ്, ജമദഗ്നി, വസിഷ്ഠൻ, കാശ്യപൻ, ഭൃഗു, ഗൌതമൻ, സാംഖ്യൻ, പുലസ്ത്യൻ, നാരദൻ, അസിതൻ, വാമദേവൻ, മാക്കണ്ഡേയൻ, കപിഞ്ജലൻ, വിശ്വാമിത്രൻ, അശ്വാരണ്യൻ, ഭാർഗ്ഗവൻ, ച്യവനൻ, അഭിജിത്ത്, ഗാർഗ്ഗ്യൻ, സാണ്ഡില്യൻ, കൊണ്ഡില്യൻ, ദേവലൻ, ശാലവാൻ, സൌഹൃത്യൻ, കുശികൻ, ബാദരായണൻ, കൈകസേയി, ധൌമൻ, മരീചി, ഹിരണ്യാക്ഷൻ, ലോകാക്ഷ്യൻ, ശൌനകൻ, മുതലാ

യവരായിരുന്നു. അവർ തമ്മിൽ ചില വാദപ്രതിവാദങ്ങൾ നടന്നു. ഈ ആപത്തിൽനിന്നു മനുഷ്യവർഗ്ഗത്തെ രക്ഷിച്ചു പോരുന്നതിന്നു ഭരദ്വാജൻ ഇന്ദ്രന്റെ അടുക്കൽ ചെന്നു വൈദ്യം പഠിച്ചുവരുന്നതല്ലാതെ വേറെ നിവൃത്തി ഇല്ലെന്നു അവർ ഒത്തൊരുമിച്ചഭിപ്രായപ്പെട്ടപ്രകാരം അദ്ദേഹം ദേവരാജാവിന്റെ അടുക്കൽ ചെന്നു ആയുർവേദം പഠിച്ചുവന്നു. അവിടെനിന്നു കിട്ടിയ ഉപദേശങ്ങൾ മുഴുവനും അദ്ദേഹം മററു ഋഷിമാൎക്കു കൊടുത്തു. അവരിൽ ആത്രേയൻ തന്റെ ശിഷ്യന്മാരിൽ പലരേയും ഈ വിദ്യ പഠിപ്പിച്ചു. ഇങ്ങിനെ മഹർഷിമാരിൽ പലരും വൈദ്യവിദ്യയിൽ നൈപുണ്യം സമ്പാദിച്ചു.

പിന്നെ പരമ്പരയാ വൈദ്യന്മാരും ഗ്രന്ഥങ്ങളും വൎദ്ധിച്ചു തുടങ്ങി. പക്ഷെ ബ്രഹ്മമുഖത്തിൽനിന്ന് ഉത്ഭവിച്ച മൂലകൃതിയും അശ്വിനിദേവകളുടെയും ദക്ഷന്റെയും കൃതികളും നാമാവശേഷങ്ങളായിത്തീൎന്നു. പ്രളയം കാരണമായി കല്പിക്കപ്പെടുന്നു. ആയുൎവ്വേദത്തിന്റെ ചില ഭാഗങ്ങൾ തുണ്ടും മുറിയുമായി മാത്രം കാണുന്നുണ്ട്. ഇപ്പോൾ കാണുന്ന കൃതികളിൽ ഏററവും പഴമയേറിയത് ആത്രേയസംഹിതയാണ്. ഇത് അത്രിപുത്രനായ ആത്രേയനാൽ ഉണ്ടാക്കപ്പെട്ടു. എന്നുണ്ടായതാണെന്നു അറിവാൻ തരമില്ല. ഇതു കഴിഞ്ഞാൽ പിന്നെ പഴമയേറിയതു ചരകസംഹിതയാണ്. ഈ ഉൽകൃഷ്ടകൃതിയെ അടിസ്ഥാനമാക്കി ഇപ്പോൾ വൈദ്യന്മാർ പ്രവൃത്തിച്ചുവരുന്നു. എന്നാൽ ഇതു ചരകന്റെ സ്വന്തം കൃതിയല്ല. ഇതിന്റെ ഉത്ഭവത്തേയും സ്വഭാവത്തേയും പററി അല്പം പ്രസ്താവിക്കാം.

(തുടരും.)

കെ. എൻ. എം.

തപതീസംവരണം

വഞ്ചിപ്പാട്ട

64. മിന്നൽക്കൊടിപോലെയുള്ളാക്കന്നൽമിഴിയാളെക്കണ്ടു
മന്നവന്റെ കണ്ണുരണ്ടും മഞ്ഞളിച്ചുപോയ്

65. കാളിന്ദിയിലടിച്ചേറുംകോളിനേക്കാൾകൊടുതായ
കാളിമാവുകളിയാടുംകാർകുഴൽക്കെട്ടും

66. പൂന്തിങ്കളിൻകിടാവെന്നാൾഭ്രാന്തിതോന്നുംനിടിലത്തിൽ
ചാന്തിൻകുറികളുംനല്ലചന്ദനപ്പൊട്ടും

67. താമരസത്താരിൽമഹത്താമരസംവരുത്തുന്ന
കാമരസംതുളുംകണ്ണുംകടാക്ഷങ്ങളും,

68. നിർമ്മമരാംമുനികൾക്കുമുമ്മവെപ്പാൻതോന്നുമാറു
വെണ്മതൂടുംകവിളിണതന്മഹിമാവും,

69. കാമലാസ്യക്കളരിയാമോമലാളുടെയതെച്ചി-
പ്പൂമലച്ചതുടുപ്പോലുംവായ്മലർതാനും,

70. കാർമറയ്ക്കാത്തുള്ളശരൽസോമമണ്ഡലവുംതോററു
താഴ്മയോടടതൊഴുംമുഖത്താമരപ്പൂവും,

71. പൊന്മണിക്കുടത്തിനൊപ്പമെണ്മണിയ്ക്കുമിടയെന്യേ
തമ്മിൽതിക്കിത്തിരക്കീടുംതടമുലയും

72. വമ്പിച്ചെഴുംയൗവനമാംകൊമ്പനാനയുടെനല്ല
തുമ്പിക്കൈയ്യാണെന്നുതോന്നുംതുടയിണയും,

73. സ്വർണ്ണത്തിൻസത്തെടുത്തവർണ്ണംമിന്നിത്തിളങ്ങുന്ന
വർണ്ണമൊത്തകുളുർമെയ്യിൻവടിവുകളും

74. പാർത്തുകാണായ്വന്നനേരം,ചിത്തധൈര്യമുണ്ടെന്നാലും
പാർത്ഥിവന്റെകാര്യമെല്ലാംപരുങ്ങലായി

75. പെണ്ണിതേതോഭഗവാനേ!കണ്ണിനുപരമാനന്ദം
വിണ്ണിലുമുണ്ടാവില്ലിതിൻവർണ്ണമുള്ളവൾ

76. കാമദേവജയശ്രീയോ?വാമദേവവല്ലഭയോ?
പൂമകന്റെപൊണ്ടാട്ടിയോപൂമകൾതാനോ?

77. കണ്ടാൽകൊതിയാമ്മാറേവംകൊണ്ടാടേണ്ടുമഴകൊക്കും
കണ്ടിവാർകുഴലാളെഞാൻകണ്ടിട്ടില്ലെങ്ങും

78. കേടകന്നിവളൊററയ്ക്കീക്കാടകംപുക്കതെങ്ങിനെ?
പേടമാൻനേർമിഴിയാൾക്കുപേടിയാവില്ലേ?

79. കണ്മണിക്കൊരമൃതമിപ്പെണ്മണിയാളെന്തെന്നില്ലാ-
തെന്മനസ്സിൽവളർത്തുന്നുമന്മഥതാപം

80. ചൂതായുധക്കൊടിയിവളേതായിരിക്കണമോർത്താ-
ലേതായാലും കടന്നൊന്നു ചോദിക്കതന്നെ

81. രാജ്യപാലനോരോമനോരാജ്യമേവംവിചാരിച്ചു
പൂജ്യശീലനുള്ളിൽധൈര്യംപൂജ്യമായ്വന്നു

82. പുവ്വമ്പൻവില്ലുവലിച്ചുചൊവ്വിലെയ്യുമമ്പുകൊണ്ടു
സവ്വാംഗവുംനുറുങ്ങിനസംവരണനും

83. താരുണ്യച്ചോരത്തിളപ്പുള്ളൊരുണ്ണിമാൻകണ്ണിയോടു
പേരുംമററുകഥയുമെപ്പേരുംചോദിച്ചു

84. ഒന്നുംമിണ്ടീലവൾചാരേനിന്നുമില്ലചിക്കന്നൊളി-
മിന്നൽപോലെപോയ്മറഞ്ഞൂമീനനേർമിഴി

85. അലർശരാതുരൻനൃപനലമഴലാണ്ടപ്പോഴേ
നിലവിട്ടുമോഹിച്ചുംഭൂനിലത്തു വീണു

86. എന്നതുകണ്ടചിവിയന്നന്നടയാളുടനേ
മന്നവന്റെചാരത്തെക്കുമടങ്ങിച്ചെന്നു

87. വീണയുടെയൊലികാക്കൽവീണമൃദുസ്വനത്തോടു-
മേണമിഴിനൃപാലനോടേവമുരച്ചാൾ:

88. 'ചന്ദ്രവംശാർണ്ണവപൂർണ്ണചന്ദ്ര! മഹീമണ്ഡലേന്ദ്ര!
സാന്ദ്രഗുണനിധേ! ഭവാൻസന്തപിക്കൊല്ലേ

89. നിന്തിരുവടിക്കിതേതുംപന്തിയല്ല, ഭവാനിപ്പോ-
ളെന്തിനേവംവിഷാദിപ്പതെഴുന്നേററാലും

90. തപതിയെന്നെനിക്കുപേർതപനനാണെന്റെതാതൻ
നൃപതീന്ദ്ര! മറിച്ചൊന്നുംനിരൂപിക്കേണ്ടാ

91. അച്ഛശീലൻഭവാനെന്നൊരച്ഛൻപറഞ്ഞറിയും, നി-
ന്നിച്ഛപോലെവരുമെല്ലാമീഷലില്ലൊട്ടും

92. എന്നെയങ്ങേക്കുകിട്ടേണമെന്നാണച്ഛൻവെച്ചിരിപ്പ-
തെന്നുടയഭാഗ്യപൂരമെന്തെന്നുചൊല്ലാവൂ!

92. എന്നാൽതപംചെയ്തുഭവാനെന്നച്ഛനെപ്രസാദിപ്പി-
ക്കെന്നാലങ്ങേപ്പിൻതുടരാനിടവരുമേ'

94. എന്നുംമററുമനുരാഗംവന്നുവാച്ചുവലഞ്ഞൊരാ-
ക്കണ്ടകസൂനിയാൾചൊന്നാക്കാട്ടിൽമറഞ്ഞു.

95. തമ്പുരാനുമതുനേരംവമ്പുറെറാരുകുണ്ഠിതത്താൽ
പോമ്പുചത്തകുറവൻെറപന്തിയായ്ത്തീൎന്നു

96. രണ്ടുമൂന്നുതവണയാവണ്ടുതോല്ക്കുംമൂടിയാളെ-
ത്തൊണ്ടയിടച്ചിൽവിളിച്ചിണ്ടലാൎന്നൊററം

97. മാരഭ്രാന്തിൽവെളിവററുവേരററമരംപോലെ
പാരിൽവീണുകിടപ്പായീപാൎത്ഥിവൻവീണ്ടും

98. അന്നേരത്തുനരേന്ദ്രനെയന്വേഷിക്കുംപടജ്ജനം
മന്നവൻെറയരികത്തുചെന്നണഞ്ഞുതേ

99. പാൎത്ഥിവേന്ദ്രൻവശംകെട്ടുപാൎത്തചത്തിൽകിടപ്പതാ-
യ്യാൎത്തുകണ്ടുപരിഭ്രമിച്ചാത്മനാംമന്ത്രി

100. ശീതളോപചാരാദികളുംജാതവേഗംപ്രയോഗിച്ചു
ഭൂതലേശന്നൊരുവിധംബോധംവരുത്തി

101. വസ്തുതയറിഞ്ഞമാത്യനോൎത്തുറച്ചാസ്സൈന്യങ്ങളെ-
യത്രനിന്നുനാട്ടിലേയ്ക്കുതിരിച്ചയച്ചു

102. ഭാവശുദ്ധിയിണങ്ങിനബ്ബലാന്തകനുംബ്രഹ്മ-
ശ്രീവളൎന്നവസിഷ്ഠനെസ്സേവതുടങ്ങി

103. ചിന്തിതത്തിൻഫലംപോലെപന്തിരണ്ടുനാളിനുള്ളി-
ലന്തികത്തിൽവന്നുചേൎന്നിതാവസിഷ്ഠനും

104. കാക്കൽവീണുകനിഞ്ഞെന്നെക്കാക്കേണമെന്നൃഷീന്ദ്രനോ-
ടാക്കംകലൎന്നപേക്ഷിച്ചാനാക്കാശ്യപീന്ദ്രൻ

105. പകൽക്കുടയവനുടെമകളുംമൂലമാണീമാലെ-
ന്നകതാരിലറിഞ്ഞപ്പോളാദരത്തോടേ,

106. പാരിലുള്ളതപോധനന്മാരിൽവെച്ചുമുമ്പനവൻ
വാരജപ്പൂമണാളനെവാഴ്ത്തിത്തുടങ്ങി

107. ചിത്രഭാനോ!നമസ്കാരംമിത്ര!നമസ്കാരംശത-
പത്രബന്ധോ!നമസ്കാരംപാവനമൂൎത്തേ!

108. വാരിയെല്ലാംകരങ്ങളാൽവാരിയെടുത്തിഷ്ടംപോലെ
മാരിപെയ്യുംമഹാത്മാവേ!മാമറവേരേ!

109. വേദരൂപനായുള്ളോനേ!വേദവേദ്യനായവനേ!
ദ്വാദശാത്മാവായവനേ!ദൈത്യംതീൎപ്പോനേ!

110. ഉണ്മയിലിയ്യുലകെല്ലാംചെയ്തുതീർത്തുകാത്തഴിയ്ക്കും
ബ്രഹ്മവിഷ്ണുരുദ്രാകൃതേ! ചിന്മയ! സ്വാമിൻ!
111. വാസവാദിസ്തുത!വിഭോ!വാസദേശ!ഭഗവാനേ!
ദാസരാമിജ്ജനങ്ങളിൽദയവുവേണം’
112. ഇസ്തുതിയാൽതെളിഞ്ഞക്കനെത്തപോധനൻറെചാര-
ത്തെത്തിനിന്നഭിഷ്ടമെന്തെന്നവംചോദിച്ചു
113. ‘പങ്കജബാന്ധവ!മമസങ്കടമൊന്നുണ്ടന്നത്താൻ
നിങ്കടാക്ഷമുണ്ടായ്വന്നേനിവൃത്തികിട്ടൂ
114. നിങ്കന്യകമൂലമിന്നുതിങ്കൾവംശനൃപമുടി-
ത്തങ്കമാകുംസംവരണൻതരംകെട്ടുപോയ്
115. ഉത്താപംനൃപതിയ്ക്കുമിത്തപതിതപന!നിൻ
പുത്രിയെന്നുള്ളവസ്ഥയെവ്യക്തമാക്കുന്നു
116. മയ്യൽമിഴിയാളെക്കണ്ടതിയ്യതിതൊട്ടെന്തെന്നില്ലം
തയ്യമ്പന്നൊരടിമയായ്ത്തീർന്നിതദ്ദേഹം
117. ഊണമില്ലുറക്കമില്ലചേണുററമൈവിളർത്തേററം
കേണുഴലുന്നിതുരാജകേസരികാട്ടിൽ
118. ലക്ഷകുമാരകനാകുമിക്ഷത്രിയപ്രവരങ്കൽ
പക്ഷപാതമുണ്ടായിട്ടിപ്പക്ഷ്മളാക്ഷിയെ
119. വേളികഴിച്ചേക്കേണമിന്നാളിലെന്നിയല്ലെന്നാകിൽ
കേളിവൻറകഥതീരുംകളിവാക്കല്ലേ’
120. എന്നിവണ്ണംവസിഷ്ഠർഷിവന്ദിച്ചുണർത്തിയനേരം
നന്ദിച്ചരുൾചെയ്തുദിനനായകൻതാനും
121. ‘അങ്ങുവന്നാവശ്യപ്പെട്ടാലിങ്ങുപിന്നെസ്സന്ദേഹമെ-
ന്തിങ്ങയയ്ക്കാംമകളെഞാനങ്ങയോടൊപ്പം
122. മുന്നമേനിശ്ചയിച്ചതാണെൻനന്ദിനിയിവളെയി-
മന്നവന്നുകൊടുക്കുവാൻമാമുനിമൌലേ!’
123. എന്നുമാത്രംപറഞ്ഞക്കൻകന്യകയെവിളിച്ചാശു
തന്നുടെചാരത്തുനിർത്തിതാനുരചെയ്തു:-
124. ‘ഓമനേ!നീഗമിച്ചാലുമിമ്മഹർഷിയുടെകൂടെ-
ഭൂമണാളൻസംവരണന്നേകിഞാൻനിന്നെ

125. സൎവ്വസമ്മതനായുള്ളോരുൎവ്വരേശനാണദ്ദേഹം
സൎവ്വാത്മനാഭജിച്ചാലുംസംവരണനെ

126. അഖിലകൎമ്മവുംകാന്തൻസുഖിയാകുംവിധംവേണം
സഖിയെന്നേഭാവിക്കാവൂസപത്നിമാരിൽ

127. വന്ദിക്കേണ്ടുന്നവർകളെവന്ദിക്കേണംവഴിപോലെ
നിന്ദിക്കരുതൊരാളെയുംനീരജനേത്രേ!

128. ശുണ്ഠിയെടുത്തെന്തോകാന്തൻശണ്ഠകൂട്ടിയെന്നാകിലും
മിണ്ടരുതൊരക്ഷരവുമപ്രിയമായി

129. കൃത്യംവേണമെല്ലാററിനുംഭൃത്യന്മാരിൽദയവേണം
സത്യദാനധൎമ്മാദിയിൽസക്തിയുംവേണം

130. ചിട്ടപോലാനൃപവരൻെറപട്ടമഹിഷിയായ്വാഴ്-
കൊട്ടുംസുഖക്കേടുകേടാതൊട്ടേറെക്കാലം

131. നന്മകൾനിനക്കൊക്കട്ടേനന്മകനുമുണ്ടാവട്ടെ'
യിമ്മട്ടിലനുഗ്രഹിച്ചുകൎമ്മസാക്ഷിയും

132. തന്മകളെപ്പുണൎന്നേററമുമ്മവെച്ചുനിറകയി-
ലമ്മഹൎഷിയുടെകൂടെയയച്ചുമോദാൽ

133. ബ്രഹ്മൎഷിയാംവസിഷ്ഠരുമമ്മഹിളാമണിയാളെ
മന്മഥാൎത്തനാംമന്നൻെറമുന്നിലെത്തിച്ചു

134. കൊണ്ടൽക്കുഴലിയാളെയുംകൊണ്ടുവന്നാവസിഷ്ഠരെ-
ക്കണ്ടവാറാനൃപന്നേററംകണ്ണുകുളുത്തു

135. ചാരുവാകുംനിധികിട്ടിയൊരുപാപ്പർപുള്ളിപോലാ-
പ്പുരുഷേന്ദ്രൻപുരമോദപ്പുഴയിൽമുങ്ങി

136. നാളീകാക്ഷിയാളെയുടൻവേളികഴിച്ചുവള്ളമായ്
മേളിച്ചവനങ്ങുവാണുമേദുരാനന്ദം

137. നന്ദനത്തിലിന്ദ്രാണിയുമിന്ദ്രനുമൊത്തെന്നപോലാ-
സ്സുന്ദരിയാംതപതിയുംസംവരണനും

138. കാമശാസ്ത്രപ്രയോഗത്തിൽകാമംബുദ്ധിവെച്ചേറെന്നാ-
ളാമഹത്താംകാട്ടിൽപാൎത്താരാഹ്ലാദത്തോടും

139. പിന്നെനൃപൻകൂടലരെക്കൊന്നൊടുക്കിനാടടക്കി-
ത്തനിയെത്രസുഖംവാണുതൻപുരിതന്നിൽ

140. ഇത്ഥപതീസംവരണസത്തമകഥചൊൽവോക്കു
പത്തനത്തിൽസദാലക്ഷ്മിനൃത്തംവെച്ചീടും

141. കൊണ്ടുപിടിച്ചുവാലന്മാർതണ്ടുവലിക്കുമ്പോളിതം
കൊണ്ടുവഞ്ചിപ്പാട്ടിതേററംനീട്ടിപ്പാടിയാൽ

142. മണ്ടുംതോണി,ഞൊടിയിടകൊണ്ടുതന്നേതികച്ചൊരു
രണ്ടുകാതംവഴിപോകുംകണ്ടുകൊള്ളല്ലോ.

143. കാളുംതല്ലിത്തോണിമറിഞ്ഞാളപായംവരികില്ല
നീൾവശ്ശുഭമാഴ്വരുംനിശ്ചയംതന്നേ

144. വൻകഥയൊന്നിതുമട്ടിൽതാൻകഥിച്ചുതരംപോലേ
പൈങ്കിളിപ്പെണ്ണവളാശുപറന്നുപോയാൾ.

സമാപ്തം.

വള്ളത്തോൾ നാരായണമേനോൻ.

ധർമ്മശാസ്ത്രത്തിന്റെ

മൂലതത്വം

മനുഷ്യരുടെ നടത്തയുടെ ഗുണദോഷങ്ങളെക്കുറിച്ചു വിവരിക്കുന്ന ശാസ്ത്രമാകുന്നു ധർമ്മശാസ്ത്രം. ചിലതെല്ലാം നല്ലത്, മററു ചിലതെല്ലാം ചീത്ത എന്നുമാത്രം പറഞ്ഞാൽ അതു ശാസ്ത്രമായില്ല. സൽപ്രവൃത്തികളിൽ അന്തർഭവിച്ചിരിക്കുന്നനിയമങ്ങളെ വിശദീകരിക്കയാണ് ധർമ്മശാസ്ത്രത്തിന്റെ കൃത്യം.

മനുഷ്യർ സാധാരണ നല്ലതെന്നു വച്ചിരിക്കുന്ന ഗുണങ്ങളേയും പ്രവൃത്തികളേയും ശരിയായി പരിശോധിച്ചാൽ സദ്വൃത്തിയുടെ പ്രധാനതത്വങ്ങൾ വെളിപ്പെടും. ഈ പറഞ്ഞതുകൊണ്ടു പൊതുജനാഭിപ്രായമാണ് സദ്വൃത്തിയുടെ വേര് എന്നു വിചാരിച്ചുകൂടാ. ഇതു സദ്വൃത്തിയുടെ തത്വങ്ങളെ നിർണ്ണയിക്കാനുള്ള ഒരു മാർഗ്ഗം മാത്രമാകുന്നു. പൊതുജനാഭിപ്രായം പലപ്പോഴും സന്മാർഗ്ഗ

തത്വങ്ങൾക്കു വിപരീതമായിരിക്കാൻ എളുപ്പമുണ്ട്. ഇങ്ങിനെ സംഭവിക്കുന്നതു സദ്വൃത്തിക്കു വിപരീതമായ അഭിപ്രായം മനുഷ്യ ക്കുണ്ടായിട്ടല്ല. സാധാരണ മനുഷ്യർ ഏതെങ്കിലും ഒരു സംഭവ ത്തെ കുറിച്ചു സൂക്ഷ്മമായ അറിവു സമ്പാദിക്കുന്നതിലും അതിനെ ക്കുറിച്ചു നല്ലവണ്ണം ആലോചിക്കുന്നതിലും ശ്രദ്ധകുറഞ്ഞവരാകുന്നു. എങ്കിലും അരോഗാവസ്ഥയിലിരിക്കുന്ന ഒരു ജനസമുദായത്തിൽ പൊതുജനാഭിപ്രായം മിക്കവാറും സന്മാൎഗ്ഗതത്വങ്ങൾക്കു അനുസര ണമായിത്തന്നെ ഇരിക്കും.

ധമ്മം അല്ലെങ്കിൽ കത്തവ്യകമ്മം എന്നത് എല്ലാവരാലും അനുസരിക്കപ്പെടേണ്ടതാണെന്നു പൊതുവേ ബോധമുണ്ട്. ആകെ ങ്കിലും ഏതെങ്കിലും ഒരു സന്ദർഭത്തിൽ ആയാളുടെ കത്തവ്യകമ്മം ചെയ്യാതിരുന്നാൽ നാം ആയാളെ കുററം പറയുന്നു. ഇന്നതാ ണ് ആയാൾ ചെയ്യേണ്ടിയിരുന്നതെന്നും നാം അഭിപ്രായപ്പെടുന്നു. നല്ലതിനെ അറിയുന്നതിനും, അതനുസരിച്ചു പ്രവത്തിക്കുന്നതിനും മനുഷ്യനു ശക്തിയുണ്ടെന്നുള്ള കായ്യം മുൻപറഞ്ഞ സംഗതികളിലെ ല്ലാം അന്തർഭവിച്ചിരിക്കുന്നു. കത്തവ്യകമ്മം എന്നതിന് അത്ഥം തന്നെയുണ്ടാകേണമെങ്കിൽ, മനുഷ്യാത്മാവിനു പരിതസ്ഥിതികളെ ജയിച്ചു നല്ലതിനെതന്നെ തിരഞ്ഞെടുക്കാൻ ശക്തിയുണ്ടെന്നു സ മ്മതിക്കണം.

ആത്മസ്വാതന്ത്ര്യം എന്നതു വെറും മായയാണെന്നും പരിത സ്ഥിതികളാണ് നടത്തയെ നിശ്ചയിക്കുന്നതെന്നും ചിലർ അഭി പ്രായപ്പെടുന്നു. മനുഷ്യൻ പരിതസ്ഥിതികൾക്ക് അടിമപ്പെട്ടിരി ക്കുന്നു എന്നു പറയുന്നതിൻെറ അത്ഥത്തെപ്പററി കുറച്ച് ആലോ ചിച്ചു നോക്കാം. നടത്ത സ്ഥിതികളെ അനുസരിച്ചിരിക്കുമെന്നു പറയുമ്പോൾ വെറും പുറമെയുള്ള സ്ഥിതികളെ മാത്രം അത്ഥമാ ക്കിയാൽ ഈ അഭിപ്രായം തിരെ നിസ്സാരവും നിരത്ഥവുമായിത്തീ രുന്നു. പുറമെയുള്ള സ്ഥിതികൾ ഒന്നുപോലെ തന്നെയിരുന്നാലും രണ്ടുപേർ വളരെ വ്യത്യാസമുള്ള വിധത്തിൽ പ്രവത്തിക്കുമെന്നുള്ള തിനു തക്കമില്ല. ഒരു സത്യവാനായ പൊല്ലീസ്സുകാരനും ഒരു പിടിച്ചു പറിക്കാരനും പണം കയ്യിലുള്ള ഒരു യാത്രക്കാരനെ ഏകാന്തമായി ഒരു വഴിയിൽ വച്ചുകണ്ടാൽ രണ്ടുപേരുടേയും പ്രവൃത്തികൾ ഭിന്നമാ യിരിക്കുമെന്നു തീച്ചതന്നെ.

ഇവരുടെ വ്യത്യാസപ്പെട്ട നടവടികൾ അവരുടെ വളൎച്ചയ്ക്കിടയ്ക്കും മറവമുണ്ടായ പരിതസ്ഥിതികളെ അനുസരിച്ചിരിക്കുമെന്നാണ് നിശ്ചയവാദികളുടെ തൎക്കം. ഇതും സാധുവല്ല. എത്രപുറകോട്ടു പോയാലും, മുജ്ജന്മങ്ങളെക്കൂടെ അനുവദിച്ചാലും അന്തഃകരണശക്തിയെ പരിതസ്ഥിതികളുടെ ഫലമായി തള്ളുവാൻ സാധിക്കയില്ല. എപ്പോൾ നോക്കിയാലും അന്തഃകരണശക്തിയും പരിതസ്ഥിതികളും ഉണ്ടെന്നു വ്യക്തമാണ്. അന്തഃകരണശക്തിയും പരിതസ്ഥിതികളും അന്യോന്യം ബാധിക്കുന്നുണ്ട്. ഒരു കല്ലിനെപ്പോലും വെറും പരിതസ്ഥിതികൾക്ക് അടിമയായി വിചാരിക്കാൻ പാടില്ല. അതിൻെറ നടത്ത അതിൻെറ സ്വഭാവത്തിൻേറയും പരിതസ്ഥിതികളുടേയും ഫലമാകുന്നു. അതുകൊണ്ടു സ്വഭാവവും പരിതസ്ഥിതികളും വെവ്വേറെ സ്ഥിതിചെയ്യുന്നുവെന്നു സമ്മതിക്കണം. ഇതു സമ്മതിച്ചാൽ മനുഷ്യനു പ്രവൎത്തനാസ്വാതന്ത്ര്യമുണ്ടെന്നും സമ്മതിക്കാതെ നിവൃത്തിയില്ല. അങ്ങിനെയല്ലാത്തപക്ഷം എല്ലാം പരിതസ്ഥിതികൾ തന്നെയെന്നു പറയേണ്ടിവരും. പക്ഷെ ഇതു തൎക്കവിഷയത്തെ വിടുകയാണ്. അതുപോലെതന്നെ എല്ലാം അന്തഃകരണശക്തിയാണെന്നും സാധിക്കാം. നടത്ത പരിതസ്ഥിതികളെ അനുസരിക്കുന്നുവെന്നു പറയുന്നത് അബദ്ധമാണെന്നു മുമ്പെ കാണിച്ചുവല്ലൊ.

ചിലർ സ്വാതന്ത്ര്യം എന്നുവച്ചാൽ ഉദ്ദേശമില്ലാത്ത പ്രവൃത്തിചെയ്യുന്നതിനുള്ള ശക്തിയാണെന്ന് അഭിപ്രായപ്പെടുന്നു. ഇതു അബദ്ധമാണ്. തക്കകാരണംകൂടാതെ പ്രവൎത്തിക്കുന്നത് ആവേശമാകുന്നു. ഇതു സ്വതന്ത്രമായ പ്രവൃത്തിക്കു നേരേ വിപരീതമാണ്. അതുകൊണ്ടു സ്വാതന്ത്ര്യം ഇതല്ല.

വാസ്തവത്തിൽ മനുഷ്യനു സ്വാതന്ത്ര്യമുണ്ട്. മനുഷ്യൻെറ പ്രവൃത്തികളെ നിശ്ചയിക്കുന്നതിനു പരിതസ്ഥിതികൾക്കും ശക്തിയുണ്ട്. സാധാരണമനുഷ്യർ പലപ്പോഴും പരിതസ്ഥിതികൾക്ക് അടിമപ്പെട്ടിരിക്കുന്നു. എന്നാൽ അവയെ ജയിക്കുന്നതിനും മനുഷ്യനു ശക്തിയുണ്ട്. നിശ്ചിതമായ ചില ഫലങ്ങൾ ഉണ്ടാക്കുന്നവയായ ചില പ്രവൃത്തിരീതികളെ തുടങ്ങുന്നതിനുള്ള ശക്തിയാകുന്നു സ്വാതന്ത്ര്യം.

ദേഹസ്ഥിതി, വിദ്യാഭ്യാസം മുതലായവ ഒരുവിധത്തിൽ മനു

ഷ്യന്റെ പ്രവൃത്തികളെ നിർണ്ണയിക്കുന്നു എന്നു പറയാം. ശീലം
അല്ലെങ്കിൽ സ്വഭാവം എന്നതു നിശ്ചിതമായാൽ ഒരു മനുഷ്യ
ന്റെ പ്രവൃത്തികൾ ഒരു രീതിയെ അനുസരിച്ചിരിക്കുന്നു സ്വാത
ന്ത്ര്യവാദി ഇതിനെ നിഷേധിക്കുന്നില്ല. പുറമേയുള്ള അവസ്ഥകൾ
ഏതുവിധമിരുന്നാലും, അവയ്ക്കു കീഴടങ്ങുകയോ, അവയെ ജയിക്ക
യോ ചെയ്യുന്നതു മനുഷ്യന്റെ ആത്മശക്തിയാകുന്നു. തന്റെ
സ്വഭാവം തന്റെ നടത്തയെ നിശ്ചയിക്കുന്നതുകൊണ്ടു മനുഷ്യൻ
സ്വതന്ത്രനാകുന്നു എന്നാണു സ്വാതന്ത്ര്യവാദി പറയുന്നത്. ഞാ
ൻ അനുസരിക്കുന്ന നിയമങ്ങൾ എന്റെ നിയമങ്ങളാണ്. അവ
എന്റെ നിയമങ്ങളാണെന്നു ഞാൻ അറികയും ചെയ്യുന്നു. ആ
സ്ഥിതിക്കു ഞാൻ അടിമയാണെന്നു പറയുന്നതെങ്ങിനെ? ഈ
വാസ്തവത്തെ പ്രധാനതത്വജ്ഞാനികളിലാരും നിഷേധിക്കുന്നുണ്ടെ
ന്നു തോന്നുന്നില്ല.

മനുഷ്യന്റെ സ്വഭാവം പാരമ്പര്യത്താലും അതിന്റെ വി
കാസം പരിതഃസ്ഥിതികളാലും വളരെ ബാധിക്കപ്പെടുന്നുവെന്നു
ള്ളതു നിസ്തക്കമാണ്. മഹാ സ്വാതന്ത്ര്യവാദിയായ കാർളൈയി
ൽ പോലും ഇതു സമ്മതിക്കുന്നു. എന്നാൽ എല്ലാവരും അവരവ
രുടെ പാരമ്പര്യസ്വത്തായ സ്വഭാവത്തെ കഴിയുന്നതും നല്ലവണ്ണം
ഉപയോഗിക്കാൻ കടപ്പെട്ടിരിക്കുന്നു. സ്വഭാവത്തിൽ അധഃപത
നവും ഉൽഗമനവും വരാം.

മനുഷ്യൻ ഒരു ആത്മാവായതുകൊണ്ട് അവനു സ്വാതന്ത്ര്യ
മുണ്ട്. ഒരു മനുഷ്യന്റെ പതിവായ സ്വഭാവത്തിൽ നിന്നാണ്
ഒരു പ്രവൃത്തി ഉത്ഭവിക്കുന്നത് എങ്കിൽ അതു സ്വതന്ത്രമാകുന്നു.
ചില അവസരങ്ങളിൽ നാം ആവേശംകൊണ്ടു പ്രവർത്തിക്കുന്നു.
അപ്പോൾ നാം സ്വതന്ത്രന്മാരല്ല. എങ്കിലും നാം നമ്മുടെ പ്രവൃ
ത്തിയുടെ ഫലത്തിന് ഉത്തരവാദികളാണ്. എന്തുകൊണ്ടെന്നാ
ൽ ആവേശംകൊണ്ടു മതിമറന്നു പ്രവർത്തിക്കാതിരിക്കത്തക്കവണ്ണം
ശീലിക്കുന്നതു നമ്മുടെ കടമയാകുന്നു. ഒരു മനുഷ്യനുള്ള സ്വാത
ന്ത്ര്യത്തിനും മറ്റൊരാൾക്കുള്ളതിനും തമ്മിൽ വളരെ വ്യത്യാസം
വരാം. സ്വാതന്ത്ര്യം ആത്മശക്തിയെ അനുസരിച്ചിരിക്കുന്നു. മൃ
ഗങ്ങളുടെ സ്വാതന്ത്ര്യം മനുഷ്യരുടെ സ്വാതന്ത്ര്യത്തേക്കാൾ വളരെ
താണതരത്തിലുള്ളതാണ്. സ്വാതന്ത്ര്യത്തിൽ ഏറ്റക്കുറവുകൾ ഉ

ണ്ട്. ആത്മവികാസം അധികമാകുംതോറും സ്വാതന്ത്ര്യവും അധികമാകുന്നു. വിശിഷ്ടജ്ഞാനമുള്ള ആത്മാവിനാണ് ഏറ്റവും പൂൎണ്ണമായ സ്വാതന്ത്ര്യമുള്ളത്. പരമാത്മാവിനാണ് പരമസ്വാതന്ത്ര്യമുള്ളത്.

സാധാരണമനുഷ്യരിൽ പലപ്പോഴും അന്യോന്യവിപരീതമായി പ്രവൎത്തിക്കുന്ന മൂന്നു ശക്തികളുണ്ടെന്നു പറയാം. 1. ജന്തുധൎമ്മങ്ങളെ അനുസരിച്ചു പ്രവൎത്തിക്കുന്ന ആവേശം. 2. പതിവായുള്ളസ്വഭാവം. 3. പരമാത്മാവ്. ഈ മൂന്നാമത്തേതിൽ മാത്രമേ മഹത്തുക്കൾ തൃപ്തിപ്പെടുന്നുള്ളു. നാം ജീവിതകാലത്തിൽ പലപ്പോഴും പരമാത്മാവിന്റെ പ്രേരണകൾക്കു വിപരീതമായി പ്രവൎത്തിച്ചിട്ടുണ്ടെങ്കിലും മിക്കവരും ആ ആത്മാവിന്റെ അധികാരത്തെ സമ്മതിക്കുന്നു. പരമാത്മാവിങ്കൽതന്നെ ലയിക്കുന്നതാണ് ജീവിതത്തിന്റെ ഉദ്ദേശ്യം. ഈ ആത്മാവുതന്നെയാണ് ലോകത്തിന്റെ പരമതത്വം. ഈ സ്ഥിതിയിലാണ് ഉത്തമമായ സ്വാതന്ത്ര്യം നാം അനുഭവിക്കുന്നത്.

ജി. രാമന്മേനോൻ. എം. ഏ.

കിഞ്ചില്ലേഖം.

(തുടൎച്ച)

ഉണ്ടിട്ടുകൈകഴുകിടുമ്പൊഴുതങ്ങുതെങ്ങിൻ
മണ്ടക്കുവെച്ചതലമണ്ടയവൻനിദാനം
കണ്ടോൎത്തുതെല്ലിടയിരുന്നുമനസ്സുമുട്ടി-
ക്കൊണ്ടേറുമപ്പോകപതിവാണതുനാൾമുതൽക്ക്. 29

പ്രാണേശ്വരൻദിവസവുംപതിവായിനോക്കി-
ക്കാണുന്നതുംചെറുതുചിന്തനടിപ്പതുംതാൻ
ഏണാക്ഷികണ്ടിതൊ'ടുതെങ്ങിലിതിൻപ്രകാരം
കാണിപ്പതെന്തുവര'നിങ്ങിനെയോൎത്തുതന്വി. 30

എന്നാലിതൊന്നുമുരചെയ്യതുമില്ലകാന്തൻ
തന്നോടിതെങ്ങിനെകടന്നുപറഞ്ഞിടുംഞാൻ

എന്നോൎത്തുതെല്ലിടയിരുന്നുവരുന്നതൊക്കെ
വന്നോട്ടെയെന്നവളുറച്ചുപുറത്തിറങ്ങി. 31

എന്നിട്ടുതെങ്ങുകയറിച്ചതെടുത്തുവേഗം
വന്നിട്ടുതോഴികളൊടീവിവരംപറഞ്ഞു
മുന്നിട്ടുകണ്ടുതലമണ്ടയെടുത്തുനോക്കി-
ട്ടന്നിഷ്ടമുള്ളവർചിരിച്ചവളോടുചൊല്ലി. 32

ഭ്രാന്തന്റെപട്ടമഹിഷീപദമാൎന്നിയ്ക്കും
ഭ്രാന്തത്തിവല്ലഭനിതിൽ ഭ്രമമുള്ളപക്ഷം
താന്തോന്നിതന്നെപതിയെന്നുതികഞ്ഞുചൊല്ലാം
ഞാന്തന്നെസംഗതിമുറക്കുവെളിപ്പെടുത്താം. 33

ലോലാക്ഷിനിന്റെപതിതെല്ലുചെറുപ്പമായ
കാലത്തൊരുത്തിയൊടുചേൎന്നുരമിച്ചിരുന്നു
ചേലാൎന്നൊരാത്തരുണിയിൽബഹുസക്തിശാസ്ത്രി-
ക്കീലാക്കഞ്ഞങ്ങളറിയുംസഖിമുമ്പുതന്നേ. 34

വമ്പേറെയുള്ളൊരവളോ,സഖി!രണ്ടുകൊല്ലം
മുമ്പേമരിച്ചുവരനാക്കഥയോൎത്തുനിത്യം
തമ്പേർപറഞ്ഞുവിലപിപ്പതുഞങ്ങൾതന്നെ
പെണ്ണേതലേസുമുഖികണ്ടുവരുന്നതല്ലേ. 35

അപ്പെണ്ണിനുള്ളതലയോടവിടുന്നെടുത്തീ-
ക്കല്പദ്രുമപ്രഭയെഴുന്നമരത്തലക്കൽ
ഒപ്പിച്ചുവെച്ചുദിവസംപ്രതികണ്ടുകണ്ട-
ങ്ങുൾപ്പൂവിലുള്ളൊരഴലാറുകയായിരിക്കാം. 36

വിശ്വാസമുള്ളസഖിമാരിതുചൊന്നനേര-
ത്താശ്വാസമാറുകുറെയൊന്നുകരഞ്ഞുതന്വി
നിശ്ശേഷമിച്ചരിതമുള്ളതുതന്നെകാന്തൻ
ദുശ്ശീലമുള്ളൊരുവനെന്നവൾവിശ്വസിച്ചു. 37

'നിയ്യാണിവന്റെസുകൃതക്കൊടിഭാഗ്യവൃക്ഷ-
ത്തയ്യാണുനീയിവനെഴുംകരളായതുംനീ,

പൊയ്യല്ലിവണ്ണമരുളുംകണവന്റെകള്ള-
ക്കയ്യോർത്തുചിത്തമെരിയുന്നിതുതോഴിമാരേ! 38

ചത്തിട്ടുമീത്തരുണിതൻതലമണ്ഡകാണാ-
നുൾത്തട്ടിലിത്രരസമെന്റെമണാളനയ്യോ!
വിത്തിട്ടുനട്ടൊരനുരാഗവിശേഷമേവ-
മോർത്തിട്ടുചുട്ടുപുകയുന്നുമനംമദീയം. 39

എന്നീക്കൃശാംഗിമണിചൊന്നളവാളിമാരാ-
ത്തനാധിക്കകത്തളിർത്തണുപ്പതിനേവമോതി
കുന്നിക്കുപോലുമരുതേവെറുതേവിഷാദം
നന്ദിക്കഞങ്ങളൊരുകൗശലമോതിടാംതേ. 40

ചേട്ടക്കെഴുന്നൊരുകപാലമിടിച്ചുടച്ചു
ചാട്ടിൽപ്പൊടിച്ചവനെയൂട്ടുകകഷ്ടമില്ല
വേട്ടുള്ളപത്നിയുടെമുമ്പിലിതിൻപ്രകാരം
കാട്ടുന്നവൻവികൃതിയാണവിവേകിയല്ലാ. 41

ഈമണ്ഡകാണ്മതിനവന്നതിസൗഖ്യമെങ്കി-
ലാമോദമേറുമിതുതിന്നുകിലെന്നുനൂനം
വാമാക്ഷിവല്ലഭനുനല്ലതുവന്നിടാനായ്
നാമൊക്കെനോക്കണമതല്ലിനമുക്കുധർമ്മം. 42

എന്നിപ്രകാരമവളെപ്പിരികൂട്ടിവിട്ടി-
ട്ടന്നാളിമാരവിടെനിന്നുനടന്നുമെല്ലേ
പിന്നെപ്പതുക്കെയവളാവരനെച്ചതിപ്പാൻ
നന്നായ്ത്തുനിഞ്ഞുവിധിവൈഭവമോർത്തുനോക്കൂ. 43

കണ്ടിക്കരിങ്കുഴലിവല്ലഭനുള്ളസത്യം
കണ്ടില്ലദുഷ്ടതയെഴുംസഖിമാർപകിട്ടിൽ
കണ്ടിച്ചുമണ്ഡപൊടിയാക്കിയതന്നുചോറ്റിൽ-
ക്കൊണ്ടിട്ടുകാന്തനുവിളമ്പിയഹോ!കടുപ്പം. 44

തെറ്റന്നശിച്ചുപതിവിൻപടിമണ്ഡകാണാൻ
മുറ്റത്തിറങ്ങിയവിടുന്നതുനോക്കിടുമ്പോൾ

കററക്കരിങ്കുഴലിശ്ശുണ്ഠിയെടുത്തുനേരി-
ട്ടാററക്കവനുപതിയോടുപറഞ്ഞിതേവം. 45

ഉള്ളിൽക്കനത്തൊരനുരാഗമെഴുന്നവേശ്യ-
ക്കുള്ളാക്കപാലമുടനിന്നലെഞാനെടുത്ത്
തല്ലിപ്പൊടിച്ചുപൊടിയിട്ടരിവെച്ചചോറാ
ണുള്ളിൽക്കിടപ്പതിനിയെന്തിതിലുംരസാതേ 46

ദോഷേശരമ്യമുഖിതന്മൊഴികേട്ട് കിഞ്ചി
ച്ഛ്ലേഷത്തിനുള്ളപൊരുളന്നവനുള്ളിലായി
ദോഷങ്ങളാക്കുമിതിലില്ലതിസൂക്ഷ്മമോൎത്താൽ
ശേഷാൎത്ഥമാണിവകളെന്നുനമുക്കുറെക്കാം. 47

പെണ്ണുങ്ങൾക്കുള്ള ചാപല്യവുമരികിലെഴും
തോഴിമാർചീത്തയാക്കി-
ദ്ദണ്ഡിപ്പിക്കുന്നമട്ടുംവിധിയുടെലിഖിതം
മാഞ്ഞുപോകാത്തതെന്നും
പുണ്യംചെയ്തുജ്ജ്വലിക്കുന്നവരിലുമൊഴിയാ
കാലദോഷങ്ങളെന്നും
കണ്ണിൽകാണാമിതാദ്യംമുതലൊരുകുറിയും
കൂടിവായിച്ചുനോക്കൂ. 48

നടുവത്ത് മഹൻ നമ്പൂരി.

—ം:ം—

ഈഴവർ



ഈഴവരുടെ ഇടയിൽ കെട്ടുകല്യാണം പൂൎത്തിയാവുന്നതു മധുരം കൊടുക്കുന്ന ക്രിയയോടു കൂടിയാണ്. മണവാളനേയും പെണ്ണിനേയും ഒരു പായയിൽ ഇരുത്തി പാലും പഴവും പഞ്ചസാരയും കഴിപ്പിക്കുന്നതാണു 'മധുരം കൊടുക്കൽ' എന്ന ക്രിയ. പിന്നെ സദ്യ കഴിഞ്ഞ് പുരുഷൻ സ്വഗൃഹത്തിലേക്കു മടങ്ങും. അനുജന്മാൎക്കും പെണ്ണിനും

പുരുഷന്റെ ഗൃഹത്തിൽവെച്ച് അവരുടെ മാതാവോ പെണ്ണിന്റെ വീട്ടിൽവെച്ച് അവളുടെ അമ്മയോ മധുരം കൊടുത്താൽ അവൾ അനുജന്മാരുടെ ഭാൎയ്യയുമായി. ഈ നടപ്പിൽ വല്ല അസൌകൎയ്യവും നേരിട്ടാൽ അവരിൽ ആരെങ്കിലും വേറെ പെണ്ണിനെ കെട്ടും. അവളെ കെട്ടിയവൻ തനിച്ചു വെച്ചുകൊണ്ടിരിക്കുകയോ മററുള്ളവരുടെയും ഭാൎയ്യയാവാൻ അനുവദിക്കുകയോ രണ്ടും ചെയ്യുവരാറുണ്ട്.

ഗൎഭകാലത്ത് ഈഴവത്തികൾ ഭക്ഷണകാൎയ്യത്തിൽ പ്രത്യേകനിയമങ്ങൾ ഒന്നും അനുഷ്ഠിക്കാറില്ല. എന്നാൽ ഗുരുത്വമേറിയതും ചൂടുള്ളതും ആയ ഭക്ഷണദ്രവ്യങ്ങൾ അവർ വൎജ്ജിക്കാറുണ്ട്. അഞ്ചാം മാസത്തിലോ ഒമ്പതാം മാസത്തിലോ അവക്ക് 'പുളികുടിയും' പതിവുള്ളതാണ്. അതിന്നു നിശ്ചയിച്ച ദിവസത്തിന്റെ തലേദിവസം പുളിയുടെ ചെറിയ കൊമ്പുകൾ കൊണ്ടുവന്നു വീട്ടിന്റെ വാതില്ക്കു നേരെ കുഴിച്ചിട്ടു ചുററും ഒരു ചരടുകെട്ടും. ഗൎഭിണി അതിന്റെ പടിഞ്ഞാറു ഭാഗത്തു കിഴക്കോട്ടു മുഖമായി നില്ക്കണമെന്നും ഏഴു പ്രദക്ഷിണം വെയ്ക്കണമെന്നും നിൎബ്ബന്ധമുണ്ട്. ബാധകൾ ഒഴിയുന്നതിന്നു കാലംതുള്ളൽ എന്ന ഒരു ക്രിയയും അന്നു രാത്രി കഴിക്കു പതിവാണ്. പുളിനീരു ഭൎത്താവാണു വായയിൽ ഒഴിച്ചുകൊടുക്കേണ്ടത്. പുളികുടി കഴിഞ്ഞാൽ കെട്ടിയവന്റെ ദീക്ഷ അവസാനിപ്പിക്കാം.

അഞ്ചാം മാസത്തിൽ 'നെയ്യാട്ടം' എന്ന ഒരു ക്രിയയും അവരുടെ ഇടയിൽ നടപ്പുണ്ട്. ചാമുണ്ണി എന്ന ഉഗ്രമൂൎത്തിയുടെ ബിംബം മഞ്ഞളും കരിയും അരിമാവും കൂട്ടി ഉണ്ടാക്കി ഇലകളെകൊണ്ടു തീൎത്ത ഒരു ചെറിയ പുരക്കു നേരെ പ്രതിഷ്ഠിക്കും. കുട്ടിച്ചാത്തൻ മുതലായവരുടെ പ്രതിനിധികളായി പതിനെട്ടിൽ കുറയാതെ വേലന്മാർ ഓരോരിക്കൽ ഈരണ്ടു പേർ കൂടി പ്രതിഷ്ഠയുടെ മുമ്പിൽനിന്നു തുള്ളിയും ചാടിയും തമ്മിൽ കെട്ടിമറിഞ്ഞും കലികേറുന്നതുവരെ പല വിധത്തിൽ അവർ ദേഹായാസം ചെയ്യുന്നു. ആടു കോഴി മുതലായ പല ജീവജന്തുക്കളേയും അവക്കു ബലിയായി കൊടുക്കാറുണ്ട്. ഇര കണ്ട പുലിയെപ്പോലെ നേരിട്ടുചാടി അവയെ കൊന്നു തിന്നുകയും അവർ ചെയ്യും. അര മണിക്കൂറ ഇങ്ങിനെ കഴിഞ്ഞാൽ മൂൎത്തി പ്രസാദിച്ചു കല്പിക്കുയായി.

ഇങ്ങിനെ അവരെല്ലാവരും മാറി മാറി ചെയ്യുന്നു. ഇതു വടക്കൻ ദിക്കുകളിലാണ് അധികമായി നടന്നുവരുന്നത്.

കാലം അടുത്താൽ സ്ത്രീയെ പ്രസവമുറിയ്ക്കകത്തു പ്രവേശിപ്പിച്ച് ഒരു വയററാട്ടിയെ ശുശ്രൂഷക്കാക്കും. ആൺകുട്ടിയെ പ്രസവിച്ചാൽ അവൾ ആർപ്പു വിളിക്കും. പെൺകുട്ടിയാണെങ്കിൽ ഈക്കിലകൊണ്ടു നിലത്തു തല്ലുകയാണു ചെയ്യുക. ബാലപീഡകൾ ഉണ്ടാവരുതെന്നുദ്ദേശിച്ചാണ് ഇങ്ങിനെ ചെയ്യുന്നത്. തൽക്ഷണം കുട്ടിയെ കുളിപ്പിച്ചു കൽക്കണ്ടവും ചുകന്നുള്ളിയും കലർത്തിയ വെള്ളം ബന്ധുമിത്രജനങ്ങളിൽ ഒരാൾ അതിന്റെ വായിൽ ഒഴിച്ചുകൊടുക്കും. അവരെപ്പോലെ ശ്രേയസ്സു കുട്ടിക്കും ഭവിയ്ക്കണമെന്നുദ്ദേശിച്ചാണ് അവരെക്കൊണ്ടു വെള്ളം കൊടുപ്പിക്കുന്നത്. ചിലർ ഇളന്നീരിൻ വെള്ളമോ സ്വർണ്ണം അരച്ചു കലക്കിയ വെള്ളമോ കൊടുക്കാറും ഉണ്ട്.

പകൽ നിഴലും രാത്രി നക്ഷത്രങ്ങളും നോക്കിയാണു പ്രസവിച്ച നേരം നിർണ്ണയപ്പെടുത്തുന്നത്. ഉടനെ ജാതകവും ഉണ്ടാക്കും. ജാതകർമ്മം കഴിഞ്ഞാൽ കുട്ടി ശുദ്ധമായി. പ്രസവസമയത്തു വീടിന് അശുദ്ധി ഭവിച്ചതായി അവർ കരുതുന്നതിനാൽ ശുദ്ധിയാവുന്നതുവരെ ഭർത്താവ് അവിടെ ഭക്ഷണം കഴിക്കാറില്ല. വേലത്തിയാണു പ്രസവമുറി ശുദ്ധിയാക്കുന്നത്. അഞ്ച്, ഏഴ്, ഒമ്പത് ഈ ദിവസങ്ങളിൽ ബന്ധുജനങ്ങൾ വന്നും ശുദ്ധിയാക്കും. ഒമ്പതാം ദിവസമോ പതിനൊന്നാം ദിവസമോ പുടപ്പു മാററും. ചില ദിക്കിൽ പുല പതിനഞ്ചു ദിവസത്തോളം നില്ക്കുന്നു. പഞ്ചഗവ്യം സേവിച്ചാണു ശുദ്ധി വരുത്തുന്നത്. ഇതിനു 'പതിനഞ്ചാം ശുദ്ധ' എന്നു പേരും പറയും

ചികിത്സ— പ്രസവിച്ച ഉടനെ ഇഞ്ചിനീരും തേനും ചേൎത്തു കൊടുക്കും. ആദ്യത്തെ മൂന്നു ദിവസം ജാതിയ്ക്ക, ജാതിപത്രി കാ, വയമ്പ്, കച്ചോലം, വെളുത്തുള്ളി ഇവ പൊടിച്ച് പൂത്തുമ്പയും കരിന്തുമ്പയും പിഴിഞ്ഞ രസത്തിൽ സേവിക്കുന്നു. നാളികേരം വെളുത്തുള്ളി സമേതം വെന്തെടുത്ത് എണ്ണകൊണ്ടു നാലാം ദിവസം മുതവായി ഒന്നു വയറ് ഇളക്കാറുണ്ട്. പിന്നെ പതിനഞ്ചു ദിവസം വരെ സാധാരണ പേററുമരുന്നും കഴിക്കും. മുറി ഉണങ്ങുവാൻ മേൽപറഞ്ഞ വെളിച്ചെണ്ണ ലേപനം ചെയ്കയാ

ണ്ട പതിവ്. ശരീരത്തിന്നു പുഷ്ടി ഉണ്ടാവാൻ ധാന്വന്തരം മുതലായ കഷായങ്ങളും ശീലിയ്ക്കാറുണ്ട്. പതിനഞ്ചുവരെ വെറും ചോറും മുളകുകുഴമ്പുമാണു ഭക്ഷണം. ഇരുപത്തെട്ടുവരെ ഉലുവായും ആശാളിയും ചേർത്ത കഞ്ഞിയാണു കൊടുക്കുന്നത്. ഉച്ചയ്ക്കു പതിവുപോലെ ഉള്ള ഭക്ഷണവും കഴിയ്ക്കാറുണ്ട്. ഇരുപത്തെട്ടു കഴിഞ്ഞാൽ പത്ഥ്യത്തിൽ നിഷ്കർഷ ചുരുങ്ങി തുടങ്ങും. അവസ്ഥ അനുസരിച്ചു മററു രക്ഷകളും അവർ ചെയ്യുന്നു. മൂന്നു ദിവസംവരെ തല നനച്ചു കുളി പതിവില്ല. പതിനഞ്ചുവരെ മരുന്നുകൾ ഇട്ടു തിളപ്പിച്ച വെള്ളത്തിലാണു കുളിയ്ക്കുന്നത്. പൂത്തുമ്പ, കരിന്തുമ്പ, കരിഞ്ഞൊട്ടയില, ഒടിച്ചുകുത്തിയില, പൂവരശിൻതൊലി, ഇവകളും കുന്തുരുക്കം, ഉമി, ചിരട്ട ഇവ പൊടിച്ചു കിഴി കെട്ടിയതും ഇട്ടു തലേദിവസം വെള്ളം തിളപ്പിച്ചു വെയ്ക്കും. ഒന്നരയിട്ടു മാത്രമേ മുഴവൻ കുളി ഉള്ളു. അന്ന് എണ്ണയും തേയ്ക്കും. ഇങ്ങിനെ തൊണ്ണൂറെത്തുന്നതുവരെ ഓരോ രക്ഷകൾ ചെയ്തുകൊണ്ടിരിയ്ക്കുന്നു. നിവൃത്തിയുള്ളവർ ഇയ്യിടയിൽ ഇംഗ്ലീഷു ചികിത്സയും ചെയ്തുവരുന്നുണ്ട്.

ഈഴവരുടെ ഇടയിൽ വ്യഭിചാരം സാധാരണ ചുരുക്കമാണെങ്കിലും വ്യഭിചാരദോഷത്താലും മററും കെട്ടിയവൻ പെണ്ണിനെ ഉപേക്ഷിയ്ക്കാറുണ്ട്. അതിന് 'ആചാരം കൊടുക്കൽ' എന്ന് അവർ പേരുപറയുന്നു. പ്രധാനികൾ ഒന്നിച്ചുകൂടി അഭിപ്രായപ്പെട്ടതിന്നു ശേഷമേ ഉപേക്ഷിയ്ക്കാൻ പാടുള്ളു. ഭർത്താവാണ് ഉപേക്ഷിയ്ക്കുന്നത് എങ്കിൽ പെണ്ണിനെ വീട്ടിൽ കൊണ്ടാക്കണം. പെണ്ണാണ് ഉപേക്ഷിയ്ക്കുന്നത് എങ്കിൽ അവൾ തന്നെത്താൻ വീട്ടിലേക്കു മടങ്ങുന്നു. പെണ്ണിനു വീണ്ടും കല്യാണം കഴിയ്ക്കാമെങ്കിലും അതിൽ ആഘോഷം ചുരുങ്ങിയിരിയ്ക്കും. ആദ്യത്തെ വിവാഹത്തിലെ കുട്ടികൾ മക്കത്തായക്കാർ അച്ഛനൊന്നിച്ചും മരുമക്കത്തായക്കാർ അമ്മയൊന്നിച്ചും ഇരിക്കുന്നു.

ഈഴവന്മാർ മന്ത്രവാദത്തിൽ വിശ്വാസമുള്ളവരാണ്. വീട്ടിന്നകത്തോ പറമ്പിലോ തേർവാഴ്ചയുണ്ടെന്നു കാണുകയോ ആർക്കെങ്കിലും ദണ്ഡിളക്കം ഉണ്ടാവുകയോ ചെയ്താൽ കണിയാൻ വന്നു പ്രശ്നം വെച്ചു ബാധിയ്ക്കപ്പെട്ടിരിക്കുന്ന ദേവതയുടെ പേരും അ





ഈഴവരുടെ രണ്ട് ആഭിചാര യന്ത്രങ്ങൾ.

ത് കഴിക്കുവാൻ ശക്തനായ മന്ത്രവാദിയേയും പറഞ്ഞുകൊടുക്കും. മന്ത്രവാദികൾ തകിട് എഴുതി പറമ്പിൻേറയോ വീടിൻേറയോ നാലു മൂലയ്ക്കലും സ്ഥാപിച്ച് ഭൂതപ്രവേശനം തടുത്തു നിൎത്തുന്നു. ഗണപതിഹോമവും ചിലപ്പോൾ അവർ ചെയ്യും. മൂൎത്തിയെ ചിലപ്പോൾ മരത്തിന്മേലും ബന്ധിക്കുന്നുണ്ട്. ചിലപ്പോൾ കുടത്തിലേയ്ക്കു ആവാഹിച്ചു പുഴവക്കത്തു കുഴിച്ചിട്ടു മീതെ കല്ലേററിവെയ്ക്കാറും ഉണ്ട്. മൂൎത്തിയെ ഇളക്കിക്കളകയും ചെയ്യും. വീടിന്നകത്തോ പറമ്പിലോ ഒരു സ്ഥലം ചാണകംകൊണ്ടു ശുദ്ധിവരുത്തി, അരിപ്പൊടി, മഞ്ഞപ്പൊടി, കരിപ്പൊടി, പച്ചിലപ്പൊടി, മുതലായവ കൊണ്ടു വിവിധനിറങ്ങളിൽ പത്മമിട്ട് (ചിത്രം നോക്കുക) കാരോകള്ളിയിൽ ഗായത്രിമന്ത്രത്തിൻെറ കാരോ അക്ഷരങ്ങളും എഴുതി പുഷ്പങ്ങൾകൊണ്ട് അലങ്കരിച്ച് "ജലഗന്ധപുഷ്പദീപായനമഃ" എന്ന മന്ത്രവും ജപിച്ചു ചില പൂജകൾ ചെയ്യുന്നു. മൂൎത്തി ബാധിച്ചു ദേഹത്തിൽനിന്നു അതിനെ ഇളക്കി സത്യം ചെയ്യിച്ചു ഓടിയ്ക്കുകയോ, അന്യദേഹത്തിൽ പ്രവേശിപ്പിയ്ക്കുകയോ ചെയ്തു ബാധകഴിക്കും.

സ്ത്രീ കുളിച്ചു ശുചിയായ വസ്ത്രം ധരിച്ച് ഒരു വാഴയിലയിൽ പത്മത്തിന്നു മുമ്പിൽ കിഴക്കോട്ടു മുഖമായി ഇരിയ്ക്കേണ്ടതാണ്. മന്ത്രവാദി ഗായത്രി ജപിച്ചു തലയിൽ ഭസ്മമിടും, പിന്നെ "കാം ബ്രഹ്മാഋഷിഃ ഗായത്രിച്ഛന്ദഃ കണ്ഠാകൎണ്ണോദേവതാ, കകണ്ഠാകൎണ്ണവിരൂപാക്ഷ, സൎവ്വോപദ്രവനാശനഹാടകാംഗജയം പ്രാപ്തരക്ഷരക്ഷമഹാബാഹോഹൾസ്വാഹ" എന്നു മന്ത്രം ചൊല്ലി അരിയുംപൂവ്വും കൂടി തലക്കു ചുററും മൂന്നു പ്രാവശ്യം സ്ത്രീയെക്കൊണ്ടുതന്നെ ഉഴിപ്പിച്ച് ബാധ ഒഴിയണമെന്നു ധ്യാനിച്ച് അത് ആ പത്മത്തിന്മേൽ ഇടുവാൻ പറയുന്നു. സ്ത്രീയുടെ കയ്യിൽ ഒരു കഴുങ്ങുംപൂക്കുലയും ഉണ്ടാവും. മന്ത്രവാദിയുടെ കൂട്ടുകാർ ആ സമയത്തു മണികൊട്ടി താഴെ എഴുതുന്ന പാട്ടു പാടിക്കൊണ്ടിരിക്കുകയും ചെയ്യും.

ഹരഹരനാഥേഅനുകുലദേവി
അമരജനത്തിന്നഴകൊടുകമ്മം
ചെയ്യരുതാഞ്ഞതരനരികേവന്നു
അവർകൾസ്തുതിച്ചുഅരനുടെമൂന്നാംതിരുമിഴിയൂടെ;
മണിമിഴിയൂടെഭൂതകരാളിമഹിഷകരാളി

ഭൂതമടക്കിയതായെ,പൂമലർതന്നിൽവസിക്കുംതായെ
കോമളരൂപെഞാവതുചൊല്ലാം
കോപമെഴുമ്പണിപട്ടുകൾചാർത്തി
കോപ്പൊടുനല്ലകരിത്തോൽചുററി.
കായമിരാണ്ടതുനാഗമണിഞ്ഞും
കരമതിൽമേവിനോരായുധപങ്ക്തികൾ
കരുതിയെടുത്തരണത്തിനുകോപ്പും
അലറിമിഴിച്ചുകണ്ണുമുരുട്ടി
ചെലുചെലനെന്നചിലമ്പുമിളക്കി
ദാരികവീരൻഗോപുരമാർഗ്ഗേ
ചെന്നവനോടുവിളിച്ചുതുടങ്ങി
പലപലയുദ്ധംചെയ്തൊരുനേരം
മന്നിലവൻതലവെട്ടിയെറിഞ്ഞ്
വാളാൽവയറുപിളൎന്നുപിളൎന്നു
വട്ടകയിൽനിണമേററുകുടിച്ചു
ചോരകുടിച്ചുമദിച്ചുതിളച്ചു
പണ്ണകപാളിയെടുത്തുഭുജിച്ചു
എല്ലുകടിച്ചുനുറുക്കിനുറുക്കി
ഉല്ലാസത്തോടുചെല്ലുംനേരം
എന്നെയെടുത്തുതകൎക്കുംകാളി
എന്നുമനസ്സിൽനിനച്ചുരനപ്പോൾ
അഗ്നിസപത്രുവേനിത്തംചെയ്തു
കുണ്ടുമയങ്ങിനമായേതായെ
ദേവിനമോനമദേവിനമസ്തേ
പാദനമോനമപാദനമസ്തേ.

ഹരിയെന്നുമുതലായഹരിനാരായണൻവാഴ്ക
ശ്രീയെന്നുപേരായശ്രീഭഗവതിതാനുംവാഴ്ക
ഗയെന്നുമുതലായഗണനാഥൻതാനുംവാഴ്ക
ണയെന്നുമുതലായസുബ്രഹ്മണ്യൻതാനുംവാഴ്ക
പയെന്നുമുതലായപരബ്രഹ്മംതാനുംവാഴ്ക
തയെന്നുമുതലായതനിക്കുററദൈവംതാൻവാഴ്ക
യെഎന്നുമുതലായയെൻഗുരുവുംതാനുംവാഴ്ക

നഎന്നമുതലായനമഃശിവായൻതാനംവാഴ്ക
മഎന്നമുതലായമാമുനിമാർതാനംവാഴ്ക.

ഇതുകേൾക്കുമ്പോൾ അനൈഛികങ്ങളായ ദേഹചലനങ്ങളോടു കൂടി മൂർത്തി വെളിപ്പെടുന്നു. മന്ത്രവാദി ആ സമയത്തു മൂർത്തിയുടെ പേരു പറയിപ്പിക്കും. ചിലപ്പോൾ പ്രഹരവും വേണ്ടിവരാറുണ്ട്. പ്രഹരം മൂർത്തിക്കുമാത്രമേ പററുള്ളു എന്നാണ് അവരുടെ വിശ്വാസം. മൂർത്തി സത്യം ചെയ്തു ഒഴിയുകയും ചെയ്യും. പിന്നെ സ്ത്രീ മോഹാലസ്യത്തിൽ കിടപ്പായി. ജീവപ്രതിഷ്ഠമന്ത്രം അപ്പോൾ മന്ത്രവാദി ജപിച്ചു മുഖത്തു ജലം തളിച്ചു അവളെ ഉണർത്തുകയും ചെയ്യും. മന്ത്രമാവിത:

'ഓം ജീവായജീവപ്രതിഷ്ഠായപ്രാണായ
പ്രാണപ്രതിഷ്ഠായമന്ത്രഃപടത്തമാക്കഃമഹ-
ഷിയാണഫലിക്ക,മുഴവനംഫലിക്കസ്വാഹ.'

പിന്നെ മന്ത്രവാദിബലിപ്പുതം കയ്യിലെടുത്ത കാളിയെ ഉദ്ദേശിച്ചു ഇങ്ങിനെ പാടുന്നു.

കൊഴിതൻമൂലംചൊല്ലാം
കൊടിയനായിമയെല്ലാം
ബാലനാംഅസുരൻപണ്ടു
ബ്രഹ്മനോടുവരമിരന്നു.
കാളിതൻവാളുതട്ടി
ഭൂമിയിൽവീണചോര
മൊട്ടയായുരുത്തിരിഞ്ഞു
ശേവലുംപിടയുംതോന്നി
ചെങ്കനൽപൂവുംചുണ്ടും
ഉതിരംപോൽകണ്ണുരണ്ടും
കൊപ്പുളതെരുവിൽനിന്നു
തട്ടിക്കുവിഅത്തുചിരിച്ചുവരുന്നവൃഞ്ചെക്കനെ
ഇടംകയ്യിൽപിടിച്ചുകൊണ്ടു
വലംകയ്യാൽവാളാൽഅറുത്തു
വായമ്മേഭദ്രകാളി
കപാലാനീട്ടുകോഴിതൻചോരകൊൾവാൻ

ഇങ്ങിനെ പാടി ബലിപ്പുതം താഴത്തു വച്ചു കോഴിയെ അറു

ത്തു പോര ഗുരുതിയിൽ ഒഴിക്കുന്നു. ആ ഗുരുതി നിലത്തൊഴിച്ച ബലിപ്പുതം രാത്രി പതിനെട്ടാം നാഴികക്ക നാലും കൂടിയ വഴിയിലൊ പുഴവക്കത്തു ഇട്ട പന്തംകെടുത്തി മടങ്ങിപ്പോരുകയും ചെയ്യും.

രോഗങ്ങൾ മിക്കതും മൂൎത്തിബാധകളും ദൈവകോപവും കൊണ്ടുത്ഭവിക്കുന്നു എന്നു അവർ വിശ്വസിക്കുന്നു. അതിനാൽ പല മന്ത്രകൎമ്മങ്ങളും വഴിപാടുകളും മററു സൽക്കൎമ്മങ്ങളും അവർ ചെയ്തുവരുന്നുണ്ട്.

—oo:o:oo—

ഒരു കഥ.

രണ്ടാം അദ്ധ്യായം

"ക്ഷണമപ്യവതിഷ്ഠതേശ്വസൻ
യദിജന്തുൎന്നനുലാഭവാനസൌ"

എന്ന് കാളിദാസൻ പറഞ്ഞിട്ടുള്ളത് പരമാൎത്ഥമാണ്. പുറത്തേക്ക ശ്വാസം വിട്ടതോടുകൂടി പ്രാണൻ പോകാതെ അകത്തേക്കും കിട്ടുന്നത് ആയുസ്സിൻെറ ലാഭം. ഇതുപോലെ തന്നെയാണ് വിശ്വാസവും. കുറുക്കൻ കൊക്കിനോടു പറഞ്ഞ കൂട്ടത്തിൽ വിശ്വസിച്ച കഴുത്ത് മറെറാരുത്തൻെറ കയ്യിൽ കൊടുത്താൽ അപായം വരാതെ തിരിയെ കിട്ടുന്നത് ആയാൾ തരുന്ന സമ്മാനമായി വിചാരിക്കാം. ക്ഷൌരം എന്നത് പ്രാണനും മൃത്യുവും തമ്മിലുള്ള കൂടിക്കാഴ്ചയാണെന്നുള്ള വിചാരം കോമട്ടികൾക്കല്ലാതെ മററാൎക്കും ഉള്ളതായി കേൾക്കാറില്ലാത്ത സ്ഥിതിക്കു ഈ വിധം മരണം വന്നേക്കാമെന്ന് ഉദയമാൎത്താണ്ഡൻ ശങ്കിക്കാതിരുന്നതിൽ ആശ്ചൎയ്യമില്ല. അല്ലെങ്കിലും ദൈവം പരാനുകൂലമാ

യിരിക്കുമ്പോൾ ഒററലിനെപ്പേടിച്ച് ഓടിക്കിതച്ച് വലയിൽ ചെന്നു പെടുന്ന മത്സ്യത്തിൻെറയും വലയിൽ പെടാതിരിക്കാൻ ഓടിച്ചാടിക്കിണററിൽ വീണുമരിക്കുന്ന മുയലിൻെറയും ശ്രമം പോലെ ആപന്നിവാരണത്തിന്നു ചെയ്യുന്ന പുരുഷപ്രയത്നം ആപത്തിന്നായിക്കൊണ്ടു തന്നെ വരും.

കെട്ടിക്കെട്ടി ഉദയമാർത്താണ്ഡൻെറ ജീവൻ പോയി എന്നു കണ്ടപ്പോൾ ഉടനെ ശേവുകൻ തിരിഞ്ഞു ക്ഷുരകൻെറ കൈരണ്ടും കൂട്ടിപ്പിടിച്ചു കെട്ടി ബോധംവരുത്തി. അപ്പോഴെക്കു താഴത്തുണ്ടായിരുന്ന ഭൃത്യന്മാരിൽ ചിലരും എത്തിയതുകൊണ്ടു ക്ഷുരകനെ വേണ്ടുവിധം ബന്ധിക്കാൻ എളുപ്പത്തിൽ സാധിച്ചു. വലത്തു ഭാഗത്ത് ചുമരിൽ വെടി കേട്ടപ്പോൾ ഞെട്ടിത്തിരിഞ്ഞതുകൊണ്ടു മുറി ഏററതാണെന്നും പറഞ്ഞുകരഞ്ഞില്ലായിരുന്നുവെങ്കിൽ ഭൃത്യന്മാരുടെ ചവിട്ടും കുത്തും കൊണ്ടു ക്ഷൌരക്കാരൻെറ എല്ലു നുറുങ്ങിപ്പോകുമായിരുന്നു.

ഉദയമാർത്താണ്ഡൻെറ മരണവൃത്താന്തം പോലീസ് സ്റ്റേഷനിൽ അറിവു കിട്ടിയ ഉടനെ പൊല്ലീസുകാരൻ അരമനയിലേക്കു ചെന്നു പുകയിലക്കെട്ടു പോലെ കിടക്കുന്ന ക്ഷുരകൻെറ കെട്ടുകളഴിച്ചു അവൻെറ കയ്യിലും കാലിലും ചങ്ങലവെച്ചു. യാദാസ്തുകളും മററും എഴുതുന്നതിന്നു ഹേഡിനെ ഏല്പിച്ച് സംഭവത്തെപ്പററി ഇൻസ്പെക്ടക്ക് ഒരു കമ്പി കൊടുക്കുന്നതിന്നു സ്റ്റേഷനാപ്പ്സർ പുറപ്പെട്ടു കണ്ണീരും കയ്യുമായിരിക്കുന്ന സ്ത്രീകളോടു വല്ലവരേയും കമ്പി അറിയിച്ചു വരുത്തേണ്ടതുണ്ടെങ്കിൽ ചെയ്യാമെന്നു പറഞ്ഞപ്പോൾ അച്ഛനെ അറിയിച്ചു വരുത്തേണമെന്ന് തകാമണി പറഞ്ഞു. ഉടനെ തന്നെ സ്റ്റേഷനാപ്പ്സർ അതിലേക്കായി താഴത്തിറങ്ങിപ്പോകയും ചെയ്തു.

ഹേഡും മററുള്ളവരുംകൂടി യാദാസ്തുകൾ എഴുതാൻതുടങ്ങി. ശവത്തിൻെറ കഴുത്തിൽ കണ്ട മുറിക്കും നിലത്തുണ്ടായിരുന്ന രക്തപ്രവാഹത്തിന്നും ശവശരീരത്തിൽനിന്നും ആ മുറിയിൽനിന്നും പോലീസുകാർ കയ്വശമെടുത്ത കടുക്കൻ മോതിരം വസ്ത്രം കത്തി ജലപാത്രം മുതലായതിന്നും യാദാസ്തുകൾ എഴുതി അവിടെ ഉണ്ടായിരുന്നവരെല്ലാം കേൾക്കത്തക്കവണ്ണം വായിച്ചു.

ജഗന്മോഹിനി__പൃഞ്ഞൂചിൽ ഒരു തകിടും കൂട്ടും കെട്ടീട്ടുണ്ട്. അത

ഴിച്ചെടുത്ത് എന്റെ കയ്യിൽ തരണം എന്ന് ഹേഡിനോടു പറഞ്ഞു.

ഹേഡ്—അതിവിടെ കണ്ടില്ലല്ലൊ. പൂണൂൽ തന്നെ കാണാനില്ല.

തകിട്ടും ക്കുടം എടുത്തിട്ടുണ്ടൊ എന്ന ക്ഷൌരകനോടു ചോദിച്ചപ്പോൾ ഈ അബദ്ധം വന്ന ഉടനെ തനിക്കു മോഹാലസ്യമുണ്ടായി എന്നും ഒരുസമയം ശേവുകൻ എടുത്തിട്ടുണ്ടായിരിക്കാമെന്നും പറകയാൽ ശേവുകന്റെ ദേഹം പൊല്ലീസുകാർ പരിശോധിച്ചു. കണ്ടുകിട്ടാത്തതിനാൽ ഭൃത്യന്മാരെ എല്ലാവരേയും വിളിച്ചുചോദിച്ചതുമ്പുണ്ടായില്ല. ദേഹത്തിൽനിന്ന പ്രാണൻപോയതിനെപ്പററിയുള്ള അന്വേഷണത്തിനുശേഷം മററു സാധനങ്ങൾ പോയതിനെപ്പററി അന്വേഷിക്കാമെന്ന പറഞ്ഞ് ഹേഡ് മൊഴികൾ എടുക്കാനാരംഭിച്ചു.

ക്ഷൌരം കഴുത്തിങ്കലായപ്പോൾ കിഴക്കെ ചുമരിൽ വലിയ ശബ്ദമുള്ളതായ രണ്ടു വെടികേട്ടു ഭയപ്പെട്ട് ഉദയമാർത്താണ്ഡനും ക്ഷൌരകനും ഞെട്ടി എന്നും ഉദയമാർത്താണ്ഡൻ പെട്ടെന്ന തിരിഞ്ഞപ്പോൾ അതുകൊണ്ടു മുറി ഏററതാണെന്നും ശേവുകനും ജഗന്മോഹിനി അമ്മാളും അല്ലാതെ വേറെ ആരും മുകളിൽ ഉണ്ടായിരുന്നില്ലെന്നുമാണ് ക്ഷൌരകൻ പറഞ്ഞതിന്റെ ചുരുക്കം.

ജഗന്മോഹിനിയും ചിന്നമ്മാളും കിഴവൻ മാരിമുത്തുവും തകാമണി ദേവിയുടെ വിവാഹം മുതൽ ഉദയമാർത്താണ്ഡന്റെ മരണംവരെ നടന്ന സംഗതികളെല്ലാം ഇടവിടാതെ അവരവൎക്ക നേരിട്ടറിവുള്ളേടത്തോളം പറഞ്ഞു എന്നു മാത്രമല്ല ജഗന്മോഹിനി സൂക്ഷിച്ചു വെച്ചിട്ടുണ്ടായിരുന്ന കല്ലും കടലാസ്സുംകൂടി ഹാജരാക്കിക്കൊടുത്തു. ഇവരുടെ മൊഴികൊണ്ട് തകാമണിയെ വിസ്തരിക്കേണ്ടത അവശ്യമായികണ്ടു എങ്കിലും മരണോത്തരപരിശോധനക്ക് ശവത്തിനെ അയയ്ക്കാൻ സമയം അതിക്രമിച്ചുതുടങ്ങിയതുകൊണ്ട് അതു മുമ്പിൽ കഴിക്കാമെന്ന പറഞ്ഞ് വിസ്താരം നിൎത്തിവെച്ച് ശവത്തിനെ കെട്ടിപ്പൊതിഞ്ഞുതുടങ്ങി. തത്സമയത്ത് ഇൻസ്പെക്ടർ സഭാപതിപിള്ളയും ജമിന്ദാർ മണിരാമനും കൂടി മുകളിലേയ്ക്ക് കയറിവന്നു.

സഭാപതിപിള്ള വിദ്വാനും ബുദ്ധിശാലിയും നല്ലൊരു കുടുംബക്കാരനുമാണ്. കള്ളനേ കളവറിയുള്ളു എന്നും കള്ളന്മാരെ ക

ളവു കണ്ടു പിടിയ്ക്കാൻ ചുമതലപ്പെടുത്തിയാൽ നാട്ടിൽ കളവു കുറയുമെന്നും വിചാരിച്ച് പോല്ലീസ് സൈന്യത്തിൽ ചേൎത്തപ്പെട്ടിരിക്കുന്ന മിക്ക പോലീസുകാൎക്കും ഇദ്ദേഹത്തിനെ ഭയവും ഇദ്ദേഹത്തിനോടു വിരോധവും ഉള്ളതുകൊണ്ട് ഒരു ഇൻസ്പെക്ടൎക്ക വേണ്ടതായ ഒത്താശകൾ ഇല്ലാതെ കേസ്സുകൾ തുമ്പുണ്ടാക്കുന്നതിൽ ഇദ്ദേഹത്തിന്ന് കുഴക്കമേ ഉണ്ടാകാറുള്ളു. ഒത്താശകൾ എത്രതന്നെ കുറഞ്ഞാലും മുഷ്ടിപ്രയോഗത്തിന്ന് ഇദ്ദേഹം പരമവിരോധിയാണ്. ജലാവൎത്തത്തിൽപെട്ട മത്സ്യത്തിനെപ്പോലെയാണ് ഇദ്ദേഹം പോലീസ് ഡിപ്പാൎട്ടമേൻറിൽ കഴിച്ചുകൂട്ടിവരുന്നത് എങ്കിലും ബുദ്ധിശക്തി ഉപയോഗിക്കേണ്ടതായ കേസ്സുകളുണ്ടായാൽ തുമ്പുണ്ടാക്കാനുള്ള ഉന്മേഷംകൊണ്ട് ആത്മനാശത്തെ അനാദരിച്ചാണ് ഇദ്ദേഹം യത്നിക്കാറുള്ളത്. വിശേഷിച്ച് മണിരാമനും ഇദ്ദേഹവും ചെറുപ്പംമുതല്ക്കേ വളരെ സ്നേഹമായതുകൊണ്ട് ഉദയമാൎത്താണ്ഡൻെറ മരണവൃത്താന്തത്തെപ്പററി ഇദ്ദേഹത്തിന്നു കമ്പികിട്ടിയപ്പോൾ വളരെ വ്യസനവും പ്രതികാരകോപവും ഉണ്ടായി. കമ്പികിട്ടിയ തൽക്ഷണം പുറപ്പെട്ട് തീവണ്ടിആപ്പീസ്സിലെത്തി. ശീട്ടുവാങ്ങി തലയുംതാഴ്ത്തി രണ്ടുചാൽ നടക്കുമ്പോഴെക്ക വണ്ടിയും വന്നു. ജനൽ അടച്ചിരിക്കുന്നതു കണ്ട് ഒഴിവുള്ളതാണെന്നു വിചാരിച്ച് ഒരു മുറിയിൽ കയറിയപ്പോൾ അതിന്നുള്ളിൽ മണിരാമൻ തലയുംതാഴ്ത്തി ഇരിയ്ക്കുന്നു.

ഇൻസ്പെക്ടർ— അങ്ങയോടൊപ്പം എനിക്കും വ്യസനമുള്ളതുകൊണ്ട് എനിക്ക ഇതിൽ തന്നെ കയറാം.

മണിരാമൻ— ഹോ! സഭാപതി പിള്ളയൊ.? സമ്പത്തിങ്കലും ആപത്തിങ്കലും യഥാൎത്ഥത്തിൽ സ്നേഹമുള്ളവർ ഇങ്ങിനെ കാണേണ്ടത്തു. ഠരം കേസ്സ നിങ്ങൾ തന്നെ അന്വേഷിക്കണം. എൻെറ മകളുടെ മംഗല്യവും എൻെറ പ്രധാനമായ ഒരംഗവും പോയിട്ടുള്ളതാണീക്കാൎയ്യം.

ഇൻസ്പെക്ടർ— അതെന്നോടു പറയണൊ?

ഠരം സംവാദത്തിന്നുശേഷം അരമനയിൽ എത്തുന്നതു വരെ രണ്ടു പേരും അങ്ങുമിങ്ങും ഒന്നും പറഞ്ഞിട്ടില്ല. അരമനയുടെ മുകളിൽ കയറിച്ചെന്ന ഉടനെ ശവത്തിൻെറ മുറിയേയും എഴുതി

എടുത്തിട്ടുള്ളേടത്തോളം വാസ്ലൊഴികളെയും ഇൻസ്പെക്ടരും മണി രാമനും നോക്കി.

ഇൻസ്പെക്ടർ— (ഹേഡിനോട്) തകൊമണിയെ വിസ്തരിക്കുന്നില്ലേ ?

ഹേഡ് — ഉവ്വ. ശവത്തിനെ ആസ്പത്രിക്കയക്കാൻ സ്വയം അതിക്രമിക്കുന്നതുകൊണ്ട് അതു കഴിഞ്ഞിട്ടാവാമെന്നു വിചാരിച്ച് തല്ക്കാലം നിർത്തി വെച്ചതാണ.

ഇൻസ്പെക്ടർ— എന്നാൽ അതു വേഗം ചെയ്യൂ. അപ്പോഴെക്ക് ഞാൻ തന്നെ നേരിട്ട് ഇവരോട ചോദിച്ച് കഥ മുഴുവൻ മനസ്സിലാക്കാം.

എന്നു പറഞ്ഞ് ഇൻസ്പെക്ടർ ജഗന്മോഹിനിയെ വിളിച്ച് ഉണ്ടായതെല്ലാം ഒരിക്കൽ കൂടി പറയേണമെന്നാവശ്യപ്പെട്ടു. ഉദയമാർത്താണ്ഡൻ ചിറിച്ച മുഴക്കം കേട്ട് ജഗന്മോഹിനി അറയിലേക്ക വന്നപ്പോൾ ക്ഷുരകൻ മാറിനിന്ന മാതിരി ജഗന്മോഹിനിയെക്കൊണ്ട് അഭിനയിപ്പിച്ച മനസ്സിലാക്കി. അപ്പോൾ നിന്ന മാതിരി ക്ഷുരകനോടും നില്ക്കാൻ പറഞ്ഞു. ക്ഷുരകൻ നിന്നു കാണിച്ചതിൽ താടിയിൽ കയ്യു കൊടുത്തത് കാണിച്ചില്ല. അങ്ങിനെ നിന്നുവൊ എന്ന ചോദിച്ചപ്പോൾ അതിൻെറ ഓർമ്മയില്ലെന്നു പറഞ്ഞു. ഇതിന്നെല്ലാം നോട്ടു കുറിച്ച് ചുമരിൽ വെടിയുടെ വല്ല അടയാളവും ഉണ്ടൊ എന്നു നോക്കി. ഒന്നും കണ്ടില്ലയാൽ അദ്ദേഹം താഴത്തിറങ്ങി കെട്ടിടം മുതൽ കിഴക്കെ മതിൽവരെ പലേടത്തും കുനിഞ്ഞു പരിശോധിച്ച നോക്കി ചില തോൽ കഷണങ്ങളും കടലാസ് കഷണങ്ങളും പെറുക്കി എടുത്ത വായിച്ച നോക്കി. മുകളിലോട്ട് മണിരാമനെ നോക്കി വലിയ എറുപടക്കമാണെന്ന പറഞ്ഞു. ഇൻസ്പെക്ടർ ആ വഴിക്കെ മതിൽ ചാടിക്കടന്ന് അരമനയുടെ കിഴക്കെ വളപ്പിൽ ഒരു വൃക്ഷത്തിൻെറ ചുവട്ടിൽ കുനിഞ്ഞു നോക്കുന്നതും ചില കാലടികളുടെ അളവും മററും എടുക്കുന്നതും ആ അടികളെ മരത്തിൻെറ തുപ്പോടിച്ച മൂടിവെക്കുന്നതും കണ്ടു. അതിന്നു ശേഷം ആ വഴിക്കേ തെക്കോട്ടു ചെന്ന് അരമനയുടെ തെക്ക ഭാഗത്തുള്ള തേക്കിൻ കാട്ടിൽ കടന്നു. സന്ധ്യ മയങ്ങിയതിനാൽ താൻ പരിശോധിച്ചതിൻെറ അത്തിയിൽ ഒരടയാളവും വെച്ചു അരമനയിലെക്ക തന്നെ തിരിച്ചു.

ഇൻസ്പെക്ടർ ഇതിനെല്ലാം എടുത്ത സമയംകൊണ്ടു തകാമണിയുടെ വിസ്താരവും കഴിച്ചു പൊല്ലീസുകാർ കുററസ്ഥലത്തിൻെറ ഒരു പ്ലാൻ തെയ്യാറാക്കി. ഇൻസ്പെക്ടർ കാട്ടിൽനിന്നു വരാൻ കാത്തുനിൽക്കുകയായിരുന്നു. ഇൻസ്പെക്ടർ കാട്ടിൽനിന്നു വന്ന ഉടനെ തകാമണിയുടെ മൊഴി വായിച്ചുനോക്കി.

കല്ലും കടലാസ്സും താൻ എറിഞ്ഞതായിരിക്കാമെന്നും, കല്ലു വഴിയിൽനിന്നു പെറുക്കികൊണ്ടുവരിച്ചതായതുകൊണ്ട് വല്ലവരുടേയും എച്ചിലുണ്ടായിരിക്കുമെന്നു ശങ്കിച്ചതുകൊണ്ടാണ് കടലാസ്സിൽ പൊതിഞ്ഞ് എറിഞ്ഞത് എന്നും അങ്ങിനെ എറിഞ്ഞതു കളികഴിഞ്ഞ് ഊണുകഴിയുന്നതിനു മുമ്പാണെന്നും, തനിക്കു സന്താനമുണ്ടായാൽ മുതൽ പൊയ്പ്പോകുമെന്നു ഭയപ്പെട്ട് ഭർത്താവിനെ തൻെറ കെട്ടിടത്തിലേക്കയക്കാതെ അഞ്ചാറുദിവസം ജഗന്മോഹിനി തടഞ്ഞുവെച്ചു എന്നും ഭോഷ്കുപറഞ്ഞ് തന്നെ സമാധാനിപ്പിക്കാൻ ജഗന്മോഹിനി ശ്രമിച്ചു എന്നും ഭർത്താവിൻെറ മരണം ജഗന്മോഹിനിയുടേയോ ജഗന്മോഹിനിയുടെ ബന്ധുക്കളുടേയോ വഴിക്കു് സംഭവിച്ചിട്ടുള്ളതാണെന്നു താൻ വിശ്വസിക്കുന്നുണ്ടെന്നും ഉദയമാർത്താണ്ഡൻ കണ്ടു എന്ന് ജഗന്മോഹിനി പറയുമ്പോലെ അന്നേദിവസമോ അതിനു മുമ്പോ പിമ്പോ ആരും തൻെറ കെട്ടിടത്തിൽ വന്നിട്ടില്ലെന്നുമാണ് ജഗന്മോഹിനിയുടെ മൊഴിയുടെ സാരം.

തകാമണി എറിഞ്ഞ കടലാസ്സുകൊണ്ട് ഇൻസ്പെക്ടർ അരമനയിൽ ഒരു ഗൂഢസ്ഥലത്തു പോയി കടലാസ്സിനെ ചിമ്മിനിയുടെ മുകളിൽ പിടിച്ചു കുറേനേരം കാച്ചിയപ്പോൾ അതിൽ ചില അക്ഷരങ്ങൾ വെളിപ്പെട്ടുതുടങ്ങി. കടലാസ്സിൻെറ മറുപുറവും അങ്ങിനെ ചെയ്തു നോക്കിയപ്പോൾ അവിടെ അക്ഷരങ്ങൾ ഒന്നും കണ്ടില്ല.

ഇതാണ് എഴുത്തിൻെറ വാചകം:—

'ഞാൻ കുററം ചെയ്തിട്ടല്ല കൂട്ടിൽ കിടക്കുന്നത്; കിളി എന്തു ചെയ്തിട്ടാണ് നാം അതിനെ കൂട്ടിലിടുന്നത്? ഒരു സമയം പൂച്ച പിടിക്കും, അല്ലെങ്കിൽ പറന്നുപോകും. എൻെറ അച്ഛനെ അറിയിച്ച് എന്നെ ഇവിടുന്നു കൊണ്ടുപോകാൻ ആരുമില്ലല്ലോ. ദൈവംതന്നെ സഹായം'.

തകാമണീയോടു ചോദിച്ചപ്പോൾ അന്യായമായി തടവിൽ കിടക്കുന്ന സങ്കടംകൊണ്ടു ചെറുനാരങ്ങ നീരിൽ പേന മുക്കി ഇങ്ങിനെ വെറുതെ എഴുതിയതാണെന്നും ഇൻസ്പേക്ടർ വായിച്ച പോലെ ആരെങ്കിലും ഇതു വായിപ്പാൻ കഴിഞ്ഞുവെങ്കിൽ തന്റെ മനസ്സിലെ സങ്കടം അറിഞ്ഞുകൊള്ളട്ടേ എന്നും തനിയ്ക്കു എന്തോ കള്ളവേലയുണ്ടെന്നു വിചാരിച്ച് അതിനെ കണ്ടു പിടിപ്പാൻ കാത്തു നിൽക്കുന്നവൎക്ക് ഒന്നും കിട്ടിയില്ലെന്നു വരേണ്ടാ എന്നും ഇത് എടുത്തുകൊണ്ടുപോയി കുറുക്കന് ആമയെ കിട്ടിയപോലെ വെച്ചുകൊണ്ടിരിയ്ക്കട്ടേ എന്നും ഒക്കെ വിചാരിച്ചു പ്രയോഗിച്ചതാണെന്നു പറഞ്ഞു.

ഇതു കേട്ടപ്പോൾ തകാമണിയെ സംബന്ധിച്ച് മററുള്ളവരുടെ മൊഴികൊണ്ട് സഭാപതിപിള്ളയ്ക്കുണ്ടായ സംശയം എല്ലാം തീൎന്നു. തന്റെ സ്നേഹിതന്റെ മകളേപ്പിടിച്ചു ബന്തൊവസ്തിൽ വെയ്ക്കേണ്ട സങ്കടമായ മുറ ഇനിമേൽ ഇല്ലെന്നു വിചാരിച്ചു സന്തോഷിയ്ക്കുകയും ചെയ്തു.

ഇതിനുശേഷം ഉദയമാൎത്താണ്ഡന്റെ തകിടും കൂടും പോയതിനെപ്പററി അന്വേഷണം തുടങ്ങി. അതിന്റെ ഉള്ളിൽ എന്താണെന്ന് ആൎക്കും നിശ്ചയമില്ല. മരിയ്ക്കുന്നതിന്നു രണ്ടുദിവസം മുമ്പെ ജഗന്മോഹിനിയ്ക്കു താൻ മരിയ്ക്കുമ്പോൾ ഓൎമ്മപ്പെടുത്തിയാൽ ഒരുപദേശം കൊടുക്കാമെന്നു പറഞ്ഞിട്ടുണ്ടെന്നും അതിന്നു സാധിച്ചിട്ടില്ലെങ്കിൽ ആ തകിടും കൂടും കൈവശപ്പെടുത്തി അതിനെ കേടുവരുത്താതെ ഒരു തലയ്ക്കൽ പൊളിച്ച് അതിന്റെ ഉള്ളിലുള്ളതു ഗൂഢമായി മനസ്സിലാക്കേണമെന്നും ജഗന്മോഹിനി മരിയ്ക്കാറാകുമ്പോൾ ഇഷ്ടമുള്ളവൎക്ക് ഇപ്രകാരം പറഞ്ഞുകൊടുക്കുന്നതല്ലാതെ അതിന്നുമുമ്പിൽ പറഞ്ഞുകൊടുക്കില്ലെന്നു സത്യം ചെയ്യിപ്പിച്ചിട്ടുണ്ടെന്നും ജഗന്മോഹിനി പറഞ്ഞു.

ഇതെല്ലാം കേട്ടപ്പോൾ ഇൻസ്പേക്ടരുടെ മുഖത്ത് ഗൌരവംകൂടി മൌനം മൂത്തു. ഇതിനെ മോഷ്ടിച്ചിട്ടുള്ളവർ കഷ്ടിച്ച് ഒരിഞ്ചു നീളവും ഒരു കടലാസുപെൻസിലിന്റെ വണ്ണവുമുള്ള ആ സാധനത്തിന്റെ സ്വൎണ്ണത്തിനെ മോഹിച്ചിട്ടല്ലെന്നു പ്രത്യക്ഷമായി കാണുന്നതുകൊണ്ട് ആ തകിടും കൂടും ഉദയമാൎത്താണ്ഡന്റെ മരണവുമായി സംബന്ധമുണ്ടാകും എന്ന് ഇൻസ്പേക്ടൎക്ക് തോന്നി. ഇൻ

സ്പെക്ടർ കുറേ നേരം ആലോചിച്ചു പിന്നിൽ കയ്യും കെട്ടി തെക്കുവടക്കു നടന്നതിന്നുശേഷം ഇങ്ങിനേ ചോദിച്ചു:—

ഇൻസ്പെക്ടർ— അതെന്താണെന്നു മനസ്സിലാക്കാൻ നിങ്ങൾ വിചാരിച്ചിട്ട് കഴിഞ്ഞിട്ടില്ലേ.

ജഗന്മോഹിനി— നിർബ്ബന്ധിച്ചു ചോദിച്ചപ്പോൾ 'പെൺകളോടുള്ളുടമൈ ശൊല്ലാതെ' എന്നാണു പഴമൊഴി എന്നുമാത്രം മറുവടി പറഞ്ഞു

ഇൻസ്പെക്ടർ— എത്രകാലമായി ഈ തകിടും കൂടും ഉണ്ടായിട്ട്?

ജഗന്മോഹിനി— പത്തിരുപതു കൊല്ലമായി എന്നു തോന്നുന്നു. ഈ കെട്ടിടം പണി ചെയ്തു കഴിഞ്ഞ് രണ്ടുകൊല്ലം കഴിഞ്ഞതിന്നു ശേഷമാണ്.

ഇൻസ്പെക്ടർ— അതിന്റെ ഉള്ളിലുള്ളത് എന്താണെന്നറിവാൻ നിങ്ങൾക്ക് ആദ്യം ആഗ്രഹം തോന്നിയത് എപ്പോഴാണ്?

ജഗന്മോഹിനി— അതിനിയ്ക്ക് ഓർമ്മയില്ല.

ഇൻസ്പെക്ടർ— എന്നാൽ ഇപ്പോൾ നിങ്ങളും ഭൃത്യന്മാരും സ്റ്റേഷനിലേയ്ക്കു പോകുവിൻ! നിങ്ങൾക്കു വേണ്ട സൌകൎയ്യങ്ങളെല്ലാം ഏൎപ്പെടുത്തിത്തരുന്നതിന്നു ഞാൻ ശട്ടംകെട്ടാം. നാളെ കാലത്തു കാണാം.

ഇങ്ങിനെ തൽക്കാലവേയ്പാടുപറഞ്ഞു ഹേഡിന്റെ മുഖത്തു നോക്കി സ്റ്റേഷനിലേയ്ക്കു മിഴിയെറിഞ്ഞു. ഇവരെ എല്ലാം പിടിച്ചയച്ചതിന്നു ശേഷം ഇനിമേൽ എന്താണു ചെയ്യേണ്ടത് എന്ന് ഇൻസ്പെക്ടർ മണിരാമനായി ആലോചിച്ചു.

മണിരാമൻ— ഇന്നു രാത്രി ഞാനും എന്റെ മകളും നിങ്ങടെ ബന്തോവസ്തിലും ഇരുന്നുകളയാം. സകലവേലക്കാരെയും നിങ്ങൾ കൊണ്ടുപോയി ഞങ്ങൾക്കു ഭക്ഷണവും മററും ന്യായപ്രകാരം നിങ്ങൾ തരണം. അതാവശ്യപ്പെടുന്നില്ല, എന്നാൽ നിങ്ങളെ ക്ഷണിയ്ക്കുന്നില്ല. എന്നു പറഞ്ഞു മണിരാമൻ ഇൻസ്പെക്ടരുടെ കൈ പിടിച്ചു.

ഉദയമാൎത്താണ്ഡന്റെ അരമനയിൽ മണിരാമനും തകാമണിയും രണ്ടു ദാസിമാരും മാത്രം ശേഷിച്ചു. കാലത്തു കമ്പി കിട്ടി വീട്ടിൽനിന്നു പുറപ്പെട്ട മുതൽക്കു രാത്രി 9 മണിയ്ക്കു പിരിയു

ന്നതുവരെ ഇൻസ്പെക്ടരുടെ ബുദ്ധിക്കും ശരീരത്തിന്നും അദ്ധ്വാനമേ ഉണ്ടായിട്ടുള്ളു. എങ്കിലും തന്റെ ആലോചനക്കും ഊഹങ്ങൾക്കും തെററുവരാതെ ഏതാനും ചിലതൊക്കെ കണ്ടുപിടിക്കാൻ സംഗതി വന്നതുകൊണ്ട് അദ്ദേഹത്തിന്റെ മനസ്സിന്നുണ്ടായ ഉന്മേഷം ശരീരത്തിന്റെ തളർച്ചയെ അറിയിച്ചില്ല. ഉണ്ടാകുന്നതിലേക്കാൾ സൂക്ഷ്മപ്രകാശത്തിൽ ആഗ്രഹത്തോടുകൂടി ഇദ്ദേഹം തന്റെ ഒരു ബന്ധുവിന്റെ വീട്ടിലേക്കു രാത്രി തങ്ങാൻ പോയി.

(തുടരും)

കാരാട്ടെ അച്യുതമേനോൻ ബി. എ. ബി. എൽ.

താതോപദേശം.

(ഇംഗ്ലീഷിൽനിന്നും)

1. ഉള്ളത്തിലേറുന്നവിചാരമെല്ലാം
കൊള്ളിക്കൊലാനീതവഭാഷണത്തിൽ;
കൊള്ളാത്തചിന്തക്കനുകൂലനായി-
ത്തുള്ളാൻതുനിഞ്ഞീടരുതൊന്നുകൊണ്ടും.

2. സ്നേഹിച്ചുവാണീടുകസവ്വരേയും
സ്നേഹത്തിൽനീചതചമുദിച്ചിടൊല്ലാ;
സ്നേഹാതിരേകത്തിനുപാത്രമാകും
ദേഹംപരീക്ഷാതതിയാൽഗ്രഹിക്ക.

3. പരീക്ഷണംചെയ്തുവരിച്ചസഖ്യം
ധരിക്കഗാഢംദൃഢമായ്മനസ്സിൽ;
ഓരോനവസ്നിഗ്ദ്ധരിലുംപരംസൽ-
കാരങ്ങൾചെയ്തിട്ടുപരുങ്ങിടൊല്ലാ.

4. കുടുങ്ങൊലാശണ്ഠയിലൊന്നിലുംനീ
കുടുങ്ങിയാൽപിന്നെമടങ്ങിടൊല്ലാ;
ശ്രവിക്കനിശ്ശേഷജനോക്തിയേയും
വചിക്കപാരംമിതമായിമാത്രം.

5. ഓരോജനംശാസനയായിനിന്നോ-
ടോതുന്നതൊന്നുംനിരസിച്ചിടൊല്ലാ;
എന്നാൽസ്വകൃത്യങ്ങളശേഷവുംനീ
നന്നായ്വിചാരിച്ചുനടത്തിടേണം.

6. ഉടുപ്പിലാഡംബരമേറിടൊല്ലാ;
വെടിപ്പിനംകേടുവരുത്തിടൊല്ലാ;
ഉടുപ്പുകൊണ്ടാണൊരുവന്റെതത്വം
പലപ്പൊഴുംലോകർഗണിപ്പതോർക്ക.

7. കടംഗ്രഹിച്ചീടരുതത്രയല്ലാ,
കടംകൊടുത്തീടുകയുംനിഷിദ്ധം;
കടംഗ്രഹിച്ചീടിൽനിജശ്രമത്തിൽ
സ്ഫുടംഭവിക്കുന്നിതുമന്ദഭാവം.

8. കടംകൊടുത്തുള്ളധനത്തിനുണ്ടാം
പലപ്പൊഴുംഹാനികളത്രയല്ലാ,
കടത്തിനാലേസഖിയുംനശിക്കും;
കടംമഹാദുർഘടമേവനുമാം.

9. ഇതോർക്കസർവോപരിസന്തതംനീ-
യിരിക്കയാത്മാവിനുസത്യവാനായ്;
എന്നാലൊരാൾക്കുംഭുവിദോഷിയാകാ-
തെന്നുംസുഖംപൂണ്ടുനിനക്കുവാഴാം.

കെ. സി. കേശവപ്പിള്ള.

ഔഷധിനിഘണ്ടു.

ഒരു ഉത്തമ ഭാഷയുടെ പരിഷ്കൃത ലക്ഷണം ആ ഭാഷയിൽ വേണ്ടത്തക്ക വാക്കുകൾക്ക് തികഞ്ഞ നിഘണ്ടു ഉണ്ടാവുകയാണ്. മലയാളഭാഷക്ക് ഈ നിലയിലെത്തുവാൻ കാലമായിട്ടില്ലെന്നാണ് അതിന്റെ ആയുർദ്ദായം ഗണിക്കുമ്പോൾ കാണുന്നത്. അങ്ങിനെയല്ലെങ്കിൽ ഭാഷാഭിമാനികളായ പല പണ്ഡിതന്മാരുമുള്ള ഇക്കാലത്തും ഒരു നല്ല നിഘണ്ടു ഉണ്ടാവാതിരിപ്പാനിടയില്ലല്ലൊ എന്നും മററും വിചാരിച്ച് ഈ അതിമോഹത്തിൽനിന്നു മനസ്സു പിൻ വലിപ്പിച്ചിരിക്കുന്ന ഞങ്ങൾക്ക് അഭിപ്രായത്തിന്നയച്ചു കിട്ടീട്ടുള്ള 'ഔഷധനിഘണ്ടു' വീണ്ടും ആശക്കൊരു വിത്തിടുകയാണ് ചെയ്തിട്ടുള്ളത്. സ്ഥിരോത്സാഹിയായ തയ്യിൽ കുമാരൻ കൃഷ്ണൻ അവർകൾ എട്ടുപത്തു കൊല്ലം ശുഷ്കാന്തിയോടുകൂടി പ്രയത്നം ചെയ്തു നിഷ്കർഷിച്ചു നിർമ്മിച്ചിട്ടുള്ള ഈ പുസ്തകം കൊല്ലവർഷം പതിനൊന്നാം നൂററാണ്ടിൽ പുറത്തു വന്നിട്ടുള്ള ഉത്തമഗ്രന്ഥങ്ങളിൽ അത്യുത്തമസ്ഥാനത്തെ അർഹിക്കുന്നുണ്ടെന്നുള്ളതിന്നു തർക്കമില്ല.

ഔഷധങ്ങൾക്കുള്ള സംസ്കൃതനാമങ്ങൾക്ക് മലയാളഭാഷയിൽ എന്നല്ല പല ഭാഷകളിലും ഉള്ള സംജ്ഞകളും അവയുടെ രസവീര്യവിപാകങ്ങളും, വേര്, കിഴങ്ങ്, തൊലി, കാതല്, ഇല, പൂ, കായ എന്നീ സാധനങ്ങളിൽ ഏതേതാണുപയോഗപ്പെടുന്നതെന്നും വേറെ പല പ്രയോഗഭേദങ്ങളും ഈ നിഘണ്ടുകൊണ്ട് എളുപ്പത്തിൽ അറിയാറാക്കി തീർന്നിട്ടുണ്ട്. ഈ പുസ്തകം പ്രത്യേകിച്ചു വൈദ്യന്മാർക്ക് ഉപയോഗപ്പെടുന്നതാണെങ്കിലും വൈദ്യനിലയിലല്ലാതെ ഒരു കവിയുടെ നിലയിൽ നോക്കുമ്പോഴും പലവിധത്തിലും ഉപകരിക്കുന്നതാണെന്നു ഞങ്ങൾക്ക് അനുഭവം വന്നിട്ടുണ്ട്. പദാർത്ഥപരിചയമോ, ഭാഷാപരിചയമോ, ലോകവ്യുൽപത്തിയൊ ആവശ്യപ്പെടുന്നവർക്കെല്ലാം ഈ നിഘണ്ടുവിന്റെ സഹായം ഒട്ടും ചില്ലറയല്ല.

ഔഷധികളുടെ ദേശഭാഷാഭേദത്തിലും ഗ്രന്ഥകർത്താവു പ്രത്യേക ദൃഷ്ടിവെച്ചിട്ടുണ്ടെങ്കിലും വൈദ്യന്മാരുടെ പ്രത്യേക സങ്കേതനാമങ്ങളായ 'പാതാളഗരുഡൻ' 'ആകാശഗരുഡൻ' ഈ പേരുകൾ ഇതിൽ ചേർത്തിട്ടില്ലെന്നു തോന്നുന്നു. സംസ്കൃതഭാഷയിലുള്ള വേറെ ചില സാങ്കേതനാമങ്ങൾക്കും ഇതിൽ പ്രവേശം അനുവദിക്കേണ്ടതായിരുന്നു. അഞ്ചോ പത്തോ പേരുകൾ ഈ നിഘണ്ടു വായിച്ചു നോക്കിയപ്പോൾ ഞങ്ങളുടെ ഓർമ്മയിൽപ്പെട്ടിട്ടുണ്ട്. പക്ഷെ അധികതാമസം കൂടാതെ ഇതിന്നു രണ്ടാംപതിപ്പുണ്ടാവാനിടയുള്ളതുകൊണ്ട് ഈ ലഘുവായ ന്യൂനത അപ്പോൾ തീർക്കാവുന്നതുമാണ്.

ഭാഷാഭിമാനികൾ ഇനിയെങ്കിലും കൃഷ്ണർ അവർകളെ പിന്തുടർന്നു ജലജന്തുനിഘണ്ടു, സ്ഥലജന്തുനിഘണ്ടു, വനജന്തുനിഘണ്ടു, സാങ്കേതികനിഘണ്ടു, ഭൂമിനിഘണ്ടു, അന്തരിക്ഷനിഘണ്ടു, ആകാശനിഘണ്ടു എന്നു തുടങ്ങി തരം തിരിച്ചോരോന്നുണ്ടാക്കുന്നതായാൽ എല്ലാം കൂടി കൂട്ടിച്ചേർക്കുമ്പോൾ മലയാളഭാഷയിൽ ഒരു സർവ്വനാമനിഘണ്ടു ഉണ്ടാവാനിടവരികയും അന്നു നമ്മുടെ മാതൃഭാഷക്ക് ഉത്തമഭാഷയുടെ പരിഷ്കൃതലക്ഷണം പൂർത്തിയാകുകയും ചെയ്യും. തയ്യിൽകുമാരൻ കൃഷ്ണർ അവർകളുടെ ഉദ്യമം ഭാഷാഭിമാനികൾ അഭിനന്ദിക്കുന്നതും വിദ്യാർത്ഥികൾ കൊണ്ടാടുന്നതും വിദ്വാന്മാർ അനുകരിക്കുന്നതുമാണെന്നാണ് ഞങ്ങളുടെ പൂർണ്ണമായ വിശ്വാസം.

പലവക

യോഗവാസിഷ്ഠം

മലയാള പുസ്തകങ്ങളിൽ ചിലതു വായിക്കുമ്പോൾ അരുചി പിടിച്ചുപേക്ഷിക്കുന്നവർ പലരുമുണ്ടായിരിക്കാമെങ്കിലും വായിച്ചുകഴിഞ്ഞാൽ കിട്ടുന്ന ആശ്വാസം. പത്രാധിപന്മാരെപ്പോലെ മറ്റാരും അനുഭവിച്ചിട്ടുണ്ടാവാനിടയില്ല. പത്രാധിപന്മാർക്കു ക്ഷമ പരിശീലിക്കുവാനുള്ള ഈ പ്രത്യേക ഔഷധം വല്ല വിധത്തിലും ഉള്ളിലാക്കിയാൽ പിന്നെ ഞങ്ങൾ പത്ഥ്യം നോക്കുക പതിവില്ല

കേവലം വിനോദകരമായിട്ടും വിനോദിപ്പിച്ചുകൊണ്ട് അറിവു നൽകുന്നതായിട്ടും മുഷിപ്പിച്ചുകൊണ്ട് അറിവു കത്തിച്ചിലത്തുന്നതായിട്ടും ഉള്ള മൂന്നുതരം പുസ്തകങ്ങളിൽ രണ്ടാമത്തെത്തരത്തിലുള്ള ഒരു ഉത്തമപുസ്തകമാണ് 'വാസിഷ്ഠം' എന്നു മലയാളികളിൽ പലക്കും അറിയുവാൻ വരവൂർ ശാമുമേനോൻ അവർകൾ ഇടയാക്കിത്തീർത്തിട്ടുണ്ട്. ആ കവിയുടെ ജ്ഞാനവാസിഷ്ഠതർജ്ജമയെ പററി 1078- മേടത്തിലെ 9-ാംലക്കം രഞ്ജിനിയിൽ ഞങ്ങൾ വിസ്തരിച്ചഭിപ്രായം പറഞ്ഞിട്ടുണ്ടല്ലോ. ആ 'ജ്ഞാനവാസിഷ്ഠം' തന്നെയാണ് 'യോഗവാസിഷ്ഠം' എന്ന നാമാന്തരത്തോടുകൂടി ദാമോദരൻ കർത്താവ് അവർകൾ ഭാഷാന്തരപ്പെടുത്തിട്ടുള്ളത്. അതുകൊണ്ട പുസ്തകത്തിലെ പ്രമേയങ്ങളെപ്പററി വിസ്തരിക്കേണ്ടാവശ്യമില്ല. ഭാഷാകവിതാരീതിയെക്കുറിച്ചു പലപ്പോഴും ഞങ്ങൾ പറഞ്ഞിട്ടുള്ളതിന്നു വിരുദ്ധങ്ങളായ പ്രയോഗങ്ങൾ പ്രകൃതപുസ്തകത്തിൽ ഇല്ലെന്നു പറഞ്ഞുകൂടാ. ദേശാഭാഷാഭേദം ജനങ്ങളുടെ രുചിഭേദം, കവിയുടെ രചനാരീതിഭേദം ഇവയെല്ലാം കൂട്ടിനോക്കിയാൽ ഈ വലിയ ശ്രേഷ്ഠപുസ്തകത്തിൽ ദോഷഭാഗം അധികം ഇല്ലെന്നുതന്നെയാണ് പറയേണ്ടത്. എന്നാൽ ശാമുമേനോൻെറ ജ്ഞാനവാസിഷ്ഠത്തിൻെറ പുറപ്പാടോടുകൂടി മലയാളഭാഷക്ക് ഈ പ്രകൃതത്തിൽ വേണ്ടതക്ക ജ്ഞാനസാധനം സിദ്ധമായിട്ടുള്ള സ്ഥിതിക്ക് അതിലൊട്ടും മെച്ചം നേടാത്തതായ ഈ കവിയുടെ പ്രയത്നംകൊണ്ടു മലയാളഭാഷക്ക വിശേഷവിധിയായി യാതോരു സമ്പാദ്യവും ഉണ്ടായിട്ടില്ല. ഭിന്നസ്ഥന്മാരായ രണ്ടു ഗ്രന്ഥകാരന്മാർ ഒരേ വിഷയത്തിൽ ചെയ്തുവന്നിരുന്ന പ്രയത്നങ്ങൾ പരസ്പരം അറിയാഞ്ഞയാൽ ഈ പുസ്തകം പുറപ്പെടുവാൻ കാരണമായിട്ടുള്ളതല്ലെങ്കിൽ ദാമോദരൻ കർത്താവ് അവർകൾ ഇതിന്നു പ്രയത്നംചെയ്തകാലംകൊണ്ടു മറെറാരുത്തമഗ്രന്ഥത്തിൻെറ കർത്താവാകാതിരുന്നത് 'ബഹ്വക്ലേശംലഘുഫലം' എന്നു പറയുന്ന കൂട്ടത്തിലായിപ്പോയി

* * *

അഭിപ്രായത്തിന്നയച്ചുകിട്ടിട്ടുള്ള ബാക്കി പുസ്തകങ്ങളുടെ പേരുവിവരവും അഭിപ്രായവും വഴിയെ.

P. SUBBAROY'S

World- renowned and most efficacious Ayurvedic medicine

പി. സുബ്ബറായിയുടെ ലോകപ്രസിദ്ധങ്ങളും ഏററവും ഫലവത്തുക്കളും ആയ ആയുർവേദ ഔഷധാലയം.

---

27. അശോകഘൃതം.

തൊറിവുണ്ടാവുന്ന തീണ്ടാരി, വേദനയോടുകൂടി പ്രതിമാസമുണ്ടാകുന്ന തീണ്ടാരി, തീണ്ടാരികാലങ്ങളിൽ ഒടികളിലുണ്ടാകുന്ന വേദന, കാലനിർണ്ണയമില്ലാത്ത തീണ്ടാരി, മാസന്തോറുമുണ്ടാകുന്ന തീണ്ടാരിയിൽ അധികരിച്ചോ ചുരുങ്ങിയതോ ആയ രക്തപ്പോക്ക് മച്ചി എന്ന അവസ്ഥ സാധാരണയായ ഗർഭമലസൽ എന്നീ രോഗങ്ങളേയും ക്രമം തെററിയ തീണ്ടാരിനിമിത്തമുണ്ടാകുന്ന മററെല്ലാരോഗങ്ങളേയും ശമിപ്പിപ്പാൻ ഇത് ഏററവും വിശേഷപ്പെട്ട ഒരു ഔഷധമാകുന്നു. മാസന്തോറുമുണ്ടാകുന്ന തീണ്ടാരിക്ക ഈ ഔഷധം മേത്തരമായതും ഫലിതമായതുമാകുന്നു. ദേഹപുഷ്ടിയുള്ള നല്ല കുട്ടികൾ ഉണ്ടാകേണ്ടതിന്നു ആഗ്രഹിക്കുന്ന സ്ത്രീകൾ ഇതിനെ ഉപയോഗിക്കേണ്ടതാണ്. കുപ്പി 1 ക്ക വില 1—0—0 ഒന്നോ രണ്ടോ കുപ്പികൾക്ക വി. പി. ചാർജ്ജ 5ണ പുറമെ.

28. ബൃഹൽചന്ദ്രോദയമകരധ്വജം.

മനക്കമ്പത്തോടുകൂടിയ ദൌർബ്ബല്യം സത്വക്ഷയം വാർദ്ധക്യകാഴ്ച, വിസ്മൃതനിരാസ്ഖലിതം എന്നിവകൾക്ക ഇവ വിലയേറിയ ഒരു ഔഷധമാകുന്നു. ഇതിന്റെ ഫലിതം അത്ഭുതകരവും ആയതു നാൾക്കുനാൾ അഭിവൃദ്ധിയോടുകൂടി കാണപ്പെടുവുന്നതും ആകുന്നു. ചെറുപ്പം നിമിത്തമുണ്ടായ ദുർവൃത്തികളാൽ യൌവനം നഷ്ടപ്പെട്ടു പോയിട്ടുള്ളവർ ഈ ഔഷധത്തെ ഒന്നു പരീക്ഷിച്ചു നോക്കേണ്ടതാണ്. അല്പകാലത്തിനുള്ളിൽ ഇത് അവരെ യൌവനപ്രാപ്തമാക്കിത്തീർക്കുമെന്നുള്ളതു നിശ്ചയമാണ്. ഒരു ആഴ്ചക്ക വേണ്ടുന്നതിന്നു വില 3 ക. വി. പി. ചാർജ്ജ 5ണ. പുറമെ.

29. ച്യവനപ്രാശം.

ശ്വാസനാഡികളേയും തൊണ്ടയേയും സംബന്ധിച്ചുള്ള എല്ലാം രോഗങ്ങൾക്കും ഇതു മേത്തരം ഔഷധമാകുന്നു കഫസംബന്ധമായ എല്ലാതരം ഉപദ്രവങ്ങൾക്കും

പി. സുബ്ബറാവു, പറങ്കിപ്പേട്ട, തെക്കെ ആർക്കാട്ട് ജില്ല.

ഇതു സ്തുതിക്കപ്പെട്ട ഒരു ശമനൌഷധമാകുന്നു മാത്രമല്ല സപ്തധാതുക്കൾക്കു ബലത്തെയും കൂടി ഉണ്ടാക്കുന്ന ഒന്നാണ് തൊണ്ടപ്പുണ്ണ് ഒച്ചയടപ്പു കുഷ്ഠം ഏക്കം കഫത്തെ തുപ്പുമ്പോഴുള്ള അസഹ്യതയാലുള്ള കര എന്നിവയ്ക്കും തൊണ്ടയേയും ശ്വാസനാഡികളേയും സംബന്ധിച്ചുള്ള എല്ലാ ഉപദ്രവങ്ങൾക്കും ച്യവനപ്രാശം ഏകകണ്ഠമായ മരുന്നാകുന്നു. അളുക്ക 1 ക്കു വില 2ക. വി. പി. ചാർജ്ജ 5ണ. പുറമെ.

30. മകരധ്വജം.

ഇതിനു സമമായ ഒരു യോഗം ഔഷധവർഗ്ഗത്തിൽ വേറൊന്നില്ല. മകരധ്വജ ഔഷധത്തിൻെറ ഉപയോഗത്താൽ തീരെയൊ അല്പമായെങ്കിലും നിവൃത്തികിട്ടാത്ത രോഗങ്ങളുമില്ല. ഏതു കാരണത്താലും ഉണ്ടാകുന്ന ബലക്ഷയങ്ങളിൽ ഇത് ഏററവും തുഷ്ടികരങ്ങളായ ഫലങ്ങളെ ഉണ്ടാക്കുന്നതാകുന്നു. ദീർഘജ്വരം വിഷജ്വരം മുതലായ എല്ലാതരം ജ്വരങ്ങൾ ക്ഷയരോഗം സ്രാവം പ്രമേഹം പ്രസവാനന്തരമുണ്ടാകുന്ന ഉപദ്രവങ്ങൾ ജലദോഷം കുര ഏക്കം മഹാമാരി ഓർമ്മക്കേട് നീര് വിഷൂചിക വയർപഴുപ്പ് ദഹനക്കേട് മന്ദത ബലക്ഷയം തലചുററൽ എന്നിവയെ ശമനപ്പെടുത്തുന്നതിനു മേത്തരവുമാകുന്നു. തോല 1 ക്കു വില 24ക. ഒരാഴ്ച ഉപയോഗിക്കേണ്ടതിനു 1ക. വി. പി. ചാർജ്ജ 5 ണ പുറമെ.

31. വസന്ത കുസുമാകരം.

പ്രമേഹങ്ങൾ ദൌർബ്ബല്യം അതിദാഹം നാഡിവലിച്ചു കൈകാലുകളിൽ എരിച്ചൽ ക്ഷീണം മോഹാലസ്യം സ്രാവം പ്രയത്നമില്ലാതെയുള്ള മൂത്രംവീഴ്ത്തൽ മുതലായ രോഗങ്ങൾക്കു ഇതു ഫലിതമായ ഒരു ഔഷധമാകുന്നു. ഒരാഴ്ചക്കു വേണ്ടതിനു വില 5ക. വി. പി. ചാർജ്ജ 5 ണ. പുറമെ.

28. രക്തശുദ്ധി.

മനുഷ്യജീവൻെറ പ്രധാനകാരണം രക്തമാണെന്നു ഏവർക്കും അറിയാവുന്നതാണ്. രക്തത്തിനു ശുദ്ധിയില്ലെങ്കിൽ വായിപ്പുണ്ണ് ചെങ്കണ്ണ് മൂക്കപ്പുണ്ണ് തൊണ്ടപ്പുണ്ണ് ശരീരമാസകലം കുരു ആണി വീക്കങ്ങൾ ചർമ്മത്തിൽ നിറഭേദം ഉള്ളിൽ പുണ്ണ് തലവേദന അഗ്നിമാന്ദ്യം ചർമ്മത്തിനു ചുകപ്പും മൃദുത്വമില്ലായ്കയും ചെകിട്ടം മൂക്കിൽ വീക്കൽ പുളിപ്പ് ബലക്ഷയം നീര് മുളി കുഷ്ഠം തഴുതണം മന്ദത സ്വാദില്ലായ്ക ചൊറിച്ചൽ എന്നിവയും ദുർഗ്ഗന്ധമുണ്ടാക്കുന്നതായ മററെല്ലാ ചർമ്മവ്യാധികളും രക്തദൂഷ്യംകൊണ്ടുണ്ടാകുന്നതാകുന്നു. രക്തത്തിൽ അകപ്പെട്ട വിഷത്തെ നീക്കം ചെയ്യാൻ രക്തശുദ്ധി എന്നുപേരായ ഞങ്ങളുടെ ഔഷധം മേത്തരമാകുന്നു. ഇതു രക്തത്തെ ശുദ്ധീകരിക്കുന്നതും രക്തദൂഷ്യത്താലുണ്ടാകുന്ന സർവ്വവ്യാധികളേയും സുഖപ്പെടുത്തുന്നതും ശരീരത്തെ ക്രമപ്പെടുത്തി ബലപ്പെടുത്തുന്നതും ദഹനത്തെ ഉണ്ടാക്കുന്നതും നിറത്തെ വരുത്തുന്നതും ആകുന്നു. 20 ദിവസത്തേക്കു വേണ്ടുന്ന അളുക്ക 1 ന്ന വില 2ക. ഒന്നൊ രണ്ടൊ അളുക്കുകൾക്കു വി. പി. ചാർജ്ജ 5 ണ. പുറമെ.

പി. സുബ്ബറായി പറങ്കിപ്പേട്ട, തെക്കെ ആർക്കാട്ട് ജില്ല.

ഒരു മാസം സേവിക്കുന്നതിന്നു മുമ്പ്

1. ലോകപ്രസിദ്ധമായ ധാതുപുഷ്ടികാരി

ധാതുനഷ്ടം, ബലഹീനത ലക്ഷണമില്ലായ്മ വിശപ്പില്ലായ്മ, നേത്രം, കൈ, കാൽ, മുതലായവയുടെ നീററൽ, നീരൊഴിവ്. മധുമേഹം, കല്ലടപ്പ് (മൂത്രഘാതം) മുതലായ പലവിധ വസ്തിരോഗങ്ങളെ ക്ഷണേന പരിഹരിച്ച രക്ഷപ്പെടുത്തും.

ഒരു മാസം സേവിച്ചതിന്നു പിമ്പ്

ഡപ്പി ഒന്നുക്ക വില രൂപ 2. തപാൽ ചിലവു വകയ്ക്കു അണ 7 വേറെ

2. പ്രമേഹനിവാരണി.

സിരാമേഹം ഇടപ്പുവലി, മൂത്രമധികമായും തടഞ്ഞും പോകുക, മേഹ്രം പുകച്ചൽ, രക്തമേഹം മുതലായ വ്യാധികളിൽനിന്നു സ്ത്രീപുരുഷന്മാരെ നിവൎത്തിപ്പിക്കും. ഋതുകാലത്തിൽ രക്തം അധികമായി സ്രവിക്കുന്നതിനേയും ശമിപ്പിക്കും. കുപ്പി 1-ക്ക വില രൂപ 1 മൂന്നു കുപ്പികൾവരേയുള്ള ബങ്കിക്കു തപാൽ ചിലവു 5ണ

3. സൎവ്വവേദനസംഹാരി.

ഈ തൈലം അല്പം പിരട്ടിയാൽ കൈ കാൽ മുതലായ അംഗങ്ങളിൽ കുത്തിനോവുക, വീക്കം മുടക്കവാതം നെഞ്ചുനോവു തലവേദന ഒരു ഭാഗത്തുണ്ടാകുന്ന ശൂല ഇടുപ്പുവേദന പാൎശ്വവായു മേഹവായു തിമിരവായു മുതലായ പല വ്യാധികൾ ഭേദപ്പെടും. കുപ്പി ഒന്നുക്ക വില രൂപ 1 തപാൽ ചിലവു അണ 5

4. മണ്ഡലകുഷ്ഠസംഹാരി.

മണ്ഡലകുഷ്ഠം, പുഴക്കടി തഴുതണം നവുങ്ങാണി എന്നീ പേരുകളുള്ള രോഗത്തിനു സിദ്ധൌഷധം തൽഗ്ഗോഗങ്ങൾ പലതും മാറും. മേമൽ മേഹകുഷ്ഠം മുതലായവയെ നശിപ്പിക്കും വില കുപ്പി ഒന്നിനു 4-ണ തപാൽ ചിലവു മൂന്നു കുപ്പിവരെ 5 ണ വേറെ

5. ലക്ഷ്മീകരകസ്തൂരി ഗുളികകൾ.

താംബൂലം ഉപയോഗിക്കുന്നവർ എപ്പോഴും സത്രചം ഉപയോഗിക്കേണ്ട വിലയേറിയ സാധനം. ദന്തവേദന വായ്നാററം, അജീൎണ്ണം പിത്തവായു ഇവയെ ശമിപ്പിക്കും.

പി. സുബ്ബറായി പറങ്കിപ്പേട്ട, തെക്കെ ആൎക്കാട്ടു ജില്ല.

തനിച്ചോ താംബൂലത്തോടുകൂടിയോ ഉപയോഗിക്കാം. ആഹാര
ത്തോടുകൂടി രണ്ടു ഗുളികകളെ ഉപയോഗിച്ചാൽ ഏതു ഗുരുദ്രവ്യത്തെ
യും ജീൎണ്ണപ്പെടുത്തും. പ്രസവകാലത്തു താംബൂലത്തോടുകൂടി ഉപ
യോഗിച്ചാൽ സന്നി അടുക്കയില്ല. അപായകരമായ യാതൊരു ല
ഹരിസാധനങ്ങളും ഇതിൽ ചേൎത്തിട്ടില്ല. കാശ്മീരത്തുനിന്നു വരു
ത്തിയ കസ്തൂരി പച്ചക്കൎപ്പൂരം മുതലായ അനേകം വിലയേറിയ സാ
ധനങ്ങൾ ഇതിൽ ചേൎത്തിട്ടുണ്ട്. ചളി കാസശ്വാസം ജ്വരം മുത
ലായ രോഗങ്ങൾ വയസ്സിന്റെ ഏറ്റക്കുറച്ചിൽപോലെ ഒന്നുമുതൽ
4 വരെ ഗുളികകൾ വെറ്റിലച്ചാറ്റിൽ കൊടുത്താൽ മതി. 200 ഗു
ളികകൾ ഉള്ള കുപ്പി 1-ക്ക വില ണ 4. 1 മുതൽ 12 വരെ കുപ്പി
കൾ അടങ്ങിയ ബങ്കി 1-ക്ക തപാൽകൂലി 4 ണ.

6. ദന്തചൂൎണ്ണം.

സുഗന്ധമായുള്ളതു. എല്ലാമാതിരി ദന്തരോഗങ്ങളേയും നീക്കും. വില കുപ്പി ഒന്നിന്ന 3-ണ. തപാൽ ചിലവു 4 കുപ്പിവരെ 5 ണ വേറെ

7. ജ്വരസംഹാരി.

കുളിപ്പനി മുറപ്പനി വാതപ്പനി പിത്തജ്വരം കഫജ്വരം അസ്ഥിജ്വരം മുതലായവയ്ക്കു നന്നു. വില ഡപ്പി ഒന്നിന്ന 1 ക. തപാൽ ചിലവു 7 ണ വേറെ

8. ലോകപ്രസിദ്ധമായ സുഗന്ധകുന്തളതൈലം.

ഈ തൈലം പിരട്ടിയാൽ തലമുടി മീശ ഇമ ഇവ പുഷ്ടിയായും ഞെരുക്കമായും കറുപ്പായും വളരും. കണ്ണിന്നു കുളൎമ്മയുണ്ടാക്കും. സകല കൺനോവുകളും തലവേദനകളും നീങ്ങും. ചെമ്പിച്ച രോമം കറുക്കും. രോമം പൊഴിയാതിരിക്കും. കണ്ണിന്നു നല്ല തെളിച്ചമുണ്ടാക്കും. വില കുപ്പി ഒന്നിന്ന 8 ണ തപാൽചിലവു 5ണ വേറെ.

9. രോമസംഹാരി

രോമം എവിടെ വേണ്ടാതാക്കണമൊ അവിടെ ഈ മരുന്നു പുരട്ടിയാൽ യാതൊരു വേദനയുമുണ്ടാക്കാതെ രോമത്തെ മാറ്റും. വില കുപ്പി ഒന്നിന്ന 4 ണ തപാൽ ചിലവു മൂന്നു കുപ്പികൾവരെ 5 ണ വേറെ

10. അഗ്നിമാന്ദ്യസംഹാരി.

ദഹനമില്ലായ്മ പുളിച്ചുതികട്ടുക നെഞ്ചുകലിക്കുക മലബന്ധം വയറുനോവു വായുനാറ്റം അജീൎണ്ണം വയറുവീൎത്തുകയറുക നിദ്രാഭംഗം മുതലായ പിത്തരോഗങ്ങളെ നീക്കി സുഖപ്പെടുത്തും. ഡപ്പി ഒന്നുക്ക അണ 8 തപാൽകൂലി 5 ണ വരെ

പി. സുബ്ബറായി പറങ്കിപ്പേട്ട, തെക്കെ ആൎക്കാട്ടു ജില്ല.

11. കണ്ണുബിന്ദു.

മിന്നുന്ന ചൊറിയുന്ന ചെറിയ ഇരച്ചിൽ മുതലായ കണ്ണുരോഗങ്ങളെ ഭേദപ്പെടുത്തും. ഇതു കണ്ണിന്നു കുളൂർമ്മയുണ്ടാക്കും. വില കുപ്പി 1-ക്കു 8 ണ തപാൽ ചിലവു മൂന്നു കുപ്പികൾവരെ 5 ണ വേറെ

12. സുഖഭേദിഗുളികകൾ.

ഭേദി ശരിപ്പെടുത്തും. അജീർണ്ണം പിത്തോപദ്രവങ്ങൾ വായുമലം കെട്ടി നിന്ന അനേകമാതിരി വാതം മുതലായ പല രോഗങ്ങളേയും ശമിപ്പിക്കും വില ഡപ്പി 1-ന്നു 8 ണ തപാൽ ചിലവു 1 മുതൽ 4 വരെ ഡപ്പികൾക്കു 5 ണ വേറെ

13. നേത്രബിന്ദു.

കൺമറവു കൺകുത്തു കൂച്ചം നീരെടുപ്പു മിന്നൽ മാലക്കണ്ണു പീളകെട്ടു ദശവളച്ചു പൂവു വെളുപ്പു ചൊറിച്ചിൽ ഇമ പുറികം ഇവയുടെ വലിവു പുകച്ചിൽ ഇങ്ങിനെയുള്ള രോഗങ്ങളെ ഭേദപ്പെടുത്തും. വില ഡപ്പി 1-ന്നു 8 ണ തപാൽ ചിലവു മൂന്നു കുപ്പികൾവരെ 5 ണ വേറെ

14. സ്ഖലിതരക്ഷണി.

ബലഹീനതയാലും അത്യുഷ്ണത്താലും മറ്റും ഉണ്ടാകുന്ന ഇന്ദ്രിയസ്ഖലിതത്തെ നീക്കും. വില ഡപ്പി 1-ന്നു 3 ണ തപാൽ ചിലവു 5 വരെ ഡപ്പികൾക്കു 5 ണ വേറെ

15. മൃഗകസ്തൂരി.

കാശ്മീരിൽനിന്നു വരുത്തിട്ടുള്ള ഒന്നാന്തരം കസ്തൂരി എപ്പോഴും ആപ്പീസ്സിൽ ഉണ്ട്. തൂവാത്തൂക്കത്തിന്നു 48 ക. വില. ഒരു ത്രാമരത്തിക്കുള്ള എല്ലാ ഓർഡറുകളും ചില്ലറയായിട്ടും കൊടുക്കപ്പെടും തപാൽ ചിലവു പുറമെ എഴുത്തുകുത്തുകൾ എല്ലാം ഇംഗ്ലീഷിലൊ തമിഴിലോ ആയിരിക്കണം

16. തേൾവിഷത്തിന്നു സിദ്ധൌഷധം.

തേൾ കടിച്ച സ്ഥലത്തു രണ്ടു തുള്ളി ഒഴിച്ചാൽ പൊടുന്നനെ ആശ്വാസം കാണും. ഒരു കുഡുംബത്തിലെങ്കിലും ഈ മരുന്നു ഒരു കുപ്പി കരുതി വെക്കാതെ ഇരിക്കരുത. വില കുപ്പി 1-ക്കു 2 ക 6 ണ, 12 കുപ്പിയിൽ കുറയാതെ ഒന്നിച്ചു വാങ്ങുന്നവൎക്കു ഡസൻ 1-ക്കു 2 ക 8 ണ. ഉള്ള വിലയിൽ കുറച്ചുമാത്രമെ വില ചുമത്തുന്നുള്ളു. വി പി കമ്മീഷൻ 5 ണ പുറമെ. ഇൻഡ്യയിലും ബൎമ്മയിലും 12 കുപ്പിവരെ വി. പി. കമ്മീഷൻ 5 ണ. സിലോൺ ടി 7 ണ

---

17. വ്രണവിരേചനതൈലം.

ഇത കുഴഞ്ഞു പിത്തുന്നു മുതലായ എല്ലാ വിധ വ്രണങ്ങൾക്കും കൈകണ്ട ഔഷധമാകുന്നു. ഇതു സകല കൃമികളേയും നശിപ്പിച്ചു എല്ലാ വ്രണങ്ങളേയും വിശുദ്ധീകരിച്ചു വളരെ വേഗത്തിൽ ഉണക്കുന്നതാകുന്നു വില 3 ണ മൂന്നു കുപ്പിവരെ വി പി കമ്മീഷൻ 5 ണ മാത്രം

18. കണ്ഠശുദ്ധിഗുളിക.

ഇതു കണ്ഠം തെളിഞ്ഞു ശാരീരം നന്നാവുന്നതിന്ന അതിവിശേഷമായ ഔഷധമാകുന്നു. പ്രത്യേകിച്ചു സംഗീതക്കാൎക്കും പ്രസംഗക്കാൎക്കും പാതിരിമാൎക്കും ശബ്ദാവയവങ്ങൾകൊണ്ടു അത്യായാസം ചെയ്യേണ്ടവരായ മറ്റെല്ലാവൎക്കും വളരെ ഉപയോഗമുള്ളതാകുന്നു. വില 3 ണ വി പി കമ്മീഷൻ 6 കുപ്പിവരെ 5 ണ

19. സ്നാനചൂൎണ്ണം.

ഇത ദേഹം തേച്ചു കുളിക്കുന്നതിന്ന വിലയേറിയ സോപ്പുകളെക്കാൾ വളരെ വിശേഷം. ഇതു ദേഹത്തിലെ അഴുക്കും ദുൎഗ്ഗന്ധവും കളഞ്ഞു മിനുസവും പ്രകാശവും സുഗന്ധവും ഉണ്ടാക്കുന്നു. ഇതിന്നു പുറമെ ദേഹത്തിന്ന ശൈത്യവും സുഖവും എല്ലായ്പോഴും ജനിക്കും. ഇത ഇന്ത്യയിലുള്ള എല്ലാവൎക്കും യോജ്യമാകുന്നു. വില 5ണ വി പി കമ്മീഷൻ 3 ണ

20. സഞ്ജീവഗുളിക.

കുട്ടികൾക്കുണ്ടാകുന്ന പനി ജലദോഷം, തലവേദന ചുമ അതിസാരം അജീൎണ്ണം ഉറക്കമില്ലായ്മ ഇവകളാൽ അന്ത്രവായു മുതലായി എല്ലാ ഉദരരോഗങ്ങൾക്കും ഈ ഗുളിക വളരെ ഉപയോഗമുള്ള ഔഷധമാകുന്നു. ഇതു മദ്ധ്യവയസ്സന്മാൎക്കും ഒരുപോലെ ഉപകരിക്കാവുന്നതാകുന്നു. വില 10 ണ വി പി കമ്മീഷൻ 6 കുപ്പിവരെ [illegible] ണ

21. [illegible] ഗോരോചന ഗുളിക.

എല്ലാവിധ പനികൾക്കും അതു സംബന്ധമായി പ്ലീഹ, കരള ഇതുകളിൽ ഉണ്ടാവുന്ന ഉപദ്രവങ്ങൾക്കും ജലദോഷം, തലവേദന, ചുമ, അതിസാരം, അജീൎണ്ണം, ഉറക്കമില്ലായ്മ, അന്ത്രവായു മുതലായ എല്ലാ ഉദരരോഗങ്ങൾക്കും അതിവിശേഷമായ ഔഷധമാകുന്നു വില 5 ണ. വി. പി. കമ്മീഷൻ 6 കുപ്പിവരെ 5 ണ.

പി. സുബ്ബറായി, [illegible], തെക്കെ കനറ ജില്ല.

22. ത്വഗ്രോഗപരിഹാരി.

ഈ ഔഷധം കരപ്പൻ, ചുണങ്ങ, ചൊറി, പോളൻ, ചൂട, പുഴക്കടി, താരൻ, ഒട്ടുവട്ട മുതലായ കടിയും ചൊറിയും ഉള്ള എല്ലാ ത്വഗ്രോഗങ്ങൾക്കും ഏററവും നല്ല ഔഷധമാകുന്നു. ഇതു ദേഹത്തിന്റെ പുറമെ മാത്രം ഉപയോഗിച്ചാൽ മതി. വി പീ കമ്മീഷൻ 5 ണ

മേത്തരം ഗോരോചനം തോല 1-ക്ക വില 5 ക. മേത്തരം "കുങ്കുമകേസരം തോല 1-ക്ക വില 1 ക. മേത്തരം പച്ചക്കർപ്പൂരം, തോല 1-ക്ക വില 2 ക മേത്തരം റോജാ അത്തർ, മല്ലിപ്പൂ അത്തർ, വെട്ടിവേർ, താഴമ്പൂ, മരിക്കൊളുന്തു, ജാതിമല്ലി, സുഹാഗ, ഹിന, മഗിഡമ്പ് അത്തർ മുതലായതുകൾ എപ്പോഴും തയ്യാറുണ്ട. ഇവ ഒരു തോല തൂക്കത്തിന്നു 1 ക. 3 ണ. തപാൽകൂലി പുറമെ.

				ക.	ണ.	പ
ഒന്നാംതരം	ഗോരോചനം	തൂപ്പാത്തൂക്കം	1-ക്ക	5	0	0
ടി	[illegible]	ടി	1 ക്ക	1	0	0
ടി	പച്ചക്കർപ്പൂരം	ടി	1-ക്ക	1	0	0

24. രക്ഷാമൃതം.

ഇതു ഈ നാട്ടിലെ സസ്യങ്ങളിൽനിന്നു ഉണ്ടാക്കപ്പെടുന്ന വിശേഷമായ ഒരു പൊടിയാണ. കാപ്പിക്കും ചായക്കും പകരം ഉപയോഗിക്കേണ്ട ഒരു ഭക്ഷണദ്രവ്യമാണ. ഇതിന്ന കാപ്പിക്കും ചായക്കുമുള്ള ദോഷങ്ങൾ യാതൊന്നുമില്ല. മേഹക്കേടുള്ളവൎക്കും പ്രമേഹരോഗക്കാൎക്കും ഇതു ഒരു ദിവ്യ ഔഷധമാണ. ഇതു രക്തശുദ്ധി വരുത്തുകയും, പിത്തം, മേഹനക്ഷയം, ചുമ, വായുക്ഷോഭം, പനി, തലവേദന മുതലായ രോഗങ്ങൾ മാററുകയും ചെയ്യും. ദേഹത്തിലെ ഉഷ്ണത്തെ ഇല്ലായ്മ ചെയ്യു മൂത്രച്ചൂട, അസ്ഥിസ്രാവം മുതലായ രോഗങ്ങളെ തീരെ ഭേദപ്പെടുത്തുകയും കായബലം വൎദ്ധിപ്പിക്കുകയും ചെയ്യും. ഇതു രോഗികൾക്കും, ശിശുക്കൾക്കും, ദൃഢഗാത്രന്മാൎക്കും എല്ലാം ഉപയോഗിക്കാവുന്നതും ഗുണപ്രദമായിട്ടുള്ളതുമാണ.

തൂക്കം 1-ക്ക അണ 6 മാത്രം വി പി ചാൎജ്ജ അണ 3 പുറമെ.

മേൽവിലാസം തമിഴിലൊ ഇങ്ക്ലീഷിലൊ വിശദമായി എഴുതണം.

പി. സുബ്ബറായർ പറങ്കിപ്പേട്ട, തെക്കെ ആൎക്കാട്ട ജില്ല.

മഹാഭാരതം

ലക്ഷത്തിരുപത്തയ്യായിരം ഗ്രന്ഥങ്ങളടങ്ങിയതും യഥാൎത്ഥമായ അഞ്ചാംവേദമെന്നു പറഞ്ഞുവരുന്നതുമായ മേൽപറഞ്ഞ വിശിഷ്ടഗ്രന്ഥം മൂന്നുനാലു കൊല്ലത്തിന്നുള്ളിൽ കഴിയുവാൻതക്കവണ്ണം ഞാൻ തനിച്ചു വൃത്തത്തിന്നുവൃത്തമായി മലയാളത്തിലേക്കു തൎജ്ജമചെയ്തു വരുന്നുണ്ട്. ൧൦൭൦ മേടം മുതൽക്കു ഇതു ഒരു മാസികയായി പുറപ്പെടുവിച്ചു തുടങ്ങിയിരിക്കുന്നു. വരിസംഖ്യ കൊല്ലത്തിൽ അഞ്ചുറുപ്പിക മാത്രം. ആവശ്യമുള്ളവർ താഴെ കാണുന്ന മേൽവിലാസത്തിൽ ആവശ്യപ്പെടേണ്ടതാകുന്നു.

മേൽവിലാസം:

കെ. സി. തിരുവീരരായൻ രാജാ, ബി. ഏ.,

കോട്ടക്കൽ,

എന്ന് കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻ.

ആനന്ദാശ്രമം

ഭഗവൽഗീത

ശാംകരഭാഷ്യത്തിന്റെ മലയാളതൎജ്ജമയോടും

ശങ്കരാനന്ദസരസ്വതി മുതലായവരുടെ

വ്യാഖ്യാനങ്ങളിൽനിന്നുള്ള സാരാംശത്തോടുംകൂടി.

പരിഭാഷകൻ

കെ. എം.

കുറച്ചു പുസ്തകം മാത്രമെ ബാക്കിയുള്ളൂ. ആവശ്യമുള്ളവർ താഴെ കാണുന്ന മേൽവിലാസത്തിൽ ഉടനെ ആവശ്യപ്പെടേണ്ടതാണ്.

വി. പി. ആയും അയച്ചു കൊടുക്കും.	വില	4	0	0
ടി. പുസ്തകം ഒന്നായി ബൈണ്ടചെയ്തത		5	0	0
കൎമ്മയോഗം—കെ. എം. (അടിച്ചുവരുന്നു)	ടി	0	8	0
ഭക്തിയോഗം— ടി	ടി	0	12	0
ഭഗവൽഗീത— ജി. കൃഷ്ണശാസ്ത്രികൾ	ടി	1	4	0

വി. സുന്ദരയ്യൻ ആണ്ട് സൺസ്സ തൃശ്ശിവപേരൂർ.

വരിസംഖ്യ

തപാൽക്കൂലി ഉൾപ്പെടെ ഒരു കൊല്ലത്തേക്ക്	3	0	0
,, ആറുമാസത്തേക്ക്	1	10	0
കുടിശ്ശികയായാൽ			
തപാൽക്കൂലി അടക്കം ഒരു കൊല്ലത്തേക്ക്	3	4	0
,, ആറുമാസത്തേക്ക്	1	12	0
ആറുമാസത്തിന്നു താഴെയായാൽ നമ്പ്ര ഒന്നുക്ക്	0	6	0

വി. പി. കമ്മീഷൻ പുറമെ.

പണം അടച്ചവരുടെ പേരുവിവരം ഈ മാസികയിൽ പ്രസിദ്ധംചെയ്തു കാണുന്നതാകുന്നു.

തരംനോക്കുവാൻ ഏതെങ്കിലും ഒരു പ്രതി ആവശ്യപ്പെടുന്നവർ അതിന്റെ വില ബ്രിട്ടീഷ് സ്റ്റാമ്പായിട്ടും, കൊച്ചി അഞ്ചൽ മുദ്രയായിട്ടോ എഴുത്തോന്നിച്ച് അടക്കം ചെയ്യേണ്ടതാകുന്നു.

പരസ്യക്കൂലി

ഒന്നാമത്തെ തവണക്ക് വരി ഒന്നുക്ക് 0 2 0

ഒന്നോ ഒന്നിലധികമോ ഭാഗം നിറയുന്നതോ ഒന്നിലധികം തവണ പ്രസിദ്ധം ചെയ്യേണ്ടുന്നതോ ആയ പരസ്യങ്ങൾക്ക് താരതമ്യം പോലെ കൂലി ചുരുക്കുന്നതാകുന്നു.

വരിക്കാർ പ്രത്യേകം ദൃഷ്ടിവെക്കേണ്ടത്.

അതാതുപ്രതി ശരിയായി കിട്ടാതിരുന്നാൽ മറുമാസം പതിനഞ്ചാന്തിയ്യതിക്കകം വരിക്കാർ മാനേജർക്കു അറിവുതരേണ്ടതാകുന്നു. അതിനുശേഷമുള്ള ആവലാതികൾ കൈക്കൊള്ളുന്നതല്ല. വരിക്കാർ തരുന്ന മേൽവിലാസത്തിൽ തെറ്റുണ്ടായിരുന്നാൽ മാനേജർ ബാദ്ധ്യസ്ഥനാകുന്നതല്ല. എപ്പോഴെങ്കിലും മേൽവിലാസം മാററണമെങ്കിൽ മാനേജരെ അറിവിക്കയും വേണം.

കോവിലകം }
എറണാകുളം } എന്ന—അമ്പാടി ചെറിയ കൃഷ്ണപ്പുതുവാൾ
ര. ര. മാനേജർ.

രസികരഞ്ജിനി

൧൦൮൨ കന്നി

പുസ്തകം ൩ ലക്കം ൧

പ്രസന്ന പ്രൌഢസരസ
പ്രസംഗങ്ങൾനിറഞ്ഞിനി
രസജ്ഞൎക്കു കൊടുക്കട്ടേ
രസം രസികരഞ്ജിനി



വരിസംഖ്യമുൻകൂറായി ന ൨ ൦

കുടിശ്ശികയായാൽ ന ൪ ൨

രസികരഞ്ജിനി

പരസ്യം

ഈ മാസികയുടെ പത്രാധിപർ കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാനവർകളും, മാനേജർ അമ്പാടി ചെറിയ കൃഷ്ണപ്പുതുവാൾ അവർകളും ആകുന്നു.

ലേഖനങ്ങൾ, അഭിപ്രായത്തിന്നയക്കുന്ന പുസ്തകങ്ങൾ, അതു സംബന്ധിച്ച എഴുത്തുകൾ ഇവ രസികരഞ്ജിനി പത്രാധിപക്കും വരിപ്പണം, പരസ്യക്കൂലി, പരസ്യങ്ങൾ, കാൎയ്യസംബന്ധമായ എഴുത്തുകൾ ഇവ ടി. മാനേജക്കും മേൽവിലാസംവെച്ച് എറണാകുളത്തു കോവിലകത്തേക്ക് അയക്കേണ്ടതാകുന്നു.

പത്രാധിപരുടേയും മാനേജരുടേയും മാസികാസംബന്ധമായ എഴുത്തുകളിലെ ലക്ഷ്യങ്ങളിമേൽ അവരുടെ മുദ്രയൊ ഒപ്പൊ ഉണ്ടായിരുന്നാൽ മതി.

എന്ന്

കോവിലകം എറണാകുളം	രസികരഞ്ജിനി ഉടമസ്ഥൻ, *RAMA VURMA*, 13th Prince of Cochin.

———

ഞങ്ങൾ സ്വീകരിക്കാത്ത ലേഖനങ്ങൾ തിരിയെ അയച്ചുതരണമെന്ന് ആവശ്യപ്പെടുന്നവർ എഴുത്തൊന്നിച്ച് ആയതിന്നു വേണ്ടിവരുന്ന ബ്രിട്ടീഷ് സ്റ്റാമ്പോ കൊച്ചി അഞ്ചൽ മുദ്രയോ അടക്കം ചെയ്യേണ്ടതാകുന്നു.

രാജ്യകാൎയ്യസംബന്ധമായ യാതൊരു ലേഖനങ്ങളും ഈ മാസികയിൽ പ്രസിദ്ധം ചെയ്യുന്നതല്ല.

രസികരഞ്ജിനിയിൽ പ്രസിദ്ധപ്പെടുത്തുവാൻ അയക്കുന്ന ലേഖനങ്ങൾ രഞ്ജിനി പുറപ്പെടുന്നതിന് ഒരു മാസം മുമ്പായി ഇവിടെ കിട്ടേണ്ടതാകുന്നു.

പത്രാധിപക്ക് അയയ്ക്കുന്ന എഴുത്തുകളും ലേഖനങ്ങളും പത്രാധിപർ, എറണാകുളം എന്നുമാത്രം മേൽവിലാസം വെച്ച് അയക്കേണ്ടതാകുന്നു. അല്ലാത്തപക്ഷം ആയവ ആപ്പീസ്സിൽ കിട്ടുവാൻ താമസം വരുന്നതാണ്"

ര. ര. പ.

സംഗതിവിവരം.

1 നമ്പൂരിമാരും ഗ്രന്ഥനിൎമ്മാണവും 57

2 കാകൻ — മൂൎക്കോത്തു കുമാരൻ 68

3 മലയാളനാടകാഭിനയം — വി. എം. ചെറിയാൻ ... 75

4 മലയാംകൊല്ലം 80

5 ഈഴവന്മാർ 87

6 മരുമക്കത്തായം — ടി. എസ്സ്. എം. 92

7 വിചാരസാഗരം 95

8 കാഴ്ചം — സി. എൻ. രാമയ്യശാസ്ത്രി, ബി. എ. ... 100

9 ഒരു കഥ — കാരാട്ടു അച്യുതമേനോൻ ബി. എ. ബി. എൽ. 102

10 പലവക 109

രസികരഞ്ജിനി

൧൦൮൨

പുസ്തകം ൩ | കന്നിമാസം. | ലക്കം ൨

മംഗളം

പണ്ടാമ്പൈശോദിനാനാമതലഹരിയൊലിച്ചിട്ടുവേദാത്ഥതത്വം
കണ്ടാമണ്ടിക്കെട്ടിൽക്കിടയിൽമറവിലാപ്പെട്ടൊളിച്ചോരുകാലം
കണ്ടാരാഞ്ഞു പൊളിപ്പാൻ വിരുതൊടു മലയാളത്തു കഷ്ടിച്ചില്ലീ-
ത്തണ്ടാരയോരുണ്ണിനമ്പൂതിരിതിരികക്ഷുദ്രംശകം ചാസ്മദ്യോഗീ.

നമ്പൂരിമാരും

ഗ്രന്ഥനിർമ്മാണവും



നമ്പൂരിമാരും വിദ്യാഭ്യാസവും തമ്മിൽ വളരെ കാലം കൂടികഴിഞ്ഞതിന്റെ ലക്ഷ്യങ്ങളായിട്ടും ഫലങ്ങളായിട്ടും അസംഖ്യം ഗ്രന്ഥങ്ങൾ സംസ്കൃതഭാഷയിലും മലയാളഭാഷയിലും സുലഭങ്ങളായി കാണപ്പെടുന്നു.

മലയാളത്തിലെ പ്രാചീനഗ്രന്ഥങ്ങളെ തിരയുന്നതായാൽ നമ്പൂരിമാരുടെ നിർമ്മാണങ്ങളായ അനേകം ഗ്രന്ഥങ്ങൾ കാണാമെങ്കിലും പെരുമാക്കന്മാരുടെ വാഴ്ചക്കാലത്തിന്നു മുമ്പിലുള്ള ഗ്രന്ഥങ്ങൾ ഇന്നിന്നവയെന്നു തിരിച്ചറിയുവാൻ കഴിയുമെന്നു തോന്നുന്നി

കൊച്ചി മലങ്കാട.

ല്ല. അക്കാലത്തും അതിനുശേഷവും ഉണ്ടായിട്ടുള്ള ഗ്രന്ഥങ്ങളിലും അതാതിന്റെ ഉത്ഭവകാലം അറിവാൻ കഴിയാത്തവയാണ് അധികമുള്ളത്. അപൂർവ്വം ചില ഗ്രന്ഥങ്ങളെക്കൊണ്ട് അതാതിന്റെ കാലം ഗ്രഹിപ്പാൻ വഴിയില്ലെന്നില്ല.

പെരുമനത്തുകാരനും 'വാസുദേവീയ'മെന്നു പേരായ 'പാണിനീയസൂത്രോദാഹരണ'മായ കാവ്യം ഉണ്ടാക്കിയ പണ്ഡിതനുമായ പട്ടത്തു വാസുദേവൻ ഭട്ടതിരിപ്പാട 'യുധിഷ്ഠിരവിജയം' എന്ന കാവ്യം ഉണ്ടാക്കിയത കൊടുങ്ങല്ലൂർ മഹോദയപുരത്തിൽ കുലശേഖരപ്പെരുമാളുടെ വാഴ്ചക്കാലത്താണെന്നു ആ ഗ്രന്ഥത്തിന്റെ പ്രസ്താവന ശ്ലോകങ്ങളിൽനിന്നു തെളിയുന്നുണ്ട്. ഇദ്ദേഹത്തിന്റെ ഈ രണ്ടു കാവ്യങ്ങൾക്കും കാശ്മീരരാജ്യത്തുകൂടി പണ്ടേ പ്രചാരമുണ്ടായിരുന്നു. അതിനു കാരണം ശ്രീശങ്കരാചാര്യസ്വാമികൾ കാശ്മീരരാജ്യത്തു സർവ്വജ്ഞപീഠം കയറുവാൻപോയ കാലത്തു മലയാളികളും കാശ്മീരകന്മാരും തമ്മിൽ നടന്ന സമ്മേളനത്തിൽ ഉണ്ടായ ചില കൈമാററങ്ങൾ വഴിക്കായിരിക്കാം.

'തോലകാവ്യം' എന്നുകൂടി പറയുന്നതും ശ്ലോകങ്ങളെല്ലാം അന്യായക്രമത്തിൽ നിർമ്മിച്ചിട്ടുള്ളതുമായ 'മഹോദയപുരേശചരിതം' കാവ്യമുണ്ടാക്കിയത തോലകവിയാണല്ലൊ. ഇദ്ദേഹം ഐരാണിക്കുളം ഗ്രാമക്കാരനായ ഒരു നമ്പൂരിയാണ്. ഈ നമ്പൂരി 'സുഭദ്രാധനഞ്ജയം', 'തപതീസംവരണം', 'വിച്ഛിന്നാഭിഷേകം' എന്നീ നാടകത്രയമുണ്ടാക്കിയ കുലശേഖരനെന്ന സ്ഥാനപ്പേരുള്ള ഭാസ്കരരവിവർമ്മപ്പെരുമാളുടെ സേവകനായിരുന്നു. ചേരമാൻപെരുമാൾ ഉണ്ടാക്കി ചാക്കിയാന്മാരെക്കൊണ്ട് അഭിനയിപ്പിച്ചു തുടങ്ങിയ മേൽപറഞ്ഞ നാടകങ്ങളിലും, നാഗാനന്ദനാടകത്തിലും ഉള്ള പ്രാകൃതവാക്യങ്ങൾക്ക് ഈ തോലകവിതന്നെ ഭാഷ ശ്ലോകരൂപേണ ചെയ്യിട്ടുള്ള തർജ്ജമകൾ ഇന്നും ചാക്കിയാന്മാർ കൂടിയാട്ടങ്ങളിൽ ഉപയോഗിച്ചുവരുന്നു. വിദൂഷകന്മാർ പ്രയോഗിക്കുന്ന മററനേകം ഭാഷാശ്ലോകങ്ങൾ സാക്ഷാൽ തുഞ്ചത്ത എഴുത്തച്ഛന്റെ ഭാഷാരീതിക്കു കൂടി വഴികാണിച്ചുകൊടുക്കുന്നവിധം നല്ല മലയാളഭാഷയിൽ ഉണ്ടാക്കിട്ടുള്ളതും ഈ തോലൻ നമ്പൂരിയല്ലാതെ മററാരുമല്ല. പെരുമാക്കന്മാരുടെ വാഴ്ചക്കാലത്തും അതിനു മുമ്പും വർണ്ണാശ്രമധർമ്മാനുഷ്ഠാനങ്ങളെപ്പററിയും മററും പല യോഗ്യരും പല ഗ്രന്ഥങ്ങളുമുണ്ടാ

ക്കിട്ടുണ്ടായിരിക്കാമെന്നല്ലാതെ സാഹിത്യഗ്രന്ഥങ്ങൾ ഈ കാലത്തിന്നു മുമ്പു മലയാളികൾ നിൎമ്മിച്ചിട്ടുള്ളതായി തോന്നുന്നില്ല.

'ലക്ഷ്മീദാസ'നെന്ന കരിങ്ങമ്പിള്ളി നമ്പൂരിപ്പാട ഉണ്ടാക്കിയ 'ശുകസന്ദേശകാവ്യം', 'ലക്ഷ്മ്യാരാമേശരമ്യ' എന്ന കലിവൎഷം 3213-ാമാണ്ടത്തെ കഥയാണ്. ഈ കാവ്യത്തിരുതന്നെ ചൂൎണ്ണിനദീതീരത്തിൽ ശങ്കരാചാൎയ്യസ്വാമികളുടെ അവതാരകഥപോലും സൂചിപ്പിക്കാതിരുന്നതും മഹോദയപുരത്തെ വൎണ്ണിക്കുന്നതും പെരുമാക്കന്മാരുടെ അവരോധസമ്പ്രദായം പറയുന്നതും മററും ആലോചിക്കുമ്പോൾ ഈ കാലസ്ഥിതികളെല്ലാം ശരിയായി സമ്മതിക്കേണ്ടതുമാണ്. പക്ഷെ ഈ ഗ്രന്ഥാരംഭശ്ലോകത്തിൽതന്നെ ഉള്ള 'ദ്ദൂരനീതസ്യതസ്യാഃ' എന്ന വൎണ്ണവിന്യാസംകൊണ്ടു സിദ്ധിക്കുന്ന കലിദിവസത്തിലാകുന്നു കവി തന്റെ ഗ്രന്ഥമാരംഭിച്ചിരിക്കുന്നത് എന്നും 'ഹേചിഃഷ്ണാനിഹിതം കൃൽസ്നം' എന്ന കലിദിനസംഖ്യകൊണ്ടു സിദ്ധിക്കുന്ന കാലത്തുണ്ടാക്കിയ 'തന്ത്രസംഗ്രഹ'മെന്ന ജ്യോതിശ്ശാസ്ത്രഗ്രന്ഥത്തിന്റെ കൎത്താവായ കേളല്ലൂർ ചോമാതിരിപ്പാട്ടിലെ സമകാലീനനാണ് ഈ കവിയെന്നും ചിലർ പറയുന്നുണ്ട്. ഏതായാലും ഗ്രന്ഥത്തിൽ പറയുന്ന കാലം പെരുമാക്കന്മാരുടെ വാഴ്ചകാലമാണെന്നുള്ളതിന്നു സംശയമില്ല.

പെരുമാക്കന്മാരെ അവരോധിക്കുന്ന സമ്പ്രദായം അവസാനിക്കുകയും സാമൂതിരിപ്പാട്ട മുതലായ അതാതു നാട്ടുരാജാക്കന്മാരുടെ പ്രത്യേക ഖണ്ഡരാജ്യഭരണം മലയാളത്തിൽ ആരംഭിക്കയും ചെയ്തതു, 'ഉരുധീസമാശ്രയഃ' എന്ന കലിദിനം മുതൽക്കാണെന്നും പിറെറന്നാളാണ് 'പുരുധീസമാശ്രയ'നായ മേഴത്തോൾ അടിതിരിപ്പാട്ട ജനിച്ചതെന്നും, പിന്നെ ക്രമത്തിൽ 'ആണ്ടുതോറും 'പറച്ചിപെററ പതിനേരുമക്കൾ' എന്ന പ്രസിദ്ധപ്പെട്ട നാരായണമംഗലത്തു ഭ്രാന്തൻ, പാക്കനാർ, ഉപ്പുകൊററൻ, ഉളിയന്നൂർ പെരുന്തച്ചൻ മുതലായ നാനാജാതി യോഗ്യരുടേയും ഉത്ഭവമായി എന്നും പ്രസിദ്ധമാകുന്നു. ഈ ഉത്തമപുരുഷന്മാർ ഒരമ്മ പെററവരാണെങ്കിലും നാനാജാതിക്കാരായിരുന്നുംകൊണ്ട് അതാതു ജാതിക്കാരുടെ കുലവിദ്യകൾക്കു ഉൽക്കൎഷവും പ്രശസ്തിയും വരുത്തീട്ടുണ്ടെന്നുള്ളതിന്നും സംശയമില്ല. മേഴത്തോൾ അടിതിരിപ്പാട്ടിന്നാണ് മലയാളത്തിൽ ആദ്യമേ യാഗം ആരംഭിച്ചത്. കലിയുഗത്തിൽ യാഗം

നിഷേധിച്ചിട്ടുണ്ടെന്നു വെച്ച് ബ്രാഹ്മണർ ഈ ശ്രൌതകർമ്മം ചെയ്യാതിരിക്കുന്നതു ശരിയല്ലെന്നു സ്ഥാപിച്ചിട്ടുള്ള ഈ മഹാബ്രാഹ്മണൻ ശ്രൌതവിഷയത്തിൽ ചില ഗ്രന്ഥങ്ങൾ ഉണ്ടാക്കാതിരിപ്പാൻ വഴിയില്ല. പക്ഷെ അവ ഇന്നിന്നവയെന്നു തിരിച്ചറിയുവാൻ പ്രയാസമായിരിക്കുന്നു.

നാരായണമംഗലത്തു ഭ്രാന്തൻ, തന്ത്രശാസ്ത്രത്തിലും ജ്യോതിശ്ശാസ്ത്രത്തിലും കൈകണ്ട പണ്ഡിതനാണെന്നു പ്രസിദ്ധമാണ്. ഇദ്ദേഹം ചെയ്തിട്ടുള്ള ചില വിജാതീയക്ഷേത്ര പ്രതിഷ്ഠകൾ ഇന്നും കാണുന്നുണ്ട്. ശ്രീമംഗലത്തു ക്ഷേത്രത്തിൽ ഓവുതാങ്ങി ഭൂതത്തിന്നു ചൈതന്യം കൊടുത്തതും, ഇരുന്നാർ ക്ഷേത്രത്തിൽ ശ്രീകോവിലിന്റെ ഭിത്തിയിലുള്ള ഗണപതിയുടെ ചിത്രത്തിന്നു സാന്നിദ്ധ്യം വരുത്തിയതും മററും ഈ മഹായോഗിയുടെ പ്രസിദ്ധതന്ത്രകർമ്മങ്ങളാണ്. കൈനിക്കര ഭ്രാന്തൻ എന്നു പിന്നീടു പ്രസിദ്ധനായ തന്ത്രി ഉണ്ണിനമ്പൂതിരിയെ ജ്യോതിശ്ശാസ്ത്രവൈദഗ്ധ്യം കൊണ്ടുള്ള സ്വാതന്ത്ര്യത്തോടുകൂടി അർദ്ധരാത്രിക്കു ഉപനയിച്ചു് തന്നെപ്പോലെ യോഗ്യനാക്കി വിട്ടതും മററും ഇദ്ദേഹത്തിന്റെ അത്ഭുതകർമ്മങ്ങളാണ്. ഈ നമ്പൂതിരിയുടെ വകയായും ചില വിശേഷപ്പെട്ട ഗ്രന്ഥങ്ങൾ ഉണ്ടായിരിപ്പാൻ വഴിയുണ്ട്. പക്ഷെ അതും തിരിച്ചറിയുന്നില്ല.

കണ്ടാലും കേട്ടാലും അത്ഭുതപ്പെടുന്ന ചില വിചിത്രപ്പണിത്തരങ്ങൾ മലയാളത്തിൽ പല ക്ഷേത്രങ്ങളിലും പ്രയോഗിച്ച അന്നും ഇന്നും ഉള്ള തച്ചുശാസ്ത്രജ്ഞന്മാരെപ്പോലെയെന്നല്ല തന്റെ ജ്യേഷ്ഠന്മാരായ മുൻപറഞ്ഞ ഈ രണ്ടു നമ്പൂതിരിയോഗീശ്വരന്മാരെക്കൂടി വിസ്മയിപ്പിച്ചിട്ടുള്ള ഉളിയന്നൂർ പെരുന്തച്ചനെക്കൊണ്ടും തച്ചുശാസ്ത്രത്തിൽ ചില ഗ്രന്ഥങ്ങൾ ഉണ്ടാക്കിക്കാതെ കാരണവന്മാർ വിട്ടമെന്നു തോന്നുന്നില്ല.

പാക്കനാരുടെ അദ്വൈതവിഷയങ്ങളും മാഹാത്മ്യപ്രതിപാദകങ്ങളുമായ ചില മലയാളതമിഴ്പ്പാട്ടുകൾ മേഴത്തോൾ അടിതിരിപ്പാട്ടിലേയുള്ള കർമ്മകാണ്ഡശ്രദ്ധയെപ്പോലും ജ്ഞാനകാണ്ഡത്തിലേക്ക് അഭിമുഖീകരിപ്പിച്ചിട്ടുണ്ടായിരുന്നുവെന്നുള്ളതും നിർവിവാദമാകുന്നു. ഇങ്ങിനെ ഈ സഹോദരന്മാരെല്ലാം ലോകോപകാരത്തിന്ന് അവതരിച്ചവരാണ്. ഇവർ നാനാജാതിക്കാരാണെങ്കിലും അമ്മ

യുടെ ശ്രാദ്ധത്തിന്ന് ഒന്നിച്ചുകൂടുക പതിവാണത്രെ. അപ്പോൾ അവരവർ ചെയ്യാനുദ്ദേശിക്കുന്ന ലോകോപകാരകൎമ്മങ്ങൾ പരസ്പരമറിയിച്ച് ഒരു യോഗംകൂടി ചില നിശ്ചയങ്ങൾ ചെയ്യാതിരിക്കില്ല നിശ്ചയം.

മേഴത്തോൾ അഗ്നിഹോത്രിയുടെ കാലംമുതൽ നമ്പൂരിമാൎക്കു യാഗാദികൎമ്മങ്ങളിൽ ശ്രദ്ധയും നിഷ്ഠയും വൎദ്ധിച്ചു എന്നതിന്നു പ്രശസ്തഗ്രാമങ്ങൾതോറും പ്രത്യേകം ഓരോ കൎമ്മിസഭാമഠങ്ങൾ ഉണ്ടായതുതന്നെ ഒരു നല്ല ലക്ഷ്യമാകുന്നു. നമ്പൂരിമാൎക്കു ശ്രൌതകൎമ്മങ്ങളിൽ ശ്രദ്ധവൎദ്ധിച്ചതോടുകൂടിയാണ് മീമാംസാശാസ്ത്രത്തിൽ പ്രതിപത്തി കൂടിയതു. കുമാരിലഭട്ടാചാൎയ്യരുടെ 'കൌമാരിലം' അല്ലെങ്കിൽ ഭട്ടമതം എന്ന മീമാംസാശാസ്ത്രപദ്ധതി മലയാളത്തിൽ ആദ്യമേ കൊണ്ടുവന്ന ഹരിശ്ചന്ദ്രപ്പെരുമാൾ എന്ന കോട്ടയത്തു രാജവംശത്തിന്റെ ആദിപുരുഷൻ ഈ മീമാംസാശാസ്ത്രപ്രതിപത്തിക്കു ഒരു പോഷണം വരുത്തുകയാണുണ്ടായതു്. ശുകപുരത്തുകാരനായ കുത്തുള്ളി പ്രഭാകരൻ നമ്പൂതിരി ഭാട്ടമതത്തെ പരിഷ്കരിച്ചു പ്രാഭാകരമതം അല്ലെങ്കിൽ ഗുരുമതം എന്നൊരു പുതിയ വഴി കണ്ടുപിടിച്ചു. അതോടുകൂടി നമ്പൂരിമാരിൽ ഭാട്ടമതക്കാരെന്നും പ്രാഭാകരമതക്കാരെന്നും മീമാംസകന്മാർ രണ്ടു വഴിക്കാരായിത്തീൎന്നു. രണ്ടു വഴിക്കാരും കാലാന്തരംകൊണ്ട് അനേകം മീമാംസാഗ്രന്ഥങ്ങൾ ഉണ്ടാക്കീട്ടുണ്ട്. ഇതുപോലെ തന്നെ ജ്യോതിശ്ശാസ്ത്രത്തിലും നമ്പൂരിമാർ ഉണ്ടാക്കിയ ഗ്രന്ഥങ്ങൾ കുറച്ചൊന്നുമല്ല. മീമാംസാഗ്രന്ഥങ്ങൾ സംസ്കൃതഭാഷയിൽ മാത്രമേ അവർ ഉണ്ടാക്കിയിരുന്നുള്ളു. ജ്യോതിശ്ശാസ്ത്രത്തിൽ സംസ്കൃതഭാഷയായിട്ടും മലയാളഭാഷയായിട്ടും ഗ്രന്ഥങ്ങൾ നിൎമ്മിച്ചിട്ടുണ്ട്.

മലയാളത്തിലെന്നപോലെ അന്യരാജ്യങ്ങളിലും ബ്രാഹ്മണരുടെയിടയിൽ കൎമ്മകാണ്ഡപ്രതിപത്തി മൂൎച്ഛിച്ചു ജ്ഞാനകാണ്ഡശ്രദ്ധ ശിഥിലീഭവിക്കുകയും ചെയ്തു. ഇതിന്നു എട്ടുപത്തു ശതാബ്ദങ്ങൾക്കു മുമ്പുതന്നെ സകല ജാതിക്കാരുടെയിടയിലും ഒരു മാതിരി കൎമ്മഠന്മാരുടെ ഉൽക്കൎഷം മൂൎച്ഛിക്കുകയും ഹിംസാദികൾ വൎദ്ധിക്കുകയും ചെയ്ത കാലത്തു്, 'അഹിംസാ പരമോ ധൎമ്മഃ' എന്ന സിദ്ധാന്തം സ്ഥാപിക്കുന്ന ബുദ്ധമുനിയുടെ മതം പുറപ്പെട്ടു. ആ മതം ഉച്ഛൃംഖലമായി ഭൂമിയിൽ പലേടത്തും വ്യാപിക്കുകയും വൎണ്ണാശ്ര

മധർമ്മികളും ബുദ്ധമതക്കാരും തമ്മിൽ മത്സരം മുഴുക്കുകയും ആകപ്പാടെ ഹിന്തുക്കളുടെ നിലയൊന്നു ഇളകിമറികയും ചെയ്തു കഴിയുന്ന കാലത്താണ് ഭാട്ടമതത്തിന്റെ പുറപ്പാടുണ്ടായത്. ഇങ്ങിനെയിരിക്കുമ്പോഴാണ് കേരളത്തിൽ കയ്പിള്ളിയില്ലത്തുണ്ടായൊരു ഉണ്ണിനമ്പൂരിയായ് ശങ്കരാചാര്യസ്വാമികളുടെ അവതാരം.

വേദശാസ്ത്രപുരാണേതിഹാസങ്ങളിൽ അങ്ങുമിങ്ങുമായി ചിതറിക്കിടക്കുന്ന ലൌകികപാരത്രികതത്വങ്ങളുടെയിടയിൽ കിടന്നു മിന്നുന്നതും ശ്രീവേദവ്യാസമഹർഷി സൂത്രംകൊണ്ടു സംഗ്രഹിച്ചു വെച്ചിട്ടുള്ളതും പക്ഷെ മതാന്തരപ്രവൃത്തകന്മാർ അവരവരുടെ മനോധർമ്മംപോലെ മറ്റൊരോ പ്രകാരത്തിൽ വ്യാഖ്യാനിച്ചും ഖണ്ഡിച്ചും ഭ്രാന്തിവരുത്തി നാനാജനങ്ങൾക്കു വഴി തെറ്റിത്തിരിയുവാനിടയാക്കിത്തീർത്തിട്ടുള്ളതുമായ വേദാന്തശാസ്ത്രത്തെ ശാരീരകഭാഷ്യം ഉണ്ടാക്കി അദ്വൈതമതപ്രതിഷ്ഠാപനംചെയ്തു പരിഷ്കരിച്ചു പ്രസിദ്ധപ്പെടുത്തിയ ശ്രീശങ്കരാചാര്യസ്വാമികളെ കേൾക്കാത്തവർ വല്ലവരുമുണ്ടെന്നു തോന്നുന്നില്ല. ഈ മഹായോഗീശ്വരൻ മലയാളത്തിലും മററനേകരാജ്യങ്ങളിലുമായിട്ടു ഹിമവത്സേതുപര്യന്തമുള്ള ഭാരതഖണ്ഡത്തിൽ വർണ്ണാശ്രമധർമ്മനിഷ്ഠയുള്ള ഹിന്തുക്കളുടെയിടയിൽ നാലാമത്തെ ആശ്രമമായ സന്ന്യാസാശ്രമത്തിന്നു മഠപ്രതിഷ്ഠാപനാദികളെക്കൊണ്ടു ഈ കലിയുഗകാലത്തും അനശ്വരമായ ഒരു നില വരുത്തിട്ടുണ്ടെന്നുള്ളത് ഒരിക്കലും അപ്രസിദ്ധമാവാത്ത ഒരു ചരിത്രമാകുന്നു. സർവജ്ഞനായ ഇദ്ദേഹം മീമാംസകമതം, ബുദ്ധമതം എന്നു മാത്രമല്ല സകല മതങ്ങളിലേയും ഗ്രാഹ്യമായ സാരാംശം സംഗ്രഹിച്ചും ത്യാജ്യമായ ഭാഗം നിരസിച്ചും ഹിന്തുമതത്തിൽനിന്നു അകന്നു നില്ക്കുന്ന ദ്വീപാന്തരസ്ഥന്മാരായ മറ്റു മതക്കാർക്കുപോലും വിസ്മയം തോന്നത്തക്കവിധം സർവ്വോപനിഷത്സാരതത്വമായ അദ്വൈതമതത്തെ കണ്ടുപിടിച്ചതാണ് എല്ലാ പ്രവൃത്തികളിലും പ്രധാനമായിട്ടുള്ളതും ഈ ആചാര്യരുടെ അവതാരത്തിന്റെ മുഖ്യ പ്രയോജനവും.

സർവ്വജ്ഞപീഠം കയറിയ ഈ സ്വാമികൾ പല ശാസ്ത്രങ്ങളിലും ഉത്തമഗ്രന്ഥങ്ങളെ നിർമ്മിച്ചിട്ടുണ്ട്. ദശോപനിഷത്ഭാഷ്യങ്ങൾ, ഭഗവൽഗീതാ, സനത്സുജാതീയം, വിഷ്ണുസഹസ്രനാമം, ഇവയുടെ ഭാഷ്യങ്ങൾ, ശ്രീവിദ്യാഭാഷ്യം, പ്രപഞ്ചസാരമെന്ന മന്ത്ര

ശാസ്ത്രഗ്രന്ഥം, ലഘുധർമ്മപ്രകാശിക, എന്ന ഭംഗ്വസ്മൃതിസംഗ്രഹം, ഭട്ടികാവ്യവ്യാഖ്യാനം, എന്നു തുടങ്ങി അനേകം വിശിഷ്ടഗ്രന്ഥങ്ങൾ, സ്വാമികൾ ഉണ്ടാക്കീട്ടുള്ളവ ഇന്നു നടപ്പുണ്ട്. ഭക്തിരസപ്രധാനങ്ങളായ പലവക സ്തോത്രങ്ങളിൽ സ്വാമികളുടെ കൃതികളായിട്ടാണ് അധികമുള്ളത്. അവയ്ക്കൊരു മാഹാത്മ്യം വേറെയാണുതാനും. ശ്രീപരമേശ്വരന്റെ മനുഷ്യാവതാരമെന്നു പറയപ്പെടുന്ന ശ്രീശങ്കരാചാര്യസ്വാമികളുടെ അവസ്ഥയൊന്നു വേറെ. ആ സ്വാമികളെ സാധാരണ നമ്പൂരിമാരുടെ കൂട്ടത്തിൽ ഗണിച്ചാൽ പോരല്ലോ. അവിടുത്തെ തിരുവായ്മൊഴികളായ ഉത്തമഗ്രന്ഥങ്ങളെ മററുള്ള നമ്പൂരിമാരുണ്ടാക്കിയ ഗ്രന്ഥങ്ങളുടെ കൂട്ടത്തിൽ കൂട്ടിയാലും ശരിയാവുന്നതല്ല. ഈ ശ്രീശങ്കരാചാര്യസ്വാമികൾ മലയാളത്തിലെ ഒരു നമ്പൂരിയായിരുന്നുവെന്നു പറയുവാനിടയാകുന്നതുതന്നെ മലയാളികളായ നമുക്കു ഒക്കെ ഏററവും അഭിമാനത്തിന്നു കാരണമായിരിക്കുന്നു. എന്നാൽ ഈ അവതാരപുരുഷൻ മലയാളിയായിരുന്നില്ലെന്നു വാദിക്കുന്ന ചില പരദേശികൾ ഉണ്ടായിരിക്കാം. പക്ഷേ അവരുടെ വാദത്തിനെ ഞങ്ങൾ അത്ര വകവെക്കുന്നില്ല. നമ്മുടെ കൊല്ലവർഷത്തിന്റെ ആരംഭം തന്നെ ആചാര്യസ്വാമികൾ മലയാളികളുടെ ഇടയിലൊട്ടുക്കു നടപ്പാക്കീട്ടുള്ള ആചാരപരിഷ്കാരത്തിന്റെ പ്രാരംഭദിവസം മുതല്ക്കാകുന്നു. 'ആചാര്യവാഗഭേദ്യാ' എന്ന കലിവർഷദിവസം മുതല്ക്കാണല്ലോ കൊല്ലവർഷാരംഭം. ഈ കണക്കു നോക്കിയാൽ ഇപ്പോൾ 1082-ാമാണ്ടായി കാണാവുന്നതാണ്. മലയാളികളിൽ ഏർപ്പെടുത്തി കാണുന്ന ചില പ്രത്യേകാചാരപരിഷ്കാരങ്ങൾക്കു പുറമെ ഇവിടെയുള്ള സന്ന്യാസിമഠങ്ങളും സന്ന്യാസികളുടെ നടവടിക്രമങ്ങളും ആചാര്യസ്വാമികളാണ നിയമിച്ചിട്ടുള്ളതെന്നു സ്വാമിയാന്മാരുടെ ഗുരുപരമ്പരപ്പട്ടിക നോക്കിയാൽ തെളിയുന്നതുമാകുന്നു. നമ്പൂരിമാരിൽവെച്ചു സർവ്വപ്രകാരത്തിലും പ്രഥമഗണനീയനായ ശ്രീശങ്കരാചാര്യരുടെ പ്രസംഗത്തിൽ ഇത്രയും പറയുന്നത് പ്രകൃതത്തിൽനിന്നു കവിഞ്ഞുപോയി എന്നു വിചാരിപ്പാനൊട്ടും അവകാശമില്ലല്ലോ.

സ്വാമികളുടെ ശിഷ്യന്മാരിൽ നമ്പൂരിമാരായ പലരും വേദാന്തത്തിലും മററുമായി പലേ ഗ്രന്ഥങ്ങൾ ഉണ്ടാക്കീട്ടുണ്ട്. ആശ്ചര്യചൂഡാമണിനാടകകർത്താവായ ശക്തിഭദ്രകവി, സ്വാമികളുടെ ശി

ഷ്യനായ ഒരു പോററിയാണ്. ഇദ്ദേഹം ഉന്മാദവാസവദത്താ അതായത മന്ത്രാങ്കം മുതലായ പല കാവ്യങ്ങളുമുണ്ടാക്കീട്ടുണ്ട്. മലയാളത്തിൽ ചാക്കിയാന്മാർ അഭിനയിച്ചു വരുന്ന നാടകങ്ങളിൽ ഈ കവിയുടെ ആശ്ചൎയ്യചൂഡാമണി നാടകത്തിനാണ് ഏററവും ശ്രേഷ്ഠത്വം സൎവ്വസമ്മതമായിട്ടുള്ളത്.

നമ്പൂരിമാരായ പണ്ഡിതരത്നങ്ങൾ വിളഞ്ഞിരുന്ന വെട്ടത്തുനാട്ടിലെ ഉത്തമരത്നമായ തലക്കുളത്തൂർ ഗോവിന്ദർ ഭട്ടതിരിപ്പാട്ടിലെ ചരമഗതി "രക്ഷേൽഗോവിന്ദമക്ഷെ" എന്ന കലിദിനത്തിലായിരുന്നു. ഇദ്ദേഹമാണ ദശാദ്ധ്യായി എന്ന ഹോരാവ്യാഖ്യാനമുണ്ടാക്കിയത. ഈ ഗ്രന്ഥം മലയാളികളുടെ ജ്യോതിഷഗ്രന്ഥങ്ങളിൽ വെച്ചു വളരെ പേരു കേട്ടതും പ്രധാനപ്പെട്ടതുമാണ്. തന്റെ ജാതകം താൻതന്നെ ഗണിച്ചുണ്ടാക്കിയതിൽ പറഞ്ഞിരുന്നതുപോലെ തന്നെ ഇദ്ദേഹത്തിന്നു ജാതിഭ്രഷ്ടു പററി. പാഴൂർ കണിയാർപണിക്കത്തിയാരുടെ ഭൎത്താവായി തന്നെയിരിക്കുകയാണ പിന്നീടുണ്ടായത്. തന്റെ സന്താനങ്ങളായ പാഴൂർ കണിയാന്മാൎക്കു എന്നന്നേക്കും കീൎത്തിക്കും ഉപജീവനത്തിന്നും മൂലമായി ഒരു പ്രശ്നരീതിഭാഷ അവൎക്കുണ്ടാക്കി കൊടുത്തിട്ടുണ്ട്. ഇദ്ദേഹത്തിന്റെ ജാതിഭ്രംശം കണിയാന്മാൎക്കു കീൎത്തിക്കു നാട്ടുകാൎക്കു വിശേഷിച്ചൊരുപകാരത്തിന്നും ജ്യോതിശ്ശാസ്ത്രത്തിന്റെ പ്രചാരത്തിന്നും കാരണമായി കലാശിച്ചു.

തഴക്കാട്ടു യോഗിയാതിരിപ്പാട്ടിലെ ഗുരുവായ കോവാട്ടു നമ്പൂതിരി ബാഹ്വൃചകന്മാരുടെ ശ്രൌതസ്മാൎത്ത ക്രിയകൾക്കു വേണ്ടുന്ന ചടങ്ങുകളും പ്രായശ്ചിത്തങ്ങളും സംസ്കൃതത്തിലും ഭാഷയിലുമായിട്ട് എഴുതി വെച്ചിട്ടുണ്ട്. ഈ ഗ്രന്ഥങ്ങളെ പിന്തുടൎന്നു കൊണ്ടാണ് യോഗിയാതിരിപ്പാട്ടും പ്രായശ്ചിത്തവും ഭാഷയിൽ കൌഷീതകന്മാരുടെ ഷോഡശക്രിയക്കുള്ള ചടങ്ങും പ്രൈഷങ്ങളുടെ ഭാഷകളും അഗ്നിഹോത്രമുള്ള നമ്പൂരിമാർ ഇന്നും ഓത്തുപോലെ ചൊല്ലി മുഖസ്ഥമാക്കി വരുന്നതായ യാഗത്തിന്റെ ഭാഷയും മററുമുണ്ടാക്കിയത്.

വില്വമംഗലത്തു സ്വാമിയാന്മാരിൽ ഒരാളുണ്ടാക്കിയ ശ്രീചിഹ്നമെന്ന പ്രാകൃതകാവ്യം വ്യാകരണ സൂത്രങ്ങളുടെ ഉദാഹരണമാണെന്ന മുമ്പൊരിക്കൽ പറഞ്ഞിട്ടുണ്ടല്ലോ.

പാഠത്തെ വാസുദേവീയത്തിന്റെ സമ്പ്രദായത്തിലുണ്ടാക്കിയതാണെങ്കിലും പിന്നീട് മേപ്പത്തൂർ നാരായണഭട്ടതിരിപ്പാടുണ്ടാക്കിയ 'ധാതുകാവ്യ'ത്തിന്നു മാൎഗ്ഗദൎശകമായ വിധത്തിൽ സൂത്രങ്ങൾക്കും ഗണപാഠങ്ങൾക്കും യഥാക്രമോദാഹരണമാകുന്ന ഒരു മെച്ചവും കൂടി വന്നിട്ടുണ്ട്.

തൎക്കചൂഡാകാരനായ ചിറക്കുഴി നമ്പൂരിയുടെ മീമാംസാവേദാന്തഗ്രന്ഥങ്ങൾ അതിപ്രൗഢങ്ങളാണെന്നു പ്രസിദ്ധമാണല്ലോ. കാണക്കാറിക്കരനായ പള്ളിപ്പുറത്തു നമ്പൂരിയുടെ ഭട്ടദീപികാവ്യാഖ്യാനം മീമാംസകന്മാൎക്കു പ്രത്യേകിച്ചു പഠിക്കേണ്ടുന്ന ഗ്രന്ഥമാണ്. നമ്പൂരിമാൎക്കു വ്യാഖ്യാനമുണ്ടാക്കുവാനുള്ള സാമൎത്ഥ്യം പ്രസിദ്ധപ്പെട്ടതായിരുന്നു. 'മാലതീമാധവം', 'ശാകുന്തളം', 'ഉത്തരരാമചരിതം', 'നാഗാനന്ദം', 'ചൂഡാമണി', മുതലായ നാടകങ്ങൾക്കു നമ്പൂരിമാർ ചെയ്തിട്ടുള്ള വ്യാഖ്യാനങ്ങൾ അതിവിശേഷപ്പെട്ടവയാണ്. അഷ്ടവൈദ്യന്മാർ അഷ്ടാംഗഹൃദയത്തിന്നു ചെയ്തിട്ടുള്ള പാഠ്യം, വ്യാഖ്യാസാരം, ഹൃദയബോധിക, എന്നീ വ്യാഖ്യാനങ്ങളും ഉത്തരോത്തരം ഉൽകൃഷ്ടങ്ങളായിരിക്കുന്നു. ഇവയുടെ നിൎമ്മാണകാലങ്ങളെയും കൎത്താക്കളെയും തിരിച്ചറിവാൻ ദുൎഘടം തന്നെ.

മുമ്പൊരിക്കൽ രഞ്ജിനിയിൽ പറഞ്ഞിട്ടുള്ള പതിനെട്ടരക്കവികളുടെ ഗ്രന്ഥങ്ങളെപ്പറ്റി ഇപ്പോൾ വിശേഷിച്ചൊന്നും പറയാനില്ല.

എന്നാൽ ഇതിൽ 'തന്ത്രസമുച്ചയ'മുണ്ടാക്കിയ ചേന്നാസ്സു നാരായണൻ നമ്പൂരിപ്പാട്ടിലെ പിന്തുടൎന്നവർ പലരുമുണ്ടായിട്ടുണ്ട്. അദ്ദേഹത്തിന്റെ അനന്തരവർ തന്നെ 'ശേഷസമുച്ചയ'മുണ്ടാക്കി. രണ്ടു ശിഷ്യന്മാർ തന്ത്രസമുച്ചയത്തിന്നു 'വിമൎശിനി' എന്നും, 'വിവരണ'മെന്നും ഓരോ വ്യാഖ്യാനമുണ്ടാക്കീട്ടുണ്ട്. വെട്ടത്തുരായരമംഗലത്തുകാരനും തിരുമംഗലത്തു നീലകണ്ഠൻ നമ്പൂരിയുടെ ശിഷ്യനുമായ മറെറാരു നമ്പൂരി സമുച്ചയത്തിലെ രണ്ടാം പടലത്തെ അനുസരിച്ചുകൊണ്ടു 'മനുഷ്യാലയചന്ദ്രിക' എന്നൊരു തച്ചുശാസ്ത്രഗ്രന്ഥമുണ്ടാക്കി. ഇദ്ദേഹം തന്നെയാണ് 'മാതംഗലീല', എന്ന ഗജശാസ്ത്രഗ്രന്ഥമുണ്ടാക്കീട്ടുള്ളതെന്നു വിചാരിപ്പാൻ വഴിയുണ്ട്. മനുഷ്യാലയചന്ദ്രികയുടേയും മാതംഗലീലയുടേയും ആദ്യത്തെ മംഗളശ്ലോകം ഒന്നായി കാണുന്നുണ്ട്.

തളിപ്പറമ്പത്തുകാരനും പെരിഞ്ചെല്ലൂർ ഗ്രാമക്കാരുടെ വാദ്ധ്യാനും, വൈദികനും, സ്മാർത്തനും, ശ്രോത്രിയനുമായ പൊയ്യൂർ നമ്പൂരി, ചെറുല്ലൂർ ഭാഷ്യപുരാണാദ്യനേകഗ്രന്ഥവും മാരാരകം ശ്രൗതസ്മാർത്തഗ്രന്ഥങ്ങളുമുണ്ടാക്കീട്ടുണ്ട്. തളിപ്പറമ്പത്തുകാരനായ മറ്റൊരാൾ നമ്പൂരിയാണ് പ്രശ്നസംഗ്രഹമെന്ന ജ്യോതിഷഗ്രന്ഥമുണ്ടാക്കിയത്. വെട്ടത്തുകാരനായ കേരളല്ലൂർ ചോമാതിരിപ്പാട്ടിലെ തന്ത്രസംഗ്രഹത്തെപ്പറ്റി മുമ്പെ പറഞ്ഞുവല്ലോ. 'യുക്തിഭാഷ' ജ്യോതിഷത്തിൽ ഒരു മതപ്രൗഢഗ്രന്ഥമാണ്. തൃക്കണ്ടിയൂർ അച്യുതപ്പിഷാരടിയുടെ ഗുരുവും തുഞ്ചത്തെഴുത്തച്ഛന്റെ അച്ഛനുമായ ആ നമ്പൂരിയാണ് യുക്തിഭാഷയുണ്ടാക്കിയത്.

മേല്പുത്തൂർ നാരായണഭട്ടതിരിപ്പാട്ടിലെ ഗുരു ഈ അച്യുതപ്പിഷാരോടിയാണല്ലോ. ഈ ഭട്ടതിരിപ്പാട് നാരായണീയം, ധാതുകാവ്യം, പ്രക്രിയാസർവ്വസ്വം ശില്പിരത്നമെന്ന തച്ചുശാസ്ത്രം, അനേകം ചമ്പുപ്രബന്ധങ്ങൾ മുതലായി വളരെ ഗ്രന്ഥങ്ങളുണ്ടാക്കീട്ടുണ്ടെന്നു സുപ്രസിദ്ധമാണ്. 'ആയുരാരോഗ്യസൌഖ്യം' എന്ന കലിദിനത്തിലാണ നാരായണീയസ്തോത്രം അവസാനിപ്പിച്ചത് എന്നുള്ളതുകൊണ്ടു പട്ടേരിയുടെ ജീവകാലം അറിയുന്നതിനു പ്രയാസമില്ല. 'സന്താനഗോപാലം' പാനയുണ്ടാക്കിയ പൂന്താനത്തു നമ്പൂരി ഭക്തികൊണ്ടു പട്ടേരിപ്പാട്ടിലെ തോല്പിച്ചിരുന്നു. പെരുമനത്തുകാരനായ ഉഴമംഗലത്തു നമ്പൂരി യാഗത്തിന്റെ ഭാഷ, ആശൗചം, പ്രായശ്ചിത്തം, ബൌധായനന്മാരുടെ ശ്രൗതസ്മാർത്ത ക്രിയകളുടെ ചടങ്ങുകൾ, കലിദീപകമെന്ന ജ്യോതിഷഗ്രന്ഥം, ഇവയ്ക്കു പുറമെ മഹിഷമംഗലം ഭാണം, ഭാഷാനൈഷധചമ്പു മുതലായി അനേകം ഭാഷാചമ്പുകൾ, പുഷ്പിണിപ്പാട്ടുകൾ ഇങ്ങിനെ പലതുമുണ്ടാക്കീട്ടുണ്ട്. കാലദീപകത്തിനു ഭാഷയായിട്ടു 'ബാലശങ്കരമെന്നൊരു' വ്യാഖ്യാനമുണ്ടാക്കീട്ടുള്ള വിദ്വാൻ ഒരു ബാലശങ്കരനാണെന്നു മാത്രമറിയാം.

'മുഹൂർത്തപദവി'യുണ്ടാക്കിയ മാത്തൂർ നമ്പൂരിപ്പാടും അവിടുത്തെ ജ്യേഷ്ഠനും മഹാജ്യോതിഷികളായിരുന്നു. ഭാഷാകവികളിൽ പ്രസിദ്ധനായ ചേലപ്പറമ്പു നമ്പൂരിയുടെ ഓരോ ഒറ്റശ്ലോകങ്ങളുല്ലാതെ ഒരു ഗ്രന്ഥവും കണ്ടുകിട്ടാത്തതു വലിയ നഷ്ടം തന്നെ. ഭാഗവതം ദശമം കിളിപ്പാട്ടുണ്ടാക്കിയ പൊറയന്നൂർ നമ്പൂരിപ്പാട്ടിലെ

കവിതയ്ക്കു കുഞ്ചൻനമ്പ്യാരുടെ കവിതയ്ക്കെന്നപോലെ നല്ല ഒഴുക്കും പഴക്കവും ഭംഗിയുമുണ്ട്. രുക്മിണീസ്വയംവരപ്രബന്ധകാരനായ എടവെട്ടിക്കാട്ടു നമ്പൂരി, ബാലിവിജയം കഥകളിയുണ്ടാക്കിയ കല്ലൂർ നമ്പൂരിപ്പാട്, അടുത്തകാലത്തുണ്ടായിരുന്ന പൂന്തോട്ടത്തു നമ്പൂരി, വെണ്മണി നമ്പൂരിപ്പാടന്മാർ ഇവരുടെ കവിതകളെ കൊണ്ടാടാത്ത ഭാഷാഭിമാനികളാരുമുണ്ടെന്നു തോന്നുന്നില്ല. വെണ്മണി മഹൻനമ്പൂരിപ്പാട്ടിലെ കവിതാരീതിയുടെ ഒരു നേരുപകർപ്പുപോലെയുള്ള ശിവോളി നാരായണൻ നമ്പൂരിയുടെ കവിതയും ഏതു സരസനേയാണു രസിപ്പിക്കാത്തത്. ഡാട്ടവത്തു നമ്പൂരിമാർ ഒറവങ്കര നീലകണ്ഠൻ നമ്പൂരി (രാജാവ്) ഇവർ നല്ല കീർത്തി നേടി ജീവിച്ചിരിക്കുന്ന കവികളാണല്ലോ. സി. എസ്സ്. സുബ്രഹ്മണ്യൻ പോററി, ആലത്തൂർ അനുജൻ നമ്പൂരിപ്പാട്, പി. കെ. നാരായണൻനമ്പൂരി, എന്നീ ചെറുപ്പക്കാരും പ്രയത്നംചെയ്തു മേല്പോട്ടു കയറിവരുന്ന കവികളാണ്. എന്തിനേറെപ്പറയുന്നു. സംസ്കൃതഭാഷാപണ്ഡിതന്മാരായ നമ്പൂരിമാർ ഭാഷാപോഷണത്തിനുള്ള പ്രയത്നം വാക്കുകൊണ്ടല്ല പ്രവൃത്തികൊണ്ടായിരുന്നു കാണിച്ചിരുന്നത്.

തയ്ക്കാട്ടു യോഗിയാതിരിപ്പാട്ടിലെയും മററും യാഗത്തിൻെറ ക്രിയ പറയുന്ന ഭാഷകളും കൌശീതകബോധായനബഹ്വൃചാശ്വലായനാദികൾക്കു വേണ്ടുന്ന ഷോഡശക്രിയകൾക്കുള്ള ചടങ്ങുകളും, ദർശപൌർണ്ണമാസാദിക്രിയകൾക്കുള്ള ചടങ്ങുകളും, ആശൌചങ്ങളും, പ്രായശ്ചിത്തങ്ങളും, തന്ത്രവിഷയങ്ങളായ ക്രിയകളും, വിഷവൈദ്യം, ബാലചികിത്സ മുതലായ വൈദ്യവിഷയഗ്രന്ഥങ്ങളും, ഗണിതം, സംഹിത, ഹോര എന്നീ മൂന്നു സ്കന്ധത്തിലും വെവ്വേറെ അനേകം ജ്യോതിഷഗ്രന്ഥങ്ങളും, പല പുരാണകഥാഗ്രന്ഥങ്ങളും, രാജനീതിഗ്രന്ഥങ്ങളും, ദേവാലയങ്ങളും ബ്രഹ്മാലയങ്ങളും മററും പണിചെയ്യുന്നുള്ള തച്ചുശാസ്ത്രഗ്രന്ഥങ്ങളും, ആയുധവിദ്യ, മല്ലയുദ്ധം മുതലായവയുടെ മുറ പറയുന്ന യുദ്ധശാസ്ത്രഗ്രന്ഥങ്ങളും, നാട്യശാസ്ത്രഗ്രന്ഥങ്ങളും, പലതരം സസ്യങ്ങളെ കൃഷിചെയ്യേണ്ടുന്ന മുറകളും പറയുന്ന ചില പാട്ടുകളും, പുള്ളിനിപ്പാട്ടു, തിരുവാതിരപ്പാട്ടു നാഗപ്പാട്ട്, മുതലായി അനേകം പാട്ടുഗ്രന്ഥങ്ങളും, എന്നുവേണ്ട നാട്ടുകാർക്കു സജാതികർമ്മാനുഷ്ഠാനത്തോടുകൂടി യോഗക്ഷേമവും വിനോ

ദവും ഉണ്ടാക്കിത്തീൎക്കുന്ന പലേ ഗ്രന്ഥങ്ങളും നമ്പൂരിമാരും അവരുടെ മക്കളും ശിഷ്യന്മാരുമായി മലയാളഭാഷയിൽ സുലഭമാക്കിത്തീൎത്തിട്ടുണ്ട്.

കാകൻ

IV.

ദിനചൎയ്യ.



'ഉദയഗിരി ചുകന്നു ഭാനുബിംബം വിളങ്ങീടുന്നതിനു മുമ്പിൽ തന്നെ കാകേശ്വരൻ പള്ളിക്കുറുപ്പുണരും. ഉണൎന്ന് ഉടനെ നിലവിളിയായി. സമീപസ്ഥന്മാൎക്കൊന്നും മേലാൽ നേരം പുലരരുതെന്നുള്ള ദുഷ്ടവിചാരത്തോടുകൂടി തന്റെ കോഴിയും നെരുപ്പോടും എടുത്തു കാട്ടുകയറിക്കളഞ്ഞിരുന്ന വൃദ്ധയുടെ അസൂയാബുദ്ധി കാകനില്ല. കാലത്തു ഉറക്കം ഞെട്ടിയ ഉടനെ സമീപസ്ഥന്മാരെ ഒക്കെ വിളിച്ചുണൎത്തും. നേരം പുലൎന്നുവെന്നുള്ളതും കാക്ക കരഞ്ഞുവെന്നുള്ളതും മലയാളഭാഷയിൽ കേവലം പൎയ്യായശബ്ദങ്ങളായി തീൎന്നിട്ടുള്ളതാലോചിച്ചാൽ നമ്മുടെ കാകൻ പുലൎകാലത്തെ തെററി ധരിക്കാറില്ലെന്നു തീൎച്ചയാക്കേണ്ടതാണ്. നിലാവുള്ള ചില രാത്രി ചിലപ്പോൾ കാക്കയുടെ കരച്ചിൽ അവിടവിടെ കേട്ടെന്നുവരാം. ഇതു ചില വിഡ്ഢികളുടെ വിഡ്ഢിത്വംകൊണ്ടുവരുന്നതാണ്. വിഡ്ഢികൾ ഏതു കൂട്ടത്തിലും ഉണ്ടല്ലൊ. വല്ല സംഗതിവശാലും അല്പം ഉറക്കം ഞെട്ടിനോക്കുമ്പോൾ നിലാപ്രകാശം കണ്ടു നേരം പുലൎന്നുവെന്നു കരുതി, ഉടനെ നിലവിളിക്കും. അതു ഉറക്കക്കണ്ണിൽ ചെയ്യുന്നതാണെങ്കിലും, തന്റെ ഭോഷത്വം മനസ്സിലായാൽ പിന്നെ മിണ്ടില്ല. അനാവശ്യമായി അകാലത്തു മററുള്ളവരുടെ ഉറക്കം ഞെട്ടിക്കുന്നതിനു ആ വിഡ്ഢികൾക്കും ഭയമില്ലാതെയല്ല.

സന്ധ്യയായാൽ കാക്കകൾ കൂട്ടാകൂട്ടമായി കടലോരത്തേക്കു

പറന്നു പോകുന്നതു കാണാം, രാത്രിയായാൽ ഒരു ദേശത്തുള്ള കാകനിവാസികളൊക്കെ ഒന്നൊത്തു ചില വൃക്ഷക്കൊമ്പുകളിൽ കൂടി പകലുണ്ടായ സംഭവങ്ങളൊക്കെ ചുരുക്കത്തിൽ പ്രസ്താവിച്ചു അന്യോന്യം ധരിപ്പിച്ചു ഉറക്കത്തിനുള്ള വട്ടമായി. എന്തുതന്നെ തെറ്റോ അബദ്ധമോ ചെയ്തിരുന്നാലും അവയെപ്പററി ഓൎമ്മപ്പെടുത്തി വ്യസനിപ്പിക്കയോ പശ്ചാത്തപിപ്പിക്കയോ ചെയ്യുന്നതിന്നു മനസ്സാക്ഷി കാകനില്ലാത്തതിനാൽ, അതിസത്യവാനായ ധൎമ്മിഷ്ഠനെപ്പോലെ യാതൊരു ആലാശിലയും ഇല്ലാത്ത നിദ്രയാണ് അവൻ അനുഭവിക്കുന്നത്.

നേരം പുലരുന്നതു കണ്ടറിവാൻ കാകന്നു എത്രതന്നെ സാമൎത്ഥ്യമുണ്ടായിരുന്നാലും മണിക്കൂറിന്റെ കണക്കു തനിക്കു നിശ്ചയമില്ലെന്നു സംശയിക്കേണ്ടിയിരിക്കുന്നു. ഒരു ഘടികാരയന്ത്രം കണ്ടുപിടിക്കത്തക്ക ശാസ്ത്രജ്ഞൻ കാകലോകത്തിൽ ഇതുവരെ ജനിച്ചിട്ടില്ല. സൂൎയ്യഗ്രഹണമുള്ള കാലത്തു നേരം രാത്രിയായിപ്പോയെന്നു കാക്കകളൊക്കെ വിചാരിക്കാറുണ്ടെന്നുള്ളതിനു ലക്ഷ്യമുണ്ട്. ഈഹ ഒരുദിക്കിൽ ഇങ്ങിനെ എഴുതിയിരിക്കുന്നു:— 1893-ാം പൂൎണ്ണസൂൎയ്യഗ്രഹണം ഉണ്ടായ കാലത്തു ഞാൻ വിജയദുൎഗ്ഗത്തിൽ ആയിരുന്നു. അവിടെ ഉണ്ടായിരുന്ന കാക്കകളൊക്കെ ഗ്രഹണം ഉണ്ടായ ഉടനെ രാത്രിയായെന്നു അബദ്ധമായി വിശ്വസിച്ചു വഞ്ചിക്കപ്പെട്ട കാക്കക്കൂട്ട', അവ സാധാരണ ഉറങ്ങാൻ ചെന്നു ചേരുന്ന വൃക്ഷശാഖകളിൽ ചെന്നണഞ്ഞു. കൊക്കുകൾ ചിറകിനുള്ളിൽ തിരുകി ഉറങ്ങാൻ ഭാവിച്ചപ്പോഴേക്കും ഗ്രഹണം നീങ്ങി ദിനമണി പ്രകാശിച്ചു. ഉടനെ കാക്കക്കൂട്ടങ്ങൾ ഞെട്ടി ഉണൎന്ന് ആശ്ചൎയ്യകോപാന്ധന്മാരായി 'ഐകകണ്ഠ്യേന' നിലവിളി തുടങ്ങി. തങ്ങളെ പററിക്കാൻ ആരോ ചെയ്തുകൂട്ടിയ വിദ്യയായിരുന്നു അതെന്നാണ് കാക്കകൾ തീൎച്ചയായും വിചാരിച്ചത്'.

കാകൻ കാലത്തേ എഴുന്നല്ക്കുമെങ്കിലും പ്രാതഃസ്നാനം തനിക്കു അത്ര ഹൃദ്യമല്ല. കുളിക്കാൻ അധികം തണുത്ത ജലം തന്നെ വളരെ ഇഷ്ടമാണെന്നു തോന്നുന്നില്ല. എന്തെന്നാൽ മദ്ധ്യാഹ്നസ്നാനമാണ കാകന്നു പിടിച്ചതെന്നു തോന്നുന്നു. എന്തായാലും രാവിലെ ഏഴുമണി കഴിഞ്ഞല്ലാതെ ഒരു കാക്കയും കുളിക്കാറില്ല. മുങ്ങിക്കുളി വേണമെന്നു ശാഠ്യമുണ്ടെങ്കിലും വെള്ളത്തിന്റെ ശുദ്ധാശുദ്ധങ്ങൾ

കൾ അത്ര ഗണിക്കാറില്ല. ഗംഗാംബുവായാലും ചണ്ഡാലവാപിയായാലും ഈ ദ്വിജശ്രേഷ്ഠനു ഭേദമില്ല. പുഴയോ, കുളമോ, ചിറയോ കുണ്ടോ, കൂപമോ, ഒന്നുമില്ലെങ്കിൽ മനുഷ്യൻ കുളിക്കാനോ കുടിക്കാനോ പാത്രങ്ങളിൽ കോരിവെച്ച വെള്ളമാണെങ്കിൽ അതോ, ഒക്കെ അവറ്റകൾക്കു നീരാടുവാൻ സുഖമല്ലായ്മയില്ല നല്ലന്നതാണ്. ഇങ്ങിനെ ശുഷ്കിക്കുളിപ്പാനയ്യോ! രണ്ടാം ജലവും കുളവും ചുരുക്കം' എന്നു പരിതപിച്ച കാളിദാസൻെറ ബുദ്ധിമുട്ടോന്നും ഈ ആചാരത്തിനാലാണ് കാകനു പരദേശവാസവും സ്വദേശവാസവും ഒക്കെ ഒരുപോലെ സുഖപ്രദമാകുന്നത്. പക്ഷെ ഹിമാലയപർവ്വതത്തിൻെറ മുകളിലുള്ള 'അൽമൊറ' എന്ന ദിക്കിൽ ചിലപ്പോൾ കാക്കകൾക്കുപോലും മേൽപറഞ്ഞ കവിയെന്നപോലെ നിസ്സഹായികളായി തീരുന്നു. അൽമൊറയിൽ കാകസ്നാനത്തെപ്പററി മിസ്റ്റർ ഡിവർ വിവരിച്ചതു ഇങ്ങിനെ പറഞ്ഞിരിക്കുന്നു. "ഹിമാലയത്തിൽ ചില കാലങ്ങളിൽ വെള്ളത്തിനു ഏകദേശം വിസ്കിയോളം വിലയുണ്ട്. അൽമൊറയിൽ കുടിക്കാനുള്ള വെള്ളം തപ്പിലാക്കി എത്രയോ താഴത്തുനിന്നു കയററിക്കൊണ്ടുവരണം. ഇത്ര വിലയേറിയ ഈ ജലത്തെ എൻെറ തോട്ടക്കാരൻ ഒരു തപ്പിലാക്കി സൂക്ഷിക്കാറുണ്ട്. ഇതാണ് കാക്കകൾ അവിടെ കുളിക്കാൻ ഉപയോഗിക്കാറ്. കുളിക്കാൻ ആഗ്രഹിക്കത്തക്ക സൌകര്യമുള്ള സ്ഥലമല്ലെങ്കിലും മററൊന്നും ഇല്ലാത്ത അവസ്ഥക്കു തരക്കേടില്ലെന്നുതന്നെ പറയണം". കാക്കകൾ കുളിക്കുന്നതു കാണാത്തവർ ഉണ്ടായിരിക്കയില്ല. വെള്ളത്തിൻെറ അടുക്കെപ്പോയിനിന്നു, ഒന്നുനല്ലവണ്ണം നാലുപാടും നോക്കി, തലയും കഴുത്തും അതിശീഘ്രമായി അതിൽ മുക്കി ധൃതിയിൽ ഒന്നു പിടപ്പിക്കും. അതോടുകൂടി തന്നെ വാലും അതിവേഗത്തിൽ വിറക്കുന്നുണ്ടായിരിക്കും. ചിറകു സാവധാനത്തിൽ അടിച്ചുകൊണ്ടിരിക്കും. ഇങ്ങിനെ വെള്ളം നാലുപാടും ഇളകി തെറിച്ച അതിൻെറ ശരീരത്തിലും ചിറകിലും മററംഗത്തും നനക്കുന്നു. പിന്നെ കാക്ക സമീപത്തുള്ള വല്ല വൃക്ഷക്കൊമ്പത്തേലും പറന്നു ചെന്നിരുന്നു ഒന്നു കുടഞ്ഞു കൊക്കുകൊണ്ടു തൂവലുകൾ അതിധൃതിയിൽ ചീകി ശരിയാക്കുന്നു. ഇങ്ങിനെ ചെയ്യുമ്പോൾ എല്ലാ ഭാഗത്തും എത്തേണ്ടതിനു ശരീരം വളച്ചും പുളച്ചും കളിക്കുന്ന കളികാണുമ്പോൾ തടിയന്മാരായ മനുഷ്യർ കുളിക്കുമ്പോൾ പൃ

റം തേക്കാൻ ചെയ്യുന്നുള്ള യത്നവും അതുനിമിത്തം അനുഭവിക്കാറുള്ള ബുദ്ധിമുട്ടും ഓൎമ്മവരുന്നതാണ്. രണ്ടാമത്തെ വെള്ളത്തിന്നടുക്കെ ചെന്ന് ആദ്യം ചെയ്ത കൎമ്മങ്ങളൊക്കെ ഭേദംകൂടാതെ ചെയ്യുന്നു. ഇങ്ങിനെ മൂന്നും ചിലപ്പോൾ നാലും പ്രാവശ്യം ചെയ്യാറുണ്ട്. രണ്ടുകൊണ്ടു തൃപ്തിപ്പെടുന്നവയും ഇല്ലെന്നല്ല. ഒടുക്കം അല്പം വെള്ളം കുടിക്കും. കുടിച്ചു കഴിഞ്ഞാൽ കുളി അവസാനിച്ചുവെന്നു നിൎണ്ണയിക്കാം.

മയിൽപ്പീലി ധരിച്ച കാകനെ പററി നാം വായിച്ചിട്ടുണ്ടല്ലോ. കാക്ക ഇങ്ങിനെ വസ്ത്രാഡംബരത്തിൽ വലിയ ഭ്രാന്തുള്ള ജാതിയാണ്. വലിയൊരു പത്രാസിയാണ്. അവനവൻ മാത്രമല്ല, തന്റെ സജാതീയരൊക്കെ യാതൊരു വികൃതവേഷമോ, സുഖഹീനതയോ, ഉള്ളവരായിരിക്കരുതെന്നാണ് സൎവ്വകാകന്റേയും വിചാരം. വല്ല കാക്കകളും അല്പം ദീനമാണെന്നു കണ്ടാൽ ശേഷമുള്ളവയൊക്കെ കൂടി അതിനെ കൊത്തി കണക്കു വരുത്തിക്കളയും. വികൃതിക്കുട്ടികൾ പലപ്പോഴും കാക്കയെ പിടിച്ചു അവയെ പല വികൃതവേഷം അണിയിച്ചു വിട്ടയക്കാറുള്ളത് സാധാരണയാണല്ലോ. കുട്ടികൾ മാത്രമല്ല, വലിയവരും, അതുതന്നെ വികൃതികളെന്നു വെക്കേണ്ട, മാന്യന്മാരും ഈ വക വിദ്യയിൽ വളരെ സശ്രദ്ധന്മാരായി പലപ്പോഴും കാണപ്പെടാറുണ്ട്. ഇങ്ങിനെ വികൃതവേഷത്തിൽ കാണപ്പെടുന്ന കാക്കയെ മററുള്ളവ കൊത്തി കൊല്ലുമത്രെ. മദിരാശിയിൽ വലിയ ഉദ്യോഗസ്ഥനായിരുന്ന ഒരു യൂറോപ്യൻ വലിയ വായസാരിയായിരുന്നുപോൽ. തരം കിട്ടുമ്പോളൊക്കെ കാക്കയെ പിടിച്ചു അതിന്റെ കഴുത്തിലെ തൂവലുകൾ പറിച്ചു ചായം തേച്ചു വിടുകയായിരുന്നു അദ്ദേഹത്തിന്റെ വിദ്യ. അങ്ങിനെയുള്ള കാക്കകളെ കാണുന്ന മാത്രത്തിൽ മററുള്ളവ ഒത്തുചേൎന്നു കൊത്തി സംഹരിച്ചുകളയുംപോൽ. സ്വവൎഗ്ഗത്തിൽ ആരും ആഭാസനിലയിൽ കാണപ്പെടരുതെന്നുള്ള സദുദ്ദേശത്തോടുകൂടി കാക്കകൾ അനുസരിക്കുന്ന ഈ സമ്പ്രദായം അവയുടെ ശത്രുക്കൾക്കു അനുകൂലമായി പരിണമിക്കയാണ് ചെയ്യുന്നത്. കാകമാംസഭക്ഷികളായുള്ള ചില വനവാസികൾ കാക്കകളുടെ ഈ സമ്പ്രദായത്തെ, അവയെ എളുപ്പത്തിൽ പിടിക്കാനുള്ള ഒരു സൂത്രമായി ഉപയോഗിക്കുന്നു. ഒരു കാക്കയെ പിടിച്ചു അ

തിന്റെ ചിറകു വിടൎത്തി നിലത്തോടു ആണി കൊണ്ടു തറപ്പിക്കും. അതു അവിടെ കിടന്നു പിടച്ചു നിലവിളിക്കുന്നതു മററു കാക്കകൾ കാണുമ്പോൾ അതിനെ കൊത്തിക്കൊല്ലുവാൻ ശ്രമിക്കും. തന്നെ എതിൎക്കുന്നവയുടെ കൂട്ടത്തിൽ ഒന്നിനെ ഈ കാക്കയും ബലമായി കൊത്തിപ്പിടിക്കുവാൻ നോക്കും. അങ്ങിനെ ചെയ്യുമ്പോൾ ഒളിച്ചിരിക്കുന്ന മനുഷ്യൻ ഉടനെ ഓടിച്ചെന്നു അതിനേയും പിടിക്കും. അതിനെക്കൊണ്ടു അങ്ങിനെ തന്നെ മററൊന്നിനെ പിടിക്കും. ഇങ്ങിനെ അനേകം കാക്കകളെ പിടിച്ചു ആവശ്യമുള്ളവയെ താൻ ഭക്ഷിച്ചു ശേഷമുള്ളവയെ പിടിച്ചു ഹിന്തുക്കളിൽ പരിശുദ്ധ ഹൃദയന്മാരായ ചില ഭക്തന്മാരുടെ അടുക്കെ ചെന്നു അവരുടെ മുമ്പാകെ വെച്ചു അവയെ കൊല്ലുവാൻ ഭാവിക്കും. അവർ ഉടനെ ഓരോ കാക്കക്കു കാലണയൊ, അരയണയൊ കൊടുത്തു വാങ്ങി അവയെ വിട്ടയക്കും. സദുദ്ദേശത്തോടുകൂടി ഒരു ജീവി അനുസരിക്കുന്ന സമ്പ്രദായം തങ്ങൾക്കു നാശകരമായി തീരുകയും, ഒരാൾ മഹാപാതകമായി വിചാരിക്കുന്ന കൎമ്മം മററൊരാൾ ദ്രവ്യസമ്പാദ്യത്തിനു ഹേതുവായ വിദ്യയായി ഗണിക്കയും ചെയ്യുന്നതു നോക്കിൻ! എന്തൊരു ലോകം!! ആട്ടെ, നാം കാക്കയുടെ കാൎയ്യം പറയുക. കാക്കകൾ ജാതിപ്പഞ്ചായത്തു, സഭകളും കൂടാറുള്ള പ്രകാരം ചില പ്രകൃതിശാസ്ത്രജ്ഞന്മാർ പറയുന്നു. എന്തായാലും ഭാഷാസംബന്ധമായ കാൎയ്യങ്ങളെപ്പററി പ്രതിപാദിക്കാൻ അവ സഭ കൂടാറില്ലെന്നു ഞാൻ സത്യം ചെയ്തു പറയാം. ഭാഷക്കു സാൎവത്രികമായ ഐകരൂപ്യം വരുത്താനോ സൎവസമ്മതമായ ഒരു വ്യാകരണമുണ്ടാക്കാനോ അവ യത്നിച്ചു തുടങ്ങീട്ടില്ല.

മനുഷ്യരെ അടുത്തു പെരുമാറാൻ ഇത്ര ധൈൎയ്യം കാണിക്കാറുള്ള ജീവി കാകനെപ്പോലെ മററൊന്നില്ല. മെരുങ്ങാൻ ഇത്ര പ്രയാസമുള്ള പക്ഷിയും കാകനെപ്പോലെ വേറെ ഇല്ല. മനുഷ്യനെ വളരെ ഭയമുള്ള അണ്ണാൻ മുതലായ ചില ജീവികൾ വളരെ എളുപ്പത്തിലും നല്ലവണ്ണവും മെരുങ്ങും. കാക്കക്കു വിടാതെ എത്ര ദിവസമെങ്കിലും ഭക്ഷണം കൊടുത്താലും അതു അടുത്തുവരാൻ മടിക്കും. മനുഷ്യരുടെ കയ്യിൽനിന്നു ഭയംകൂടാതെ ഭക്ഷണം കൊത്തിത്തിന്നുപോകത്തക്കവിധത്തിൽ ചിലർ കാക്കകളെ മെരുക്കീട്ടുണ്ടെന്നു കാണുന്നു. കൎണ്ണൽ കണ്ണിങ്ങാം എന്ന സായ്പു ഒരുകൂട്ടം കാക്കകൾക്കു

ദിവസേന ഭക്ഷണം കൊടുക്കാറുണ്ടായിരുന്നപ്പോൾ. അവയിൽ രണ്ടെണ്ണം പെട്ടെന്നു അദ്ദേഹത്തിന്റെ കൈയ്യിൽനിന്നു കൊത്തി തിന്നത്തക്കവണ്ണം ധൈര്യപ്പെട്ടു അടുത്തു ചെല്ലാറുണ്ടു. ഇങ്ങിനെ പരിഷ്കാരലക്ഷണം കാണിച്ചതിനാൽ ആ രണ്ടു കാക്കകൾക്കും മററുള്ളവയ്ക്കു കൊടുക്കുന്നതിൽനിന്നു കുറെ വിശേഷവിധിയായ ഭക്ഷണങ്ങൾ അദ്ദേഹം കൊടുത്തു. മററുള്ളവയ്ക്ക് അപ്പക്കഷണങ്ങൾ കൊടുക്കുമ്പോൾ ഇവയ്ക്കു ബിസ്ക്കാറായിരുന്നുപോൽ കൊടുത്തിരുന്നത്. അപ്പക്കഷണങ്ങൾ എറിഞ്ഞുകൊടുക്കുന്നതു കൈവശപ്പെടുത്താൻ മററുള്ളവ അന്യോന്യം ശഠിച്ചും കലഹിച്ചും യത്നിച്ചുകൊണ്ടിരിക്കെ ഈ രണ്ടു കാക്കകളും സായ്വിന്റെ എടത്തും വലത്തും നിന്നു നോക്കിക്കൊണ്ടിരിക്കും. സർവാണി സദ്യയോക്കെ കഴിഞ്ഞാലാണ് തങ്ങളുടെ സദ്യയെന്നു അവയ്ക്കറിയാം. ചില ദിവസങ്ങളിൽ ബിസ്കാറു കാണിക്കാതെ ഒളിപ്പിച്ചുവെച്ചാൽ ആ രണ്ടു കാക്കകളും കുറെ പരിഭ്രമം കാണിക്കുമത്രെ. ആ നിലയിൽ ഒരു കഷണം അപ്പം കൈവശപ്പെടുത്തിയാലോ എന്നുകൂടി വിചാരിച്ചു പ്രവൃത്തിക്കാറുണ്ടുപോൽ. തലശ്ശേരിക്കടുക്കെ വയലളത്ത് എന്റെ ഒരു സ്നേഹിതൻ ഒരു കാക്കയെ പോററിയിരുന്നു. അദ്ദേഹം എവിടെക്കെങ്കിലും ഇറങ്ങിപ്പോകുമ്പോൾ കാക്കയുംകൂടെ പറന്നുപോകും. മുന്നിട്ടു പറന്നു ഒരു മരത്തിന്റെ കൊമ്പിന്മേൽ നില്ക്കും. അദ്ദേഹം കടന്നുപോയെന്നു കണ്ടാൽ പിന്നെയും പറന്നു മുമ്പിൽപോയി കാത്തുനില്ക്കും. താനുംകൂടെ ഒന്നിച്ചുണ്ടെന്നു ഓർമ്മപ്പെടുത്താനോ എന്തോ ചിലപ്പോൾ പറന്നുപോകുമ്പോൾ അദ്ദേഹത്തിന്റെ തലക്കു ചിറകുകൊണ്ടു മെല്ലെ ഒന്നു തട്ടും. ഈ കാക്കയെ പിന്നെ ആരോ വെടിവെച്ചുകളകയാണ് ചെയ്തത്.

കാക്കകളുടെ കരച്ചലിന്നു അർത്ഥമുണ്ട്. ഒരു പ്രത്യേക തരമായ കരച്ചിൽ 'വിരുന്നു കുറിക്കൽ' ആണത്രെ. അങ്ങിനെ കരഞ്ഞാൽ ആ വീട്ടിൽ ആരോ അന്നു വിരുന്നുണ്ടാകുമെന്നാണ് വിശ്വാസം. ഒരു കാക്ക തനിയെ ഇരുന്നു വീട്ടിന്നടുത്തുനിന്നു ഉറക്കെ ദീനസ്വരത്തിൽ കരയുന്നതു അർത്ഥനസൂചകമാണ്. ഇങ്ങിനെയുള്ള അർത്ഥങ്ങളെപററി ആലോചിക്കുമ്പോൾ കാകഭാഷക്കു ഒരു നിഘണ്ടു ഉടനെ ഉണ്ടാകുമെന്നു വിശ്വസിക്കാം. ഏതായാലും ഒരു വ്യാകരണം ഉണ്ടാകുന്നതാണെങ്കിൽ പാണിനിയെ അനുകരിക്കരു

തന്നെ അപേക്ഷയുണ്ട്. കാക്ക പറക്കുന്നതിലും ചില ലക്ഷണങ്ങളുണ്ടല്ലൊ.

എത്രായിരം കാക്കകൾ ഇന്ത്യയിൽ ഉണ്ടെന്നു എങ്ങിനെ നിൎണ്ണയിക്കാം. യാതൊരു കാനിഷ്ടുമാരി കണക്കുകൊണ്ടും അത് അറിവാൻ കഴികയില്ല. വൈകുന്നേരം സൂൎയ്യാസ്തമന സമയം നമ്മുടെ വീട്ടിന്റെ മുററത്തിരുന്നു മേല്പട്ടു നോക്കിയാൽ അനവധി കാക്കകൾ വേഗത്തിൽ പറന്നു പോകുന്നതു കാണാം. വിശ്രമസ്ഥലത്തേക്കു മടങ്ങിപ്പോകയാണു്. പ്രകൃതിശാസ്ത്രജ്ഞനും, ഒരു വകതത്വജ്ഞാനിയും ആയ എന്റെ ഒരു സ്നേഹിതൻ പലപ്പോഴും ചില വൈകുന്നേരങ്ങൾ ഇങ്ങിനെ പോകുന്ന കാക്കകളെ എണ്ണാൻ ശ്രമിച്ചിട്ടുണ്ട്. ദിവസേന പന്തീരായിരത്തിൽ കുറയാതെ കാക്കകൾ തനിക്ക കാണത്തക്ക വിധം തന്റെ വീട്ടിനുമീതെ പറന്നുപോകുന്നുണ്ടെന്നാണ് അദ്ദേഹത്തിന്റെ കണക്ക്. കാക്കകൾ മനുഷ്യർ താമസിക്കുന്നതിനു വളരെ സമീപം താമസിക്കാനാണ് ആഗ്രഹിക്കുന്നത്. തലശ്ശേരിയും കോഴിക്കോട്ടും മററും കടപ്പുറത്തിനു സമീപമാണ് കാക്കകൾ രാത്രിസമയം അധികം കൂടികാണുന്നത്. ശരീരശാസ്ത്രത്തിന്നനുസരിച്ചു കടൽക്കാററ് ഏല്ക്കേണ്ടുന്ന ആഗ്രത്തിന്മേലൊ, അതൊ ഉദരപൂൎത്തിക്കു മത്സ്യം പിടിക്കാരുടെ സാമീപ്യമാണ് ഫലകരമെന്നുവെച്ചൊ ഇങ്ങിനെ ചെയ്യുന്നതെന്ന് അറിയുന്നില്ല. പകൽ മുഴുവനും ഉത്സാഹിച്ചു പ്രവൃത്തിക്കുന്നതിനു കാകൻ അമാന്തിക്കാറില്ല. അതിന്റെ ചരിത്രകൎത്താവുകൂടി അത്യന്തം ലജ്ജിക്കത്തക്ക ഉത്സാഹം അവക്കുണ്ട്. കാക്കകളിൽ ഒരാൾ തന്നെയാണ് ഈ ചരിത്രവും എഴുതുന്നതെങ്കിൽ രസികരഞ്ജിനി പത്രാധിപരെ രണ്ടാം മൂന്നാം മാസം ഒരുപോലെ ഭഗ്നാശയനാക്കുന്നതല്ലയായിരുന്നു.

എത്ര ഉത്സാഹിച്ചു പകൽ മുഴുവൻ യത്നിച്ചാലും വൈകുന്നേരമായി മടങ്ങി വിശ്രമസ്ഥലത്തെത്തിയാൽ യാതൊരു ക്ഷീണമൊ മടിയൊ കാണിക്കാറില്ല. രാത്രിയായിപ്പോയതുകൊണ്ടും ഉറങ്ങേണ്ടി വന്നുവല്ലൊ എന്നേ അവക്കു വിചാരമുള്ളു എന്നു തോന്നുന്നു. മനുഷ്യനും മൃഗത്തിനും ഒരുപോലെ ഉപദ്രവകരമാകത്തക്കവിധം പുലരുന്നതിനു മുമ്പെ ഇവയെഴുന്നീല്ക്കയും ചെയ്യും.

മൂൎക്കോത്തു കുമാരൻ.

മലയാള നാടകാഭിനയം

ലണ്ടൻ പട്ടണത്തിൽ ഏകദേശം നാനൂറ നാടകശാലകൾ ഉണ്ടെന്നാണ് കേട്ടിട്ടുള്ളത്. അവിടെയുള്ള നാടകശാലകളിൽ നടക്കുന്ന അഭിനയരീതിയെക്കുറിച്ചു കണ്ടറിഞ്ഞിട്ടുള്ളവർ പറയുന്നതു കേട്ടാൽ, നാം അമ്പരന്നു പോകും. സമുദ്രങ്ങളും വനാന്തരങ്ങളും മുതലായവ സാക്ഷാൽ സമുദ്രങ്ങളും വനാന്തരങ്ങളും മുതലായവപോലെ, ഭയങ്കരനക്രതിമിംഗലസംക്ഷുബ്ധങ്ങളായും സിംഹവ്യാഘ്രമത്തഗജപ്രകമ്പിതങ്ങളായും മററും ആണ് പ്രദർശിപ്പിക്കപ്പെടുന്നത്. നായാട്ടു സമയത്ത, പത്തടി ചതുരം പോരുന്ന ഒരു തട്ടിനു പകരം, വിസ്താരം കൂടുന്ന വനപ്രദേശം; കുതിരകളും പായുന്നതിനെ കാണിക്കുന്നതിനായി, വേഷക്കാരൻ കവച്ചുനിന്നുകൊണ്ടു വെറുതെ ഷോടർ' എന്നോ മററൊ പറയുന്നതിനു പകരം, സാക്ഷാൽ കുതിരകളും പായത്തക്ക വിസ്താരം കൂടുന്ന കളം; എന്നിതുകളെ ഒക്കെ സ്വാഭാവികമായി അരംഗത്തു തോന്നിക്കുന്നതിന് ആവശ്യമായ എല്ലാവിധ ഉപകരണങ്ങളും ലണ്ടൻ നാടകക്കാരുടെ കൈവശമുണ്ട്. ഇങ്ങിനെ നാടകാഭിനയത്തിനു പരിപൂർണ്ണമായ പാകതയെ വരുത്തുന്നതിന് അവൎക്കു സാധിക്കുന്നതിൻെറ ഒരു കാരണം, അവർ ലണ്ടൻ പട്ടണനിവാസികളായതു തന്നെ. യന്ത്രപ്രയോഗം, വിദ്യുൽപ്രയോഗം, ഔഷധപ്രയോഗം എന്നിങ്ങിനെ നമ്മുടെ ശക്തിക്ക് അപ്പുറമായിരിക്കുന്ന അനേകവിഷയങ്ങളും പരിഷ്കൃതന്മാരായ അവൎക്കു സ്വാധീനങ്ങളല്ലോ. ഈ വക പ്രയോഗങ്ങളെ ഒഴിച്ചു അഭിനയസാഫല്യത്തിനായി അവർ ചെയ്യുന്ന വേറൊരു വിദ്യയെ ഇവിടെ പ്രത്യേകം സ്മരിക്കേണ്ടതാണ. ലണ്ടനിലുള്ള അനേകം നാടകശാലകളിൽ ഓരോന്നിലും ഒരു നാടകം മാത്രമാണ് എല്ലാ രാത്രികളിലും അഭിനയിക്കപ്പെടുന്നത്. ഒരു പ്രത്യേക നാടകസംഘക്കാർ അഭ്യസിച്ചിട്ടുള്ള

ഇതരനാടകം മാത്രമു, അവരുടെ ശാലയിൽ രാത്രിതോറും അ
ഭിനയിക്കപ്പെടുന്നത് ആ പ്രത്യേകനാടകം മാത്രവും ആയിരിക്കും.
ഒരു പ്രത്യേക വൎഷത്തിൽ, അഭിനയകാലം എല്ലാ രാത്രയിലും, എ
ന്നല്ല, അടുത്ത വൎഷത്തിലും ഒരേ നാടകംതന്നെ അഭിനയിക്കുന്ന
നാടകശാലകൾ ലണ്ടനിൽ അനേകമാണു്. വേറെ നാടകം കാ
ണണമെന്നുള്ളവർ അന്യശാലകളിൽ പൊയ്ക്കൊള്ളാവുന്നതാകകൊ
ണ്ടു കാണികൾക്കും, പുത്തൻപുത്തനായി ധാരാളം കാണികൾ
വരത്തക്കവണ്ണം ലണ്ടനിൽ ജനബാഹുല്യം ഉള്ളതിനാൽ നാടക
സഭക്കാൎക്കും ഇച്ഛാഭംഗത്തിന് ഇടയുണ്ടാകുന്നുമില്ല. ഇങ്ങിനെ ഓ
രോ നാടകസമാജക്കാരും ഒരു പ്രത്യേക നാടകത്തിലേക്കു മാത്രം ദൃ
ഷ്ടി വെയ്ക്കുന്നതിനാൽ നാടകാഭ്യസനം രംഗവിധാനം ഉപകരണനാ
നരൂപ്യം എന്നിതുകളെ കഴിയുന്നതും നന്നാക്കുന്നതിലേക്കു ആവ
ശ്യമായ സമയവ്യയവും ധനവ്യയവും ചെയ്യുന്നതിനു നാടകസമാ
ജങ്ങൾക്കു അധികം സൗകൎയ്യമുണ്ടാകുമെന്നുള്ളതു നിൎവിവാദമാണ
ല്ലോ. സംഭരിക്കപ്പെടുന്നുള്ള സാമാനങ്ങളും, അഭ്യസിക്കപ്പെടുന്ന വി
ദ്യയും ദീൎഘകാലത്തേക്കു് ഉപയോഗപ്പെടുമെന്നുള്ള ബോധം, പ്രവ
ൎത്തകന്മാൎക്കു പ്രോത്സാഹകപ്രദമാണെന്നുള്ളതു പ്രത്യക്ഷംതന്നെ. ഓ
രോ രാത്രിതോറും ലണ്ടൻ സമാജങ്ങളുടെ അഭിനയങ്ങൾ നന്നാകു
ന്നതിനും അഭിനയസാഫല്യാവഹങ്ങളായ ഉപകരണങ്ങൾ പരി
ഷ്കരിക്കപ്പെടുന്നതിനും ഇടയാകുന്നതിന്റെ ഒരു മുഖ്യകാരണം ഇ
താണ്.

മലയാളനാടകാഭിനയത്തിന്റെ അവസ്ഥ എങ്ങിനെ ഇരിക്കു
ന്നു എന്നാലോചിക്കുക. ഒരു പ്രത്യേക നാടകത്തെ ഒരു പത്തു
പ്രാവശ്യം അഭിനയിച്ചിട്ടുള്ള എതെങ്കിലും ഒരു നാടകക്കമ്പനി ഈ
മലയാളരാജ്യത്ത് ഇന്നുണ്ടോയെന്നു ഞാൻ സംശയിക്കുന്നു. കൂടി
യപക്ഷം രണ്ടോ നാലോ തവണ മാത്രം അഭിനയിക്കുവാനായി മാ
ത്രമാണ്, ഓരോ സമാജക്കാരും ഓരോ നാടകം അഭ്യസിച്ചുപോരു
ന്നത്. കുറഞ്ഞകാലത്തേക്കുള്ള ഒരു കൃതാൎത്ഥതയ്ക്കായി ദീൎഘകാല
പരിശ്രമവും ഉപകരണങ്ങളെ സമ്പാദിക്കുന്നതിൽ അധികം ധന
വ്യയവും ആരും ചെയ്യുന്നില്ലെങ്കിൽ, അത് ഒരു വലിയ കുററമാ
ണെന്നു തോന്നുന്നില്ല. ഈ കാരണം നിമിത്തം മൂന്നോ നാലോ ആ
ഴ്ചവട്ടം അഭ്യസനം ചെയ്തശേഷം ഏതാനും കട്യാവുകഷണങ്ങൾ

സംഭരിച്ചുകൊണ്ടു നാടകക്കമ്പനികൾ അഭിനയം ആരംഭിക്കുകയും വഷളാക്കുകയും ചെയ്യാനിടയാകുന്നു. മലയാളരാജ്യത്തിൽ മലയാളനാടകം നടന്നുപോരുന്നതിൽ ഒരു പ്രധാന സ്ഥലമായി ഗണിക്കപ്പെടേണ്ട ഈ തിരുവനന്തപുരം പട്ടണത്തിൽ വിക്ടോറിയാജൂബിലിഹാളിൽ ഉണ്ടാകാറുള്ള മിക്ക അഭിനയങ്ങൾക്കുമേയും മനുഷ്യോപദ്രവകരങ്ങളായിരിക്കുന്നതിൽനിന്നു മലയാള നാടകാഭിനയത്തിന്റെ ഏതൽകാലാവസ്ഥയെക്കുറിച്ചു ഞാൻ പലപ്പോഴും പരിതപിച്ചിട്ടുണ്ട്. ഏതാനും പ്രാവശ്യം മാത്രം അഭിനയിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടെ അഭ്യസനം നടന്നുവരുന്ന കാലത്തോളം മലയാളനാടകാഭിനയത്തിന്റെ അവസ്ഥ വളരെ നന്നായി കാണ്മാൻ മാർഗ്ഗമുണ്ടാകുന്നതല്ല.

ഒരേ നാടകം നിത്യവും രാത്രി ഒരേ സ്ഥലത്തുതന്നെ അഭിനയിക്കപ്പെടുന്ന പക്ഷം കാണികൾ തുടരെ വന്നുകൊണ്ടിരിക്കത്തക്ക ലണ്ടൻ പട്ടണം മലയാളരാജ്യത്തില്ലെന്നുള്ളതു ഞാൻ വിസ്മരിക്കുന്നില്ല. പരിഷ്കാരം സ്ഥലഭേദത്തെ ഗണിച്ചുതന്നെ ചെയ്യപ്പെടേണ്ടതാണ്. ഒരു മലയാളനാടകസമാജത്തിന്റെ പ്രയോഗത്തെ തുടരെ വഹിക്കത്തക്ക ഒരു പട്ടണമെങ്കിലും നമുക്കു ഇല്ലാതിരിക്കുന്നതിനാൽ മലയാളനാടകസമാജങ്ങൾ, മലയാളരാജ്യത്തെ മുഴുവനും ലക്ഷ്യമാക്കി ആരംഭിക്കേണ്ടതാണ്. ഒരു രാത്രി നല്ലതായി അഭിനയം ഉണ്ടായി എന്നു കേട്ടാൽ അടുത്ത രാത്രി അധികം ആളുകൾ കാണികളായി വരാൻ ഇടയുള്ളതുകൊണ്ടും, ഒരേ നാടകത്തെത്തന്നെ പിന്നേയും പിന്നേയും കാണുന്നതിനു മലയാള പട്ടണങ്ങളിൽ ആളുണ്ടാവാൻ ഇടയില്ലാത്തതുകൊണ്ടും മലയാളനാടകസമാജങ്ങളുടെ അധീനത്തിൽ ഒന്നിലധികം നാടകങ്ങൾ ഉണ്ടായിരിക്കേണ്ടതും ആവശ്യമാണ്. ഇങ്ങിനെ മലയാളരാജ്യത്തിലുള്ള പ്രധാന പട്ടണങ്ങളിലൊക്കെ സഞ്ചരിക്കാൻ തെയ്യാറായി മൂന്നിൽ കുറയാതേയും അഞ്ചിൽ കൂടാതേയും നാടകങ്ങളെ അഭ്യസിച്ച ഒരു നാടകസമാജം പുറപ്പെടുന്നതായാൽ മലയാളരാജ്യത്തിന്നു ഒരു ആവശ്യനിഗ്രഹണവും നടന്മാൎക്കു ധനലാഭവും ഉണ്ടാകാൻ ഇടയുള്ളതാണ്. സംബന്ധം ഒരു നല്ല വിദ്വാന്റെ കീഴ് നടന്മാർ നാടക കഥാഗതിയെ ഗ്രഹിച്ചു യോഗ്യന്മാരുടെ സദസ്സിൽ അഭിനയിക്കത്തക്ക പാടവത്തോടുകൂടിയ ഒരു സമാജം ഉണ്ടാവണമെന്നാണ് ഞാൻ

ആഗ്രഹിക്കുന്നത്. സ്വരച്ചേർച്ച, വേഷച്ചേർച്ച, മുതലായി ഇപ്പോൾ ഉള്ള നാടകസമാജങ്ങൾ സാധാരണ ഗണിക്കാറില്ലാത്ത അനേകം സംഗതികളെ ഗണിച്ചു നടന്മാർ തിരഞ്ഞെടുക്കപ്പെടണം എന്നു വിശേഷിച്ചു പറയേണ്ടതില്ലല്ലോ. ഇങ്ങിനെ കഴിയുന്ന യോഗ്യതകൾ വരുത്തിക്കൊണ്ടു പുറപ്പെടുന്ന ഒരു മലയാളനാടകസമാജം, ദീർഘായുസ്സായിരിപ്പാൻ ഇടയുണ്ടെന്നുള്ളതിലേക്കു പല ലക്ഷ്യങ്ങളുമുണ്ട്. അല്പപ്രാണങ്ങളായ സമാജക്രിമികളുടെ ഗോഷ്ഠിതരങ്ങളെ കാണുന്നതിന്നായി പണം കളയുന്ന മലയാളികൾ നാടകീയരസാനുഭോഗത്തിനു ശക്തന്മാരാണെന്നുള്ളതുതന്നെ ഒരു ശുഭശകുനമാണ്. മദ്രാസുമുതലായ പട്ടണങ്ങളിൽ വർഷംതോറും സഹൃദയഹൃദയാഹ്ലാദനവും പണാപഹരണവും ചെയ്യുന്ന യൂറോപ്യൻ നാടകകമ്പിനിക്കാർ പാർസി നാടകക്കമ്പിനിക്കാർ മുതലായവരെ ആകർഷിക്കത്തക്ക ജനപ്രാഭവം ധനപ്രാഭവം മുതലായവ മലയാളരാജ്യത്തിനില്ലാത്തതും, മലയാളനാടകസമാജത്തിന്റെ ദൃഷ്ടിയിൽ ഒരു അനുഗ്രഹമാണ്. മലയാളികളുടെ നാടകാസ്വാദനകാംക്ഷയെ അടിസ്ഥാനമാക്കി പണാപഹരണം ചെയ്തുപോരുന്ന തമിഴുനാടകക്കമ്പിനിക്കാരെ തോല്പിക്കാൻ നമുക്കു കഴിയാത്തതല്ല. സംഗീതസാമർത്ഥ്യം ഉപകരണഭംഗി എന്നിതുകളെ പല തമിഴുകമ്പിനിക്കാരും അനുകരണീയമായി ബഹുമാനിക്കാറുണ്ടെങ്കിലും നാടകാഭിനയത്തിന്റെ ജീവനായ നാട്യവിദ്യ, അഭിനയം സ്വഭാവത്തിന്റെ പകർപ്പായിരിക്കണമെന്നുള്ള ബുദ്ധിയുടെ സർവ്വതോന്മുഖമായ പ്രവേശനം എന്നീ വിഷയങ്ങളിൽ അവർ പല മലയാളനാടകസമാജങ്ങളെക്കാൾ താഴെയാണ്. മലയാളരാജ്യത്ത അഭിനയിക്കപ്പെടാറുള്ള തമിഴുനാടകങ്ങൾ കഥയുടെ ബന്ധം, വികാസം, സ്വഭാവം, പരിണാമം എന്നീ വിഷയങ്ങളിൽ മലയാളനാടകങ്ങളെ ഒട്ടുംതന്നെ അതിശയിക്കുന്നില്ല. തമിഴന്മാർ മലയാളത്തു നടപ്പാക്കിയ 'സദാരാമ' എന്ന നാടകം മലയാളികൾക്കു രുചിക്കത്തക്ക ഒരു നിലയിൽ ആവുന്നതിനു ആ കഥയെ ഉടച്ചു ശുദ്ധിചെയ്തു വീണ്ടും വാർത്തെടുക്കുന്നതിനു വിദ്വാനായ കേ. സി. കേശവപ്പിള്ള അവർകളുടെ ശ്രമം ആവശ്യമായിരുന്നു എന്നു യോഗ്യന്മാർ സമ്മതിച്ചിരിക്കുന്നതിൽനിന്നു മലയാളരാജ്യത്തു നടപ്പുള്ള തമിഴുനാടകങ്ങളുടെ പോരായ്മ ജനബോധം വന്നിട്ടുണ്ടെന്ന് അനുമാനിക്കാമെന്നു തോന്നുന്നു.

ആയതിനാൽ ഒരു നല്ല മലയാളനാടകസമാജം ജീവിക്കത്തക്ക സൌകൎയ്യവും ആവശ്യവും മലയാള രാജ്യത്തുണ്ട്. മഹിമശ്രീ കേരളവൎമ്മ വലിയ കോയിത്തമ്പുരാൻ തിരുമനസ്സിലെ തൎജ്ജമയായ കേരളഭാഷാശാകുന്തളത്തിന്റെ കാലം മുതൽ, മലയാളികളുടെ ഇടയിൽ വളൎന്ന നാട്യവിദ്യയിൽ സൎവ്വജനസമ്മതമാകുംവണ്ണം സാമൎത്ഥ്യം പ്രകടിപ്പിച്ചവർ, മ. രാ. രാ. കൊല്ലം നാരായണപിള്ള അവർകളും മ. രാ. രാ. കോട്ടയം കൊച്ചിപ്പൻ തരകൻ അവർകളും ആണെന്നുള്ളതിനെപ്പററി അഭിപ്രായഭേദമുണ്ടാവാൻ തരമില്ല. ഏകദേശം ഒരു പതിനഞ്ചു വൎഷങ്ങൾക്കു മുമ്പു മിസ്റ്റർ നാരായണപിള്ള തിരുവനന്തപുരം മുതൽ തലശ്ശേരി വരക്കും ഉള്ള മലയാളികളുടെ ഇടയിൽ നൂതനമായി സൃഷ്ടിച്ച ഒരു രോമാഞ്ചവിശേഷം ഇന്നും പലരും സ്മരിക്കുന്നുണ്ടായിരിക്കും. നാടകാഭിനയം സ്വാഭാവികമായ ലോകഗതിയുടെ ശരിപകൎപ്പായിരിക്കണമെന്നുള്ള നിൎബന്ധമായ നിഷ്കൎഷയോടുകൂടെ രംഗപ്രവേശം ചെയ്ത മിസ്റ്റർ കൊച്ചീപ്പൻ തരകൻ അവർകളും മലയാളനാടക സമാജചരിത്രത്തിൽ സ്മരിക്കപ്പെടേണ്ട ഒരു പുരുഷൻ തന്നെ. ഇവർ രണ്ടാളും യോജിച്ച് ഒരു മലയാളനാടകസമാജം ആരംഭിക്കുകയാണെങ്കിൽ, മലയാള നാടകാഭിനയം തമിഴ്‌രാജ്യങ്ങളിലേക്കു കൂടെ പടരാൻ ഇടയുണ്ടാവാമെന്നു സംശയസ്ഥാനത്തും, മലയാളികൾക്ക് അതിരു കവിയുന്നതായ നാടകഭ്രാന്തും യോഗ്യന്മാരായ ഈ നടന്മാൎക്കു ധനലാഭവും യശോലാഭവും രാജാക്കന്മാർ പ്രഭുക്കന്മാർ ആദിയായവരിൽനിന്നു അനുമോദനങ്ങളും നിരൎഗ്ഗളമായി ഉണ്ടാവുമെന്നു നിശ്ചയമായിട്ടും, അഭിപ്രായപ്പെടാം. ഈ നടന്മാരുടെ ഉദ്യോഗഭേദം സ്ഥലഭേദം ജാതിഭേദം മുതലായതുകളാൽ ഇവർ യോജിച്ചു ഒരു നാടകസമാജം രൂപപ്പെടുവാൻ ഇടയില്ലാത്ത പക്ഷം, മലയാളികൾക്കു ഒരു ഭാഗ്യം നഷ്ടമായി എന്നു അടങ്ങിക്കൊള്ളുകയല്ലാതെ നിവൃത്തിയില്ല. എന്നാൽ ഇവരിൽ ആരെങ്കിമോ അഭിനയസാമൎത്ഥ്യം ഉള്ള വേറെ വല്ലവരുമോ ഒരു നാടകസമാജം ആരംഭിക്കുമെന്നു പ്രതീക്ഷിക്കാം. തലശ്ശേരി, മംഗലപുരം, കോഴിക്കോട്ടു, തൃശ്ശിവപേരൂർ, എറണാകുളം, കോട്ടയം, കൊല്ലം, തിരുവനന്തപുരം മുതലായ മലയാളപട്ടണങ്ങളിൽ ആണ്ടുതോറും വേനൽക്കാലം സംബന്ധിച്ചു പ്രസ്തുത നാടകസമാജം യാത്ര ചെയ്യണമെന്നാണ് എന്റെ ആഗ്രഹം. ഒരു മൂന്നോ നാലോ നാടക-

ങ്ങളെ വേണ്ടവണ്ണം അഭ്യസിച്ച് അതിന്നു വേണ്ടുന്ന കോപ്പുകളും സംഭരിച്ച് വഷംതോറും സക്കിട്ടു ചെയ്യുന്ന ഈ സമാജത്തിന്റെ ആഗമനത്തെ പ്രാത്ഥിച്ച്, മദ്രാശിക്കാർ പാർസി നാടകക്കമ്പനിക്കാരെ നോക്കിപ്പാത്തുകൊണ്ടിരിക്കുന്നതുപോലെ, എല്ലാ മലയാളപട്ടണങ്ങളും സന്തോഷാകുലങ്ങളായിരിക്കുമെന്നു വിശ്വസിക്കാവുന്നതാണ്.

വി. എം. ചെറിയാൻ.

മലയാം കൊല്ലം

കന്നിമാസം

1

നക്ഷത്രമാലകളണിഞ്ഞമലാംബരംപൂ-ണ്ടക്ഷീണശോഭമരവിന്ദമുഖംവിടൎത്തി
നക്ഷത്രനാഥകിരണസ്മിതമാൎന്നനാനാ ലക്ഷ്മീവിലാസമൊടു'കന്യ,വരുന്നുകാൺക'

2

ശങ്കിച്ചിടാതെരവികന്യയൊടൊത്തിടുന്നു പങ്കോത്ഭവങ്ങൾനിറയുന്നജലാശയത്തിൽ
കാഴ്കിന്നു നല്ലമുത്തുകൾക്കുസമാനമായ തേങ്ങയ്ക്കുവന്നകുറവിന്നവസാനമില്ല.

3

അംഭോധിയാസകലവുംകളിയായ്ക്കുടിച്ച കുംഭോത്ഭവൻമുനിതപോനിധിവന്നുദിച്ചു
അംഭസ്സുതന്നുടയദോഷമശേഷവുംവി-ട്ടംഭോജചാരുനയനേ! വിലസുന്നുകാൺക.

4

ക്രൂടീഗുണങ്ങളധികംനളിനീസുഹൃത്താ-യിട്ടുന്നൊരുഷ്ണകിരണന്റെകരത്തിനെല്ലാം
വാട്ടംതെല്ലകച്ചിജലജങ്ങളിൽവന്നുചേൎന്നു പാടെതെളിഞ്ഞുസലിലങ്ങൾസമസ്ത [ലോകേ

5

കാറെന്നപേരൊടുകനത്തുകിടന്നിരുന്ന ചേറങ്ങുനീങ്ങിമുഴുവൻഗഗനത്തിൽനിന്ന്
താരാപഥത്തിലുഴകോടുചരിച്ചിടുന്ന താരേശപാദമതിനിൎമ്മലമായിടുന്നു.

6

എല്ലാടവുംമഴകൾകൊണ്ടുവളംപിടിച്ച ചൊല്ലാൎന്നൊരോഷധികളൊക്കെയുമേറെവാ
കല്യാണി! കാൺകഭഗവാന്നടനോഷധീശ-നുല്ലാസമോടുവിലസുന്നുമഹാപ്രസാദൻ. [ച്ചു

7

ഓരായിരംകിരണമുള്ളദിവാകരന്റെഘോരാംശുകൊണ്ടുഭുവനങ്ങൾതപിച്ചിടുന്നു
ധാരാളമംസ്തിമലശീതളതോയമുള്ള നീരാഴികൾക്കസുഭഗത്വഗുണംവളൎന്നു.

8

ഏറ്റംതണുപ്പഹിമമുള്ളൊരുവൃശ്ചികത്തെ പേറുന്നധന്വാജവൃഷങ്ങളിലിങ്ങുവെള്ളം
മറവുള്ളമാസമഖിലംസലിലംകലങ്ങും മുറ്റുംപ്രിയേ! ജലസുഖംഭുവികന്നിതന്നിൽ

9 [ൻ
വെള്ളപ്പളുങ്കിനെതിരായതിയാസ്സിളുങ്ങും വെള്ളത്തിനുള്ള കൊതികൊണ്ടു ജലാശയത്തി
ഉള്ളിൽക്കടന്നു ഗഗനം പ്രതിബിംബമെന്ന കള്ളം നടിച്ചു മരുവുന്നു ശരദി സ്വച്ഛം

10
അന്നങ്ങളിപ്പൊഴരിലംബുരുഹാകരത്തിൽ മുന്നം വരുന്നതു കവീന്ദ്രർ കഥിച്ചു കേൾപ്പൂ
ധാത്ര്യാം പരന്ന പതിവില്ലവയിപ്പൊളെങ്ങും അന്നത്തെ വന്ന ഗതിഭംഗി കലർന്നകം

11 (ന്ത
പ്പിത്തതീക്ഷ്ണഗുണമോർത്തതികോപമാർന്നോരപ്പിത്തശാന്തി വരുവാൻ വരവൈദ്യലോ
കെല്ലാത്തനല്പമൃതതുല്യജലപ്രയോഗമിപ്പോൾ തരത്തൊടു പരക്കെ വിധിച്ചിടുന്നു. [ക

12
കാറൊക്കെനീങ്ങി മുഴുവൻ ഗഗനത്തിൽനിന്നു ചേറൊക്കെയില്ലവനിയിൽ പൊടിയില്ലയെല്ലും
ചേരുന്നതില്ല തുഹിനം, വിമലം സമസ്തം സാരം നിനയ്ക്കിൽ മലമെന്നൊഴിൽ ചൊല്പതല്ലാ.

13
തിണ്ണം വെളുന്ന സിതമാസ്സിലസുന്നിളുഴിപ്പെണ്ണിന്റെ നൽക്കബരിയാം വനരാജിയെല്ലാം
ഉണ്ണാശരത്സഖിയതിൽ കുസുമങ്ങൾ ചേർത്തു പൂണ്ണു പ്രകാശമൊഴ കൊണ്ടുളവാക്കിടുന്നു.

14
ഒന്നാന്ത്യമെന്ന വലുതായ ഗുണത്തിനാലേ മാന്യത്വമാർന്ന മലവൻമഹാഗജങ്ങൾ
മന്നത്രവിട്ടു മലതൻമുടിയിൽ കരേറി മിന്നുന്നു ഹസ്തിപകസംഘയമോടുകൂടി.

15 [ന്മാർ
സമ്പൂതമെന്ന ഗുണമേറിയ സല്ലന്നത്താൽ ശൈലത്തെവെന്നൊരു മതംഗജപുംഗവ
രെല്ലൊത്തുചേർന്നു വശാൽ മലതന്നിൽ വഗത്താലെത്രയുതേടിച്ചു വങ്ങിവരുന്നു നിത്യം

16
കാട്ടിൽക്കടന്നു കളിയാടി നടപ്പതിന്നു നാട്ടാനകൾ ക്ഷമിഹസ്തകോടിയിന്നിടുന്നു
കെട്ടുന്നു വാച്ചു മദമോടിഹ നിന്നു നഷ്ടം കട്ടുള്ള വങ്കരികളെ ഗജപാലകന്മാർ.

17
സ്ഥൂലസ്തനപ്രിയഗിരിപ്രവരേ ഗിരീശ മൈവചിപ്രകാശിമൃഗശൃംഗനിടീലമൃഗാക്ഷി
ചേലൊത്തിടും ഗിരികൾ ശഷ്പമയങ്ങളായി ച്ചാലേ സുഖം ഗഗണത്തിനു നൽകിടുന്നു.

18 ളേ;
ചൊല്ലാന്നൊഴരസികരം കരസംവലത്താൻ കല്യാണഹാരമണിയും കളർകൊങ്കയാ
കല്യാണികാങ്കു ഗഗ്ഗ ഫ സുഖം കൊടുപ്പാൻ പുല്ലായിടുന്നു മലയൊക്കെയുമിപ്പൊളേറ്റം

19
പാദേജനങ്ങളകലുന്നവിധത്തിൽമാന ത്തോടൊത്തഭൂമിധർ സന്നിധിയും സമസ്തം
കാടായിടുന്നു മതിശുന്യമൃഗങ്ങളൊത്തു കാടക്കചേന്നിതുമിരിപ്പിടമായിടുന്നു

20 [ന്നു
നാനാവിധൌഷധികൾ വേണ്ടൊരുമട്ടു ചേർന്നു ദിനം വെടിഞ്ഞു വവിനങ്ങൾ വിളങ്ങിടു
ജ്ഞാനാചികിത്സകളിലുള്ളവരിങ്ങാണ്ടു ക്ലമം വിനാ ചലമരുന്നുകൾ തീർത്തിടുന്നു

21
ബിംബത്തിലേറ്റവുമറപ്പുജനത്തിനേകം രമ്യാധരോഷ്ഠി! വമനത്തിനു വൈകല്യതം;
ബിംബത്തൊടൊത്ത മദനാദിഗണത്തിനാലെ നിർമ്മിച്ചിടുന്നു പലലേഹ്യമതാദി യോഗം

22
പ്ലാണാദിവാതശമനത്തിനു തീർത്തിടുന്നു ചേണാന്നവൈദ്യർ ദശമൂലകഷായതാസവാദി
പ്രാണേശപരി! സ്മരദശാമരകാദിമൂലമാണെന്നു മുന്നലകിലുമപുകഴുന്നകാന്തേ

23

ഇഞ്ചച്ചിൽ വയ്യ്‌പ്പടയവൈദ്യന്മാരിതുകൊണ്ടു പിത്തപ്രശാന്തികരണത്തിനനേകരോഗശ
ചിത്തോത്തുവാളിധകലന്നതിതിക്കുന്നമായ പിത്തവേളക്കമയിലിരു! ചമച്ചിടുന്നു

24

കണ്ടാലുമിന്ദുമയമായകംഹാകെട്ടാനാശ്ശ്വാണ്ടിനുവൈദ്യസുരസാമ്യമധുപ്രദയാംശം
ചുണ്ടിൻ്റെനത്സ്വാസമാംമധുരചന്ദ്രവക്ത്രാകൊണ്ടിന്ദുവിനാശമമേകിയമേഘവേണി!

25

ഭിനവെത്തയൊക്കെയുമമത്തുവതിന്നുകല്പ ഥമാനോകതിതിയിലദന കമഹെറൗഷധവത്ത
ളുരനചൊമന്നിയെളിഷക്കകൾതിത്തിട്ടന്ന് മാനാത്തഴംശതളിഷക്‌ പതരമ്യവക്ത്രേ

26

മുട്ടാതെനല്ലവെയിലുണ്ടു,മഴന്നിലൊന്നും കിട്ടാതെയില്ലവനിയിൽ,സുലഭംസമസ്തം
ചുട്ടററിടുന്നസകലൌഷധമാവനസ്സ്വിതൊട്ടേറ നന്നുമഭനൌഷധിവല്ലിമാസം

27

ഇതമന്നിലിപ്പൊഴുതിലത്തലശേഷവും റിട്ടാമോദസാരമയമാസ്സിചസുന്ദസവ്വം
കാമാനുകൂലമഖിലംവിളവാന്നകന്നിപ്പൂമോഹനം പുതിയപൂമദപാംശിയാളേ

28 [മൂലം

ധിഷത്തിലിങ്ങധിക കണ്ടൊഴികെസ്സമസ്തം വിശേഷാത്തമക്കൃഷികൾകൊണ്ടുവിളഞ്ഞ
ഏദസപതരതാമിടരചന്ദ്രൌധന്യശംറം നിശ്ശേഷമിപ്പൊഴുതുധാന്യമയന്നിവാച്ചുരൾ

29

മോടപ്രധാനബഹുധാന്യഗുണങ്ങൾകൊണ്ടു പാടങ്ങളെങ്ങുംഭുവി പന്മുകൾതാഴ്ത്തിടുന്നു
മോടിപ്രധാനബഹുധാന്യഗുണങ്ങൾകൊണ്ടു പാടസുരാംശനകൾതാനുതൊഴുന്നതന്വീ

30 [ങ്ങും

എല്ലാടവുംവിലയോടൊത്തുവിളഞ്ഞുപണംപ്പൂപ്പ ശ്രുതിന്നുഭുവിനെല്ലിനുപഞ്ഞമെ
വല്ലാത്തനാട്ടതന്നിഗ്ഗുണലേശശൂന്യനല്ലോംഗനാംശികസൽഗ്ഗുണംബിഭ്രതേ

31

അത്യന്തമാകിയഗുണത്തിനുമേശകാലതപഞ്ഞതായവരെല്ലപ്പമോദടറെവാങ്ങി
സത്തായനെല്ലറയിലിട്ടിറകാത്തിടുന്നിതിത്തപ്പു, ശൈശവസമാജ്ഞിതസാരവിദ്യേ

32

മന്നോക്കുല്യമഖിലത്തിനുപുഷ്ടിനൽകും മന്നചമയ്ക്കുമൊന്നനെൽവിളവോടുകൂടി
സൈന്യങ്ങളെത്തകറികൾക്കഹവണ്ടശിംബി ധാന്യങ്ങൾകമ ചിത്രവിളഞ്ഞി

33 [ടുന്നു

പത്മപ്രിയൻമിഹിനാറിൽ വിളങ്ങിടുന്നുപത്മത്തിനൊക്കെയഴകേററമണഞ്ഞിടുന്നു
ഛത്മംവെടിഞ്ഞുളവനേവിളയാടിടുന്നു പത്മാക്ഷഗേഹശബന്ധുതപൂണ്ടപത്മം

34

കണ്ടാലുമേറെമഴകൊണ്ടിഹമങ്കതന്നിലുണ്ടാം മകത്തിനുമെഴുന്നമഹാവിശേഷം [മാറ്റും
തണ്ടാർശരൻബചമണാച്ചെന്തസൽഗ്ഗുണണൌഘംകൊണ്ടാശുകാമനബചാത്തവളത്തു

35

ചിങ്ങത്തിലുള്ളവലുതാകിയഘോഷമെല്ലാം മിഞ്ചുന്നെന്നിമ്പ തപൂണ്ടോം കന്നിതന്നിൽ
ഞങ്ങാതകംഞ്ചപതിവാണു,യിദപ്പ്ണശ്രീമങ്ങും കപോലതലദൃപ്യസുന്ദരമുഖേ

36

ക്ടോകസ്സുമടെനല്ലകരങ്ങൾതാൻ്റെ ചൂടിൻപ്രയോഗമഖിലംക്ഷിവിട്ടത്തിടുന്നു
പാടോടുകൂടിസാന്ദ്രകരൻകത്തിൻ ചൂടേററിടുന്നുജലജംവിടരുംപ്രകാരം

37

വല്ലാതെയുള്ളൊരുവലിപ്പവുമങ്ങുമിങ്ങും തുല്യതവുംതടവിട്ടന്നൊരുമല്ലയുദ്ധം
ഉല്ലാസമാർന്നുളവാസ്ഥരമാരനേകം സല്ലീലയാടിമരുവുന്നിതുമല്ലരത്രെ

38

ചേട്ടന്നുകാണികളശേഷവുമേറെവാഴ്ത്തും മട്ടുള്ളനല്ലടികൾകൊണ്ടുജയിപ്പവർക്ക്
കിട്ടുന്നുമന്യൂതവരുമ്പടിപട്ടനേകം പട്ടൊക്കയുംപടയിൽവെന്നടിയുള്ളകാരത

39

ഒവക്കാവടക്കരൊടനൽക്കരശക്തികണ്ടാലുൾക്കാമ്പിലാക്കരസമിങ്ങുളവാകയില്ല
ഇക്കാലമക്കനതിയാസ്ലിലസ്യന്തതെക്കൻ ദിക്കാശ്രയിച്ചുമിഹനൽക്കരശക്തിയോടെ

40

ചിങ്ങത്തിലോണമരശാന്തമതംലഭിച്ചും ഞിങ്ങാചരിശ്ശപതിവങ്ങിനെയല്ലീതോണം
ശൃംഗാരസാരമൊഴുകുന്നനിജാംഗചേഷ്ടാ ഭംഗ്യാസമസ്തവുമിളക്കിമയക്കമാറ്റ്

41

ഇഗ്രാമപൂർവ്വഹരിപങ്ക്തികൾ,മങ്കതന്നൊടഗ്ര്യതമാർന്നഗുണവാൻഹരിചേരമിപ്പോൾ
വ്യഗ്രതമന്നിയെകൊടിച്ചിയൊടൊത്തിടുന്നണഗ്ര്യാമ്യസുഭജനശീലിതശീലവർഷ്ഠ

42

ഭംഗവെരാതെപരമുക്കകലർന്നനാട്ടുൾ ഭംഗ്യാകൊടിച്ചികളൊടൊത്തുനടന്നിടുന്നു
ശൃംഗാരമാരസമതിന്നനുകൂലമായിസ്സംഗീതമങ്ങുചിലനാട്ടുകളൂടങ്ങിടുന്നു

43

മാരാർത്തിയാൽമതിമറന്നശനാദിയെല്ലാം തീരെത്യജിച്ചിഹകൊടിച്ചികളോടുകൂടി
കൈ.സഹാരമിശ്ശമൊരുനാട്ടുകളിൽതാസദാപി പാരംചടച്ചുതനുവൊന്നു കരച്ചിടുന്നു

44

പുല്ലങ്ങതിന്നമലമായജലംകുടിച്ചു മെല്ലത്തടിച്ചപശുസഞ്ചയവൃഷ്ഠഭാഗേ
കല്യാണമായുലകംകാപ്പവനിഷ്ടയായ ചൊല്ലുന്നലക്ഷ്മിചൊടിയോടുവിളങ്ങിടുന്നു

45

ഏറെത്തടിച്ചുഴകിനോടുതുളുമ്പിടും പിൻകൂറെത്തപശ്ശുളടെസുന്ദരമന്ദയാനം
മാറത്തുതിങ്ങിവളരുന്നകുചാത്തുളുയ്യും മാറുള്ളമന്ദഗതിശാലിനികണ്ടുകൊൾക

46

ആകെക്കവിജ്ഞാതിസകലക്കമശേഷധാന്യ ശാകാദികൾക്കമതിനന്മകൾതൻഗുണത്താൽ
ഏകുന്നപശ്ശുളടെനല്ലൊരുപൃഷ്ഠഭാഗം ലോകത്തിനക്ഷരമയെങ്ങിനെകൈവിടുന്നു

47

അത്രദ്വിജേശകരകാമിസുമന്ദഹാസ മിത്രതമൊക്കമൊരുപാര്പ്രഥമൻപ്രഭാതേ
ക്ഷേത്രങ്ങളിൽദ്വിജർനടത്തിടുമോത്തുകൊട്ടു സത്രങ്ങളിൽസ്സകലവുംചെയ്തിന്നിടുന്നു

48 | കാണാം

ചൈത്രത്തിൽനൽക്കയിലിനുള്ളഗുണങ്ങൾകാണാം കൃത്തബ്ധചത്തിൽനടനായകനാമ
ഭാത്തൂട്ടി,ലത്രീമമഹോത്സവമായജ്ഞസ്ഥാമൊത്തിൽപടുതമുടയൊരുടെവമ്പുകാണാം

49 | ന്നു

താളസ്വരാദിഗുണമൊത്തിട്ടുമോത്തുകൊട്ടാൽ മേളത്തിനായ്ചിലരുശങ്കിടിചൊല്ലിട്ടു
ചാളിത്യമേറിയമൃദംഗമൊടൊത്തുഗീതകേളീ ക്രിയാചതുരസുസ്വരകണ്ഠിയാളേ

50

വിസ്തരവുംരസമയതവുമൊത്തിട്ടനൊരേത്തുട്ട സത്രമിതുപങ്കജശാന്തിമൂലം
അത്യന്തമംഗിയൊടുകേളിഹചഞ്ചലാക്ഷി ത്യുത്യന്തമേശമൊടുചേർന്നുവിളങ്ങിടുന്നു

51

നക്ഷത്രപാളികളെയുംമുഖിമൎത്ത്യജാതിലക്ഷ്മീകരോത്തമഗുണോചിതയജ്ഞമൂലം
അക്ഷയ്യമോദമിഹ 'മാളയ'മായകൃഷ്ണ-പക്ഷേ സമസ്തനരവര്യരണഞ്ഞിടുന്നു

52

'ഇല്ലം' ഇണത്തിനയി നിൻതനു; നിൻവാക്യം 'വെല്ലം'; 'നിളം' വു ഹസിതം; ചൊ- [ചീൻ'നെല്ലു'
ചൊല്ലുന്നു കേരളവിലാസിനി കേരളീയക്കിളിപ്പാനിനയ്ക്കിലിഹമാളയപക്ഷകം

53

സാരസ്വതാഖ്യപദകൎത്തൃജനത്തിനെല്ലാം ചാരുതരമേറ്റമണയും 'നവരാത്രി' വാ-
രോരോ വിനോദകല കൊണ്ടിഹ കാലമൊക്കെ നേരോടു കാന്തതരമാക്കുമുദാരശീലേ

54

ഹിന്ദുക്കളിൽ ചിലരഹോ ചിലതാചരിക്കും ചിന്തിക്കിലിങ്ങു ശിവരാത്രിമുഖവ്രതങ്ങൾ
ചന്തം കലൎന്ന നവരാത്രി വെടിഞ്ഞിടുന്ന ഹിന്ദുക്കളില്ലയി സമസ്തമനോഹരാംഗി

55

ഗ്രന്ഥങ്ങളും ബുധകരം വിപഞ്ചിതുടങ്ങിയുള്ള യന്ത്രങ്ങളുമായുധഗണങ്ങളിതൊക്കെയി- [പ്പോൾ
ചന്തത്തിൽ വെച്ചു സകലേശ്വരിതൻ പദാബ്ജം ചിന്തിച്ചു ലോകരിഹ പൂജകഴിച്ചിടുന്നു

56

ഭ്രാജത്സുവേഷസുഭഗേ ബഹുപുസ്തകങ്ങൾ പൂജയ്ക്കു വെയ്ക്കുമൊരു സുന്ദരമന്ദിരത്തിൽ
രാജാൎഹമായ വിവിധോത്തമവസ്തു കൊണ്ടു രാജിക്കുമാറധികമോടി വരുത്തിടുന്നു

57

മോഹം മുടക്കുമതിമോഹനമായ വാണീഗേഹം സുവൎണ്ണമയമെന്നു നിനച്ചു ലോകർ
മാഹാത്മ്യമുള്ള കമലാസനപത്നി വാഴും ഗേഹം സുവൎണ്ണമയമാക്കിയണഞ്ഞിടുന്നു

58

ചൊല്ലുന്നു യോഗിവരർ തൻ സുമനോഗൃഹത്തിലല്ലാതെ പത്മജകുടുംബിനി പാൎക്കയി- [ല്ല
മെല്ലെന്നിതോൎത്തു കവിമാതരുളുന്ന ഗേഹമെല്ലാം ജനങ്ങൾ സുമനോമയമാക്കിടുന്നു

59

ഉൾക്കൊണ്ടിരുട്ടുകളെയും കമലാസനൻ തൻ ചൊല്ക്കൊണ്ടിടും രമണിയാകിയ ദേവി വാണി
പാൎക്കുന്നിടക്കു ബഹുദീപമണിസ്വരൂപമാക്കുന്നു ഭക്തികലരുന്ന ജനങ്ങളിപ്പോൾ

60

സൂൎയ്യോദയത്തിനതികച്ചൊരു യാമമുള്ള നേരം കുളിച്ചു ചതുരാനനനായികയാളെ
സാരസ്വതാദിമഹിതശ്രുതിമന്ത്രജാലം സാരജ്ഞരായവർ ജപിച്ചു നമിച്ചിടുന്നു

61

കാലേ മഹാഫലദയാകിയ വാണി തന്നെ ചാലേ സുകല്പലതയെന്നു നിനച്ചിദാനീം
മൂലത്തിലാശ്ശുഗുണമിങ്ങു വരുത്തിടുന്നു ചേലൊത്ത ശാസ്ത്രമറിയുന്ന ജനങ്ങളെല്ലാം.

62

തെറ്റെന്നു ധാതൃദയിതാപദപൂജ വിട്ടു മറ്റുള്ളതൊക്കെയൊരുപോലെയൊഴിച്ചിദാനീം
മുറ്റും ജനം മരുവുകെന്ന മഹാവിശേഷം പറ്റും മഹാനവമിയാം തിഥിരികത്തു വന്നു.

63

ബ്രഹ്മപ്രിയത്വമണയുന്നൊരു ദേവിയാകുമമ്മയ്ക്കു മുത്തു പരമുൾത്തളിരിൽ ഭവിപ്പാൻ
ബ്രഹ്മാൎത്ഥനല്ലവഴിയിൽ തെളിവോടു കാട്ടും സമ്മാന്യശാസ്ത്രമുരചെയ്തു ഭജിച്ചിടുന്നു.

നിലാവു,

64

ജ്യോതിനിഷ്ഠവിധി സൽപ്രണയംപെടുന്നസത്താമെദേവിയുടെമഹതസിമോദമേററാൻ
ജ്യോതിനിഷ്ഠവിധിതപമെഴുന്നശാസ്ത്ര മന്ത്രാദരത്തൊടുപറഞ്ഞുജ്ജിച്ചിടുന്നു.

6

ധാതുസ്വരൂപമനിശംപെടുമുള്ളമുള്ള മാതംഗിയാംഭഗവതിയ്ക്കുകതാർകളപ്പാൻ
ധാതുസ്വരൂപകനിരോത്തമശബ്ദശാസ്ത്ര മോളുന്നവാണിയുടെമുമ്പിലിരുന്നലോകർ

66

എല്ലാപ്പദാർത്ഥവുമിതിമ്പടിയത്രതീർത്തു ചൊല്ലുന്നദേവതടെവല്ലഭമെജ്ജനങ്ങൾ
എല്ലാപ്പദാർത്ഥവുമെടുത്തുതെളിച്ചുകാട്ടിച്ചൊല്ലുന്നശാസ്ത്രമുരചെയ്തുജ്ജിച്ചിടുന്നു.

ചൈതന്യമുള്ളഗുണമാത്രയിലൊക്കെയുക്തമാം കമ്പിനിസ്വനപതിയെജ്ജനങ്ങൾ
ഇത്തെളിവൊടുഗുണങ്ങളെലൊത്തശാസ്ത്രം പഠിച്ചു സതതംപ്രണമിച്ചിടുന്നു

ചേതസ്സിലുള്ളാംവിവേകതമസ്സകറ്റുംജ്യോതിസ്സ്വരൂപിണിനഭസ്സതിയെജ്ജനങ്ങൾ
ജ്യോതിസ്സ്വരൂപശാസ്ത്രമഭ്യസിച്ചാദരങ്കലേറുമെന്നുവമന്നുകേത്ത്യം

63

സാഹിത്യനീതമയമാംകലശമൊത്തു മാഹാത്മ്യമോടുവിലസുംവിധിപത്നിതന്നെ
സാഹിത്യനീതമഴകിൽപ്രകടിച്ചുകേട്ടാ ബാല്യമാടിഹജനങ്ങൾഭജിച്ചിടുന്നു.

മുട്ടാതെദേവിയൊപ്പെകിളിങ്ങമെണ്ട കൊട്ടാതെതന്നെയിനിയങ്ങുകഴിച്ചുകൂട്ടാം
പെട്ടെന്നിറങ്ങുമകതാരിൽനിന്നുമെണ്ട കൊട്ടുന്നുവാണിയുടെസന്നിധിയിൽജനങ്ങ

71

(ൾ

ഏത്യുംഖിലോത്തമഗുണങ്ങൾപെടുന്നസർവ്വ വിദ്യാകലാവിമലരൂപിണിവാണിതന്നെ
വിദ്യോതമാനഗുണമുള്ളജനങ്ങൾ സർവ്വ വിദ്യാകലാവലികൾകൊണ്ടുഭജിച്ചിടുന്നു

72

മോഹാന്ധകാരമതിലെകെടുക്കുന്നദേവീ മാഹാത്മ്യമോത്തുമഹിതസ്വവജ്രാലമോതി
ദേഹാദിശുദ്ധിപെടുകെത്തജനങ്ങളോരോ നീഹാരരൂപമുടനർത്ഥനചെയ്യിടുന്നു

73

പണ്ടെത്രയുംജവമൊത്തവധത്തിനായിക്കൊണ്ടെത്തിടുന്നമധുകൈടഭദൈത്യയുഗ്മം
കണ്ടെത്തൽ പൂണ്ടവിധിവാത്തിയവിശപ്പനാദം കണ്ടതമമറുകടികൊൾകടിയൻ
74
ചിരത്ത

സ്വായംഭുവിരസ്തുതികൾകൊണ്ടധികംപ്രസന്ന യാദിസ്സരോജനയനന്റെദേമേകി
ന്യായാൽവിരഞ്ചനുടെമുമ്പിൽവിളങ്ങിയോരു മായേമഹേശിമമവിടുകമമ്മനസ്സിൽ

75

ചട്ടറകണ്ണിവലജാസുരരോടു വധംവെട്ടി ബ്രാഹ്മണകമലാപതിവാഴുമപ്പോൾ
പെട്ടന്നുദൃഷ്ടതയെഴുംമധുകൈടഭന്മാർകൊട്ടേറമോഹമരമേറിയദേവിപാഹി

76

ലോകേശനിഷ്ഠമധുകൈടഭരെന്നവേന്ദ്രാലോകത്തിനാൽമനസിവാച്ചമഹാഭയത്തെ
ആകെക്കളഞ്ഞതിസുഖംസദയംവിളത്തനം കേശബിംബമുഖിദേവിദൃഢംപ്രസീദ

77

ശബ്ദംപൂതദ്ഗുണിണവാസവമാരുതാദി സർവ്വംമനോജ്ഞമമഹസ്സുകൾകൊണ്ടുമൂന്നാം
അവ്യാജശോഭമുള്ളവാരതിരുമൈകലന്ന ദിവ്യപ്രഭാവവതിദേവിനമോനമസ്തേ

78

മെച്ചപ്പെടുന്ന വിബുധാദികൾ കാഴ്ചയായി വെച്ചീടുമായുധവിഭൂഷണജാലമെല്ലാം
ഉൾച്ചേർച്ചയമ്പിനൊടു വാങ്ങി വിളങ്ങിയോരു സച്ചിത്സ്വരൂപിണി മഹേശ്വരി ദേവി
[പാഹി

79

സാക്ഷാത്സരോരുഹവിലോചനമുടൻ നടുങ്ങും ത്ര്യക്ഷാദ്യമാസഹമതോഗ്രവരങ്ങളാലെ
അക്ഷൗഹിണീഗണമെഴും മഹിഷന്നചിത്ത വിക്ഷോഭമേകിയ മഹേശ്വരി കാത്തുകൊ
[ൾക

80

മാന്യത്വമുള്ള മഹിഷാസുരനായകന്റെ സൈന്യത്തെയാസകലവും കളിയാലെതന്നെ
ധന്യത്വമാർന്ന ഗണസിംഹസമേതയായി ജന്യത്തിലമ്പിനൊടു കൊന്ന മഹേശി പാ
[ഹി

81

പാരാടിടുമ്പടി നടുങ്ങുമാറോടിയെത്തിപ്പോരാടിടുന്ന മഹിഷന്റെ മഹാബലത്തെ
നേരായ് തടുത്തധികനിഷ്ഫലമാക്കിയോരു ഘോരാതിവിശ്രുതഗുണാംശുലിനി ദേവി പാഹി

82

ക്രുദ്ധാത്മശൂലമരികൊണ്ടുടനുള്ളുലച്ചു ധൂർത്തേറിടുന്ന മഹിഷന്റെ നിണത്തിനാലേ
പാർത്തട്ടുമൊന്നഴകൊടതിരക്തമാക്കിത്തീർത്തോരു ദേവി! ദയ ചെയ്ക, വണങ്ങുമെന്നിൽ

83

മാറോടടുത്തിടുന്ന മഹിഷാസുരമസ്തകത്തിൽ ചാടിക്കരേറിയുടനൻ പൊടിയും പ്രകാരം
കേടാറ്റകേളിയൊടു ശൃംഗിയിലങ്ങു നൃത്തമാടിക്കളിച്ച സകലേശ്വരി ദേവി പാഹി

84

തങ്ങൾക്കസംഗമുളവാക്കിയ ഭൂവി വീഴും തിങ്ങുന്ന ദൈത്യപതിയെക്കൊല ചെയ്തമൂലം
മങ്ങാതെ ഭക്തിയൊടു നിർജ്ജരതാപസന്മാർ ഭംഗ്യാ സ്തുതിച്ചു കഴൽ കൂപ്പിയ ദേവി പാഹി

85

ദാരായുധക്കതികലർന്ന സുരാളിതന്റെ ദൃഷ്ടിക്കു വാച്ച കളികൊണ്ടു തെളിഞ്ഞു പാരം
പാരാതവർക്കഖിലകാമവുമേകിയോരു കാരുണ്യശാലിനി ജഗജ്ജനനി പ്രസീദ

86

സ്വാരാജ്യപദ്ധവിനിവൃത്തിവരുത്തുവാനായ് ജംഭാന്തകാദികളതിസ്തുതിചെയ്തിടുമ്പോൾ
ശ്രേഷ്ഠത്വമപ്രണയിനി ത്തനവിങ്കൽനിന്നു സംഭൃതയായ ഭുവനേശ്വരി കാക്കുകെന്നെ

87

ആടൽപ്പെടും വിബുധരേ! ഇനി വിൽക്കടം ക്ഷമിച്ചീടൊത്തമോദമേകിയയച്ചശേഷം
പാടിക്കലാചലവരോപരി പൊന്നുഴിഞ്ഞൊന്നാടിത്തെളിഞ്ഞു വിളയാടിയ ദേവി പാഹി

88

ശങ്കാവിഹീനമഥ തൽഗ്രഹണത്തിനുഗ്രാഹങ്കാരി ധൂമ്രനയനൻ ധൃതമെത്തുമപ്പോൾ
ഹുങ്കാരവഹ്നിയിലവൻ തനു ചുട്ടെരിച്ച പങ്കാപഹാരിണി ശിവേ കളകെന്റെ പാപം

89

ചണ്ഡത്വമുള്ളവരെയൊത്തു വളഞ്ഞ ചണ്ഡമുണ്ഡാസുരേന്ദ്രരുടെ കണ്ഠമകണ്ഠരോഷം
ഖണ്ഡിച്ചുടൻ ഭഗവതിക്കു തെളിഞ്ഞുടൻ ചാമുണ്ഡയാഖ്യ നൽകിയ മഹേശ്വരി ഞാ
[ൻ തൊഴുന്നേൻ

90

മന്ത്രക്കരൊത്തു പരിവാരമൊടൊത്തു ചേർന്ന ദൈത്യേശ്വരാജ ചതുരംഗമഹാബലത്തെ
ചാതുര്യമോടു സമരത്തിൽ വധിച്ചു നാഥേ ചേതസ്സിൽ മേ ചിരതരം വിളയാടുകമ്മേ

91

കമ്പിച്ചു വീഴുമൊടു നേർത്തു രക്തബീജനെന്നുള്ള ദൈത്യവരനെ ജവമോടു പോയാൽ
കൊന്നിട്ടു സ്വനഗരം ത്രിദശർക്കു മുത്തും നന്നായ്ക്കൊടുത്ത ജഗദീശ്വരി നോക്കുകെന്നെ

92

രം

കർമ്മാഗിനേയവധമാത്തുചൊടിച്ചുപിന്നെസ്സംഗർസിസുംഭനിവർപോരിനണഞ്ഞനേ
സംഭ്രാന്തിവിട്ടവനെമൃത്യുവിന്നായ്ക്കൊടുത്തജം ഭാവിവന്ദ്യചരണേ ശരണം ശിവേനി

93

പോരിൽസുരാരിബലമാസകലംവധിച്ചനേരം സുരേന്ദ്രസഹനാകികളാദരേണ
പാരംസ്തുതിച്ചപരമേശ്വരിവിശ്വനാഥെ സംപ്രസന്നമുഖിദേഹിമഹാസുഖംമേ

94

ഉല്ലാസമോടുനിജഭക്തിയിൽമുങ്ങിനില്ക്കും ചൊല്ലാർന്നദേവമുനികൾക്കുമനോരഥത്തെ
എല്ലാംകൊടുത്തഥതെളിഞ്ഞുമറഞ്ഞുപോയ കല്യാണിഞാനഴകിൽനിൻകഴൽതൊഴുന്നേൻ

95

ഇത്യാദിയായുള്ളതരംസ്തവജാലമോതിയത്യാദരത്തൊടിഹസിദ്ധമനങ്ങളെല്ലാം
സത്തായദേവിയുടെചാരുപദാംബുജയുഗ്മംതാവിലൊത്തുസുഖമോടുഭജിച്ചിടുന്നു

96

സമ്പൂർണ്ണമായ്ക്രമമൊടീവിധമൊമ്പതിന്നാൾ വമ്പേറിടുംദശമിയെന്നതുവന്നുചേർന്നു
മംഗലോത്സവകാണ്മാൻപലമാതിരിശ്രീപ്രവിഷ്ടോത്സവങ്ങളാൽകൊണ്ടുതെളിയുന്നജനങ്ങളെല്ലാം

97

രംഗംവാമിന്ദുവിന്നും സകലഭുവനസൽബന്ധുവാം ഭാനുവിന്നും
ഭ്രാജിച്ചിടുംകരത്തിൻഗുണമഖിലമിണങ്ങുന്നവൈശ്യാജഗത്തിൽ
രാജീവക്കണ്ണിപാദങ്ങൾതിമിരഹിമരജഃപങ്കമില്ലാത്തമൊങ്ങും
രാജത്സമ്പത്തൊടേറുംകമലകുളങ്ങളിൽ "കന്നിമാസപ്രഭാവം".

രണ്ടാം സർഗ്ഗം കഴിഞ്ഞു.

ഈഴവന്മാർ

ഹിന്ദുശാസ്ത്രപ്രകാരമുള്ള അവകാശക്രമംതന്നെയാണ് ഈഴവരുടെ ഇടയിലും നടന്നുവരുന്നത്. വടക്കേ മലയാളം, കൊച്ചിരാജ്യത്തിന്റെ തെക്കുഭാഗം മുതൽ കൊല്ലംവരെ ഈ ദിക്കുകളിൽ മരുമക്കത്തായവും കൊച്ചിരാജ്യത്തിന്റെ വടക്കുഭാഗത്തും കൊല്ലം മുതൽ തെക്കോട്ടും തെക്കേ മലയാളത്തിലും മക്കത്തായവും അവർ ആചരിച്ചുവരുന്നു. എന്നാൽ എല്ലാ സംഗതിയിലും ഹിന്ദുനിയമം അവർ പൂർത്തിയായി അനുഷ്ഠിക്കുന്നില്ല. മരിച്ച ഒരു ഈഴവന്റെ സ്വയാർജ്ജിതസ്വത്തു തറവാട്ടുസ്വത്തിൽ ലയിക്കുകയാണ് ചെയ്യുന്നത്. മരുമക്കത്തായം അനുഗമിച്ചുപോരുന്ന വട

ക്കേ മലയാളത്തിലെ തിയ്യർ സാധാരണയായി ഒരു മലയാളതറവാട്ടു സമ്പ്രദായത്തിൽതന്നെ കഴിഞ്ഞുവരുന്നു. മക്കത്തായക്കാൎക്കു മരുമക്കത്തായക്കാരിൽ ഉണ്ടാവുന്ന സന്തതികൾക്കു പിതൃസ്വത്തിനും മാതൃകുഡുംബത്തിലെ സ്വത്തിനും തുല്യവകാശമുണ്ടെന്നു ഹൈക്കോട്ട് വിധിയാൽ സ്ഥാപിക്കപ്പെട്ടിരിക്കുന്നു. മരിച്ചവന്റെ സ്വന്തം സമ്പാദ്യം ഉണ്ടെങ്കിൽ പകുതി ഭാൎയ്യക്കും മക്കൾക്കും പകുതി മരുമക്കൾക്കും അംശിച്ചുകൊടുക്കുന്ന സമ്പ്രദായവും ഉണ്ട്. എന്നാൽ തെക്കേ മലയാളത്തിൽ പ്രത്യേകിച്ച് കോഴിക്കോട്ടു ജില്ലയിൽ സഹോദരന്മാൎക്കല്ലാതെ വിധവക്കു യാതൊരവകാശവുമില്ലെന്നു വിധി ഉണ്ടായിരിക്കുന്നു. മരുമക്കത്തായ കുഡുംബത്തിൽനിന്നും ഭാഗം പിരിഞ്ഞുപോന്നതിന്നു ശേഷം മരിച്ചവന്റെ സ്വന്ത സമ്പാദ്യത്തിന്നു നേരായിട്ടുള്ള അവകാശി ഭാൎയ്യയും മക്കളുമാണ്. ഭാഗം കിട്ടുവാൻ ആൎക്കും അവകാശപ്പെട്ടുകൂട. ഭാഗകാൎയ്യത്തിൽ സ്ത്രീശാഖെക്കു മുതൽ തിരിച്ചുവെക്കുക പതിവില്ല. അവൎക്കു ചിലവിന്നു കിട്ടുവാൻ മാത്രമെ അവകാശമുള്ളു. കല്യാണം കഴിച്ചുകൊടുത്ത സ്ത്രീക്ക് ജന്മകുഡുംബത്തിൽ സാധാരണയായി യാതൊരു അവകാശവും ഇല്ല. എന്നാൽ ഭാഗസമയത്തു കന്യകമാൎക്കു ചിലവിന്നും കല്യാണച്ചിലവിന്നും വക നിൎത്തുക പതിവുണ്ട്. കൂട്ടവകാശികൾ ആൺമക്കളില്ലാതെ മരിച്ചാൽ അയാളുടെ അവകാശം വിധവക്കാകട്ടെ പെൺമക്കൾക്കാകട്ടെ സിദ്ധിക്കുന്നതല്ല. തെക്കേ മലയാളത്തിലെ തിയ്യരുടെ ഇടയിൽ പ്രത്യേകകരാറില്ലെങ്കിൽ ഭാഗം കിട്ടുവാൻ നിൎബ്ബന്ധമായി അവകാശപ്പെടുവാൻ വിരോധമില്ല. കൊച്ചി തിരുവിതാംകൂറിലെ ഈഴവരുടെ ഇടയിൽ താഴെ പറയുന്ന നിശ്ചയങ്ങൾ അനുസരിച്ചു ഭാഗം നടന്നുവരുന്നുണ്ട്.

1. കാരണവസ്വത്തു മരുമക്കൾക്കുതന്നെയാണ്. എന്നാൽ കൊല്ലം മുതൽ തിരുവനന്തപുരം വരെ കാരണവന്റെ സ്വന്ത സമ്പാദ്യത്തിൽനിന്ന് ഓരോ ഭാൎയ്യക്കും മക്കൾക്കും കൊടുക്കുന്ന പതിവുണ്ട്.

2. തറവാട്ടു സ്വത്തുക്കളെ ഭാഗിക്കുന്നതിൽ സ്ത്രീധനമായി കിട്ടിയ സ്വത്തു കൂട്ടിച്ചേൎക്കുക പതിവില്ല.

3. ഭൎത്താവോടുകൂടി ഭാൎയ്യയും മുതൽ സമ്പാദിച്ചിരിക്കെ, ഭൎത്താവിന്നു പുത്രന്മാർ ഇല്ലാതെ വന്നാൽ അയാളുടെ മരണാനന്തരം

ചെയ്യുന്ന ഭാഗത്തിൽ ന്യായമായ ഒരു ഭാഗത്തിനു ഭാര്യക്കു അവകാശമുണ്ട്.

4. ഭർത്താവിന്റെ പേരിലോ ഭാര്യയുടെ പേരിലോ രണ്ടു പേരുടെയും പേരിലോ സമ്പാദിച്ചിട്ടുള്ള സ്വത്തിൽ പകുതി പുത്രന്മാരില്ലെങ്കിലും വിധവക്ക് അവകാശമുണ്ട്.

5. സന്തതിയുള്ള ഒരു സ്ത്രീയെ ഭർത്താവു ഉപേക്ഷിക്കുന്നതായാൽ അവൾക്ക് അയാളുടെ സ്വന്തസമ്പാദ്യത്തിൽനിന്ന് ഒരു ഭാഗം കൊടുക്കണം.

6. അനുജന്മാരും സ്ത്രീകളും അവരുടെ മാതാപിതാക്കന്മാരോടുകൂടി താമസിക്കുമ്പോൾ സമ്പാദിക്കുന്ന സ്വത്ത് അവരുടെ സ്വന്തമായി നില്ക്കുന്നതല്ലാതെ തറവാട്ടു സ്വത്തിലോ മാതാപിതാക്കന്മാരുടെ സ്വത്തിലോ ചേർത്തു ഭാഗിക്കുക പതിവില്ല.

ജാതിവഴക്കുകൾ തീർപ്പാൻ വയസ്സന്മാരിൽ പ്രധാനികളുടെ മുപ്പത്തൊന്നും അറുപത്തൊന്നുംകൂടിയ യോഗം പണ്ടുണ്ടായിരുന്നു. അവരുടെ തീർപ്പ് അപ്പീലില്ലാത്തതാണ്. ഈ ആവശ്യത്തിനായി പല ദിക്കിൽനിന്നും ഈഴവർ പാലക്കാട്ടു തെങ്കുറിശ്ശിയിൽ പോന്തലിൽ എളിയപ്പന്റെ കീഴിൽ യോഗം കൂടുക പതിവുണ്ടായിരുന്നു. കാലക്രമേണ അതാതു ദേശക്കാരിൽ പ്രധാനികളെ ഈ ആവശ്യത്തിനു നിയമിക്കുക പതിവായി. അവർ ആവശ്യം വന്നാൽ മററുള്ളവരേയും ക്ഷണിച്ചുവരുത്തി സഭകൂടി വേണ്ട കാര്യങ്ങൾ തീർച്ചപ്പെടുത്തും. ഈ രാജ്യത്തിലെ ചില ദിക്കിൽ തണ്ടാന്മാരും തിരുവിതാംകൂറിൽ പണിക്കന്മാരും തെക്കെ മലയാളത്തിൽ തറക്കാരണവന്മാരും ആണു ഈ പ്രവൃത്തി ഇപ്പോൾ നടത്തി വരുന്നത്. കുററക്കാൎക്കു പിഴയും ജാതിഭ്രഷ്ടും ശിക്ഷ കല്പിക്കാറുണ്ട്. കുററം ആരോപിക്കപ്പെട്ടവർ നിഷ്കളങ്കമനസ്സന്മാരാണെന്നു സംശയം തോന്നിയാൽ അവരെക്കൊണ്ടു പുണ്യക്ഷേത്രത്തിൽ ഈശ്വരന്റെ മുമ്പിൽ വെച്ചു സത്യം ചൊല്ലിച്ചുവിടുകയും പതിവുണ്ട്. എന്നാൽ ഈ നടവടിക്കു പ്രചാരം കുറഞ്ഞു വന്നു തുടങ്ങി.

ഈഴവർ ശൈവമതവും വൈഷ്ണവമതവും ആചരിക്കുന്നവരും ചുരുക്കം ചിലർ ശക്തിപൂജക്കാരും ആകുന്നു. മലയാളത്തിലും ഇന്ത്യയുടെ മററുഭാഗങ്ങളിലും ഭദ്രകാളിയെ അവരുടെ പരദേവതയായി ആരാധിച്ചു വരുന്നുണ്ട്. ദേവതാബാധകളിൽനിന്നു മനുഷ്യ

ളെ രക്ഷപ്പെടുത്തുവാൻവേണ്ടി പരശുരാമൻ ഒരുനൂററി എട്ടു ക്ഷേത്രങ്ങളിൽ ദുൎഗ്ഗാഭഗവതിയെ പ്രതിഷ്ഠിച്ചു എന്നു പറയപ്പെടുന്നു. കൊടുങ്ങല്ലൂർ, കൊച്ചി, പഴയന്നൂർ, ചോററാനിക്കര ഈ മുഖ്യക്ഷേത്രങ്ങൾ വളരെ പുരാതനമായിട്ടുള്ളതാണ്. ദേവതകളുടെ രാജ്ഞി എന്നർത്ഥമുള്ള 'അഖിലേശ്വരശക്തി' എന്നും ഗൌരിക്കു പേരു പറയപ്പെടുന്നു. കൊടുങ്ങല്ലൂർ ഭരണി അവക്കു വളരെ പ്രധാനമാണ്.

വളരെ പുരാതനകാലം മുതൽക്കുതന്നെ ഇന്ത്യയിലെ ദ്രാവിഡന്മാർ ഭൂമീദേവിയെ അവരുടെ പരദേവതയായി പൂജിച്ചുവന്നിട്ടുള്ളവരായി കാണുന്നു. കാലക്രമേണ ഈ ആരാധന ആൎയ്യന്മാരാലും സ്വീകരിക്കപ്പെട്ടു. ദ്രാവിഡന്മാരുടെ ഗ്രാമദേവതകൾ ആൎയ്യന്മാരുടെ ക്ഷേത്രദേവതകളായിത്തീരുകയും ചെയ്തു. ഈ ആരാധനയെപററി പുരാണങ്ങൾ ഘോഷിക്കുന്നുണ്ട്. തന്ത്രങ്ങളിൽ പൂജാക്രമങ്ങളും വിധിച്ചിരിക്കുന്നു. ആഗ്രഹസിദ്ധിക്കുതകുന്ന ദിവ്യശക്തി ഉണ്ടാകണമെന്നുദ്ദേശിച്ചാണ് സൎവ്വസ്വരൂപിണിയായ ശക്തിയെ അവർ ഭജിക്കുന്നത്. ശക്തിയുടെ ആഗമവും മഹാദേവീഭാഗവതത്തിൽ വൎണ്ണിച്ചിട്ടുണ്ട്. ശാന്തസ്വഭാവത്തിൽ ഉമ, ഗൌരി, പാൎവ്വതി എന്നും, രൌദ്രസ്വഭാവത്തിൽ കാളി, ദുൎഗ്ഗ, ചണ്ഡി ചാമുണ്ഡി എന്നും, ശക്തിക്കു പേരുകൾ പറയപ്പെടുന്നു. മഹാഭാരതം ഹരിവംശം മുതലായ കവനങ്ങളിൽ ശക്തിയെ സ്തുതിക്കുന്ന വാക്യങ്ങൾ ധാരാളം കാണുന്നുണ്ട്. ശൈവമതക്കാരിലും വൈഷ്ണവമതക്കാരിലും ശക്തിപൂജക്കാരുണ്ട്. പൂജാക്രമം ഗുരുമുഖത്തിൽനിന്നു പഠിച്ചിരിക്കണം. നവഗ്രഹങ്ങൾ പ്രതികൂലിച്ചിരിക്കുമ്പോൾ പൂജചെയ്യരുത്. ശുദ്ധസ്ഥലത്തുവെച്ചു തന്ത്രിയുടെ ഉപദേശപ്രകാരമാണു പൂജ ചെയ്യേണ്ടത്. മന്ത്രം ചൊല്ലുന്നതു ശ്രദ്ധയോടുകൂടി വേണം. സ്ത്രീപുരുഷന്മാർ ഭക്തിയോടുകൂടി അവിടെ കൂടും. പുരുഷഭക്തന്മാൎക്കു 'ഭൈരവന്മാർ' എന്നും സ്ത്രീകൾക്കു നായികമാരെന്നും പേരു പറയപ്പെടുന്നു. 'ശ്രീചക്രം' എന്നു പേരായ ഒരു വൃത്തത്തിനുള്ളിലാണ ശക്തിയെ പ്രതിഷ്ഠിച്ചു പൂജിക്കുക. 'ശ്രീചക്രം' ചിലപ്പോൾ ചെമ്പുതകിടിന്മേൽ കൊത്തിച്ചും കാണാം (ചിത്രം 3 നോക്കുക.) അഷ്ടദിക്പാലകന്മാരെ വന്ദിച്ചു മാനിന്റേയോ പുലിയുടേയോ തോലിൽ ഇരുന്നാണ് പൂജിക്കുക. ചില ദിക്കുകളിൽ ബ്രാഹ്മണരും ശൂദ്രരും ശക്തിപൂജ കഴിച്ചുവരുന്നുണ്ട്. ഈ അവസര

ത്തിൽ മദ്യം സേവിക്കുന്നതു മുഖ്യമാണ്. മദ്യം സേവിച്ചാൽ സകല പാപങ്ങളും നീങ്ങി പരമാത്മജ്ഞാനം ഉണ്ടാവുമെന്നാണ് അവരുടെ വിശ്വാസം.

ഈഴവർ ശവസംസ്കാരാദികളില്ലം ആചാരനിഷ്ഠയുള്ളവരാണ്. ദരിദ്രന്മാർ ശവം കുഴിച്ചിടുകയും സമ്പന്നന്മാർ ദഹിപ്പിക്കയും ചെയ്യുന്നു. ശവത്തെ കുളിപ്പിച്ചു ശുചിയായ വസ്ത്രം ധരിപ്പിച്ചു ഭസ്മവും ചന്ദനവും പൂശുക പതിവാണ്. വായിൽ അരിയും നാളികേരവും ഇടുന്നു. ഉദകക്രിയ ചെയ്യുന്നതു പുത്രനോ മരുമകനോ ആയിരിക്കും. സഞ്ചയനം അഞ്ചാം ദിവസമാണ് കഴിക്കുന്നത്. സാധാരണയായി പതിനഞ്ചു ദിവസം അവർ പുലകൊള്ളും. പത്തു പതിനൊന്നു ദിവസം മാത്രം പുലകൊള്ളുന്നവരും ഉണ്ട്. എന്നങ്ങനാണ് തളിക്കുന്നത്. പതിനാറാം ദിവസം ഷോഡശകർമ്മം കഴിക്കുന്നു. അതിനുശേഷം പിണ്ഡവും അസ്ഥിയുംകൂടി എടുത്ത് ഒരു ലോഹപാത്രത്തിലാക്കി ആ പാത്രം പട്ടുകൊണ്ടു പൊതിഞ്ഞു പുഴയിലോ മറ്റു പുണ്യതീർത്ഥത്തിലോ കൊണ്ടുപോയി ഇടുന്നു. അസ്ഥിയെ സ്ഥാപിക്കുവാൻ പോകുന്നതു ചിലപ്പോൾ വാദ്യഘോഷങ്ങളോടുകൂടി ആയിരിക്കും. നാല്പത്തൊന്നാം ദീക്ഷയോ പതിവുണ്ട്. ശ്രാദ്ധവും ഊട്ടും നവൃത്തിയുള്ളവർ കാശിരാമേശ്വരം മുതലായ പുണ്യസ്ഥലങ്ങളിൽ ചെന്നു പിണ്ഡംവെക്കും.

പ്രേതബാധ ഉണ്ടെന്നു കണ്ടാൽ വെള്ളികൊണ്ടു പ്രേതപ്രതിമ ഉണ്ടാക്കി ബ്രാഹ്മണരെക്കൊണ്ടു തിലഹോമാദികൾ കഴിപ്പിച്ചുവരാറുണ്ട്. അതിനായി ക്ഷേത്രകാര്യദർശികൾ പക്കൽ വകയിരുത്തുക പതിവാണ്. ക്രൂരമൃത്യു സംഭവിച്ചാൽ മന്ത്രകർമ്മങ്ങളെക്കൊണ്ട് ആത്മശുദ്ധി വരുത്തിയതിനുശേഷമേ ശവം എടുക്കുക പതിവുള്ളൂ. കന്യകമാരുടെ ശ്മശാനസ്ഥലത്തു പാലവൃക്ഷം നട്ടു ദിവസേന വിളക്കും കൊളുത്തിവെച്ചു അതു ഒരു ദൈവാലയംപോലെ അവർ വന്ദിച്ചുവരാറുണ്ട്. പ്രസവത്തിലും മസൂരിദീനത്തിലും മരിച്ചവർ പിശാചുക്കളായി ഭവിക്കുമെന്ന് അവർ സാധാരണയായി വിശ്വസിച്ചുവരുന്നു. ആ വക ശവങ്ങളെ ദൂരസ്ഥലത്തോ കാട്ടുകളിലോ ആണ് അവർ മറവു ചെയ്യുന്നത്. പ്രേതങ്ങൾ മനുഷ്യരെ ബാധിക്കാതിരിപ്പാൻ മന്ത്രകർമ്മങ്ങൾ കഴിപ്പിക്കാറും ഉണ്ട്. ഇവരുടെ പുരോഹിതന്മാർ ഈഴവാത്തികളാണ്.

മരുമക്കത്തായം

മരുമക്കത്തായക്കാരുടെ കുഡുംബസ്വത്തുക്കൾ വ്യയം ചെയ്യുന്നതിങ്കലുള്ള ക്ലിപ്തം എത്രത്തോളമാകുന്നു എന്നുള്ള ആറാമത്തെ ചോദ്യത്തിന്നുള്ള സമാധാനം ഇടങ്ങി ആലോചിക്കാം. സ്വത്തുക്കൾ വ്യയം ചെയ്യുന്നതിങ്കലുള്ള ക്ലിപ്തം ഇത്രമാത്രമെയുള്ളു. തറവാട്ടാവശ്യത്തിങ്കൽ സകല മുതലും വ്യയം ചെയ്യാം. ആ ആവശ്യത്തിങ്കലല്ലാതെ ഒട്ടുംതന്നെ വ്യയം ചെയ്കയും വയ്യ.

7. സന്തതിക്ഷയത്തിങ്കൽ ദത്ത് എടുക്കൽ — മാതൃപാരമ്പൎയ്യക്കാൎക്കു സന്താനപ്രാപ്തി സ്ത്രീ വഴിക്കാകയാൽ അവർ ദത്തെടുക്കേണ്ടതു സ്ത്രീയെ ആകുന്നു. അവകളിലുണ്ടാവുന്ന സന്താനങ്ങൾ പ്രാപ്തിയാകും മുമ്പെതന്നെ തറവാട്ടിന്റെ രക്ഷക്കും ശേഷക്രിയാദികൾക്കും പുരുഷൻ ആവശ്യമാകുന്ന അവസ്ഥയിൽ സ്ത്രീയോടുകൂടി പുരുഷനേയും എടുക്കാം. ദത്തെടുക്കേണ്ടതു വംശ്യന്മാരിൽനിന്നും തന്നെയാകുന്നു. എങ്കിലും അവരിൽ ഇന്നവളെ അല്ലെങ്കിൽ ഇന്നവനെ വേണമെന്നു അവരാൽ നിഷ്കൎഷിക്കത്തക്കതല്ല. വംശ്യന്മാരാരും ഇല്ലെങ്കിൽ സമജാതിയിൽനിന്നും എടുക്കാം. ബ്രാഹ്മണരുടെ ദത്തു മന്ത്രങ്ങളോടുംകൂടിയുള്ള ഹോമാദികൎമ്മപൂൎവ്വമാകുന്നു. മറ്റുള്ളവർ ബന്ധുജനങ്ങളും തങ്ങടെ ദേശവാസികളും ദേശപ്രമാണികളും സമ്മതിച്ചു ദത്ത അല്ലെങ്കിൽ ദത്തനെ സ്വഗൃഹത്തിൽ കൊണ്ടുവന്നു പാൽ കൊടുക്കുന്നു. ദത്തിന്നു ഒരു പത്രിക കൂടിയുണ്ടാകുന്ന നടപ്പ ഇയ്യിടയിൽ എല്ലാവരും ആരംഭിച്ചിരിക്കുന്നു. മുമ്പു ഹീനജാതിക്കാൎക്കു മാത്രമെ ആ നടപ്പുണ്ടായിരുന്നുള്ളു. ചാക്യാരന്മാരും ചാക്യാര നമ്പ്യാരന്മാരും സന്തതിക്ഷയം വരാതെതന്നെ ദത്തു സ്വീകാരം ചെയ്യു സാക്ഷാലുള്ള അവകാശികളുടെ കൂട്ടത്തിൽ ചേൎക്കുന്നു അത് എങ്ങിനെയെന്നാൽ ഒരു ബ്രാഹ്മണസ്ത്രീയെ അന്യബ്രാഹ്മണൻ വ്യഭിചരിച്ചപ്രകാരം തെളിഞ്ഞിട്ടു അവളെ പുറത്താക്കുമ്പോൾ ആ വ്യഭിചാരദോഷം ആരംഭിച്ചപ്രകാരം തെളിവു ക

ണാന്ന കാലങ്ങളിൽ ആ സ്ത്രീയിൽ ജനിച്ച സന്താനങ്ങളേയും പൂത്താക്കുന്നു. സന്താനങ്ങൾക്കു മാതാവോളം ഹീനതയില്ല. അവരെ മേൽപറഞ്ഞവർ ദത്തായി സ്വീകരിക്കുന്നു. ഇവരുടെ സ്വതേയുള്ള പ്രവൃത്തി ക്ഷേത്രത്തിൽവെച്ച പുരാണകഥകൾ പ്രസംഗിക്കുന്നതായി കൂത്ത് എന്ന അടിയന്തരം കഴിക്കുകയാകുന്നു.

8. കാരണവൻ എന്നതിൻെറ അസ്സൽ കാരണൻ എന്നാകുന്നു. ആ പദം മററൊരു പദത്തോടു കൂടാതെ മനുഷ്യപരമായ അൎത്ഥത്തെ ജനിപ്പിക്കയുമില്ല. കാരണൻ എന്നതിൻെറ അൎത്ഥം ഉല്പാദിതാവ് എന്നുതന്നെ. പിതൃപരമായ ഈ പദം മലയാളത്തിൽ മാതുലാദി പ്രായാധികപുരുഷപരമായിട്ടാണ് പ്രയോഗിക്കുന്നത്. അവരുടെ വഴിക്ക് അനന്തിരാവകാശം ലഭിക്കുന്നതുമാകുന്നു. കാരണൻ എന്ന വാക്കിൻെറ അൎത്ഥം മേൽപ്രകാരമായതുകൊണ്ടു തന്നെ ആ സ്ഥാനാരോഹണത്തിനുള്ള സ്വാതന്ത്ര്യം പ്രായാധിക്യതയിന്മേൽ സ്ഥാപിക്കപ്പെട്ടിരിക്കുന്നു. മൂന്നാം ചോദ്യോത്തരത്തിൽ പ്രസ്താവിച്ച പ്രമാണത്തിൻെറ താല്പൎയ്യവും ആചാരവും അങ്ങിനെ തന്നെയാണ്. ഒരു കാരണവൻ മരിച്ചാൽ പ്രായംകൊണ്ട് അടുത്ത അനന്തിരവൻ ആ സ്ഥാനാരോഹണം ചെയ്യുന്നു. ഒന്നിലധികം താവഴിത്തറവാട്ടുകളിൽനിന്നു പ്രായാധിക്യപ്രകാരം മൂപ്പു കൂറവാഴ്ചസ്ഥാനങ്ങളിൽ കയറാൻ അവകാശികളായ പ്രഭുക്കന്മാരുടേയും തമ്പുരാക്കന്മാരുടേയും ആ വക താവഴിത്തറവാട്ടുകളിൽ കാരണവന്മാരായവർ മൂപ്പിലോ കൂറവാഴ്ചയിലോ ആരോഹണം ചെയ്താൽ അവരുടെ അടുത്ത അനന്തിരവന്മാർ ആ കാരണവസ്ഥാനങ്ങളിൽ കയറുന്നു. ഇതു കാരണവൻ മരിക്കാതെതന്നെ അനന്തിരവന്മാർ കാരണവസ്ഥാനത്തു കയറുന്ന ഒരവസ്ഥയാകുന്നു.

പ്രായംകുറഞ്ഞവരും ചില വിശേഷാവസ്ഥകളിൽ കാരണവസ്ഥാനാധിരോഹണം ചെയ്യുന്നുണ്ട്. എങ്ങിനെയെന്നാൽ മലയാളത്തിൽ സന്ന്യാസിമാൎക്കു പ്രത്യേകം മഠങ്ങളും (തറവാട്ടുകളും) അധികം വസ്തുമുതലുകളും ഉണ്ട്. സന്ന്യാസിയെ മലയാളത്തിൽ സ്വാമിയാരെന്നും തിരുമുമ്പ് എന്നും ബഹുമാനാൎത്ഥം പറയുന്നു. മലയാളബ്രാഹ്മണരിൽ പ്രത്യേകം ചില തറവാട്ടുകാർ ഒഴികേയുള്ള എല്ലാ തറവാട്ടുകാൎക്കും സന്ന്യാസത്താൽ ആ വക ഓരോരോ മഠങ്ങളിലേക്കു അവകാശികളായ സ്വാമിയാന്മാരാവാം. ഈ മഠങ്ങളുടെ

കൈകാൎയ്യകൎത്തൃത്വം അവിടവിടത്തെ മൂപ്പു സ്വാമിയാന്മാൎക്കാണെങ്കിലും മൂപ്പു കിട്ടുന്നത് അവരുടെ ജനനകാലംകൊണ്ടല്ലാ സന്ന്യസിച്ച കാലം മുതല്ക്കാകുന്നു. ഈ അവസ്ഥയിൽ മുമ്പിൽ സന്ന്യസിച്ച ഒരു ദേഹത്തിന്നു പിന്നെ സന്ന്യസിച്ച ദേഹത്തെക്കാൾ എത്ര പ്രായം കുറഞ്ഞാലും ആ പ്രായംതികഞ്ഞ മറെറ ദേഹത്തിന്നു മുമ്പെ കാരണവസ്ഥാനത്തിൽ ആരോഹണം ചെയ്യുന്നു. ഇതിന്നു ചാതുൎമ്മാസ്യമെന്നു പറയപ്പെടുന്നു. ചാതുൎമ്മാസ്യമെന്നതു വൎഷൎത്തി സ്വാമിയാന്മാർ ചെയ്തുവരുന്ന ഒരു വിശേഷകൎമ്മമാകുന്നു.

9. വയഃക്രമംകൊണ്ടു കാരണസ്ഥാനം വന്നിട്ടുള്ളതു മൂകത്വം, ഉന്മാദം ഇത്യാദികളാൽ ആ സ്ഥാനാധികാരം നടത്തിപ്പാൻ തക്കവരല്ലാതെയോ തറവാട്ടുമുതൽ ദുൎവ്യയംചെയ്യുന്നവനായിട്ടോ വരുന്ന അവസ്ഥയിൽ പ്രായംകൊണ്ട് അടുത്ത അനന്തിരവൻ ആ കാരണവന്റെ അധികാരം നടത്താൻ ഒടുവിൽ കിട്ടിയ അവസ്ഥയിൽ മാത്രമേ അപ്പോളവനു നിസൎഗ്ഗസിദ്ധമായ അധികാരത്തെ ന്യായാധിപന്മാരുടെ അധികാരത്താൽ അല്ലാതെ തള്ളുവാൻ പാടില്ല.

10. തറവാട്ടിന്റെ കാരണവനോ അവന്റെ അധികാരം നടത്തിക്കുന്ന അനന്തിരവനൊ ഒഴികെ തറവാട്ടിലുള്ള എല്ലാവരും ജീവനാംശം വാങ്ങാൻമാത്രം അധികാരികളാകുന്നു.

11. (1.) മരുമക്കത്തായക്കാൎക്കു വൈധവ്യമില്ലെന്നു ഒരു ശ്രുതിയുണ്ട്. അതു സൂക്ഷ്മമല്ലാ. മലയാളത്തിൽ ഒരു ബ്രാഹ്മണസ്ത്രീയുടെ ഭൎത്താവു മരിച്ചുപോയാൽ പിന്നെ ആ സ്ത്രീക്കു മറെറാരു ഭൎത്താവുണ്ടാവാൻ പാടില്ലാത്ത പോലെയുള്ള വിരോധം മററജാതികളിലില്ലാത്തതുനിമിത്തം ആകുന്നു മേൽപറഞ്ഞ ശ്രുതിയുണ്ടായത്. എന്നാൽ വൈധവ്യമെന്ന പദത്തിന്നു 'വിഗതോധവോയസ്യാഃ സ്വവിധവാതസ്യാഃ ഭാവഃ വൈധവ്യം' ഭൎത്താവു മരിച്ചുപോയ സ്ത്രീയുടെ സ്ഥിതിയെന്ന അൎത്ഥമാകുന്നതും പുറരാജ്യക്കാരിൽ പിതൃപാരമ്പൎയ്യമായവൎക്കു പുനൎവിവാഹമുണ്ടായിട്ടും വൈധവ്യമുള്ളത് ഓൎത്താൽ രണ്ടാമത് ഒരു ഭൎത്താവുണ്ടാവുന്ന കാലംവരെ വൈധവ്യം തന്നെയാകുന്നു.

മറെറാരു ഭൎത്താവുണ്ടാകുന്ന കാലം ഒരു സ്ത്രീയുടെ ഭൎത്താവു മിതേയുള്ള ജാതിക്കാരിലും ഉണ്ടാകും. സ്വജാതിക്കാരനായിരുന്നാൽ അവൻ മരിച്ചിട്ടുള്ള പിണ്ഡത്തിന്റെയോ ത്രിപക്ഷം, ആബ്ദികം ഈ

വക കൎമ്മങ്ങളുടെയോ അവധിവരെയാകുന്നു. മനമോടിരിക്കുന്ന കുടുംബക്കാർ ആബ്ദികപൎയ്യന്തം വൈധവ്യദീക്ഷ ചെയ്യുന്നു. ചിലർ ജന്മം മുഴുവനും അങ്ങിനെ അനുഷ്ഠിക്കുന്നു. എങ്കിലും അതെല്ലാം മനസ്സുപ്രകാരമെന്നല്ലാതെ പിണ്ഡംവരെയുള്ള സ്ഥിതിക്കുമാത്രമേ ശാസ്ത്രമുള്ളൂ.

ഇങ്ങിനെയുള്ള ഒരു വിധവയെ ഭൎത്താവിന്റെ ശവസംസ്കാരാൽപൂൎവ്വം അവളുടെ വീട്ടിലേക്കയക്കുന്നു. അപ്പോൾ അധികമായട്ടെ കുറച്ചായട്ടെ ചില വീട്ടുസാമാനങ്ങൾ അവൾക്കു കൊടുത്തയക്കുകയും ആശൌചസമാപ്തിക്കു മുമ്പെ എന്താനും ദ്രവ്യംകൂടി കൊടുക്കുകയും ചെയ്യുന്നു. എന്നാലും ഇതൊന്നും നിഷ്കൎഷിച്ചു വാങ്ങത്തക്ക അവകാശങ്ങളല്ല.

12. സ്ത്രീകൾക്കു പ്രകൃത്യാ സ്വാതന്ത്ര്യമില്ല. പ്രത്യേകം ചില തറവാട്ടുകളിലും ചില വിശേഷാവസ്ഥകളിലും അങ്ങിനെയുള്ള അധികാരമുണ്ടുതാനും.

ഒന്നാമത സ്ത്രീകൾക്കുതന്നെ മാതൃസ്ഥാനമെങ്കിലും രാജ്ഞീസ്ഥാനമെങ്കിലും കിട്ടുവാനവകാശമുള്ള അവസ്ഥകളിലും, രണ്ടാമത വല്ല സ്ഥാനാരോഹണത്തിന്നു അവകാശികളായ പുരുഷന്മാരുടെ ചില താവഴിത്തറവാട്ടുകളിലും, മൂന്നാമതു സ്ത്രീകളുടെ പേരിൽതന്നെ കൈകാൎയ്യങ്ങൾ നടക്കുവാൻ പ്രത്യേകമായ നിയമമുള്ള തറവാട്ടുകളിലും, നാലാമതു പുരുഷന്മാരുടെ അഭാവത്തിങ്കലും അപ്രാപ്തിയിങ്കലും ആകുന്നു.

ടി. എസ്സ്. എം.

വിചാരസാഗരം

കോരാത്ത് നാരായണമേനോൻ എന്ന മഹാൻ ഭാഷപ്പെടുത്തീട്ടുള്ള വേദാന്തശാസ്ത്രപ്രതിപാദകമായ വിചാരസാഗരം എന്ന ഗ്രന്ഥം അഭിപ്രായത്തിന്നായി ഞങ്ങൾക്കയച്ചുതന്നിട്ടു കുറച്ചു ദിവസമായി എങ്കിലും സംഗതിവശാൽ അതിനെപ്പറ്റി ഇതുവരെ ഒന്നും എഴുതുവാനായി സാധിച്ചില്ല

എന്ന സംഗതി കുറച്ചു കൂടലോട്ടുകൂടി പറയേണ്ടിയിരിക്കുന്നു.

സാധുനിശ്ചലദാസൻ എന്ന ഒരു മഹാത്മാവ് സംസ്കൃതത്തിലുള്ള വേദാന്തശാസ്ത്രഗ്രന്ഥങ്ങളുടെ തത്വത്തെ ഗ്രഹിച്ച് ഹിന്തുസ്ഥാനിഭാഷയിൽ ഉണ്ടാക്കീട്ടുള്ള ഒരു ഗ്രന്ഥമാണ് വിചാരസാഗരം. അതിനെ ശിവറാവു എന്നൊരു മഹാൻ തമിഴുഭാഷയിലേക്കു തർജ്ജമ ചെയ്തു. അതിനെയാണ് നാരായണമേനോൻ മലയാളത്തിലേക്കു ഭാഷപ്പെടുത്തിട്ടുള്ളത്. വേദാന്തശാസ്ത്രതത്വത്തെ നല്ലവണ്ണം അറിയുവാനാഗ്രഹിക്കുന്നവർക്ക് ഇതു വണ്ണമായിട്ടു വേറൊരു ഗ്രന്ഥം മലയാളഭാഷയിൽ ഇപ്പോൾ ഇല്ല എന്നു ഞങ്ങൾ നിശ്ശങ്കം പറഞ്ഞുകൊള്ളുന്നു. ഇന്ത്യയിൽ, സാമാന്യമായി പറഞ്ഞുവരുന്ന ഹിന്തുമതത്തിൽ അവാന്തരമായി എന്തെല്ലാം മതഭേദങ്ങളുണ്ടോ, അവ കൂടാതെ ജിനമതം ബുദ്ധമതം എന്നിങ്ങിനെ വേറെ എന്തെല്ലാം മതങ്ങളുണ്ടോ, എന്തെല്ലാം തത്വശാസ്ത്രങ്ങളുണ്ടോ, അവയുടെ സൂക്ഷ്മതത്വങ്ങളെ എല്ലാം പരിശോധിച്ചറിഞ്ഞ് അവയെ എല്ലാം ഖണ്ഡിച്ച് അദ്വൈതസിദ്ധാന്തത്തെ സ്ഥാപിച്ചിട്ടുള്ള, സമുദ്രംപോലെ അപാരമഹത്വത്തോടുകൂടിയ ഈ ഗ്രന്ഥത്തെ മിസ്റ്റർ നാരായണമേനോൻ വേദാന്തശാസ്ത്രതത്വത്തെ അറിവാനിച്ഛിക്കുന്നവർക്ക് ആയാസം കൂടാതെ മനസ്സിലാകത്തക്കവിധത്തിൽ വളരെ വ്യക്തമായി ഭാഷപ്പെടുത്തിയിരിക്കുന്നു. മിസ്റ്റർ നാരായണമേനോൻ വേദാന്തശാസ്ത്രത്തിൽ നല്ല പാണ്ഡിത്യം സമ്പാദിച്ച ഒരാളാണെന്നും, തത്സംബന്ധമായ വിവിധവിഷയങ്ങളുടെ സ്വാനുഭവജ്ഞാനവും അദ്ദേഹത്തിന്ന് നല്ലവണ്ണമുണ്ടെന്നും, ഈ തർജ്ജമ വെടിപ്പായി വെളിപ്പെടുത്തുന്നുണ്ട്.

വിചാരസാഗരം എന്ന നാമധേയം പ്രകൃതഗ്രന്ഥത്തിന്ന് ഏററവുമുചിതമായിത്തന്നെയിരിക്കുന്നു. അതിനെ അനുസരിച്ചു തന്നെ ആ ഗ്രന്ഥം ഏഴു തരംഗങ്ങളായി വിഭാഗിക്കപ്പെട്ടിരിക്കുന്നു. മിസ്റ്റർ മേനവൻെറ തർജ്ജമയുടെ ആദിയിൽ അദ്ദേഹത്തിൻെറ ശിഷ്യന്മാരിൽ ഒരാളായ വടക്കേപ്പാട്ടെ നാരായണൻ നായർ എന്ന മഹാൻ ഒരു പ്രസ്താവന എഴുതീട്ടുണ്ട്. ഈ ഗ്രന്ഥത്തിൽ പ്രതിപാദിച്ചിട്ടുള്ള നാനാവിധ വിഷയങ്ങളെപ്പററി അതിൽ ചുരുക്കിപ്പറഞ്ഞിട്ടുണ്ട്. ഇത്രയും മഹത്തായ ഗ്രന്ഥത്തിൻെറ സംക്ഷേപത്തെ ഇത്ര വിശദമായും ഭംഗിയായും എഴുതി അന്യന്മാരെ ബോ

ധിപ്പിക്കുന്നതിൽ നാരായണൻനായർ കാണിച്ചിട്ടുള്ള സാമൎത്ഥ്യത്തെപ്പററി ഞങ്ങൾ വളരെ അഭിനന്ദിക്കുന്നു. ആ പ്രസ്താവന വായിച്ചാൽ സംക്ഷേപമായിട്ട് ആ ഗ്രന്ഥത്തിൻെറ ആസകലമുള്ള ഒരു സ്വരൂപജ്ഞാനം വായനക്കാൎക്ക് അനായാസേന ഉണ്ടാകുന്നതാകയാൽ അതിലെ ഏതാനും ഭാഗത്തെ താഴെ ചേൎക്കുന്നു:—

'വിചാരസാഗരം' ഒന്നാമതായി ഉത്ഭവിച്ചത് ഹിന്ദുസ്ഥാനിഭാഷയിലാകുന്നു. ഇതിൻെറ കൎത്താവ് പ്രസിദ്ധപ്പെട്ട 'മഹാത്മദാദുജി' എന്ന പണ്ഡിതൻെറ ശിഷ്യനായ സാധുനിശ്ചലദാസജി എന്ന മഹാശയനാകുന്നു. ഇദ്ദേഹം തൎക്കം, വ്യാകരണം, മുതലായ ശാസ്ത്രങ്ങളിലും, വിശേഷിച്ച സാംഖ്യ വൈശേഷികം പ്രാഭാകരം മുതലായ എല്ലാ മതഗ്രന്ഥങ്ങളിലും വേദാന്തശാസ്ത്രത്തിലും അസാധാരണമായ പാണ്ഡിത്യം ലഭിച്ചിട്ടുള്ള മഹാത്മാവാണെന്നത് പ്രസിദ്ധമാകുന്നു. യുക്തിവാദംചെയ്തു കാൎയ്യങ്ങളെ വിവരിച്ചു മന്ദബുദ്ധികളെ ഉണൎത്തുന്നതിന്നു വേണ്ടുന്ന സാമൎത്ഥ്യം ഇദ്ദേഹത്തിന്നുള്ളതുപോലെ 'മധുസൂദനസരസ്വതി' മുതലായ പുരാണഗ്രന്ഥകൎത്താക്കന്മാൎക്കേയുള്ളുവെന്നുള്ളതു വിചാരസാഗരത്തിൻെറ ഏതു ഭാഗം നോക്കുന്നവൎക്കും തോന്നുന്നതാണ്. ഈ ഗ്രന്ഥത്തിൽ മംഗലാചരണം മുതൽ അവസാനംവരെ ഏതു കാൎയ്യങ്ങളേയും പൂൎവ്വപക്ഷസമാധാനങ്ങളാൽ ഇദ്ദേഹം വിചാരിച്ചിട്ടുള്ളതു ബോധത്തിൻെറ ദാൎഢ്യത്തിന്ന് അത്യന്തം ഉപയുക്തമായിരിക്കുന്നുണ്ടെന്നുള്ളത് ഇതിലുള്ള ഒരു പ്രധാനഗുണമാകുന്നു.

പ്രായേണ ഏതുശാസ്ത്രങ്ങളിലും ആ ശാസ്ത്രങ്ങളിലടങ്ങിയിരിക്കുന്ന വിഷയത്തേയും അതുകൊണ്ടുള്ള പ്രയോജനത്തേയും അതിന്നധികാരിയേയും ഇവകൾക്കു തമ്മിലുള്ള സംബന്ധത്തേയും ഒന്നാമതായി പ്രതിപാദിക്കയെന്നത് ഒരു നിയമമായി പ്രാചീനപണ്ഡിതന്മാർ സ്വീകരിച്ചു കാണുന്നുണ്ട്. ഈ അംശത്തിന്നു ശാസ്ത്രങ്ങളിൽ അനുബന്ധചതുഷ്ടയനിരൂപണമെന്നാണ് സംജ്ഞ നിശ്ചയിച്ചിരിക്കുന്നത്. അത്ബന്ധചതുഷ്ടയനിരൂപണത്തിൽ വേദാന്തശാസ്ത്രജ്ഞന്മാരുടെ ദൃഷ്ടി കുറെ അധികം സൂക്ഷ്മമായി പ്രവേശിക്കുമാറുണ്ടെന്ന് അവർ ഓരോ ഗ്രന്ഥങ്ങളിൽ ആ വിഷയത്തെപ്പററി നിഷ്കൎഷിച്ചിട്ടുള്ള സമ്പ്രദായം നോക്കുമ്പോളറിയാവുന്നതാണ്. എന്നാൽ വിചാരസാഗരത്തിലുള്ളപോലെ അനുബന്ധചതുഷ്ടയവിചാരം ഒരു

വേദാന്തഗ്രന്ഥത്തിലും അതിസൂക്ഷ്മമായും സ്പഷ്ടമായും ചെയ്യപ്പെട്ടിട്ടില്ലെന്നാണ് എന്റെ പക്ഷം. ഇതിൽ ഒന്നും രണ്ടും തരംഗങ്ങളെക്കൊണ്ട് പ്രസ്തുതവിഷയത്തെ വിവരിക്കുകയും പല പൂർവ്വപക്ഷങ്ങളും എടുത്ത ശാസ്ത്രതത്വത്തെ വെളിപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

പിന്നെ ഗുരുവിന്റെ ലക്ഷണം, ഗുരുശുശ്രൂഷാക്രമം, ഭാഷാഗ്രന്ഥങ്ങളെക്കൊണ്ടുള്ള ജ്ഞാനസിദ്ധി — ഈ വിഷയങ്ങളെയാണ് മൂന്നാമത്തെ തരംഗത്തിൽ വിവരിച്ചിട്ടുള്ളത്.

നാലാമത്തെ തരംഗംമുതൽക്കു ഗുരുശിഷ്യസംവാദരൂപമായി ജ്ഞാനോപദേശം ആരംഭിക്കുന്നു. ആ തരംഗത്തിൽ തക്ദൃഷ്ടി, അദൃഷ്ടിതത്വദൃഷ്ടി എന്നിങ്ങിനെ മന്ദമദ്ധ്യമോത്തമാധികാരികളായിരിക്കുന്ന മൂന്നു ശിഷ്യന്മാരെ കല്പിക്കുകയും അവരുടെ അവസ്ഥാനുസരണം താരതമ്യത്തോടുകൂടി ഉപദേശം ചെയ്കയും ചെയ്തിട്ടുള്ളതിനു പുറമെ രജ്ജുസർപ്പദൃഷ്ടാന്തം ജീവബ്രഹ്മൈക്യം എന്നീ വിഷയങ്ങളെ മറെറാരു ഗ്രന്ഥത്തിലുമില്ലാത്തവിധം വലിയ പൂർവ്വപക്ഷങ്ങളെ എടുത്തു ഖണ്ഡിച്ചു ബഹുയുക്തികളോടുകൂടി വിസ്തരിച്ചു പറഞ്ഞിട്ടുണ്ട്.

അഞ്ചാമത്തെ തരംഗത്തിൽ ശാസ്ത്രം, ആചാര്യൻ മുതലായി ജഗദന്തർഭൂതങ്ങളായ മിഥ്യാസാധനങ്ങളാൽ അജ്ഞാനനിവൃത്തിയുണ്ടാകാമെന്നുള്ള യുക്തികളും മായാ ഈശ്വരൻ ജീവൻ സൂക്ഷ്മസൃഷ്ടി സ്ഥൂലസൃഷ്ടി പഞ്ചകോശവിവേകം ലയചിന്തനം പ്രണവോപാസന മുതലായ കാര്യങ്ങളും വിചാരിക്കപ്പെട്ടിരിക്കുന്നു.

ആറാമത്തെ തരംഗത്തിൽ ജാഗ്രത്സ്വപ്നാവസ്ഥകൾ സമമായിരിക്കുന്നുവെന്നും സച്ചിദാനന്ദസ്വരൂപമായി ജനനമരണരഹിതമായി അസംഗമായിരിക്കുന്ന ബ്രഹ്മമാകുന്ന ഞാൻ എന്ന പദത്തിന്റെ ലക്ഷ്യാർത്ഥമെന്നും സൃഷ്ടിക്കു കാരണം ഈശ്വരനല്ലാതെ ജീവനല്ലെന്നും മുക്തിസാധനം ജ്ഞാനംതന്നെ കർമ്മം അല്ലെന്നും കാരണം ഈശ്വരനല്ലാതെ ജീവനല്ലെന്നും മുക്തിസാധനം ജ്ഞാനംതന്നെ കർമ്മം അല്ല എന്നും സയുക്തികം പ്രതിപാദിക്കപ്പെട്ടിട്ടുണ്ട്. മഹാവാക്യോപദേശവും പദങ്ങൾക്കുള്ള വാച്യാർത്ഥ ലക്ഷ്യാർത്ഥവിവരണവും ഈ തരംഗത്തിലടങ്ങിയിരിക്കുന്നു.

ഏഴാമത്തെ തരംഗത്തിൽ സമാധിയുടെ അഷ്ടാംഗങ്ങളിന്നിവിധമെന്നും ജ്ഞാനികൾക്കു പ്രവൃത്തിനിവൃത്തികളിൽ നിയമമില്ലെന്നും പ്രാരബ്ധബലത്താൽ ജ്ഞാനിക്കു വ്യവഹാരമുണ്ടാകുന്നുവെന്നും

4 വേദങ്ങൾ 4 ഉപവേദങ്ങൾ 6 വേദാംഗങ്ങൾ, പുരാണം, ന്യായം, മീമാംസ, ധർമ്മശാസ്ത്രം, എന്നിങ്ങിനെയുള്ള 18 വിദ്യാപ്രസ്ഥാനങ്ങളും അദ്വൈതജ്ഞാനത്തെ തന്നെയാണ് ബോധിപ്പിക്കുന്നതെന്നും യുക്തിപ്രമാണങ്ങളെക്കൊണ്ടു വിശദീകരിച്ചിരിക്കുന്നു. ആ വിദ്യാപ്രസ്ഥാനങ്ങളുടെ ഭേദങ്ങളും ലക്ഷണങ്ങളും ജീവന്മുക്തി വിദേഹമുക്തികളുടെ സ്വരൂപവും സാംഖ്യംപാഞ്ചരാത്രം ശൈവവൈഷ്ണവ ഗ്രന്ഥങ്ങൾ, നാസ്തികമതം, വാമമാർഗ്ഗം (ശക്തിപൂജ), വിഷ്ണുശിവാദിദൈവതോപാസനകളെപ്പററിയുള്ള വ്യാസാഭിപ്രായം, ശാസ്ത്രങ്ങളിൽവെച്ചു പ്രമാണം എന്നിങ്ങിനെയുള്ള പല വിഷയങ്ങളും ആ തരംഗത്തിൽ വിസ്തരിച്ചിട്ടുണ്ട്. മേൽപറഞ്ഞവ കൂടാതെ വേറെയും പല കാര്യങ്ങളും ഈ ഗ്രന്ഥത്തിൽ വിചാരിക്കപ്പെട്ടിരിക്കുന്നുണ്ട്. 'വിചാരസാഗരം' ഹിന്തുമതത്തിലുള്ള പല ശാസ്ത്രരഹസ്യങ്ങളുടേയും ഒരു നിധിയാണെന്നതിന്നു സംശയമില്ല. ഇതിൽ ഓരോരോ മതങ്ങളുടെ സ്വരൂപങ്ങളും മററും സ്പഷ്ടമായി വിവരിച്ചിട്ടുള്ളതുകൊണ്ടു ഈ ഒരൊററ ഗ്രന്ഥംകൊണ്ടുതന്നെ സർവ്വമതസിദ്ധാന്തങ്ങളും ഗ്രഹിക്കാൻ കഴിയുമെന്നുതന്നെ പറയാം. വിശേഷിച്ചു ശ്രുതികൾ പറയുന്നതുകൊണ്ടു മാത്രം അഭ്യാസികൾക്കു ശ്രദ്ധയും സുഖബോധവുമുണ്ടാകാത്തതാകയാൽ യുക്തിപ്രധാനമായിരിക്കുന്ന ഈ ഗ്രന്ഥം ജിജ്ഞാസുക്കളുടെ ബുദ്ധിയെ പ്രത്യേകം ആകർഷിക്കുന്നതായിതന്നെയിരിക്കുന്നു. അനേകം മതസിദ്ധാന്തങ്ങളും പ്രൌഢവാദങ്ങളുമുള്ള ഈ ഗ്രന്ഥം വായിച്ചു ധരിക്കുന്നതിന്നു കുറെ നല്ല ശ്രദ്ധയുള്ളവർക്കേ സാധിക്കയുള്ളു എന്നു പറയേണ്ടതില്ലല്ലൊ.

ഭാഷയുടെ ചമൽക്കാരത്തെ അഭിലഷിക്കുന്നവർക്ക് ഈ ഗ്രന്ഥം ഒരു സമയം വൈമനസ്യദായകമായി തീരുമോ എന്നുള്ള സംശയം പരിഭാഷകനുണ്ടായിട്ടുള്ളതുപോലെ വായനക്കാരിൽ പലർക്കുമുണ്ടായേക്കാം. എങ്കിലും മഹത്തായിരിക്കുന്ന ഈ ശാസ്ത്രഗ്രന്ഥത്തെ സംബന്ധിച്ചേടത്തോളം പരിഭാഷകൻ 'കാര്യത്തെ മനസ്സിലാക്കേണമെന്നുള്ള ഉദ്യമത്തെ മാത്രം കർത്തവ്യമായി' സ്വീകരിച്ചതിനാലും, ആ ഉദ്യമം സഫലമായി ഭവിച്ചിരിക്കുന്നതിനാലും ഭാഷാചമൽക്കാരത്തെപ്പററി വിശേഷിച്ചൊന്നും പറയുന്നില്ല.

പുസ്തകത്തിന്റെ അച്ചടി ഒരു നോട്ടത്തിങ്കൽ നന്നായിട്ടുണ്ടെന്നു തോന്നുമെങ്കിലും നിഷ്കർഷിച്ചു നോക്കുമ്പോൾ അതിൽ ചില ന്യൂ

നതകൾ കാണുന്നതിനെ എടുത്തു പറയുന്നതിൽ കാമ്പ്രംബ്രദസ്സ് അന്യഥാ വിചാരിക്കുകയില്ലെന്നു വിശ്വസിക്കുന്നു. ഒന്നാമതായി ഓരോ പദങ്ങളുടെ ഇടക്കു ഓരോ 'സ്പേസ്' ഇടുന്നതിൽ ഒരു നിയമവും അച്ചടിയിൽ കാണുന്നില്ല. കാൎയ്യം നിസ്സാരമാണെങ്കിലും ശാസ്ത്രഗ്രന്ഥങ്ങളെ വായിക്കുമ്പോൾ വായനക്കാൎക്ക് അവയുടെ ശരിയായ അൎത്ഥഗ്രഹണത്തിന്ന് അതു ഒരു പ്രതിബന്ധമായിത്തീരുന്നുവെങ്കിൽ അച്ചടിയെ സംബന്ധിച്ചേടത്തോളം അതു ഒരു വലിയ ന്യൂനതയായി ഭവിക്കുന്നതാണ്. പിന്നെ വളരെ വാദത്തിൽ കിടക്കുന്നതാണെങ്കിലും 'അരയ്കാരം' എന്ന വിഷയത്തിൽ എന്തെങ്കിലും ഒരു നിയമത്തെ അനുഷ്ഠിച്ചു കാണാത്തതു ശോചനീയം തന്നെ. ഇപ്പോൾ സാധാരണയായി ആ വിഷയത്തെ സംബന്ധിച്ചു തിരുവിതാംകൂറിലും കൊച്ചിയിലും ബ്രിട്ടീഷു മലയാളത്തിലും വേറെ വേറെ രീതിയെ ആണ് അനുസരിച്ചു കാണുന്നത്. എന്നാൽ ഈ പുസ്തകത്തിന്റെ അച്ചടിയെ സംബന്ധിച്ച് അവയിൽ എതെങ്കിലും ഒരു രീതിയെ അനുസരിച്ചിട്ടുള്ളതായിട്ടോ, അല്ലെങ്കിൽ ആ അച്ചുകൂട്ടക്കാരുടെ തന്നെ സ്വന്തമായിട്ടൊരു രീതിയെ അനുസരിച്ചിട്ടുള്ളതായിട്ടോ, കാണുന്നില്ല. പ്രൂഫ് വായനയിലും കുറച്ചുകൂടി മനസ്സിരുത്തേണ്ടതായിരുന്നു.

കാൎയ്യം

കാൎയ്യം എന്നതിനെ കാര്യം എന്നു ചിലരും കാൎയം എന്നു ചിലരും എഴുതണമെന്നു വിചാരിച്ചുവരുന്നതായി അറിവാൻ ഇടവന്നിട്ടുണ്ട്. 'കാര്യം' എന്നെഴുതണമെന്നു അഭിപ്രായപ്പെടുന്നവരുടെ യുക്തി 'ഡുകൃഞ്കരണേ' എന്നു ശ്രീശങ്കരാചാൎയ്യരുടെ ഒരു പ്രസിദ്ധകീൎത്തനം മൂലമായി അധികം പ്രചാരപ്പെട്ടിട്ടുള്ള പാണിനിസൂത്രത്തിൽ പ്രതിപാദിതമായിരിക്കുന്ന 'കൃ' ധാതു

വിൽനിന്നുള്ള ഒരു രൂപമായ കാൎയ്യം എന്നതു എഴുതപ്പെടുമ്പോൾ അതിൽ ഉപകരണം' വ്യാകരണം' മുതലായ രൂപങ്ങളിലെന്ന പോലെ 'ര' പ്രധാനമായി നില്ക്കണമെന്നും 'യം' എന്നുള്ള തദ്ധിതപ്രത്യയത്തെ ചേൎക്കുന്നതിൽ 'ക്യ' 'ച്യ' എന്നുള്ളതുപോലെ 'ര്യം' എന്നു എഴുതണമെന്നും ആകുന്നു.

കാൎയ്യം എന്നു എഴുതാൻ താല്പൎയ്യപ്പെടുന്നവർ സംസ്കൃതം എഴുതുന്നതിൽ നാഗരത്തിലാകട്ടെ ഗ്രന്ഥാക്ഷരത്തിലാകട്ടെ (ഒററ) യകാരത്തോടുകൂടി 'ർ' എന്നതിനു പതിവുള്ള കുത്ത് ഇട്ടുവരുന്ന സമ്പ്രദായത്തെ തങ്ങളുടെ വാദത്തിനു അനുകൂലമായി പറയുന്നു. സംസ്കൃതത്തിൽ 'ര' പൂൎണ്ണമായി എഴുതി നാഗരത്തിലെ സമ്പ്രദായപ്രകാരം 'യ' ചേൎത്തോ ഗ്രന്ഥാക്ഷരത്തിലെ സമ്പ്രദായപ്രകാരം യുക്താക്ഷരത്തിലെ ദ്വിതീയവ്യഞ്ജനത്തിനു പതിവുള്ള വള്ളി ചേൎത്തോ 'ര്യ' എഴുതുക പതിവില്ല. മലയാളത്തിൽമാത്രം പതിവിനെ ഭേദപ്പെടുത്തി 'ര്യ' എന്നു എഴുതന്നമെന്നു ശഠിച്ചാൽ സാധിക്കുമോ എന്നുള്ളതു സന്ദിഗ്ദ്ധംതന്നെ. തെലുങ്കിലും കൎണ്ണാടകത്തിലും ഒററവ്യഞ്ജനത്തോടു 'ർ' എന്നതിനുള്ള ചിഹ്നവും യുക്താക്ഷരത്തിലെ ദ്വിതീയവ്യഞ്ജനങ്ങളിൽ ചിലതിനുള്ള സങ്കേതങ്ങളും ചേൎത്തുവരുന്നു എന്നാണ് എന്റെ സ്വല്പപരിചയംകൊണ്ടുള്ള അറിവ്. മലയാളത്തിൽ സംസ്കൃതജപദങ്ങളിലെന്നപോലെതന്നെ ദ്രാവിഡജപദങ്ങളിലും (ചേൎത്തു) പൂൎവ്വാക്ഷരം ഗുരുവായിരിക്കണമെന്നില്ലാത്ത യുക്താക്ഷരങ്ങളുടെ സംഗതിയിൽ 'ക്ക' 'ത്തു' 'ത്ത' എന്നിങ്ങിനെതന്നെ എഴുതുന്നതല്ലാതെ 'ചേൎത്തു' എന്നാ മററും എഴുതാറില്ലാത്തതിനാൽ, തദനുസരണത്താൽ 'കാൎയ്യം' 'വൎത്തനം' എന്നിങ്ങനെ ദ്വിത്വമായിത്തന്നെ എഴുതിവരുന്നതായിരിക്കുമോ? ഇത് ഒരു യുക്തിയായി തോന്നുന്നു. 'ഗ്ര്യ', 'ഗ്രേ' 'ഗ്ര' എന്നീ അക്ഷരങ്ങളിൽ ദ്വിത്വം ഇല്ല; സംസ്കൃതജപദങ്ങളിലല്ലാതെ യ,ര,വ ഈ വ്യഞ്ജനങ്ങൾ യുക്താക്ഷരങ്ങളിലെ ദ്വിതീയഭാഗമായി നില്ക്കുന്നതല്ല. എന്നാൽ 'ർ' പൂൎവ്വമായി നില്ക്കുന്ന യുക്താക്ഷരങ്ങൾക്കു പതിവുള്ള കുത്തു 'ചേൎക്കുന്നു' മുതലായ ദ്രാവിഡജപദങ്ങൾക്കും നടപ്പായിപ്പോയി. എന്നുതന്നെയല്ല 'അൎക്കൻ' എന്നും മററും ഉള്ളേടത്ത് (ഒററ) 'ക' മതിയെന്നുവയ്ക്കാൻ എല്ലാവരും തയ്യാറാകുമെന്നു തോന്നുന്നില്ല. പഞ്ചവൎഗ്ഗങ്ങളിൽ ഖരങ്ങൾ ഒഴിച്ചുള്ള വ്യഞ്ജനങ്ങൾ

കൾ മുമ്പിൽ 'ർ' ചേൎന്ന യുക്താക്ഷരം വന്നാൽ ആ പദം സംസ്കൃതജമാണെന്നു നിശ്ചയിക്കാം. പഞ്ചവൎഗ്ഗങ്ങളിൽ ചേരാത്ത വ്യഞ്ജനങ്ങൾക്കു മുമ്പിൽ 'ർ' ചേൎന്നുണ്ടാകുന്ന യുക്താക്ഷരങ്ങളും സംസ്കൃതജപദങ്ങളിൽ മാത്രമേ കാണുകയുള്ളു. ഇതുകൊണ്ടായിരിക്കണം 'ചേൎത്തു' എന്നും 'സൎപ്പം' എന്നും എഴുതുന്നതിൽ ദ്വിത്വാക്ഷരംതന്നെ പ്രയോഗിക്കുന്ന തമിഴിൽ 'സൎപ്പം' എന്നെഴുതുന്നതിൽ 'ർ' കഴിഞ്ഞു ഒരു 'പ' മാത്രം എഴുതുന്നത്. ഭാഷയ്ക്കു ശാസ്ത്രം ഉള്ളതു സൎവ്വവിദിതമായിരിക്കെ പദരൂപങ്ങളുടെ രീതികൾക്കു കാരണങ്ങൾ ഉണ്ടായിരിക്കുന്നതു അസാംഗത്യമല്ല; അവയെ കണ്ടുപിടിക്കുന്നതു ഹാസ്യാവഹവുമല്ല. 'അഹം' എന്നതിനു നാം രണ്ടു 'ഹ' എഴുതുന്നില്ലല്ലൊ; പോരെങ്കിൽ 'വൎഷ'വും 'ദൎശന'വും നോക്കുക. അതുപോലെ പൂൎവ്വാക്ഷരം ഗുരുവായിത്തീരത്തക്കവിധത്തിൽ സംസ്കൃതജപദങ്ങളിൽമാത്രം വരുന്നവയായ 'ർ' ചേൎന്ന ഖരമല്ലാത്ത വ്യഞ്ജനങ്ങളെ യുക്താക്ഷരങ്ങളിൽ ദ്വിത്വമായി എഴുതണമെന്നില്ലെന്നു വയ്ക്കുന്നതിൽ യാതൊരു വിരോധവുമില്ല. എന്നാൽ നടപ്പിനെ ഭേദപ്പെടുത്തുന്നതു ശീഘ്രസാദ്ധ്യമല്ലല്ലൊ. സംദ്ധ്യം, അൎത്ഥം, അൎദ്ധം ഇവയിൽ നാഗരത്തിലും മററും 'ധ' 'ഥ' ഈ അക്ഷരങ്ങളെ മാത്രമേ ഉപയോഗിക്കുന്നുള്ളു എന്നു വച്ചു മലയാളത്തിലും മുഴുവൻ അങ്ങനെ സാധിക്കുമോ?

സി എൻ രാമയ്യശാസ്ത്രി
ബി എ

ഒരു കഥ

മൂന്നാം അദ്ധ്യായം

'മനസ്വീ കാൎയ്യാൎത്ഥീ ന ഗണയതി ദുഃഖം ന ച സുഖം'



സഭാപതിപിള്ളയുടെ ബന്ധുവായ ഗുരുനാഥപിള്ളയുടെ ഭവനം ഉദയമാൎത്താണ്ഡന്റെ അരമനയിൽനിന്നു ഒന്നരനാഴിക ദൂരത്തായിരുന്നു. ആ ദൂരം നടന്നു തീരുന്നതിലകത്തു കുലക്കേസ്സിനെപ്പററി അതുവരെ ഉണ്ടായ സംഗതികളേയും അതുകളിൽനിന്നുള്ള അനുമാനങ്ങളേയും തിട്ടപ്പെട്ടു

ത്തി പിറെറ ദിവസം പ്രഭാതം മുതൽ പ്രവൃത്തിക്കേണ്ട വഴി നിർണ്ണയിക്കാമെന്നു വിചാരിച്ചുകൊണ്ടു പുറത്തിറങ്ങി തലതാഴ്ത്തി കയ്യും പിന്നിൽ കെട്ടി, വഴിയോരംപററി നടന്നുതുടങ്ങി. പിള്ളയുടെ മനസ്സു കേസ്സിന്റെ സമാധിയിൽ പ്രവൃത്തിച്ചിരുന്നിട്ടും ചരണങ്ങൾക്ക് വൃത്തിവിസ്മരണം വരാഞ്ഞത് എന്തുകൊണ്ടാണെന്നു വിദ്വാന്മാർ തീർച്ചയാക്കേണ്ടതാണ്. ഭൂമണ്ഡലം മുഴുവൻ കുല്യക്കി നിറച്ചു പോലിരുന്ന അന്നത്തെ ഇരുട്ടിൽ വിളക്കില്ലാതെ വഴി നടക്കാൻ കള്ളനും ഈ പിള്ളയുമല്ലാതെ അത്രധൈര്യം ആരും വിചാരിക്കില്ല. വഴി തെററാതെയും വല്ല നാഴികക്കല്ലിന്മേലൊ മററൊ ഇടറി വീഴാതെയും ഇദ്ദേഹം ഉദ്ദേശിച്ച സ്ഥലത്തു ചെന്നു ചേർന്നതു കുററക്കാരുടെ നിർഭാഗ്യം.

ഇൻസ്പെക്ടരുടെ കാലുകൾ മുന്നോട്ടു നടന്നേടത്തോളം ബുദ്ധിയും കേസ്സിലെ സംഗതികളിൽ പ്രവേശിച്ചിട്ടുണ്ടായിരുന്നു എന്ന് അദ്ദേഹത്തിന്റെ നോട്ടുപുസ്തകത്തിലെ കുറിപ്പുകൊണ്ടു കാണാം. ഇതാണ് കുറിപ്പ്.

'ക്ഷൌരത്തിൽ രോമപ്രായത്തിന്റെ അററത്തിലാണ കത്തികൊണ്ടു മുറി വീണിട്ടുള്ളത്. ശബ്ദം കേട്ടിട്ടുള്ളതും വാസ്തവം. ഞെട്ടി എന്നു പറയുന്നതും സംഭവിച്ചിരിക്കാം. എന്നാൽ ക്ഷൌരത്തിനു സാധാരണ കത്തിപിടിക്കുന്ന സമ്പ്രദായവും മുറിയുടെ ആഴവും കൂട്ടി നോക്കുമ്പോൾ അബദ്ധത്തിൽ ഇങ്ങിനെ ഒരു മുറി വീഴാൻ സംഗതിയില്ല എന്നു മാത്രമല്ല ആത്മരക്ഷക്കു ജാഗ്രതയോടുകൂടി പെട്ടെന്നു പ്രവൃത്തിക്കുന്ന പ്രകൃതിചാപല്യം, കഴുത്തിൽ കത്തിയുണ്ടെന്നുള്ള പ്രജ്ഞ വിട്ടു കത്തിയുള്ള ഭാഗത്തേക്കു കഴുത്തിനെ തിരിക്കില്ല. പഴക്കമുള്ള ക്ഷൌരക്കാരൻ ഞെട്ടിയാൽ കത്തി പിൻവലിക്കാനാണു സംഗതിയുള്ളത്. അതുകൊണ്ടു ക്ഷൌരക്കാരൻ ഇതിൽനിന്നു ചാടിപ്പോകില്ല.

വളപ്പിൽ രണ്ടുവിധം കാലടികൾ കണ്ടതുകൊണ്ടു രണ്ടാളെങ്കിലും കൂട്ടുകാരുണ്ടെന്നുള്ളതിന്നു സംശയമില്ല. ആ രണ്ടാളുകളും നിന്നിരുന്ന ദിക്കിൽനിന്നു ക്ഷൌരക്കാരൻ ജനലിനു സമീപത്തു നിന്നാൽ കാണാം. ക്ഷൌരക്കാരൻ താടിയിൽ കൈകൊടുത്തുനിന്നു ക്ഷൌരം ഇന്ന ദിക്കിലായി എന്ന് ഇവർക്ക് അറിവു കൊടുക്കാനായിരിക്കാം. അല്ലെങ്കിൽ ജഗന്മോഹിനി വന്നപ്പോൾ ക്ഷൌ

രക്കാരൻ അറയുടെ ഒരു മുക്കിലേക്കു മാറിയാൽ മതിയായിരുന്നുവല്ലൊ.

തകിടും കൂടും വല്ല നിധിയെപ്പററി അറിവു കൊടുക്കുന്നതായിരിക്കാം. ഒരു സമയം ആ വിവരം അറിയാൻവേണ്ടി കുല ചെയ്തതായിരിക്കാം. അതെടുത്തു് വളപ്പിലേക്കു എറിഞ്ഞു കൊടുത്തതായിരിക്കാൻ വഴിയില്ല. ഏറുപടക്കം പൊട്ടിയ ഉടനെ ആരെങ്കിലും കാണാതിരിക്കാൻ വളപ്പിൽ നിന്നിരുന്നവർ തലതാഴ്ത്തി ഓടിയിരിക്കാൻ സംഗതിയുള്ളതുകൊണ്ടു ക്ഷൌരക്കാരൻ തകിടുംകൂടും എടുത്തു് എറിയുന്നതുവരെ നിന്നിരിക്കില്ല. അങ്ങിനെയാണെങ്കിൽ അരമനക്കകത്ത ആരോ ഒരാളും കൂടി ഈ കൃത്യത്തിൽ ചേർന്നു കാണണം. തകാമണിയല്ല. ജഗന്മോഹിനിയുമല്ല. ശേവുകനുമല്ല. ശേവുകനാണെങ്കിൽ നിലവിളികൂട്ടാതിരിക്കാനാണല്ലൊ സംഗതി. അപ്പോൾ,—താഴത്തുണ്ടായിരുന്നവരിൽ ആരെങ്കിലുമായിരിക്കണം. ആ കൂട്ടുകാരൻ മുകളിലെ ജനലിനു നേരെ താഴത്തു നിന്നാൽ തകിടും കൂടും ആരും കാണാതെ കൈക്കലാക്കാം.

ഒരു കുടുംബത്തിലെ ഒരു ക്ഷൌരക്കാരൻ ഇങ്ങിനെ ചതിച്ചു എന്നു ജനശ്രുതിയുണ്ടായാൽ പിന്നെ ആ കുടുംബത്തിലുള്ളവരെ ആരേയും നാട്ടുകാർ വിശ്വസിക്കയില്ല. പിന്നെ ക്ഷൌരംകൊണ്ടുപജീവിക്കാൻ നോക്കണ്ട. ഇനിയുള്ള കാലം ആ കുടുംബം ഈ പ്രവൃത്തി കൂടാതെ കഴിക്കാൻ തക്കവണ്ണം പണം കൂട്ടാതെ ഒരുവൻ കുലപാതകത്തിന്നു തുനിയില്ല. കയ്യിൽ കൂട്ടാതെ കഴുത്തറക്കാൻ കൈവരില്ല. അപ്പോൾ—അത്ര സംഖ്യ കൊടുക്കാൻ തക്ക ധനമുള്ള ഒരുവൻകൂടി ഈ കൃത്യത്തിൽ ചേർന്നിരിക്കാം. അതുകൊണ്ടു ക്ഷൌരക്കാരന്റെ വീടു് ഒന്നു പരിശോധിക്കണം. അതു് ഒരു ചെററപ്പുരയായതുകൊണ്ടു വല്ല ദിക്കിലും കുഴിച്ചിട്ടിരിക്കാനാണു് എളുപ്പം. ഇവനെ തൂക്കിക്കൊന്നാലും കുടുംബം അനുഭവിക്കണമെന്ന വിചാരത്തിൽ കുടുംബത്തിലുള്ള വല്ലവരേയും ആ സംഗതി അറിയിച്ചിരിക്കാനും എളുപ്പമുണ്ടു്.

അവനേയും ആ പണത്തിനേയും കണ്ടുപിടിക്കാൻ വല്ല വിദ്യയും പ്രയോഗിക്കണം. കുലക്കേസ്സിൽനിന്നു വിട്ടുപോരുന്നതിന്നു വളരെ ബുദ്ധി ഉപയോഗിച്ചു കാണുന്നതുകൊണ്ടു ക്രിമിനൽ വ്യവഹാരശീലമുള്ളവരുടെ ആലോചനയുണ്ടെന്നൂഹിക്കാം.

സഭാപതിപിള്ള ഗുരുനാഥപിള്ളയുടെ വീട്ടിലെത്തിയ ഉടനെ കുളിച്ചു ഭക്ഷണം കഴിച്ചു അന്നുരാത്രി തന്നെ ക്ഷൌരക്കാരന്റെ വീട്ടിൽ ആരും അറിയാതെ ചെന്ന് അതിനുള്ളിലുള്ളവർ സംഭാഷണം ചെയ്യുന്നതിനെ കേൾക്കുകയും കാവലുള്ളത് എവിടെയാണെന്ന് നോക്കുകയും ചെയ്യേണമെന്ന് വിചാരിച്ച് ഗുരുനാഥപിള്ളയുടെ ഇറയത്ത് കിടക്കാൻ വട്ടംകൂട്ടി. അന്നു രാത്രി തനിച്ച് പോകുന്നതിൽ വല്ല അപകടവും നേരിട്ടേക്കാമെന്നു മററും ഗുരുനാഥപിള്ള കൂടക്കെ പറഞ്ഞുകൊണ്ടിരിക്കുന്ന മദ്ധ്യെ ഉമ്മറത്ത് ഒരു വിളി കേട്ടു. ചെന്നു നോക്കിയപ്പോൾ മണിരാമന്റെ ആളാണ്. ഒരെഴുത്തുണ്ടെന്നു പറഞ്ഞു സഭാപതിപിള്ളയുടെ കയ്യിൽ കൊടുത്തു. ഇതാണ് എഴുത്തിലെ വാചകം.

'ഇന്നു രാത്രി ഇവിടെ കഴിച്ചുകൂട്ടാൻ ഞങ്ങൾക്കു വളരെ ഭയമായിരിക്കുന്നു. ബുദ്ധിമുട്ടാണെന്നു വിചാരിക്കാതെ ദയവുചെയ്തു ഇങ്ങോട്ടുതന്നെ വന്നാൽകൊള്ളാം. നിങ്ങൾക്കു വേണ്ടി ഏല്പിച്ചിരുന്ന വണ്ടി നിങ്ങൾ പോയ ഉടനെ വന്നു. അതുതന്നെ അങ്ങോട്ടയക്കുന്നു. എന്തുകൊണ്ടും നിങ്ങൾ ഇവിടെത്തന്നെ ഇരിക്കുന്നതല്ലെ നല്ലത്. നിങ്ങൾ ഇല്ലാത്ത പക്ഷം രണ്ടു പോലീസുകാരെ കാവലിന്നയക്കേണമെന്നു തങ്കമണി അപേക്ഷിക്കുന്നു. വരാതിരിക്കരുതെ.'

എഴുത്തിലെ വർത്തമാനം ഗുരുനാഥപിള്ളയോടു പറഞ്ഞു. അതനുസരിച്ചു പോകുന്നതു ഗുരുനാഥപിള്ളക്ക് അത്ര ബോദ്ധ്യമായില്ല. എന്തായാലും തന്നെ പോകുന്നതു യുക്തമല്ലെന്നു പറഞ്ഞു കൈത്തോക്കും കയ്യിലെടുത്തു ഗുരുനാഥപിള്ളയും കൂടെ പുറപ്പെട്ടു. ഒരു പോലീസ്സൈന്യം മുഴുവനും കീഴിലിരിക്കുമ്പോൾ ഗുരുനാഥപിള്ളയെ ബുദ്ധിമുട്ടിക്കേണ്ടാവശ്യമില്ലെന്നും വല്ല സഹായവും വേണമെന്നു നിർബ്ബന്ധിക്കുന്നപക്ഷം കൈത്തോക്കിന്റെ സഹായം മാത്രം മതി എന്നും പറഞ്ഞ് അതു വാങ്ങി സഭാപതിപിള്ള തനിച്ചു വണ്ടിയിൽ കയറി അരമനയിലേക്കു തിരിയെ വന്നു.

മണിരാമനും തങ്കമണിയും ദാസിമാരും തങ്കമണിയുടെ കെട്ടിടത്തിന്റെ മുകളിൽ പിള്ളയുടെ വരവു കാത്തിരിക്കയായിരുന്നു. പിള്ള കയറിച്ചെന്ന ഉടനെ സല്ക്കരിച്ചു മുകളിൽതന്നെ കിടക്ക വിരിച്ചുകൊടുത്തു. സ്ത്രീകളെല്ലാം അറയിലും മണിരാമനും സഭാപതിപിള്ളയും തളത്തിലുമാണ് കിടന്നത്.

സ. പി— വല്ല നിധിയും ഇവിടെ ഉള്ളതായിട്ടു കേൾവിയുണ്ടോ?

മ. രാ— കേട്ടിട്ടില്ല. പക്ഷെ ഇല്ലെന്നു വിചാരിക്കാനും പാടില്ല.

സ. പി— ആ തകിടും കൂടും അങ്ങിനെ വല്ല അറിവും കൊടുക്കുന്നതായിരിക്കുമെന്ന് എനിക്കു തോന്നുന്നു. എന്താ അങ്ങടെ അഭിപ്രായം?

മ. രാ— ഇങ്ങിനെയുള്ള കാൎയ്യത്തിൽ എന്നെപ്പോലെ ഉള്ളവരുടെ അഭിപ്രായം കാശിനു വിലയില്ല. നിങ്ങളുടെ ഊഹങ്ങൾ പിഴച്ചു കണ്ടിട്ടുമില്ല.

സ. പി— അഭിപ്രായത്തിനു വിലയുണ്ടോ ഇല്ലയൊ എന്നു മററുള്ളവരല്ലെ തീൎച്ചയാക്കേണ്ടത്? അതിനെപ്പററി നിങ്ങൾ വല്ലതും ആലോചിച്ചിട്ടുണ്ടെങ്കിൽ അതെന്തെന്നറിവാൻ ആഗ്രഹമുണ്ട്.

മ. രാ— തകിടും കൂടും എന്തിന്നുള്ളതായിരിക്കുമെന്നു ഞാൻ ആലോചിച്ചില്ല. നിങ്ങൾ പറഞ്ഞേടംകൊണ്ടു നിങ്ങടെ ഊഹം ശരിയായിരിക്കുമെന്നു തോന്നുന്നു.

സ. പി— ഇവിടെ ചിലവു കഴിച്ചു കൊല്ലത്തിൽ എന്താദായമുണ്ടെന്നറിയാമോ?

മ. രാ— നിശ്ചയമില്ല.

സ. പി— സുമാറായിട്ടറിഞ്ഞാൽ മതി.

മ. രാ— കണക്കു നോക്കിയാൽ തിട്ടമായിട്ടുതന്നെ അറിയാമല്ലോ.

സ. പി— കണക്ക ആരുടെ കൈവശത്തിലാണെന്നറിയാമോ?

മ. രാ— താക്കോലുകളെല്ലാം ജഗന്മോഹിനി അമ്മാൾ കൊണ്ടുപോയിരിക്കുന്നു.

ഈ സംഭാഷണത്തിനു ശേഷം രണ്ടു പേരും മിണ്ടാതെ കിടന്നു. നേരം പുലൎന്നപ്പോൾ രണ്ടാളും താഴത്തിറങ്ങി. ജഗന്മോഹിനി അമ്മാളെ വിട്ടയക്കാൻ ഒരാളെ സ്റ്റേഷനിലേക്കയച്ചു. അതിന്നു ശേഷം രണ്ടാളുംകൂടി തെക്കിൻകാട്ടിലേക്കു ചെന്ന് തലേദിവസം അടയാളംവെച്ച ദിക്കിൽനിന്നു കാലടികളെ പിന്തുടൎന്നു തുടങ്ങി. പത്തുപതിനഞ്ചടി തെക്കോട്ടു പോയപ്പോൾ അവിടെവെച്ച്, പിരിഞ്ഞപോലെ ഒരുത്തന്റെ കാലടികൾ കിഴക്കോട്ടു പോയതായി കണ്ടു.

സ. പി— ഞാൻ എടത്തു കയ്യന്റെ പിന്നാലെ പോയിട്ടു വരട്ടെ. നിങ്ങ് വലത്തു കയ്യനെ കാത്തുനില്ലും.

മ. രാ— എടത്തു കയ്യനാണെന്ന് എങ്ങിനെ അറിഞ്ഞു?

സ. പി— കിഴക്കെ വളപ്പിൽനിന്നു തെക്കോട്ടു നോക്കീട്ടാണ് അരമനയുടെ കിഴക്കെ ചുമരിലേക്ക് എറിഞ്ഞിട്ടുള്ളത് എന്നു അവന്റെ വലത്ത കാലടി അധികം ഊന്നികണ്ടതുകൊണ്ടറിഞ്ഞു. അങ്ങിനെ എറിയേണമെങ്കിൽ എടത്തു കയ്യനായിരിക്കണം.

മ. രാ— നിങ്ങൾ വല്ലാത്ത മനുഷ്യൻ. ഞാൻ കാത്തു നില്ക്കുന്നവന്റെ അടയാളം വല്ലതും ഊഹിച്ചിട്ടുണ്ടോ?

സ. പി— അതും ഉണ്ട്.

മ. രാ—പോയി പിടിച്ചുകൊണ്ടു വരൂ. (സഭാപതിപിള്ള എടത്തു കയ്യനെ പിന്തുടൎന്നു പോയി. മണിരാമൻ തെക്കോട്ടു പോയ കാലടികളെ നോക്കുന്ന മദ്ധ്യേ ഒരു ശബ്ദം കേട്ടു തിരിഞ്ഞു നോക്കിയപ്പോൾ സഭാപതിപിള്ള ഒരു കുഴിയിൽ,!

മണിരാമൻ ഓടിച്ചെന്നു നോക്കിയപ്പോൾ വളപ്പിലെ കഴുങ്ങിൻ തൈകൾ നനക്കേണ്ടതിന്നു വെള്ളം നിറെപ്പാൻ ഭൂമിയിൽ കുഴിച്ചിട്ടിരുന്ന ഒരു മൺതൊട്ടിയുടെ അടിയിൽ ഒരു തടിച്ച കടലാസ്സിൽ മുന മേല്പോട്ടാക്കി തറച്ചു വെച്ചിരുന്ന മൊട്ടുസൂചികൾ സഭാപതിപിള്ളയുടെ കാലിൽ കയറിയിരിക്കുന്നു. തൊട്ടിയുടെ മുകളിൽ ചുള്ളിക്കൊമ്പുകൾ നിരത്തി മേലെ മണ്ണിട്ടിരുന്നതുകൊണ്ട് സഭാപതിപിള്ള ചതി അറിഞ്ഞില്ല. കാലിൽ കയറിയിരുന്ന മൊട്ടുസൂചികൾ ഒരു വിധം വലിച്ചെടുത്തു. രക്തം ഒഴുകിക്കൊണ്ടിരുന്ന കാൽ നോക്കാതെ സഭാപതിപിള്ള സൂചികളേയും കടലാസ്സിനേയും സൂക്ഷിച്ചു നോക്കുന്നത് മണിരാമൻ കണ്ടപ്പോൾ,

മ. രാ— എന്താ ഹേ, നിങ്ങടെ കാൽ സ്വന്തം കാലോ ആരാന്റെ കാലോ?

സ. പി — സൂചിയിൽ വിഷമുണ്ടോ എന്നു നോക്കുകയാണ് ചെയ്തത്. അതോടുകൂടി കടലാസ്സ എവിടുന്നു വന്നതാണെന്നറിയാൻ തരമുണ്ടോ എന്നു നോക്കി. കള്ളൻ എന്നെ പററിച്ചു എങ്കിലും അവനെ ഞാൻ പിടിക്കും.

കുറെ തുണി കൊണ്ടുവരിച്ച് കാലിൽ കെട്ടി. പിന്നെയും അടികളെ പിന്തുടൎന്നു. തീവണ്ടി ആപ്പീസ്സിലേക്കുള്ള വഴിയിൽ എടത്തു കയ്യൻ ചെന്നു ചേൎന്നിട്ടുണ്ടെന്നു കണ്ടപ്പോൾ സഭാപതിപിള്ള അവിടുന്നു തിരിച്ചു സമീപത്തുള്ള ഒരു ഷാപ്പിൽ കയറി. അ

ഷാപ്പിൽനിന്നു തലേന്നു രാത്രി മൊട്ടുസൂചികൾ വിററിട്ടുണ്ടെന്നറിഞ്ഞപ്പോൾ ഷാപ്പുകാരനോടു ചോദിച്ചു സൂചിയും തറച്ച കടലാസ്സും വാങ്ങിയവൻ ഒരു തമിഴനാണെന്നും ഭാഷകൊണ്ട് മദ്രാശിക്കാരനാണെന്നും മനസ്സിലാക്കി. ഉടനെ തീവണ്ടി ആപ്പീസ്സിൽ ചെന്നു ചില കമ്പികൾ കൊടുത്തു. സഭാപതിപിള്ള അരമനയിലേക്കു തന്നെ മടങ്ങി.

സഭാപതിപിള്ള മടങ്ങി എത്തിയതിന്ന് അല്പം മുമ്പു ജഗന്മോഹിനിയെ പോലീസ് സ്റ്റേഷനിൽനിന്ന് കൂട്ടിക്കൊണ്ടു വന്നിട്ടുണ്ടായിരുന്നു. സഭാപതിപിള്ള വന്നപാടെ കണക്കുകൾ എടുത്തുനോക്കി മണിരാമനേയും ജഗന്മോഹിനിയേയും കൂട്ടി നിൎത്തി പണവും വിലപിടിച്ച സാധനങ്ങളും സൂക്ഷിക്കുന്ന അറ തുറക്കാൻ പറഞ്ഞു. ഉദയമാൎത്താണ്ഡൻ അല്ലാതെ വേറെ ആരും ആ പൂട്ടു തുറക്കാൻ പാടില്ലെന്നും തുറന്നാൽ വലിയ അപകടമുണ്ടാവുമെന്നു അദ്ദേഹം പണ്ടാരിക്കൽ പറഞ്ഞിട്ടുണ്ടെന്നും അതുകൊണ്ടു തനിക്കു തുറക്കാൻ ധൈൎയ്യമില്ലെന്നും പറഞ്ഞു ജഗന്മോഹിനി താക്കോൽ സഭാപതിപിള്ളയുടെ കയ്യിൽ കൊടുത്തു. അദ്ദേഹം താക്കോൽ വാങ്ങി അറയുടെ വാതിൽ പരിശോധിച്ചപ്പോൾ അസാധാരണയായി യാതൊന്നും കണ്ടില്ല. വാതിൽ തുറന്ന് ഉള്ളിൽ കടന്നു. നിലം മുതൽ സാമാന്യം തട്ടുവരെ ഉയരമുള്ളതും അഞ്ചുചതുരം സമചതുരമുള്ളതുമായ ഒരു ഇരിമ്പു പെട്ടിയായിരുന്നു അതിന്നകത്ത്. കാലിൽ ഉണ്ടായിരുന്ന ചുളുചുളെക്കുത്ത് തനിക്കു കാലത്തു പിണഞ്ഞതിനെ നിരന്തരം ഓൎമ്മപ്പെടുത്തിക്കൊണ്ടിരുന്നതുകൊണ്ട് ആ ഇരിമ്പു പെട്ടിയുടെ സമീപത്ത് ആലോചിച്ചുകൊണ്ടു വളരെ നേരം നിന്ന ശേഷമാണ് അതിനെ തൊട്ടിട്ടുള്ളത്. ഇരിമ്പു പെട്ടിയുടെ അകത്തേക്കു കടക്കാനുള്ള വാതിൽ ഒന്നരച്ചാൺ അകത്തോട്ടു തള്ളിട്ടായിരുന്നു. വാതിൽ ഒരു പലകയല്ലെന്നും ഒപ്പം വലിപ്പത്തിലുള്ള ആറു പലകകൾ നിൎത്തി നിരന്നിട്ടാണെന്നും സഭാപതിപിള്ള നോക്കി മനസ്സിലാക്കി. കൈകൾ സമീപത്തു കൊണ്ടുവരാതെ തുറന്നാൽ വലിയ അപകടം വരാൻ മാൎഗ്ഗമില്ലെന്നു സൂക്ഷ്മമായി അനുമാനിച്ചു ഒരു കരുവാനെക്കൊണ്ടു വന്നു നീളമുള്ള ഒരു കൊടിൽകൊണ്ടു താക്കോൽ പിടിച്ചു കഴിയുന്നതും ദൂരത്തും നേർ മാൎഗ്ഗം ഒഴിച്ചും നിന്നു തുറക്കാൻ പറഞ്ഞു, അവൻ തുറന്നപ്പോൾ ഇരുപുറത്തുനി

ന്നും രണ്ടിരിമ്പു പലകകൾ അതിശക്തിയോടുകൂടി വന്നു ചേൎന്നു കൊടിൽ അതിന്നിടയിൽ പെട്ടുകയും പെട്ടിയുടെ മുകളിൽ ഘോരമായ ശബ്ദത്തോടുകൂടി മണി അടിച്ചു തുടങ്ങുകയും ചെയ്തു. കള്ളവൻ ഭയപ്പെട്ടു പുറത്തേക്കു ചാടിയത് ആരും അറിഞ്ഞില്ല. മണി അടിച്ചു കഴിയുന്നതുവരെ സഭാപതിപിള്ള ആ നില്പിൽനിന്ന് അനങ്ങീട്ടില്ല. അതിന്നുശേഷം അദ്ദേഹം ആ കൊടിൽ പിടിച്ചു അങ്ങുമിങ്ങും ഇളക്കി നോക്കിയപ്പോൾ ഒരിഞ്ചിടപോലും അനങ്ങുന്നില്ല. പുറത്തുവന്ന് ഈ പെട്ടി ഉണ്ടാക്കിയ കാലം ചോദിച്ചറിഞ്ഞു. ആ കൊല്ലത്തെ കണക്കു പരിശോധിച്ചു പെട്ടി ഉണ്ടാക്കിയവന്റെ പേർ അറിഞ്ഞു. പെട്ടിയുടെ സമീപത്ത് അടിച്ചുവാരാത്തപോലെ മണ്ണ് അധികം കണ്ടു ചില സംശയങ്ങൾ ഉണ്ടായി. നാൽ ഒന്നും പരിശോധിക്കേണ്ടതില്ലെന്നുള്ള ഭാവത്തോടുകൂടി അരമനയുടെ മിററത്തു നടന്നു പെട്ടി തുറക്കുന്നതിന്ന് അതുണ്ടാക്കിയവനെത്തന്നെ കൂട്ടിക്കൊണ്ടു വരാൻ താൻ പോകുന്നു എന്നു പറഞ്ഞു തിവണ്ടി ആപ്പീസ്സിലേക്കു ചെന്നു. വഴിയാക്കാനാണെന്നു പറഞ്ഞു മണിരാമനുംകൂടെച്ചെന്നു. സ്റ്റേഷൻമാസ്റ്റരും സഭാപതിപിള്ളയുംകൂടി കുറെനേരം സ്വകാൎയ്യം പറഞ്ഞതിന്നുശേഷം ഇൻസ്പെക്ടർ മദ്രാശിക്കു ശീട്ടുവാങ്ങി. വണ്ടിയിൽ കയറി വണ്ടി നീങ്ങി. മണിരാമൻ സലാം പറഞ്ഞു പിരിഞ്ഞു.

കാരാട്ടു അച്ചുതമേനോൻ ബി. എ. ബി. എൽ.

പലവക

പുസ്തകപരിശോധന

പാറപ്പുറം

പരഭാഷയിൽ പ്രതിപത്തിയും മാതൃഭാഷയിൽ വിരക്തിയും അഭിനയിക്കുന്ന അല്പജ്ഞന്മാൎക്കും ഇതരഭാഷകളിൽകൂടി വ്യുല്പന്നന്മാരായ കേരളീയൎക്കും പാകേ രസിക്കുന്നതായ ഒരു മലയാള

ഗ്രന്ഥം പുറത്തുവന്നിട്ടുണ്ടെന്നു പരസ്യപ്പെടുത്തുവാൻ ഞങ്ങൾക്കു എടവരുത്തിയതു കെ. രാമകൃഷ്ണപിള്ള അവർകൾ കേരളഭാഷാഭിമാനികളിൽ പലൎക്കും അപരിചിതനായിട്ടില്ല. അദ്ദേഹമാണ് പാറപ്പുറം എന്ന ഈ നവഗദ്യകാവ്യത്തിന്റെ പ്രസാധകൻ. ഈ കഥാപുസ്തകത്തിന്റെ ഗുണദോഷങ്ങളെപ്പററി ഒരു പണ്ഡിതരസികൻ നിഷ്പക്ഷപാതമായി പറഞ്ഞിട്ടുള്ള അഭിപ്രായത്തെ പുസ്തകത്തിന്റെ അവതാരികയിൽ ചേൎത്തിട്ടുള്ളതു എത്രയും ശരിയായിരിക്കുന്നു. സമുദായകാൎയ്യങ്ങളും രാജ്യകാൎയ്യങ്ങളും ഇടതൂൎന്നു നിൽക്കുന്ന ഈ നോവലിന്റെ പല ഭാഗങ്ങളും കഥാരചനയിൽ അസാമാന്യമായ ബുദ്ധിവൈഭവത്തെത്തന്നെയാണ് തെളിയിക്കുന്നത്. മനുഷ്യസ്വഭാവവൈചിത്ര്യത്തെ ഇത്രത്തോളം സൂക്ഷ്മമായി അറിഞ്ഞ് ജീവിതതത്വജ്ഞാനത്തെ വെളിപ്പെടുത്തിട്ടുള്ള കവികൾ ചുരുക്കം മാത്രമേയുള്ളു എന്ന് പുസ്തകം വായിച്ചപ്പോൾ ഞങ്ങൾക്കു തോന്നിപ്പോയി.

ഈ ഗ്രന്ഥകൎത്താവ് ആരാണെന്നു പ്രസാധകൻ രാമകൃഷ്ണപിള്ള അവർകൾക്കുതന്നെ നിശ്ചയമില്ലെന്നാണ് പറഞ്ഞിട്ടുള്ളത്. വായനക്കാരുടെ മനസ്സിനെ നിഷ്പ്രയാസം വികസിപ്പിച്ചുല്ലസിപ്പിക്കുന്ന ഈ കഥയുടെ ഉടമസ്ഥൻ തന്റെ പേരിനെ പുറത്തു വിടാൻ മടിക്കുന്നതു ഗദ്യപദ്യങ്ങളെഴുതിയാൽ പയററിപ്പള്ളിപ്പു തീരാത്തതുകൊണ്ടോ സ്വായത്തസിദ്ധിക്കു വക മതിയായില്ലെന്നു ഭയപ്പെട്ടോ ആയിരിക്കാം. എന്നാൽ സദ്വൃത്തന്മാരായ ആധുനികഗ്രന്ഥകാരന്മാരുടെ പേരുവിവരപ്പട്ടികയിൽ ഈ ഗ്രന്ഥകൎത്താവിന്റെ പേരു ചേൎക്കേണ്ടതാണെന്നു മാത്രമല്ല ഈ പേരു പട്ടികയുടെ ചോടെ ചേൎക്കാതെ ഉത്തമസ്ഥാനത്തു തിരുത്തി ചേൎക്കേണ്ടതാണെന്നുകൂടി ഞങ്ങൾക്കു അഭിപ്രായമുണ്ട്. സരസനും വിദ്വാനും ആയ ഈ മഹാന്റെ തിരനോട്ടത്തിനുള്ള തക്കവസരം ഈ ഉദ്യമംകൊണ്ട് ധാരാളം കിട്ടിട്ടുണ്ടെന്നു ഈ പുസ്തകം വായിക്കുന്നവരെല്ലാം ഒരുപോലെ സമ്മതിക്കുമെന്നാണ് ഞങ്ങളുടെ ദൃഢമായ വിശ്വാസം.

ചതിക്കുചതി എന്ന വിക്രമീയപ്രതിക്രിയ

നോവൽ വായിക്കുന്നതു കേവലം കഥയെ ഗ്രഹിച്ചു വിനോദിക്കുവാനും സമയം കളവാനും മാത്രമല്ല. സന്മാൎഗ്ഗപാഠങ്ങളേയും സദുപദേശങ്ങളേയും നൽകുന്നതു ഒരു നോവലിന്റെ ധൎമ്മമാകുന്നു. അതോടുകൂടി വായനക്കാൎക്കു സമുദായാചാരങ്ങളുടേയും സ്വദേശഭരണനീതികളുടെയും യാഥാൎത്ഥ്യത്തെ വ്യക്തമാക്കിക്കൊടുക്കുമ്പോൾ, നോവൽ വായനക്കാൎക്ക് അപരിമിതമായ ഗുണത്തെ ഉല്പാദിപ്പിക്കുന്നതായി ഭവിക്കുന്നു. കഥാപാത്രങ്ങളും കഥാസംഭവങ്ങളും മനുഷ്യപ്രകൃതിക്കു യോജിച്ചിരിക്കുമ്പോൾ നോവൽവായനയിൽനിന്നുണ്ടാകുന്ന രസം ബുദ്ധിയെ പ്രഹൎഷിപ്പിക്കുകയും ചെയ്യുന്നതാണല്ലോ' എന്നും മററും പാറപ്പുറം എന്ന നോവലിന്റെ അവതാരികയിൽ പറഞ്ഞിട്ടുള്ളതു പ്രകൃതപുസ്തകത്തിന്റെ കൎത്താവ് R. A. M. എന്ന ആൾ പ്രത്യേകം അറിഞ്ഞിരിക്കേണ്ടതാണെന്നും ആഭാസവും അസഭ്യവുമായ വിഷയങ്ങളെ പ്രതിപാദിച്ചു പണ്ഡിതമ്മന്യന്മാരുടെ സമക്ഷത്തു നിന്ദാപാത്രമായിത്തീരരുതെന്നും ഞങ്ങൾ ഈ ഗ്രന്ഥകാരനോടു അപേക്ഷിക്കുന്നതിനു പുറമെ ഈ പുസ്തകം കേരളീയരുടെ ഇടയിൽ പ്രചാരമാകാതിരിക്കുന്നതു ജനസമുദായത്തിന്റെ സദാചാര വൃദ്ധിക്ക് ഒരു വലിയ സഹായമായിത്തീരുന്നതാണെന്നുകൂടി ഈ ഗ്രന്ഥകൎത്താവിനെ അറിയിക്കാതെ ഇരിപ്പാൻ ഞങ്ങൾക്കു ക്ഷമ വരുന്നില്ല. ഗ്രന്ഥംകൊണ്ടു ഗ്രന്ഥകാരന്റെ പ്രകൃതി ഊഹിക്കാവുന്നതാണെങ്കിൽ ഈ ചെറിയ പുസ്തകകൎത്താവ സദ്വൃത്തനാകേണ്ടതിന്ന് അതിവേഗത്തിൽ കഴിയുന്നശ്രമം ചെയ്യേണ്ടതാണെന്നുകൂടി പറയാം.

ഗുരുവായൂരപ്പൻ:— നടുവത്തു മഹൻനമ്പൂരി അവൎകളുടെ ഈ ചെറിയ ഗാനപുസ്തകം എടനാടുകളിലുള്ള വനിതമാൎക്ക് അത്യന്തം ഉപകാരപ്രദമായിരിക്കും.

ശ്രീരാമോദന്തംഭാഷ— കൊല്ലങ്കോട്ടു പി. ക. വേലുമേനോൻ അവൎകളുടെ ശ്രമം അഭിനന്ദിക്കത്തക്കതുതന്നെ. ഈ ബാലകാ

വ്യം തർജ്ജമ ചെയ്യുവാൻ പുറപ്പെട്ടത് ഒട്ടു തന്നെ സാഹസമായിട്ടില്ല. കവിക്കു വ്യുൽപത്തിദാർഢ്യവും തർജ്ജമക്കു വാസനയും ഉണ്ടെന്നു ഈ ചെറിയ പുസ്തകം വെളിപ്പെടുത്തുന്നുണ്ട്. ഇദ്ദേഹം ഇതുപോലെയുള്ള വിഷയങ്ങളിൽ പരിശ്രമിച്ചു പ്രസിദ്ധിസമ്പാദിക്കുവാൻ ഇടയാകട്ടെ.

കർഷകവിലാപം — കേരളത്തിലുള്ള കൃഷിയുടെ ഗുണദോഷങ്ങളെപ്പറ്റിയുള്ള സാമാന്യസ്വരൂപം ആവശ്യപ്പെടുന്നവർക്കെല്ലാം ഈ പദ്യപുസ്തകം ഒരു വലിയ സഹായമായിരിക്കും. ബമ്പലാശ്ശേരി അച്യുതമേനോൻ ബി. എ. അവർകൾക്കു ഇങ്ങിനെ ഒരു ഗ്രന്ഥം ഉണ്ടാക്കേണമെന്നു തോന്നിയതു കൃഷികാർക്കു ഒരു അഭ്യുദയകാലമാണെന്നു പറയാം. ലളിത രീതിയിൽ ചെറിയ വൃത്തത്തിൽ ഒരുനൂറെറാന്നു ശ്ലോകം അടങ്ങിട്ടുള്ള ഈ ഗ്രന്ഥം എല്ലാവരും വായിച്ചറിയേണ്ടതാണ്.

ആര്യന്റെ ആഗമനം — സി. എസ്സ്. സുബ്രഹ്മണ്യൻപോററി അവർകളുടെ കവിതാവാസനയും തർജ്ജമക്കുള്ള മിടുക്കും എത്രത്തോളമുണ്ടെന്നു സാഹിത്യവിഷയത്തിൽ പരിശ്രമിക്കുന്നവർക്കെല്ലാം അറിവാനിടവന്നിട്ടുണ്ടായിരിക്കണം. ഇക്കാര്യത്തിൽ വല്ല സംശയവും വല്ലവർക്കും ഉണ്ടാകുന്നുണ്ടെങ്കിൽ അവർ പ്രസ്തുതപുസ്തകത്തെ കുറഞ്ഞൊന്നു വായിച്ചാൽ തീരുന്നതുമാണ്. ഇദ്ദേഹം പദ്യവിഷയത്തിൽ ഇതേവരെ ചെയ്തിട്ടുള്ള പരിശ്രമം കേരളീയർക്കു ഉപകാരപ്രദമായിട്ടുതന്നെയാണ് പരിണമിച്ചിട്ടുള്ളത്.

ശേഷം പുസ്തകങ്ങളുടെ അഭിപ്രായം വഴിയെ.

തടുക്കുവാൻ പാടില്ലാത്ത കൃത്യാന്തരഗൌരവംകൊണ്ട് ഈ ലക്കം രഞ്ജിനി പതിവിലധികം താമസിച്ചുപോയതിനെപ്പററി വായനക്കാർ ക്ഷമിക്കുമെന്നു വിശ്വസിക്കുന്നു.

P. SUBBAROY'S

World- renowned and most efficacious Ayurvedic medicine

പി. സുബ്ബറായിയുടെ ലോകപ്രസിദ്ധങ്ങളും ഏററവും ഫലവത്തുക്കളും ആയ ആയുൎവേദ ഔഷധശാലയം.

---

27. അശോകഘൃതം.

തെററിയുണ്ടാവുന്ന തീണ്ടാരി, വേദനയോടുകൂടി പ്രതിമാസമുണ്ടാകുന്ന തീണ്ടാരി, തീണ്ടാരികാലങ്ങളിൽ ഒടികളിലുണ്ടാകുന്ന വേദന, കാലനിൎണ്ണയമില്ലാത്ത തീണ്ടാരി, മാസന്തോറുമുണ്ടാകുന്ന തീണ്ടാരിയിൽ അധികരിച്ചോ ചുരുങ്ങിയതോ ആയ രക്തപ്പോക്ക് മച്ചി എന്ന അവസ്ഥ സാധാരണയായ ഗൎഭമലസൽ എന്നീ രോഗങ്ങളേയുംക്രമം തെററിയ തീണ്ടാരിനിമിത്തമുണ്ടാകുന്ന മററെല്ലാരോഗങ്ങളേയും ശമിപ്പിപ്പാൻ ഇത് ഏററവും വിശേഷപ്പെട്ട ഒരു ഔഷധമാകുന്നു. മാസന്തോറുമുണ്ടാകേണ്ടുന്ന തീണ്ടാരിക്ക ഈ ഔഷധം മേത്തരമായതും ഫലിതമായതുമാകുന്നു. ദേഹസുഖമുള്ള നല്ല കുട്ടികൾ ഉണ്ടാകേണ്ടതിന്നു ആഗ്രഹിക്കുന്ന സ്ത്രീകൾ ഇതിനെ ഉപയോഗിക്കേണ്ടതാണ്. കുപ്പി 1 ക്കു വില 1—0—0 ഒന്നോ രണ്ടോ കുപ്പികൾക്കു വി. പി. ചാൎജ്ജ 5ണ പുറമെ.

28. ബൃഹൽചന്ദ്രോദയമകരധ്വജം.

മനക്കമ്പത്തോടുകൂടിയ ദൌൎബ്ബല്യം സത്വക്ഷയം വാൎദ്ധക്യകാൎശ്യം വിസ്മൃതി നിശസ്ഖലിതം എന്നിവകൾക്കു ഇവ വിലയേറിയ ഒരു ഔഷധമാകുന്നു. ഇതിന്റെ ഫലിതം അത്ഭുതകരവും ആയതു നാൾക്കുനാൾ അഭിവൃദ്ധിയോടുകൂടി കാണപ്പെടാവുന്നതും ആകുന്നു. ചെറുപ്പം നിമിത്തമുണ്ടായ ദുൎവൃത്തികളാൽ യൌവന്യം നഷ്ടപ്പെട്ടു പോയിട്ടുള്ളവർ ഈ ഔഷധത്തെ ഒന്നു പരീക്ഷിച്ചു നോക്കേണ്ടതാണ്. അല്പകാലത്തിനുള്ളിൽ ഇത് അവരെ യൌവന്യമാക്കിത്തീൎക്കുമെന്നുള്ളതു നിശ്ചയമാണ്. ഒരു ആഴ്ചക്കു വേണ്ടുന്നതിന്നു വില 3 ക. വി. പി. ചാൎജ്ജ 5ണ. പുറമെ.

29. ച്യവനപ്രാശം.

ശ്വാസനാഡികളേയും തൊണ്ടയേയും സംബന്ധിച്ചുള്ള എല്ലാ രോഗങ്ങൾക്കും ഇതു മേത്തരം ഔഷധമാകുന്നു. കഫസംബന്ധമായ എല്ലാതരം ഉപദ്രവങ്ങൾക്കും

ഇതു ശുദ്ധിപ്പെട്ട ഒരു രസൌഷധമാണെന്നു മാത്രമല്ല സ്വാദത്തെയും ബലത്തെയും കൂടി ഉണ്ടാക്കുന്ന ഒന്നാണ്. തൊണ്ടപ്പുണ്ണ് ഒച്ചയടപ്പ് ക്ഷയം ഏക്കം തൊണ്ടയ്ക്കുള്ള അസഹ്യതയാലുള്ള കുര എന്നിവയ്ക്കും തൊണ്ടയെയും ശ്വാസനാഡികളെയും സംബന്ധിച്ചുള്ള എല്ലാ ഉപദ്രവങ്ങൾക്കും ച്യവനപ്രാശം കൈകണ്ട ഒരു മരുന്നാകുന്നു. അളുക്ക 1 ക്കു വില 2ക. വി. പി. ചാർജ്ജ് 5ണ. പുറമെ.

30. മകരധ്വജം.

ഇതിനു സമമായ ഒരു യോഗം ഔഷധവർഗ്ഗത്തിൽ വേറൊന്നില്ല. മകരധ്വജ ഔഷധത്തിന്റെ ഉപയോഗത്താൽ തീരെയോ അല്പമായോ നിവൃത്തികിട്ടാത്ത രോഗങ്ങളുമില്ല. ഏതു കാരണത്താലും ഉണ്ടാകുന്ന ബലക്ഷയങ്ങളിൽ ഇത് ഏറ്റവും തൃപ്തികരങ്ങളായ ഫലങ്ങളെ ഉണ്ടാക്കുന്നതാകുന്നു. ജീർണ്ണജ്വരം വിഷജ്വരം മുതലായ എല്ലാതരം ജ്വരങ്ങൾ ചലംപോക്ക് സ്രാവം പ്രമേഹം പ്രസവാനന്തരമുണ്ടാകുന്ന ഉപദ്രവങ്ങൾ ജലദോഷം കുര ഏക്കം മഹാമാരി ഓർമ്മകേട നീര് വിഷൂചിക വയർപഴപ്പ് ദഹനക്കേട് മന്ദത ബലക്ഷയം തലചുറ്റൽ എന്നിവയെ ശമനപ്പെടുത്തുന്നതിനു മേത്തരവുമാകുന്നു. തോല 1 ക്കു വില 24ക. ഒരാഴ്ച ഉപയോഗിക്കേണ്ടതിനു 1ക. വി. പി. ചാർജ്ജ് 5 ണ പുറമെ.

31. വസന്ത കുസുമാകരം.

പ്രമേഹങ്ങൾ ദൌർബ്ബല്യം അതിദാഹം നാവുവരൾച്ച കൈകാലുകളിൽ എരിച്ചൽ ക്ഷീണം മോഹാലസ്യം സ്രാവം പ്രയത്നേനയുള്ള മൂത്രംവീഴ്ത്തൽ മുതലായ രോഗങ്ങൾക്കു ഇതു ഫലിതമായ ഒരു ഔഷധമാകുന്നു. ഒരാഴ്ചക്കു വേണ്ടതിനു വില 5ക. വി. പി ചാർജ്ജ് 5 ണ. പുറമെ.

28. രക്തശുദ്ധി.

മനുഷ്യജീവന്റെ പ്രധാനകാരണം രക്തമാണെന്നു എവൎക്കും അറിയാവുന്നതാണ്. രക്തത്തിനു ശുദ്ധിയില്ലെങ്കിൽ വായിപ്പുണ്ണ് ചെങ്കണ്ണ് മൂക്കപ്പുണ്ണ് നെഞ്ഞുപ്പുണ്ണ് ശരീരമാസകലം കുരു ആണി വീക്കങ്ങൾ ചൎമ്മത്തിൽ നിറഭേദം ഉണ്ണപ്പുണ്ണ് തലവേദന അഗ്നിമാന്ദ്യം ചൎമ്മത്തിനു ചുകപ്പും മാൎദ്ദവമില്ലായ്കയും ചെകിട്ടും മൂക്കം വീങ്ങൽ പ്ലാപ്പ് ബലക്ഷയം നീര് മുളി കുഷ്ഠം തഴുതണം മന്ദത സ്വാദില്ലായ്ക ചൊറിച്ചൽ എന്നിവയും ദുൎഗ്ഗന്ധമുണ്ടാക്കുന്നതക്ക മറ്റെല്ലാം ചൎമ്മവ്യാധികളും രക്തദൂഷ്യംകൊണ്ടുണ്ടാകുന്നതാകുന്നു. രക്തത്തിൽ അകപ്പെട്ട വിഷത്തെ നീക്കം ചെയ്യാൻ രക്തശുദ്ധി എന്നുപേരായ ഞങ്ങളുടെ ഔഷധം മേത്തരമാകുന്നു. ഇതു രക്തത്തെ ശുദ്ധീകരിക്കുന്നതും രക്തദൂഷ്യത്താലുണ്ടാകുന്ന സൎവ്വവ്യാധികളെയും സുഖപ്പെടുത്തുന്നതും ശരീരത്തെ ക്രമപ്പെടുത്തി ബലപ്പെടുത്തുന്നതും ദഹനത്തെ ഉണ്ടാക്കുന്നതും നിറത്തെ വരുത്തുന്നതും ആകുന്നു. 20 ദിവസത്തേക്കു വേണ്ടുന്ന അളുക്ക 1 നു വില 2ക. ഒന്നോ രണ്ടോ അളുക്കകൾക്കു വി. പി. ചാർജ്ജ് 5 ണ. പുറമെ.

പി. സുബ്ബറായി പറങ്കിപ്പേട്ട, തെക്കെ ആർക്കാട്ട് ജില്ല.

മരുന്നു സേവിക്കുന്നതിനു മുമ്പ്

1. ലോകപ്രസിദ്ധമായ ധാതുപുഷ്ടികാരി

ധാതുനഷ്ടം, ബലഹീനത ലക്ഷണമില്ലാത്ത വിശപ്പില്ലായ്മ, നേത്രം, കൈ, കാൽ, മുതലായവയുടെ നീററൽ, നീരൊഴിവ്. മധുമേഹം, കല്ലടപ്പ് മൂത്രഘാതം) മുതലായ പലവിധ വസ്തിരോഗങ്ങളെ ക്ഷണേന പരിഹരിച്ചു രക്ഷപ്പെടുത്തും.



മരുന്നു സേവിച്ചതിന്നു ശേഷം

ഡപ്പി ഒന്നുക്കു വില ഉറുപ 2. തപാൽ ചിലവു വകക്കു അണ 7 വേറെ

2. പ്രമേഹനിവാരണി.

സിതാമേഹം ഇടുപ്പുവലി, മൂത്രമധികമായും തടഞ്ഞും പോകുക, മേഢ്രം പുകച്ചൽ, രക്തമേഹം മുതലായ വ്യാധികളിൽനിന്നു സ്ത്രീപുരുഷന്മാരെ നിവൎത്തിപ്പിക്കും. ഋതുകാലത്തിൽ രക്തം അധികമായി സ്രവിക്കുന്നതിനെയും ശമിപ്പിക്കും. കുപ്പി 1-ക്കു വില ഉറുപ 1 മൂന്നു കുപ്പികൾവരെയുള്ള ബാക്കിക്കു തപാൽ ചിലവു 5ണ

3. സൎവ്വവേദനസംഹാരി.

ഈ തൈലം അല്പം പിരട്ടിയാൽ കൈ കാൽ മുതലായ അംഗങ്ങളിൽ കുത്തിനോവുക, വിക്കം മുടക്കുവാതം നെഞ്ചുനോവു തലവേദന ഒരു ഭാഗത്തുണ്ടാകുന്ന ശൂല ഇടുപ്പുവേദന പാൎശ്വവായു മോഹവായു തിമിരവായു മുതലായ പല വ്യാധികൾ ഭേദപ്പെടും. കുപ്പി ഒന്നുക്കു വില ഉറുപ 1 തപാൽ ചിലവു അണ 5

4. മണ്ഡലകുഷ്ഠസംഹാരി.

മണ്ഡലകുഷ്ഠം, പുഴക്കടി തഴുതണം നവുഞ്ഞാണി എന്നീ പേരുകളുള്ള രോഗത്തിനു സിദ്ധൌഷധം ത്വഗ്രോഗങ്ങൾ പലതും മാറും. തേമൽ മേഹകുഷ്ഠം മുതലായവയെ നശിപ്പിക്കും വില കുപ്പി ഒന്നിനു 4-ണ തപാൽ ചിലവു മൂന്നു കുപ്പി വരെ 5 ണ വേറെ

5. ലക്ഷ്മീകരകസ്തൂരി ഗുളികകൾ.

താംബൂലം ഉപയോഗിക്കുന്നവർ എപ്പോഴും സശ്രദ്ധം ഉപയോഗിക്കേണ്ട വിലയേറിയ സാധനം. ദന്തവേദന വായ്നാററം, അജീൎണ്ണം പിത്തവായു ഇവയെ ശമിപ്പിക്കും.

പി. സുബ്ബറായി പറങ്കിപ്പേട്ട, തെക്കെ ആൎക്കാട്ടുജില്ല.

തനിച്ചോ താംബൂലത്തോടുകൂടിയോ ഉപയോഗിക്കാം. ആറാമത്തോടുകൂടി രണ്ടു ഗുളികകളെ ഉപയോഗിച്ചാൽ ഏതു ഗുരുദ്രവ്യത്തെയും ജീർണ്ണിപ്പിക്കും. പ്രസവകാലത്തു താംബൂലത്തോടുകൂടി ഉപയോഗിച്ചാൽ സന്നി അടുക്കയില്ല. അപായകരമായ യാതൊരു ലഹരിസാധനങ്ങളും ഇതിൽ ചേർത്തിട്ടില്ല. കാശ്മീരത്തുനിന്നു വരുത്തിയ കസ്തൂരി പച്ചക്കർപ്പൂരം മുതലായ അനേകം വിലയേറിയ സാധനങ്ങൾ ഇതിൽ ചേർത്തിട്ടുണ്ട്. ചുമ കാസശ്വാസം ജ്വരം മുതലായ രോഗങ്ങൾ ശമിസ്സിന്റെ ഏറെക്കാലത്തിൽപോലെ ഒന്നുമുതൽ 4 വരെ ഗുളികകൾ വെറ്റിലച്ചാറിൽ കൊടുത്താൽ മതി. 200 ഗുളികകൾ ഉള്ള കുപ്പി 1-ക വില ണ 4. 1 മുതൽ 12 വരെ കുപ്പികൾ അടങ്ങിയ ബങ്കി 1-ക്ക തപാൽകൂലി 4 ണ.

6. ദന്തചൂർണ്ണം.

സുഗന്ധമായുള്ളതു. എല്ലാമാതിരി ദന്തരോഗങ്ങളേയും നീക്കും. വില കുപ്പി ഒന്നിനു 3-ണ. തപാൽ ചിലവു 6 കുപ്പിവരെ 5 ണ വേറെ

7. ജ്വരസംഹാരി.

കുളിപ്പനി മുറപ്പനി വാതപ്പനി പിത്തജ്വരം കഫജ്വരം അസ്ഥിജ്വരം മുതലായവയ്ക്കു നന്നു. വില ഡപ്പി ഒന്നിനു 1 ക. തപാൽ ചിലവു 7 ണ വേറെ

8. ലോകപ്രസിദ്ധമായ സുഗന്ധകന്തളതൈലം.

ഇതു തൈലം പുരട്ടിയാൽ തലമുടി മീശ ഇമ ഇവ പുഷ്ടിയായും ഞെരുക്കമായും കറുപ്പായും വളരും. കണ്ണിനു കുളുർമ്മയുണ്ടാക്കും. സകല കൺനോവുകളും തലവേദനകളും നീങ്ങും. ചെമ്പിച്ച രോമം കറുക്കും. രോമം പൊഴിയാതിരിക്കും. കണ്ണിനു നല്ല തെളിച്ചമുണ്ടാക്കും. വില കുപ്പി ഒന്നിനു 8 ണ തപാൽചിലവു 5ണ വേറെ.

9. രോമസംഹാരി

രോമം എവിടെ വേണ്ടാതാക്കണമോ അവിടെ ഇതു മരുന്നു പുരട്ടിയാൽ യാതൊരു വേദനയുമുണ്ടാക്കാതെ രോമത്തെ മാറ്റും. വില കുപ്പി ഒന്നിനു 4 ണ തപാൽ ചിലവു മൂന്നു കുപ്പികൾവരെ 5 ണ വേറെ

10. അഗ്നിമാന്ദ്യസംഹാരി.

ദഹനമില്ലായ്മ പുളിച്ചുതികട്ടുക നെഞ്ചുകലിക്കുക മലബന്ധം വയറുനോവു വായനാററം അജീർണ്ണം വയറുവീർത്തുകയറുക നിദ്രാഭംഗം മുതലായ പിത്തോപദ്രവങ്ങളെ നീക്കി സുഖപ്പെടുത്തും. ഡപ്പി ഒന്നുക്കു അണ 8 തപാൽക്കൂലി 5 ണ വരെ

പി. സുബ്ബറായി പറങ്കിപ്പേട്ട, തെക്കെ ആർക്കാട്ട ജില്ല.

11. കണ്ണബിന്ദു.

ചീക്കാതു ചെവികുത്തു ചെവിയടപ്പു ഇരച്ചിൽ മുതലായ കണ്ണരോഗങ്ങളെ ഭേദപ്പെടുത്തും. ശ്രവണസൂക്ഷ്മതയുണ്ടാക്കം. വില കുപ്പി 1ക 8 ണ തപാൽ ചിലവു മൂന്നു കുപ്പികൾവരെ 5 ണ വേറെ.

12. സുഖഭേദിഗുളികകൾ.

ഭേദി ശരിപ്പെടുത്തും. അജീർണ്ണം പിത്തോപദ്രവങ്ങൾ വായു മലം പിടിത്തം അഗ്നിമാന്ദ്യം വാതം മുതലായ പല രോഗങ്ങളേയും ശമിപ്പിക്കം വില ഡപ്പി ഒന്നിനു 8 ണ തപാൽ ചിലവു 1 മുതൽ 4 വരെ ഡപ്പികൾക്ക 5 ണ വേറെ

13. നേത്രബിന്ദു.

കൺനോവു കൺകുത്തു കൃച്ഛം നീരെടുപ്പു മിന്നൽ മാലക്കണ്ണു പീളക്കെട്ടു ശേവളച്ചു പൂവു ചെരപ്പു എരിച്ചിൽ ഇമ ചുരികം ഇവയുടെ വലിവു പുകച്ചിൽ ഇങ്ങിനെയുള്ള രോഗങ്ങളെ ഭേദപ്പെടുത്തും. വില ഡപ്പി ഒന്നിനു 8 ണ തപാൽ ചിലവു മൂന്നു കുപ്പികൾവരെ 5 ണ വേറെ

14. സ്ഖലിതരക്ഷണി.

ബലഹീനതയാലും അത്യുഷ്ണത്താലും മററും ഉണ്ടാകുന്ന ഇന്ദ്രിയ സ്ഖലിതത്തെ നീക്കം. വില ഡപ്പി ഒന്നിനു 8 ണ തപാൽ ചിലവു 5 വരെ ഡപ്പികൾക്ക 5 ണ വേറെ

15. മൃഗകസ്തൂരി.

കാശ്മീറിൽനിന്നു വരുത്തിട്ടുള്ള ഒന്നാന്തരം കസ്തൂരി എപ്പോഴും ആപ്പീസ്സിൽ ഉണ്ട്. ത്രപാത്തൂക്കത്തിനു 48 ക. വില. ഒരു ത്രപാമുതൽക്കുള്ള ഏതു സംഖ്യക്കും ചില്ലറയായിട്ടും കൊടുക്കപ്പെടും തപാൽ ചിലവു പുറമെ എഴുത്തുകുത്തുകൾ എല്ലാം ഇംഗ്ലീഷിലൊ തമിഴിലോ ആയിരിക്കണം.

16. തേൾവിഷത്തിന്നു സിദ്ധൌഷധം.

തേൾ കടിച്ച സ്ഥലത്തു രണ്ടു തുള്ളി ഒഴിച്ചാൽ പൊടുന്നനെ ആശ്വാസം കാണും. ഒരു കുഡുംബത്തിലെങ്കിലും ഈ മരുന്നു ഒരു കുപ്പി കരുതി വെക്കാതെ ഇരിക്കരുത. വില കുപ്പി 1 ക 2 ക 8 ണ. 12 കുപ്പിയിൽ കുറയാതെ ഒന്നിച്ചു വാങ്ങുന്നവക്കു ഡസൻ 1 ക 2 ക 8 ണ. ഉള്ള വിലയിൽ കുറച്ചുമാത്രമെ വില ചുമത്തുന്നുള്ളു. വി പി കമ്മീഷൻ 5 ണ പുറമെ. ഇൻഡ്യയിലും ബാമ്മയിലും 12 കുപ്പിവരെ വി. പി. കമ്മീഷൻ 5 ണ. സിലോൺ ടി 7 ണ

പി. സുബ്ബറായി പറങ്കിപ്പേട്ട, തെക്കെ ആർക്കാട്ടു ജില്ല.

17. വ്രണവിരോപണ തൈലം.

ഈ കുഴമ്പു പിത്തപ്പുണ്ണു മുതലായ എല്ലാ വിധ വ്രണങ്ങൾക്കും കൈകണ്ട ഔഷധമാകുന്നു ഇതു സകല കൃമികളേയും നശിപ്പിച്ചു എല്ലാ വ്രണങ്ങളേയും വിശുദ്ധീകരിച്ചു വളരെ വേഗത്തിൽ ഉണക്കുന്നതാകുന്നു വില 4 ണ മൂന്നു കുപ്പിവരെ വി പി കമ്മീഷൻ 5 ണ മാത്രം

18. കണ്ഠശുദ്ധിഗുളിക.

ഇതു കണ്ഠം തെളിഞ്ഞു ശാരീരം നന്നാവുന്നതിന്നു അതിവിശേഷമായ ഔഷധമാകുന്നു. പ്രത്യേകിച്ചു സംഗീതക്കാർക്കും പ്രസംഗക്കാർക്കും പാതിരിമാർക്കും തൊണ്ട വയവംകൊണ്ടു അത്യായാസം ചെയ്യേണ്ടവരായ മറ്റെല്ലാവർക്കും വളരെ ഉപയോഗമുള്ളതാകുന്നു. വില 3 ണ വി പി കമ്മീഷൻ 6 കുപ്പിവരെ 6 ണ.

19. സ്നാനചൂർണ്ണം.

ഈ പൊടി തേച്ചു കുളിക്കുന്നതിന്നു വിലയേറിയ സോപ്പിനേക്കാൾ വളരെ വിശേഷം. ഇതു ദേഹത്തിലെ അഴുക്കും ദുർഗ്ഗന്ധവും കളഞ്ഞു മൃദുത്വവും പ്രകാശവും സുഗന്ധവും ഉണ്ടാക്കുന്നു. ഇതിനാൽ പുറമെ ദേഹത്തിന്നു ശൈത്യവും സുഖവും എല്ലായ്പ്പോഴും തോന്നിക്കും. ഇത ഇന്ത്യയിലുള്ള എല്ലാവർക്കും വേണ്ടതാകുന്നു. വില 8ണ വി പി കമ്മീഷൻ 3 ണ

20. സഞ്ജീവഗുളിക.

കുട്ടികൾക്കുണ്ടാകുന്ന പനി ജലദോഷം തലവേദന ചുമ അതിസാരം ശ്വാസം ഉറക്കമില്ലായ്മ ഇളക്കം ആന്ത്രവായു മുതലായി എല്ലാ ഉദരരോഗങ്ങൾക്കും ഈ ഗുളിക വളരെ ഉപയോഗമുള്ള ഔഷധമാകുന്നു ഇതു വൃദ്ധവയസ്സന്മാർക്കും ഒരുപോലെ ഉപകരിക്കാവുന്നതാകുന്നു. വില 10 ണ വി പി കമ്മീഷൻ 6 കുപ്പിവരെ 5ണ

21. ഒന്നാംതരം ഗോരോചനാഗുളിക.

എല്ലാവിധ പനികൾക്കും കരളു സംബന്ധമായി പ്ലീഹ, കരള ഇതുകളിൽ ഉണ്ടാവുന്ന ഉപദ്രവങ്ങൾക്കും ജലദോഷം, തലവേദന, ചുമ, അതിസാരം, അർശസ്സ്, ഉറക്കമില്ലായ്മ, ആന്ത്രവായു മുതലായ എല്ലാ ഉദരരോഗങ്ങൾക്കും അതിവിശേഷമായ ഔഷധമാകുന്നു വില 5 ണ. വി. പി. കമ്മീഷൻ 6 കുപ്പിവരെ 5 ണ

പി. സുബ്ബറായി പറങ്കിപ്പേട്ട, തെക്കെ ആർക്കാട്ടു ജില്ല.

11. കർണ്ണബിന്ദു.

ചീക്കാതു ചെവികുത്തു ചെവിയടപ്പു ഇരച്ചിൽ മുതലായ കർണ്ണരോഗങ്ങളെ ഭേദപ്പെടുത്തും. ശ്രവണസൂക്ഷ്മതയുണ്ടാക്കും. വില കുപ്പി 1ക്ക 8 ണ തപാൽ ചിലവു മൂന്നു കുപ്പികൾവരെ 5 ണ വേറെ.

12. സുഖഭേദിഗുളികകൾ.

ഭേദി ശരിപ്പെടുത്തും. അജീർണ്ണം പിത്തോപദ്രവങ്ങൾ വായു മലം പിടിത്തം അഗ്നിമാന്ദ്യം വാതം മുതലായ പല രോഗങ്ങളേയും ശമിപ്പിക്കും വില ഡപ്പി ഒന്നിനു 8 ണ തപാൽ ചിലവു 1 മുതൽ 4 വരെ ഡപ്പികൾക്ക 5 ണ വേറെ

13. നേത്രബിന്ദു.

കൺനോവു കൺകുത്തു കൃച്ഛ്രം നീരെടുപ്പു മിന്നൽ മാലക്കണ്ണു പീളകെട്ടു ഒശവളച്ചു പൂവു ചെരപ്പു എരിച്ചിൽ ഇമ ചുരികം ഇവയുടെ വലിവു പുകച്ചിൽ ഇങ്ങിനെയുള്ള രോഗങ്ങളെ ഭേദപ്പെടുത്തും. വില ഡപ്പി ഒന്നിനു 8 ണ തപാൽ ചിലവു മൂന്നു കുപ്പികൾവരെ 5 ണ വേറെ

14. സ്ഖലിതരക്ഷണി.

ബലഹീനതയാലും അത്യുഷ്ണത്താലും മറ്റും ഉണ്ടാകുന്ന ഇന്ദ്രിയ സ്ഖലിതത്തെ നീക്കും. വില ഡപ്പി ഒന്നിനു 8 ണ തപാൽ ചിലവു 5 വരെ ഡപ്പികൾക്ക 5 ണ വേറെ

15. മൃഗകസ്തൂരി.

കാഷ്മീരിൽനിന്നു വരുത്തീട്ടുള്ള ഒന്നാന്തരം കസ്തൂരി എപ്പോഴും ആപ്പീസ്സിൽ ഉണ്ട്. ത്രുപാത്തൂക്കത്തിനു 48 ക. വില. ഒരു ത്രുപാംമുതൽക്കുള്ള ഏതു സംഖ്യക്കും ചില്ലറയായിട്ടും കൊടുക്കപ്പെടും തപാൽ ചിലവു പുറമെ എഴുത്തുകുത്തുകൾ എല്ലാം ഇംഗ്ലീഷിലൊ തമിഴിലോ ആയിരിക്കണം.

16. തേൾവിഷത്തിനു സിദ്ധൌഷധം.

തേൾ കടിച്ച സ്ഥലത്തു രണ്ടു തുള്ളി ഒഴിച്ചാൽ പൊടുന്നനെ ആശ്വാസം കാണും. ഒരു കുഡുംബത്തിലെങ്കിലും ഈ മരുന്നു ഒരു കുപ്പി കരുതി വെക്കാതെ ഇരിക്കരുത. വില കുപ്പി 1 ക്ക 2 ക 8 ണ. 12 കുപ്പിയിൽ കുറയാതെ ഒന്നിച്ചു വാങ്ങുന്നവൎക്ക ഡസൻ 1 ക്ക 2 ക 8 ണ. ഉള്ള വിലയിൽ കുറച്ചുമാത്രമെ വില ചുമത്തുന്നുള്ളു. വി പി കമ്മീഷൻ 5 ണ പുറമെ. ഇൻഡ്യയിലും ബൎമ്മയിലും 12 കുപ്പിവരെ വി. പി. കമ്മീഷൻ 5 ണ. സിലോൺ ടി 7 ണ

പി. സുബ്ബറായി പറങ്കിപ്പേട്ട, തെക്കെ ആർക്കാട്ട ജില്ല.

മഹാഭാരതം

ലക്ഷത്തിരുപത്തയ്യായിരം ഗ്രന്ഥങ്ങളടങ്ങിയതും മഹാത്മ്യമായും അഞ്ചാംവേദമെന്നു പറഞ്ഞുവരുന്നതുമായ മേല്പറഞ്ഞ വിശിഷ്ടഗ്രന്ഥം മൂന്നുനാലു കൊല്ലത്തിന്നുള്ളിൽ കഴിയുവാൻതക്കവണ്ണം ഞാൻ തനിച്ചു വൃത്തത്തിന്നുവൃത്തമായി മലയാളത്തിലേക്കു തൎജ്ജമചെയ്തു വരുന്നുണ്ട്. ൧൦൭൯ മേടം മുതല്ക്കു ഇതു ഒരു മാസികയായി പുറപ്പെടുവിച്ചു തുടങ്ങിയിരിക്കുന്നു. വരിസംഖ്യ കൊല്ലത്തിൽ അഞ്ചുറുപ്പിക മാത്രം. ആവശ്യമുള്ളവർ താഴെ കാണുന്ന മേൽവിലാസത്തിൽ ആവശ്യപ്പെടേണ്ടതാകുന്നു.

മേൽവിലാസം:

കെ. സി. തിരുവീരരായൻ രാജാ, ബി. ഏ.,

കോട്ടയ്ക്കൽ,

എന്നു കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻ.

ആനന്ദാശ്രമം

ഭഗവൽഗീത

ശാങ്കരഭാഷ്യത്തിന്റെ മലയാളതൎജ്ജമയോടും

ശങ്കരാനന്ദസരസ്വതി മുതലായവരുടെ

വ്യാഖ്യാനങ്ങളിൽനിന്നുള്ള സാരാംശത്തോടുംകൂടി.

പരിഭാഷകൻ

കെ. എം.

കുറച്ചു പുസ്തകം മാത്രമെ ബാക്കിയുള്ളു. ആവശ്യമുള്ളവർ താഴെ കാണുന്ന മേൽവിലാസത്തിൽ ഉടനെ ആവശ്യപ്പെടേണ്ടതാണ്.

വി. പി. ആയും അയച്ചുകൊടുക്കും.	വില	4	0	0
ടി. പുസ്തകം ഒന്നായി ബൈൻഡചെയ്തത		5	0	0
കൎമ്മയോഗം—കെ. എം. (അടിച്ചുവരുന്നു)	ടി	0	8	0
ഭക്തിയോഗം— ടി	ടി	0	12	0
ഭഗവൽഗീത— ജി. കൃഷ്ണശാസ്ത്രികൾ	ടി	1	4	0

വി. സുന്ദരയ്യൻ ആൻഡ് സൺസ്സ [illegible]

രസികരഞ്ജിനി.

വരിസംഖ്യ

തപാൽകൂലി ഉൾപ്പെടെ ഒരു കൊല്ലത്തേക്ക്	3	0	0
" ആറുമാസത്തേക്ക്	1	10	0
കുടിശ്ശികയായാൽ			
തപാൽകൂലി അടക്കം ഒരു കൊല്ലത്തേക്ക്	3	4	0
" ആറുമാസത്തേക്ക്	1	12	0
ആറുമാസത്തിന്നു താഴെയായാൽ നമ്പ്ര ഒന്നുക്ക്	0	6	0

വി. പി. കമ്മീഷൻ പുറമെ.

പണം അടച്ചവരുടെ പേരുവിവരം ഈ മാസികയിൽ പ്രസിദ്ധംചെയ്തു കാണുന്നതാകുന്നു.

തരംനോക്കുവാൻ ഏതെങ്കിലും ഒരു പ്രതി ആവശ്യപ്പെടുന്നവർ അതിന്റെ വില ബ്രിട്ടീഷ് സ്റ്റാമ്പായിട്ടോ, കൊച്ചി അഞ്ചൽ മുദ്രയായിട്ടോ എഴുത്തൊന്നിച്ച് അടക്കം ചെയ്തയക്കേണ്ടതാകുന്നു.

പരസ്യക്കൂലി

ഒന്നാമത്തെത്തവണക്ക് വരി ഒന്നുക്ക്	0	2	0

ഒന്നോ ഒന്നിലധികമോ ഭാഗം നിറയുന്നതോ ഒന്നിലധികം തവണ പ്രസിദ്ധം ചെയ്യേണ്ടുന്നതൊ ആയ പരസ്യങ്ങൾക്ക് തരതമ്യം പോലെ കൂലി ചുരുക്കുന്നതാകുന്നു.

വരിക്കാർ പ്രത്യേകം ദൃഷ്ടിവെക്കേണ്ടത്.

അതാതുപ്രതി ശരിയായി കിട്ടാതിരുന്നാൽ മറുമാസം പതിനഞ്ചാന്തിയ്യതിക്കകം വരിക്കാർ മാനേജരെ അറിവുതരേണ്ടതാകുന്നു. അതിന്നുശേഷമുള്ള ആവലാതികൾ കൈക്കൊള്ളുന്നതല്ല. വരിക്കാർ തരുന്ന മേൽവിലാസത്തിൽ തെറ്റുണ്ടായിരുന്നാൽ മാനേജർ ബാദ്ധ്യസ്ഥനാകുന്നതല്ല. എപ്പോഴെങ്കിലും മേൽവിലാസം മാറ്റംവരുമെങ്കിൽ മാനേജരെ അറിവിക്കയും വേണം.

കോവിലകം, എറണാകുളം } എന്ന— അമ്പാടി ചെറിയ കൃഷ്ണപ്പുതുവാൾ,
ര. ര. മാനേജർ.

രസികരഞ്ജിനി

൧൦൭൯ — മകരം

പുസ്തകം ൨ — ലക്കം ൬

പ്രസന്ന പ്രൌഢസരസ
പ്രസംഗങ്ങൾനിറഞ്ഞിനി
രസജ്ഞർക്കു കൗതുകമേകട്ടെ
രസം രസികരഞ്ജിനി



സംഗതിവിവരം.

---

1. കാലപരിമാണങ്ങൾ— കെ. പരമേശ്വരമേനോൻ ... 118
2. മഹാഭാരതതൎജ്ജമ— എ. ആർ. രാജവൎമ്മ, എം. എ. 124
3. കടംകഥകൾ (തോൽക്കഥകൾ)— കെ. എം. 129
4. ടോഡർ— കെ. ചന്തൻ 141
5. വൈദ്യശാസ്ത്രം— കെ. എൻ. എം. 148
6. മലയാംകൊല്ലം 154
7. മനശ്ശല്യം— കെ. പി. എം. 161
8. മുകുറിളിഞ്ഞു— എസ്സ്. വി. 164
9. പലവക 168

വി. വി. അച്ചുക്കൂടം— 1082

[രസികരഞ്ജിനി]

കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻ (ഞങ്ങളുടെ പത്രാധിപർ)

രസികരഞ്ജിനി

൧൦൭൯

പുസ്തകം ൨ | തുലാമാസം | ലക്കം ൩

മംഗളം.

മന്ത്രംകൊണ്ടന്തണന്മാൎക്കു ടയശനിധിയായ്മുന്തിരണ്ടായിരിക്കം
യന്ത്രംകൊണ്ടങ്ങുമാറും വികൃതികൾ പലതായ് തന്നിലൊന്നായിരിക്കം
തന്ത്രംകൊണ്ടേതുമെത്താത്തവധിയിലിയലും കാലചക്രം തിരിക്കം
യന്ത്രത്തിൻ ചില്ലടപ്പാംപിനമണി ഭഗവാൻ നിങ്ങളെ കാത്തിരിക്കം.

എ. കൃഷ്ണനെമ്പ്രാന്തിരി.

കാലപരിമാണങ്ങൾ

കാലം എന്നതു ലോകത്തിലുള്ള സകലജനസമുദായത്താലും അംഗീകരിക്കപ്പെട്ടിരിക്കുന്ന ഒരു പദാൎത്ഥമാകുന്നു. അതു നമ്മുടെ ചക്ഷുരാദീന്ദ്രിയങ്ങൾക്കു വിഷയമല്ലാത്തതും ആദ്യന്തഹീനമായിട്ടുള്ളതും ആണെങ്കിലും അതിന്നു നമ്മുടെ സകല വ്യവഹാരങ്ങളിലും ഒഴിച്ചുകൂടാത്തതായ ഒരു സംബന്ധമുള്ളതുകൊണ്ടാകുന്നു അതിനെ ഒരു പദാൎത്ഥമായി ഗണിക്കുന്നത്. ഇതുപോലെ ദിക്ക് മുതലായ അതീന്ദ്രിയങ്ങളായ വേറെ ചില പദാൎത്ഥങ്ങളേയും വ്യവഹാരസൌകൎയ്യത്തിന്നുവേണ്ടി നാം

മഹാഭാരതം

ലക്ഷത്തിരുപത്തയ്യായിരം ഗ്രന്ഥങ്ങളടങ്ങിയതും യഥാൎത്ഥമായ അഞ്ചാംവേദമെന്നു പറഞ്ഞുവരുന്നതുമായ മേൽപറഞ്ഞ വിശിഷ്ടഗ്രന്ഥം മൂന്നുനാലു കൊല്ലത്തിന്നുള്ളിൽ കഴിയുവാൻതക്കവണ്ണം ഞാൻ തനിച്ചു വൃത്തത്തിന്നുവൃത്തമായി മലയാളത്തിലേക്കു തൎജ്ജമചെയ്തു വരുന്നുണ്ട്. ൧൦൮൦ാം മേടം മുതല്ക്കു ഇതു ഒരു മാസികയായി പുറപ്പെടുവിച്ചു തുടങ്ങിയിരിക്കുന്നു. വരിസംഖ്യ കൊല്ലത്തിൽ അഞ്ചുറുപ്പിക മാത്രം. ആവശ്യമുള്ളവർ താഴെ കാണുന്ന മേൽവിലാസത്തിൽ ആവശ്യപ്പെടേണ്ടതാകുന്നു.

മേൽവിലാസം:

കെ. സി. തിരുവീരരായൻ രാജാ, ബി. എ.,

കോട്ടയ്ക്കൽ.

എന്ന് കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻ.

ആനന്ദാശ്രമം

ഭഗവൽഗീത

ശാങ്കരഭാഷ്യത്തിന്റെ മലയാളതൎജ്ജമയോടും

ശങ്കരാനന്ദസരസ്വതി മുതലായവരുടെ

വ്യാഖ്യാനങ്ങളിൽനിന്നുള്ള സാരാംശത്തോടുംകൂടി.

പരിഭാഷകൻ

കെ. എം.

കുറച്ചു പുസ്തകം മാത്രമേ ബാക്കിയുള്ളൂ. ആവശ്യമുള്ളവർ താഴെ കാണുന്ന മേൽവിലാസത്തിൽ ഉടനെ ആവശ്യപ്പെടേണ്ടതാണ്.

വി. പി. ആയും അയച്ചു കൊടുക്കും.	വില	4	0	0
ടി. പുസ്തകം ഒന്നായി ബൈണ്ടചെയ്തത		5	0	0
കൎമ്മയോഗം—കെ. എം.	ടി	0	8	0
ഭക്തിയോഗം— ടി	ടി	0	12	0
ഭഗവൽഗീത— ജി. കൃഷ്ണശാസ്ത്രികൾ	ടി	1	4	0

വി. സുന്ദരയ്യർ ആൻഡ് സൺസ്സ് തൃശ്ശിവപേരൂർ.

രസികരഞ്ജിനി

പരസ്യം

ഈ മാസികയുടെ പത്രാധിപർ കൊടുങ്ങല്ലൂർ കുഞ്ഞി
ക്കുട്ടൻതമ്പുരാനവർകളും, മാനേജർ അമ്പാടി ചെറിയ കൃഷ്ണപ്പുതുവ
ളവർകളും ആകുന്നു.

ലേഖനങ്ങൾ, അഭിപ്രായത്തിന്നയക്കുന്ന പുസ്തകങ്ങൾ, അ
സംബന്ധിച്ച എഴുത്തുകൾ ഇവ രസികരഞ്ജിനി പത്രാധിപക്കാ
രിപ്പണം, പരസ്യക്കൂലി, പരസ്യങ്ങൾ, കാര്യസംബന്ധമായ
ത്തുകൾ ഇവ ടി. മാനേജൎക്കും മേൽവിലാസംവെച്ച് എറണാക
ു കോവിലകത്തേക്ക് അയക്കേണ്ടതാകുന്നു.

പത്രാധിപരുടേയും മാനേജരുടേയും മാസികസംബന്ധ
ഴുത്തുകളിലോ ലക്ക്യങ്ങളിലോ അവരുടെ മുദ്രയോ ഒപ്പോ ഉ
ണ്ടെന്നാൽ മതി.

എന്ന്

ാവിലകം }	രസികരഞ്ജിനി ഉടമസ്ഥൻ,
	RAMA VURMA,
ണാകുളം }	12th Prince of Coch

ങ്ങൾ സ്വീകരിക്കാത്ത ലേഖനങ്ങൾ തിരിയെ അയച്ച
മെന്ന് ആവശ്യപ്പെടുന്നവർ എഴുത്തൊന്നിച്ച് ആയതിന്നു
വരുന്ന ബ്രിട്ടീഷ് സ്റ്റാമ്പോ കൊച്ചി അഞ്ചൽ മുദ്രയോ അട
യ്യേണ്ടതാകുന്നു.

രാജ്യകാര്യസംബന്ധമായ യാതൊരു ലേഖനങ്ങളും ഇ
യിൽ പ്രസിദ്ധം ചെയ്യുന്നതല്ല.

രസികരഞ്ജിനിയിൽ പ്രസിദ്ധപ്പെടുത്തുവാൻ അയക്കുന്ന
ങ്ങൾ രഞ്ജിനി പുറപ്പെടുന്നതിന്ന് ഒരു മാസം മുമ്പായി ഇ
ട്ടേണ്ടതാകുന്നു.

പത്രാധിപക്ക് അയയ്ക്കുന്ന എഴുത്തുകളും ലേഖനങ്ങ
പർ, എറണാകുളം എന്നുമാത്രം മേൽവിലാസ
ണ്ടതാകുന്നു. അല്ലാത്തപക്ഷം ആയവ അ

രസികരഞ്ജിനി.

വരിസംഖ്യ

കൂലി ഉൾപ്പടെ ഒരു കൊല്ലത്തേക്ക്	3	0	0
,, ആറുമാസത്തേക്ക്	1	10	0
കുടിശ്ശികയായാൽ			
കൂലി അടക്കം ഒരു കൊല്ലത്തേക്ക്	3	4	0
,, ആറുമാസത്തേക്ക്	1	12	0
ആറുമാസത്തിനു താഴെയായാൽ നമ്പ്ര ഒന്നിക്ക്	0	6	0

വി. പി. കമ്മീഷൻ പുറമെ.

പണം അടച്ചവരുടെ പേരുവിവരം ഈ മാസികയിൽ പ്ര
ിദ്ധംചെയ്തു കാണുന്നതാകുന്നു.

തരംനോക്കുവാൻ ഏതെങ്കിലും ഒരു പ്രതി ആവശ്യപ്പെടുന്ന
അതിന്റെ വില ബ്രിട്ടിഷ് സ്റ്റാമ്പായിട്ടും, കൊച്ചി അഞ്ചൽ
യായിട്ടോ എഴുത്തൊന്നിച്ച് അടക്കം ചെയ്തയക്കേണ്ടതാകുന്നു.

പരസ്യക്കൂലി

ഒന്നാമത്തെത്തവണക്ക് വരി ഒന്നുക്ക്	0	2	0

ന്നാ ഒന്നിലധികമോ ഭാഗം നിറയുന്നതോ ഒന്നിലധികം തവ
പ്രസിദ്ധം ചെയ്യേണ്ടുന്നതൊ ആയ പരസ്യങ്ങൾക്ക് താരതമ്യം
ാലെ കൂലി ചുരുക്കുന്നതാകുന്നു.

വരിക്കാർ പ്രത്യേകം ദൃഷ്ടിവെക്കേണ്ടത്.

അതാതുപ്രതി ശരിയായി കിട്ടാതിരുന്നാൽ [illegible]
ാന്തിയതിക്കകം വരിക്കാർ മാനേജർക്കു അറിവുതരേണ്ടതാകു
അതിനുശേഷമുള്ള ആവലാതികൾ കൈക്കൊള്ളുന്നതല്ല. വ
ർ തരുന്ന മേൽവിലാസത്തിൽ തെറ്റുണ്ടായിരുന്നാൽ മാ
ാദ്ധ്യസ്ഥനാകുന്നതല്ല. എപ്പോഴെങ്കിലും മേൽവിലാ
ൽ മാനേജരെ അറിവിക്കയും വേണം.

സംഗതിവിവരം.

1. കാലപരിമാണങ്ങൾ— കെ. പരമേശ്വരമേനോൻ ... 113
2. മഹാഭാരതതർജ്ജമ— എ. ആർ. രാജവർമ്മ, എം. എ. 124
3. കടംകഥകൾ (തോൽക്കഥകൾ)— കെ. എം. 129
4. ടോഡർ— കെ. ചന്തൻ 141
5. വൈദ്യശാസ്ത്രം— കെ. എൻ. എം. 148
6. മലയാംകൊല്ലം 154
7. മനശ്ശല്യം— കെ. പി. എം. 161
8. മുകുറിളിഞ്ഞു— എസ്സ്. വി. 164
9. പലവക 168

വി. വി. അച്ചുക്കൂടം— 1082

സ്വീകരിച്ചുവരുന്നുണ്ടല്ലോ. ഇങ്ങിനെ ഇന്ദ്രിയഗോചരങ്ങളായ യാതൊരു ലക്ഷണങ്ങളും ഇല്ലാത്ത പദാൎത്ഥങ്ങളെ 'അമൂൎത്തദ്രവ്യ'ങ്ങളെന്നു പറഞ്ഞുവരുന്നു. ലോകവ്യവഹാരത്തിൽ സൌകൎയ്യത്തിന്നുവേണ്ടി ഈ വക അമൂൎത്തദ്രവ്യങ്ങളെ കല്പനാഭേദംകൊണ്ടു സാവയവങ്ങളാക്കി പരിണമിപ്പിക്കുന്നു. പ്രകൃതവിഷയമായ കാലത്തിന്നു 'ഭൂതം, വൎത്തമാനം, ഭവിഷ്യത്ത' ഇങ്ങിനെ മൂന്നു പ്രധാനാവയവങ്ങളേയും, ആ ഓരോ അവയവങ്ങൾക്കും 'ക്ഷണാദി, കല്പാന്ത' പൎയ്യന്തങ്ങളായി അനേകം അവാന്തരവിഭാഗങ്ങളേയും കല്പിച്ച് അവയെ ആശ്രയിച്ചു നാം വ്യവഹരിച്ചുവരുന്നു.

എന്നാൽ ക്ഷണാദികളായ അവയവങ്ങളുടെ കല്പനത്തിങ്കൽ ലോകത്തിലുള്ള ഓരോ ജനസമുദായവും തമ്മിൽതമ്മിൽ ഈഷദ്ഭേദത്തോടുകൂടിയ പലമതങ്ങളേയും അവലംബിക്കുന്നുണ്ടെങ്കിലും മേല്പറഞ്ഞ ഭൂതാദിപ്രധാനാവയവങ്ങളെ സംബന്ധിച്ചേടത്തോളം യാതൊരു സമുദായത്തിന്നും ഭിന്നാഭിപ്രായമുള്ളതായി കാണുന്നില്ല. എന്തെന്നാൽ:— നമ്മുടെ മനസ്സിലുള്ള വിചാരങ്ങളെപ്പറ്റി നാം മറ്റൊരാളോടെന്തെങ്കിലും പറയുന്നതായാൽ ആ വിചാരത്തിന്നു വിഷയമായ കാൎയ്യം കഴിഞ്ഞതോ അല്ലെങ്കിൽ ഇപ്പോൾ നടക്കുന്നതോ അഥവാ മേലിൽ സംഭവിപ്പാൻപോകുന്നതോ ആയിരിക്കണമല്ലോ. അതുകൊണ്ടു സൎവ്വവ്യവഹാരങ്ങളിലും കഴിഞ്ഞത്, ഇപ്പോൾ നടക്കുന്നത്, വരാൻ ഭാവിക്കുന്നത് എന്നിങ്ങിനെയുള്ള മൂന്നിൽ ഏതെങ്കിലും ഒരു കാലഭേദത്തെ കാണിക്കാതെ യാതൊന്നും ആൎക്കും പറവാൻ കഴിയുന്നതല്ല. അതിനാൽ നമ്മുടെ സകല വ്യവഹാരങ്ങളിലും കാലത്തിന്നു നിത്യസംബന്ധമുണ്ടെന്നുള്ളത് ആൎക്കും നിൎവ്വിവാദമാകുന്നു.

ഇങ്ങിനെ ലോകവ്യവഹാരങ്ങളിലെല്ലാം നിത്യസംബന്ധമുള്ളതായും അനാദ്യന്തമായും ഇരിക്കുന്ന കാലത്തിന്നു ഭൂതാദികളായ മൂന്നു പ്രധാനാവയവങ്ങളെ കല്പിച്ചതുകൊണ്ടു മാത്രം വ്യവഹാരസൌകൎയ്യം മതിയാകാത്തതിനാൽ ഓരോ ജനസമുദായങ്ങളും കാലദേശാദിഭേദത്തേയും, സമുദായനിയമത്തേയും അനുസരിച്ച് ഗതാനുഗതികന്യായേന കാലത്തിന്ന് അനേകം അവാന്തരവിഭാഗങ്ങളെ കല്പിക്കുകയും അവയെ അനുസരിച്ച് അതാതു സമുദായങ്ങൾ പരമ്പരയാ വ്യവഹരിച്ചുവരികയും ചെയ്യുന്നത് അനുഭവവേദ്യമാകുന്നു.

ഈ ഘട്ടത്തിൽ, ലോകോൽപത്തി മുതൽ ഏതൽകാലപൎയ്യന്തം ലൌകികങ്ങളായ ഓരോ വിഷയങ്ങളെ തന്തൽപൂൎവ്വജന്മാരിൽനിന്ന് അനന്തരജാതന്മാർ പരമ്പരയാ അല്പാല്പമായി അറിഞ്ഞിട്ടാണ് മനുഷ്യസമുദായം ഇപ്പോഴത്തെ സ്ഥിതിയിൽ എത്തിയിരിക്കുന്നതെന്നുള്ള ലോകചരിത്രസാരം നമുക്കു വളരെ സഹായിക്കുന്നതാകുന്നു.

ഇനി മേൽ പ്രസ്താവിച്ചപ്രകാരം മനുഷ്യരിൽ ഓരോ സമുദായവും കല്പിച്ചുവരുന്ന കാലപരിമാണങ്ങളുടെ സ്വഭാവങ്ങളെപ്പററി ആലോചിക്കാം. ഭാരതഖണ്ഡവാസികളായ ഹിന്തുക്കൾ അവരുടെ സൎവ്വജ്ഞാനത്തിന്നും ആദിഭൂതമായ പ്രധാന പ്രമാണം എന്നു കല്പിച്ചുവരുന്ന വേദത്തിൻെറയും, ആവേദത്തിൽ പറയുന്ന വിഷയങ്ങളെ അടിസ്ഥാനപ്പെടുത്തി അവയെ വിസ്തരിച്ചു പ്രതിപാദിക്കുന്നതായ ശാസ്ത്രപുരാണാദിപ്രമാണങ്ങളുടേയും സൂക്ഷ്മപരിശോധനയിൽ, അനാദ്യന്തവും സൎവ്വവ്യാപ്തവുമായ കാലം ഈശ്വരനാണെന്നും, ഭൂതലവാസികളായ നമുക്ക് അന്തരമായ ഏതോ ഒരു ക്ലിപ്ത സംബന്ധത്തോടുകൂടി കാണപ്പെടുന്ന സൂൎയ്യൻ കാലസ്വരൂപനായ പ്രത്യക്ഷേശ്വരനാണെന്നും, അവയിൽ പലേടത്തും ഘോഷിച്ചിട്ടുള്ളതായി കാണാം. എന്നുമാത്രമല്ല, ഹിന്തുക്കൾ സൂൎയ്യനെത്തന്നെ കാലപരിമാണത്തിങ്കൽ ഒരു പ്രധാനമായ മാനസാധനമാക്കി കല്പിക്കയും, പിന്നെ പലവിധത്തിലുള്ള സൌരമാനങ്ങളെക്കൊണ്ട് ഓരോപ്രകാരത്തിൽ കാലനിൎണ്ണയം ചെയ്യുന്നതിന്നുള്ള അസംഖ്യം കൌശലങ്ങളെ കണ്ടുപിടിക്കയും അങ്ങിനെ അനവധികാലംകൊണ്ടും അനേകം വിദ്വാന്മാരുടെ പരിശ്രമംകൊണ്ടും ഈ വിഷയത്തിൽതന്നെ ഒരു പ്രത്യേകശാസ്ത്രം നിൎമ്മിക്കുകയും ചെയ്തിരിക്കുന്നു.

ഇങ്ങിനെ വ്യവഹാരസൌകൎയ്യത്തിന്നുവേണ്ടി കാലാവയവനിൎണ്ണയം ചെയ്യേണ്ടതിലേക്കായി ഓരോ മാൎഗ്ഗങ്ങളെ കണ്ടുപിടിപ്പാനുത്സാഹിച്ചു ലോകതത്വാന്വേഷണം ചെയ്വാനിടവന്നതായ ആ ഘട്ടത്തിൽ, അസാമാന്യബുദ്ധിമാന്മാരായ ചില പൂൎവ്വാചാൎയ്യന്മാൎക്ക് അവരുടെ പരിചിതമായ ആയുസ്സിനെക്കുറിച്ച് എത്രത്തോളം പശ്ചാത്തപിപ്പാൻ സംഗതി വന്നിട്ടുണ്ടെന്ന് ആൎക്കറിയാം?

ഈ വിഷയത്തിൽ കേവലം യുക്തിക്കും അനുഭവത്തിന്നും അനുസരിച്ച് കാൎയ്യകാരണങ്ങളെ കണ്ടുപിടിച്ച് നിയമിക്കുന്ന ശാസ്ത്രകാരന്മാരും മതവിഷയങ്ങളായ ഓരോരോ വിശ്വാസങ്ങളെ മാത്രം

ആധാരമാക്കി ജനങ്ങൾക്കു ദുഷ്കർമ്മനിവൃത്തിയേയും സൽകർമ്മപ്രവൃത്തിയേയും ഉപദേശിക്കുന്ന പൌരാണികന്മാരും തമ്മിൽ ചില കാര്യങ്ങളിൽ അല്പാല്പമായി ചില അഭിപ്രായഭേദങ്ങളുണ്ടെന്നുള്ളതു വാസ്തവംതന്നെ. എന്നാൽ ഈ ഏകസംഗതിയെമാത്രം അടിസ്ഥാനമാക്കി ചില മതക്കാർ അന്യമതക്കാരെ പരിഹസിക്കുന്നതു കേവലം അല്പജ്ഞതയാലോ മൌഢ്യത്താലോ മാത്രമാണെന്നു വിചാരിക്കേണ്ടതുള്ളു. എന്തെന്നാൽ ഏതൊരു ജനസമുദായത്തിലും മതത്വവും ശാസ്ത്രത്വവും തമ്മിൽ സർവ്വത്ര യോജിക്കുന്നതായി യാതൊരു മതവും ഉണ്ടാവാനിടയില്ലെന്നുള്ളതു എല്ലാവരും സമ്മതിക്കുന്നതാണല്ലോ. അതുകൊണ്ടു ഈ അപ്രകൃതം പോട്ടെ.

മേൽപ്രസ്താവിച്ച പ്രകാരം കാലനിർണ്ണയത്തിന്റെ ആവശ്യത്തിനു വേണ്ടി വ്യവസ്ഥിതങ്ങളായ ഏതെങ്കിലും ചില പ്രമാണങ്ങളെ കണ്ടുപിടിച്ചുറപ്പിക്കേണ്ടതിലേക്കായിട്ടുള്ള ഈ മഹാ പ്രയത്നംകൊണ്ടു ഒന്നാമതായി ഭൂമിയും സൂര്യനും തമ്മിലുള്ള നിയതസംബന്ധത്തെ കണ്ടുപിടിക്കുകയും പിന്നെയും ആ വഴിയിൽതന്നെ പരിശ്രമിച്ചതിൽ സൂര്യനെപ്പോലെതന്നെയല്ലെങ്കിലും ചന്ദ്രാദിഗോളങ്ങൾക്കും ഭൂമിയോടു സംബന്ധമുള്ളതായി കാണുകയും, പിന്നിട് അവയിൽ ഓരോന്നിന്റേയും ഗതിഭേദാദികളെ പല പ്രകാരത്തിലും പരീക്ഷിച്ചറികയും ആവക പരീക്ഷകളിൽനിന്നു വളരെക്കാലത്തെ അനുഭവംകൊണ്ടു തെറ്റില്ലെന്നു സൂക്ഷ്മമായി വിശ്വസിക്കപ്പെട്ടിരിക്കുന്ന കാര്യങ്ങളെ പ്രമാണമാക്കി കല്പിക്കയും ചെയ്തിരിക്കുന്നു. ഈ പര്യാലോചനത്തിന്റെ പ്രഥമഭാഗം, വളരെക്കാലത്തോളം ഭൂമിയും സൂര്യനും തമ്മിലുള്ള സംബന്ധത്തെയും അവയുടെ സ്വാഭാവികഗുണങ്ങളെക്കൊണ്ടു പരസ്പരം സംഭവിക്കുന്ന ഓരോ സ്ഥിതിഭേദത്തേയും അറിയുന്നതുകൊണ്ടുതന്നെ പര്യവസാനിച്ചിരുന്നു. അതാവിത: ഒരു നിയതമായ കാലത്തിനിടയിൽ നമുക്കു ദൃഷ്ടിഗോചരമായി ഭവിക്കയും, അതുപോലെതന്നെ ഏകദേശം അത്രയും സമയം കഴിയുമ്പോൾ അദൃശ്യമായിത്തീരുകയും, വീണ്ടും ക്ലിപ്തസമയത്തിൽ പ്രത്യക്ഷമാവുകയും, പിന്നെയും അസ്തമിക്കയും ചെയ്യുന്ന സ്ഥിതിയിൽ പതിവായി നാം കണ്ടുവരുന്നതായ ഈ വസ്തുവും (സൂര്യൻ) നമുക്കാശ്രയമായിരിക്കുന്ന ഈ സ്ഥലവും (ഭൂമി) എല്ലായ്പോഴും അന്യോന്യാഭിമുഖമായും ഒരേടത്തു സ്ഥിരമായും ഇരിക്കു

ന്നവയല്ലെന്നും നമ്മുടെ ആവാസഭൂതമായ വസ്തു (ഭൂമി) സ്വതഃ പ്രകാശശൂന്യമായിട്ടുള്ളതാണെന്നും, മറേറതു് എല്ലായ്പോഴും കത്തിജ്വലിച്ചുകൊണ്ടിരിക്കുന്ന ഒരു തേജഃപുഞ്ജമാണെന്നും, അതിന്റെ ആഭിമുഖ്യത്താലാകുന്നു നമുക്കു പ്രകാശവും ചൂടും അനുഭവിപ്പാനിടവരുന്നതെന്നും അറിയുകതന്നെ. (സൂര്യന്റെ ഭാസ്കരാദിനാമങ്ങൾ ഇവിടെ സാക്ഷികളാകുന്നു.)

അതിനാൽ നമ്മുടെ ദൃഷ്ടിയിൽ സൂര്യപ്രകാശം തട്ടുന്ന സമയം മുതൽ അതില്ലാതെയാകുന്നതു വരെയുള്ള ഒരു സമയത്തിനു ദിവസം (ശോഭയുള്ള സമയം) എന്നു പേരു കല്പിക്കയും മററുള്ള സമയം മനുഷ്യർ പ്രായേണ നിർവ്യാപാരന്മാരായിരിക്കയാൽ ആസ്സമയത്തിനു പ്രത്യേകിച്ചു യാതൊരു നാമവും കല്പിക്കാനത്യാവശ്യമില്ലാതിരുന്നതുകൊണ്ടു് അതിനു യാതൊരു പേരും കൂടാതെ തന്നെ കഴിഞ്ഞുപോകയോ അല്ലെങ്കിൽ പ്രായേണ അന്ധകാരമയമായിരുന്ന ആസ്സമയത്തിനു തദർത്ഥകങ്ങളായ വല്ല പേരുകളേയും വിളിക്കുകയോ ചെയ്തതായി വിചാരിക്കാം. ഈ വിധം വസ്തുതയാ പ്രകാശമാനമാകയാൽ വ്യാപാരയോഗ്യമായിരുന്ന പകൽ സമയത്തെ മാത്രം കുറിക്കുന്ന ദിവസം എന്ന സംജ്ഞയിൽ നിർവ്യാപാരമായിക്കഴിഞ്ഞു വരുന്ന മററുള്ള സമയത്തെക്കൂടി അന്തർഭവിപ്പിച്ചിട്ടാകുന്നു ക്രമേണ വ്യവഹാരസൗകര്യത്തിനുവേണ്ടി 'ഒരു ദിവസം' എന്നാൽ ഒരു രാവും പകലും കൂടിയ സമയം എന്നുള്ള ബോധം നടപ്പായി വന്നിരിക്കുന്നതു്.

സൂര്യനെ കൂടാതെ തേജോമയങ്ങളായ വേറെ ചില ഗോളങ്ങളേയും അവയുടെ ഗതിസ്ഥിത്യാദിഭേദങ്ങളേയും പരീക്ഷിച്ചറിഞ്ഞിട്ടുണ്ടായിരുന്നു എന്നു് മുൻപറഞ്ഞിട്ടുണ്ടല്ലോ. ആ വക ഗോളങ്ങളുടെ കൂട്ടത്തിൽവെച്ചു സൂര്യനെപ്പോലെ അത്യുജ്ജ്വലമായ തേജസ്സില്ലെങ്കിലും മററുള്ളവയെ അപേക്ഷിച്ചു പ്രകാശമേറിയതും സാമാന്യദൃഷ്ടിയിൽ വലിപ്പം തോന്നുന്നതും ആയ ഒരു ഗോളത്തിനു സ്വഭാവാനുഗുണമായിട്ടുതന്നെ 'ചന്ദ്രൻ' എന്നു പേരു കല്പിക്കുകയും അതിന്റെ പ്രകാശത്തിനു ചിലപ്പോൾ ഉണ്ടാകുന്ന വൃദ്ധിക്ഷയങ്ങളുടെ കാരണത്തേയും അവ സംഭവിക്കുന്നതായ കാലനിയമത്തേയും പരീക്ഷിച്ചറിവാനിട വന്നതിൽവെച്ചു ചന്ദ്രാദിഗോളങ്ങൾ സ്വതഃപ്രകാശശൂന്യങ്ങളാണെന്നും അവയ്ക്കു പ്രകാശമുണ്ടാകുന്നതു സൂര്യരശ്മി അ

വയിൽ പ്രതിഫലിച്ചിട്ടാണെന്നും, ഭൂമിയും ചന്ദ്രനും തമ്മിൽ അധികം അടുത്തു നില്ക്കുന്നതുകൊണ്ടു സൂൎയ്യരശ്മി ചന്ദ്രഗോളത്തിൽതട്ടുന്നതിലേക്കു ചിലപ്പോൾ ഭൂഗോളത്തിന്റെ തടസ്ഥം (മറവ്) സംഭവിക്കുന്നതിനാലാകുന്നു ചന്ദ്രനു എല്ലാക്കാലത്തും ഒരുപോലെ പ്രകാശമുണ്ടാകാത്തതെന്നും, മററുള്ള ഗോളങ്ങൾ ഭൂമിയിൽനിന്നു ചന്ദ്രനേക്കാൾ വളരെ അകന്നിട്ടാകകൊണ്ടു മററും ഈ തടസ്ഥം അവൎക്കു അധികം സംഭവിക്കുന്നില്ലെന്നും, സൂൎയ്യരശ്മി ചന്ദ്രനിൽതട്ടുന്നതിലേക്കുണ്ടാകുന്ന ഭൂമിയുടെ തടസ്ഥം ചന്ദ്രന്റെ ഗതിഭേദംകൊണ്ടു വ്യത്യാസപ്പെടുന്നുണ്ടെന്നും അറിഞ്ഞതിനാൽ മുൻപറഞ്ഞ ഒരു സൌരദിനത്തിൽ ചന്ദ്രന്റെ ഗതി എത്രയെന്നുള്ള കണക്കു് എപ്പെട്ടതെന്നു വരികയും അതോടുകൂടി ചന്ദ്രന്റെ തേജോവൃദ്ധിക്ഷയങ്ങളുടെ കാരണം ഇന്നതെന്നും അതു സംഭവിക്കുന്നതിനുള്ള കാലനിയമം ഇന്നതെന്നും സിദ്ധിച്ചതിനാൽ ഒരു സൌരദിവസത്തിൽ ചന്ദ്രനു ഭൂപ്രദക്ഷിണം ചെയ്വാൻ വേണ്ടിവരുന്ന ഒരു ക്ലിപ്തസമയം ഇത്രയെന്നു കണക്കാക്കുകയും, ആസ്സമയത്തെ ഒരു ചാന്ദ്രമാനദിനം' എന്നു കല്പിക്കുകയും, അപ്രകാരം സ്വതേ തേജോഹീനായ ചന്ദ്രന്റെ തേജസ്സു വൎദ്ധിച്ചുവന്നു പൂൎണ്ണപ്രകാശം ഉണ്ടാവുന്നതിലേക്കു വേണ്ടതായ പതിനഞ്ചു ചാന്ദ്രമാനദിനങ്ങളെ ഒരു ശുക്ലപക്ഷമെന്നും അതുപോലെ തേജഃക്ഷയം വന്നു ചന്ദ്രൻ കേവലം പൂൎവസ്ഥിതിയെ പ്രാപിക്കുന്നതിലേക്കു വേണ്ടതായ അത്രയും ദിനങ്ങളെ കൃഷ്ണപക്ഷമെന്നും നിൎദ്ദേശിക്കുകയും ഓരോ പക്ഷത്തിലും ഒന്നാമത്തെ മുതൽ പതിനഞ്ചാമത്തേതുവരെ ഉള്ള ദിവസങ്ങൾക്കു പ്രഥമ (പ്രതിപദം) മുതലായ പേരുകളെ കല്പിക്കയും ചെയ്തിരിക്കുന്നു.

ഇപ്രകാരം ഭൂപൃഷ്ഠവാസികൾക്കു്, കാഴ്ചയിൽ ചന്ദ്രനേക്കാൾ പ്രകാശവും വലിപ്പവും കുറഞ്ഞവയായി കാണപ്പെടുന്നു എങ്കിലും നിയതഗതികളാകകൊണ്ടു വെവ്വേറെ കണ്ടറിഞ്ഞിരിക്കുന്നതും, വ്യവഹാരൈകകാൎയ്യത്തിനുവേണ്ടി ചൊവ്വ, ബുധൻ, വ്യാഴം, ശുക്രൻ, ശനി എന്നിങ്ങിനെ പേരു കൊടുക്കപ്പെട്ടിരിക്കുന്നതും ആയ വേറെയഞ്ചു ഗോളങ്ങൾക്കും ആകാശമണ്ഡലത്തിൽ ചില പ്രത്യേകചലനങ്ങൾ ഉള്ളതായും ആ ചലനത്തിൽ അവയും നമുക്കു ചിലപ്പോൾ പ്രത്യക്ഷങ്ങളായും അപ്രത്യക്ഷങ്ങളായും കാണപ്പെട്ടതി

നാൽ ആ വഴിക്ക് അവയുടെ ചലനകാലത്തിന്റെ സൂക്ഷ്മമായ കണക്കു തിട്ടപ്പെടുത്തുകയും അങ്ങിനെ ആ അഞ്ചു ഗോളങ്ങളെപ്പററി അറിയുവാനിടവരികയും ചെയ്തു. അതിന്റെശേഷം മേൽപ്പറയപ്പെട്ട ഓരോ സൌരദിനങ്ങൾക്കു — ഈ ഏഴു ഗോളങ്ങളിൽ ഓരോന്നിനെ അധിഷ്ഠാനദേവതകളാക്കി കല്പിച്ച ഓരോ ദിവസങ്ങൾക്കും — ഞായർ, തിങ്കൾ, എന്നിങ്ങിനെ അതാതു ഗോളങ്ങളുടെ പേരുകളെ സങ്കല്പിക്കുകയും ചെയ്തു. ഇങ്ങിനെയാകുന്നു ഇപ്പോൾ നാം വ്യവഹരിച്ചുവരുന്ന ആഴ്ചകൾ അല്ലെങ്കിൽ വാരങ്ങൾ എന്നു സങ്കല്പമുണ്ടായിട്ടുള്ളത്.

മുൻവിവരിച്ചിരിക്കുന്നപ്രകാരം ചന്ദ്രന്റെ ഒരു ഭൂപ്രദക്ഷിണകാലത്തിൽ ദിവസംപ്രതി ചന്ദ്രനോടടുത്തു ചില തേജഃകണങ്ങളെ നിയമേന കണ്ടുവരികയാൽ അവയുടെ സ്ഥിതി എങ്ങിനെയെന്നറിവാനായിട്ടുണ്ടായ പ്രയത്നത്തിന്റെ ഫലമായി അവയിൽ ഓരോന്നും ചന്ദ്രാദികളെപ്പോലെ പ്രത്യേക ഗതിഭേദത്തോടുകൂടിയവയല്ലെന്നും ഒരു ചക്രത്തിന്റെ അരങ്ങൾ (അല്ലെങ്കിൽ പല്ലുകൾ)പോലെ ഒരു ക്ലിപ്തമായ ദൂരത്തിൽ സ്ഥിതിചെയ്യുന്നവയാണെന്നും കണ്ടുപിടിക്കയും ചെയ്തു. ആ തേജഃകണങ്ങൾക്കു (ഭാനിക്കുന്നവ=ശോഭിക്കുന്നവ എന്നൎത്ഥമായ) ഭങ്ങൾ എന്നും അവയുടെ സമുദായത്തിന്ന 'ഭഗണം' അല്ലെങ്കിൽ ജ്യോതിശ്ചക്രം എന്നു പേരുകൊടുക്കുകയും ആ ജ്യോതിശ്ചക്രത്തിന്ന് ഒന്നായിട്ടൊരു ഗതി (ചലനം) ഉണ്ടെന്നും, ആ ചലനത്തിന്നു വേണ്ടുന്ന സമയം ഏകദേശം ചന്ദ്രന്റെ ഒരു ഭൂപ്രദക്ഷിണകാലത്തേക്കാൾ അല്പം കുറവാണെന്നും മനസ്സിലാക്കുകയും ചെയ്തു.

അതിനാൽ എല്ലായ്പോഴും ഭൂപ്രദക്ഷിണം ശീലിക്കുന്നതായ ചന്ദ്രൻ തന്റെ ഒരു പ്രദക്ഷിണം കഴിച്ചു പുറപ്പെട്ട സ്ഥലത്തെത്തുമ്പോഴെക്കു ജ്യോതിശ്ചക്രം അതിന്റെ ഒരു പ്രദക്ഷിണം കഴിച്ചു കുറച്ചുകൂടി കടന്നുപോന്നതിനാൽ ഓരോദിവസത്തിലും ചന്ദ്രനോടടുത്തു കാണുന്ന നക്ഷത്രം അല്ലെങ്കിൽ 'ഭം' മറെറാന്നായി കാണപ്പെടുന്നു എങ്കിലും ഈ മാററത്തിന്ന് ഒരു പ്രത്യേകനിയമവും കണക്കും ഉള്ളതുകൊണ്ടു ചന്ദ്രന്റെ ഓരോ പ്രദക്ഷിണത്തിലും പതിവായി ഇന്നിന്ന നക്ഷത്രങ്ങൾ ചന്ദ്രനോടടുത്തുണ്ടായിരിക്കുന്നതാണെന്നൊരു

നിയമം സിദ്ധിപ്പാനിടവന്നുവെന്നു മാത്രമല്ല ജ്യോതിശ്ചക്രത്തിന്റെ അരങ്ങൾ അല്ലെങ്കിൽ പല്ലുകൾപോലെയിരിക്കുന്ന മേല്പറഞ്ഞ ക്ഷേത്രങ്ങൾ (അല്ലെങ്കിൽ നക്ഷത്രങ്ങൾ) ഇരുപത്തേഴാണെന്നു തിട്ടപ്പെടുത്തുകയും അതോടുകൂടിത്തന്നെ ചന്ദ്രന്റെ ഒരു ഭൂപ്രദക്ഷിണസമയത്തിൽനിന്നു ജ്യോതിശ്ചക്രത്തിന്ന് ഒരു തിരിച്ചിൽ തിരിവാൻ ഇത്ര സമയം വേണമെന്നു സാധിക്കുകയും ആ സമയത്തെ ഒരു 'നാക്ഷത്രമാനദിന'മെന്നു കല്പിക്കുകയും ചെയ്തിരിക്കുന്നു. ഇങ്ങിനെ ഓരോദിവസത്തിലും ചന്ദ്രനോടടുത്തു കാണുന്ന നക്ഷത്രങ്ങളെ അടിസ്ഥാനമാക്കി കല്പിച്ചിരിക്കുന്ന ഓരോ നക്ഷത്രമാനദിനത്തിന്നും അശ്വിനിദേവന്മാർ മുതലായ ചില ദേവതമാരെ കല്പിച്ച് ആ ദേവതമാരുടെ നാമധേയത്തെത്തന്നെ ആവക നക്ഷത്രങ്ങൾക്കും നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട് അശ്വിനി അല്ലെങ്കിൽ അശ്വതിമുതലായ നാക്ഷത്രദിനങ്ങളുടെ സങ്കല്പം ഉണ്ടായിത്തീർന്നിട്ടുള്ളത്.

ഇതുവരെപ്പറഞ്ഞിട്ടുള്ളതിൽനിന്നു സൌരം, ചാന്ദ്രം, നാക്ഷത്രം, ഇങ്ങിനെ മൂന്നു ദിനമാനങ്ങൾ ഉണ്ടെന്നും അവയിൽവെച്ചു സമയദൈർഘ്യം ഏററവും കൂടുന്നതു സൌരദിനത്തിന്നും ഏററവും കുറയുന്നതു നക്ഷത്രദിനത്തിന്നുമാണെന്നും സിദ്ധിച്ചുവല്ലോ. ഈ മൂന്നുവിധ ദിനമാനങ്ങളെക്കൊണ്ടും മാസസംവത്സരാദികല്പനം ചെയ്തു വരാറുണ്ടെങ്കിലും ചാന്ദ്ര, നാക്ഷത്ര'ങ്ങളെ ഹിന്തുക്കൾ അവരുടെ ശ്രൌതസ്മാർത്താദികളായ ചില കർമ്മങ്ങളിൽ സ്വീകരിയ്ക്കാറുള്ളതല്ലാതെ മററുള്ള ലോകവ്യവഹാരങ്ങളിൽ മിക്കതും സൌരമാനത്തെത്തന്നെയാകുന്നു അധികം ഉപയോഗിച്ചു വരുന്നത്. എന്നാൽ മഹമ്മദിയർ ചാന്ദ്രമാനത്തെ അവരുടെ കർമ്മാനുഷ്ഠാനങ്ങളിലും ലോകകാര്യങ്ങളിലും പ്രത്യേകം സ്വീകരിച്ചുവരുന്നുണ്ടെന്നു അഭിമാനിയ്ക്കാറുണ്ടെങ്കിലും സകല ജനങ്ങളും ഒരുപോലെ പ്രത്യക്ഷാനുഭവംകൊണ്ടു സമ്മതിച്ചു വരുന്നതായ സൌരമാനത്തെ ആശ്രയിച്ചിട്ടാകുന്നു അവരുടേയും കാര്യവശാലുള്ള നില എന്നാരും സമ്മതിയ്ക്കുന്നതാണ്.

ഇനി മാസം, ഋതു, സംവത്സരം മുതലായവയുടെ കല്പനത്തിനുള്ള അവലംബം എന്താണെന്നാലോചിയ്ക്കാം. ഭൂതലവാസികളായ നമുക്കും നമ്മുടെ ചുററുമുള്ള ഇതരസൃഷ്ടികൾക്കും ഓരോരിയ്ക്കൽ സംഭവിച്ചുവരുന്ന പ്രധാനമായിട്ടുള്ള ചില ബാഹ്യാവസ്ഥാഭേദ

ങ്ങൾ ഇന്നിന്നവയാകുന്നു. അവ ഇത്ര ഇത്ര സമയം കൂടുമ്പോൾ ഉണ്ടാകുന്നു എന്നും ഉള്ള കാൎയ്യത്തിന്റെ സൂക്ഷ്മതയാപരിശോധനയിൽനിന്നാകുന്നു ഋതുക്കൾ എന്നുള്ള ചില കാലാവയവങ്ങളെ കല്പിപ്പാനിടവന്നിട്ടുള്ളത്. എങ്ങിനെയെന്നാൽ ചിലപ്പോൾ കുറച്ചു കാലത്തേക്കു നമുക്ക് അത്യുഷ്ണവും അതിന്റെശേഷം കുറച്ചുകാലത്തേക്കു അതിവൎഷംകൊണ്ടു ശൈത്യവും അതിന്നുശേഷം ഒരു ക്ലിപ്ത കാലത്തോളം ശീതോഷ്ണങ്ങളുടെ സമാവസ്ഥയും തദനന്തരം കുറച്ചു കാലത്തേക്കു (വൎഷമില്ലെങ്കിലും) കുറേശ്ശെ ശൈത്യവും പിന്നിട അതിശൈത്യപ്രദമായ മഞ്ഞുകാലവും അതു കഴിഞ്ഞാൽ വീണ്ടും ഒരു ശീതോഷ്ണസമസ്ഥിതിയും പതിവായി സംഭവിച്ചുവരുന്നുണ്ടെന്നുള്ള സംഗതി വളരെക്കാലത്തെ അനുഭവംകൊണ്ടു ദൃഢമായിത്തീൎന്നതിനാൽ ആവക അവസ്ഥാഭേദങ്ങൾ സംഭവിക്കുന്ന കാലനിയമത്തെ ക്ലിപ്തപ്പെടുത്തുകയും ആ കാലത്തിന്നു ഋതുക്കൾ എന്നു പേരു കല്പിക്കയും അതിന്നുശേഷം പിന്നെയും ആവക അവസ്ഥാഭേദങ്ങളുടെ പരിശോധനയിൽനിന്ന് അവയുടെ സൂക്ഷ്മമായ താരതമ്യജ്ഞാനം സിദ്ധിക്കുകയും അതോടുകൂടി സാമാന്യമായി മേല്പറഞ്ഞ ആറുവിധമുള്ള അവസ്ഥാഭേദങ്ങൾക്കു വേണ്ടിവരുന്ന കാലത്തെ ഈരണ്ടാക്കി ഭാഗിപ്പാനിടവരികയും ചെയ്തതിനാൽ ആ ഓരോ ഭാഗങ്ങൾക്കും 'മാസം' എന്നുള്ള ഒരു പേരു കല്പിക്കയും അതിന്നുശേഷം വ്യവഹാരസൌകൎയ്യത്തിന്നുവേണ്ടി ആവക മാസങ്ങൾക്കു ഇപ്പോഴുള്ള ഓരോ പ്രത്യേക നാമധേയങ്ങളെ കല്പിക്കുകയും ചെയ്തുവെന്നു വിചാരിപ്പാൻ ന്യായമുണ്ട്. ഇങ്ങിനെ പന്ത്രണ്ടുമാസങ്ങൾ അല്ലെങ്കിൽ ആറു ഋതുക്കൾ കഴിയുമ്പോൾ മേൽ കാലാവസ്ഥ വീണ്ടും പൂൎവ്വസ്ഥിതിയെ പ്രാപിക്കുന്നതിനാൽ അങ്ങിനെയുള്ള ഒരവസ്ഥാപരിവൎത്തനകാലത്തിന്നു സംവത്സരമെന്നു പേരു കല്പിക്കുകയും ചെയ്തു. ഇത്രയും കഴിഞ്ഞപ്പോൾ അനാദ്യന്തമായും അപരിച്ഛേദ്യമായും ഇരിക്കുന്ന കാലത്തെക്കുറിച്ചുള്ള വ്യവഹാരത്തിന്നു നമുക്കത്യാവശ്യമുള്ളതായ മാനസാധനങ്ങളുടെ ദാരിദ്ര്യം മിക്കതും തീൎന്നു എന്നു കണ്ടിട്ടായിരിക്കാം ഇതിന്നുമേലുള്ള കാലപരിമാണങ്ങളെയെല്ലാം ഈ സംവത്സരങ്ങളുടെ ആവൎത്തനംകൊണ്ടുതന്നെ കഴിച്ചുകൂട്ടിയാൽ മതിയെന്നു കല്പിച്ചതുപോലെ തോന്നുന്നതുകൊണ്ടും പൂൎവ്വാചാൎയ്യന്മാർ അവരുടെ കാലപരിമാണവിഷയത്തിലുള്ള പ്രയത്നത്തിന്ന് ഇവിടെവെ

ച്ച് ഏററവും വലുതായ ഒരു വിച്ഛിത്തി വരുത്തിയിരിക്കുന്നതായി കാണപ്പെടുന്നു.

ഇപ്പോൾ ഒരു ദിവസം മുതൽ ഒരു സംവത്സരം വരെയുള്ള കാലാവയവത്തെക്കുറിച്ചു നാം വ്യവഹരിച്ചുവരുന്ന മാനസാധനങ്ങളെ മിക്കതിനേയും പറഞ്ഞുവല്ലോ. ഇനി ദിവസത്തേക്കാൾ ചെറുതായിട്ടുള്ള ഓരോ കാലവിഭാഗങ്ങളെക്കുറിച്ചും ഇതുപോലെ തന്നെ ഓരോ അളവുകളേയും അവയുടെ സംജ്ഞകളേയും കല്പിച്ചിട്ടുണ്ട്. ഇക്കാൎയ്യത്തിൽ ഓരോ ദേശത്തും ഓരോ കാലത്തും ഓരോ ജനസമുദായത്തിലും പലവിധത്തിലുള്ള അഭിപ്രായഭേദങ്ങൾ ഉണ്ടായിട്ടുണ്ടെന്നു പറയാതിരിപ്പാൻ നിവൃത്തിയില്ല. എന്തെന്നാൽ ഹിന്തുക്കൾ ഒരു രാവും പകലും കൂടിയതായ ഒരു ദിവസത്തെ അറുപതാക്കി ഭാഗിച്ച് അതിൽ ഒരു ഭാഗത്തിന്നു നാഴിക (ഘടിക) എന്നും ആ ഓരോ നാഴികയുടേയും അറുപതിൽ ഒരംശത്തിന്നു വിനാഴിക (വിഘടിക) എന്നും പേരു കല്പിച്ചിരിക്കുന്നതു കൂടാതെ പിന്നേയും അസംഖ്യം ചെറിയ ചെറിയ കാലാവയവങ്ങളെ കല്പിച്ച് അവയ്ക്കു ഓരോ പേരുകൾ കൊടുക്കുകയും ആ വക സമയങ്ങളെ ക്ലിപ്തപ്പെടുത്തുന്നതിന്നു മുൻ പറഞ്ഞ സൂൎയ്യചന്ദ്രാദിഗോളങ്ങളുടെ ചലനാദി ഭേദത്തെ അടിസ്ഥാനമാക്കി ചില കണക്കുകളെ നിശ്ചയിച്ചു വ്യവസ്ഥപ്പെടുത്തുകയും ചെയ്തിരിക്കുന്നു. എന്നാൽ വേറെ ചിലർ മററൊരു പ്രകാരത്തിൽ ഒരു ദിവസത്തെ ഇരുപത്തിനാലാക്കി ഭാഗിച്ച് ഒരു ഭാഗത്തിന്നു മണിക്കൂറെന്നും മണിക്കൂറിന്റെ അറുപതിൽ ഒരു ഭാഗത്തിന്നു ഒരു മിനിട്ടെന്നും മിനിട്ടിന്റെ അറുപതിൽ ഒരു ഭാഗത്തിന്നു സെക്കൻഡ് എന്നും പേരു കൊടുക്കുകയും അവയെ അനുസരിച്ചു വ്യവഹരിച്ചുവരികയും ചെയ്യുന്നു. ഇങ്ങിനെ ഒരു സംവത്സരം മുതൽ കീഴ്പെട്ടു ചെറുതു ചെറുതായി ഒരു ക്ഷണം വരെയുള്ള കാലപരിമാണത്തെ സൂചിപ്പിക്കുന്നതിലേക്കു മേൽപറഞ്ഞ സൂൎയ്യാദിഗോളങ്ങളുടെ ചലനത്തെ ആശ്രയിക്കുന്നതു ചില ദേശത്തിലും ചില കാലത്തിലും അസാദ്ധ്യമായിത്തീരുവാൻ സംഗതിയുള്ളതുകൊണ്ട് അതിലേക്കായി പല വിധത്തിലും അനേകം യന്ത്രങ്ങളേയും കണ്ടുപിടിച്ചിട്ടുണ്ട്.

ഞാനീലേഖനം എഴുതുവാൻ പുറപ്പെട്ടതിന്റെ പ്രധാനമായ ഉദ്ദേശത്തെ ഈ അവസരത്തിൽ വായനക്കാരെ അറിയിപ്പാൻവേ

ങ്ങി അഞ്ചാറു വരികൾകൂടി അപഹരിക്കുന്നതിന്നു വായനക്കാരെ അനുവദിപ്പാൻ അപേക്ഷിക്കുന്നു. ഇപ്പോൾ ലോകത്തിലുള്ള അനേകമതക്കാരായ ജനസമുദായവും മേൽപ്പറഞ്ഞ കാലപരിമാണങ്ങളിൽ ചിലതിനെ വേറെപ്രകാരത്തിൽ നിർദ്ദേശിക്കുകയും ഒരു സമുദായത്തിൽ നടപ്പുള്ള ചില നിയമം മററു ചില സമുദായക്കാർ അംഗീകരിക്കാതിരിക്കുകയും ചെയ്യുന്നുണ്ടെങ്കിലും എല്ലാ ജനസമുദായത്താലും ഒന്നുപോലെ സ്വീകരിക്കപ്പെട്ടതായ ചില പരിമാണങ്ങൾ ഇന്നും കാണപ്പെട്ടുവരുന്നതിന്ന് കാരണമെന്തായിരിക്കുമെന്നു ആലോചിച്ചതിൽ എനിക്കു മതിയായ സമാധാനം കണ്ടെത്തുവാൻ കഴിഞ്ഞിട്ടില്ല. 1. സ്വഭാവംകൊണ്ട് അത്യന്തവിപരീതമായ ഒരു പകലും ഒരു രാത്രിയുംകൂടിയ സമയത്തെ ഒരു ദിവസമെന്നു എല്ലാ ജനസമുദായവും ഒരുപോലെ സമ്മതിക്കുന്നതിനുള്ള കാരണമെന്ത? രാത്രിയേയും പകലിനേയും രണ്ടു ദിവസമെന്നു ചിലക്കെങ്കിലും കല്പിപ്പാനെന്തു വിരോധമാണ്? 2. ഏഴു ദിവസങ്ങൾ കൂടിയതായ ഒരു കാലത്തെ ഒരാഴ്ചവട്ടമെന്നു മിക്ക സമുദായക്കാരും സ്വീകരിച്ചുവരുന്നതിനുള്ള കാരണമെന്ത്? ഹിന്തുക്കളിൽ അങ്ങിനെ കല്പിപ്പാനുള്ള കാരണം ഞാൻ മുമ്പു പറഞ്ഞിട്ടുണ്ട്. മററുള്ള സമുദായക്കാരുടെ സമാധാനമാണ് ഇതിൽ അറിയേണ്ടത്. 3. ഒരു സംവത്സരത്തിന്നു പന്ത്രണ്ടു മാസം എന്നുള്ള കണക്കു മിക്കസമുദായത്തിലും നടപ്പായിക്കാണുന്നുണ്ട്. ഇതിന്നും അഭേദ്യമായ വല്ല കാരണവും ഉണ്ടോ? ഉണ്ടെങ്കിൽ എന്ത്? ലോകത്തിന്നുണ്ടാകുന്ന പ്രകൃതിമാററത്തെ ആധാരമാക്കീട്ടാണ് ഈ കല്പനമെങ്കിൽ വെയിൽ, മഞ്ഞ്, മഴ ഇങ്ങിനെ പ്രധാനമായ മൂന്നു പ്രകൃതി ഭേദത്തെ അനുസരിച്ച് ഒരു കൊല്ലത്തിന്നു മൂന്നു മാസമെന്നു കല്പിപ്പാൻ വിരോധമുണ്ടോ? 4. ചാന്ദ്രമാനത്തെ പ്രമാണിച്ച് കാലവിഭാഗം ചെയ്യുന്ന സമുദായക്കാൎക്കു ചന്ദ്രന്റെ തേജോവൃദ്ധികാലമായ ശുക്ലപക്ഷത്തെയും തദ്വിപരീതമായ കൃഷ്ണപക്ഷത്തെയും വെവ്വേറെ ഓരോ മാസങ്ങളായി കല്പിപ്പാൻ പാടില്ലെന്നുണ്ടോ?

ഇങ്ങിനെ കാലാവയവ കല്പനത്തിലുള്ള ചില സംഗതികളെ സംബന്ധിച്ചേടത്തോളം മിക്കജനസമുദായവും ഗൂഢമായ ഏതോ ചില കാരണങ്ങളിൽ തമ്മിൽ ദൃഢസംബന്ധമുള്ളതുപോലെ തോന്നുന്നതിനാലാകുന്നു ഞാൻ ഈ വക സന്ദേഹങ്ങളെ ഇവിടെ കൊ

ണ്ടുവരുന്നതു്. അതിനാൽ മഹാശയന്മാരായ വായനക്കാരാരെങ്കിലും അടുത്ത ഒരു ലേഖനംകൊണ്ടു് എൻെറ സംശയനിവൃത്തിവരുത്തിത്തരുമെന്നു് വിശ്വസിക്കുന്നു.

കെ. പരമേശ്വരമേനോൻ.

മന്ത്രംകൂട്ടാമറസ്സ്യങ്ങളിലൊരുപാടവംതെല്ലുമുൾപ്പെന്നു നീതിവിദ്യാ-
മന്ത്രജ്ഞന്മാർ കാട്ടിയമാതിരിപ്പടി നരനൊട്ടുംതേഹവിംബവാസിബിംബോ
തന്ത്രംചെയ്യാൻ മനങ്ങളേകിയാകുമൊന്നുമില്ലേ ചക്രംതാഴ്ത്തിക്കും
യന്ത്രത്തിൽ ചില്ലെടുപ്പാതി നമ്മൾ ഭാഗവാൻ നമ്മൾ കാട്ടിത്തരട്ടെ.

കുഞ്ഞിക്കുട്ടൻ തമ്പുരാൻ.

മഹാഭാരതം

ഭാഗം ൧.

ഭാരതീയന്മാരിൽ പ്രധാനമായ വേദമെന്നും, പുരാണം ഇതിഹാസം ശാസ്ത്രസാരസ്വരൂപമായ സംഹിത എന്നും, വ്യാപകത ആലോചിക്കയാണെങ്കിൽ സർവ്വവിഷയാകരം എന്നും, ഉപയോഗത്തെപ്പറ്റി വിചാരിക്കുന്നപക്ഷം സർവ്വോപജീവ്യം എന്നും വിശ്വവിഖ്യാതമായ ഒരപൂർവ്വഗ്രന്ഥമാകുന്നു മഹാഭാരതം. ഇതിനോടു സമംചേർത്തു പറയത്തക്കയോഗ്യതയുള്ള വേറെ ഒരു ഗ്രന്ഥം ഭൂഖണ്ഡത്തിലെങ്ങും തന്നെ ഇല്ല. ശ്രീവേദവ്യാസമഹർഷി വേദങ്ങളെ എല്ലാം തരം തിരിച്ചതിൻെറ ശേഷം അവയിലുള്ള ഗഹനങ്ങളായ സാരാംശങ്ങളെ പാമരന്മാൎക്കു സുഗ്രഹമാകത്തക്കവിധത്തിൽ ലഘൂപ്പെടുത്തി ലോകാനുഗ്രഹത്തിന്നായിത്തീർത്ത ഗ്രന്ഥമായിട്ടാണു് ഭാരതം ഗണിക്കപ്പെട്ടിരിക്കുന്നതു്. പല വക സുഗന്ധപുഷ്പങ്ങളെ കൂട്ടിച്ചേർത്തു ഒരു കട്ടിമാല കെട്ടുന്നതിൽ നാരിനു എതു നിലയോ ആ നിലയേ ഉള്ളൂ ഈ ഗ്രന്ഥത്തിൽ പാണ്ഡവന്മാരുടെ ചരിത്രത്തിനു്. പ്രസക്താനുപ്രസക്ത്യാ സകലശാസ്ത്രതത്വങ്ങളും ഇതിൽ അവതരിപ്പിക്കപ്പെട്ടിരി-

ക്കുന്നു. ശ്രീഭഗവൽഗീത സനൽസുജാതീയം മുതലായ ഉപനിഷത്തുകളും ഭാരതത്തിന്റെ ചില ഘട്ടങ്ങളാണെന്ന ഓൎക്കേണം. ഇതിന്റെ ഈ വിധം അനന്യസാമാന്യമായ മാഹാത്മ്യാതിരേകത്താൽ ചരിത്രജ്ഞന്മാരായ പാശ്ചാത്യപണ്ഡിതന്മാർ ഇതു ഒരു കവിയുടെ കൃതി ആയിരിപ്പാനിടയില്ലെന്ന വിസംവദിക്കുന്നു.

മഹാഭാരതമെന്നതു ഒരു ശബ്ദമയമായ മഹാരണ്യമാകുന്നു. ചില പുണ്യകാലങ്ങളിലും മറ്റും ചില ധാൎമ്മികന്മാർ ഇതിന്റെ ചില വിശേഷപ്പെട്ട ഘട്ടങ്ങളിൽ മുങ്ങി സ്നാനതൎപ്പണാദികളും ചെയ്യുന്നതല്ലാതെ ജലക്രീഡയ്ക്കു ആരും ഇതു ഉതകുന്നതല്ല. കല്ലോലകോലാഹലകലുഷങ്ങളായ ക്ലിഷ്ടസന്ദൎഭങ്ങളും പ്രസന്നഗംഭീരങ്ങളായ മധ്യഭാഗങ്ങളും ഇതിൽ ഉണ്ട്. കവിശ്രേഷ്ഠന്മാർ ഇതിൽനിന്നെടുത്തു സംസ്കരിച്ചതിലാണു തങ്ങളുടെ സ്വതന്ത്രസന്താനങ്ങളെ അലങ്കരിച്ചിരിക്കുന്നത്. പല പല വിലമതിക്കാവതല്ലാത്ത രത്നങ്ങൾക്കും ഇതു അനന്തമായ ആകരമാകുന്നു. ഇങ്ങനെ സമുദ്രത്തിന്റെ പോലെയുള്ള ഇതിന്റെ മഹത്വവും ഗാംഭീൎയ്യവും ആരെയാണ് വിസ്മയിപ്പിക്കാത്തത്?

എന്നാൽ ഈ അഗാധമായ സമുദ്രത്തെയും ചുളുകത്തിലൊതുക്കിയാളി ചൂഷണം ചെയ്തു വിസൎജ്ജനം ചെയ്യുന്നതിന് ഒരു മഹാനുഭാവൻ ഉണ്ടായതുപോലെ ഈ ഭാരതസമുദ്രത്തെയും ഹൃദയസംപുടത്തിൽ ഗ്രഹിച്ചു ഭാഷാന്തരത്തിലാക്കി പുറത്തുവിട്ടതിനു ഒരു മഹാൻ നമ്മുടെ ഇടയിൽതന്നെ ജനിച്ചിരിക്കുന്നു. സമുദ്രം പാനം ചെയ്തുള്ള വിന്ധ്യമഹാഗിരിയുടെ ദൎപ്പശമനം ചെയ്ത അഗസ്ത്യമുനി ആണെങ്കിൽ ഭാരതം ഭാഷപ്പെടുത്തിയതു സരസദ്രുതകവികിരീടമണി ആയ കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ അവർകൾ ആകുന്നു.

ഭാരതം ഒരു പരിവൃത്തി പാരായണം ചെയ്തു തീൎക്കുന്നതുപോലും ബഹുസംവത്സരപ്രയത്നസാദ്ധ്യമായിരിക്കെ ഇതിനെ പരിമിതമായ കാലത്തിനുള്ളിൽ വൃത്താനുവൃത്തവും പദാനുപദവുമായി പരിഭാഷപ്പെടുത്തുന്നതു കുഞ്ഞിക്കുട്ടൻ തമ്പുരാനൊഴികെ മറ്റൊരു കവിക്കും സാധിക്കുന്നതല്ല. ഈ ബൃഹൽഗ്രന്ഥം ഒരാളായിട്ടു പകൎത്തി എഴുതുക തന്നെ ഉണ്ടായിട്ടുണ്ടോ എന്നു സംശയമാണ്. ശ്രീവേദവ്യാസനും ഗ്രന്ഥം ചമയ്ക്കയും എഴുതി സംഗ്രഹിക്കയുംകൂടി ഒന്നിച്ചു ചെയ്യുന്നതിനു സാധിക്കായ്കയാൽ ഒരു നല്ല ലേഖകന്റെ

സഹായം ആവശ്യപ്പെട്ടിരുന്നു പോലും. ഒരിക്കൽ പറഞ്ഞു കൊടുക്കുന്നതിനെ മറക്കാതേയും തെറ്റാതേയും മുറക്കു എഴുതിക്കൊണ്ടു വരുന്നതിനു ശേഷിമാനായ ഒരെഴുത്തുകാരൻ ആരുണ്ടെന്നു മഹർഷി ശ്രീപരമേശ്വരനോടു ചോദിച്ചപ്പോൾ ആ ദേവൻ തന്റെ പുത്രനായ മഹാഗണപതിയെ ശുപാർശി ചെയ്തുവത്രേ. എന്നാൽ ഗണപതി ലിപികാരസ്ഥാനം വഹിക്കണമെങ്കിൽ ചില ഉടമ്പടികൾ എല്ലാം വേണം. കവി ഒരിക്കൽ പറഞ്ഞതിനെ ആവർത്തിച്ചു പറയുകയില്ലെങ്കിൽ എഴുത്തുകാരൻ ഒരു പദം എഴുതിക്കഴിഞ്ഞാൽ കവിക്കു അടുത്ത പദം ആലോചിച്ചു പറവാൻവേണ്ടി മെനക്കെടുകയില്ല. ഗ്രന്ഥകാരൻ അവിച്ഛിന്നമായി പറഞ്ഞു കൊടുത്താൽ എഴുത്തുകാരൻ അവിച്ഛിന്നമായി എഴുതും. ഈ ഉടമ്പടിയിൽ വേദവ്യാസൻ ഒന്നു കുഴങ്ങിയെങ്കിലും അതിനെ സ്വീകരിച്ചു. ഗണപതിക്കു ഇടവിടാതെ എഴുതാൻ വക കൊടുക്കണം അത്രേയ ഉള്ളല്ലോ. അതിലേക്കു വ്യാസൻ ഒരു പോരു പണിഞ്ഞു. ഒരു പണ്ഡിതനായ എഴുത്തുകാരനു അർത്ഥം ഗ്രഹിക്കാതെ കേട്ടതിനെ എട്ടിൽ കുറിക്കുന്നതു അഭിമാനമല്ല. അതുകൊണ്ടു ഗണപതി അർത്ഥം മനസ്സിലാക്കിത്തന്നെ എഴുതാവല്ലോ എന്നു വ്യാസൻ അഭിപ്രായപ്പെട്ടു. ഗണപതി ശരി വെയ്ക്കുകയും ചെയ്തു. ഗ്രന്ഥകാരനും എഴുത്തുകാരനും തങ്ങളുടെ വേലയിൽ പ്രവേശിച്ചു. മഹർഷിക്കു എവിടെ എങ്കിലും ആലോചിച്ചുണ്ടാക്കുന്നതിൽ വാശധാടി തടഞ്ഞാൽ അദ്ദേഹം അവിടെ ആകെ അർത്ഥമാകാത്ത വിധം അതികഠിനമായ ഒരു ശ്ലോകമോ അർദ്ധമോ പാദമോ ആവശ്യംപോലെ നിബന്ധിക്കും; ദേവൻ അർത്ഥം മനസ്സിലാകാതെ കുഴങ്ങും; മനസ്സിലായി വരുംമുമ്പെ അപ്പുറം കവി ഉണ്ടാക്കിത്തീർക്കുകയും ചെയ്യും. ഈ വിധം ഗണപതിയുടെ പല്ലുകടിക്കുന്ന ഘട്ടങ്ങളെ ആണു മഹാഭാരതത്തിൽ 'ഗണപതികൂടം' എന്നു പറയുന്നത്. ഈ ഐതിഹ്യം ഭാരതത്തിൽ അവിടവിടെ ചിതറിക്കിടക്കുന്ന ചില ദുർഘടശ്ലോകങ്ങൾക്കു ഒരാഗമം കല്പിക്കാനും ആകപ്പാടെ ഗ്രന്ഥമാഹാത്മ്യത്തെ പ്രശംസിപ്പാനും വേണ്ടി ഉണ്ടാക്കിത്തീർത്ത ഒരർത്ഥവാദമാണെന്നുള്ളതു അതിസ്പഷ്ടമാകുന്നു. എങ്കിലും ഇതിൽനിന്നു പൂർവ്വന്മാർ, ഭാരതം ഒരാവൃത്തി പകർത്തുന്നതുപോലും സാധാരണക്കാർക്കു ദുഷ്കരമായി വിചാരിച്ചിരുന്നു എന്നു തെളിയുന്നു.

പ്രകൃതാനുപ്രകൃതമായി വരുന്ന അനേകം ആനുഷംഗിക വിഷയങ്ങളെ എല്ലാം തള്ളിക്കളഞ്ഞു അനുസ്യൂതമായ കുരുപാണ്ഡവകഥയെ മാത്രം അധിഷ്ഠാനപ്പെടുത്തി വാലും തലയും ഇല്ലാത്ത എഴുതാനും പദ്യങ്ങളെക്കൊണ്ടു ഒരു ഭാരതസംഗ്രഹം ഭാഷയിൽ ചെയ്തുവച്ച എഴുത്തച്ഛനെ നാം എത്രയോ കൊണ്ടാടുന്നു. ഇതുവരെ കൊണ്ടാടിയതൊന്നും പോരാ; ഇനി ചില സ്മാരകവും മററും വേണം പോലും; ഈ സ്ഥിതിക്കു ഒരക്ഷരംപോലും വിടാതെ ആ ഗ്രന്ഥത്തെ ഭാഷയിൽ തീർത്ത കുഞ്ഞിക്കുട്ടൻ തമ്പുരാനെ കേരളീയർ ശിരസാ വഹിച്ചാലും മതിയാകുമോ? കുററമല്ല കാളിദാസൻ.

'പുരാണമിത്യേവ ന സാധു സർവ്വം
ന ചാപി കാവ്യം നവമിത്യവദ്യം'

എന്ന് ആവലാധിപറയുന്നത്. ചക്രവാകിക്കു രാത്രിയിൽ സംഗമം ഇല്ലെന്നുള്ളതുപോലെ കീർത്തികാമിനിക്കും ഒരു ശാപമുണ്ട്. അവൾക്കു തന്റെ കാമുകന്റെ പിൽക്കാലമാണ യൗവനോല്ലാസവും, വിലാസഭംഗികളും, സൗഭാഗ്യഭാഗ്യോദയവും എല്ലാം തികയുന്നത്. ഇതെന്തൊരു കഷ്ടമാണ്? വൈധവ്യം വന്നതിനു മേലാണോ സ്ത്രീകൾക്കു നല്ലകാലം വരേണ്ടത്? എഴുത്തച്ഛന്റെ സഹജീവികൾ അദ്ദേഹത്തെ ആക്ഷേപിക്കയും ഉപദ്രവിക്കയും ചെയ്തു; പിൻഗാമികളായ നാം അദ്ദേഹത്തിന്റെ മാഹാത്മ്യം അറിഞ്ഞ് ഉചിതങ്ങളായ സ്മാരകങ്ങളെ പ്രതിഷ്ഠിക്കാൻ ഉദ്യോഗിച്ചു വരുന്നു. അതിനാൽ ആധുനികന്മാർ ഭാഷാമഹാഭാരതത്തെ വേണ്ടുംവണ്ണം ആദരിച്ചില്ലെങ്കിലും തമ്പുരാനു ലേശം കുണ്ഠിതത്തിന് അവകാശമില്ല. അവിടത്തെ ഭാരതവിവർത്തനകീർത്തിലത ഇപ്പോൾ അങ്കുരിച്ചതേ ഉള്ളല്ലോ; കാലക്രമത്തിൽ അതു ശാഖോപശാഖമായിപ്പടന്നു കേരളം ആസകലം വ്യാപിച്ചുകൊള്ളും.

ഗ്രന്ഥകർത്താവു ഭാഷാന്തരം പൂർത്തിചെയ്തു തീർത്തിരിക്കുന്നുവെങ്കിലും സമഗ്രമായ പുസ്തകം അച്ചടിച്ചു പ്രസിദ്ധം ചെയ്തു കഴിഞ്ഞിട്ടില്ലാത്ത ഈ ഘട്ടത്തിൽ തർജ്ജമയെക്കുറിച്ചു അഭിപ്രായം പറവാൻ പുറപ്പെടുന്നതു അനുചിതമാകുന്നു. അല്ലെങ്കിൽ ഈ ഗ്രന്ഥത്തിന്റെ സംഗതിയിൽ അങ്ങനെ ആലോചിപ്പാനുമില്ല. പരിപൂർണ്ണമായ പുസ്തകം കൈവശം കിട്ടിയിരുന്നു എന്നുവരികിലും അതു മുഴുവൻ ഒരാവൃത്തി വായിച്ചു ഗുണദോഷനിരൂപണം ചെയ്യു

ന്നതിനു അധികം പേർ ഉണ്ടാവുകയില്ല. ഈ ലേഖനകർത്താവിനു അതു അശക്യമാണെന്നു തീരുമാനംതന്നെ. അതിനാൽ ഭാരതത്തിന്റെ സംഗതിയിൽ സ്ഥാലീപുലാകന്യായംതന്നെ സർവ്വഥാ ശരണീകരണീയമായിത്തീൎന്നിരിക്കുന്നു. പാചകന്മാർ നാലോ അഞ്ചോ പറ അരി കിടന്നു വേവുന്ന പാത്രത്തിൽനിന്നു ഒരു തവി അരി എടുത്തു അതിൽ നാലോ അഞ്ചോ എണ്ണത്തിന്റെ വേവു നോക്കിയാണല്ലോ പാത്രത്തിലെ അരിയുടെ മുഴുവനും പാകം നിശ്ചയിക്കുന്നത്. ഈ ന്യായപ്രകാരം നോക്കിയതിൽ തൎജ്ജമ മൂലത്തിനു അത്യന്തം യോജിച്ചതും സ്വാരസ്യക്കുറവില്ലാത്തതും ആയിട്ടു കാണപ്പെട്ടിരിക്കുന്നു എന്നു സമ്മതിച്ചേ തീരൂ. മൂലത്തിനുതന്നെ മിക്കഭാഗങ്ങളിലും പറയത്തക്ക കാവ്യരസമൊന്നും ഇല്ലെങ്കിൽ അതിനു ഭാഷാന്തരകർത്താ ഉത്തരവാദിയല്ലല്ലോ. എന്നാൽ അകൃത്രിമരമണീയങ്ങളായ പ്രകൃതിസിദ്ധചമൽക്കാരങ്ങളാൽ അലംകൃതങ്ങളായ പല ഭാഗങ്ങളും ഭാരതത്തിൽ ഉണ്ട്. അതുകളുടെ തൎജ്ജമയ്ക്കു ഒരു മാററുകൂടി സ്വാരസ്യം കൂട്ടുന്നതിനു വകയില്ലയോ എന്നു ചോദിക്കാൻ ഭാവിക്കും മുമ്പു, രണ്ടു ഭാഷകളുടേയും ശക്തിതാരതമ്യം, വൃത്താനുവൃത്തപരിവൎത്തനം എന്നുള്ള കവിയുടെ പ്രതിജ്ഞ, ദ്രുതഗതി, ഗ്രന്ഥത്തിന്റെ വലിപ്പം എന്ന പല പല സംഗതികളും ഒന്നുചേൎന്നുവന്നു ചോദ്യകൎത്താവിന്റെ വാങ്മുദ്രണം ചെയ്തുകളയുന്നു. മൂലത്തിനു വ്യാഖ്യാനാപേക്ഷ ഉള്ളിടങ്ങളിലെല്ലാം ഭാഷാന്തരണത്തിനും അതുണ്ടെങ്കിൽ അതിനെ ഒരു വൈകല്യമായി ഗണിച്ചുകൂടല്ലോ.

കുഞ്ഞിക്കുട്ടൻ രാജാവിനു പദ്യനിൎമ്മാണശക്തി ഒരു കൂടപ്പിറവിയാണ്. ഇംഗ്ലീഷ് മഹാകവിയായ പോപ്പിന്റെ സംഗതിയിൽ പറയാറുള്ളതുപോലെ അവിടേക്കു വേണമെങ്കിൽ ശ്ലോകത്തിൽതന്നെ വെടി പറയാം. സംസ്കൃതപാണ്ഡിത്യത്തെപ്പററി ആലോചിക്കയാണെങ്കിൽ കൊടുങ്ങല്ലൂർ കോയിക്കലെ സ്തംഭങ്ങൾപോലും സംസ്കൃതഭാഷാഭിജ്ഞങ്ങളാണെന്നു പ്രസിദ്ധമാകുന്നു. മലയാളഭാഷയുടെ ശുദ്ധിയെക്കുറിച്ചോ ചോദിപ്പാനില്ല; മദ്ധ്യകേരളമായ കൊടുങ്ങല്ലൂർ ദേശത്തെ നടപ്പുഭാഷയെ ആണ് അത്യുത്തമമായി ഗണിച്ചിരിക്കുന്നതു. കവിക്കു ബാല്യസഹവാസം വെണ്മണിപ്രഭൃതികളുമായിരുന്നു. ഇതെല്ലാം കൂടി ചേൎത്തു നോക്കുമ്പോൾ ഭാരതതൎജ്ജമയിൽ ഒരഭിപ്രായം പറയാൻതന്നെ അസ്മാദൃശന്മാരുടെ

ജിഹ്വപ്രസരിക്കുന്നില്ല. പ്രകൃതനിരൂപണത്തിനു വിഷയമായ ഈ മഹാഗ്രന്ഥം കേരളത്തിലെ സകല പുസ്തകശാലകളേയും എന്നെന്നേക്കും അലങ്കരിക്കട്ടെ; ഈ മഹാകവിയും അനന്യസാധ്യങ്ങളായ ഈദൃശവ്യവസായങ്ങൾകൊണ്ടു കേരളമഹാജനങ്ങളുടെ കൃതജ്ഞതയ്ക്കു മേലാലും പാത്രീഭവിക്കട്ടേ എന്നാശംസിക്കുന്നു.

എ. ആർ. രാജവൎമ്മ, എം. ഏ.

കടംകഥകൾ

(അല്ലെങ്കിൽ തോൽകഥകൾ)



'ലോകത്തിൽ മനുഷ്യസൃഷ്ടിയോളം അത്ഭുതകരമായിട്ടും ഉൽകൃഷ്ടമായിട്ടും യാതൊന്നുമില്ല; മനുഷ്യനിൽ അന്തഃകരണത്തോളം അത്ഭുതകരമായിട്ടും ഉൽകൃഷ്ടമായിട്ടും ഒന്നുമില്ല' എന്നിങ്ങിനെ ഒരു പാശ്ചാത്യപണ്ഡിതൻ പറഞ്ഞിരിക്കുന്നു. ഇത് അദ്ധ്യാത്മശാസ്ത്രജ്ഞന്മാരും ലോകത്തിലുള്ള നാനാവിധ തത്വങ്ങളെ പരിശോധിച്ചറിഞ്ഞിട്ടുള്ളവരുമായ വിദ്വാന്മാൎക്ക് അനുഭവസിദ്ധമായ ഒരു തത്വമാകുന്നു. പണ്ഡിതന്മാരുടെ കഥ ഇരിക്കട്ടെ. പാമരന്മാരായ നമ്മളിൽ ചിലൎക്കുതന്നെ ഈ സംഗതിയെപ്പററി ആലോചിച്ചുനോക്കുക. മനുഷ്യന്റെ അന്തഃകരണത്തോളം അത്ര ആശ്ചൎയ്യത്തെ ജനിപ്പിക്കത്തക്കതായിട്ടു ലോകത്തിൽ എന്തൊരു സൃഷ്ടിവിശേഷമാണുള്ളത്? എന്തെന്നാൽ, മനുഷ്യന്റെ കരചരണാദ്യവയവങ്ങളോടുകൂടിയ ഈ സ്ഥൂലശരീരത്തിന്റെ കഥ മാത്രം ആലോചിക്കുന്നതായാൽ പല വിധത്തിലും ചേഷ്ടിക്കുന്നതിന്ന് ഇതിലധികം സൌകൎയ്യമുള്ളതായും, വളരെ അധികം ബലമുള്ളതായുമുള്ള സൃഷ്ടിവിശേഷങ്ങൾ ഈ ലോകത്തിൽ അനവധി ഉണ്ട് എന്ന കാൎയ്യം സ്പഷ്ടമാകയാൽ ആ ഭാഗം ഇവിടെ വിസ്തരിച്ചിട്ടു കാൎയ്യമില്ല. ഇനി മനുഷ്യദേഹത്തിന്റെ സ്ഥിരതയേയും ദൃഢതയേയുംപററി വിചാരിച്ചുനോക്കുക. കാററ്, തിയ്യ്, വെള്ളം, മണ്ണ്, ആകാശം, എന്നീ പദാൎത്ഥങ്ങളെക്കൊണ്ടാണ് ഈ ദേഹം

സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. എങ്കിലും പഞ്ചമഹാഭൂതങ്ങൾ എന്നു പറയപ്പെടുന്ന മേൽപറഞ്ഞവയുടെ അസാമാന്യമായ ക്ഷോഭത്തിൽ പെട്ടുപോയാൽ ഈ ദേഹം ക്ഷണനേരത്തിൽ നശിച്ചുപോകുന്നുവെന്നുള്ളതിന്നു വാദമില്ല. കൊടുങ്കാറ്റുകൊണ്ടും, കോളിളക്കംകൊണ്ടും, അഗ്നിബാധ നിമിത്തവും, മലഞ്ചെരിവുകളും മററും കിളുങ്ങുമ്പോൾ മണ്ണിടിഞ്ഞു വീഴുക നിമിത്തവും, അത്യഗാധത്തിലൊ അത്യുന്നതത്തിലൊ പോവുകനിമിത്തം ശ്വാസം മുട്ടുകയാലും, ഇടിവെട്ടുകൊള്ളുക നിമിത്തവും— ഇങ്ങിനെ അനേകം വിധത്തിൽ അസംഖ്യം പേർ മരിച്ചിട്ടുള്ളതായിട്ടും, ഇപ്പോഴും ലോകത്തിൽ പലേടങ്ങളിലും അപ്രകാരം മരിക്കുന്നതായിട്ടുമുള്ള കഥകൾ നമുക്ക് അശേഷം അപൂർവ്വമല്ലല്ലൊ. അതിന്നും പുറമെ, മേൽപറഞ്ഞപ്രകാരം, ഈ ലോകത്തിൽ മനുഷ്യനേക്കാൾ വളരെ അധികം ബലമുള്ളതായും, പലവിധത്തിലും ചേഷ്ടിക്കുന്നതിന്നു പലവിധ സൌകര്യങ്ങളോടുകൂടിയും അതിക്രൂരസ്വഭാവത്തോടുകൂടിയുമുള്ള അനേകം ജന്തുക്കളുമുണ്ട്. അങ്ങിനെയുള്ളവയെല്ലാമാണെങ്കിലും അവയെ എല്ലാം മഹാബലഹീനനായ ഈ മനുഷ്യൻ കീഴടക്കുന്നു: അതിക്രൂരങ്ങളായ ജന്തുക്കളെ ഹിംസിക്കുന്നു. വേറെ ചിലതിനെ തനിക്കു ഭക്ഷണത്തിന്നായി ഉപയോഗിക്കുന്നു. മററു ചിലതിനെക്കൊണ്ടു തന്റെ പലവിധത്തിലുമുള്ള സൌകര്യങ്ങൾക്കുവേണ്ടി വേല ചെയ്യിക്കുന്നു. അതുപോലെതന്നെ അചേതന വസ്തുക്കളെയും മനുഷ്യൻ കീഴടക്കിയിരിക്കുന്നു. അത്യുന്നതമായ തിരമാലകളോടുകൂടി ക്ഷോഭിച്ചു ക്രുദ്ധനായിരിക്കുന്ന സമുദ്രത്തിന്റെ മേലെ അത്യാമോദത്തോടുകൂടി മനുഷ്യൻ സഞ്ചാരം ചെയ്യുന്നു. വായുമണ്ഡലത്തിൽ സഞ്ചരിക്കുന്നതിന്നു യോഗ്യമായ യന്ത്രങ്ങൾ കണ്ടുപിടിച്ചു അതിരസമായി അവൻ ആകാശത്തിൽ സഞ്ചരിക്കുന്നു. ഹിമവാൻ പർവ്വതത്തെക്കൂടി പിന്നിൽ കളയുവാൻ വയ്യുമെങ്കിൽ അലക്ഷ്യമായി കൊണ്ടുപായുവാൻ സാമർത്ഥ്യമുള്ള തീവണ്ടി എന്ന അതിബലവും വേഗതയുമുള്ള യന്ത്രവിശേഷത്തെ കണ്ടുപിടിച്ചു അതിനെ തന്റെ ഇച്ഛപോലെ കൊണ്ടുനടക്കുന്നു. അപാരശക്തിയോടും അചിന്ത്യപ്രഭയോടും കൂടിയിരിക്കുന്ന വിദ്യുച്ഛക്തിയെ മനുഷ്യൻ പുല്ലുപോലെ തന്റെ അധീനതയിൽ വെച്ചിരിക്കുന്നു. സങ്കല്പാത്മകമായിരിക്കുന്ന നമ്മുടെ മനസ്സു ക്ഷണനേരംകൊണ്ട് എത്രയെങ്കിലും ദൂരം സഞ്ചരിക്കുന്നതു

പോലെ നമ്മുടെ ആശയങ്ങളെ അതിദൂരത്തിൽ സ്ഥിതി ചെയ്യുന്ന മറെറാരുത്തനെ ക്ഷണനേരം കൊണ്ടു മനസ്സിലാക്കുന്നതിന്നുള്ള സൌകൎയ്യങ്ങൾ വിദ്യുച്ഛക്തികൊണ്ടു മനുഷ്യൻ ഉണ്ടാക്കിത്തീൎത്തിട്ടുണ്ട് എന്ന സംഗതി വിസ്തരിച്ചിട്ടാവശ്യമില്ലല്ലോ. ചുരുക്കത്തിൽ പറയുന്നതായാൽ, ഇത്ര ബലഹീനനായ മനുഷ്യന്റെ പുറമെ എന്തെല്ലാം മഹച്ഛക്തിവിശേഷങ്ങൾ കാണപ്പെടുന്നുണ്ടോ അവയെ എല്ലാം അവൻ തന്റെ ചവിട്ടടിയിലാക്കി വെച്ചിരിക്കുന്നു. ഒരു തേങ്ങയോളം പോരുന്ന തലമണ്ടയ്ക്കകത്തുള്ള അന്തഃകരണമെന്ന അവൎണ്ണനീയമായ ശക്തിവിശേഷത്തിന്റെ മാഹാത്മ്യംകൊണ്ടല്ലേ ഇതെല്ലാം മനുഷ്യന്നു സാധിക്കുന്നത്? ഈ അപാരശക്തിയുടെ മാഹാത്മ്യത്തെപ്പററി ഒന്നുകൂടി പൎയ്യാലോചിച്ചു ശ്രദ്ധയൎപ്പെടുക. അന്തഃകരണം എന്ന മേല്പറഞ്ഞ ശക്തിവിശേഷത്തെ നമുക്കു കണ്ണുകൊണ്ടു കാണ്മാൻ പാടില്ല; ചെവികൊണ്ടു കേൾക്കുവാൻ പാടില്ല; ത്വക്കുകൊണ്ടു സ്പൎശിപ്പാൻ പാടില്ല; മൂക്കുകൊണ്ടു ഘ്രാണിപ്പാൻ പാടില്ല; നാവുകൊണ്ടു സ്വാദു നോക്കുവാനും പാടില്ല. കരചരണാദ്യവയവങ്ങളെക്കൊണ്ടും അതിന്റെ സ്വരൂപജ്ഞാനമുണ്ടാക്കുവാൻ തരമില്ല. എങ്കിലും ആ ശക്തികൊണ്ടാണ് കണ്ണു കാണുന്നത്; ചെവി കേൾക്കുന്നത്; മൂക്കു ഘ്രാണിക്കുന്നത്; ത്വക്കു സ്പൎശിക്കുന്നത്; നാവു സ്വാദുനോക്കുകയും ചെയ്യുന്നത്. അന്തഃകരണത്തിൽ മനസ്സ് എന്നൊരംശമുണ്ട്. അതു സങ്കല്പസ്വരൂപമാകുന്നു. ബ്രഹ്മാണ്ഡകടാഹത്തിൽ നിരൂപിക്കുവാൻ പാടില്ലാത്ത ദൂരത്തിൽ അവിടവിടെയായി സഞ്ചരിക്കുന്ന അനന്തകോടി ബ്രഹ്മാണ്ഡങ്ങളിലും ക്ഷണനേരംകൊണ്ടു സഞ്ചരിച്ചുവരുവാനുള്ള ശക്തിയുള്ളതാകുന്നു മനസ്സ്. അന്തഃകരണത്തിൽത്തന്നെ ബുദ്ധി എന്നും അഹംകാരം എന്നും വേറെ രണ്ടു ശക്തികളുണ്ട്. ആ രണ്ടു ശക്തികൾ അതിവേഗതയോടുകൂടിയിരിക്കുന്ന മനസ്സിനെ സ്വവശത്താക്കി അതിന്റെ വിവിധസങ്കല്പങ്ങളെയും ക്രമപ്പെടുത്തുന്നു. നമുക്കു പുറമെ കാണപ്പെടുന്നവയും അത്യാശ്ചൎയ്യത്തെ ഉണ്ടാക്കുന്നവയുമായ മനുഷ്യരുടെ സകല ചേഷ്ടിതങ്ങളും അപ്രകാരം ക്രമപ്പെടുത്തപ്പെട്ട സങ്കല്പശക്തിയുടെ വ്യക്തിമാത്രമാകുന്നു: മഹാകവികളും ഗംഭീരന്മാരായ ചിത്രകാരന്മാരും മററും അവരുടെ ബുദ്ധിശക്തികൊണ്ടു ഈശ്വരസൃഷ്ടിയുടെ മാഹാത്മ്യത്തെ അറിഞ്ഞ് അതിലുള്ള

രഹസ്യങ്ങളെ സാധാരണജനങ്ങൾക്കു വെളിപ്പെടുത്തിക്കൊടുക്കുന്നു. പ്രകൃതിശാസ്ത്രതത്വജ്ഞന്മാർ പ്രകൃതിയിലുള്ള വിവിധ സൂക്ഷ്മതത്വങ്ങളേയും അനന്തശക്തികളേയും തങ്ങളുടെ ബുദ്ധിശക്തികൊണ്ടു കണ്ടുപിടിച്ച് അവയുടെ സ്വരൂപത്തെ നല്ലവണ്ണം മനസ്സിലാക്കി അവയെ മനുഷ്യരുടെ കാലക്ഷേപത്തിന്നു സൌകൎയ്യമാകുന്ന വിധത്തിൽ ഉപയോഗിക്കുന്നു. ആയുൎവ്വേദശാസ്ത്രജ്ഞന്മാർ ലോകത്തിലുള്ള സകല പദാൎത്ഥങ്ങളേയും പരിശോധിച്ചറിഞ്ഞ് അവയെ ഔഷധരൂപേണ ഉപയോഗിച്ചു പലവിധ രോഗങ്ങളാൽ പീഡിതന്മാരായിരിക്കുന്ന പ്രാണികൾക്കു തദ്രൂപമായിരിക്കുന്ന ദുഃഖങ്ങളുടെ നിവൃത്തി ഉണ്ടാക്കിത്തീൎക്കുന്നു. ഇതു ബുദ്ധിമാന്മാരായിട്ടുള്ളവർ തങ്ങളുടെ ബുദ്ധിയെ തദ്വിഷയമായി പരിശ്രമിപ്പിച്ചിട്ടുള്ളതിന്റെ ഫലമാകുന്നു. നാദത്തിന്റെ സ്വരൂപത്തെ മനസ്സിലാക്കിട്ടുള്ളവർ മനോഹരങ്ങളായ സ്വരങ്ങളെ നിൎമ്മിച്ച് അവയുടെ വിവിധവിന്യാസങ്ങളെക്കൊണ്ടും ചിത്തരഞ്ജകങ്ങളായ പലവിധരാഗങ്ങളേയും, അതാതുരാഗങ്ങളിൽ മനുഷ്യരുടെ അന്തഃകരണത്തിലുള്ള അത്യുൽകൃഷ്ടങ്ങളായ വികാരങ്ങളെ പ്രകാശിപ്പിക്കുന്നതായ പല ഗാനങ്ങളേയും സൃഷ്ടിക്കുന്നു. സംഗീതം എന്നതു വിഷയസുഖങ്ങളിൽ വെച്ചു ഏററവും ഉൽകൃഷ്ടമായിട്ടുള്ളതാകുന്നു. ഒരു വിഷയസുഖാനുഭവദ്വാരേണ ചിത്തത്തെ ഈശ്വരാഭിമുഖമാക്കിത്തീൎക്കുന്നതിനുള്ള തരം സംഗീതംകൊണ്ടല്ലാതെ ഇതരവിഷയങ്ങളെക്കൊണ്ടുണ്ടാകുന്നതല്ല. അതുകൊണ്ടാണ് സംഗീതത്തിന്ന് ഇത്ര ഉൽകൃഷ്ടത്വം. അതിന്നും പുറമെ, സംഗീതത്തിന്ന് ഈ മാഹാത്മ്യമുണ്ട്. നമ്മുടെ അന്തഃകരണത്തിലുള്ള പലവിധ വിചാരങ്ങളേയും നാനാവിധ ചിത്തവികാരങ്ങളേയും ബഹിൎഭാഗത്തേക്കു പ്രകാശിപ്പിക്കുന്നതു വാഗ്രൂപേണയാണല്ലൊ. എന്നാൽ പരമാൎത്ഥത്തിൽ നമ്മുടെ അത്യുൽകൃഷ്ടങ്ങളായ പല വിചാരങ്ങളേയും അതിസൂക്ഷ്മങ്ങളായ ചില ചിത്തവികാരങ്ങളേയും നാമനുഭവിച്ചറിയുന്നതല്ലാതെ അവയെ പുറത്തേക്കു പ്രകാശിപ്പിക്കത്തക്കവണ്ണമുള്ള യോഗ്യത നമ്മുടെ ഭാഷക്കു സിദ്ധിച്ചിട്ടില്ല എന്നതു വിചാരശീലന്മാരായിട്ടുള്ളവൎക്കെല്ലാവൎക്കും അനുഭവസിദ്ധമായ സംഗതിയാകുന്നു. ആ വക ഘട്ടങ്ങളിലാണ് മനുഷ്യർ വാഗ്രൂപമായിരിക്കുന്ന തങ്ങളുടെ ഭാഷയുടെ ദാരിദ്ര്യത്തെ അനുഭവിക്കുന്നത്. ലോകത്തിൽ ഏററവും പുഷ്ടിയെ

പ്രാപിച്ചിരിക്കുന്ന ഭാഷകൾക്കുകൂടി നമ്മുടെ ഉള്ളിലുള്ള വിചാരങ്ങളുടെ ഒരംശത്തെ മാത്രം പുറത്തേക്കു പ്രകാശിപ്പിക്കുവാനുള്ള സാമൎത്ഥ്യമെ ഉള്ളു. ശേഷമുള്ള അംശത്തെ പ്രകാശിപ്പിക്കുന്നതിനു ശക്തിയായ ശബ്ദങ്ങൾ ഒരു ഭാഷയിലും കാണുന്നതല്ല. അതുകൊണ്ടാണ് ചിന്താ അസാമാന്യമായി ക്ഷോഭിച്ചിരിക്കുന്ന ചില സമയങ്ങളിൽ ചില മനുഷ്യർ മുഖത്ത് പലവിധ ഭേദങ്ങളെ പുറപ്പെടുവിക്കുകയും, കൈകാലുകളെക്കൊണ്ടു പലവിധ ആംഗ്യങ്ങളെ കാണിക്കുകയും, ചെയ്യുന്നത്. പരമാൎത്ഥത്തിൽ അവർ വാക്കിനു ഗോചരമല്ലാത്ത ചിത്തവികാരങ്ങളെ ആ വക ഉപായങ്ങളെക്കൊണ്ടു പ്രകാശിപ്പിക്കുവാൻ ശ്രമിക്കുക മാത്രമാകുന്നു. നാദത്തിന്റെ സ്വരൂപത്തെ നല്ലവണ്ണം അറിഞ്ഞിട്ടുള്ളവരും, നമ്മുടെ അന്തഃകരണത്തിലുള്ള വിവിധവൃത്തികളെ നല്ലവണ്ണം പരിശോധിച്ചറിഞ്ഞിട്ടുള്ളവരുമായ വിദ്വാന്മാരാണ് ഈ തത്വത്തെ യഥാൎത്ഥമായി ഗ്രഹിച്ചിട്ടുള്ളത്. എന്നാൽ വാക്കുകൊണ്ടു വെളിപ്പെടുത്തുവാൻ പാടില്ലാത്തതായ നമ്മുടെ അനേകം വിചാരങ്ങളുടേയും അനേകം ചിത്തവികാരങ്ങളുടേയും ഭാഷാസ്ഥാനമായിട്ടാകുന്നു സംഗീതമിരിക്കുന്നത്. സ്വരങ്ങളുടെ പല വിന്യാസങ്ങളെക്കൊണ്ടു രചിക്കപ്പെട്ടിട്ടുള്ള ചിത്തരഞ്ജകങ്ങളായ പലവിധ രാഗങ്ങളും നമ്മുടെ ഉള്ളിലുള്ള അതിസൂക്ഷ്മമായും തമ്മിൽ കൂട്ടിപ്പിണഞ്ഞു കിടക്കുന്നതായുമുള്ള വിവിധചിത്തവികാരങ്ങളെ പ്രകാശിപ്പിക്കുന്നതിന് ഒരു ഭാഷയായിട്ടു നില്ക്കുന്നു. ചില രാഗങ്ങൾ ചില പ്രത്യേകമനോവികാരങ്ങളെ പ്രകാശിപ്പിക്കുന്നതായും, വേറെ ചില രാഗങ്ങൾകൂടിപ്പിണഞ്ഞു മിശ്രമായിക്കിടക്കുന്ന ചില മനോവികാരങ്ങളെ പ്രകാശിപ്പിക്കുന്നതായുമിരിക്കുന്നു. യോഗശാസ്ത്രം, അദ്ധ്യാത്മശാസ്ത്രം, സംഗീതശാസ്ത്രം, ഈ മൂന്നിന്റേയും സ്വരൂപജ്ഞാനം നല്ലവണ്ണമുള്ളവൎക്കു മാത്രമെ മേൽപറഞ്ഞ തത്വത്തെ യഥാൎത്ഥമായി മനസ്സിലാക്കുവാൻ കഴികയുള്ളു. അങ്ങിനെയുള്ള മഹാന്മാരുടെ അപാരമായ ബുദ്ധിശക്തികൊണ്ടാണ് നമ്മുടെ സംഗീതം അസാമാന്യമായിട്ടുള്ള പുഷ്ടിയെ പ്രാപിപ്പാനിടയായത്. സംഗീതത്തിൽ ഈ എഴുത്തുകാരനുള്ള അതിഭ്രാന്തു നിമിത്തം പ്രകൃതം വിട്ടു കുറച്ചു കടന്നുപോയൊ എന്നു ശങ്കിക്കുന്നു. ആ വിഷയത്തിൽ അത്രതന്നെ ഭ്രാന്തില്ലാത്തവർ തങ്ങളുടെ ദൃഷ്ടിയിൽ കുറ്റകരമായ

തോന്നുന്ന ലേഖകൻെറ ഈ പ്രവൃത്തിക്കു മാപ്പുതരുമെന്നു വിശ്വസിക്കുന്നു. പിന്നെ, ബ്രഹ്മപ്രതിപാദകമായ വേദാന്താദി ശാസ്ത്രങ്ങളെക്കൊണ്ടു ഈശ്വരതത്വത്തെയും, പ്രകൃതികാൎയ്യമായിരിക്കുന്ന പ്രപഞ്ചത്തിൻെറ സ്വരൂപത്തെയും, ജീവതത്വത്തെയും അറിഞ്ഞു സൎവ്വവ്യാപിയായും സൎവ്വശക്തനായും സൎവ്വജ്ഞനായുമിരിക്കുന്ന ഈശ്വരൻ തന്നെയാണ് അന്തൎയ്യാമിരൂപേണ നമ്മുടെ ഉള്ളിൽ ഇരുന്നുകൊണ്ടു നമ്മെ സൎവ്വപ്രകാരേണ പ്രവൎത്തിപ്പിക്കുന്നത് എന്നു മനസ്സിലാക്കി ജീവേശ്വരൈക്യത്തെ അനുഭവിച്ച ചില മഹാന്മാർ കൃതാൎത്ഥന്മാരായിത്തീരുന്നു. ഏതദ്വിഷയമായി ബുദ്ധിയെ പരിണമിപ്പിച്ച് അതിൻെറ അത്യന്തഫലത്തെ സമ്പാദിക്കുന്നതാണ് മനുഷ്യനു ബുദ്ധികൊണ്ടുള്ള പരമപ്രയോജനം. അതാണ് സകല പ്രാണികളുടേയും പരമപുരുഷാൎത്ഥവും. ചുരുക്കത്തിൽ പറയുന്നതായാൽ, ലോകത്തിൽ എന്തെല്ലാം ശാസ്ത്രങ്ങളാണുള്ളത്, ആ വക ശാസ്ത്രങ്ങളെ അടിസ്ഥാനമാക്കിട്ട് എന്തെല്ലാം കലാവിദ്യകളാണുള്ളത്, ആ വക വിദ്യകളുടെ ഫലമായി ആശ്ചൎയ്യമായിട്ടെന്തെല്ലാം പദാൎത്ഥങ്ങളാണ് മനുഷ്യർ സൃഷ്ടിച്ചിട്ടുള്ളത്, അതെല്ലാം നമ്മുടെ ഈ ചെറിയ തലക്കകത്തിരിക്കുന്നതും എങ്കിലും അചിന്ത്യശക്തിയോടുകൂടിയിരിക്കുന്നതുമായ ബുദ്ധി എന്ന ശക്തിവിശേഷത്തിൻെറ വ്യക്തി മാത്രമാകുന്നു.

അതിനാൽ, 'ലോകത്തിൽ മനുഷ്യസൃഷ്ടിയോളം അത്ഭുതകരമായിട്ടും ഉൽകൃഷ്ടമായിട്ടും വേറെ യാതൊന്നുമില്ല; മനുഷ്യനിൽ അന്തഃകരണത്തോളം അത്ഭുതകരമായിട്ടും ഉൽകൃഷ്ടമായിട്ടും ഒന്നുമില്ല' എന്നിങ്ങിനെ ഈ ഉപന്യാസത്തിൻെറ ആദ്യം പ്രസ്താവിച്ചിട്ടുള്ള ആ പാശ്ചാത്യപണ്ഡിതൻെറ വാക്ക് ഏററവും അൎത്ഥവത്തായിത്തന്നെയിരിക്കുന്നുവെന്നു നമുക്ക് ഇപ്പോൾ സ്പഷ്ടമായി ഭവിക്കുന്നുണ്ട്.

മനുഷ്യൻെറ അന്തഃകരണത്തിന്ന് ഇത്രയും മഹത്തായിരിക്കുന്ന ശക്തിയുണ്ടെങ്കിലും അതു ക്രമത്തിൽ മാത്രമെ വികാസത്തെ പ്രാപിക്കുന്നുള്ളു. ഒരു ശിശുവിൻെറ കരചരണാദ്യവയവങ്ങൾ ക്രമേണ വളൎന്നു യൌവനദശയിൽ എപ്രകാരമാണ് പരമപുഷ്ടിയെ പ്രാപിക്കുന്നത് അപ്രകാരംതന്നെ അതിൻെറ അന്തഃകരണവും അതാതവസ്ഥക്കനുരൂപമായിട്ടുള്ള വിവിധസംസ്കാരങ്ങളെക്കൊണ്ടു

ക്രമേണ വളൎന്ന് ഒടുക്കം അതിന്റെ (അന്തഃകരണത്തിന്റെ) യൌവനാവസ്ഥയിൽ അതു പൂൎണ്ണവികാസത്തെ പ്രാപിക്കുന്നു. ഇനി ഒരു സംഗതിയിലും സ്ഥൂലദേഹത്തെത്തന്നെ ദൃഷ്ടാന്തമായി എടുക്കുക. ദൃഢഗാത്രന്മാരായ മാതാപിതാക്കന്മാരിൽനിന്നുല്പാദിച്ചിട്ടുള്ള ഒരു കുട്ടിയെക്കൊണ്ട് അതിന്റെ ഓരോ പ്രായത്തെ അനുസരിച്ച് ഓരോ വ്യായാമങ്ങൾ എടുപ്പിച്ചു ശീലിപ്പിച്ചുവെങ്കിൽ യൌവനകാലത്ത് അതിന്റെ ദേഹം വളരെ ബലമുള്ളതായും ലഘുവായും ഭവിക്കുകയും, കരചരണാദ്യവയവങ്ങൾ ഒന്നിനോടൊന്നു വളരെ ചേൎച്ചയായിത്തോന്നുകയും ദുൎമ്മേദസ്സുകൾ ഒന്നുംകൂടാതെ വളരെ ദൃഢമായി ഭവിക്കുകയും ചെയ്യുന്നു. അതുപോലെതന്നെ സ്വഭാവേന ശക്തിയുള്ള ബുദ്ധിയോടുകൂടിയ ഒരു കുട്ടിയുടെ അന്തഃകരണം കാലാനുസരണം സംസ്കരിക്കപ്പെടുന്നുവെങ്കിൽ അത് അതിവിസ്താരത്തെ പ്രാപിക്കുന്നതാകുന്നു. അപ്രകാരംതന്നെ, സാമാന്യമായ കായബലത്തോടുകൂടിയ ഒരു ശിശുവിനെക്കൊണ്ട് അതിന്റെ ശക്തിക്കനുരൂപമായിട്ട് അതാതുകാലത്തിൽ ഓരോ വ്യായാമങ്ങൾ ചെയ്യിക്കുന്നുവെങ്കിൽ പ്രായമാകുമ്പോൾ അത് ഒരു സാമാന്യബലത്തോടുകൂടിയവനായിത്തീരുന്നതുപോലെ സാമാന്യബുദ്ധിശക്തിയോടുകൂടിയിരിക്കുന്ന ഒരു ബാലന്റെ അന്തഃകരണത്തെ അതാതു പ്രായത്തിൽ തദനുരൂപമായിട്ടു സംസ്കരിക്കുന്നുവെങ്കിൽ അവൻ ഒരു സാമാന്യബുദ്ധിശാലിയായി ഭവിക്കുന്നതാണ്. ഒരുവൻ എത്രതന്നെ സ്വഭാവേന ബുദ്ധിയുള്ളവനായിരുന്നാലും ബാല്യംമുതൽക്ക് അതാതുപ്രായത്തെ അനുസരിച്ച് അവന്റെ അന്തഃകരണം വേണ്ടവിധത്തിൽ സംസ്കരിക്കപ്പെടുന്നില്ല എങ്കിൽ അവന്റെ ബുദ്ധി ഒരിക്കലും പൂൎണ്ണവികാസത്തെ പ്രാപിക്കുകയില്ല; അവൻ ഒരിക്കലും ലോകത്തിൽ മഹാപ്രസിദ്ധനായി ഭവിക്കുകയില്ല; അവന്റെ ബുദ്ധിശക്തികൊണ്ടു ലോകത്തിലേക്കു യാതൊരു പ്രയോജനവുമുണ്ടാകയില്ല. അതിനാൽ എവനെയാണ് ലോകത്തിൽ നാം മഹാപ്രസിദ്ധനായി അറിയുന്നത്, എവനാണ് ലോകാനുഗ്രഹമായി മഹത്തായിരിക്കുന്ന കൎമ്മങ്ങൾ ചെയ്യുവനായി നാം അറിയുന്നത്, അവന്റെ അന്തഃകരണം ബാല്യംമുതൽക്കുതന്നെ അതാതു പ്രായത്തെ അനുസരിച്ചു നല്ലപോലെ സംസ്കരിക്കപ്പെട്ടിട്ടുണ്ട് എന്നും, അതിനുവേണ്ടി അവൻ തത്തൽകാലങ്ങളിൽ പലവിധത്തിലും ക്ലേശിച്ചി

ട്ടുണ്ട് എന്നും, എളുപ്പത്തിൽ നമുക്കനുമാനിക്കാവുന്നതാണ്. അതല്ലാതെ ഒരു ദിവസം വെളിച്ചാംകാലത്ത് എണീററുനോക്കിയപ്പോൾ ഞാനൊരൊത്ത മിടുമിടുക്കനായി' എന്നുള്ള അവസ്ഥ തീരെ അസാദ്ധ്യമാകുന്നു. ഇന്നലെ ബാലനായിരുന്നവൻ ഇന്നത്തെ യൌവനശാലിയാവുക എന്നത് എത്രത്തോളം അസാദ്ധ്യമാ അതും അത്രത്തോളമസാദ്ധ്യമാകുന്നു. എന്നാൽ 'കരചരണാദ്യവയവങ്ങളോടുകൂടിയിരിക്കുന്ന സ്ഥൂലശരീരം ശൈശവം മുതൽ ക്രമേണ വളൎന്നു യൌവനത്തിങ്കൽ പുഷ്ടിയെ പ്രാപിക്കുന്നതുപോലെതന്നെ അന്തഃകരണവും സ്വഭാവേന വികാസത്തെ പ്രാപിക്കുകയില്ലേ? അപ്പോൾ പിന്നെ അന്തഃകരണസംസ്കാരത്തെപ്പററി ഇത്ര നിഷ്കൎഷിച്ചിട്ടെന്താണ് പ്രയോജനം?' എന്നൊരു പൂൎവ്വപക്ഷം ജനിച്ചേക്കാം. സ്ഥൂലദേഹദൃഷ്ടാന്തംകൊണ്ടുതന്നെ അതിനു സമാധാനം പറയാവുന്നതാണ്. ഒരു ബാലനെ വിവേകത്തോടുകൂടിയ രക്ഷകൎത്താവിന്റെ കീഴിൽ വളൎത്താതെ യഥേഷ്ടം ചേഷ്ടിക്കുന്നതിന് അവനെ അനുവദിക്കുന്നുവെങ്കിൽ അവൻ നാനാവിധ ദുൎമ്മാൎഗ്ഗങ്ങളിൽ പ്രവേശിച്ച്, തന്റെ ദേഹസ്ഥിതിക്ക് അയോഗ്യമാകുന്ന വിധത്തിൽ പലപ്രകാരേണ ചേഷ്ടിച്ച്, തന്നിമിത്തം പലവിധ രോഗങ്ങളും പിടിപെട്ട്, ഒടുക്കം മഹാദുഃഖിതനായി ഭവിക്കുന്നു. സ്വജനങ്ങൾക്കും ജനസമുദായത്തിനാസകലംതന്നെയും അവൻ ഒരു ഭാരമായി ഭവിക്കുന്നു. അവന്റെ ജീവിതം അവനുതന്നെ മഹാക്ലേശമായി ഭവിക്കുന്നു. അപ്രകാരം തന്നെ അസംസ്കൃതമായിരിക്കുന്ന ബുദ്ധിയും പ്രായേണ ദുഷ്ടബുദ്ധിയായിത്തീരുവാനാണ് എളുപ്പം. നമുക്കു പ്രത്യക്ഷമല്ലാത്ത ചില കാരണങ്ങളെക്കൊണ്ടു രണ്ടിലും വ്യത്യാസങ്ങളില്ലെന്നില്ല. ഈ സംഗതികളെത്തന്നെ ഒന്നുകൂടി സ്പഷ്ടമാക്കുന്നതിന്ന് അചരങ്ങളായ വൃക്ഷാദികളെ നമുക്കു ദൃഷ്ടാന്തമായി എടുക്കുക. ഗംഭീരമായ ശാഖകളോടും ഉപശാഖകളോടും ഇലകളോടും ഛായകളോടുംകൂടിയ മഹത്തായ ഒരു പേരാലുവൃക്ഷമായിത്തീരുന്നതിന്നുള്ള ശക്തി അതിന്റെ അതിസൂക്ഷ്മമായ ഒരു ബീജത്തിന്നുണ്ടെങ്കിലും അതു വളരെ കാലംകൊണ്ടു മാത്രമേ ആ അവസ്ഥയെ പ്രാപിക്കുന്നുള്ളു. വിത്തു മുളച്ചു തയ്യായതിന്റെ ശേഷമുള്ള അതിന്റെ എളംപ്രായത്തിങ്കൽ പലവിധ ശുശ്രൂഷകൾ ചെയ്തതിന്റെ ശേഷമേ അത് ഒരു വലി

യ വൃക്ഷമായിത്തീൎന്ന് അനേകം പ്രാണികൾക്കു പല വിധത്തിലും രക്ഷയെ ചെയ്യുന്നതായി ഭവിക്കുകയുള്ളൂ. അതുപോലെതന്നെ മനുഷ്യന്റെ അന്തഃകരണത്തിൽ ഈ ലേഖനത്തിന്റെ ആദിഭാഗങ്ങളിൽ പ്രസ്താവിച്ചപ്രകാരം അനേകം അചിന്ത്യശക്തികൾ സംസ്കാരരൂപേണ ലയിച്ചു കിടക്കുന്നുണ്ടെങ്കിലും അവ പ്രകാശിച്ചു പൂൎണ്ണവികാസത്തെ പ്രാപിക്കണമെങ്കിൽ ആദികാലം മുതൽക്കേ അന്തഃകരണത്തെ വേണ്ടപോലെ പോഷിപ്പിച്ചു വളൎത്തിക്കൊണ്ടുവരേണ്ടതാകുന്നു. ആന്തരമായിട്ടു ലയിച്ചു കിടക്കുന്ന സംസ്കാരങ്ങൾ വികസിച്ചു പ്രകാശിക്കുന്നതു ബാഹ്യമായിട്ടുള്ള വിഷയങ്ങളുടെ ഗ്രഹണംകൊണ്ടാകുന്നു. വിഷയഗ്രഹണം ശൈശവാദി തത്തദവസ്ഥയ്ക്കനുരൂപമായിരിക്കേണ്ടതാകുന്നു. യാതൊരുപായംകൊണ്ടാണ് ശൈശവം ബാല്യം മുതലായ അവസ്ഥകളിൽ അതാതു പ്രായത്തിന്നു യോഗ്യമായുള്ള വിഷയങ്ങളെ കുട്ടികളെക്കൊണ്ടു ഗ്രഹിപ്പിക്കുന്നത്, യാതൊരുപായംകൊണ്ടാണ് അപ്രകാരമുള്ള വിഷയഗ്രഹണത്തിൽ കുട്ടികൾക്കു സന്തോഷവും ഉത്സാഹവും വൎദ്ധിച്ചുവരുന്നത്, യാതൊരുപായംകൊണ്ടാണ് (കുട്ടികളുടെ ബുദ്ധിശക്തി വികസിച്ചുവരുന്തോറും) തത്തദ്വിഷയങ്ങളെപ്പററി നിഷ്കൎഷിച്ചിട്ടുള്ള ജ്ഞാനമുണ്ടാകുവാനായി കുട്ടികൾ ആഗ്രഹിക്കുന്നത്, യാതൊരുപായംകൊണ്ടാണ് (അന്തഃകരണം പൂൎണ്ണവികാസത്തെ പ്രാപിക്കുമ്പോൾ) അവർ തങ്ങളുടെ ബുദ്ധിശക്തിയെ വിവിധവിഷയങ്ങളിൽ പ്രവേശിപ്പിച്ച് അന്യബുദ്ധിക്ക് ഇതുവരെ ഗോചരമാകാത്തതായ തത്ത്വങ്ങളെ കണ്ടുപിടിക്കുന്നത്, യാതൊരുപായംകൊണ്ടാണ് ലോകത്തിലുള്ള സകല പദാൎത്ഥങ്ങളുടേയും സ്വരൂപജ്ഞാനമുണ്ടാകുന്നതിന്നു ബാലന്മാരിൽ സ്വഭാവേനയുള്ള ജിജ്ഞാസയെ വൎദ്ധിപ്പിക്കുവാനിടവരുന്നത്, അതാണ് ഏററവും ഉത്തമമായും സ്വഭാവത്തിന്നു യോജിക്കുന്നതായുമുള്ള വിദ്യാഭ്യാസം. അങ്ങിനെയുള്ള വിദ്യാഭ്യാസസമ്പ്രദായം ഏതൊരു ജനങ്ങളുടെ ഇടയിൽ നടപ്പായി കാണുന്നുവോ അവരാണ് ഏററവും പരിഷ്കാരത്തെ പ്രാപിച്ചിട്ടുള്ളവർ. ശൈശവം ബാല്യം മുതലായ അവസ്ഥകളിൽ അന്തഃകരണത്തിന്റെ അവസ്ഥ എപ്രകാരമാണ് എന്നു വളരെ മനസ്സിരുത്തി പരിശോധിച്ചറിഞ്ഞിട്ടുള്ളവരും, കുട്ടികളുടെ സ്വഭാവത്തെ നല്ലവണ്ണമറിഞ്ഞിട്ടുള്ളവരും, അവരുടെ വിവിധചേഷ്ടിതങ്ങ

ളിൽ ശ്രദ്ധവെച്ചിട്ടുള്ളവരും, പലപ്രകാരത്തിൽ പലപ്പോഴും അവരായിട്ടു സഹവസിച്ചിട്ടുള്ളവരുമായ വിദ്വാന്മാരാണു ബാലന്മാരുടെ വിദ്യാഭ്യാസവിഷയത്തിൽ പലവിധ ഉപായങ്ങളും ഏർപ്പെടുത്തിട്ടുള്ളതു്. കുട്ടികളുടെ ഇടയിൽ നടപ്പുള്ള കടങ്കഥ അല്ലെങ്കിൽ തോൽക്കഥ പറയുക എന്ന സമ്പ്രദായം മേൽപ്രസ്താവിച്ചിട്ടുള്ള ഉദ്ദേശത്തിന്നു് ഏറ്റവും സഹായമായി ഭവിക്കുന്ന ഉപായങ്ങളിൽ ഒന്നാകുന്നു

കുട്ടികൾ സാധാരണയായി "ഇതെന്താണച്ഛാ, അതെന്താണമ്മെ, അതെന്തിനാണങ്ങിനെയിരിക്കുന്നതു" എന്നും മറ്റുമുള്ള ചോദ്യങ്ങളെക്കൊണ്ടു മാതാപിതാക്കന്മാരെ ബുദ്ധിമുട്ടിക്കുന്നതു് നമുക്കെല്ലാവൎക്കും അനുഭവമുള്ള ഒരു സംഗതിയാണല്ലൊ. അവരുടെ അപ്രകാരമുള്ള ചില ചോദ്യങ്ങൾ വളരെ സത്തായിട്ടുള്ളവയാണെങ്കിലും മൂഢന്മാരായിരിക്കുന്ന മാതാപിതാക്കന്മാൎക്കു തല്ക്കാലം അവയ്ക്കു സമാധാനം പറവാൻ സാധിച്ചില്ല എങ്കിൽ അങ്ങിനെ ചോദിക്കുന്നതു കുട്ടികളുടെ ദുസ്സാമൎത്ഥ്യങ്ങളിൽ ഒന്നായി വിചാരിച്ചു് അവരെ ശകാരിക്കുന്നു. എന്നാൽ പരമാൎത്ഥത്തിൽ കുട്ടികളുടെ ആ സ്വഭാവത്തെ ദുസ്സാമൎത്ഥ്യമായി ഗണിക്കുവാൻ പാടുള്ളതല്ല. എന്തെന്നാൽ ലോകത്തിൽ കാണപ്പെടുന്ന സകല പദാൎത്ഥങ്ങളും അവൎക്കു പുതിയതാകുന്നു. ആ വക പദാൎത്ഥങ്ങളുടെ സ്വരൂപജ്ഞാനമുണ്ടാക്കുവാനുള്ള ആഗ്രഹം അവരുടെ അന്തഃകരണത്തിൽ സഹജമായിട്ടുള്ളതാകുന്നു. ആ ജിജ്ഞാസയെ നാം മേൽക്കുമേൽ വൎദ്ധിപ്പിക്കേണ്ടതുമാകുന്നു. എന്നാൽ മാത്രമേ അവരുടെ ആലോചനാശക്തി വൎദ്ധിക്കുകയുള്ളു; എന്നാൽ മാത്രമേ (പ്രായമാകുമ്പോൾ) പ്രപഞ്ചമാസകലം തങ്ങൾക്കൊരു പാഠപുസ്തകമാണെന്നു് അവൎക്കു വിചാരിക്കാറാവുകയുള്ളു; എന്നാൽ മാത്രമേ പ്രകൃതിയിലുള്ള അതിരഹസ്യങ്ങളായ വിവിധതത്വങ്ങളും അവരുടെ ബുദ്ധിക്കു ഗോചരമായി ഭവിക്കുകയുള്ളു. ലോകവിശ്രുതന്മാരായ മിക്ക ശാസ്ത്രജ്ഞന്മാരും ഈ തത്വത്തെ അറിഞ്ഞിട്ടുള്ള മാതാപിതാക്കന്മാരുടെ രക്ഷയിൽ വളൎന്നിട്ടുള്ളവരാകുന്നു.

കേവലം താഡനാദി ശിക്ഷകളെ ഭയപ്പെട്ടിട്ടുമാത്രം കുട്ടികൾ ഗ്രഹിക്കുന്ന വിഷയങ്ങൾ അവരുടെ ഉള്ളിൽ പതിഞ്ഞു കിടക്കുന്നതല്ല. അവർ അവയെ ക്ഷണത്തിൽ മറക്കുന്നു. അവയെപ്പററി

പിന്നീട് അവർ ആലോചിക്കുന്നതുമല്ല. അങ്ങിനെ നിർബ്ബന്ധം കൊണ്ടു ഗ്രഹിപ്പിക്കുന്ന മിക്ക വിഷയങ്ങളും എളംപ്രായമായിരിക്കുന്ന അവരുടെ ബുദ്ധിശക്തിക്കനുരൂപമായിട്ടുള്ളവയല്ല എന്നുകൂടി അതിൽനിന്നനുമാനിക്കേണ്ടിയിരിക്കുന്നു. എന്നാൽ യാതൊരു വിഷയങ്ങളാണ് അവരുടെ ബുദ്ധിക്കു ഗോചരമായും അതുഹേതുവായിട്ടുതന്നെ അവൎക്കു രസകരമായും ഭവിക്കുന്നത്, യാതൊരു വിഷയങ്ങളെപ്പററിയാണ് അവർ അത്യുത്സാഹത്തോടുകൂടി പിന്നെയും ചിന്തിക്കുന്നത്, അവ അവരുടെ അന്തഃകരണത്തിൽ ഉറച്ചു കിടക്കുന്നതാണ്. അവയെ അവർ തങ്ങളുടെ ആലോചനാശക്തിക്കു വിഷയമാക്കിത്തീൎത്തു തത്സംബന്ധമായി അനേകം പുതിയ തത്വങ്ങളെ പിന്നീട് അവർതന്നെ കണ്ടുപിടിക്കുന്നു.

തോൽക്കഥ പറയുക എന്ന സമ്പ്രദായം മേൽ പ്രതിപാദിച്ചിട്ടുള്ള കാൎയ്യങ്ങളെ നിറവേററുന്നവയിൽ ഒന്നാകുന്നു. ഒരേപ്രായത്തിലുള്ള കുട്ടികൾ തമ്മിൽ ഓരോ കടങ്കഥകൾ പറഞ്ഞു ചിലർ തോല്ക്കുക ചിലർ ജയിക്കുക എന്നിങ്ങനെയുള്ള മത്സരംതന്നെ അവരുടെ ബുദ്ധിക്ക് ഉത്സാഹത്തെ ഉണ്ടാക്കിത്തീൎക്കുന്നു. അതുഹേതുവായിട്ട് അത് അവരുടെ ആലോചനാശക്തിയെ വൎദ്ധിപ്പിക്കുന്നതിന്നു നല്ല സഹായമായും ഭവിക്കുന്നു. അതിന്നും പുറമെ, കടങ്കഥകൾ പറഞ്ഞുശീലിക്കുന്നതുകൊണ്ടു ലോകത്തിലുള്ള നാനാവിധപദാൎത്ഥങ്ങളെയും പലവിധത്തിലും വിഭാഗിക്കുന്നതിന്നുള്ള ബുദ്ധിശക്തി കുട്ടികൾക്കുണ്ടാകുന്നതാണ്. ഓരോ പദാൎത്ഥങ്ങൾക്കു സാമാന്യമായിട്ടുള്ള ധൎമ്മങ്ങൾ ഏവയാണെന്നും, അതാതിന്നു വിശേഷമായിട്ടുള്ള ധൎമ്മങ്ങൾ ഏവയാണെന്നും, അവൎക്ക് അതുകൊണ്ടു ഗ്രഹിക്കുവാനിടവരുന്നതാണ്. ചില പദാൎത്ഥങ്ങൾക്കും മററുചിലതിന്നും തമ്മിൽ ഏതേതു ധൎമ്മങ്ങളെക്കൊണ്ടാണ് സാമ്യമുള്ളതെന്നും, ചിലതു മററുചിലതിൽനിന്ന് ഏതേതു ധൎമ്മങ്ങളെക്കൊണ്ടാണ് വ്യത്യാസപ്പെടുന്നതെന്നും മററുമുള്ള തത്വങ്ങളും അവർ അതുകൊണ്ടു ഗ്രഹിക്കുന്നു. ബുദ്ധിയുടെ ശാസ്ത്രവിഷയമായുള്ള പരിണാമത്തിന്റെ ആദ്യത്തെപ്പടി ഇപ്രകാരമാണ് എന്നതു വാദരഹിതമായ സംഗതിയാണല്ലോ. 'നാഴിപാലുകൊണ്ടു നാടെല്ലാം കല്യാണം' (=ചന്ദ്രൻ) എന്നും, 'എണ്ണക്കുപ്പിയിൽ ഞാറപ്പഴം' (=കണ്ണിന്റെ കൃഷ്ണമണി) എന്നും മററുമുള്ള കടങ്കഥകൾ എളുപ്പബുദ്ധിക്കു ഗോചരമായി ഭവി

ച്ചവോ ആ ബുദ്ധി യഥാക്രമം വികാസത്തെ പ്രാപിക്കുന്നതിന്നു കാലദേശാദ്യവസ്ഥകൾ അനുകൂലമായിരുന്നെങ്കിൽ അതു കാളിദാസന്റെ ബുദ്ധിക്കു തുല്യമായിത്തീരുവാൻ ഒരു പ്രയാസവുമുണ്ടായിരുന്നില്ല എന്നതിന്നു യാതൊരു സംശയവുമില്ല. ഇങ്ങിനെ ഓരോ കഥകളേയും പരിശോധിച്ചുനോക്കുന്നതായാൽ ശാസ്ത്രവിഷയമായിട്ടും മററനേകവിധത്തിലുമുള്ള പല തത്വങ്ങളും അവയിൽ ബീജരൂപേണ ലയിച്ചുകിടക്കുന്നതു കാണാവുന്നതാണ്. അങ്ങിനെയുള്ള കടങ്കഥകളെ പറയുകയും, അവയെ കണ്ടുപിടിക്കുകയും, ചെയ്യുന്നതിൽ ഏതു ബാലന്മാർ തല്പരന്മാരാകുന്നുവോ, ഏവർ ആവക വിഷയങ്ങളിൽ തങ്ങളുടെ ചെറുപ്രായത്തിലിരിക്കുന്ന ബുദ്ധിയെ പരിണമിപ്പിക്കുകയും അവയിലുള്ള അതിസാമാന്യമായ ചില തത്വങ്ങളെ കണ്ടുപിടിക്കയും, ചെയ്യുന്നുവോ, അവർക്കു, ലോകത്തിൽ മനുഷ്യർക്കു അറിവിനേയും മനസ്സമാധാനത്തെയും കൊടുക്കുന്നതായിട്ടും, സന്തോഷത്തെയും ആനന്ദത്തെയും കൊടുക്കുന്നതായിട്ടും കാലക്ഷേപം ആയാസരഹിതമായിത്തീരുന്നതിന്നു പലവിധസൌകര്യങ്ങളെ ഉണ്ടാക്കിത്തീർക്കുന്നതിന്നു ഹേതുവായിട്ടും എന്തെല്ലാം ശാസ്ത്രങ്ങളും കലാവിദ്യകളുമാണുള്ളത് അവയിൽ ചിലതിലെങ്കിലും നൈപുണ്യം സമ്പാദിച്ചു കേമന്മാരാകുന്നതിന്നും, മനുഷ്യർക്കുള്ള അറിവിന്റെ ആകത്തുകയിൽ തങ്ങളുടെ സമ്പാദ്യമായി കൂട്ടിച്ചേർക്കുന്നതിന്ന് ഒരണുവെങ്കിലും പുതിയതായി കണ്ടുപിടിപ്പാൻ തരം വരുന്നതിന്നും, എളുപ്പമാകുന്നുവെന്നത് കുറച്ചാലോചിച്ചു നോക്കിയാൽ മഹാസ്പഷ്ടമായി ഭവിക്കുന്ന ഒരു സംഗതിയാകുന്നു.

'മലയാളത്തിലെ കടങ്കഥകൾ' എന്ന തലവാചകത്തോടുകൂടി കെ. രാമകൃഷ്ണപിള്ള ഈ വിഷയത്തെപ്പററി മറെറാരു വിധത്തിൽ അതിഭംഗിയായി 79 കർക്കടകത്തിലെ രസികരഞ്ജിനിയിൽ ഒരു ലേഖനമെഴുതിട്ടുള്ളതു വായനക്കാർ ഓർക്കുന്നുണ്ടായിരിക്കാം. അതിനാൽ ആ ഭാഗം ഇവിടെ വിസ്തരിക്കുന്നില്ല.

കെ. എം.

ടോഡർ



ഭാരതഖണ്ഡത്തിലെ പൂർവ്വനിവാസികളെ പററി അറിവാൻ ഏവൎക്കും ഉൽക്കണ്ഠ ജനിക്കാതിരിക്കുന്നതല്ല. മദ്ധ്യ ഇന്ത്യയിലെ കോന്തരും രാജപുത്താനയിലെ ബ്ഹീലരും ബങ്കാളത്തിലെ ശന്താളരും നമ്മുടെ തെക്കേഇന്ത്യയിലെ ടോഡരും ചരിത്രപ്രസിദ്ധന്മാരായ പൂർവ്വനിവാസികളത്രെ. ഇവരിൽ ടോഡരുടെ പ്രധാന അധിവാസസ്ഥലം നീലഗിരിയാണെന്നുള്ളതു പ്രസിദ്ധമാണല്ലോ. അവരുടെ ചരിത്രങ്ങൾ വിശിഷ്യ രസജനകമായിട്ടുള്ളതുമത്രെ. അവരുടെ പൂർവ്വചരിത്രത്തെപ്പററി പല ഭിന്നാഭിപ്രായങ്ങളുമുണ്ട്. ഇവർ യവനരാജാവായ അലക്സന്തരുടെകൂടെ ഇന്ത്യയിൽ വന്നവരുടെ സന്തതികളാണെന്നു ചിലരും, മററു ചിലർ പാരസീകരാജാവായ ദാരിയസ്സിന്റെ ഒന്നായി വന്നവർ ഇവരുടെ പൂർവ്വികന്മാരാണെന്നും, അഭിപ്രായപ്പെടുന്നുണ്ട്. ഇവർ യഹൂദവംശജന്മാരാണെന്നുള്ള അഭിപ്രായക്കാരുമുണ്ട്. നീലഗിരിമലയിൽ പുരാതനമായി അധിവസിച്ചുവന്ന പൂർവ്വനിവാസികളാണ് ടോഡരെന്നും ചിലർ പറയുന്നുണ്ട്. എന്നാൽ ഇവരുടെ വർഗ്ഗം ഇപ്പോൾ ക്ഷയിച്ചുവരുന്നതായി തോന്നുന്നു. പണ്ടു ടോഡരുടെ സംഖ്യ അനേകായിരമായിരുന്നു. ഇപ്പോൾ അതു വളരെ ചുരുങ്ങിയിരിക്കുന്നു. ടോഡർ ദീർഘകായകന്മാരും ബലവാന്മാരുമാണ്. ഈ വർഗ്ഗം തങ്ങളുടെ അയൽവാസികളായ ഇതരവർഗ്ഗക്കാരിൽനിന്നു പല സംഗതികളിലും തുലോം വ്യത്യസ്തപ്പെട്ടാണിരിക്കുന്നത്. അസാധാരണയായ പൊക്കം, കായബലം, ശൌൎയ്യം, വീൎയ്യം, മുഖപ്രസന്നത എന്നിഗുണങ്ങൾ ടോഡരിൽ കാണുമ്പോലെ അവരുടെ അയൽവാസികളിൽ കാണ്മാനില്ലാത്തത് അവൎക്കുള്ള ഒരു പ്രത്യേക വിശേഷങ്ങളാണ്. ഇവൎക്ക് ഇഹലോകവാസത്തിൽ ഒരു ഒററ കാൎയ്യത്തിൽ മാത്രമേ വിചാരവും സൂക്ഷ്മവുമുള്ളു. അതു തങ്ങളുടെ കന്നുകാലികളെ തീററിപ്പോറേറണ്ട കാൎയ്യമാകുന്നു. അതല്ലാതെ അവരുടെ ശ്രദ്ധയെ ആകൎഷിക്കുന്നതായിട്ടു മറെറാന്നും കാ

ണമാറില്ല. ടോഡർ തങ്ങടെ ഉപജീവനം വളരെ താണമട്ടിൽ കഴിച്ചുകൂട്ടുന്നവരും വളരെ കഴിമടിയന്മാരുമാണ്. ദൂരദേശസഞ്ചാരം അവൎക്കു കേവലം നിഷിദ്ധമത്രെ. വെയിലും മഴയും എത്ര കഠിനമായാലും അവരുടെ ഉത്തമാംഗം നഗ്നതയിൽ വെയ്ക്കുന്നതു് അവൎക്കു വഴക്കമാണ്. തലമുടി നീട്ടുന്നതു തങ്ങൾക്കു വലിയൊരഴകായിട്ടു അവർ വിചാരിച്ചുവരുന്നു. അതു ആറേഴ അംഗുലം നീളത്തോളം വളരാൻ അവർ വിടുന്നു. അപ്രകാരംതന്നെ അവർ മുഖക്ഷൗരവും ചെയ്ക പതിവില്ല. അതും നീട്ടിവിടുകയത്രെ ചെയ്യുന്നത്. അവരുടെ മൊട്ടക്കണ്ണും വളഞ്ഞ മൂക്കും വെളുത്ത പല്ലും കാഴ്ചയിൽ വിരൂപങ്ങളല്ലതാനും. ഇതൊക്കെക്കൊണ്ട് അവരുടെ മുഖം പ്രസന്നമായും ഗംഭീരമായും ഇരിക്കയാണ് ചെയ്യുന്നത്. ചിലർ കൎത്തം കുണ്ഡലം ധരിക്കാറുണ്ട്. കൂടാതെ ചിലർ ഒരുമാതിരി വെള്ളിച്ചങ്ങല കഴുത്തിലും കെട്ടുന്നു. ഇവർ അരയ്ക്കു ചുററി ഒരു വസ്ത്രം ഉടുക്കയും, മേലുമുണ്ടായി മററൊന്നു ഉടൽ മറച്ചുകൊണ്ടു ധരിക്കയും ചെയ്യാറുണ്ട്. എന്നാൽ ഇവർ തലയും കാലും ഒരിക്കലും മറയ്ക്കുന്നില്ല. ചിലപ്പോൾ വലത്തെ കയ്യും നഗ്നതയിൽ വെയ്ക്കുന്നു. രാപ്പകൽ ഈമാതിരി ഉടുപ്പ് ഇവർ ധരിച്ചുകൊണ്ടിരിക്കും. പാദുകമായിട്ടു ഒന്നും ധരിക്കാറില്ല. അവർ ആയുധപാണികളുമല്ല. ആയുധത്തെപ്പററിയുള്ള ഒരറിവുതന്നെ അവൎക്കില്ലെന്നു തോന്നുന്നു. എന്നാൽ ഇവർ തങ്ങടെ വലംകയ്യിൽ ഒരുമാതിരി ദണ്ഡു ധരിക്കാറുണ്ട്. അതു അവരുടെ നാല്ക്കാലികളെ തെളിക്കാൻ ഉപയോഗിച്ചുവരികയത്രെ ചെയ്യുന്നത്.

സ്ത്രീകളുടെ ശരീരവളൎച്ചയും പുരുഷന്മാരുടേതിന്നു പ്രായേണ സാദൃശ്യമുണ്ട്. എന്നാൽ സ്ത്രീകൾ വെളിക്കിറങ്ങി സഞ്ചരിക്കാത്തതുകൊണ്ടു അവരുടെ നിറം കാഴ്ചയ്ക്കു മനോഹരമുള്ളതാണ്. യുവതിമാരുടെതന്നെ മാത്രമല്ല, മിക്കവാറും സ്ത്രീകളുടെ അഴകേറിയ തലമുടി അവർ നീളെ കെട്ടി കഴുത്തിലോ ചുമലിലോ ഞാത്തിയിട്ടിരിക്കും. അവർ തീരെ സ്വതന്ത്രമാരാണ്. നമ്മുടെ സ്ത്രീകളെപ്പോലെ മറവുള്ളവൎക്കു കീഴടങ്ങി നില്ക്കണമെന്നുള്ള ഭയം ഇല്ലാത്തവരുമാണ്. അന്യന്മാരുമായി വിശ്വാസത്തോടും രസത്തോടും സംസാരിക്കുന്നതിൽ അവൎക്കു കൂസലോ കുലുക്കമോ ഇല്ല. അവർ ഒരുമാതിരി കണ്ഠാഭരണം ധരിക്കാറുണ്ട്. അതു മടഞ്ഞ തലമുടിയിലോ

കറുത്ത നൂലിഴലോ അവിടവിടെയായി ചില്ല കൊന്തക്കുരുവോ മ
റെറാ കോൎത്തു വെച്ചിട്ടുള്ളതും കഴുത്തിന്റെ പിന്നിൽ നിന്നു തൂങ്ങ
ത്തക്കവണ്ണം ആ ഭാഗം ചില കവിടികൾക്കൂടി കോൎത്തു ഞാത്തി
യിട്ടിട്ടുള്ളതുമായിരിക്കും. മുട്ടിന്നു മേല്പെട്ടു കൈത്തണ്ടമേൽ ഓരോ
ജോടു വളകളും പത്തു വിരലുകളിന്മേലും പല മാതിരി മോതിരങ്ങ
ളും അവർ നിറയ ഇട്ടിരിക്കും. ഇവരുടെ, മേൽമുണ്ടു പുരുഷന്മാർ
ധരിക്കുന്ന മേൽമുണ്ടുമായി വളരെ സാമ്യമുണ്ട്. പക്ഷെ സ്ത്രീകൾ
ധരിക്കുന്ന മട്ടൊന്നു വേറെയാണ്. ഇവരുടെ, മേൽമുണ്ടു കാലടി
യോളം എത്തുന്നതും ശരീരമാസകലം മൂടുന്നതുമാകുന്നു. ഇതു ഇ
ന്നാട്ടിലെ ചില തങ്ങന്മാരുടെ നിളംകുപ്പായത്തിനൊത്ത സമ്പ്ര
ദായത്തിലുള്ളതായിരിക്കും. സ്ത്രീകളും പുരുഷന്മാരും ഒരുപോലെ വൃ
ത്തിഹീനരത്രെ. ശുചീകരണത്തെപ്പററി അവൎക്കു യാതൊരു ഗാഢ
വുമില്ല. തന്നിമിത്തം ഒരു ടോഡർ അടുത്തു വരുമ്പോൾ ഉള്ള ദു
ൎഗ്ഗന്ധം തുലോം അസഹ്യകരമാണെന്നു പറഞ്ഞാൽ മതിയല്ലോ.

ടോഡർ, ഗ്രാമനിവാസികളല്ലെന്നു വിശിഷ്യ പറയേണ്ടതില്ലല്ലോ.
എന്നാൽ ഓരോ കുഡുംബം ഓരോ കുടിലിൽ അത്രെ അധിവസി
ച്ചു വരുന്നത്. അവരുടെ കുടിൽ ഏഴടി ഉയരത്തിലും പന്ത്രണ്ട
ടി നിളത്തിലും വൃത്താകാരത്തിൽ പണി ചെയ്യപ്പെട്ട ചെറുകെട്ടിട
ങ്ങളാണ്. ഒററത്തു ഒരു ചെറു വാതിലല്ലാതെ, ജനലോ മറേറാ
ഒന്നും അതിന്നു വെക്കുക പതിവില്ല. അവർ ഗോപാലന്മാരാണെ
ന്നു മുമ്പു പ്രസ്താവിച്ചിട്ടുണ്ട്. എന്നാൽ അവർ വെറും എരുമക
ളെ മാത്രമേ പോററി വരാറുള്ളൂ. അവയുടെ പാലിൽനിന്നു അ
വർ വെണ്ണ എടുക്കയും അതു വില്ക്കയും ചെയ്യാറുണ്ട്. എരുമക
ളെ അവർ കാമധേനുക്കളായിട്ടാണ് വിചാരിച്ചു വരുന്നത്. അ
വയെ അവർ അത്ര ഭയഭക്തിപൂൎവ്വം ആരാധിച്ചുവരുന്നു. അവരു
ടെ മതസംബന്ധമായ അടിയന്തരങ്ങളിലൊക്കെ എരുമകളെ ആ
രാധിച്ചു കൊണ്ടുള്ള കൎമ്മങ്ങളാണ് പ്രധാനം. നിശ്ചിതമായ ചില
കൎമ്മങ്ങൾ ചെയ്തു വ്രതാനുഷ്ഠാനത്തോടെ ഇരിക്കുന്നവൎക്കല്ലാതെ
എരുമകളെ കറക്കുവാൻ യഥാൎത്ഥത്തിൽ പാടില്ലെന്നാണ് അവരുടെ
നിശ്ചയം. ഈ ജീവികളെ സംബന്ധിച്ചു ടോഡരുടെ ഇടയിൽ
നടപ്പുള്ള മറെറാരു അപൂൎവ്വമായ നടവടിയും വളരെ രസപ്രദമായി
ട്ടുള്ളതാകുന്നു. സായംകാലം ഇവരുടെ നാല്ക്കാലികളും ആലകളി

ത്തു വരുമ്പോൾ അവൎക്കടുത്തു ചെന്നു തൊഴുതു നില്ക്കുന്നതു് അവരുടെ വലിയൊരു ബാദ്ധ്യതയായി വിചാരിച്ചുവരികയും അതിനെ നിൎവ്വഹിച്ചും അനുഷ്ഠിച്ചു വരികയും ചെയ്യുന്നു. ഇക്കാൎയ്യം നടത്തിയാൽ മാത്രമേ ഇവർ അത്താഴം കഴിച്ചു ഉറങ്ങാൻ പോക പതിവുള്ളൂ. തോഡരെപ്പറ്റി ഇങ്ങിനെയുള്ള പല വിശേഷങ്ങളും റെവറന്റ് കോഫീൽഡ് ഗ്രിഗർസൻ എന്ന മഹാൻ മുമ്പുതന്നെ എഴുതി പ്രചുരപ്പെടുത്തീട്ടുണ്ട്. അതിനാൽ ഈ പൂൎവ്വനിവാസികളെപ്പറ്റി ഇത്രയൊക്കെ അറിവാൻ നമുക്കിട വന്നിരിക്കുന്നു. ഇനിയും തോഡരെക്കുറിച്ചു പല വിവരങ്ങളുള്ളതും സന്ദൎഭോചിതമായി ഇവിടെ പ്രസ്താവിക്കാം.

തോഡൎക്കു വിശേഷവിധിയായ പല ആചാരനടവടികൾ ഉണ്ട്. അനേകഭൎത്തൃത്വം അവരുടെ ഇടയിൽ നടപ്പുണ്ട്. 'പഞ്ചപാണ്ഡവന്മാരും പാഞ്ചാലിതാനും' എന്നു പറഞ്ഞ മട്ടിൽ പലരുംകൂടി ഒരു തോഡസ്ത്രീ പ്രിയതമയായിരിക്കുന്നതു് ഇവരുടെ ഇടയിലുള്ള സമ്പ്രദായമാണ്. പ്രസ്തുത സമ്പ്രദായത്തിന്നനുസരിച്ചു ഒരു തോഡസ്ത്രീ ഒന്നിലധികം പുരുഷന്മാരെ വേൾക്കുന്നു. ഈ സമ്പ്രദായത്തിൽ തോഡൎക്കു യാതൊരു വെറുപ്പുമില്ല; സ്ത്രീവൎഗ്ഗം ഇതു പരമഭാഗ്യമായും കരുതുന്നു. ഇവൎക്കു യാതൊരു തൊഴിലുമില്ല. ഇവർ കേവലം സ്വസ്ഥമായിരുന്നു കാലക്ഷേപം ചെയ്തുവരികയാണ പതിവ്. എങ്കിലും ദ്രൌപതിയെപ്പോലെ ഇവൎക്കു വല്ല ബഹുമതിയോ പ്രശസ്തിയോ ലഭിക്കാറുണ്ടെന്നു തോന്നുന്നില്ല. തോഡരുടെ പെൺകുട്ടികൾക്കു നാമകരണം കൂടി ചെയ്ക പതിവില്ല. പെൺകുട്ടികളെ ആൺകുട്ടികളെപ്പോലെ അവരുടെ ദേവാലയങ്ങളിലേക്കു കൂട്ടിക്കൊണ്ടു പോകയോ അവിടങ്ങളിൽ അവരെ കടത്താൻ അനുവദിക്കയോ ചെയ്തു വരുന്നതുമില്ല.

കുട്ടികൾക്കു നാമകരണം ചെയ്യുന്നതും തോഡരുടെ ഇടയിൽ ഒരു അസാധാരണ സമ്പ്രദായത്തിലാണ്. ആൺകുട്ടികൾക്കു മാത്രമേ പേർവിളിയുള്ളുവെന്നു പ്രസ്താവിച്ചിട്ടുണ്ടല്ലോ. അവരുടെ പിതാക്കന്മാർ തങ്ങളുടെ ദേവാലയങ്ങളിൽ കൂട്ടിക്കൊണ്ടുപോയി അവിടുന്നു ചില കൎമ്മാനുഷ്ഠാനങ്ങളോടുകൂടി കുട്ടികളെ ഒന്നാമതായി അവിടെവെച്ചു ദീപം കാട്ടുകയും കുട്ടികളുടെ നെറ്റി നിലത്തോടമൎത്തു പിടിക്കയും പിതാവു മുട്ടുകുത്തിക്കൊണ്ടു നാമകരണം

ചെയ്കയും ചെയ്യുന്നു. അതിൽ പിന്നെ ഈശ്വരപ്രാൎത്ഥന കഴിച്ചു തിരിച്ചുപോകും. അവരുടെ കെട്ടുകല്യാണവും രസജനകമായ ഒരു മട്ടിലത്രെ. മണവാളനോ അവന്റെ രക്ഷകൎത്താവോ വേണം ബോന്ധവത്തിന്നു വേണ്ടപ്പെട്ട ചട്ടം കെട്ടാൻ. അവൾക്കുള്ള സ്ത്രീധനം എരുമകളാണ്. വധൂവരന്മാരന്യോന്യം കൊള്ളാനും കൊടുക്കാനും തമ്മിൽ സഖ്യമായാൽ മണവാട്ടിയുടെ പിതാവു തന്റെ ജാമാതാവിന്റെ തലമേൽ കാലടികൊണ്ടു തൊടുന്നതു വിവാഹത്തിന്നു വേണ്ടതായ വാക്കും കൈയും കൊടുത്തുവെന്നൎത്ഥമാകുന്നു.

ഇവരുടെ ശവദാഹകൎമ്മങ്ങളും പ്രസ്താവയോഗ്യമത്രെ. അവരുടെ ശേഷക്രിയകൾ രണ്ടാകുന്നു. ഒന്നാമത്തേത് ഒരാൾ മരിച്ച ഉടനെ ചെയ്യുന്ന കൎമ്മങ്ങളാണ്. മരണശേഷം മരിച്ചാളുടെ ചാൎച്ചക്കാരും വേൎച്ചക്കാരും ഒക്കെ എത്തുപെടും. ഒന്നാമത മൃതശരീരം പച്ചച്ചുടികൾകൊണ്ടുണ്ടാക്കിയ ഒരു ശവപ്പെട്ടിയിൽ അടക്കം ചെയ്യും. അങ്ങിനെ ചെയ്യുന്നതുകൊണ്ടു മരിച്ചാൾ തന്റെ ജീവകാലത്തു ചെയ്തിട്ടുള്ള എല്ലാ പാപവും നശിക്കുമെന്നാണ് അവർ വിശ്വസിച്ചുപോരുന്നത്. മൃതശരീരം കോടിവസ്ത്രങ്ങൾകൊണ്ടു ആപാദചൂഡം മൂടും. ജീവകാലത്തു ശരീരത്തിൽ ധരിച്ചിരുന്ന ആഭരണങ്ങളൊന്നും മരണശേഷം മെയ്യിൽനിന്നു നീക്കം ചെയ്കയുമില്ല. മുഹമ്മദീയരുടെ ഓത്തിന്റെ സമ്പ്രദായത്തിൽ ഇവരും ചിലതു ഉച്ചരിക്കാറുണ്ട്. അലമുറക്കും കുറവുണ്ടാകയില്ല. ധാന്യം, പാൽ, വെണ്ണ, ഇവ ദാനം ചെയ്യും. ഉയൎന്ന കുന്നുകളിന്മേലാണ് ചിതകൂട്ടുന്നത്. ശവദാഹത്തിന്നു അല്പം മുമ്പു കുറെ മണ്ണു വാരി മൃതശരീരത്തിന്മേൽ വിതറുന്നു. ഇതു മൃതശരീരത്തെ ഭക്തിപൂൎവ്വം അൎപ്പിക്കുന്നതായിട്ടാണ് അവർ വിചാരിച്ചുപോരുന്നത്. ഇപ്രകാരം ചെയ്യുമ്പോൾ മരിച്ചാളുടെ ഒരു അടുത്ത ബന്ധു നെറ്റിത്തടത്തിന്നിരുവശത്തുനിന്നും കുറെ രോമം മുറിച്ചെടുക്കയും പിന്നെ കുറെ ധാന്യം വാരി മൃതശരീരത്തിന്മേൽ എറികയും ചെയ്യു ചിതക്കു തീ കൊടുക്കുന്നു. രോമം മുറിച്ചെടുത്ത ആ മനുഷ്യൻതന്നെയാണ് ചിതക്കു തീ കൊടുക്കേണ്ടതും. ചിതക്കു തീപ്പറ്റിയാൽ എല്ലാവരും നിശ്ശബ്ദമായി തിരിച്ചുപോകയും ചെയ്യും. ശവദാഹം കഴിഞ്ഞാൽ ബന്ധുജനങ്ങളിൽ ചിലർ വീണ്ടും ചെന്നു ചിതമേൽ കുറെ വെള്ളം തളിച്ചു വെണ്ണീറിൽനിന്നു ദഹിച്ചു തലയോട്ടു തെരി

ത്തെടുത്തു ഒരു ശുഭ്രവസ്ത്രത്തിലാക്കി കെട്ടിക്കൊണ്ടുപോകും. ഇതു ഒരാണ്ടോളം സൂക്ഷിച്ചുവെക്കയും ചെയ്യുന്നു. ഇങ്ങനെ ആണ്ടൊന്നു കഴിഞ്ഞാൽ രണ്ടാമത്തെ ശേഷക്രിയകൂടി ചെയ്യുന്നു. മരിച്ചാളുടെ ദേഹവും തലയോടും കെട്ടിവെച്ചിട്ടുള്ള തുണി എടുത്തു നിലത്തു വിരിച്ചു ഒന്നാമതു കുറെ സ്ത്രീകളും പിന്നെ പുരുഷന്മാരും വന്നു അതിന്നു ചുററും ഇരിക്കുന്നു. പിന്നെ ചിലർ തമ്മിൽ കൈകോൎത്തു പിടിച്ചു ഇതിന്നു ചുററും നിന്നു നൃത്തം ചെയ്യുന്നു. ഇതു കഴിഞ്ഞാൽ ചില കന്നുകാലികളെ ആട്ടിത്തെളിച്ചുകൊണ്ടുവരും. ഒടുവിൽ അവയെ അവിടെവെച്ചു ബലികൊടുക്കയും ചെയ്യും. പിന്നീടു ക്ഷണിക്കപ്പെട്ടവൎക്കെല്ലാം പല വിധങ്ങളോടുകൂടി പൊടിപാറി സദ്യയും കൊടുക്കും. ഇതാണ് ഇവരുടെ പിണ്ഡമടിയന്തരം. ഈ കൎമ്മത്തെ ഇവർ 'റോഡ്യൂസ്' എന്നു വിളിക്കുന്നു. ഈ പിണ്ഡകൎമ്മത്തെപ്പററി റൊറഞ്ഞ് ശ്രീ ഗർസൻ വളരെ പരപ്പിൽ പറഞ്ഞിട്ടുണ്ട്.

ടോഡക്കു കൃത്യമായ ഒരു മതാചാരമില്ല. അവരുടെ ദേവാലയം അവരുടെ എരിമ്പാടിതന്നെയാണ്. അവരുടെ വാസസ്ഥലങ്ങളിൽതന്നെ ഓരോ ബിംബപ്രതിഷ്ഠ ചെയ്തു ദേവാരാധന ചെയ്തുവരുന്നു. അവർ ഉദയാസ്തമനത്തിൽ സൂൎയ്യനെ തൊഴുതുവന്ദിക്കുന്നു. മരണശേഷം ജീവൻ സ്വൎഗ്ഗത്തിലേക്കു പോകുന്നുവെന്നാണ് അവരുടെ വിശ്വാസം. അവിടെയും അവൎക്കു പാലും, വെണ്ണയും സുലഭമായി കിട്ടുമെന്നും കരുതുന്നു. അവരുടെ ദേവാലയത്തിൻമുകളിൽ ഒരു കല്ലുവെച്ചിരിക്കും. അതിനെ അവർ 'ബ്രോട്ട്' എന്നു വിളിക്കുന്നു. ഇതിന്റെ അൎത്ഥം സത്യക്കല്ലെന്നാണത്രേ. വല്ല ശണ്ഠയോ തൎക്കമോ ഉണ്ടാകുമ്പോൾ ഇതിന്നു മുമ്പാകെവെച്ചു സത്യം ചെയ്യും. അവർ വല്ല പ്രാൎത്ഥനയും ചെയ്യുമ്പോൾ മൂക്കിന്മേൽ ചൂണ്ടാണിവിരൽ വെക്കുക പതിവുണ്ടു. അവരുടെ ദേവാലയത്തിൽ സാധാരണയായി ഒരു മണിയുംവെച്ചിരിക്കും. അതിനെയത്രേ അവർ ആരാധിക്കുന്നതും. അതിന്നവർ ക്ഷീരാൎപ്പണം ചെയ്യുന്നു. ഇവരും ഒരു തരം ബിംബാരാധനക്കാരാണെന്നു വേണം പറവാൻ. ഇവൎക്കു ചില ബലികൎമ്മങ്ങൾ നടത്താൻ 'ടേറിറിസ്' എന്നു വിളിക്കപ്പെടുന്ന വിശുദ്ധമായ മരത്തോപ്പുകൾ ഉണ്ട്. ഈ ഓരോന്നിൽ 'പോലാൾ' എന്നു വിളിക്കപ്പെടുന്ന ഒരു

പുരോഹിതനേയും 'കവിലാൾ' എന്ന അയാളുടെ പരിചാരകനേയും നിയമിച്ചുവെക്കാറുണ്ട്. ഓരോ തോപ്പിൽ ഓരോ കൂട്ടം കറക്കുന്ന എരുമകളുമുണ്ടായിരിക്കും. അവയിൽ ഒന്നിനെ എത്രയും ദിവ്യജീവിയായി കരുതിവരുന്നു. ഒരു പുരോഹിതൻെറ വംസസ്ഥലം ഒരു 'ടെറിറി'യായി സ്വീകരിക്കുന്ന കാലം അദ്ദേഹത്തിൻെറ വസ്ത്രധാരണംകൂടി ഉപേക്ഷിച്ചു ഐഹികവിഷയം വിട്ടുന്ന നിലയിൽ അവിടെ കഴിച്ചു കൂട്ടുന്നു. പിന്നെ ആ പുരോഹിതൻ കാട്ടിൽ ചെന്നു മനുഷ്യർ മുമ്പു നടക്കാത്തതായ വഴിയും മനുഷ്യൻ തൊട്ടു അശുദ്ധപ്പെടുത്താത്ത ഒരു നദിയും അന്വേഷിച്ചു മുന്നോട്ടു പോകുന്നു. പിന്നെ അവിടുന്നു ഏതൊരു വിശുദ്ധവൃക്ഷത്തിൻെറ തോലെടുത്തു വെള്ളത്തിൽ മുക്കി അതിൻെറ നീർ പിഴിഞ്ഞെടുത്തു അതിൽ കുറെ താൻ പാനംചെയ്കയും ശേഷമുള്ളതു മേലാസകലം പുരട്ടി പുഴയിൽ കുളിക്കുന്നു. ഈ കർമ്മം നിത്യം മൂന്നു പ്രാവശ്യം അനുഷ്ഠിച്ചുപോരുന്നു. വൈകുന്നേരം മാത്രം അല്പം വല്ലതും ഭക്ഷിച്ചു നഗ്നരൂപിയായി അവിടെ വസിച്ചുപോരുന്നു. ഇങ്ങിനെ ഏഴു ദിവസം ദേഹശുദ്ധിവരുത്തി ഒടുവിൽ ഒരു കറുത്തവസ്ത്രം അരക്കു ചുററുന്നു. ഈ കർമ്മാനുഷ്ഠാനത്തിനുശേഷം അദ്ദേഹം ഒരു വിശുദ്ധ ദേഹിയായി എന്നാണ് ടോഡരുടെ ഇടയിലുള്ള മതവിശ്വാസം. പിന്നെ ഈ പുരോഹിതനെ എല്ലാവരും ദണ്ഡനമസ്കാരം ചെയ്കയും 'പാലാൾ' എന്നു വിളിക്കയും ചെയ്തു ഈ വിശുദ്ധദേഹിയെ ആരാധിച്ചുപോരുന്നു. ഇദ്ദേഹമാണ് ടോഡരുടെ പ്രധാനാചാര്യൻ.

കെ. ചന്തൻ.

പാലിയെന്നഭഗവന്നികേതനം
പാലിയെന്നതുഭവന്നികേതനം
മാലിയെന്നവനെനിഗ്രഹിച്ചവൻ
മാലിയെന്നവനെനിഗ്രഹിച്ചവൻ

അമ്പാടി കുഞ്ഞികൃഷ്ണപുതുവാൾ.

വൈദ്യശാസ്ത്രം

II



ബ്രഹ്മാവിന്റെ മാനസപുത്രന്മാരായ മരീച്യാദികളിൽ ഒരാളാണ് അത്രിമഹർഷി. അദ്ദേഹത്തിന്റെ വംശജനായി പുനർവസു എന്ന് ഒരു മഹാൻ ഉണ്ടായിരുന്നു. വംശപാരമ്പര്യംകൊണ്ടു പുനർവസുവും അത്രിയും എത്ര അകന്നതാണെന്നോ പുനർവസുവിന്റെ ജീവകാലം എതായിരുന്നുവെന്നോ തീർച്ചപറവാൻ സാധിക്കുന്നതല്ല. അദ്ദേഹത്തിന്ന് അനേകം ശിഷ്യരുണ്ടായിരുന്നു. അഗ്നിവേശൻ, ഹാരീതൻ, ഭേളൻ, ജതൂകർണ്ണൻ, പാരാശരൻ, ക്ഷീരപാണി ഇവർ പുനർവസുവിന്റെ ശിഷ്യരിൽ പ്രധാനികളായിരുന്നു. ഇവർ ആത്രേയന്റെ ശിഷ്യരായിരുന്നു എന്നു പറയുന്നുണ്ട്. എങ്ങിനെ ആയാലും ഇവരും ക്രമേണ അദ്ധ്യേതാക്കളായി ഇവരിൽ പലരും വൈദ്യഗ്രന്ഥങ്ങളുണ്ടാക്കി. എന്നാൽ അഗ്നിവേശന്റെ ഗ്രന്ഥം പ്രായേണ എല്ലാററിലുംവെച്ച ശ്രേഷ്ഠമായി ഭവിച്ചു.

പുനർവസു കൊടുക്കുന്ന ഉപദേശങ്ങളെ അഗ്നിവേശൻ അപ്പപ്പോൾ എഴുതി ശേഖരിച്ച് ഒടുവിൽ അതു ഒരു ഗ്രന്ഥമാക്കി. എന്നാൽ ഇത് ഇപ്പോൾ കാണുന്നില്ല. അഗ്നിവേശൻ ഉണ്ടാക്കി എന്നു പറഞ്ഞ ഗ്രന്ഥം ചരകമഹർഷി പരിശോധിച്ചു ചുരുക്കി എഴുതിയതാണ് ചരകസംഹിത. ഇന്ത്യയിലെ മററുമിക്ക ഗ്രന്ഥങ്ങളെപ്പോലെ ഇതും ചോദ്യോത്തരരീതിയിലാണ് എഴുതിട്ടുള്ളത്. അഗ്നിവേശൻ മുതലായവരുടെ ചോദ്യത്തിന്നു പുനർവ്വസു ഉത്തരം പറഞ്ഞു കൊടുക്കുന്നതായി അതിൽ വിവരിക്കുന്നുണ്ട്. ഉപാദ്ധ്യായന്മാരായി മററു ചില ഋഷിമാരും ഉണ്ടായിരുന്നു. പക്ഷെ പുനർവ്വസുവിന്റെ അഭിപ്രായങ്ങളാണ് ബലപ്പെട്ടുനിന്നതു. ചരകസംഹിതയിൽ കാണുന്ന പദ്യങ്ങൾ മുഴുവനും അഗ്നിവേശന്റെ കൃതിയിൽ

നിന്നും എടുത്തെഴുതിയവയും ഗദ്യങ്ങൾ മുഴുവനും മൂലകൃതിയിലെ സാരസംക്ഷേപങ്ങളും ആകുന്നു. ഇതിലെ വിവരണങ്ങൾ വേണ്ടത്ര മതിയായിട്ടില്ലെന്ന് ഒരു പക്ഷമുണ്ട്. എന്നാൽ പാഠംകൊണ്ടും പരിചയംകൊണ്ടും ത്രാണിയുള്ള ഒരു ഉപാദ്ധ്യായന്റെ ആവശ്യത്തിനുവേണ്ട പ്രധാന സംഗതികൾ ചുരുക്കി അതിൽ വിവരിക്കണമെന്നു മാത്രമേ ഗ്രന്ഥകർത്താവ് ഉദ്ദേശിച്ചിട്ടുണ്ടായിരുന്നുള്ളു. ശിഷ്യർ ഗ്രഹിക്കത്തക്കവണ്ണം വിവരിച്ചു പറഞ്ഞു കൊടുപ്പാൻ ഉപാദ്ധ്യായൻ മതിയാകുന്നതുമാണല്ലോ. ഈ ഗ്രന്ഥം എന്നുണ്ടായതാണെന്ന് ഇതേവരെ തീർച്ചപ്പെട്ടിട്ടില്ല. ധന്വന്തരി പത്രാധിപരാൽ എഴുതപ്പെട്ട 'ആൎയ്യവൈദ്യചരിത്രത്തിൽ' 'ചരകൻ സകല ശാസ്ത്രങ്ങളുടെയും പ്രത്യേകിച്ചു വൈദ്യശാസ്ത്രത്തിന്റെയും നിധിയെന്ന് ഊഹിക്കപ്പെടുന്ന ആയിരം തലകളോടുകൂടിയ നാഗരാജാവായ ശേഷന്റെ ഒരു അവതാരമാണെന്നു പറയപ്പെടുന്നു' എന്നു പ്രസ്താവിച്ചിരിക്കുന്നു. 'വിദ്വൽശ്രേഷ്ഠനായ വിശുദ്ധമുനിയുടെ പുത്രനായ ചരകൻ ജീവിച്ചിരുന്നതു വൈദികകാലത്തായിരുന്നു. അദ്ദേഹം ക്രിസ്ത്വാബ്ദത്തിന്നു 320 കൊല്ലം മുമ്പു കാശിയിൽ ജനിച്ചു എന്നു ചിലർ വിശ്വസിക്കുന്നു' എന്നും അതിൽ പറഞ്ഞിട്ടുണ്ട്. പഞ്ചനദം എന്ന പുരത്തിങ്കൽ (Punjab) ജാതനായ ദൃഢബലൻ വളരെ തന്ത്രങ്ങളിൽനിന്നു ശരിയായ അൎത്ഥത്തോടും ബലാധിക്യത്തോടുംകൂടി സിദ്ധികല്പങ്ങളായ പതിനേഴദ്ധ്യായങ്ങളെക്കൊണ്ടു ചരകന്റെ കൃതിയെ പൂരിപ്പിച്ചിട്ടുണ്ടെന്നു താഴെ പറയുന്നതിൽനിന്നു കാണുന്നു. 'അഖണ്ഡാൎത്ഥം ദൃഢബലോ ജാതഃ പഞ്ചനദേ പുരേ കൃത്വാ ബഹുഭ്യസ്തന്ത്രേഭ്യോ വിശേഷോഞ്ഛ ശിലോച്ചയം... സപ്തദശൌഷധാദ്ധ്യായാൻ സിദ്ധികല്പൈരപൂരയൽ' അതിനാൽ ചരകന്റെയും ജന്മഭൂമി പഞ്ചനദമായിരിക്കുമോ എന്നും ചിലർ സംശയിക്കുന്നുണ്ട്. ഇങ്ങിനെ പല അഭിപ്രായങ്ങളുള്ളതല്ലാതെ അദ്ദേഹത്തിന്റെ ജന്മഭൂമിയേയും ജീവകാലത്തെയുംപററി ഖണ്ഡിതമായി ഒരഭിപ്രായം പറയുവാൻ ഇപ്പോൾ സാധിക്കുന്നതല്ല. ചരകൻ അതിബുദ്ധിമാനും നല്ല ശിക്ഷാപാടവമുള്ളവനും പരോപകാരതല്പരനും ആയിരുന്നു. ജനക്ഷേമത്തെ കാംക്ഷിച്ചാണ് അദ്ദേഹം ഈ ഗ്രന്ഥം ഉണ്ടാക്കിയത്. ആത്രേയന്റെയും അഗ്നിവേശന്റെയും സഹായം ഉണ്ടായിട്ടുണ്ടെന്ന് അദ്ദേഹംതന്നെ അതിൽ പ്രസ്താവിക്കുന്നുണ്ട്.

ആ മഹാന്റെ അഭിപ്രായസാരം. ആ മതം തന്നെയാണ് പ്രാചീന ആര്യന്മാരും ആചരിച്ചിട്ടുള്ളത്. അതിനാൽ ഈ ആക്ഷേപം അത്ര സാരമായിട്ടുള്ളതല്ല.

സൂത്രം, നിദാനം, വിമാനശാരീരം, ഇന്ദ്രിയം, ചികിത്സ, കല്പം, സിദ്ധി ഇങ്ങിനെ എട്ടുഭാഗങ്ങളിലാണ് ഈ കൃതി ഉണ്ടാക്കിരിക്കുന്നത്. കൃതിയുടെ ഉത്ഭവം. ഭക്ഷണദ്രവ്യങ്ങൾ, യോഗ്യനായ വൈദ്യന്റെ ഗുണങ്ങൾ, ദീർഘായുസ്സിനെ പ്രാപിക്കുവാനുള്ള മാർഗ്ഗങ്ങൾ മുതലായ പല സംഗതികളും ഒന്നാംഭാഗത്തിലെ മുപ്പതദ്ധ്യായങ്ങളിൽ അടക്കിരിക്കുന്നു. രണ്ടാം ഭാഗത്തിൽ എട്ട് അദ്ധ്യായങ്ങളുള്ളതു രോഗലക്ഷണങ്ങളും മററുമാണ്. രോഗകാരണങ്ങൾ, രോഗനിർണ്ണയം മുതലായ പല സംഗതികളും എട്ടദ്ധ്യായങ്ങളിൽ മൂന്നാംഭാഗത്തിൽ ഒതുക്കിരിക്കുന്നു. ശരീരവ്യവച്ഛേദനമാണ് നാലാംഭാഗത്തിലെ വിഷയം. മൃത്യുസൂചകമായ സ്വപ്നങ്ങളും മററും അഞ്ചാം ഭാഗത്തിൽ പന്ത്രണ്ടദ്ധ്യായങ്ങളിൽ പറഞ്ഞിരിക്കുന്നു. ആറാംഭാഗത്തിലെ മുപ്പതദ്ധ്യായം മുഴുവൻ ചികിത്സയാണ്. ഏഴാം ഭാഗത്തിൽ ഔഷധങ്ങളുടെ ഗുണദോഷവിവേചനവും ഉപയോഗവും മററും വിസ്തരിച്ചിരിക്കുന്നു. എട്ടാം ഭാഗമായ സിദ്ധിസ്ഥാനത്തിൽ വസ്തിവിരേചനം മുതലായവയേയും കല്പസ്ഥാനത്തിലെ മരുന്നുകളെ ഉപയോഗപ്പെടുത്തേണ്ടും ക്രമങ്ങളേയും മററും വിവരിച്ചു പറഞ്ഞിട്ടുണ്ട്. ഇങ്ങിനെ നൂററിരുപതദ്ധ്യായങ്ങളിൽ വേണ്ട സംഗതികൾ മുഴുവൻ അദ്ദേഹം ഒതുക്കി. വൈദ്യവിഷയത്തിൽ ഇപ്പോൾ പ്രമാണമായി ഗണിക്കപ്പെട്ടുവരുന്ന ഒരു ഗ്രന്ഥമാണ് ചരകംസംഹിത. ഈ കൃതി എട്ടാം നൂററാണ്ടിന്റെ ആരംഭത്തിൽ അറബിഭാഷയിലേക്കു തർജ്ജിമചെയ്യപ്പെട്ടിട്ടുമുണ്ട്.

ഇതു കഴിഞ്ഞാൽ പിന്നെ പഴമയേറിയതു ശുശ്രുതമാണ്. പ്രളയം വന്നു വേദങ്ങൾ നശിച്ചപ്പോൾ ദേവാസുരന്മാർ പാലാഴി കടഞ്ഞു എന്നും, അപ്പോൾ അമൃതകുംഭത്തോടുകൂടി ധന്വന്തരിമൂർത്തിയുടെ അവതാരം ഉണ്ടായി എന്നും, ഹിന്തുപുരാണങ്ങൾ ഘോഷിക്കുന്നുണ്ടല്ലൊ, ഈ ധന്വന്തരി ദൈവീകവൈദ്യനും ഇന്ദ്രശിഷ്യനും ആയിരുന്നു. ഇദ്ദേഹം ദേവദാസൻ എന്ന നാമധേയത്തിൽ കാശിരാജ്യം വാണിരുന്നു എന്നു വിശ്വസിക്കപ്പെട്ടിരിക്കുന്നു. ഇ

ആ മഹാൻെറ അഭിപ്രായസാരം. ആ മതം തന്നെയാണ് പ്രാചീന ആൎയ്യന്മാരും ആചരിച്ചിട്ടുള്ളത്. അതിനാൽ ഈ ആക്ഷേപം അത്ര സാരമായിട്ടുള്ളതല്ല.

സൂത്രം, നിദാനം, വിമാനശാരീരം, ഇന്ദ്രിയം, ചികിത്സ, കല്പം, സിദ്ധി ഇങ്ങിനെ എട്ടുഭാഗങ്ങളിലാണ് ഈ കൃതി ഉണ്ടാക്കീരിക്കുന്നത്. കൃതിയുടെ ഉത്ഭവം. ഭക്ഷണദ്രവ്യങ്ങൾ, യോഗ്യനായ വൈദ്യൻെറ ഗുണങ്ങൾ, ദീൎഘായുസ്സിനെ പ്രാപിക്കുവാനുള്ള മാൎഗ്ഗങ്ങൾ മുതലായ പല സംഗതികളും ഒന്നാംഭാഗത്തിലെ മുപ്പതദ്ധ്യായങ്ങളിൽ അടക്കീരിക്കുന്നു. രണ്ടാം ഭാഗത്തിൽ എട്ട് അദ്ധ്യായങ്ങളുള്ളതു രോഗലക്ഷണങ്ങളും മററുമാണ്. രോഗകാരണങ്ങൾ, രോഗനിൎണ്ണയം മുതലായ പല സംഗതികളും എട്ടദ്ധ്യായങ്ങളിൽ മൂന്നാംഭാഗത്തിൽ ഒതുക്കിരിക്കുന്നു. ശരീരവ്യവച്ഛേദനമാണ് നാലാംഭാഗത്തിലെ വിഷയം. മൃത്യുസൂചകമായ സ്വപ്നങ്ങളും മററും അഞ്ചാം ഭാഗത്തിൽ പന്ത്രണ്ടദ്ധ്യായങ്ങളിൽ പറഞ്ഞിരിക്കുന്നു. ആറാംഭാഗത്തിലെ മുപ്പതദ്ധ്യായം മുഴുവൻ ചികിത്സയാണ്. ഏഴാം ഭാഗത്തിൽ ഔഷധങ്ങളുടെ ഗുണദോഷവിവേചനവും ഉപയോഗവും മററും വിസ്തരിച്ചിരിക്കുന്നു. എട്ടാം ഭാഗമായ സിദ്ധിസ്ഥാനത്തിൽ വസ്തിവിരേചനം മുതലായവയേയും കല്പസ്ഥാനത്തിലെ മരുന്നുകളെ ഉപയോഗപ്പെടുത്തേണ്ടും ക്രമങ്ങളേയും മററും വിവരിച്ചു പറഞ്ഞിട്ടുണ്ട്. ഇങ്ങിനെ നൂററിരുപതദ്ധ്യായങ്ങളിൽ വേണ്ട സംഗതികൾ മുഴുവൻ അദ്ദേഹം ഒതുക്കി. വൈദ്യവിഷയത്തിൽ ഇപ്പോഴും പ്രമാണമായി ഗണിക്കപ്പെട്ടുവരുന്ന ഒരു ഗ്രന്ഥമാണ് ചരകംസംഹിത. ഈ കൃതി എട്ടാം നൂററാണ്ടിൻെറ ആരംഭത്തിൽ അറബിഭാഷയിലേക്കു തൎജ്ജിമചെയ്യപ്പെട്ടിട്ടുമുണ്ട്.

ഇതു കഴിഞ്ഞാൽ പിന്നെ പഴമയേറിയതു ശുശ്രുതമാണ്. പ്രളയം വന്നു വേദങ്ങൾ നശിച്ചപ്പോൾ ദേവാസുരന്മാർ പാലാഴി കടഞ്ഞു എന്നും, അപ്പോൾ അമൃതകുംഭത്തോടുകൂടി ധന്വന്തരിമൂൎത്തിയുടെ അവതാരം ഉണ്ടായി എന്നും, ഹിന്തുപുരാണങ്ങൾ ഘോഷിക്കുന്നുണ്ടല്ലോ, ഈ ധന്വന്തരി ദൈവീകവൈദ്യനും ഇന്ദ്രശിഷ്യനും ആയിരുന്നു. ഇദ്ദേഹം ദേവദാസൻ എന്ന നാമധേയത്തിൽ കാശിരാജ്യം വാണിരുന്നു എന്നു വിശ്വസിക്കപ്പെട്ടിരിക്കുന്നു. ഇ

ട്ടേഹത്തിൻെറ ശിഷ്യനാണ് ശുശ്രുതൻ. ധർമ്മാർത്ഥകാമമോക്ഷസാധനമായ മനുഷ്യശരീരം രോഗാരിഷ്ടങ്ങൾക്കധീനമായി ആത്മീകമായും പ്രാപഞ്ചികമായും ഉള്ള കൃത്യങ്ങൾക്ക് ഉപകരിക്കുന്നില്ലെന്നു കണ്ട് ഋഷിമാർ എല്ലാവരുംകൂടി ദേവദാസൻെറ അടുക്കൽനിന്നു വൈദ്യം പഠിച്ചുവരുന്നതിന്നായി ചിലരെ പറഞ്ഞയച്ച കൂട്ടത്തിൽ പ്രധാനി ശുശ്രുതനായിരുന്നു. ഇദ്ദേഹം സാക്ഷാൽ ശ്രീരാമൻെറ സമാനകാലീനനായ വിശ്വാമിത്രൻെറ പുത്രനാണ്. ദേവദാസൻ ദൈവികവൈദ്യനായിരുന്നു എന്നു മുമ്പു പറഞ്ഞിട്ടുണ്ടല്ലൊ. ദേവാസുരന്മാർ തമ്മിലുണ്ടായിരുന്ന യുദ്ധത്തിൽ പററുന്ന മുറികൾ ഉണക്കുന്നതിന്നും മററുമായി ശസ്ത്രക്രിയ ആവശ്യമായി വന്നതിൽനിന്നും വിശേഷിച്ചു ശസ്ത്രക്രിയകൊണ്ടു രോഗങ്ങൾ തൽക്ഷണം ശാന്തപ്പെട്ടുവാൻ അധികം എളുപ്പമുള്ളതിനാലും ഈ ഭാഗം വൈദ്യശാസ്ത്രത്തിൽ ഒരു മുഖ്യവിഷയമായി പരിണമിച്ചു. ദേവദാസൻ തൻെറ ശിഷ്യരോടു അവക്ക് എതു വിഷയത്തിലാണ് അറിവു വേണ്ടത് എന്നു ചോദിച്ചതിനുത്തരമായി ശസ്ത്രക്രിയാവിഷയത്തിൽ അവക്ക് ഉപദേശം വേണമെന്നു പറഞ്ഞു. അദ്ദേഹം ശിഷ്യരുടെ ഉദ്ദേശ്യം അറിഞ്ഞു സന്തോഷിച്ച് അവക്ക് ആയുർവ്വേദം ഉപദേശിച്ചു. ശസ്ത്രക്രിയയാണ് മുഖ്യമായി ഉപദേശിച്ചത്. അവർ എല്ലാവരും ഗ്രന്ഥങ്ങൾ ഉണ്ടാക്കിയെങ്കിലും ശുശ്രുതൻെറ കൃതി അവയെ അതിശയിച്ചുനിന്നു. ഇതിലെ മുഖ്യവിഷയം ശസ്ത്രക്രിയതന്നെയാണ്. എന്നാൽ ഉത്തരതന്ത്രത്തിൽ പനി, അതിസാരം മുതലായ രോഗങ്ങളെപ്പററി പറയുന്നുണ്ട്. ഈ ഉത്തരതന്ത്രം മൂലകൃതിയിൽ ഉണ്ടായിരുന്നില്ലെന്ന് ഒരഭിപ്രായം കാണുന്നു. 'ഉത്തരതന്ത്ര' എന്ന പേരുകൊണ്ടുതന്നെ അതു പിന്നീടുണ്ടായതാണെന്ന് ഊഹിക്കാമല്ലൊ. ആദ്യമേതന്നെ ഈഭാഗം ചെയ്തിട്ടുണ്ടായിരുന്നു എങ്കിൽ 'ഉത്തരതന്ത്രം' എന്ന പേര് അതിന്നുണ്ടാവാൻ ന്യായമുണ്ടായിരുന്നില്ല. എന്നാൽ ഒന്നാംബുക്കിലെ ഒന്നാം അദ്ധ്യായത്തിൻെറ ഒടുവിൽ കൃതിയുടെ അനുക്രമണിക പറഞ്ഞകൂട്ടത്തിൽ ഈ കൃതി അഞ്ചായിട്ടു ഭാഗിച്ചിരിക്കുന്നു എന്നും ആകെ നൂററിരുപത് അദ്ധ്യായങ്ങളുണ്ടെന്നും പറഞ്ഞിരിക്കുന്നു. ബാക്കി വിഷയങ്ങൾ ഉത്തരതന്ത്രത്തിൽ വിവരിക്കുമെന്നും അതിൽതന്നെ പറയുന്നുണ്ട്. 'ബീജം ചികത്സിതസ്യൈതൽ സമാസേന പ്രകീർത്തിതം

ഡവിംശമദ്ധ്യായശതമസ്യവ്യാഖ്യാഭവിഷ്യതി. തച്ചഡവിംശമദ്ധ്യായശതംപഞ്ചസു സ്ഥാനേഷുത്രസൂത്രസ്ഥാനനിദാന ശാരീരചികിത്സിതകല്പേഷചാത്ഥവശാൻസംവിഭജ്യോത്തരതന്ത്രേ ശേഷാനത്ഥാൻ വ്യാഖ്യാസാമ'. ഇതു ഉത്തരതന്ത്രം അതിൽകൂട്ടിച്ചേർത്തപ്പോൾ എഴുതിയതായിരിക്കണം. മൂലകൃതിയിൽതന്നെ ഈ വാക്യം ഉണ്ടായിരുന്നു എങ്കിൽ കൃതി ആറായി ഭാഗിച്ചിരിക്കുന്നു എന്നല്ലാതെ അഞ്ചായിട്ടാണെന്ന് അനുക്രമണികാദ്ധ്യായത്തിൽ പ്രസ്താവിക്കുവാൻ കാരണമുണ്ടായിരുന്നില്ല. ഇതിന്നും പുറമേ ഉത്തരതന്ത്രത്തിൽ ഒരു പ്രത്യേക മുഖവുര ഉള്ളതായും കാണുന്നുണ്ട്. അതിൽ ആ തന്ത്രം ഋഷിമാരുടെ കൃതികളും മററും അടിസ്ഥാനമാക്കി എഴുതിയതാണെന്നു ഗ്രന്ഥകൎത്താവ് പറഞ്ഞിരിക്കുന്നു. അതിനാൽ ഈ ഭാഗം ആദ്യം ഉണ്ടായിരുന്നില്ലെന്നുതന്നെയാണ് ഊഹിക്കേണ്ടത്. ഉത്തരതന്ത്രം വിട്ടാൽ ശസ്ത്രക്രിയതന്നെയാണ് ഇതിലെ മുഖ്യവിഷയം. മേൽപ്രസ്താവിക്കപ്പെട്ട രണ്ടു കൃതികളുടേയും സ്വഭാവം നോക്കുമ്പോൾ വൈദ്യന്മാർ രണ്ടു വിധമായിരുന്നു എന്നു വിശദമാവുന്നുണ്ട്. ശസ്ത്രക്രിയക്കാർ അല്ലെങ്കിൽ ധന്വന്തരീസമ്പ്രദായക്കാർ എന്നും കായചികിത്സക്കാർ എന്നും രണ്ടു തരക്കാരായിരുന്നു. കവിരാജ ബ്രാജേന്ദ്രഗുപ്തഃസനൻെറ അഭിപ്രായത്തിൽ ഈ ഭാഗം ചരകൻെറ കൃതിക്കു മുമ്പു ഉണ്ടായിട്ടുള്ളതായിരിക്കണമെന്നു കാണുന്നു. ചരകൻെറ കൃതിയിൽ ശസ്ത്രക്രിയ ചെയ്യേണ്ടതായിട്ടുള്ള ഘട്ടങ്ങൾ വരുമ്പോൾ ആ വിഷയത്തിൽ പരിജ്ഞാനമുള്ളവരെ ചൂണ്ടിക്കാണിക്കുക മാത്രമേ അദ്ദേഹം ചെയ്തിട്ടുള്ളൂ. 'തത്രധന്വന്തരീയാനാം അധികാഃ ക്രിയാവിധൌ വൈദ്യാനാം കൃതയോഗ്യാനാം വ്യധശോധനരോപണേ' (ചരകം). അതുകൊണ്ട് 'ചികിത്സിത' വിഷയത്തിൽ ചരകൻെറയും 'ശസ്ത്രക്രിയാവിഷയ'ത്തിൽ സുശ്രുതൻെറയും കൃതികൾ പരസ്പരം പഴമകൊണ്ട് മുമ്പിട്ടു നില്ക്കുമെന്നാണ് ന്യായമായി അനുമാനിക്കുവാനുള്ളത്. ശല്യം, ശാലാക്യം, കായചികിത്സ, ഭൂതവിദ്യ, കൌമാരഭൃത്യം, അഗദതന്ത്രം, രസായനതന്ത്രം, വാജീകരണതന്ത്രം ഇങ്ങിനെ എട്ടു ഭാഗങ്ങളിൽതന്നെ ഈ കൃതി ഇപ്പോൾ കാണുന്നു. അതിൽ അടങ്ങീട്ടുള്ള സംഗതികൾ ആയുൎവ്വേദത്തിൻെറ ഭാഗങ്ങൾ വിവരിച്ചപ്പോൾ മുമ്പു പറഞ്ഞിട്ടുണ്ടല്ലൊ. അതിനാൽ ആ മൂ

ലഗ്രന്ഥത്തിൻെറ ചുരുക്കമെന്ന് ഈ കൃതി എന്ന നിസ്സംശയം പറയാം. ഈ പ്രമാണഗ്രന്ഥത്തിന്മേൽ പാശ്ചാത്യവിദ്വാന്മാ‌ർക്കുള്ള അഭിപ്രായത്തെപ്പററി വഴിയെ അല്പം പ്രസ്താവിക്കാം.

കെ. എൻ. എം.

മലയാംകൊല്ലം

തുലാമാസം

1

സേവിച്ചിടുന്നവരവികാലകരൻതുലാത്തെ രാവിന്നഹസ്സൊടധികംശരിയായിടുന്നു [ക
രവിൻെറനാഥനെന്നല്ലൊരുബന്ധുവായി മേവുന്നവക്രൂരചിശാലിനി! കണ്ടുകൊൾക

2

ചേണാർന്നകന്യയൊടുചേർന്നുചിരംതെളിഞ്ഞു വാണാരവാസരപതിയ്ക്കുഹിമനീചഭയെ
കാണുന്നവാസരമഹേന്ദ്രദിശയിങ്കൽനിന്നു താണീട്ടുമാറിതകന്നുവരുന്നുകാണ്ക.

3

കന്യാമിഷംഗമൊട്ടുവാണസരോജബന്ധു പിന്നെത്തുലാധിഗതനായ്വുകമൂലമിപ്പോൾ
നന്നായ് ബലക്ഷയവുമുണ്ടതിനീചനായി ട്ടുന്നണകുംകയിസരോജവിരോധിനേത്രേ

4 [വൻ

തേജസ്സുകൊണ്ടതുലനെന്നുജഗൽപ്രസിദ്ധൻ രാജിച്ചകന്യയൊടുചേർന്നുതെളിഞ്ഞതാമേ
തേജസ്സപാരമതുനാളുചിലവായൊരർക്കൻ വ്യാജംവെടിഞ്ഞുതുലയൊത്തുചമഞ്ഞിടുന്നു.

5

നീചത്തിലായ്നിലതമേറിപുവാരെവിഷ്ണു മോശത്തിലായ്ബലമതുഗണിച്ചിടുമ്പോൾ
ക്രൂരാത്തെക്രൂരികളിനോടതിവർണ്ണ്യസാമ്യ മേല്ലാംലഭിനപ്രജമൂയന്നലവുന്നപാരം.

6

ചാരുശ്രീതന്നിലിഹപങ്കജബന്ധുളായം നേരാസ്ഥലന്നോരുസഹസ്രകരൻദിനേശൻ
പാരാതമുത്തിയൊരശേഷമുയൻവന്നു ചേരുന്നുമേഘകളുംകതങ്ങളനബലത്താൽ

7

ദേവൻതമമേറിപുലിവാകരനസ്തമിപ്പാൻ മേയിച്ചിടുമ്പോളധുനാതിമിരപ്രജങ്ങൾ
ആവോളമുല്ലൂടരവങ്ങളുംമുഴക്കിവേഗം ചാവിള്വിച്ചുവിലസുന്നുഘനങ്ങളായി.

8

ദേവാരിലോകഗുരുതൻഭവനേകടന്നു ദേവോത്തമൻതരണിട്ടുച്ചനീചനായി
രവിങ്ങട്ടുത്തുസുരവൈരികളുത്ത്രദ്ധോരാ രവങ്ങളുംചെയ്തിതഘനാഘനബലത്താൽ.

9 [കാരം

ചേമല്ലൂണകന്യയൊടുചേർന്നുതെളിഞ്ഞുവാണൊ രർക്കൻെറസൽഗുണയുമെറയുംപ്ര
ഷ്ഷീതിസഞ്ചയമിതംഘനമാര്യൻ ഭിക്കെക്കയെദിനെമുഴക്കിവളർന്നിടുന്നു

10

ലോകങ്ങൾകന്നിവരേവറിഹചുട്ടുചുട്ടു പാകമ്മുഴുത്തുവെള്ളരുച്ചലമായ ഭഖിക്കം
ശോകത്തൊടിങ്ങിനെജഗത്ത്രയനാഥനായ പാകാരിപാത്തുജലമൊഴ്മയച്ചിടുന്നു.

11

ഇങ്ങപ്പുറത്തുമുഴവൻപകൽവേനലേററ മങ്ങപ്പുറത്തുമുഴവൻവാല്യതായവർഷം
മങ്ങാതെചേൎന്നിവഗ്ഗുണംകലൎന്നപാരം ഭംഗ്യാകരിങ്കുഴലണിപ്പൂമുല്ലമാലെ!.

12

പ്രാരംഭചണ്ഡദിവസനാഥനനഷ്ടമായ നേത്രാറന്തപതിവായ്ദിവസാഖ്യഭംഗം
കാറെന്നവേരെഴുമിരുട്ടുകളാക്രമിച്ചു കേറിപ്പുചക്രതൊട്ടുപിടിച്ചുപറിച്ചിടുന്നു.

13

വെള്ളക്കുഹപ്പതിസദിൽപ്പതിയോട്ടുകൂടി ക്കാഴ്ചക്കെല്ലാമളവില്ലാന്ദ്ധനബ്ബലത്താൽ [ന്നു.
കാഴ്ചക്കുതോരണമണിഞ്ഞഥഘോഷമാക്കാൻ തീച്ച്യക്കുനല്ലോരിടിയാംവെടിവെച്ചിട്ടു [ത്തിൽ

14

അത്യുഗ്രവീൎയ്യകരനാംഹരിപൂൎവ്വശൈല മൊത്തംബരസ്ഥലവനംവഴിയായ്ജവ
അസ്തത്തിലെത്തുമളവിങ്ങിരുളെന്നുചൊല്ലും മത്തദ്വിപങ്ങളിതവന്നുനിറഞ്ഞിടുന്നു.

15

ക്ഷീണിച്ചഭാസ്കരനെയങ്ങുപിടിച്ചുകൊണ്ടല്ലാണെന്നുചൊല്ലുവിരുൾകൂട്ടരീചിയെല്ലാം
ചേണാൎന്നൊരമൃതൽതെളിഞ്ഞിതമിന്നലായി ക്കാണുന്നതെല്ലിടചിലപ്പൊളിതിൽജ്ജന [ങ്ങൾ.

16

പാരംതഹോപകലൃതന്നെഘനാന്ധകാരം പാരാകവേനിറകെകൊണ്ടുജഗത്തിനെല്ലാം
നേരായ്ദിനാധിപതിഭാസ്കരനസ്തമിക്കന്നേരംഗ്രഹിപ്പതിനുദുൎഘടമായിടുന്നു.

17

ഘോരപ്രതാപനിധിയായദിനേശനേയും ചാരംപിടിച്ചുടനൊതുക്കിയമേഘവൃന്ദം
ചേരുന്നനേരമസിതാംബുദവേണി! ചന്ദ്ര താരങ്ങൾതൻകഥകഥിപ്പതിനെന്തിരിപ്പൂ?

18

കൊള്ളാംപയോധരസമൃദ്ധിയിതംബരത്തെ കള്ളംവെടിഞ്ഞഖിലമേററമൊതുക്കിടുന്നു
ഉള്ളിൽചിരിക്കമളവംബരമോട്ടുമാറു തുള്ളുംപയോധരവശീകൃതവിശ്വലോകേ

19

മിന്നുന്നതീപ്പൊരികൾനല്ലിടിമിന്നലായി ച്ചിന്നുന്നുകൊണ്ടതിനിരയാംപുകയങ്ങുമിങ്ങും
ഒന്നായ്മുഴങ്ങിയിടിയാംവെടികേട്ടിടുന്നു നന്നായ്മഹോത്സവമിതാംകഴിയുന്നുവിണ്ണിൽ

20

വററിത്തുടങ്ങികിണറുംകുളവുംഭുജിപ്പാൻ വററാക്കുമൊന്നുമിനിമേൽകിടയാതെയാകം
കൊററിന്നുവേണ്ടതുകൊടുക്കുവിനെന്നുശക്രൻ തെററന്നയച്ചജലദങ്ങൾവിളങ്ങിടുന്നു.

21

വല്ലാതെമൂടിവിലസുന്നിതുനോക്കിടുമ്പോ-ളെല്ലാംകനക്കമസിതാഭ്രഗണത്തിനാലെ
കല്യാണിഭംഗികലരുംഗഗനസ്ഥലന്മിന്ന- ലില്ലാതെയില്ലൊരിടവുംഗഗനത്തിലെങ്ങും.

22

കേടററിടുന്നിടിമുഴങ്ങുകയില്ലിതൊച്ച കൂടുന്നമദ്ദളമടിച്ചുമുഴങ്ങിടുന്നു
ആടുന്നുസൎവ്വജനദൃഷ്ടികളുംപ്രമോദം തേടുന്നതിന്നിതമടിനാടിഭംഗിയോടെ.

23

തന്മേഘവേണിയിലിടയ്ക്കിടിമിന്നലാകും നന്മാലയഞ്ചിതമുടൻതെളിയാതെവീക്ഷ്യ
ഇമ്മട്ടുവൃഷ്ടിനവലക്ഷ്മിപുറപ്പെടുന്നു നന്മാലപോൎകഴലിലൊപ്പൊഴുമുള്ളകാന്തേ.

24

ഏറുന്നനീരൊട്ടുമയാദ്രിയിൽനിന്നുചാടി ക്കേറുന്നനിമ്നഗകളന്തടിവൃക്ഷത്തട്ടി
ഘോരാരവങ്ങളുടനങ്ങിനെചെയ്തിടുന്നു പാരംഭയത്തൊടിടിവെട്ടിടുമെന്നപോലെ.

25

പൊട്ടുന്നുചണ്ഡതരവാതമണഞ്ഞിടുന്നു പൊട്ടിഘനാദ്രിശിഖരങ്ങൾതെറിച്ചിടുന്നു
ചട്ടറ്റശബ്ദമൊടുതമ്മിലവറ്റകൂട്ടി-മുട്ടിത്തടിന്മയമഹാഗ്നിപുറപ്പെടുന്നു.

26

ത്രൈലോക്യമാസകലവുംതെളിയിച്ചിടുന്ന-ല്ലാലോകമുള്ളൊരുവിളക്കുസരോജിനീശൻ
കോലാഹലത്തൊടുവരുംവലുതായകാറാ-റാലോലപത്മമിഴിതാണിതകെട്ടിടുന്നു.

27

അഭ്രവ്രജത്തിനതിവേഗമൊടറ്റമെങ്ങും വിഭ്രംശമേകിയണയുന്നകഠോരവാതം
അഭ്രംസപത്രമുടനെബ്ഭൂതമൊടു ന്നു സർപ്പങ്ങളുള്ളജലരാശിയിലിട്ടിടുന്നു.

28

അറ്റംവെടിഞ്ഞഗുണമാമമനന്തരത്താ തെറ്റന്നുതന്നൊടിഹചന്ദ്രലവിൽസമുദ്രം
കാറ്റേറ്റുകോളിളകികൊന്നൊരുനാട്യവുംപൂ-ണ്ടേറ്റംരസിച്ചുടനെതുള്ളിമറിഞ്ഞിടുന്നു.

29

അത്യുച്ചമായമരമേറിയവല്ലിതൻനൽപ്പുത്തൻപ്രസൂനഗണമിങ്ങുകൊഴിച്ചുകൊണ്ടും
ഇത്തവ്വിലഭ്രനികരത്തെവലിച്ചുലച്ചു മെത്തുന്നുചണ്ഡപവനൻപവനാശവേണി.

30

ആകെപ്പയോധരഘനാവലികാറ്റെടുത്തു പോകുന്നുപിന്നെയുമതദ്രിനെപൊങ്ങിടുന്നു
മാഴ്കാതെവാതഗതിനിർത്തിടുമുച്ചശൈലം കൈക്കൊപ്പിടുംഘനപയോധരഭാരനമ്രേ.

31

ചട്ടറ്റതോടുപുഴകൂപതടാകമെന്നു തൊട്ടുള്ളവറ്റകളിൽനിന്നുഘനവ്രജങ്ങൾ
കട്ടൊരുവെള്ളമിടികൊണ്ടുരവംമുഴക്കി പ്പെട്ടെന്നുവർഷമിഷമോടിതവിട്ടിടുന്നു.

32

മെല്ലന്നുശീതജലമുഷ്ണകരൻകരത്താൽ തെല്ലിങ്ങുകന്നിയിലെടുത്തുപരംതുലാത്തിൽ
വല്ലാതെകണ്ടബലനായതൊഴുക്കവൻകെ-ല്പില്ലാതെസർവ്വമുടൻമഴയാക്കിടുന്നു.

33

കഷ്ടിച്ചുപാതിയിഹകന്നിയിലുഷ്ണരശ്മി വൃഷ്ടിവ്രജംജലമൊടുക്കിയകാരണത്താൽ
പുഷ്ടിക്കസന്ധ്യതിതുലാധരനായകാലം വൃഷ്ടിച്ചുലത്തൊടിതതേവിവിടുന്നുവെള്ളം.

34

ഘോരാതപത്തിൽമഹിവെന്തിളകുന്നിതന്നിൽ പ്പാരാതെലക്ഷ്മിയതിനാലിനിവാഴ്ക[യില്ല
നേരായിതോർത്തുകരുണാംബുവൊഴിച്ചു മേഘനാരായണൻകുളിർമമന്നിൽവരുത്തിടുന്നു.

35

മാവേലിമാസയുഗളത്തിലടുത്തുമുമ്പിലാവോളമിങ്ങുവിളയാടിയതാർത്തുനിത്താൻ
ശ്രീവാമനൻഘനമിഷാൽമുതരുന്നുവർഷ മാവില്ലതംഘ്രികഴുകിച്ചജലപ്രവാഹം.

36

കള്ളംവിനാപവനവേഗവശാലുയർന്നു വെള്ളംതരുന്നജലദങ്ങൾവിരാമമെന്യേ
വെള്ളത്തിനൊക്കയുമൊരീശ്വരനാംസമുദ്രം തുള്ളിക്കളിച്ചിതരസിച്ചുവിളങ്ങിടുന്നു.

37

മന്നായ്ഘനങ്ങൾചൊരിയുംമഴകൊണ്ടുവേഗാൽ നന്നായ്ക്കുടിച്ചുതനവൊത്തൊരുതള്ള[പോടെ
വന്നെത്തിടുംനദികളോടിടചേർന്നുമോദം കുന്നിച്ചുതുള്ളിമറിയുന്നനദീശനിപ്പോൾ.

38

ധാരാളമാക്കിണറിലൊക്കനിറഞ്ഞുപൊങ്ങി നീരാകയാലഗുണവാനമതിങ്ങെടുക്കാം
ധാരാളമാംവെയിലതിൽക്കിവകിട്ടുമാകും നേരായ്സുഖല്ലഭതരംഗുണസാഖ്യമല്ലോ.

39

കള്ളവേിനാകടവലിഞ്ഞൊരുമൂണ്ടകൻ ച ന്റളോ കണ്ണമഖിലരെ സ ണ്ണ മായി
കൊള്ളാതുലത്തിൽമഴ, മൊ സപ്രയോഗാ മുള്ളംനിറച്ചുലകലിക്കമുഖേശിഖ

40 | കൾ

ആക്ഷേപമാംവറവു കൊണ്ടിനിയെന്നവെള്ളം സൂക്ഷിച്ചിട്ടുന്നചിറകെട്ടിയുടൻകൃഷി
വീക്ഷിച്ചിട്ടുന്നവർകൾ തങ്ങടെയുള്ളിലാക്കി സൂക്ഷിച്ചിട്ടുരസമയാകൃതിഹാവഭാവ.

41

മെല്ലത്തപിച്ചിഹ തടച്ചുജലാശയങ്ങൾ വല്ലാതെവാച്ചജലപുഷ്ടികൾകൊണ്ടിദാനീം
എല്ലാററിന്ന ജഗതിപ്പഴയസമങ്ങൾ കൊണ്ടങ്ങെല്ലാസമുദ്രശക്തൽക്ഷയമായിവ

42   [ക്രൂ

നീരേററമായുലകിൽവന്നുനിറഞ്ഞിട്ടുന്നു പാടെ തടച്ചവകളത്രതടിച്ചിട്ടുന്നു.
പാരാതെ കണ്ടുകയിപ്പുനന്നവത്രപമായി ത്തിൻതന്നലോകമഖിലം തെന്ന ശാന്ത്രിയാമ്ല.

43

പള്ളിക്കരപ്പുണ്ണമിങ്ങുചാറിട്ടുമാഴി സ്കൂള്ളിൽക്കിതക്കമൊത്തതൻപതിപത്മനാഭൻ
ഉള്ളത്തിലെന്നകഥതിക്ഷിതികോരിവിട്ടും വെള്ളത്തിനാഴപ്പലിൽനന്മവസതിട്ടുന്നു.

44

എങ്ങുംകൃഷിക്കുചിതമാംപടിവെള്ളമേററം തിങ്ങുന്നവനലിലൃതമാമയൊട്ടങ്ങിടാതെ
ഭംഗ്യാമനോജ്ഞവള്ളംവിളയുംപ്രകാരം ശൃംഗാരസാരനപ്പൂത്തിയൊടാത്താന്തം.

45

മെല്ലക്കൃഷിക്കവളമാകിയവെള്ളമിങ്ങു വല്ലാതുടൻപള്ളികലഞ്ഞിവനുവേഗാൽ
മല്ലായുധൻറവളമായസന്നിറഞ്ഞ കല്യാണരുഷ്ടികളില ഞാനമുള്ളകാന്തെ.

46 | നിന്ന്

മാനത്തിൽനിന്നഗിരിവൃക്ഷഗൃഹങ്ങളിൽത സ്ഥാനത്തിൽനിന്നധരയിൽധാരതന്നിൽ
ഹാനിന്ദ്യപങ്കമൊട്ടുചേന്നിഹതാണഭിക്കിൽ താദൃനജലൌഘമിതചെന്നവസിച്ചിട്ടുന്നു.

47

കേടായ്ദ്രവിച്ചുപലദിക്കിലുമോലമേഞ്ഞ വീടൊക്കെയകമേപിചോന്നനഞ്ഞിട്ടുന്നു
കോടിക്കൽപാച്ചുംമുകരക്കനിറഞ്ഞുനീർപോയിട്ടുന്നഭാഗികൾവഴിഞ്ഞൊഴുകുന്നതാമ

48   [ഗ്രി

തെററന്നുചാന്തുപൂരത്തിനിൽനനഞ്ഞൊപിച്ചോ രററത്തിൻതന്നചിലച്ചുമർവിറച്ചിട്ടുന്നു
കററവെടിഞ്ഞുഴുകചെന്നൊഴുകുന്നമെയ്യാൽ മാവുള്ളവക്ഷമടനജനനേകമായ്പ്പ.

49

ഓടിട്ടനൽപുരകൾതന്റെപുറത്തുവീണു കൂട്ടംജവത്തൊടുജലം ബഹുശബ്ദമോടെ
ചോടാകവെപിളനമാറിതവന്നുകത്തിച്ചാട്ടുന്നുകാമശരജിതകാമിപിത്തെ.

50

കോലാഘ്നന്നെയുമറിതതൻകരത്താൽ കോലാഹലത്തൊടിറവെള്ളമടിച്ചിട്ടുന്നു
ബാലാളിസപ്പമലിയുമ്പടിസാധുനാനാ ലീലാരസങ്ങളിഹകേളിയാഴിക്കമാണ്ടു.

51

സ്ലിഘതപവുംമധുരമാവവുമൊക്കവാൻവ ന്നെത്തുന്നമൂടിയൊരുമേരതടത്തിൽവെള്ളം
മുത്താലിയായ്കൃഷിവരപ്പലത്തുക ണൊരുഘ മത്ത്യാഭചേത്തണിയുമുത്തമഗാത്രിയാമ്മ.

52

ചാളിച്ചിട്ടുന്നമഴയാൽമലയാളമെന്നു കാളാംബുദങ്ങൾപരമേശമതല്പമാത്രം
നാളീകബാണനിതരാം ഗ്നമാടിലൊറ ചാളിസ്കൂയാലധികകേളികലന്നകന്നേ

53

കാറൂതിവന്മഴവരുമ്പോഴതിൽചാടിപ്പാൻ തെറ്റെന്നുപോയവർതിരിച്ചുവരായ്കമൂലം
ചെറമ്മമാർവഴിയിലങ്ങിനെകൺപതിച്ചു മിററത്തിറങ്ങിയുടനേററമുഴന്നിടുന്നു.

54

മാക്കാനവന്നമഴയാൽക്കടകത്തിലില്ലാ ഞാൽക്കന്നലോകരതുകൊണ്ടുവിറച്ചുമാറ്റേ
കാക്കാശിതാംഗരിപെടാത്തവർമാരിയെല്ലാം പോക്കെന്നപോലെശിവകൊണ്ടുവിറച്ചി [ട്ടുന്നു.

55

പെട്ടെന്നുകത്തുമതിശീകരവൃഷ്ടിയാകും മട്ടുള്ളകാറുകൾമഹാജലവർഷങ്ങളെ
ഞെട്ടിച്ചിടുന്നടിയിരട്ടിവയുള്ളരാവി തൊട്ടേറനന്നവൃഥലസ്തനിരന്നിളീര!

56

മാനകുമരിയമഹാഗജമായമേഘ മൂനംവിനാമലകൾതന്നിൽവിടുന്നവെള്ളം
സ്ഥാനത്തൊഴുക്കിനെതിരായവഴക്കൽചേർത്തി ട്ടാനപ്പണിക്കടനെളുപ്പമണച്ചിടുന്നു.

57

ഉംഗതമാന്ധരണീധരസംഘയങ്ങ ളിങ്ങോത്തിടുംബഹുലജീവനസംഘയത്തെ
മങ്ങാതെഭൂമിയിലശേഷജനോപകാര മങ്ങാകവാസടനെതന്നെകൊടുത്തിടുന്നു.

58

ചേരവിധംകുടവിരിച്ചുപുതപ്പിതൊന്നും ചേരാതെയുള്ളഗിരിവാസികൾമാരിയാലെ
പാരംപറച്ചുമവൃന്ദലമപ്പവന്നു തിരെത്തണുപ്പുകളുയുംകുളിർകൊങ്കയാളെ.

59 [ത്ത്യ

വെള്ളംഹരന്റെതലയിൽസലിലെത്തനത്തിനുള്ളത്തിൽനാന്മുഖനിരിപ്പുഹരിയ്ക്കുന്നി
പള്ളിക്കുറുപ്പുകടലിൽഭുവിസസ്യവൃദ്ധി വെള്ളത്തിനാൽമുഴവനിജ്ജലവൃഷ്ടികൊള്ളാം.

60

എന്തുംമദത്തൊടുസരസ്സുകളിൽക്കിടന്നു നീന്തിക്കളിച്ചുടനെകൊമ്പുകളിട്ടുതല്ലി
ചന്തുരസേനമഹിഷങ്ങൾവിളങ്ങിടുന്നു മന്തകലൻവിലസുംകള്ളങ്ങൾപോലെ.

61

പട്ടിക്കകന്നിവൃഷഭത്തിനകംഭമാംസം ചട്ടററപോത്തിനതുലാമഭകുലമേവം
നാട്ടിൽപ്രിയെപലതിനപലതാംസപാമാവം കോട്ടംവിനാസ്മരമഹാമദനിത്യദാത്രി

62

കന്ദങ്ങളിൽപെരിയമുമ്പുലരിച്ചചെന നന്നാസ്സളർന്തരുണിസ്തനതുല്യമായി
മന്ദംതൊട്ടുന്നളവില്ലല്ലാടമായിത്തൊലിക്കാ നന്ദംവളക്കമതുലസ്തനമുള്ളകാന്തെ.

63 [ചോലയെ

ഉന്നതവെടിഞ്ഞഖിലത്തനവിൽപിരണ്ടാൽ സ്നാനാദിചെയ്യുകളുയുംചളിയാണേ
ചേനക്കചേച്ചു മൃഗനാഭിരസരേചിച്ചു പീനസ്തനങ്ങളിലണിഞ്ഞിടുമുത്തമാംഗി.

64

ബാചാംഗനാകുലകൾപോലെയുരങ്ങമേ ന്യ കാലപറിച്ചതുജനങ്ങൾക്കുഴിച്ചിടുന്നു
ശിലിപ്പുതിപ്പുമിലർക്കുക്ക,പെണ്ണുമന്നു കാലിന്റെവിത്തുകൾനിനച്ചാലുപ്പുമൂലം.

65

എപ്പാടയുംസുഭഗമ ന്വടിമൂടുമാറു പൃപ്പാണ്ടുപാച്ചുവിലസുന്നധരിത്രിയിപ്പോൾ [ലെ
വല്ലാതതാമിമഴയിൽവന്നണഞ്ഞു ത്തപ്പാൻ വില്ലിസുകൊണ്ടൊരുപുതപ്പുപുതച്ചപോ

65

പൃപ്പാകയില്ലജലവൃഷ്ടിയിൽവന്നപച്ച-കല്ലന്തനമിതുകാണ്കതിശോഭയോടെ
ചൊല്ലാന്തതാമഴമംബുധിതന്നിൽനിന്നി-ട്ടുല്ലോലഘനങ്ങളിലെവെള്ളമെടുത്തിടുന്നു.

67

ആയുർബ്ബലമ്മുതലായ്ഗുണങ്ങൾ തരുന്ന താന്നുള്ള ദിവ്യബ്രഹ്മാഗ്നിയും മെഴുകുമ്മുതലായ്ത്തെ
ന്യായത്തിൽനല്ലമാമകഗോനിവഹത്തിനുള്ള കായസ്ഥാതിപ്രേമമഹോത്സവമത്രസാരം

68

ചേരേണമെട്ടുഴകിനോടിഹചേർന്നുവെന്നാൽ നേരാനന്ദകരംവരാത്തൊരുവസ്തുവുണ്ടോ
പാരാതെകണ്ണകപശുതിന്നൊരുപുല്ലുപാലായ്ത്തീരുന്നസന്ത്രതിമഷീപരിഭൂഷിതാക്ഷി.

69

മെല്ലെപ്പശുക്കളിഹപെറ്റുതുടങ്ങിനാട്ടിലില്ലൊട്ടുമേകുറവുപുല്ലിനുമംബുവിനും
വല്ലാതെവിത്തവിടെട്ടുതിട്ടുവാൻകുഴക്കാതെല്ലപ്പിവക്ഷ്യപൃഥുലസ്തനഭാരതാന്തെ.

70 [ലം

ഉരംകൊണ്ടുപായുടോടുതടിച്ചിട്ടുള്ളപയ്യുകൾ ചിക്കെന്നുകുട്ടികളുണ്ണുകുടിച്ചിട്ടുമ്പോൾ
ഉൾക്കണ്ണേയോടവകംതന്നുടലൊക്കനന്നായ് നക്കുന്നുബാലപരിലാളനലോലശീലേ.

71

കേടററപാൽവയർനിറച്ചുകുടിച്ചുതുള്ളിച്ചാടിക്കളിച്ചുചെറുകുട്ടികളോടിടുമ്പോൾ
കൂട്ടന്നൊരിഷ്ടമൊടുകണ്ണുപശുക്കളെപ്പോ മോടുന്നസൽഗുണവശീകൃതസർവ്വലോകേ.

72

ചാടിക്കളിച്ചുതിരസാത്തൊട്ടുവാലുപൊക്കി യോടുന്നതങ്ങളുടെകുട്ടികളെസ്സമംപി
കൂട്ടനാകെതുകരസത്തൊടുനോക്കിടുന്ന മാടിൻഗണത്തിനിടയിൽപ്പിഹതിന്നുവാനം.

73

മഞ്ഞപ്പൊമോടുടലിൽമഞ്ഞൾപുരട്ടിതേച്ചും മഞ്ഞപ്പിലാവിലകൾകൊണ്ടുജലംകൊടുത്തും
സഞ്ജാതകൗതുകരസമൊടുതുലാംകുളിച്ചു കഞ്ജാക്ഷികണ്ണുവിലസുന്നിതുപെൺകിടാങ്ങൾ

74

കന്യാജനങ്ങളുഴകോടുതുലാംകുളിച്ചു മിന്നുന്നമഞ്ഞനിറമാകിയമേനിയോടെ
നന്ദിച്ചുകണ്ണമവർനന്മിഴിമഞ്ഞളിപ്പി ക്കനല്ലകാന്തികലരുന്നശുഭഗാത്രിയാളെ

75

ചന്തംകലർന്നുവിലസുന്നതുലാംകുളിക്കു മന്ത്രങ്ങളുണ്ടുപലമാതിരിഗാനമായി
എന്താണിതിന്റെഫലമെന്തിതിനുള്ളമൂലം ചിന്തിക്കസർവ്വവനിതാകുലമൂലഭൂതേ

76

ഏഴണ്ടുപാൽമണിമയക്കിണറങ്ങുതൃക്ഷ്ണ-ഴണ്ടുപാൽമതിലകത്തിറവുതെളിഞ്ഞി
താഴാത്തതത്സമമൊടിങ്ങിനെപാടുന്നു ഏഴുപ്രകാരമേറിയ പെൺകിടാങ്ങൾ.

77

ചട്ടറ്റതണ്ടമുറിപപ്പടമന്നനാടം ഉപ്പെട്ടുള്ളതങ്ങലരസാലിവതൻപ്രയോഗം
പെട്ടെന്നുപാൽപ്രഥമനുത്തമിതൊത്തൊരാറ്റുത്തു കൊട്ടിൻകലാശമിവിടെക്കഴിയുന്നകാ

78 [ന്തേ

ദേവാളിരാജനിഹതൻമുതൽവാരിവർഷിച്ചാറാളുമുളുവിസുഖേനിവിടെലക്ഷ്മികേ
ദീവാളിയായ്മുതലൊടുങ്ങിയടങ്ങവർഷം ദീവാളിയെന്നുപറഞ്ഞിടുന്നു.

79

തണ്ടാർമകൾക്കടയവന്നരകാസുരന്റെ കണ്ഠംമുറിച്ചുതുടച്ചതിരന്നിലത്രെ
കണ്ണേതമൈ്വപരമോത്സവമാചരിച്ചു കൊണ്ടാടിടുന്നവരതിരിയുളിന്നുമന്നാൾ.

80

തൈലത്തിലൊന്നുമലർമാതമരുന്നകാര്യം കാലത്തിലന്നുസുരസിന്ധുജലന്നിലൊക്ക
[illegible]

81 [ന്ന

ആവോളമെങ്ങിനെമഹോത്സവഘോഷമോടെ മാവേലിയോണമിവിടത്തിൽ നടന്നിട്ടു
ദീപാളിയങ്ങിനെനടന്നുവരുന്നതെന്നു-ലാവൊത്തമന്ദഹസിതെ പരദേശനാട്ടിൽ

82

ശ്രീവന്നുവാണ ഭൂമിമലയാളനാട്ടിൽ ദീപാളിയെന്നൊരടിയന്തരമില്ല മുമ്പിൽ
ആവോളമിങ്ങു പരദേശിനിഞ്ഞു. വന്നു ദീപാളി, കായസുഷമാഞ്ചിതകഞ്ചുകാഢ്യേ

83

ദീപാളിയങ്ങിനെകഴിഞ്ഞൊരുശേഷമിങ്ങു മേവുന്നവർക്കു ചിലവിന്നു ചരക്കനേകം
ആവോളമേന്തിയഥകപ്പൽവരുന്നു ഹാവ ഭാവാദിസദ്ഗുണധനാക്ഷയപാത്രഗാത്രി.

84

കാലാനുരൂപമിഹകോളിളകീട്ടു ചെന്നു കോപം പലങ്ങളെ വെടിഞ്ഞ മഹാർണ്ണവത്തെ
ചേലായണിഞ്ഞു ബഹുകപ്പൽവരുന്നു നാനാ ലീലാവിലോലകബരീഗളിതാഗ്രമാലേ.

85

ശീമച്ചരക്കിനിഹനന്ദവർഷപ്രകാരം ക്ഷാമങ്കുറഞ്ഞ ഭുവി സട്ടകളുതന്മനസ്സിൽ
ആമോദമൊഴുകിയിൽ വിണ്ണിളവായുസിന്ധു ശീമപ്രയോഗമഴകാവിധമാഗമെത്തി.

86

കാണുന്നമാസമിതിലുല്പ്രധാനശേഷ മോണത്തിനായതഴകോട്ടഭുജിക്കയല്ലാം
ചേണാർന്നിടുന്നടളുടങ്ങിയസാധനങ്ങളെണ്ണം കുറച്ചു ധനസുതനേകുകയാണതല്ലോ.

87

മെല്ലെക്കളി കുറിയിട്ടു തെറിഞ്ഞുടുത്തു കല്യാണകാന്തിയൊടണിഞ്ഞൊരു പെൺകിടാ
ചെല്ലാന്നിടുംഗണപതിക്കു പടലന്നകമ്മ മെല്ലാം ചുടങ്ങുകള്ളമൊത്തുനടത്തിടുന്നു [ങ്ങൾ

88

ചട്ടറ്റതെങ്ങുമലർനല്ലടയപ്പമെന്നു തൊട്ടുള്ള സാധനഗണം ഗണനാഥനായി
കട്ടിക്കു ഭൂമഹിമാധിഹകാഴ്ചവെച്ചു പൊട്ടുന്നനേകവിധമായ് സ്തുതിചെയ്തിടുന്നു.

89

കൊമ്പോനുമക്കതിനിവേദ്യത്തിലൊടുങ്ങിടാതുള്ളയ്മ്പപ്പടിക്കവിചുസുന്നൊരുതമ്പുരാ
കമ്പിട്ടുകുന്നൊരടിയാരുടെ സർവ്വകാമസമ്പൂർത്തിചെയ്ക ഗണനാഥനമോ നമസ്തേ. [നെ

90

തുമ്പപ്പൂ തുമ്പമലർ തൊഴുമലർ, മോദകങ്ങൾ, വയ്മ്പിച്ച തങ്ങൾ, പഴങ്ങൾ സിതം,
ഇമ്പകലന്നിവകളെ വെളിയമായ തുമ്പിക്കരത്തിലടിയങ്ങൾ നിരത്തിടുന്നു. [ളുള്ളങ്ങൾ

91

നിൻപ്രാതല്ലൂണൊരു വിധത്തിൽ നടത്തുന്നോരു മുമ്പിൽ ധനാധിപതിയമേതിയായതില്ല.
വയ്മ്പിച്ചപ്പോൾ ക്ഷമനിന്നച്ചടിയങ്ങളെല്ലാം കമ്പിച്ചിടുന്നു ശരണം ചരണാംതളിരം.

92

വിഘ്നങ്ങൾ താനിഹ വിപത്തുകളും തരാൻ മൂലം വിഘ്നാസമൂഹമിതാന്യമോനയിനം
വിഘ്നാധിരാജ ഭവതൻപദമാനകമ്പാ നിഷ്ഠുരതാ ദേശിരിമുക്തനായപ്രസീദ.

93

പ്രത്യൂഹനാശനനിളാന്നനെ, നിന്നിൽ മർത്ത്യർ ഭക്തികലർന്നു ഭജിപ്പോർ
അത്യുത്തമുഖിയൊടു ചൂടു പണ്ണവാക്യസത്യാവെടിഞ്ഞുമൊഴിയട്ടെ - മേശഗണേശം.

94

ആവുന്നമട്ടിലിമ ശത്രുമ വിഘ്നനായ കൈവന്നിടുന്ന ചിന്തകേവലപുണ്യമൂർത്തെ
ഭേദോപഭേദങ്ങളാതികളൊഴിവാനെ സേവിച്ചിടുന്നു ശിവനന്ദനവിശ്വവന്ദ്യ

95

ചൊല്ലുന്നൊരീവലിയസങ്കടമങ്ങു കേൾക്കുന്നില്ലേ സദാമദമെഴാമധിരാധിപാസ്യ
എല്ലാടവുംതവകടത്തിലെഴുന്നവണ്ടിൻ വല്ലാത്തൊരാർപ്പുവിളികൊണ്ടുമുഴങ്ങിടുന്നു.

96

കണ്ണാ കറുത്തവനെഴുംമകനാംഭവാനൊക്കൊണ്ടിടണാകരുണ ഞങ്ങളിൽചെന്നതിന്നായ്
തണ്ടെല്ലുതാണൊടിയുമാറടിയങ്ങൾ കാലു രണ്ടും ചിണച്ചധികമോട്ടമിട്ടുഴന്നു.

97

ഉണ്ണിഗ്ഗണാധിപതിതൻസ്തുതിഭക്തിയോടി വണ്ണം ചമച്ചമൊഴി തിട്ടുടനാനിവേദ്യം
ഖണ്ഡിച്ചിടാതുചിതമായ്ചിചവിട്ടുകുട്ടി പ്പെണ്ണുങ്ങളിപ്പ്രതസമാപ്തിയിലുണ്ടിടുന്നു.

98

കന്നിച്ചൂടൊട്ടുമില്ലാകരിമുകിൽമഴകൊ-
ണ്ടെത്രപശുക്കൾക്കുപുല്ലാൽ
മിന്നുംവണ്ണത്തൊടെല്ലാകയ്യുമുടലിലെളി-
ക്കുന്നുപാകെന്നുമല്ലാ
പിന്നെക്കണ്ണാടിമല്ലാദികൾപലതുമെഴും
കപ്പൽവന്നെത്തിനല്ലാർ
ധന്യശ്രീകൊണ്ടുചൊല്ലാന്നൊരുമണി
തുലാമാസമീവണ്ണമെല്ലാം

മനശ്ശല്യം



ലോകത്തിൽ ജനങ്ങൾക്കു മാനസികമായും കായികമായും പലവിധപീഡകൾ ഓരോ കാരണവശാൽ സംഭവിക്കുന്നതു സാധാരണയാണ്. അതുകൾക്കു ദേശകാലാന്തരങ്ങൾ കൊണ്ടും അതാതാളുകളുടെ ശരീരസ്ഥിതികൊണ്ടും ഏററക്കുറച്ചലുണ്ടായേക്കാമെന്നല്ലാതെ ഒരു രോഗമല്ലെങ്കിൽ മററൊരു രോഗം മനസ്സിനെയോ ശരീരത്തെയോ തങ്ങളുടെ ജീവകാലത്തിൽ എപ്പോഴെങ്കിലും പിടിപെടാതെയുള്ളവർ ആരുംതന്നെ ഉണ്ടാകയില്ല. എന്നാൽ ചില രോഗങ്ങൾ പ്രത്യേകം ചിലരെ മാത്രമേ ബാധിക്കുന്നുള്ളു. ഭവിഷ്യത്താലോചിക്കാതെയുള്ള സാഹ

സപ്രവൃത്തി യൌവ്വനയുക്തന്മാരായ പുരുഷന്മാൎക്കു സഹജമാകയാൽ അവൎക്കു സംഭവിക്കുന്ന ആപത്തുകൾ മററുള്ളവൎക്കു നേരിടുന്നതുമില്ല.

സ്ത്രീകൾ ജാത്യാൽ അബലകളാകയാൽ അവൎക്കുണ്ടാകുന്ന നിസ്സാരമായ ദീനങ്ങൾ ചിലപ്പോൾ കഠിനവ്യാധികളായി പരിണമിക്കുന്നതും നാം കണ്ടുവരുന്നുണ്ടല്ലോ. കുട്ടികളുടെ അവസ്ഥ ആലോചിക്കുന്നതായാൽ അവൎക്കും ചില പ്രത്യേകദീനങ്ങൾ ഉള്ളതായിക്കാണുന്നു. ആ വക ദീനങ്ങൾ പ്രായംതികഞ്ഞ പുരുഷന്മാൎക്കോ സ്ത്രീകൾക്കോ ഉണ്ടാവുന്നതുമില്ല. എന്നാൽ സ്ത്രീ പുരുഷൻ, ശിശു വയോധികൻ, ശക്തൻ അശക്തൻ, ധനവാൻ ദരിദ്രൻ, പണ്ഡിതൻ പാമരൻ, ഉത്തമൻ അധമൻ, എന്നുള്ള മേലു കീഴ നോക്കാതെ സകല ജനങ്ങളേയും ഒരുപോലെ പിടിപ്പിക്കുന്ന ഒരു രോഗമുണ്ട്. അതു മനശ്ശല്യമാകുന്നു. 'ഇത് മഹാ സൈ്വല്ല്യം. ഒരിക്കലും ഒരു സൈ്വരമില്ലല്ലൊ. ഈശ്വരാ! വല്ല വിധേനയും ഈ ഉപദ്രവം ഒഴിഞ്ഞാൽ മതി' എന്ന വല്ലപ്പോഴും മനസ്സിൽ വിചാരിക്കാത്തവർ ആരെങ്കിലുമുണ്ടോ? മനശ്ശല്യത്താൽ നമുക്കുണ്ടാകുന്ന അനൎത്ഥം ഇത്രയെന്നു നാം നല്ലവണ്ണം ഗ്രഹിക്കുന്നില്ല. ഒരു ദിവസത്തെ മനശ്ശല്യത്താലുണ്ടാകുന്ന ക്ഷീണം പത്തു ദിവസം കഠിനമായി ദേഹാദ്ധ്വാനം ചെയ്യാൽകൂടി ഉണ്ടാകുന്നില്ല. 'അദ്ധ്വാനമല്ല ശല്യമാണ മനുഷ്യനെ നശിപ്പിക്കുന്നത്' എന്ന ഇംഗ്ലീഷ പഴഞ്ചൊല്ല് എത്രയോ ശരിയായിട്ടുള്ളതാണ്.

ഇങ്ങിനെ ഏററക്കുറച്ചിലില്ലാതെ സൎവ്വജനങ്ങളേയും ബാധിധിക്കുന്നതായ 'മനശ്ശല്യ'മെന്നത് എന്താണ്? അതു മനോനന്മേഷത്തിന്നു വിഘാതം വരുത്തുന്ന ഒരുവിധം ആന്തരീയ അസ്വാസ്ഥ്യമാകുന്നു. വിചാരിക്കാത്തതായ ഒരു സംഭവമുണ്ടാകയോ, അനിഷ്ടങ്ങളായ വല്ലതും വരുവാൻ ഇടയുണ്ടെന്നു തോന്നുകയോ ചെയ്യുമ്പോൾ നമുക്ക് ഒന്നാമതായി മനസ്സിന്ന് ഒരിളക്കമുണ്ടാകുന്നു. പിന്നെ ഈ ക്ഷോഭത്തിൻെറ കാരണത്തെപ്പററി ആലോചിപ്പാൻ തുടങ്ങുന്നു. ഇങ്ങിനെ ഒരേവിഷയത്തെപ്പററി ആലോചിച്ചാലോചിച്ച് ഒടുവിൽ എല്ലായ്പോഴും മനസ്സിൽ അതേവിചാരമായിത്തീരുന്നു. അധികനാൾക്കുള്ളിൽ ഭക്ഷണത്തിന്നു രുചിയില്ലാതെയാകുന്നു. കളിചിരി ചുരുങ്ങുന്നു. ബന്ധുമിത്രാദികളായുള്ള സമ്പൎക്കം വെറുക്കു

ന്നു.ഏകാന്തവാസം സുഖമോ എന്നുംകൂടി തോന്നിപ്പോകുന്നു. വല്ല വിധവും പകൽ കഴിച്ചുകൂട്ടാം. പക്ഷെ രാത്രിയിലെ അവസ്ഥയാണ് സങ്കടമായിട്ടുള്ളത്. ഉറക്കം വരില്ല. അഥവാ ഒന്നു കണ്ണടച്ചാൻ ഉടനെ ഞെട്ടി ഉണരുന്നു. ക്ഷീണാധിക്യത്താൽ പുലച്ചയ്ക്കു അല്പം ഒരു മയക്കമുണ്ടാകും. എന്നാൽ തങ്ങൾക്കു നേരിട്ടേക്കുമോ എന്നു ഭയപ്പെട്ടതായ സകലത്തേയും ദൃഢീകരിക്കുന്ന സ്വപ്നാകാണുകയും അതിൻെറ അവസാനത്തിൽ ഉണരുകയും ചെയ്യുന്നു. മനുഷ്യന്ന് ഇതിൽപരം ദുഃഖമായിട്ടുള്ളത് എന്താണ്?

വ്യസനംവരുമ്പോൾ തങ്ങളുടെ നിത്യവൃത്തികളിൽ വിമുഖത ഭവിക്കുന്നതും ഇഹലോകവാസം വ്യർത്ഥമെന്നു തോന്നുന്നതും സാധാരണയാണ്. എന്നാൽ മൌനമായിരിപ്പാൻ അധികനാൾ സാധിക്കാത്തതിനാൽ നാം നമ്മുടെ ജോലികൾ ചെയ്തു തുടങ്ങുകയും കാലക്രമേണ നമ്മുടെ സ്ഥിതിക്കു നാം തഴകുകയും ചെയ്യുന്നു. അപ്പോൾ കഷ്ടപ്പാടുകൾ വിചാരിച്ചേടത്തോളംതന്നെ കഠിനമായിട്ടുള്ളതല്ലെന്നും, നമ്മുടെ ഭയങ്ങൾക്ക് അവകാശമില്ലെന്നും ബോദ്ധ്യമാകുന്നതു സ്വാനുഭവമാണല്ലോ. കാലംകൊണ്ടുണ്ടാകുന്ന ഭേദഗതികൾ വിസ്മയനീയംതന്നെ!

ഭൂതകാലസംഭവങ്ങളെ ഓത്തും ഭാവികാലാവസ്ഥയെ ഭയപ്പെട്ടും വൃഥാ മനസ്സിനെ ക്ലേശിപ്പിക്കുന്നതു പരമ വാസ്തവമാകുന്നു. കഴിഞ്ഞുപോയ സംഗതികളെപ്പററി ആലോചിക്കുമ്പോൾ പലപ്രകാരത്തിലും നാം നമ്മുടെ മനസ്സിനെ അനാവശ്യമായി ക്ലേശിപ്പിച്ചിട്ടുണ്ടെന്നു ബോദ്ധ്യപ്പെടുന്നതും മേലിൽ അപ്രകാരമുള്ള മനശ്ശല്യത്തിന്ന് ഇടവരുത്തുന്നതല്ലെന്നു തീച്ചപ്പെടുത്തി ധൈയ്യം ഭവിക്കുന്നതും മനുഷ്യസ്വഭാവമാണ്. പക്ഷെ പിന്നെയും, വിചാരിക്കാത്ത വല്ല ബുദ്ധിമുട്ടും വരുമ്പോൾ മുമ്പേത്തേക്കാൾ അധികം ക്ലേശിക്കുകയും ചെയ്യും.

ഇപ്രകാരം അപാരമായ ബുദ്ധിക്ഷയവും കായക്ലേശവുമുണ്ടാക്കുന്ന മനശ്ശല്യത്തെ ഏതു വിധമാണ് നിവാരണം ചെയ്യേണ്ടത്? ഇതിന്ന് ഉത്തമമായ മാർഗ്ഗം മനസ്സിനെ ഒരിക്കലും അനാവശ്യമായി ശല്യപ്പെടുത്തുന്നതല്ലെന്നുള്ള നിശ്ചയംതന്നെയാകുന്നു. പക്ഷേ ഈ മാർഗ്ഗം പ്രഥമ ദൃഷ്ടിയിൽ അത്ര യുക്തിയുക്തമായി തോന്നുകയില്ലായിരിക്കാം. എന്നാൽ മനസ്സു ശരീരത്തേയും ശരീരം മനസ്സി

ന്റേയും ആശ്രയിക്കുന്നുണ്ടെന്നു പല കാരണങ്ങളാലും ദൃഷ്ടാന്തമുള്ളതിനാൽ, മേൽപ്രകാരമുള്ള നിശ്ചയംതന്നെ മനശ്ശല്യത്തെ നശിപ്പിക്കുന്നതിനുള്ള എളുപ്പവഴിയാണെന്ന് അനുഭവംകൊണ്ടും തെളിയുന്നുണ്ട്. മനശ്ശല്യത്തെ തടുക്കുന്നതിനുള്ള മറ്റു മാൎഗ്ഗങ്ങൾ മനസ്സിനെ ദുഃഖവിഷയങ്ങളിൽനിന്നു നിവൎത്തിപ്പിച്ച് ആഹ്ലാദജനകമായ സംഗീതം മുതലായവകളിൽ പ്രവേശിപ്പിക്കുകയും, ധൈൎയ്യവാക്കുകൾ പറഞ്ഞ ഉത്സാഹിപ്പിക്കുകയും ആശ്വസിപ്പിക്കുകയും ചെയ്യുന്ന ബന്ധുക്കളുടെ ഇടയിൽ പെരുമാറുകയും അന്യദേശസഞ്ചാരം ചെയ്യുകയുമാകുന്നു.

കെ. വി. യം.

—∞∗∞—

ദുകറിളിഞ്ഞു

എന്റെ ശേഖരമേനോനേ, 'സൂക്ഷിച്ചാൽ ദുഃഖിക്കേണ്ട' എന്നു കേട്ടിട്ടില്ലേ. ഞാൻ പറയുന്നതു കേൾക്കു. ഇന്ന് ഇവിടെ താമസിക്കു. പുലച്ചേ എഴുനീററു പോകാം. ഈ വിജനസ്ഥലത്തുകൂടി ഇരുട്ടത്തു തനിച്ചു പോകുന്നതു ശരിയല്ല. കള്ളർഭയം ഉണ്ടെന്നാണ് കേൾക്കുന്നത്.

ശേഖരമേനോൻ— എന്താ കൊച്ചുകുട്ടമേനവനും പിടിച്ചുവോ ഭ്രാന്ത്? തട്ടിപ്പറി എന്റെ അടുക്കലോ? പണ്ടൊരുത്തൻ പറഞ്ഞ കൂട്ടത്തിൽ 'മടിയിൽ കനമുള്ളവനല്ലേ വഴിയിൽ ഭയപ്പെടേണ്ടു'.

കൊച്ചുകുട്ടമേനോൻ— അതേ, ഈ പ്രമാണം കൊണ്ടു ചെല്ലു. ഈ കൂട്ടർ പണമില്ലെന്നറികയുമെല്ലേ. അതിനു മുമ്പിൽ കൂടിക്കാഴ്ച കഴിയുമല്ലോ. കാൎയ്യം പറയുമ്പോൾ കേട്ടില്ലെങ്കിൽ പിന്നെ വ്യസനിക്കും. പോക എന്നു വെക്കുന്നപക്ഷം ഞാനും കൂടെ വരാം. എന്നാൽ കുറെ ഭേദമുണ്ടാകും. 'ഏകനായ്പ്പെരുവഴി പോകയുമരുതല്ലോ' എന്നുണ്ടല്ലോ.

ശേഖര— ഹാ, നിങ്ങളെത്തന്നെയാണ് കൂടെ കൊണ്ടുപോകേണ്ട

ത്താം. അവ പ്രാണികഠം. ഇനിക്കു ഒരു പേടിയില്ല. ഞാൻ തനിച്ചു പൊരുത്തോളം. ഇതിനെപ്പററി കൊച്ചുകുട്ടമേനൊനു വിചാരമൊന്നുംവേണ്ട. കള്ളന്മാരോടു തല്ലുകൊള്ളുവാൻ മോഹമുണ്ടായിരുന്നാൽ അതു ഇതിനു മുമ്പിൽ കഴിയേണ്ടതായിരുന്നു.

കൊച്ചു— എന്താ, കള്ളന്മാരുടെ കയ്യിൽ എപ്പോഴെങ്കിലും പെട്ടുകയുണ്ടായിട്ടുണ്ടോ?

ശേഖര— ഈ വയസ്സിനിടയ്ക്കു നാലഞ്ചു പ്രാവശ്യം കള്ളന്മാരായിട്ടു മല്ലിടേണ്ടിവന്നിട്ടുണ്ട്. ഒരിക്കൽ പനഞ്ചിക്കാട്ടു കൃഷിസ്ഥലത്തിനു സമീപംവെച്ച് ഒരുവൻ എന്റെ മടിശ്ശീല തട്ടിപ്പറിച്ചു. പക്ഷെ അതിൽ നാലഞ്ചു ഈച്ചാട്ടിക്കാശു മാത്രമേ കിടപ്പുണ്ടായിരുന്നുള്ളു. വലിയ നഷ്ടം ഒന്നും പററിയില്ല. പിന്നെ ഒരിക്കൽ ചെമ്പകക്കാവു വേലദിവസം രാത്രി എന്റെ മടിക്കുത്ത് ഒരുവൻ കടന്നു പിടിച്ച് മടിയിൽ തിരുകിയിരുന്ന പിച്ചാക്കത്തികൊണ്ട് കയ്യു മുറിഞ്ഞതിനാൽ അയാഠം ഉടനെതന്നെ വിട്ടേച്ചു ഓടുകയും ചെയ്തു.

ഹാ, ഹാ, ഈ കൂട്ടർക്കു കുറെശ്ശ ഇങ്ങിനേയും പററണം. വളരെ നന്നായി. 'ആത്മാ വേവഞ്ചിച്ചിട്ടും ചോരനുള്ളൊരു പാപം, ആത്മനാ നിരൂപിക്കിൽ മററൊരുവനുമുണ്ടോ' ആകട്ടെ, കാൎയ്യം തീച്ചയാക്കു. ഇപ്പോഠംതന്നെ പോക എന്നുവെച്ചുവോ? എന്നാൽ ഇനി വൈകിക്കേണ്ട. ഇരുട്ടു അതിക്രമിക്കുന്നു.

ശേഖര— ഇനിക്കു ഇന്നുതന്നെ വീട്ടിൽ പോയിട്ടു കാൎയ്യമുണ്ട. വഴിക്കു ചോരന്മാരുണ്ടെന്നു ഭയപ്പെട്ടു താമസിപ്പാനും തരമില്ല. 'ഈശ്വരാജ്ഞയാതന്നെ ലോകങ്ങഠം വൎത്തിക്കുന്നു. ആരാലുമതിക്രമിക്കാവതല്ലിതു നൂനം' എന്നുണ്ടല്ലൊ. അതുകൊണ്ട് കൊച്ചുകുട്ടമേനോൻ ഒട്ടും പരിഭ്രമിക്കേണ്ട് നിൽക്കു. ഇനി അടുത്തു കാണാം എന്നു പറഞ്ഞ് അവർ പിരിഞ്ഞു.

ശേഖരമേന്റെ വീട് ഈ കോലഞ്ചേരി ദേശത്തുനിന്നു ആറു മൈൽസു തെക്കു പൂരലൂർ എന്ന ദിക്കിലാണ്. ഒരു ശൂദ്ധ മൊട്ടപ്പറമ്പിൽ കൂടിട്ടാണ് വഴി. തൊട്ടാവാടിയും ഉരുളൻകല്ലും മുള്ളൻപന്നിയും അല്ലാതെ വേറെ യാതൊന്നും കാണ്മാൻ കഴികയില്ല. കുടിയിടകഠം അവിടെ എങ്ങുമില്ല. അസ്തമിച്ചു കഴിഞ്ഞാൽ അതിൽകൂടി ആഠം സഞ്ചാരംതന്നെ ചുരുങ്ങും. യക്ഷിപ്പറമ്പെന്നാ

ണ് പറയാറ്. വഴിക്കധികം അകലെയല്ലാതെയായി ഒരു ദിക്കിൽ വസൂരിപ്പുരയും സ്ഥാപിച്ചിട്ടുണ്ട്. പിന്നെ വിശേഷിച്ച് പുരലൂർ ദേശത്തുള്ളവരുടെ കഴിച്ചൽ തട്ടിപ്പറികൊണ്ടാണ്. ഈ ശേഖരമേനോൻ മാത്രം കുറെ ഇംഗ്ലീഷ് പഠിച്ച് അറിവ് ഉണ്ടാക്കീട്ടുണ്ട്. ശേഖരമേനോന്റെ അച്ഛൻ കോഴിക്കോട്ടു സബ്കോട്ടിൽ ഒരു വക്കീലായിരുന്നു. അദ്ദേഹം ശേഖരമേന്റെ കുട്ടിക്കാലം മുഴുവനും അവിടെ താമസിപ്പിച്ച് ഇംഗ്ലീഷ് വിദ്യ അഭ്യസിപ്പിച്ചു. ആ കോടതിയിൽതന്നെ ഒരു ഗുമസ്ഥന്റെ പണിയും കൊടുപ്പിച്ചു. ശേഖരമേനോൻ പ്രകൃത്യാ സ്വാതന്ത്ര്യേച്ഛയുള്ളവനും സത്യവ്രതനുമായിരുന്നു. എന്തോ ഒരു കാരണവശാൽ തന്റെ മേലധികാരിയായി തമ്മിൽ തെററി പണി രാജിവെച്ചു. ഇപ്പോൾ വീട്ടിൽ വന്ന് ഒരു പത്രം തുടങ്ങി അതുകൊണ്ടു കാലക്ഷേപം കഴിക്കയാകുന്നു. ചതി, അനീതി, ദ്രോഹം തുടങ്ങിയുള്ള അധർമ്മപ്രവൃത്തികളെ അദ്ദേഹം ബലമായിഖണ്ഡിച്ചു പത്രത്തിൽ പറഞ്ഞിരുന്നതിനാൽ അദ്ദേഹത്തിന്റെ പേരിൽ നീചബുദ്ധികൾക്കു ഒരു വിരോധവും വന്നുകൂടീട്ടുണ്ട്. ഒരു ഉററ ബന്ധു എന്നു പറവാൻ കോലഞ്ചേരി കൊച്ചുകുട്ടമേനോൻ മാത്രമേയുള്ളു. അദ്ദേഹത്തിന്റെ വാക്കുകളെക്കൂടി കൂട്ടാക്കാതെയാണ് ശേഖരമേനോൻ ഇതാ ഇപ്പോൾ പുറപ്പെട്ടിരിക്കുന്നത്.

തുലാക്കുര് എന്നു പ്രസിദ്ധമാണ്. അതിന്നും പുറമെ അന്നു വിശേഷിച്ചും ഇരുട്ടു കൂടുതൽ ആയിരുന്നു. ശേഖരമേന്നു യാതൊരു കൂസലുമുണ്ടായില്ല. ഏകദേശം പകുതി വഴിയായപ്പോൾ പിന്നിൽ ഒരാൾ നടക്കുന്ന ശബ്ദവും കേൾക്കാറായി. തന്റെ കാലടിയുടെ ശബ്ദം തന്നെയായിരിക്കുമോ എന്നു വിചാരിച്ചു. അപ്പോഴേക്കും അടുത്ത ഒരു കുററിക്കാട്ടിനു സമീപം ചില അനക്കം കേട്ടു. എങ്കിലും യാതൊന്നും ഭാവിക്കാതെ മുമ്പാക്കൊതന്നെ നടന്നു. കള്ളൻ പ്രത്യക്ഷപ്പെട്ടു എന്നറിഞ്ഞു വലത്തേകയ്യിൽ ഒരു വടിയും ഇടത്തേതിൽ ഒരു പിച്ചാങ്കത്തിയും ആയി ശേഖരമേന്നു നേരെ ചാടി വെക്കടോ'മടിശ്ശീല' എന്ന് അതിഗൌരവഭാവത്തിൽ പറഞ്ഞു.

ശേഖ—പോട പട്ടി. നിന്നെ പേടിച്ചു മടിശ്ശീല വെയ്ക്കേ?

കള്ളൻ—ജീവനിൽ കൊതിയുണ്ടെങ്കിൽ ഉടനെ വെച്ചോ. അല്ലെങ്കിൽ—എന്നു പറഞ്ഞു തന്റെ വടി ഒന്നു ഉയർത്തി പിടിച്ചു

പെട്ടെന്നു ശേഖരമേനോൻ ആ വടി കടന്നുപിടിച്ച്, നീ വടിയും പിച്ചാങ്കത്തിയും കളയുന്നുവോ? അതോ ഈ കുഴൽ ഒന്ന് കഴിക്കണോ? എന്നു ചോദിച്ചു.

തന്റെ മാറിന്ന് ഒരു മുഴം അടുത്തു നേരെയായി ഒരു റിവാൾവരുടെ കുഴൽ പ്രകാശിക്കുന്നതു കണ്ട്, കള്ളൻ തന്റെ ജീവനാശം അടുത്തു എന്നു ഭയപ്പെട്ട് എന്നെ രക്ഷിക്കണേ, രക്ഷിക്കണേ എന്നു പറഞ്ഞു കാക്കൽ വീണു. അവന്റെ കയ്യിലുണ്ടായിരുന്ന വടിയും കത്തിയും ശേഖരമേനോൻ വാങ്ങി. "എയ്, ചങ്ങാതി ഞാൻ തന്നെ ഇപ്പോൾ കൊല്ലുന്നില്ല. എഴുന്നേറ്റ് എന്റെ മുമ്പിലായി നടന്നോളോ. പിന്നിലേക്കു തിരിഞ്ഞുനോക്കരുത്. തിരിഞ്ഞാൽ തീച്ച, ഈ ഉണ്ട നിന്റെ മാറത്ത്.

കുറെ ദൂരം അവർ അപ്രകാരം നടന്ന് ഒടുവിൽ ഒരു പൊല്ലീസ്സുകാരനെ കണ്ടെത്തി. ശേഖരമേനോൻ കള്ളനെ അയാൾവശം എല്പിച്ചുകൊടുത്തു. പിറ്റേദിവസം കാലത്ത് ആ സ്ഥലത്തെ മജിസ്ത്രേട്ടിന്റെ മുമ്പാകെ കൊണ്ടുപോയി. ശേഖരമേന്നും അന്ന്യായംകൊണ്ടു ഹാജരായി. കള്ളൻ കുററം സമ്മതിച്ചതിനാൽ കേസ്സിന്നു വേറെ തെളിവ് ഒന്നും കൊടുക്കേണ്ടിവന്നില്ല. നിയമപ്രകാരമുള്ള ശിക്ഷ അവന്നു വിധിക്കയും ചെയ്തു. മജിസ്ത്രേട്ടിന്നു ശേഖരമേനോനായിട്ടു നല്ല രസം പോരായിരുന്നു. ശേഖരമേന്റെ പത്രലേഖനങ്ങളിൽ ചിലതിന് ഈ മജിസ്ത്രേട്ടു വിഷയമായി ഭവിച്ചിട്ടുണ്ടായിരുന്നതുകൊണ്ടു മജിസ്ത്രേട്ടിന്ന് ഇദ്ദേഹത്തിനോടു നല്ല രസം ഉണ്ടായിരുന്നില്ല. വല്ലവിധത്തിലും ശേഖരമേനോനെകൂടി കുടുക്കണമെന്നായിരുന്നു മജിസ്ത്രേട്ടിന്റെ വിചാരം. കേസ്സു വിധിപറഞ്ഞ ഉടനെ ശേഖരമേനോനെ! തോക്കു കൊണ്ടുനടക്കുവാൻ നിങ്ങൾക്കു ലൈസൻസ്സുണ്ടോ? എന്നു ചോദിച്ചു.

ശേഖ—ഇല്ല. പക്ഷെ ഈ തോക്ക് ഇതുവരെ ഞാൻ ഒഴിച്ചിട്ടില്ല.

മജി—നിങ്ങൾ വെടിവച്ചുവൊ എന്നു ഞാൻ ചോദിച്ചില്ല. ലൈസൻസ്സില്ലാതെ തോക്കു കൊണ്ടുനടന്നതിന്നു നിങ്ങളെ ശിക്ഷിക്കാതിരിപ്പാൻ സമാധാനമുണ്ടോ?

മജിസ്ത്രേട്ടു ശേഖരമേന്റെ നേക്കു തിരിഞ്ഞതു കണ്ടു കള്ളൻ സന്തോഷിച്ചു ജേലിലേക്കു ചങ്ങാതിയെ കിട്ടിയെന്ന് അവൻ തീച്ചപ്പെടുത്തി.

ശേഖ—തോക്ക് എന്റെ കൈവശത്തിൽ തന്നെയാണല്ലൊ എ
ന്നൊരു സമാധാനം മാത്രമേ എനിക്കുള്ളു.
മജി—താൻ എന്നെ വെടിവെക്കുമെന്നാണൊ പറയുന്നത്.
ശേ—ഈ കുററത്തിന്നു ഞാൻ ശിക്ഷ അനുഭവിക്കില്ല. രീച്ചുതന്നെ.

മജിസ്ത്രേട്ട (കോപത്തോടുകൂടി) ശിപ്പായ്! ആ തെമ്മാടിത്തരം പറയുന്നവന്റെ പക്കൽനിന്ന് ആ തോക്കു തട്ടിപ്പറിക്കു.

ശിപായി ചെന്നു തോക്കിന്മേൽ പിടികൂടി. ശേഖരമേനോനും പിടുത്തം മുറുക്കി. പിടിയും വലിയുമായപ്പോൾ തോക്കിന്റെ പാത്തിയും കുഴലും വേറിട്ടു. പാത്തി പൊളിഞ്ഞു. കുഴൽ വളഞ്ഞു. ശേഖരമേനോന്റെ ശക്തികണ്ടു ജനങ്ങൾ വിസ്മയപ്പെട്ടു. മജിസ്ത്രേട്ട തോക്കിന്റെ കുഴൽ എടുത്തു നോക്കിയപ്പോൾ (Imitation revolver) ഇമിട്ടേഷൻ റിവാൾവർ ശുദ്ധം തുത്തനാകം' എന്നു ശേഖരമേനോൻ പറയുന്നതു കേട്ട്

കള്ളൻ—അയ്യാ! വിഡ്ഢിത്തംപററി.
ശേഖ—നിങ്ങക്കു മാത്രമല്ല.

പിറേറക്കുറി ശേഖരമേനോന്റെ പത്രത്തിലെ മുഖപ്രസംഗം 'മൂകറിളിഞ്ഞു' എന്നാണെന്നു പറയേണ്ടതില്ലല്ലൊ.

എസ്സ്. വി.

പലവക

പുസ്തകപരിശോധന.

ചിററൂര വരവൂര ശാമുമേനോൻ അവർകളുടെ ചില കൃതികളെപ്പററി കൂലങ്കഷമായി ഇതിന്നുമുമ്പു ഞങ്ങൾ അഭിപ്രായപ്പെട്ടിട്ടുള്ളതിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള ന്യൂനതകളെ ഗ്രന്ഥകൎത്താവു സമ്മതിച്ചിട്ടുണ്ടെന്നു ശ്രുതിഗീത വായിച്ചപ്പോൾ ഞങ്ങൾക്കു ബോദ്ധ്യം വന്നിരിക്കുന്നു. മനസ്സിലുള്ള മാലിന്യത്തെ അരിച്ചുകററുവാനുതകുന്നതായ പ്രസ്തുതകൃതിയിൽ കവിതയുടെ ഒഴുക്കിനെ തടയുന്നതായ കരടുകളൊന്നും വീണിട്ടില്ലെന്നാണ് ഞങ്ങളുടെ അഭിപ്രായം. ഗ്രന്ഥകൎത്താവിന്റെ പരിശ്രമം അഭിനന്ദിക്കത്തക്കതുതന്നെ.

P. SUBBAROY'S

World- renowned and most efficacious Ayurvedic medicine

പി. സുബ്ബറായിയുടെ ലോകപ്രസിദ്ധങ്ങളും ഏറ്റവും ഫലവത്തുക്കളും ആയ ആയുൎവേദ ഔഷധശാലയം.

---

27. അശോകഘൃതം.

തെറ്റിയുണ്ടാവുന്ന തീണ്ടാരി, വേദനയോടുകൂടി പ്രതിമാസമുണ്ടാകുന്ന തീണ്ടാരി, തീണ്ടാരികാലങ്ങളിൽ കുടികളിലുണ്ടാകുന്ന വേദന, കാലനിൎണ്ണയമില്ലാത്ത തീണ്ടാരി, മാസന്തോറുമുണ്ടാകുന്ന തീണ്ടാരിയിൽ അധികരിച്ചോ ചുരുങ്ങിയതോ ആയ രക്തപ്പോക്ക് മച്ചി എന്ന അവസ്ഥ സാധാരണയായ ഗൎഭച്യുതൽ എന്നീ രോഗങ്ങളേയുംക്രമം തെറ്റിയ തീണ്ടാരിനിമിത്തമുണ്ടാകുന്ന മറ്റെല്ലാരോഗങ്ങളേയും ശമിപ്പിപ്പാൻ ഇത് ഏറ്റവും വിശേഷപ്പെട്ട ഒരു ഔഷധമാകുന്നു. മാസന്തോറുമുണ്ടാകേണ്ടുന്ന തീണ്ടാരിക്കു ഇൗ ഔഷധം മേത്തരമായതും ഫലിതമായതുമാകുന്നു. ദേഹസുഖമുള്ള നല്ല കുട്ടികൾ ഉണ്ടാകേണ്ടതിന്നു ആഗ്രഹിക്കുന്ന സ്ത്രീകൾ ഇതിനെ ഉപയോഗിക്കേണ്ടതാണ്. കുപ്പി 1 ക്കു വില 1—0—0 ഒന്നോ രണ്ടോ കുപ്പികൾക്കു വി. പി. ചാൎജ്ജ 5ണ പുറമെ.

28. ബൃഹൽചന്ദ്രോദയമകരധ്വജം.

മനക്കമ്പത്തോടുകൂടിയ ദൌൎബ്ബല്യം സതാക്ഷയം വാൎദ്ധക്യകാഴ്ച വിസ്മൃതി നിശസ്ഖലിതം എന്നിവകൾക്കു ഇവ വിലയേറിയ ഒരു ഔഷധമാകുന്നു. ഇതിന്റെ ഫലിതം അത്ഭുതകരവും ആയതു നാൾക്കുനാൾ അഭിവൃദ്ധിയോടുകൂടി കാണപ്പെടുവുന്നതും ആകുന്നു. ചെറുപ്പം നിമിത്തമുണ്ടായ ദുൎവൃത്തികളാൽ യൌവന്യം നഷ്ടപ്പെട്ടു പോയിട്ടുള്ളവർ ഇൗ ഔഷധത്തെ ഒന്നു പരീക്ഷിച്ചു നോക്കേണ്ടതാണ്. അല്പകാലത്തിനുള്ളിൽ ഇത് അവരെ യൌവന്യമാക്കിത്തീൎക്കുമെന്നതു നിശ്ചയമാണ്. ഒരു ആഴ്ചക്കു വേണ്ടുന്നതിന്നു വില 3 ക. വി. പി. ചാൎജ്ജ 5ണ. പുറമെ.

29. ച്യവനപ്രാശം.

ശ്വാസനാഡികളേയും തൊണ്ടയേയും സംബന്ധിച്ചുള്ള എല്ലാം രോഗങ്ങൾക്കും ഇതു മേത്തരം ഔഷധമാകുന്നു. കഫസംബന്ധമായ എല്ലാതരം ഉപദ്രവങ്ങൾക്കും

പി. സുബ്ബറായി, പറങ്കിപ്പേട്ട, തെക്കേ ആർക്കാട്ട് ജില്ല.

ഇതു ശ്രുതിപ്പെട്ട ഒരു ശമനൌഷധമാണെന്നു മാത്രമല്ല സ്വരത്തെയും ബലത്തേയും കൂടി ഉണ്ടാക്കുന്ന ഒന്നാണ്. തൊണ്ടപ്പുണ്ണു ഒച്ചയടപ്പു ക്ഷയം ഏക്കം തൊണ്ടയ്ക്കുള്ള അസഹ്യതയാലുള്ള ചുമ എന്നിവയ്ക്കും തൊണ്ടയേയും ശ്വാസനാഡികളേയും സംബന്ധിച്ചുള്ള എല്ലാ ഉപദ്രവങ്ങൾക്കും ച്യവനപ്രാശം കൈകണ്ട ഒരു മരുന്നാകുന്നു. അളുക്ക 1 ക്കു വില 2ക. വി. പി. ചാർജ്ജ 5ണ. പുറമെ.

30. മകരധ്വജം.

ഇതിന്നു സമമായ ഒരു യോഗം ഔഷധവർഗ്ഗത്തിൽ വേറൊന്നില്ല. മകരധ്വജ ഔഷധത്തിന്റെ ഉപയോഗത്താൽ തീരെയോ അല്പമായോ നിവൃത്തികിട്ടാത്ത രോഗങ്ങളുമില്ല. ഏതു കാരണത്താലും ഉണ്ടാകുന്ന ബലക്ഷയങ്ങളിൽ ഇത് ഏററവും തൃപ്തികരങ്ങളായ ഫലങ്ങളെ ഉണ്ടാക്കുന്നതാകുന്നു. ദീർഘജ്വരം വിഷജ്വരം മുതലായ എല്ലാതരം ജ്വരങ്ങൾ ചലംപോക്ക് സ്രാവം പ്രമേഹം പ്രസവാനന്തരമുണ്ടാകുന്ന ഉപദ്രവങ്ങൾ ജലദോഷം ചുമ ഏക്കം മഹാമാരി ഓമ്മക്കേട നീര് വിഷൂചിക വയർപ്പഴപ്പ് ദഹനക്കേട് മന്ദത ബലക്ഷയം തലചുററൽ എന്നിവയെ ശമനപ്പെടുത്തുന്നതിന്നു മേത്തരവുമാകുന്നു. തോല 1 ക്കു വില 24ക. ഒരാഴ്ച ഉപയോഗിക്കേണ്ടതിന്നു 1ക. വി. പി. ചാർജ്ജ 5 ണ പുറമെ.

31. വസന്ത കുസുമാകരം.

പ്രമേഹങ്ങൾ ദൌർബ്ബല്യം അതിദാഹം നാവുവരൾച്ച കൈകാലുകളിൽ എരിച്ചൽ ക്ഷീണം മോഹാലസ്യം സ്രാവം പ്രയത്നേനയുള്ള മൂത്രംവീഴ്ത്തൽ മുതലായ രോഗങ്ങൾക്കു ഇതു ഫലിതമായ ഒരു ഔഷധമാകുന്നു. ഒരാഴ്ചക്കു വേണ്ടതിന്നു വില 5ക. വി. പി. ചാർജ്ജ 5 ണ. പുറമെ.

28. രക്തശുദ്ധി.

മനുഷ്യജീവന്റെ പ്രധാനകാരണം രക്തമാണെന്നു എവക്കും അറിയാവുന്നതാണ്. രക്തത്തിന്നു ശുദ്ധിയില്ലെങ്കിൽ വായിപ്പുണ്ണ് ചെങ്കണ്ണ് മൂക്കപ്പുണ്ണ് നൊണ്ണപ്പുണ്ണ് ശരീരമാസകലം കുരു ആണി വിക്കക്കുരു ചമ്മത്തിൽ നിറഭേദം ഉണ്ണപ്പുണ്ണ് തലവേദന അഗ്നിമാന്ദ്യം ചമ്മത്തിന്നു ചുകപ്പും മാർദ്ദവമില്ലായ്മയും ചെകിളും ദുക്കം ചീങ്ങൽ ക്ലാപ്പ് ബലക്ഷയം നീര് മുളി കുഷ്ഠം തഴുതണം മന്ദത സ്വാദില്ലായ്മ ചൊറിച്ചൽ എന്നിവയും ദുർഗ്ഗന്ധമുണ്ടാക്കുന്നതക്ക മറെറല്ലാം ചമ്മവ്യാധികളും രക്തദൂഷ്യംകൊണ്ടുണ്ടാകുന്നതാകുന്നു. രക്തത്തിൽ അകപ്പെട്ട വിഷത്തെ നീക്കം ചെയ്യാൻ രക്തശുദ്ധി എന്നുപേരായ ഞങ്ങളുടെ ഔഷധം മേത്തരമാകുന്നു. ഇതു രക്തത്തെ ശുദ്ധീകരിക്കുന്നതും രക്തദൂഷ്യത്താലുണ്ടാകുന്ന സവ്വവ്യാധികളേയും സുഖപ്പെടുത്തുന്നതും ശരീരത്തെ ക്രമപ്പെടുത്തി ബലപ്പെടുത്തുന്നതും ദഹനത്തെ ഉണ്ടാക്കുന്നതും നിറത്തെ വരുത്തുന്നതും ആകുന്നു. 20 ദിവസത്തേക്കു വേണ്ടുന്ന അളുക്ക 1 ണ വില 2ക. ഒന്നൊ രണ്ടൊ അളുക്കുകൾക്കു വി. പി. ചാർജ്ജ 5 ണ. പുറമെ.

മരുന്ന സേവിപ്പതിന മുമ്പ

1. ലോകപ്രസിദ്ധമായ ധാതുപുഷ്ടികരി

ധാതുനഷ്ടം, ബലഹീനത ലക്ഷണമില്ലായ്മ വിശപ്പില്ലായ്മ, നേത്രം, കൈ, കാൽ, മുതലായവയുടെ നീററൽ, നീരൊഴിവ്. മധുമേഹം, കല്ലടപ്പ (മൂത്രാഘാതം) മുതലായ പലവിധ വ്യാധിരോഗങ്ങളെ ക്ഷണേന പരിഹരിച്ച രക്ഷപ്പെടുത്തും.



മരുന്ന സേവിച്ചതിന്റെ പിമ്പ

ഡപ്പി ഒന്നുക്ക വില രൂപ 2. തപാൽ ചിലവു വകയ്ക്കു അണ 7 വേറെ

2. പ്രമേഹനിവാരണി.

സിരാമേഹം ഇടുപ്പുവലി, മൂത്രമധികമായും തടഞ്ഞും പോകുക, മേഢ്രം പുകച്ചൽ, രക്തമോഹം മുതലായ വ്യാധികളിൽനിന്ന സ്ത്രീപുരുഷന്മാരെ നിവൎത്തിപ്പിക്കും. ഋതുകാലത്തിൽ രക്തം അധികമായി സ്രവിക്കുന്നതിനേയും ശമിപ്പിക്കും. കുപ്പി 1-ക്ക വില രൂപ 1 മൂന്ന കുപ്പികൾവരേയുള്ള ബങ്കിക്ക തപാൽ ചിലവു 5 ണ

3. സൎവ്വവേദനസംഹാരി.

ഈ തൈലം അല്പം പിരട്ടിയാൽ കൈ കാൽ മുതലായ അംഗങ്ങളിൽ കുത്തിനോവുക, വിക്കം മുടക്കുവാതം നെഞ്ചുനോവു തലവേദന ഒരു ഭാഗത്തുണ്ടാകുന്ന ശൂല ഇടുപ്പുവേദന പാൎശ്വവായു മേഹവായു തിമിരവായു മുതലായ പല വ്യാധികൾ ഭേദപ്പെടും. കുപ്പി ഒന്നുക്ക വില രൂപ 1 തപാൽ ചിലവു അണ 5

4. മണ്ഡലകുഷ്ഠസംഹാരി.

മണ്ഡലകുഷ്ഠം, പുഴക്കടി തഴുതണം നഖങ്ങാണി എന്നീ പേരുകളുള്ള രോഗത്തിന സിദ്ധൌഷധം ത്വഗ്രോഗങ്ങൾ പലതും മാറും. മേമൽ മേഹകുഷ്ഠം മുതലായവയെ നശിപ്പിക്കും വില കുപ്പി ഒന്നിന 4-ണ തപാൽ ചിലവു മൂന്ന കുപ്പി വരെ 5 ണ വേറെ

5. ലക്ഷ്മീകരകസ്തൂരി ഗുളികകൾ.

താംബൂലം ഉപയോഗിക്കുന്നവർ എപ്പോഴും സഞ്ചലം ഉപയോഗിക്കേണ്ട വിലയേറിയ സാധനം. ദന്തവേദന വായ്നാററം, അജീൎണ്ണം പിത്തവായു ഇവകയെ ശമിപ്പിക്കും.

പി. സുബ്ബറായി പറങ്കിപ്പേട്ട, തെക്കെ ആൎക്കാട്ടജില്ല.

വെറ്റിലച്ചാറിലോ താംബൂലത്തോടുകൂടിയോ ഉപയോഗിക്കാം. ആഹാരത്തോടുകൂടി രണ്ടു ഗുളികകളെ ഉപയോഗിച്ചാൽ ഏതു ഗുരുദ്രവ്യത്തെയും ജീൎണ്ണപ്പെടുത്തും. പ്രസവകാലത്തു താംബൂലത്തോടുകൂടി ഉപയോഗിച്ചാൽ സന്നി അടുക്കയില്ല. അപായകരമായ യാതൊരു ലഹരിസാധനങ്ങളും ഇതിൽ ചേൎത്തിട്ടില്ല. കാശ്മീരത്തുനിന്നു വരുത്തിയ കസ്തൂരി പച്ചകൎപ്പൂരം മുതലായ അനേകം വിലയേറിയ സാധനങ്ങൾ ഇതിൽ ചേൎത്തിട്ടുണ്ട്. ചുമ കാസശ്വാസം ജ്വരം മുതലായ രോഗങ്ങൾ വയസ്സിന്റെ ഏറക്കുറച്ചിൽപോലെ ഒന്നുമുതൽ 4 വരെ ഗുളികകൾ വെറ്റിലച്ചാറിൽ കൊടുത്താൽ മതി. 200 ഗുളികകൾ ഉള്ള കുപ്പി 1-ക്ക വില ണ [illegible]. 1 മുതൽ 12 വരെ കുപ്പികൾ അടങ്ങിയ ബങ്കി 1-ക്ക തപാൽകൂലി 4 ണ.

6. ദന്തചൂൎണ്ണം.

സുഗന്ധമായുള്ളതു. എല്ലാമാതിരി ദന്തരോഗങ്ങളേയും നീക്കും. വില കുപ്പി ഒന്നിനു 3-ണ. തപാൽ ചിലവു ൬ കുപ്പിവരെ 5 ണ വേറെ

7. ജ്വരസംഹാരി.

കുളിൎപ്പനി മുറപ്പനി വാതപ്പനി പിത്തജ്വരം കഫജ്വരം അസ്ഥിജ്വരം മുതലായവക്കു നന്നു. വില ഡപ്പി ഒന്നിനു 1 ക. തപാൽ ചിലവു 7 ണ വേറെ

8. ലോകപ്രസിദ്ധമായ സുഗന്ധകുന്തളതൈലം.

ഈ തൈലം പിരട്ടിയാൽ തലമുടി മീശ ഇമ ഇവ പുഷ്ടിയായും തൈക്കമായും കറുപ്പായും വളരും. കണ്ണിന്നു കുളൎമ്മയുണ്ടാകും. സകല കൺനോവുകളും തലവേദനകളും നീങ്ങും. നരച്ച രോമം കറുക്കും. രോമം പൊഴിയാതിരിക്കും. കണ്ണിന്നു നല്ല തെളിച്ചമുണ്ടാകും. വില കുപ്പി ഒന്നിനു 8 ണ തപാൽചിലവു 5ണ വേറെ.

9. രോമസംഹാരി

രോമം എവിടെ വേണ്ടാതാക്കണമോ അവിടെ ഈ മരുന്നു പുരട്ടിയാൽ യാതൊരു വേദനയുമുണ്ടാക്കാതെ രോമത്തെ മാറ്റും. വില കുപ്പി ഒന്നിനു 4 ണ തപാൽ ചിലവു മൂന്നു കുപ്പികൾവരെ 5 ണ വേറെ

10. അഗ്നിമാന്ദ്യസംഹാരി.

ദഹനമില്ലായ്മ പുളിച്ചുതികട്ടുക നെഞ്ചുകലിക്കുക മലബന്ധം വയറുനോവു വായനാറ്റം അജീൎണ്ണം വയറുവീൎത്തുകയറുക നിദ്രാഭംഗം മുതലായ പിത്തോപദ്രവങ്ങളെ നീക്കി സുഖപ്പെടുത്തും. ഡപ്പി ഒന്നുക്ക അണ 8 തപാൽകൂലി 5 ണ വരെ

പി. സുബ്ബറായി പറങ്കിപ്പേട്ട, തെക്കെ ആൎക്കാട്ട ജില്ല.

11. കർണ്ണബിന്ദു.

ചീക്കൊത്തു ചെവികുത്തു ചെവിയടപ്പു ഇരച്ചിൽ മുതലായ കർണ്ണരോഗങ്ങളെ ഭേദപ്പെടുത്തും. ശ്രവണസൂക്ഷ്മതയുണ്ടാക്കും. വില കുപ്പി 1ക്ക 8 ണ തപാൽ ചിലവു മൂന്നു കുപ്പികൾവരെ 5 ണ വേറെ.

12. സുഖഭേദിഗുളികകൾ.

ഭേദി ശരിപ്പെടുത്തും. അജീർണ്ണം പിത്തോപദ്രവങ്ങൾ വായു മലം പിടിത്തം അഗ്നിമാന്ദ്യം വാതം മുതലായ പല രോഗങ്ങളേയും ശമിപ്പിക്കും വില ഡപ്പി ഒന്നിനു 8 ണ തപാൽ ചിലവു 1 മുതൽ 4 വരെ ഡപ്പികൾക്ക 5 ണ വേറെ

13. നേത്രബിന്ദു.

കൺനോവു കൺകുത്തു കൃച്ഛം നീരെടുപ്പു മിന്നൽ മാലക്കണ്ണു പീളകെട്ടു. ശേവളച്ചു പൂവു ചെരപ്പു എരിച്ചിൽ ഇമ പുരികം ഇവയുടെ വളിവു പുകച്ചിൽ ഇങ്ങിനെയുള്ള രോഗങ്ങളെ ഭേദപ്പെടുത്തും. വില ഡപ്പി ഒന്നിനു 8 ണ തപാൽ ചിലവു മൂന്നു കുപ്പികൾവരെ 5 ണ വേറെ.

14. സ്ഖലിതരക്ഷണി.

ബലഹീനതയാലും അത്യുഷ്ണത്താലും മററും ഉണ്ടാകുന്ന ഇന്ദ്രിയ സ്ഖലിതത്തെ നീക്കും. വില ഡപ്പി ഒന്നിനു 8 ണ തപാൽ ചിലവു 5 വരെ ഡപ്പികൾക്ക 5 ണ വേറെ

15. മൃഗകസ്തൂരി.

കാഷ്മീരിൽനിന്നും വരുത്തിട്ടുള്ള ഒന്നാന്തരം കസ്തൂരി എപ്പോഴും ആപ്പീസ്സിൽ ഉണ്ട. ത്രപാത്തുക്കത്തിനു 48 ക. വില. ഒരു ത്രപാമുതൽക്കുള്ള ഏതു സംഖ്യക്കും ചില്ലറയായിട്ടും കൊടുക്കപ്പെടും തപാൽ ചിലവു പുറമെ എഴുത്തുകുത്തുകൾ എല്ലാം ഇംഗ്ലീഷിലൊ തമിഴിലോ ആയിരിക്കണം.

16. തേൾവിഷത്തിനു സിദ്ധൌഷധം.

തേൾ കടിച്ച സ്ഥലത്തു രണ്ടു തുള്ളി ഒഴിച്ചാൽ പൊടുന്നനെ ആശ്വാസം കാണും. ഒരു കുഡുംബത്തിലെങ്കിലും ഈ മരുന്നു ഒരു കുപ്പി കരുതി വെക്കാതെ ഇരിക്കരുത. വില കുപ്പി 1 ക്ക 2 ക 8 ണ. 12 കുപ്പിയിൽ കുറയാതെ ഒന്നിച്ചു വാങ്ങുന്നവക്ക ഡസൻ 1 ക്ക 2 ക 8 ണ. ഉള്ള വിലയിൽ കുറച്ചുമാത്രമെ വില ചുമത്തുന്നുള്ളു. വി പി; കമ്മീഷൻ 5 ണ പുറമെ. ഇൻഡ്യയിലും ബർമ്മയിലും 12 കുപ്പിവരെ വി. പി. കമ്മീഷൻ 5 ണ. സിലോൺ ടി 7 ണ.

പി. സുബ്ബറായി പറങ്കിപ്പേട്ട, തെക്കെ ആർക്കാട്ടു ജില്ല.

രസികരഞ്ജിനി

പരസ്യം.

ഈ മാസികയുടെ പത്രാധിപർ കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാനവർകളും, മാനേജർ അമ്പാടി ചെറിയ കൃഷ്ണപ്പുതുവാൾ അവർകളും ആകുന്നു.

ലേഖനങ്ങൾ, അഭിപ്രായത്തിന്നയക്കുന്ന പുസ്തകങ്ങൾ, അതു സംബന്ധിച്ച എഴുത്തുകൾ ഇവ രസികരഞ്ജിനി പത്രാധിപൎക്കും വരിപ്പണം, പരസ്യക്കൂലി, പരസ്യങ്ങൾ, കാൎയ്യസംബന്ധമായ എഴുത്തുകൾ ഇവ ടി. മാനേജൎക്കും മേൽവിലാസംവെച്ച് എറണാകുളത്തു കോവിലകത്തേക്ക് അയക്കേണ്ടതാകുന്നു.

പത്രാധിപരുടേയും മാനേജരുടേയും മാസികസംബന്ധമായ എഴുത്തുകളിലൊ ലക്കൊട്ടുകളിലൊ അവരുടെ മുദ്രയോ ഒപ്പോ ഉണ്ടായിരുന്നാൽ മതി.

എന്ന്

കോവിലകം } എറണാകുളം }

രസികരഞ്ജിനി ഉടമസ്ഥൻ,

RAMA VURMA,

12th Prince of Cochin.

ഞങ്ങൾ സ്വീകരിക്കാത്ത ലേഖനങ്ങൾ തിരിയെ അയച്ചു തരണമെന്ന് ആവശ്യപ്പെടുന്നവർ എഴുത്തൊന്നിച്ച് ആയതിന്നു വേണ്ടിവരുന്ന ബ്രിട്ടീഷ് സ്റ്റാമ്പോ കൊച്ചി അഞ്ചൽ മുദ്രയോ അടക്കം ചെയ്യേണ്ടതാകുന്നു.

രാജ്യകാൎയ്യസംബന്ധമായ യാതൊരു ലേഖനങ്ങളും ഈ മാസികയിൽ പ്രസിദ്ധം ചെയ്യുന്നതല്ല.

രസികരഞ്ജിനിയിൽ പ്രസിദ്ധപ്പെടുത്തുവാൻ അയക്കുന്ന ലേഖനങ്ങൾ രഞ്ജിനി പുറപ്പെടുന്നതിന് ഒരു മാസം മുമ്പായി ഇവിടെ കിട്ടേണ്ടതാകുന്നു.

'പത്രാധിപൎക്ക് അയയ്ക്കുന്ന എഴുത്തുകളും ലേഖനങ്ങളും പത്രാധിപർ, എറണാകുളം എന്നുമാത്രം മേൽവിലാസം വെച്ച് അയക്കേണ്ടതാകുന്നു. അല്ലാത്തപക്ഷം ആയവ ആപ്പീസ്സിൽ കിട്ടുവാൻ താമസം വരുന്നതാണ്'

ര. ര. പ.

രസികരഞ്ജിനി.

വരിസംഖ്യ

തപാൽക്കൂലി ഉൾപ്പടെ ഒരു കൊല്ലത്തേക്ക്	3	0	0
,, ആറുമാസത്തേക്ക്	1	10	0
കുടിശ്ശികയായാൽ			
തപാൽക്കൂലി അടക്കം ഒരു കൊല്ലത്തേക്ക്	3	4	0
,, ആറുമാസത്തേക്ക്	1	12	0
ആറുമാസത്തിന്നു താഴെയായാൽ നമ്പ്ര ഒന്നുക്ക്	0	6	0

വി. പി. കമ്മീഷൻ പുറമെ.

പണം അടച്ചവരുടെ പേരുവിവരം ഈ മാസികയിൽ പ്രസിദ്ധംചെയ്തു കാണുന്നതാകുന്നു.

തരംനോക്കുവാൻ ഏതെങ്കിലും ഒരു പ്രതി ആവശ്യപ്പെടുന്നവർ അതിന്റെ വില ബ്രിട്ടീഷ് സ്റ്റാമ്പായിട്ടും, കൊച്ചി അഞ്ചൽ മുദ്രയായിട്ടോ എഴുത്തൊന്നിച്ച് അടക്കം ചെയ്തയക്കേണ്ടതാകുന്നു.

പരസ്യക്കൂലി

ഒന്നാമത്തെത്തവണക്ക് വരി ഒന്നുക്ക്	0	2	0

ഒന്നോ ഒന്നിലധികമോ ഭാഗം നിറയുന്നതോ ഒന്നിലധികം തവണ പ്രസിദ്ധം ചെയ്യേണ്ടുന്നതോ ആയ പരസ്യങ്ങൾക്ക് തരതമ്യം പോലെ കൂലി ചുരുക്കുന്നതാകുന്നു.

വരിക്കാർ പ്രത്യേകം ദൃഷ്ടിവെക്കേണ്ടത്.

അതാതുപ്രതി ശരിയായി കിട്ടാതിരുന്നാൽ മറുമാസം പതിനഞ്ചാംതിയ്യതിക്കകം വരിക്കാർ മാനേജർക്കു അറിവുതരേണ്ടതാകുന്നു. അതിന്നുശേഷമുള്ള ആവലാതികൾ കൈക്കൊള്ളുന്നതല്ല. വരിക്കാർ തരുന്ന മേൽവിലാസത്തിൽ തെറ്റുണ്ടായിരുന്നാൽ മാനേജർ ബാദ്ധ്യസ്ഥനാകുന്നതല്ല. എപ്പോഴെങ്കിലും മേൽവിലാസം മാറ്റണമെങ്കിൽ മാനേജരെ അറിവിക്കയും വേണം.

കോവിലകം
എറണാകുളം } ഏ, ന—അമ്പാടി ചെറിയ കൃഷ്ണപ്പൊതുവാൾ
ര. ര. മാനേജർ.

രസികരഞ്ജിനി

൧൦൮൦ വൃശ്ചികം

പുസ്തകം ൩ ലക്കം ൪

പ്രസന്ന പ്രൌഢസരസ
പ്രസംഗങ്ങൾനിറഞ്ഞിനി
രസജ്ഞക്കു കൊടുക്കട്ടേ
രസം രസികരഞ്ജിനി



വരിസംഖ്യമുൻകൂറായി ക ൨ ൦ കുടിശ്ശികയായാൽ ക ൪ ൨

മഹാഭാരതം

ലക്ഷത്തിരുപത്തയ്യായിരം ഗ്രന്ഥങ്ങളടങ്ങിയതും യഥാൎത്ഥമായ അഞ്ചാംവേദമെന്നു പറഞ്ഞുവരുന്നതുമായ മേൽപറഞ്ഞ വിശിഷ്ടഗ്രന്ഥം മൂന്നുനാലു കൊല്ലത്തിന്നുള്ളിൽ കഴിയുവാൻതക്കവണ്ണം ഞാൻ തനിച്ചു വൃത്തത്തിന്നുവൃത്തമായി മലയാളത്തിലേക്കു തൎജ്ജമചെയ്തു വരുന്നുണ്ട്. ൧൦൭൦ മേടം മുതല്ക്കു ഇതു ഒരു മാസികയായി പുറപ്പെടുവിച്ചു തുടങ്ങിയിരിക്കുന്നു. വരിസംഖ്യ കൊല്ലത്തിൽ അഞ്ചുറുപ്പിക മാത്രം. ആവശ്യമുള്ളവർ താഴെ കാണുന്ന മേൽവിലാസത്തിൽ ആവശ്യപ്പെടേണ്ടതാകുന്നു.

മേൽവിലാസം:

കെ. സി. തിരുവീരരായൻ രാജാ, ബി. എ.,

കോട്ടക്കൽ,

എന്ന് കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻ.

ഭാഷാ വാല്മീകിരാമായണം

വള്ളത്തോൾ നാരായണമേനോനവർകൾ സംസ്കൃതത്തിൽ നിന്നു വൃത്തത്തിന്നു വൃത്തമായി തൎജ്ജമ ചെയ്ത ഈ വിശിഷ്ടഗ്രന്ഥം ഒരു മാസികയായി പ്രസിദ്ധീകരിപ്പാൻ തീൎച്ചയാക്കിയിരിക്കുന്നു. ഒരു ലക്കത്തിൽ 1000 ശ്ലോകംവീതം ചേൎക്കുന്നതാകയാൽ രണ്ടു കൊല്ലം കൊണ്ടവസാനിക്കുന്നതാണ്. കൊല്ലത്തിൽ വരിസംഖ്യ നാലുറുപ്പിക മുൻകൂറായി അടക്കുകയോ, ഒന്നാം ലക്കംതന്നെ വി. പി. ആയി അയപ്പാൻ അനുവദിക്കുകയോ ചെയ്തിട്ടുള്ള 500 വരിക്കാരുടെ പേർ റജിസ്റ്റരിൽ ആയതിന്നു ശേഷമേ ആരംഭിക്കുകയുള്ളൂ.

വാല്മീകിരാമായണം മാനേജർ,

കേരളകല്പദ്രുമം അച്ചുക്കൂടം,

തൃശ്ശിവപേരൂർ.

സംഗതിവിവരം.

1. കടവല്ലൂരന്യോന്യം 169
2. നടുവത്ത അച്ഛൻ നമ്പൂരി— ഒടുവിൽ കുഞ്ഞികൃഷ്ണമേനോൻ, ബി. ഏ. 186
3. ഭവാനീസ്തവം— നടുവത്തുമഹൻ നമ്പൂരി 200
4. സാഹിത്യരക്ഷണം— കെ. സി. കേശവപിള്ള ... 202
5. മലയാംകൊല്ലം (വൃശ്ചികമാസം) 208
6. ഭൂഗൎഭശാസ്ത്രം— പി. കെ. എം., ബി. ഏ. 217
7. പലവക 228

വിദ്യാവിനോദിനി അച്ചുക്കൂടം.

[രസികരഞ്ജിനി]

നടുവത്തച്ഛൻ നമ്പൂരി.

രസികരഞ്ജിനി

൧൦൭൭

പുസ്തകം ൧ വൃശ്ചികമാസം ലക്കം ൪

മംഗളം.

ധന്യൻനീദേവയെന്നായ്ഹരിയൊടുഗിരിശൻദേവനാധന്യനെന്നും-
യന്യൻനേരേമറിച്ചുംമുനിസദസിഗുണംതമ്മിലെണ്ണിസ്തുതിക്കെ
അന്യോന്യപ്രീതിഭാവത്തൊടുസമനിലയാംകന്നലപ്പൈതലാളു-
ക്കന്യോന്യംകൂറകാർകണ്ടിടുമരിയൊരിണക്കുത്തുനോട്ടംജയിക്ക.

കടവല്ലൂരന്യോന്യം

നമ്പൂരിമാരുടെ വിദ്യാഭ്യാസം ഉൾകൃഷ്ടനിലയിലായിരുന്നതും, അവരുടെ പ്രശസ്തഗ്രന്ഥനിർമ്മാണം നടന്നുവന്നിരുന്നതും, കേവലം ഒരു പഴങ്കഥപോലെ പഴമക്കാൎക്കു മാത്രം അറിയാവുന്ന വിധത്തിൽ കാലാന്തരിതമായിപ്പോയി എന്നുതന്നെ പറയാം. ഇവരുടെ ഇപ്പോഴത്തെ നിലയും പണ്ടത്തെ നിലയുംകൂടി നോക്കുമ്പോൾ അജഗജാന്തരമുണ്ടെന്നുള്ളതിന്നു സംശയമില്ല. എങ്കിലും വേദാഭ്യാസവും അതിനെ സംബന്ധിച്ചുള്ള ചില പരീക്ഷകളും പണ്ടത്തെ നിലയെക്കാൾ വളരെ

താണെന്നുപായിയെന്നു പറഞ്ഞുകൂട. വേദജ്ഞന്മാരുടെ എണ്ണം ചു രുങ്ങിട്ടുണ്ടെങ്കിലും വേദാഭ്യാസത്തിന്റെ ക്രമവും വേദജ്ഞന്മാൎക്കു വേദപ്രയോഗസ്ഥാനങ്ങളിലുള്ള മാന്യതയും അതു മൂലം ബ്രാഹ്മണ രുടെ ഇടയിലുള്ള ബഹുമാനവും അശേഷം കുറഞ്ഞു പോയിട്ടില്ല. നേരെ മറിച്ച് ഇക്കൂറുകാരായ ഓത്തുള്ള നമ്പൂരിമാൎക്ക് ഈ വക വിഷയങ്ങളിൽ കിടമത്സരം നിമിത്തം വേദപരീക്ഷകളിൽ ഉത്സാ ഹവും വാശിയും വൎദ്ധിച്ചുതന്നെ നില്ക്കുന്നതേയുള്ളു. ഇതിന്നുദാ ഹരണമായി ഋഗ്വേദികളുടെ ഇടയിലുള്ള 'കടവല്ലൂരന്യോന്യം' എ ന്ന വേദപരീക്ഷാക്രമത്തെ എടുത്തു കാണിക്കാവുന്നതാണ്. തൃ ശ്ശിവപേരൂർ യോഗക്കാരും തിരുനാവായ യോഗക്കാരും അന്യോന്യം കടവല്ലൂര് എന്ന ദേശത്തുള്ള മഹാക്ഷേത്രത്തിൽ ചേൎന്നു നടത്തുന്ന വേദപരീക്ഷയാണ് 'കടവല്ലൂരന്യോന്യം' എന്നു പറയുന്നത്. ഈ ഉപന്യാസത്തിലെ വിഷയമായിരിക്കുന്ന മേൽപറഞ്ഞ വേദപരീ ക്ഷാസമ്പ്രദായത്തെപ്പറ്റി പറയുന്നതിന്നു മുമ്പ് ഇവർ തൃശ്ശിവപേ രൂർ യോഗത്തിലോ തിരുനാവായ യോഗത്തിലോ കുലക്രമപ്രകാ രം ചെന്ന് അഭിവാദ്യം ചെയ്തു വാദ്ധ്യാന്റെ ശിഷ്യസ്ഥാനം വ ഹിച്ചതിന്നു ശേഷം നടത്തുന്ന വേദാഭ്യാസക്രമത്തിനെപ്പറ്റി കുറ ച്ചൊന്നു പറഞ്ഞിട്ട് 'അന്യോന്യ'ത്തിന്റെ സ്വഭാവം കാണിക്കുന്ന തായാൽ അധികം വിശദമാകുന്നതാണ്. തൃശ്ശിവപേരൂർ ബ്ര ഹ്മസ്വം മഠത്തിലെ വേദാഭ്യാസമുറകളും തിരുനാവായ മഠത്തി ലെ മുറകളും പ്രായേണ ഒരേ മാതിരിയിലാകയാൽ തൃശ്ശിവപേരൂർ മഠത്തിലെ സമ്പ്രദായം വിവരിച്ചാൽ മറ്റേ മഠത്തിലേയും ഊഹി ക്കാവുന്നതാകുന്നു.

സാധാരണയായി ഋഗ്വേദസംഹിത അവരവരുടെ ഇല്ലത്തു വെച്ചുതന്നെ ഒരു 'കോക്യന്റെ' അടുക്കൽ ഇരുന്നു പഠിച്ചിട്ടാണ് ഉ ണ്ണി നമ്പൂരിമാർ തൃശ്ശിവപേരൂൎക്കു വരുന്നത്. 'പദം ചൊല്ലുക', 'ക്രമം', 'ജട', 'രഥ' എന്നിങ്ങനെ അവിടുന്നു മേല്പോട്ടുള്ള പഠ ങ്ങളെല്ലാം ബ്രഹ്മസ്വം മഠത്തിൽവെച്ചു ചെയ്താലേ വെടുപ്പാവുക യുള്ളു വെന്നാണു നമ്പൂരിമാരുടെ അഭിപ്രായം. തൃശ്ശിവപേരൂർ ബ്രഹ്മസ്വം മഠത്തിൽ ഉള്ള നാലു കെട്ടിലെ തെക്കിനിത്തറയിന്മേൽ വെച്ചാണ് വേദാദ്ധ്യയനം ചെയ്യുന്നത്. പതിവായി കാലത്തെ നേരവും വൈകുന്നേരവും 'ഓത്തു തുടങ്ങുക' എന്നൊരു സമ്പ്രദാ

യും ഉണ്ട്. അതായത—മാത്തിലെ നാലുകെട്ടിന്റെ കിഴക്കിനിയിലായി പ്രതിഷ്ഠിച്ചിട്ടുള്ള ശ്രീകൃഷ്ണസ്വാമിയുടെ നടക്കൽ ചെന്നു വാദ്ധ്യാൻ മണിയടിച്ചു തൊഴുന്നു. അതിന്നു മുമ്പായി തെക്കിനിത്തറയിന്മേലുള്ളവരെല്ലാവരും താഴത്തേക്കിറങ്ങുന്നു. തെക്കിനിത്തറയുടെ വടക്കെ അററത്തു മൂന്നു തൂണും നാലു തൂൺപഴുതും ഉണ്ട്. മരപ്പടിയിന്മേലാണ് തൂണുകൾ ഇരുത്തിട്ടുള്ളത്. വാദ്ധ്യാൻ മണി അടിച്ചു തൊഴുതതിന്റെ ശേഷം കിഴക്കുനിന്നു രണ്ടാമത്തെ തൂൺപഴുതിന്റെ പടിയുടെ മദ്ധ്യത്തിലായി തെക്കോട്ടു തിരിഞ്ഞിരിക്കുന്നു. അദ്ധ്യയനം ചെയ്യുന്ന ശിഷ്യവൎഗ്ഗമെല്ലാം പത്തു 'കിട'യായി വിഭാഗിക്കപ്പെട്ടിട്ടുണ്ട്. അതിൽ 'പദാന്തം' എന്ന സ്ഥാനമാണു ആദ്യത്തേത്. പദാന്തസ്ഥാനക്കാൎക്കു സംഹിത മാത്രം കഷ്ടിച്ചു വശമായിരിക്കും. വേദപാഠസംബന്ധമായി വേറെ യാതൊന്നും അവർ ധരിച്ചിട്ടുണ്ടാവുകയില്ല. അതിനാൽ അവർ വാദ്ധ്യാന്റെ അടുക്കൽതന്നെ നേരെ മുമ്പിലായി വടക്കോട്ടു തിരിഞ്ഞിരിക്കുന്നു. പിന്നെ 'കിഴക്കേക്കിട' എന്നും, 'പടിഞ്ഞാറെ കിട' എന്നും, രണ്ടു ഭാഗക്കാരാണ്.* അവർ പദാന്തക്കാരുടെ കിഴക്കുവശവും പടിഞ്ഞാറുവശവുമായിട്ടിരിക്കുന്നു. പദാന്തക്കാരെ ആ ക്ലാസ്സുകളിലേക്കു കയററം കൊടുക്കുന്നതിന്നു 'കിടയിൽക്കൂട്ടുക' എന്നാണ് പറയുക. നല്ലവണ്ണം 'വകതിരിവ്' ആയാൽ മാത്രമേ കിടയിൽ കൂട്ടുകയുള്ളു. വകതിരിവാവുക എന്നുവെച്ചാൽ പദച്ഛേദം ചെയ്യാറാവുകയും കയ്യു കാണിച്ചാൽ മനസ്സിലാകാറാവുകയുമാകുന്നു. പിന്നെ അതിലും മേലെ ഒരു കിടക്കാരെ 'തൂണിൻ ചുവട്ടിലുള്ളവർ' എന്നു പറയുന്നു. അവൎക്കു പദം ഒരു മാതിരി വശമായിട്ടുണ്ടായിരിക്കും. കിഴക്കെ കിടയിലുള്ളവരെ വാദ്ധ്യാന്റെ കിഴക്കു പുറയുള്ള തൂണിൻ ചുവട്ടിലേക്കും, പടിഞ്ഞാറെ കിടയിലുള്ളവരെ വാദ്ധ്യാന്റെ പടിഞ്ഞാറെ വശത്തുള്ള രണ്ടാമത്തെ തൂണിൻ ചുവട്ടിലേക്കും ആക്കുന്നു. പിന്നെ അതിലും മേലെയുള്ള കിടക്കു 'മോന്ത്യസ്ഥാനം' എന്നു പേരാകുന്നു. ആ സ്ഥനത്തിലിരിക്കാറായിട്ടുള്ളവൎക്കു പദം നല്ലവണ്ണം വശമായിരിക്കണം. അവരിൽ കിഴ

* കിഴക്കേ കിടയിലും പടിഞ്ഞാറെ കിടയിലും ചില അവാന്തരവിഭാഗങ്ങളുണ്ട്. അവയെ ഇവിടെ പ്രത്യേകിച്ചു കാണിച്ചിട്ടില്ല.

ക്കെ കിടക്കാരുടെ മാന്യസ്ഥാനം വാദ്ധ്യാന്റെ കിഴക്കുവശമുള്ള തൂൺപഴുതിന്റെ പടിയുടെ കിഴക്കെ അററവും, പടിഞ്ഞാറെക്കിടക്കാരുടെ മാന്യസ്ഥാനം വാദ്ധ്യാന്റെ പടിഞ്ഞാറെ വശത്തുള്ള രണ്ടാമത്തെ തൂൺപഴുതിന്റെ പടിയുടെ പടിഞ്ഞാറെ അററവും ആകുന്നു. കിഴക്കെക്കിട മാന്യസ്ഥാനക്കാർ വാദ്ധ്യാന്ന് അഭിമുഖമായി പടിഞ്ഞാട്ടു തിരിഞ്ഞും, പടിഞ്ഞാറെക്കിട മാന്യസ്ഥാനക്കാർ കിഴക്കോട്ടു തിരിഞ്ഞും, ഇരിക്കുന്നു. അതിലും മേലെയുള്ള കിടക്കു 'വലിയ മാന്യസ്ഥാനം' എന്നുപേർ. ആ കിടക്കാർ കടവല്ലൂര് 'കടന്നിരിക്കുക', 'വലിയ കടന്നിരിക്കുക' എന്നിങ്ങിനെയുള്ള ഉപരിപരീക്ഷകളിൽ ജയിച്ചിട്ടുള്ളവരായിരിക്കും. കിഴക്കെക്കിട വലിയമാന്യസ്ഥാനക്കാർ ആ മാന്യസ്ഥാനക്കാരുടെ പടിയിന്മേൽതന്നെ പടിഞ്ഞാറെ അററത്ത് അവൎക്കഭിമുഖമായിട്ടിരിക്കുന്നു. അപ്രകാരംതന്നെ പടിഞ്ഞാറെക്കിട വലിയമാന്യസ്ഥാനക്കാർ ആ മാന്യസ്ഥാനക്കാരുടെ പടിയിന്മേൽ കിഴക്കെ അററത്ത് അവൎക്കഭിമുഖമായിട്ടും ഇരിക്കുന്നു.* പിന്നെ ഏററവും ഉപരിയായിട്ടൊരു കിടയും കൂടിയുണ്ട്. നാലുകെട്ടിന്റെ പുറത്തു പടിഞ്ഞാറെ വശത്തായിട്ടുള്ള കെട്ടിന്റെ പടിഞ്ഞാറെ ഭാഗത്തുള്ള പടിയുടെ തെക്കെ അററമാകുന്നു ആ കിടയുടെ സ്ഥാനം. വേദസംബന്ധമായി താൻ യാതൊരു സംശയവും ചോദിക്കയില്ല എന്നു നിശ്ശങ്കം ആൎക്കു പറയുവാൻ കഴിയുമോ ആ ആളാണ് ആ സ്ഥാനത്തിലിരിപ്പാൻ അൎഹൻ. അവിടെ ഇരിക്കുന്ന ആളുടെ ചുമതല വാദ്ധ്യാൻ കയ്യു കാണിക്കുന്നതു പിഴക്കുന്നുണ്ടോ എന്നു സൂക്ഷിക്കുകയാകുന്നു. അങ്ങിനെയുള്ളവർ ഇപ്പോൾ ആരും ഇല്ല. പണ്ടു കോന്നനമ്പൂരിമാർ രണ്ടുപേർ ആ സ്ഥാനത്തിരുന്നിട്ടുള്ളതായി കേട്ടിട്ടുണ്ട് എന്നു നമ്പൂരിമാർ പറയുന്നുണ്ട്.

ഓത്തു തുടങ്ങുക—എല്ലാവരും യഥാസ്ഥാനം ഇരുന്നതിന്റെ ശേഷം ഓരോ കിടക്കാരായി ഓരോ 'സൂക്താദിയെ' (ഒരു സൂക്തത്തിലെ ആദ്യത്തെ രണ്ടുപദത്തെ) ചൊല്ലുന്നു. അപ്പോൾ വാദ്ധ്യാൻ അതാതു സൂക്തത്തിന്റെ ആദിമുതല്ക്കു ഒരു വക്കം 'കൈകാണിക്ക

* വലിയമാന്യസ്ഥാനക്കാർ വാദ്ധ്യാന്ന് അഭിമുഖമായിട്ടിരിക്കുന്നില്ലയെന്നതു കൊണ്ട് അവൎക്കു വേദപാഠത്തിങ്കൽ വാദ്ധ്യാന്റെ അപേക്ഷയില്ല എന്നു സൂചിപ്പിക്കുന്നു.

ണം'. പിന്നെ എല്ലാവരും അവരവരുടെ പാഠങ്ങളെ മുറജപിക്കുന്നു. ഒരു കിടയിലുള്ള ഒരാൾക്ക് അതിൽ വേണ്ട യോഗ്യതകളെല്ലാം സിദ്ധിച്ചുവെന്നറിഞ്ഞാൽ അതിന്നു മേലെയുള്ള കിടയിലേക്കു നീങ്ങിയിരിക്കാമെന്നു 'ഓത്തു തുടങ്ങുക' കഴിയുന്ന സമയം വാദ്ധ്യാൻ പറയുന്നതാണ്. ചെറുപ്പക്കാരായ വേദാദ്ധ്യായികൾക്കു അതു വളരെ മാനമായ ഒരവസ്ഥയാണെന്നു പറയേണ്ടതില്ലല്ലോ. കിഴക്കേകിടയും പടിഞ്ഞാറെകിടയും പഠിപ്പുകൊണ്ടു യാതൊരു വ്യത്യാസവുമില്ല. അതിനാൽ പടാന്തക്കിടയിൽനിന്നു ക്ലാസ്സു കയററം കൊടുക്കേണ്ടുന്നവരെ വാദ്ധ്യാൻെറ യുക്തംപോലെ അവയിൽ ഏതിലേക്കെങ്കിലുമയക്കുന്നു. പഠിപ്പുകൊണ്ടു സമന്മാരാണെങ്കിലും കിഴക്കേക്കിടക്കാരും പടിഞ്ഞാറേക്കിടക്കാരുമായിട്ടു നല്ല മത്സരമാകുന്നു.

ഓത്തു തുടങ്ങുവാൻ ചില ദിവസങ്ങളിൽ വാദ്ധ്യാന്നു തരമാകാതെ വന്നാൽ ഓത്തന്മാരിൽ ഒരാളായിരിക്കും ആ ക്രിയ നടത്തുവാൻ. പക്ഷെ അതിൽ ഒരു വിശേഷം മാത്രമുണ്ട്. ഓത്തു തുടങ്ങുവാനായി വാദ്ധ്യാന്നുപകരം വന്നിട്ടുള്ള ആൾ വാദ്ധ്യാനിരിക്കുന്ന സ്ഥാനത്തിരിക്കുകയില്ല. ആ പ്രത്യേകസ്ഥാനത്തുനിന്ന് അല്പമെങ്കിലും കിഴക്കോട്ടോ പടിഞ്ഞാട്ടോ നീങ്ങിയിരിക്കുന്നതാണ്. എന്നുതന്നെയല്ല, വാദ്ധ്യാൻ ഓത്തു തുടങ്ങുവാനിരിക്കുന്ന സ്ഥാനത്ത് എപ്പോളെങ്കിലും ഒരുവനും ഇരിക്കുകയോ, അവിടെ ചവിട്ടുകയോ, ചെയ്യുന്നതല്ല.

കടവല്ലൂരന്ന്യോന്ന്യം എന്ന പരീക്ഷക്കുള്ള ഒരുക്കങ്ങൾ— 'വാരമിരിക്കുക', 'ജടചൊല്ലുക', 'രഥചൊല്ലുക' ഇവയാണ് പരീക്ഷയ്ക്കുള്ള വിഷയം. ഇവയെപ്പററി മേലിൽ വിസ്തരിക്കുന്നതാണ്. അതാതിൽ പരീക്ഷയ്ക്കു പോകുവാൻ ഇച്ഛിക്കുന്നവർ പലപ്രാവശ്യവും "സമക്ഷത്ത്" പോയി ചൊല്ലി ജയിച്ചിട്ടുള്ളവരായിരിക്കണം. സമക്ഷത്തുപോയി ചൊല്ലുക എന്നുവെച്ചാൽ ഓരോ ദേശങ്ങളിലുള്ള അമ്പലങ്ങളിൽ വെച്ചു നടത്തുന്ന വാരങ്ങളിൽ ചെന്നു ചൊല്ലുകയാകുന്നു.

പിന്നെ തൃശ്ശിവപേരൂർ ബ്രഹ്മസ്വം മഠത്തിൽവെച്ച് എല്ലാ തുലാംമാസത്തിലും 'കിഴക്കുപടിഞ്ഞാറ്' എന്നു പറയുന്നതായ ഒരു പരീക്ഷ നടത്തുന്നു. അതു കടവല്ലൂരന്ന്യോന്ന്യത്തിന്ന് ഈ യോഗ

ത്തിലെ വേദാദ്ധ്യായികളെ അയക്കുന്നതിന്നു മുമ്പ് അവർ അതിന്നു യോഗ്യന്മാരാണോ എന്ന് ഇതിലെ ഓത്തന്മാക്കറിയുന്നതിന്നു മാത്രം നടത്തുന്ന ഒരു (Selection) പരിക്ഷയാകുന്നു. കടവല്ലൂര് 'വാരമിരിക്കുക' എന്ന പരീക്ഷയ്ക്കു പോകുവാനിച്ഛിക്കുന്നവനു കിഴക്കുപടിഞ്ഞാറ പരീക്ഷയിൽ രണ്ടുവാരമെങ്കിലും ശരിയാകണം. അവിടെ ജടചൊല്ലുവാനിച്ഛിക്കുന്ന ആൾ ഇവിടെ നാലു ജട പിഴക്കാതെ ചൊല്ലണം. അവിടെ രഥചൊല്ലുവാനിച്ഛിക്കുന്നവൻ ഇവിടെ രണ്ടു രഥപിഴക്കാതെ ചൊല്ലണം. കിഴക്കുപടിഞ്ഞാറു പരീക്ഷയിൽ ജടയും രഥയും ചൊല്ലുമ്പോൾ കുറച്ചു ചില പിഴകൾ മാത്രം പററിപ്പോയാൽ അതുകൊണ്ട് ഒരുവൻ ആ പരീക്ഷയിൽ ജയിക്കാതെയിരിക്കുകയില്ല. എന്നാൽ 'കലമ്പുക' എന്നു നമ്പൂരിമാരുടെ ഇടയിൽ സാധാരണ പറഞ്ഞുവരാറുള്ളപ്രകാരം മൂന്നു പിഴ പിഴച്ചാൽ അവനെ തോററകൂട്ടത്തിലായിത്തന്നെ ഗണിക്കുന്നു. ജയിച്ചിട്ടുള്ള കൂട്ടർ കടവല്ലൂരന്ന്യോന്ന്യത്തിന്നു പോകുവാൻ അർഹന്മാരായി ഭവിക്കുന്നു.

വേദാദ്ധ്യായികളെ ഏതെങ്കിലും വേദപരീക്ഷക്കു ചേരുവാൻ അനുവദിക്കുന്നതിന്നു 'ക്ഷണിക്കുക' എന്നാണ് നമ്പൂരിമാരുടെ ഒരു സംജ്ഞ.

വാരമിരിക്കുക, ജടചൊല്ലുക, രഥചൊല്ലുക എന്നീ പരീക്ഷകളെല്ലാം സാധാരണയായി രാത്രി സമയത്താണ് നടത്താറുള്ളത്. വാരമിരിക്കുക എന്ന പരീക്ഷ ഭക്ഷണത്തിന്നു മുമ്പും, ജടചൊല്ലുക, രഥചൊല്ലുക എന്ന പരീക്ഷകൾ ഭക്ഷണസമത്തുമാകുന്നു.* ഭക്ഷണം കഴിഞ്ഞാലും പരീക്ഷകഴിയുന്നതുവരെ എല്ലാവരും ഇലയുടെ മുമ്പിൽതന്നെ ഇരിക്കണമെന്നതു നിർബ്ബന്ധമാകുന്നു. മേൽപറഞ്ഞ കിഴക്കുപടിഞ്ഞാറ് എന്ന പരീക്ഷക്കു ചേരുവാൻ ഓരോരുത്തരെ യോഗത്തിലെ ഓത്തന്മാർ പകൽസമയം ക്ഷണിക്കുന്നു. ഈ ക്ഷണത്തിൽ യോഗ്യതാംശത്തെ അത്ര മനസ്സിരുത്തി നോക്കാറില്ല. തുലാം 25-ാംനു- (കിഴക്കുപടിഞ്ഞാറ)അവസാനിക്കുന്ന ദിവസം

* പരീക്ഷക്കൊരുങ്ങിട്ടുള്ള വേദാദ്ധ്യായികൾ ജടയോ രഥയോ ചൊല്ലുകയും, തത്സമയം ശേഷമുള്ളവർ ഭക്ഷണം മുറക്കു നടത്തുകയും, ചൊല്ലുന്നവക്കു പിഴ വരുന്നുണ്ടോ എന്നു സൂക്ഷിക്കുകയും, ആണ ചെയ്യുന്നത് എന്നു മനസ്സിലാക്കേണ്ടതാകുന്നു.

ബ്രഹ്മസ്വംമഠത്തിൽ ഒരു പാൽപായസം കഴിക്കുന്നതു പതിവാകുന്നു. അന്നു കടവല്ലൂരന്യോന്യത്തിന്ന് 'ഒന്നാന്തി മുമ്പിലിരിക്കുക', 'ഒന്നാന്തി രണ്ടാംവാരം', 'ഒന്നാന്തി ജട', 'മൂന്നാന്തി രഥ' എന്നിങ്ങിനെയുള്ള ചില പ്രധാന പരീക്ഷകൾക്കു പോകുവാൻ യോഗ്യന്മാരായ വേദാദ്ധ്യായികളെ അവിടെവെച്ചുതന്നെ ക്ഷണിക്കുന്നു. 'കിഴക്കുപടിഞ്ഞാറ്' പരീക്ഷയിൽ പിന്നേയും അനേകംപേർ വിജയികളായി ഭവിച്ചിട്ടുണ്ടെങ്കിലും അവരിൽ ആരെ എല്ലാമാണ് കടവല്ലൂര് ശേഷമുള്ള പരീക്ഷകൾക്കു ക്ഷണിക്കേണ്ടത് എന്നു തൃശ്ശിവപേരൂർ വെച്ചു തീർച്ചയാക്കുക പതിവില്ല. അതിനാൽ പരീക്ഷക്കു പോകണമെന്നിച്ഛയുള്ളവരെല്ലാവരും (പിന്നെ സ്വസ്ഥന്മാരും ഇല്ലെന്നില്ല) കടവല്ലൂക്കു പോകും. എന്നാൽ പരീക്ഷക്കു ക്ഷണം തരമാകണമെന്നുവെച്ചു പലരും തൃശ്ശിവപേരൂർ വടക്കുന്നാഥൻ ക്ഷേത്രത്തിൽ കുറച്ചു മുമ്പുമുതൽക്കേ ഭജനമാരംഭിക്കുക പതിവാകുന്നു.

തുലാമാസം 28-ാം നു-യാണ് കടവല്ലൂക്കുള്ള പുറപ്പാട്. അന്നു നേരത്തെത്തന്നെ എല്ലാവരും കുളിച്ചു നിത്യകർമ്മങ്ങളെല്ലാം ചെയ്തു മതിലകത്ത് (വടക്കുന്നാഥക്ഷേത്രത്തിൽ) തൊഴുതു പുറപ്പെടുന്നു. അന്ന് അവരുടെ കാലത്തെ ഭക്ഷണം തൃശ്ശിവപേരൂർനിന്ന് ഏകദേശം 5 നാഴിക പടിഞ്ഞാറ് പേരാമങ്ങലം എന്നൊരു ദേശത്താകുന്നു. അവിടെയുള്ള മുണ്ടയൂർ ക്ഷേത്രത്തിൽവെച്ചു തദ്ദേശീയന്മാരുടെ വകയായി അതികേമമായ ഒരു സദ്യ ഇവർക്കായി കഴിക്കുന്നു. അന്നു വൈകുന്നേരത്തെ ഭക്ഷണം ചെമ്മന്തട്ട ക്ഷേത്രത്തിലാകുന്നു. 29-ാം നു- കാലത്ത് പട്ടിമുറി എന്ന ദേശത്തുള്ള ക്ഷേത്രത്തിലാകുന്നു. വൈകുന്നേരം ആലങ്ങോട്ടെത്തുന്നു. 30-ാം നു- കാലത്ത് അവിടുന്ന് 6 നാഴിക ദൂരത്തുള്ള ചൊവ്വാത്തമ്പലത്തിൽ പോയി തൊഴുതു ഭക്ഷണത്തിന്ന് ആലങ്ങോട്ടേക്കുതന്നെ മടങ്ങുന്നു. യോഗക്കാർ തൃശ്ശിവപേരൂർനിന്നു പുറപ്പെട്ടിട്ടു വഴിക്കുള്ള മേൽ പറഞ്ഞ ദേശങ്ങളിലെ ക്ഷേത്രങ്ങളിൽ ചെല്ലുമ്പോൾ അതാതു നേരങ്ങളിൽ തത്തദ്ദേശീയന്മാരുടെ വക ഇടിപൊടിയായ സദ്യയോടുകൂടിയാണ് അവർ സൽക്കരിക്കപ്പെടുന്നത് എന്നു പ്രത്യേകം പറവാനില്ലല്ലോ. തിരുനാവായ യോഗക്കാർ തുലാം പതിനാറാന്തിയ്യതി മുതൽ 12 ദിവസം ചമ്രവട്ടത്തു സേവകഴിച്ചു പിറ്റെ ദിവസം പുലപ്പാക്കരെ നമ്പൂരിപ്പാട്ടിലെ ഇല്ലത്തെത്തുന്നു. അവിടേയും

പിററന്നാൾ ഉദയന്തൂർ മനക്കലും വാരംകഴിച്ചു മൂപ്പതാന്തിയ്യതി പുലച്ചെക്കു ചൊവ്വരത്തെത്തുന്നു. രണ്ടു യോഗക്കാരും ചൊവ്വരത്ത് ദക്ഷിണാമൂർത്തിയെ വഴിപോലെ സേവിച്ചു വഴിവാടുകൾ കഴിക്കുക പതിവാകുന്നു. അന്നവിടെ തമ്പ്രാക്കളുടെ വക മഹാഗംഭീരമായിട്ടുള്ള സദ്യയാകുന്നു. എങ്കിലും തൃശ്ശിവപേരൂര് യോഗക്കാർ സേവകഴിഞ്ഞാലുടനെ ഭക്ഷണത്തിന്നു മുൻപറഞ്ഞപ്രകാരം ആലങ്ങാട്ടുക്കുതന്നെ എത്തുകയേയുള്ളൂ. 30-ാംനു- വൈകുന്നേരത്തേക്ക് ഇരുയോഗക്കാരും കടവല്ലൂര് ചെന്നു ചേരുന്നു*.

കടവല്ലൂരന്യോന്യം—കടവല്ലൂര് ദേശം തൃശ്ശിവപേരൂർനിന്ന് ഏകദേശം 20 നാഴിക വടക്കുമാറി പടിഞ്ഞാറാകുന്നു. അതു കൊച്ചിരാജാവിൻെറകീഴിലാകുന്നു. പരീക്ഷക്കായി നമ്പൂരിമാർ കൂടുന്ന ക്ഷേത്രം മാത്രമാണ് അവിടെ പ്രധാനമായിട്ടുള്ളത്. അവിടെ ശ്രീരാമപ്രതിഷ്ഠയാകുന്നു.

വേദത്തിന്നധികാരികളായ എല്ലാ നമ്പൂരിമാരും എമ്പ്രാന്മാരും തൃശ്ശിവപേരൂര് തിരുനാവായ എന്നു രണ്ടു യോഗമായി വിഭാഗിക്കപ്പെട്ടിട്ടാണല്ലോ ഇരിക്കുന്നത്. തൃശ്ശിവപേരൂര് ബ്രഹ്മസ്വം മഠത്തിൽ അഭിവാദ്യം ചെയ്തു വേദാദ്ധ്യയനം ചെയ്യുന്നവർ തൃശ്ശിവപേരൂര് യോഗക്കാരും, തിരുനാവായ ബ്രഹ്മസ്വം മഠത്തിൽ അഭിവാദ്യം ചെയ്തു വേദാദ്ധ്യയനം ചെയ്യുന്നവർ തിരുനാവായ യോഗക്കാരുമാകുന്നു. ഈ രണ്ടു മഠങ്ങളിലും പ്രധാനമായിട്ട് ഋഗ്വേദമാകുന്നു. യജുസ്സ്, സാമം എന്നീ വേദങ്ങളെ അനുസരിക്കുന്ന ശേഷം നമ്പൂരിമാർ ഈ മഠങ്ങളിൽ അഭിവാദ്യം ചെയ്ത് അദ്ധ്യയനം പതിവില്ലെങ്കിലും അവക്ക് അപ്രകാരം ചെയ്വാൻ വിരോധമുണ്ടെന്നു തോന്നുന്നില്ല. എന്തെന്നാൽ മഠത്തിൽ താമസിച്ചു വേദാദ്ധ്യയനം ചെയ്യുന്ന നമ്പൂരിമാരുടെ ചിലവിലേക്കു പണ്ടുള്ള ചില വിശിഷ്ടന്മാർ സ്വത്തു നീക്കിവെച്ചപ്പോൾ ഋഗ്വേദാദികളായ വേദാദ്ധ്യായികളുടെ ചിലവിലേക്കായിട്ട് എന്നോ മറേറാ ഒരു ഭേദബുദ്ധിയോടുകൂടിട്ടായിരുന്നു അവരുടെ ആ പ്രവൃത്തി എന്ന് അപ്പോൾ ഊഹിക്കേണ്ടിവരുന്നു. അപ്രകാരമുള്ള ഊഹത്തിന്നുതന്നെ

* കടവല്ലൂർക്ക് ചൊവ്വരത്തുനിന്നു നാലു നാഴികയും, ആലങ്ങാട്ടുനിന്നു രണ്ടു നാഴികയുമാകുന്നു.

എത്രത്തോളം ന്യായമുണ്ട് എന്ന കാൎയ്യം വാദത്തിലാണിരിക്കുന്നത്. അതിനാൽ അതിനെ സാധിക്കുന്നതിന്നു ബലമായ തെളിവു കിട്ടുന്നതുവരെ വേദത്തിന്നധികാരികളായ എല്ലാ നമ്പൂരിമാൎക്കും എമ്പ്രാന്മാൎക്കും തങ്ങളുടെ കുലക്രമത്തിന്നോ അല്ലെങ്കിൽ തങ്ങളുടെ ഇഷ്ടത്തിന്നോ യോജിക്കുന്ന വിധത്തിൽ രണ്ടു മഠങ്ങളിൽ ഏതിലെങ്കിലും അഭിവാദ്യം ചെയ്തു് അവരവരുടെ വേദത്തെയും പാഠക്രമത്തെയുമനുസരിച്ചു് അദ്ധ്യയനം ചെയ്വാൻ വിരോധമില്ല എന്നുള്ളതിനെ സ്വീകരിക്കുന്നതായിരിക്കും അധികം നല്ലത്. എന്നാൽ അടുത്ത കാലങ്ങളിലെപ്പോളെങ്കിലും യജുൎവ്വേദികളും സാമവേദികളും സ്വസ്വവേദങ്ങളെ അദ്ധ്യയനം ചെയ്യുന്നതിന്നായി അങ്ങിനെ അഭിവാദ്യം ചെയ്തതായിട്ടോ ചെയ്യുന്നതായിട്ടോ കാണ്മാനില്ലല്ലോ എന്നൊരു പൂൎവ്വപക്ഷം കൊണ്ടുവന്നേക്കാം. അതിന്നുള്ള സമാധാനം എളുപ്പത്തിൽ പറയാവുന്നതാണ്. മലയാളത്തിൽ ഋഗ്വേദികൾ വളരെ അധികമാകയാലും ശേഷമുള്ള വേദങ്ങളെ—പ്രത്യേകിച്ചു സാമവേദത്തെ—അനുസരിക്കുന്നവർ കുറവാകയാലും പ്രായേണ മഠങ്ങളിൽ ഋഗ്വേദികളുടെ പാഠം അധികം പ്രബലമായി ഭവിച്ചു. സ്വഭാവേന അപ്പോൾ ശേഷമുള്ള പാഠങ്ങൾ അപ്രധാനമായി ഭവിക്കണമല്ലോ. ഇങ്ങിനെ ഋഗ്വേദം പ്രധാനമായി വന്നപ്പോൾ ശേഷമുള്ള വേദപാഠങ്ങൾക്കു സൌകൎയ്യം ക്രമേണ കുറഞ്ഞു വരികനിമിത്തം ആ വേദാദ്ധ്യായികൾ മഠങ്ങളിൽ അഭിവാദ്യം ചെയ്യാതെയായി എന്നു മാത്രമേ ഉള്ളു. യജുൎവ്വേദികളും സാമവേദികളും മഠങ്ങളിൽചെന്നഭിവാദ്യം ചെയ്യുക പതിവില്ലെങ്കിലും അവർ ഏതെങ്കിലും ഒരു യോഗത്തിൽ ചേൎന്നാണ് നില്ക്കുന്നത്* എന്ന സംഗതി മേല്പറഞ്ഞ അഭിപ്രായത്തിന്ന് ഒരു തെളിവായി സ്വീകരിപ്പാൻ വിരോധമുണ്ടെന്നു തോന്നുന്നില്ല.

തൃശ്ശിവപേരൂർ യോഗം കൊച്ചിരാജാവിന്റെ രക്ഷയിലും, തിരുനാവായ യോഗം സാമൂരിപ്പാട്ടിലെ രക്ഷയിലുമാകുന്നു. അതിനാൽ ആ രണ്ടു യോഗക്കാരും തമ്മിൽ സ്വഭാവേനതന്നെ മത്സരമാണ് എന്നതു സ്പഷ്ടമാണല്ലോ. 928-ാമാണ്ടു് ശക്തൻ സാമൂരി

* തിരുവനന്തപുരത്ത് മുറജപത്തിന്ന് എല്ലാ നമ്പൂരിമാരേയും രണ്ടു യോഗങ്ങളിൽ ഏതിലെങ്കിലും ഒന്നിൽ ചേൎന്നിട്ടുള്ളവരായിട്ടാണ് ചാൎത്തുക പതിവ്,

പ്പാട്ടിനു കൊച്ചിരാജ്യത്തെ ആക്രമിച്ചു മാപ്രാണംവരെയുള്ള രാജ്യമെല്ലാം കീഴടക്കി തൃശ്ശിവപേരൂര് താമസിക്കുന്ന കാലത്ത് തൃശ്ശിവപേരൂർ യോഗത്തെ സ്വാധീനപ്പെടുത്തുന്നതിനു പല ഉപായങ്ങളുമെടുത്തു നോക്കുകയുണ്ടായി. ആ ഘട്ടത്തിൽ ഒരു ദിവസം ഈ യോഗത്തിൽ ചേർന്ന ഒരാളായ കിരാങ്ങാട്ട് തെക്കിനിയേടത്ത് ഒരു നമ്പൂരിപ്പാട് (അദ്ദേഹം യജുർവ്വേദിയാണെങ്കിലും ഈ യോഗത്തിൽപ്പെട്ട ഒരാളാകുന്നു) സാമൂരിപ്പാട്ടിലെ കാണുവാൻ ചെന്നപ്പോൾ കാഴ്ചയായിവെച്ച 'മാടക്ഷമാരമണബാഹുബലാഭിഗുപ്താം'* എന്ന മഹാപ്രസിദ്ധമായ ശ്ലോകം മേൽപറഞ്ഞ മത്സരത്തെ വളരെ സ്പഷ്ടമായി സൂചിപ്പിക്കുന്നുണ്ട്. ഇതിനെപ്പററി 65-ാമാണ്ട് വൃശ്ചികത്തിലെ വിദ്യാവിനോദിനിയിൽ 'അക്ഷരാലക്ഷം' എന്ന ഒരു ലേഖനത്തിൽ അതിഭംഗിയായി വിവരിച്ചിട്ടുണ്ട്.

ഒരു യോഗത്തിലുള്ളവർ തങ്ങളുടെ വേദനൈപുണ്യത്തെ മററു യോഗക്കാരുടെ സഭയിൽവെച്ചു കാണിച്ചാലേ അവർ വിജയികളും അതു ഹേതുവായിട്ടു പൂജ്യന്മാരുമായി ഭവിക്കുകയുള്ളുവെന്നാണ് ശട്ടം. മുൻപ്രസ്താവിച്ച 'സമക്ഷത്തു പ്രയോഗിക്കുക' എന്നതും ഈ ശട്ടത്തെ അനുസരിച്ചതന്നെയാകുന്നു. കടവല്ലൂര് 'അന്യോന്യം' എന്നതു രണ്ടു യോഗക്കാരും കൊല്ലന്തോറും കടവല്ലൂര് ശ്രീരാമക്ഷേത്രത്തിൽകൂടി രണ്ടു യോഗത്തിലുമുള്ള വേദാദ്ധ്യായികളുടെ വേദത്തിലുള്ള നൈപുണ്യത്തെ അന്യോന്യം പരീക്ഷിച്ചറിയുക

---

* ഈ മാസികവായനക്കാരിൽ ചിലർ ഈ ശ്ലോകത്തെപ്പററി ധരിച്ചിട്ടുണ്ടാകുമോ എന്നു സംശയിക്കുന്നു. അതിനാൽ അവരുടെ ആവശ്യത്തിന്നായി ഈ ശ്ലോകത്തേയും, കഴിഞ്ഞുപോയ ചാത്തുക്കുട്ടിമന്നാടിയാർ അതിനു ചെയ്തിട്ടുള്ള ഭാഷാന്തരത്തേയും താഴെ ചേർക്കുന്നു.

ശ്ലോ — മാടക്ഷമാരമണബാഹുബലാഭിഗുപ്താം
സേയം സഭാ പരവശേതി ന ശങ്കനീയം
ഏകാകിനീ നിശിചരാലയമദ്ധ്യഗാപി
കിം രാമഭദ്രദയിതാ ദശകണ്ഠമാപ.

ഭാഷ — പരവശമതിലാകില്ലെന്നുമേ കൊച്ചിരാജൻ
കരബലമതുകാക്കുന്നിസ്സഭാ ശങ്കവേണ്ടാ
പരമൊരുതുണയെന്യേ രാഘവൻപത്നിരാത്രി-
ഞ്ചരരിടയിൽവസിച്ചും രാവണാധീനയായോ

എന്ന സമ്പ്രദായമാകുന്നു. ഇതിലേക്കായി രണ്ടു യോഗക്കാരുംകൂടി എല്ലാ വൃശ്ചികമാസവും ഒന്നാന്തിയ്യതി മുതൽ 16 ദിവസത്തെ പരീക്ഷ (രണ്ടു മുറ) അവിടെവെച്ചു നടത്തുന്നു. ചില കൊല്ലം പരീക്ഷക്കുള്ള ആളുകൾ അധികമുണ്ടായിവന്നാൽ പരീക്ഷ 24 ദിവസത്തോളം നീട്ടുന്നതാണ്.

കടവല്ലൂര് ശ്രീരാമക്ഷേത്രത്തിന്റെ സമീപത്ത് അച്യുതത്ത് എന്നും, പക്ഷിയിലെ എന്നും, രണ്ടു മൂത്തന്മാരുടെ ഇല്ലങ്ങളുണ്ട്. ആ രണ്ടു വകക്കാരും അവിടത്തെ കഴകക്കാരാകുന്നു. അവരിൽ അച്യുതത്തുള്ളവർ തൃശ്ശിവപേരൂർ പക്ഷവും, പക്ഷിയിലുള്ളവർ തിരുനാവായ പക്ഷവുമാകുന്നു. അവർ തമ്മിലുള്ള കൂറമത്സരം നമ്പൂരിമാർക്കുള്ളതിനേക്കാൾ ഒട്ടും കുറയുന്നതല്ല.

തുലാം 30-ാം നു- വൈകുന്നേരം രണ്ടു യോഗക്കാരും അവരവരുടെ പക്ഷക്കാരായ ആ രണ്ടു മൂത്തന്മാരുടെ ഭവനങ്ങളിലാണ് ചെന്നു ചേരുന്നത്. അവിടെ നമ്പൂരിമാരുടെ തൽക്കാലാവശ്യത്തിന്നായി ചില നെടുമ്പുരകളും മറവും കെട്ടിട്ടുണ്ടാകും. രണ്ടു യോഗക്കാരും അതാതു ഭവനങ്ങളിൽ ചെന്നു ചേർന്നാൽ പിന്നെ അവരുടെ സകല സൌകര്യങ്ങളേയും നോക്കേണ്ട ചുമതല ആ രണ്ടു മൂത്തന്മാർക്കാകുന്നു.

രണ്ടു യോഗക്കാർക്കും അന്യോന്യക്കാലത്ത് കാലത്തെ ഭക്ഷണം അതാതു മൂത്തന്മാരുടെ ഭവനങ്ങളിൽത്തന്നെയാണ്. അതിലേക്ക് അതാതു യോഗത്തിലെ വക ബ്രഹ്മസ്വം മഠങ്ങളിൽനിന്നുതന്നെയാണ് വട്ടംകൂട്ടുന്നത്. അവിടത്തെ ദേഹണ്ഡം പട്ടന്മാരാകുന്നു. വൈകുന്നേരം അമ്പലത്തിൽ വാരസദ്യയുണ്ട്. അത് ഓരോ ദിവസം ഓരോരുത്തരുടെ വകയാകുന്നു.

താഴെ കാണിക്കുന്നത് കടവല്ലൂര് ക്ഷേത്രത്തിന്റെ ഒരു പ്ലാൻ ആകുന്നു. അതു നോക്കിയാൽ അതാതു യോഗക്കാർക്ക് അമ്പലത്തിലുള്ള സ്ഥാനമിന്നതാണെന്നും, ഇന്നന്ന സ്ഥലത്തുവെച്ചാണ് അവർ പരീക്ഷ നടത്തുന്നതെന്നും ഉള്ള വിവരം നല്ലവണ്ണം സ്പഷ്ടമാകുന്നതാണ്.



ഇതിലെ ഓരോരോ ഭാഗങ്ങളുടെ വിവരം.

A കൂത്തമ്പലം

B 1 B 2 തൃശ്ശിവപേരൂർ യോഗക്കാൎക്കിരിപ്പാനുള്ള സ്ഥലം.

C 1 C 2 തിരുനാവായ യോഗക്കാൎക്കിരിപ്പാനുള്ള സ്ഥലം.

D കൂത്തമ്പലത്തിന്റെ പിന്നിലുള്ള അണിയറ.

1. തൃശ്ശിവപേരൂര് യോഗക്കാൎക്കു വാരമിരിപ്പാനുള്ള കൂത്തമ്പലത്തിന്റെ കിഴക്കേപ്പടി.
2. തിരുനാവായ യോഗക്കാൎക്കു വാരമിരിപ്പാനുള്ള തെക്കേപ്പടി.
3. തിരുനാവായ യോഗക്കാൎക്കു 'മുക്കിലെ ജടയും രഥയും' ചൊല്ലുവാനുള്ള കൂത്തമ്പലത്തിന്റെ തെക്കു പടിഞ്ഞാറുള്ള തൂണിന്റെ പുറമെയുള്ള പടി.

4. തൃശ്ശിവപേരൂര് യോഗക്കാൎക്കു മുക്കിലെ ജടയും രഥയും ചൊല്ലുവാനുള്ള കൂത്തമ്പലത്തിന്റെ കിഴക്കു വടക്കു മൂലയിലുള്ള തൂണിന്റെ പുറമെയുള്ള പടി.

1–2. എന്നീ അടയാളങ്ങളിട്ടിട്ടുള്ള സ്ഥാനങ്ങൾതന്നെയാണ് അതാതു യോഗക്കാൎക്ക് 'കടന്നിരിക്കുക' എന്ന രഥപ്രയോഗത്തിന്നുള്ള സ്ഥാനവും.

5. പ്ലാവു വെച്ചിട്ടുള്ള കൂട്.

6. അതിന്റെ മുമ്പിലായിട്ട് തൃശ്ശിവപേരൂര് യോഗക്കാൎക്കു 'വലിയ കടന്നിരിക്കുക' എന്ന ഏററവും കേമമായ ഒരു രഥപ്രയോഗത്തിന്നുള്ള സ്ഥാനം.

7. തിരുനാവായ യോഗക്കാൎക്കു 'വലിയ കടന്നിരിക്കലി'ന്നുള്ള സ്ഥാനം. അതായത് കൂത്തമ്പലത്തിന്റെ പടിഞ്ഞാറേ പടി.

പരീക്ഷക്കിരിപ്പാനുള്ള സ്ഥാനമെന്നപോലെ അമ്പലത്തിലുള്ള സകല ഏൎപ്പാടുകളും രണ്ടായിട്ടാകുന്നു. അത്താഴത്തിന്നിലവെക്കുന്നതുതന്നെ ഇന്നന്നാളുകൾക്ക് ഇന്നിന്ന ദിക്കിൽ എന്നു നിയമമുണ്ട്. രണ്ടു യോഗങ്ങളിലും ഓത്തിൽ ശ്രേഷ്ഠതമന്മാരായിട്ടുള്ളവരും, രണ്ടു യോഗത്തിൽനിന്നും അന്നേ ദിവസം ജയം പ്രാപിച്ചിട്ടുള്ളവരും, കൂത്തമ്പലത്തിന്റെ തറമേലാണ് ഉണ്ണാനിരിക്കുക. അതിൽതന്നെ വടക്കു ഭാഗത്തും കിഴക്കു ഭാഗത്തും തൃശ്ശിവപേരൂര് ഓത്തന്മാൎക്കും, തെക്കേ ഭാഗത്തും പടിഞ്ഞാറ ഭാഗത്തും തിരുനാവായ ഓത്തന്മാൎക്കും, ഇലവെക്കുന്നു. പിന്നെ കൂത്തമ്പലത്തിന്റെ മുൻഭാഗത്തുള്ള (പ്ലാനിൽ) B 1 എന്നടയാളമിട്ടിട്ടുള്ള സ്ഥലത്ത് തിരുനാവായ ഓത്തന്മാരും, പിൻഭാഗത്തുള്ള D എന്നടയാളമിട്ട അണിയറയിൽ തൃശ്ശിവപേരൂരോത്തന്മാരും, ഉണ്ണാനിരിക്കുന്നു. B 2 എന്നടയാളമിട്ടിട്ടുള്ള വടക്കെ ചിററിൽ തൃശ്ശിവപേരൂര് യോഗക്കാരിരിക്കുന്നു. അതിനെ അനുസരിച്ച് C 2 എന്നടയാളമിട്ടിട്ടുള്ള തെക്കേ ചിററിൽ തിരുനാവായ യോഗക്കാരുമിരിക്കുന്നു. C1 എന്ന ചിഹ്നത്തോടുകൂടിയ വലിയമ്പലത്തിന്റെ തെക്കേ ഭാഗം തിരുനാവായക്കാരുടെ സ്വാധീനത്തിലാണെങ്കിലും അത്താഴത്തിന്നിലവെക്കുന്നു

സമയം ആ ഭാഗം പന്നിയൂർ ഗ്രാമക്കാൎക്കുന്നാനിരിപ്പാൻ ഒഴിച്ചുകൊടുക്കണമെന്നാണ് ഏൎപ്പാട്. ഭക്ഷണത്തിന്നു സ്ഥലം പിന്നേയും മതിയായില്ലെങ്കിൽ ബാക്കിയുള്ളവർ കരിങ്കല്ലു വിരിച്ചിട്ടുള്ള തിരുമിററത്തുതന്നെ ഇരിക്കുന്നു. ഇത്ര നിഷ്കൎഷയോടുകൂടിയ ഈ ജാതിവൎണ്ണന കുറെ അനാവശ്യമാണ് എന്നു വായനക്കാരിൽ ചിലൎക്കു തോന്നുമായിരിക്കാം. എന്നാൽ ഇനി മേലിൽ പ്രസ്താവിക്കുവാൻ പോകുന്ന അനേകം സംഗതികളെ നല്ലവണ്ണം മനസ്സിലാക്കുന്നതിന്ന് നിസ്സാരമാണെന്നു തോന്നുന്ന മേൽപറഞ്ഞ കാൎയ്യങ്ങളുടെ നിഷ്കൎഷജ്ഞാനം അത്യാവശ്യമാണ് എന്ന് അവൎക്കുതന്നെ ബോദ്ധ്യപ്പെടുന്നതാണ്.

അന്ന്യോന്ന്യക്കാലത്തു സന്ധ്യാസമയത്തു കുറെ നായന്മാർകൂടി 'രാമഹരെ' എന്ന് ഒരു പ്രത്യേകരീതിയിൽ ജപിച്ചുകൊണ്ടു അമ്പലത്തിന്നു ചുററും പ്രദക്ഷിണം വെക്കുക പതിവാകുന്നു. അകത്തുനിന്നു വരുന്ന വേദഘോഷം അനൎഹന്മാരായിട്ടുള്ളവരുടെ ശ്രോത്രേന്ദ്രിയത്തിന്നു ഗോചരമായി ഭവിക്കരുതെന്നുവെച്ചാണത്രെ അങ്ങിനെ ഒരു ശട്ടം വെച്ചിട്ടുള്ളത്! അതിലേക്കായി ആ നായന്മാൎക്ക് അക്കാലങ്ങളിൽ അമ്പലത്തിൽനിന്നു ചോറു പതിവുവെച്ചിട്ടുണ്ട്.

ആദ്യത്തെ ദിവസത്തെ പരിക്ഷയുടെ പേർ 'ഒന്നാന്തി മുമ്പിലിരിക്കലും' 'ഒന്നാന്തി രണ്ടാംവാരവും' എന്നാകുന്നു. മുമ്പിലിരിക്കുക എന്നുവെച്ചാൽ ആ കൊല്ലത്തെ കടവല്ലൂരവെച്ചുള്ള പരീക്ഷയിൽ ഒന്നാമതായി വാരമിരിക്കുക എന്നൎത്ഥമാകുന്നു. ഒന്നാന്തി മുമ്പിലിരിക്കലും ഒന്നാന്തി രണ്ടാംവാരവും രണ്ടു ഭാഗക്കാൎക്കുമുണ്ട്. ഈ കൊല്ലം വൃശ്ചികം ഒന്നാന്തിയ്യതി മുമ്പിലിരിക്കാൻ തൃശ്ശിവപേരൂര യോഗത്തിൽനിന്നാണെങ്കിൽ വരുംകൊല്ലം തിരുനാവായ യോഗത്തിൽനിന്നാകുന്നു. അങ്ങിനെയാണെങ്കിലും ഈ കൊല്ലം തന്നെ വൃശ്ചികം രണ്ടാന്തിയ്യതി മുമ്പിലിരിക്കാൻ തിരുനാവായ യോഗത്തിൽനിന്നാകയാൽ അതിനെ അവർ തങ്ങളുടെ 'ഒന്നാന്തി മുമ്പിലിരിക്കൽ' എന്നു തന്നെ പറയുന്നു. വൃശ്ചികം ഒന്നാന്തിയ്യതി തൃശ്ശിവപേരൂർ യോഗത്തിൽനിന്നു മുമ്പിലിരിക്ക കഴിഞ്ഞാൽ ഉടനെ തിരുനാവായ യോഗത്തിൽനിന്ന് ഒരാൾ വാരമിരിക്കുന്നു. അത് അവരുടെ 'ഒന്നാന്തി രണ്ടാംവാരം' ആകുന്നു. അപ്രകാരംതന്നെ വൃശ്ചികം രണ്ടാന്തിയ്യതി തിരുനാവായ യോഗക്കാരുടെ 'ഒന്നാന്തിമു

മ്പിലിരിക്കൽ' കഴിഞ്ഞാൽ ഉടനെ തൃശ്ശിവപേരൂർ യോഗത്തിൽനിന്ന് ഒരാൾ വാരമിരിക്കുന്നു. അത് അവരുടെ 'ഒന്നാന്തി രണ്ടാം വാരം' ആകുന്നു. അതിനാൽ എല്ലാ കൊല്ലവും രണ്ടുഭാഗക്കാൎക്കും 'ഒന്നാന്തി മുമ്പിലിരിക്കലും ഒന്നാന്തി രണ്ടാംവാരവും' ഉണ്ട്. ഇങ്ങനെ പരീക്ഷ കഴിയുന്നതുവരെ രണ്ടുയോഗത്തിൽനിന്നും മാറിമാറി മുമ്പിലിരിക്കലും രണ്ടാം വാരവും പതിവായി നടത്തിവരുന്നു.

മേൽപറഞ്ഞ രണ്ടു പരീക്ഷകളും ആദ്യത്തേതാകയാൽ അവൎക്കു കുറെ അധികം വലിപ്പം കല്പിച്ചിട്ടുണ്ട്. അവയിൽ ജയിച്ചവർ മാന്യന്മാരായി ഭവിക്കുന്നു. ഒരാൾ പലപ്രാവശ്യവും സമക്ഷത്തുപോയി പ്രയോഗിച്ചുജയിക്കുകയും, തന്റെ യോഗത്തിലുള്ള ഓത്തന്മാൎക്കു പലവിധത്തിലും തൃപ്തിയെ ഉണ്ടാക്കിത്തീൎക്കുകയും ചെയ്താൽ മാത്രമേ അയാളെ മുമ്പിലിരിക്കാൻ ക്ഷണിക്കുകയുള്ളൂ.

മുമ്പിലിരിക്കുവാനുള്ള ആൾ ഒന്നാന്തിയ്യതി ഉച്ചക്കുതന്നെ പലേ വഴിവാടുകളും നേൎന്ന് അതിനുള്ള പണം കെട്ടിവെക്കുക പതിവാകുന്നു. കടവല്ലൂര് ക്ഷേത്രത്തിൽ അപ്പം പ്രധാനമാകയാൽ യഥാശക്തി ഇത്ര കൂട്ടപ്പം വേണമെന്നായിരിക്കും മുഖ്യമായ ഒരു വഴിവാട്. മൂത്തര് കാലേക്കൂട്ടിത്തന്നെ എല്ലാം ചോദിച്ചറിഞ്ഞു വേണ്ടുന്ന ഒരുക്കങ്ങളെല്ലാം ചെയ്യുന്നതാണ്. മുമ്പിലിരിക്കുവാനുള്ള ആൾ പകലേതന്നെ കുളിച്ച് അമ്പലത്തിൽ ചെന്നു വളരെ സേവകളെല്ലാം ചെയ്തു പിന്നെയും ചില പ്രത്യേക വഴിവാടുകൾ ചെയ്യുന്നു. സന്ധ്യയാകുമ്പഴക്കും ക്ഷേത്രത്തിന്റെ പുറത്തു നായന്മാരുടെ വക 'രാ—മാ—ഹ—രേ' എന്നിങ്ങിനെയുള്ള നാമസംകീൎത്തനം തുടങ്ങുന്നു. അതു കേൾക്കുമ്പോൾതന്നെ പരീക്ഷക്കുള്ള വേദാദ്ധ്യായിക്കു പരിഭ്രമം കലശലാകും. ഉടനെ ആ ആൾ കൂത്തമ്പലത്തിൽ കയറി അതാതുയോഗത്തിലേക്കു നിയമിച്ചിട്ടുള്ള സ്ഥാനത്തെ അനുസരിച്ചു ചെന്നിരിക്കുന്നു.* ഉടനെ ഉത്തരീയസ്ഥാനമായ രണ്ടാംമുണ്ടിനെ വിലങ്ങടിച്ചു താഴെ ഇട്ട് അതിന്റെ അകത്തുഭാഗത്തായി അഭിവാദ്യം ചെയ്യുന്നു. പിന്നെ ഒരു പ്രത്യേക മന്ത്രം ചൊല്ലിയതി

* തൃശ്ശിവപേരൂർ യോഗത്തിൽനിന്നുള്ള ആൾ കൂത്തമ്പലത്തിന്റെ കിഴക്കെ പടിയുടെ നടുവിലായി പടിഞ്ഞാട്ടു തിരിഞ്ഞിരിക്കുന്നു. തിരുനാവായയോഗത്തിൽനിന്നുള്ള ആൾ തെക്കെ പടിയുടെ മദ്ധ്യത്തിൽ വടക്കോട്ടു തിരിഞ്ഞിരിക്കുന്നു.

ന്റെ ശേഷം അതിന്റെ പുറത്തുഭാഗത്തായി ഒന്നുകൂടി അഭിവാദ്യം ചെയ്യുന്നു. അതിന്റെ ശേഷം മുണ്ടെടുത്തു കൈകളുടെ പടം മൂടി കണ്ണടച്ചുതൊഴുതു ധ്യാനിച്ചുകൊണ്ടിരിക്കുമ്പോഴാണ് വാരം ചൊല്ലുവാൻ ഇന്ന ഭാഗമാണ് എന്നു നിശ്ചയിക്കുന്നത്. അതിന്നു 'പേട്ടക്കുക' എന്നാണ് പറയുക. വിസ്താരഭയത്താൽ അതിന്നപ്രകാരമാണെന്നു വിവരിക്കുവാൻ ഇപ്പോൾ ശ്രമിക്കുന്നില്ല. അതിനെപ്പറ്റി ഇനി ഒരിക്കൽ വിസ്തരിച്ചു പറയുന്നതാണ്. പട്ടുകുവാൻ രണ്ടാൾ വേണം. അതു മറുകക്ഷിക്കാരാകുന്നു. പട്ടുക്കുക കഴിഞ്ഞിട്ട് ഒട്ടൊ ഇന്ന ഭാഗമാണ് എന്നു പറഞ്ഞാൽ അതിലെ ആദ്യത്തെ ഒരു ശ്ലോകം വാരമിരിക്കുന്ന ആളും പട്ടുക്കുന്ന ഒരാളും ഒപ്പം കയ്യുകാണിക്കുന്നു. അത് ഇന്ന ഭാഗമാണ് എന്നു തനിക്കു മനസ്സിലായി എന്നറിയിക്കുന്നതിന്നാകുന്നു. അതിന്റെ ശേഷം വാരമിരിക്കുന്ന ആൾ പത്തു ശ്ലോകങ്ങളും ഒന്നു നിരൂപിക്കുന്നു. അതു കഴിഞ്ഞാൽ ആദ്യത്തെ ശ്ലോകക്ക് ഒരു പ്രാവശ്യവുംകൂടി കയ്യുകാണിക്കുന്നു. അതു താൻ തയ്യാറായി എന്നറിയിക്കുന്നതിന്നാകുന്നു. അതിന്റെ ശേഷം പട്ടുക്കുന്ന ആൾ ഇന്ന ഭാഗമാണെന്ന് ഒന്നുകൂടി പറഞ്ഞുകൊടുക്കുന്നു. ഉടനെ മുറക്ക് ആ പത്തു ശ്ലോകങ്ങളെയും ക്രമമായി ചൊല്ലുവാനാരംഭിക്കുന്നു. ചൊല്ലുന്ന സമയം സ്വന്തം യോഗത്തിലെ ഒത്തന്മാരായിട്ടുള്ളവർ കയ്യുകാണിച്ചു കൊടുക്കുന്നതിന്നായി കൂത്തമ്പലത്തറയിന്മേൽ ഇരിക്കുന്നതാണ്. എവിടെ എങ്കിലും ഒരു പിഴ പിഴച്ചാൽ പിഴച്ചതുതന്നെ. ഉടനെ ചൊല്ലുക മതിയാക്കി മുണ്ടിട്ട് പോരുന്നു. പിന്നെ ആ മനുഷ്യനെ അവിടെ എങ്ങും കാണുന്നതല്ല. വാരസദ്യ ഉണ്ണാനുംകൂടി താമസിക്കാതെ വളരെ വ്യസനത്തോടുകൂടി ഇല്ലത്തേക്കു പോകുന്നു. ജയിച്ചാലത്തെ കഥ മഹാകേമംതന്നെയാണ്. ആ ആൾ അന്നുണ്ണാനിരിക്കുക കൂത്തമ്പലത്തറമേൽ ഒത്തന്മാരൊരുമിച്ചാകുന്നു. അതു വളരെ മാനമായിട്ടുള്ള ഒരവസ്ഥയാണ്.

പിന്നത്തെ പരീക്ഷ 'കൂനാന്തിജട' ആകുന്നു. അതു രണ്ടു ഭാഗങ്ങളായിട്ടുണ്ട്. അതാതു ഭാഗക്കാർക്ക് (വൃശ്ചികം ഒന്നാംതിയ്യതിയൊ രണ്ടാംതിയ്യതിയൊ) ഏതു തിയ്യതികളിലാണ് ആദ്യത്തെ ജടപരീക്ഷ വരുന്നത് അത് അവരവരുടെ 'കൂനാന്തിജട'യാകുന്നു. പിന്നത്തെ 'മൂന്നാന്തിരഥ'യാകുന്നു. മേൽപറഞ്ഞ ന്യായത്തെ അനുസരിച്ചുതന്നെ രണ്ടു യോഗക്കാർക്കും 'മൂന്നാന്തിരഥ' ഉണ്ടാകുന്നു.

വാരമിരിക്കലെന്നപോലെ ജടയും രഥയും—ഏതെങ്കിലുമൊന്ന്— പതിവായിട്ടുണ്ടാകുന്നതാണ്. ആദ്യമായിവരുന്ന എല്ലാ ജാതിപരീക്ഷകൾക്കും അധികം മാഹാത്മ്യം കല്പിച്ചിട്ടുള്ളതായി കാണുന്നുണ്ട്. ശേഷമുള്ള ദിവസങ്ങളിൽ ചൊല്ലുന്ന സാധാരണജടകളും രഥകളും 'മുക്കിലെ ജട' എന്നും, 'മുക്കിലെ രഥ' എന്നും, പേരുകൾ പറയുന്നു. തൂണിന്റെ മുക്കിലിരുന്നു ജടയും രഥയും ചൊല്ലുന്നതുകൊണ്ടാണ് അങ്ങിനെ പേരു പറയുന്നത്. തൃശ്ശിവപേരൂർ യോഗക്കാർ മുക്കിലെ ജടയും രഥയും ചൊല്ലുന്നതു കൂത്തമ്പലത്തിന്റെ കിഴക്കു വടക്കു മൂലയിലുള്ള തൂണിന്റെ പുറമെ ചെന്നിട്ടുള്ള പടിയിന്മേലിരുന്നിട്ടാകുന്നു. തിരുനാവായക്കാർ തെക്കുപടിഞ്ഞാറുള്ള തൂണിന്റെ പുറമെ ചെന്നിട്ടുള്ള പടിയിന്മേലിരുന്നിട്ടാണ് അവരുടെ മുക്കിലെ ജടയും രഥയും ചൊല്ലുന്നത്. ആ പ്രയോഗക്കാൎക്കു സഹായിപ്പാൻ (കൊടിപ്പാൻ) വേണ്ടി സ്വസ്വപക്ഷത്തിലുള്ള രണ്ടു പേർ തയ്യാറായിരിക്കുന്നതാണ്. ഇനി കുറെ മേലെക്കിടയായ ഒരു പരീക്ഷ 'കടന്നിരിക്കുക' ആകുന്നു. 'കടന്നിരിക്കുക' എന്നത് മുക്കിലെ രഥയെക്കാൾ വളരെ അധികം സാമൎത്ഥ്യത്തോടുകൂടിയുള്ള ഒരു രഥപ്രയോഗമാകുന്നു. തൃശ്ശിവപേരൂർയോഗക്കാൎക്കു 'കടന്നിരിക്കുക' എന്ന രഥപ്രയോഗത്തിനുള്ള സ്ഥാനം കൂത്തമ്പലത്തിന്റെ കിഴക്കെ പടിയുടെ മദ്ധ്യവും തിരുനാവായക്കാൎക്കു തെക്കെ പടിയുടെ മദ്ധ്യവുമാകുന്നു.

'വലിയ കടന്നിരിക്കൽ' ആണ് ഉള്ളതിൽ ഉപരിപരീക്ഷ. അതും രഥപ്രയോഗംതന്നെയാണ്. പ്രയോഗത്തിൽ അസാമാന്യമായ ചാതുൎയ്യവും അലക്ഷ്യവുമാണ് അതിന്നു വേണ്ടത്. നല്ലവണ്ണം 'ഓത്തത്തവും കട്ടിത്തവു'മുള്ളവർ മാത്രമെ ആ പരീക്ഷക്കു ശ്രമിക്കുകയുള്ളു. അതിൽ ജയിച്ചാൽ നമ്പൂരിമാരുടെ ഇടയിലുള്ള പൂജ്യത അസാമാന്യമാകുന്നു. തോററാലുള്ള ക്ലേശവും സാമാന്യത്തിലധികമുണ്ടാകുന്നതാണ്. കടന്നിരിക്കുക, വലിയ കടന്നിരിക്കുക എന്നീ പരീക്ഷകൾ കുറെ അധികം കഠിനമാകയാൽ എല്ലാ കൊല്ലവും ആ പരീക്ഷകൾക്ക് ആളുകൾ ഉണ്ടാകുന്ന കാൎയ്യം സംശയമാണ്. ശേഷമുള്ള എല്ലാം പരീക്ഷകളും നിയമമായിട്ടുണ്ടാകുന്നു. തൃശ്ശിവപേരൂർയോഗക്കാൎക്കു വലിയ കടന്നിരിക്കലിന്നുള്ള സ്ഥാനം കൂത്തമ്പലത്തിലുള്ള പ്ലാവിന്റെ മുമ്പിലായിട്ടാകുന്നു. തിരുനാവായക്കാ

ക്കു കൂത്തമ്പലത്തിന്റെ പടിഞ്ഞാറെ പടിയുടെ മദ്ധ്യത്തിലുണ്ടാകുന്നു.

കടവല്ലൂര് പരീക്ഷക്കാലത്ത് പതിവായിട്ടുള്ള രണ്ടു വാരമിരിക്കൽ കഴിഞ്ഞാൽ 'കൂട്ടവാരം' എന്നൊരു സമ്പ്രദായമുണ്ട്. അതു കഴിഞ്ഞാൽ പിന്നെ സദ്യക്ക് ഇലവെക്കുകയായി. ഉണ്ണാനിരിക്കുമ്പോഴാണല്ലോ ജടയോ രഥയോ പ്രയോഗിപ്പാനുള്ള സമയം. പരീക്ഷക്കാലത്ത് എല്ലാം കഴിഞ്ഞ നമ്പൂരിമാർ അമ്പലത്തിൽനിന്നു പിരിയുമ്പോൾ അർദ്ധരാത്രി പുറമാകുന്നതാണ്. ഈവിധമൊരു സന്ദർഭത്തിൽ 'വാരത്തിനു പടുക്കുക' എന്നു വെച്ചാലെന്താണെന്നും, 'ജടചൊല്ലുക' 'രഥചൊല്ലുക' 'മൂടിപ്പൂച്ച' 'പച്ചരഥ' എന്നിങ്ങിനെ പേരുകൾ പറയുന്ന പലജാതി പ്രയോഗസാമർത്ഥ്യങ്ങളുടെ സ്വരൂപമെന്താണെന്നും, വിസ്താരമായി വിവരിക്കുന്നതാകുന്നു.

നടുവത്ത അച്ഛൻനമ്പൂരി

ഇക്കഴിഞ്ഞ അർദ്ധശതവർഷത്തിൽ മലയാളഭൂമിയിൽ ഉണ്ടായിട്ടുള്ള അനവധി കവികളുടെ ശേഖരത്തിൽ ഒരു മാന്യസ്ഥാനത്തിന്നവകാശിയായ നടുവത്ത് അച്ഛൻനമ്പൂരി തിരുമനസ്സിലെ പദ്യം കേൾക്കാത്ത മലയാളഭാഷയിൽ അക്ഷരജ്ഞാനമുള്ളവർ ആരുംതന്നെ ഉണ്ടായിരിക്കുമെന്നു തോന്നുന്നില്ല. എന്നാൽ അവിടുത്തെ ജനനത്താൽ പരിപൂതമാക്കിച്ചെയ്യപ്പെട്ട പൂർവ്വവംശവും സംവാസവും എന്താണെന്നും, അവിടുത്തെ ബാല്യകാലം എങ്ങിനെയായിരുന്നു എന്നും, വിദ്യാഭ്യാസം ഏതുപ്രകാരമായിരുന്നു എന്നും, അവിടുത്തെ ജനനശേഷം ഇല്ലത്തേക്കു വല്ല ഭേദഗതിയും വന്നിട്ടുണ്ടോ എന്നും, അവിടുത്തെ വൃത്തിയുടെ സ്വഭാവമെന്താണെന്നും മറ്റുമുള്ള വിവരങ്ങൾ ആ തിരുമനസ്സിലെ കവിതാമാധുര്യം അനുഭവിച്ചു സുഖിക്കുന്ന അനേകായിരം ജനങ്ങളിൽ ചുരുക്കംപേർക്കു മാത്രമേ അറിവുണ്ടായിരിക്കയുള്ളൂ. കാളിദാസൻ, ഭവഭൂതി മുതലായ പ്രാചീന സംസ്കൃതകവികളേയും, എന്നുവേണ്ട,

ചുരുങ്ങിയ ശതവൎഷങ്ങൾക്കപ്പുറം ജീവിച്ചിരുന്ന തുഞ്ചത്തെഴുത്തച്ഛൻ, കുഞ്ചൻനമ്പ്യാർ മുതലായ മലയാളകവികളുടെയും, സംബന്ധിച്ച്, മേൽപറഞ്ഞപ്രകാരം പൂൎണ്ണമായ വിവരങ്ങൾ വേണമെന്നില്ല, നിരാക്ഷേപമായി, കാലനിൎണ്ണയം ചെയ്യത്തക്കവണ്ണമുള്ള വിവരം പോലും കുറിച്ചിടുവാൻ തോന്നാത്ത അവരുടെ സമാനകാലീനന്മാരെ നാം ചില സന്ദൎഭങ്ങളിൽ മനസ്സറിയാതെ ശപിക്കുമാറുണ്ട്. നമ്മുടെ പിൻഗാമികൾക്ക് നമ്മെ അപ്രകാരം ശപിക്കുവാൻ ഇടകൊടുക്കാതിരിക്കേണ്ടത നമ്മുടെ ചുമതലയാണ്. എന്നാൽ ഈ മഹത്തായ കൃത്യത്തെ ഞാൻ ചെയ്യുന്നതിനാകുംവതിന്നടങ്ങു ഭംഗിയായി നിൎവ്വഹിക്കത്തക്ക അനവധി യോഗ്യർ ഇപ്പോളുണ്ടെന്നു എനിക്കു പൂൎണ്ണബോധ്യമുണ്ടെങ്കിലും, അച്ഛൻനമ്പൂരി തിരുമനസ്സിലേയ്ക്കു ഈയുള്ളവനിലുള്ള അന്തമററ വാത്സല്യത്തിൻെറ ശക്തിയാൽ ഇതു ഞാനായാൽ മതി എന്നു അവിടുന്നു അരുളിച്ചെയ്കയും, അവിടുത്തെക്കുറിച്ച് ഈയുള്ളവനുള്ള അന്തമററ ഭക്തിബഹുമാനങ്ങളുടെ ശക്തിയാലും ആ തിരുമനസ്സിലെ ജീവചരിത്രസംഗ്രഹം ഞാൻതന്നെ എഴുതേണ്ടതാണെന്ന് എനിക്കു തോന്നുകയും ചെയ്കയാൽ ഇതിന്നു പുറപ്പെട്ടതാണെന്ന് മഹാജനങ്ങളെ അറിയിച്ചുകൊള്ളുന്നു.

നടുവത്ത് അച്ഛൻനമ്പൂരി തിരുമനസ്സുകൊണ്ടു 1016-ാമാണ്ട് മീനമാസത്തിൽ മകം നക്ഷത്രത്തിൽ ചോഴലമാടമഹീപതി പാലിച്ചീടുന്നകൊച്ചിരാജ്യത്തു ചാലക്കുടി എന്ന ദിക്കിൽ ജനിച്ചു. ഭക്തികൊണ്ടും വിരക്തികൊണ്ടും ദാരിദ്ര്യംകൊണ്ടും കുചേലബ്രാഹ്മണനോടുപമിക്കാവുന്ന അവിടുത്തെ അച്ഛൻ, മഹാനായ ഈ ഉണ്ണിയുടെ മുഖദൎശനത്താലുള്ള സുഖം അനുഭവിപ്പാൻ നില്ക്കാതെയും ഉണ്ണിക്കു പിതൃലാളനസുഖം അനുഭവിപ്പാൻ ഇടകൊടുക്കാതെയും, ഗൎഭസ്ഥനായ കുമാരന്നു നാലുമാസം പ്രായമായ കാലത്തു, തൻെറ നാല്പതാം വയസ്സിൽ, സ്വൎഗ്ഗപ്രാപ്തനായി. രണ്ടു പേർ ജ്യേഷ്ഠന്മാർ ഉണ്ടായിരുന്നവരിൽ ഒരാൾ ഉപനീതനായിരിക്കുമ്പോഴു, മററെ ആൾ 1051-ാമാണ്ടിലും അന്തരിച്ചു. ഇപ്പോഴുള്ള ഇല്ലത്തെ ഗൃഹസ്ഥൻ ഈ രണ്ടാമതു പറഞ്ഞ ജ്യേഷ്ഠൻെറ മകനാണ്.

അച്ഛൻനമ്പൂരി തിരുമനസ്സിലേക്കു പുരുഷപ്രാപ്തിയാകുന്ന ഇവരെ അമ്മതന്നെ ഗൃഹഭരണം ചെയ്തു. എന്നു ഭരണമാ

ണെന്ന് ഈശ്വരന്നുതന്നെ അറിയാം. ഭർത്താവിന്റെ അകാലത്തിലുള്ള ദേഹവിയോഗം, അതിനെ സംബന്ധിച്ച് തനിക്കുള്ള ദുസ്സഹമായ വ്യസനം, തങ്ങളെത്തന്നെ പോററുവാൻ കഴിവില്ലാത്ത രണ്ടുമൂന്നു ഇളംകിടാങ്ങൾ, താൻ ഏകാകിനി, ഇല്ലത്തു യാതൊരു വകയുമില്ല, മററു വർഗ്ഗക്കാർക്കു ചെയ്യാവുന്ന വിധം ഭിക്ഷാടനം ചെയ്തു ഉപജീവിക്കുവാൻ സ്വാതന്ത്ര്യം ഇല്ലാത്ത ഒരു അന്തർജ്ജനം. എന്താണ് ഇതിൽ പരമായി ഒന്നു വരുവാനുള്ളത്. ഇതെല്ലാം സഹിച്ചുംകൊണ്ട്, ഏതാനും പശുക്കൾ ഉണ്ടായിരുന്നവയെ കറന്നു, കാച്ചി, തൈരുണ്ടാക്കി വിററ് അതിൽനിന്നുണ്ടാകുന്ന ആദായംകൊണ്ട്, ഭരണനിപുണയായ ആ സാദ്ധ്വി തന്റെ സാമർത്ഥ്യത്താൽ പട്ടിണി കൂടാതെ നിത്യവൃത്തി കഴിച്ചുകൂട്ടി. 'ആവട്ടത്തിരിക്കും പുരഹരഭഗവാനുള്ള നല്ലുത്സവത്തെ' എന്ന ഭഗവദ്ദൂതിലെ സൂത്രധാരൻ ചൊല്ലിയ ശ്ലോകംവഴി നമുക്കെല്ലാം പരിചയമായിട്ടുള്ള 'ആവട്ടത്തൂർ' എന്ന ദിക്കിൽ 'കുട്ടപ്പിള്ളി' എന്ന ഇല്ലപ്പേരുള്ള തന്റെ അമ്മാത്തുവെച്ചായിരുന്നു അച്ഛൻ നമ്പൂരിയുടെ പ്രാഥമികവിദ്യാഭ്യാസം. അക്ഷരാഭ്യാസം കഴിഞ്ഞു 'വാക്യം' വരെ അവിടെവെച്ചു പഠിച്ചു. പണ്ടത്തെ സമ്പ്രദായപ്രകാരം 'വാക്യം'വരെ പഠിച്ചാൽ നല്ലവണ്ണം കൂട്ടിവായിക്കാറാവില്ലെന്നു ആ സമ്പ്രദായം നിശ്ചയമുള്ളവർക്കെല്ലാം അറിയാവുന്നതാണല്ലോ. ഉപനയനം കഴിച്ചതു സ്വജനത്തിൽപെട്ട 'മേരുത്തോമ്പിള്ളി' എന്ന ഇല്ലത്തുവെച്ചാണ്. ഈ ക്രിയക്കു സ്വല്പമായി ചിലവുള്ളതു ചെയ്യാൻ സാധിക്കാത്തതിനാലാണ് സ്വഗൃഹത്തിൽവെച്ചു നടത്താഞ്ഞത്. ഇക്കാലത്തു തന്നെയാണ് അതിബുദ്ധിയോടും അതിശ്രദ്ധയോടുംകൂടി വേദപാഠം ചെയ്തത്. അമ്മാത്തെ ഒരു ശാഖയായ 'നെല്ലായിക്കുന്നത്ത്' വെച്ചായിരുന്നു സമാവർത്തനം. സ്വന്തം ഇല്ലത്ത് ഈ വക അടിയന്തരങ്ങൾ നിവൃത്തിക്കുവാൻ തീരെ കഴിവില്ലാതെ വരുമ്പോൾ ബന്ധുജനങ്ങളുടെ സഹായം ആവശ്യപ്പെടാതെ ഗത്യന്തരമില്ലല്ലോ. എന്നാൽ തുടരെത്തുടരെ ഏതെങ്കിലും ഒരിടത്തുതന്നെ അലട്ടുന്നതിന്നു വൈമനസ്യം തോന്നീട്ടായിരിക്കണം ഉപനയനം ഒരു ദിക്കിലും സമാവർത്തനം മറെറാരു ദിക്കിലും ആക്കാമെന്നു ലോകതന്ത്രജ്ഞയായ മാതാവു നിശ്ചയിച്ചത്. ഇക്കാലത്തു ഓട്ടംതുള്ളലിൽ ഭ്രമം നിമിത്തം തുള്ളൽ കൃതികൾ കിട്ടുന്നതും

സമ്പാദിച്ചു വായിച്ചും പകൎത്തി എഴുതിയും കുട്ടിവായനയും എല്ലാം വശമാക്കി. അമ്മക്കും തുള്ളലിൽ വളരെ മോഹമുണ്ടായിരുന്നതുകൊണ്ടു മകന്റെ ഈ പരിശ്രമത്തെ സൎവ്വാത്മനാ അഭിനന്ദിച്ചു എന്നു പറയേണ്ടതില്ലല്ലോ. 'ചെറുപ്പകാലങ്ങളിലുള്ള ശീലം മറക്കുമോ മാനുഷനുള്ള കാലം' എന്നു ശ്രീകൃഷ്ണചരിതത്തിലും 'ചൊട്ടയിലുള്ളൊരു ശീലം വിട്ടീടില്ലെന്നുണ്ടു ചുടലവരെ' എന്ന് അവിടുന്നുതന്നെ ഭഗവദ്ദൂതിലും പറഞ്ഞിട്ടുള്ളതുപോലെ തുള്ളൽ കൃതികളിൽ ബാല്യകാലത്തു ധാരാളം പരിചയിച്ചതോടുകൂടി അവയിലെ ശുദ്ധഭാഷാപദബഹുലങ്ങളായ പ്രയോഗങ്ങൾ മനസ്സിൽ പതിഞ്ഞുകിടന്നതാണ പിന്നീട് അവിടുത്തെ കവിതയിൽ അസാധാരണമായി കണ്ടുവരുന്ന സാരള്യത്തിന്നും സുഗമതക്കും ആദിഹേതുവായി തീൎന്നത് എന്ന് ഊഹിപ്പാൻ ന്യായമുണ്ട്. രണ്ടായാലും തുള്ളൽ വായിച്ചതോടുകൂടി പഠിപ്പാനുള്ള വാസനതുടങ്ങി. ഒരു മഹാബുദ്ധിമാനും ജ്യോതിശ്ശാസ്ത്രജ്ഞനുമായ മരുത്തോമ്പിള്ളി തെക്കെപുഷ്പകത്തു വാസുനമ്പ്യാരുടെ അടുക്കൽ ശ്രീകൃഷ്ണവിലാസംവരെ പഠിച്ചു. ഇക്കാലത്തുതന്നെ കവിതയിൽ ഉത്സാഹം തുടങ്ങി. സ്വഗൃഹത്തിൽ കാലക്ഷേപത്തിനുള്ള ബുദ്ധിമുട്ടു പഠിപ്പിന്നും കവനനിൎമ്മാണത്തിന്നും ശല്യമായി തീൎന്നതുകൊണ്ടു പഠിപ്പിന്റെ പരിപൂൎത്തിക്കായി 1031, 32 ഈയിടക്കു തൃപ്പൂണിത്തുറക്കു പോകയും ജഗൽപ്രസിദ്ധനും രാജഗുരുവുമായ പാലപ്പുറത്തു പുതിയേടത്തു ഗോവിന്ദൻ നമ്പ്യാരുടെ ശിഷ്യത്വം സ്വീകരിച്ചു ബാക്കി പഠിപ്പു അവിടെവെച്ചു നിവൃത്തിക്കുകയും ചെയ്തു. പ്രസിദ്ധനായ കൈക്കുളങ്ങരെ വാരിയത്തു രാമവാരിയർ സബ്രഹ്മചാരിയും മരുത്തോമ്പിള്ളി പരമേശ്വരൻ നമ്പൂരി സഹപാഠിയും ആയിരുന്നു. തൃപ്പൂണിത്തുറെയുള്ള വാസത്തിൽവെച്ചു തമ്പുരാക്കന്മാരുടെ പ്രീതി സമ്പാദിപ്പാൻ സൌകൎയ്യം കിട്ടുകയും അതുവഴിയായി ഊണു, തേച്ചുകുളി മുതലായവക്കു മുമ്പുണ്ടായിരുന്ന കഷ്ടപ്പാടു മിക്കവാറും നീങ്ങുകയും ചെയ്തു. സാധാരണ വിദ്യാൎത്ഥികൾ, ഗുരുനാഥൻ സ്വദേശത്തേക്കു പോകുമ്പോൾ ദീൎഘമായ അനദ്ധ്യായം കിട്ടിയതിൽ സന്തോഷിച്ചു കളിച്ചു നടക്കയാണല്ലൊ പതിവ്. എന്നാൽ ബുദ്ധിമാനും ഉത്സാഹിയുമായ നമ്മുടെ വിദ്യാൎത്ഥിയാകട്ടെ, ഗുരുനാഥനായ നമ്പ്യാർ ഒററപ്പാലത്തിന്നു സമീപമുള്ള സ്വഗൃഹമായ പാലപ്പുറത്തു

ല്ലൂ പോകുമ്പോഴും കൂടെപ്പോകയാണ് പതിവ്. പോകുന്ന സമയം കൊച്ചിയിൽനിന്നു കുറെ ജഗന്നാഥൻ വാങ്ങി അവിടങ്ങളിൽ കൊണ്ടുപോയി വില്ക്കയും ആ സംഖ്യകൊണ്ടു കുത്താമ്പുള്ളിപ്പുവു വാങ്ങി തൃപ്പൂണിത്തുറെ കൊണ്ടുചെന്നു വില്ക്കയും അതിൽ നിന്നുണ്ടാവുന്ന ആദായംകൊണ്ടു ലോഭംകൂടാതെ മുണ്ടുചിററലും മററുമുള്ള ചില്ലറ ചിലവുകളും നിവൃത്തിക്കയും ചെയ്തു വന്നു. തൃപ്പൂണിത്തുറെ താമസിക്കും കാലത്തു പ്രസിദ്ധകവിയായ പൂന്തോട്ടത്തു നമ്പൂരിക്കു നമ്മുടെ കൊച്ചുനമ്പൂരിയിൽ അതിയായ വാത്സല്യം ജനിക്കുകയും കവിതാവിഷയത്തിൽ പല ഉപദേശങ്ങളും ശുഷ്കാന്തിയോടുകൂടി ചെയ്തു കൊടുത്തതിനു പുറമെ അന്നന്നുണ്ടാകുന്ന കവിതകളും പാഠം വായിച്ചു ഗുണാഗുണങ്ങളും ചൂണ്ടിക്കാണിച്ചു കൊടുക്കുകയും ചെയ്തിട്ടുണ്ട്. നമ്പ്യാരുടെ കീഴിൽ 1038വരെ പഠിച്ചു, അപ്പോഴേക്കും കാവ്യാലങ്കാരനാടകങ്ങളിലും തർക്കശാസ്ത്രത്തിലും കുലങ്കഷമായ വ്യുല്പത്തിയെ സമ്പാദിച്ചു. നമ്പ്യാർ 1039 മകരത്തിൽ അന്തരിച്ചു. എങ്കിലും നമ്പൂരിക്കുണ്ടായിരുന്ന പ്രീതിയുടെ ശക്തിയാൽ കുറെക്കാലംകൂടി തൃപ്പൂണിത്തുറെത്തന്നെ താമസിച്ചു.

ജ്യേഷ്ഠൻ വേളികഴിച്ച് അതിൽ സന്താനമുണ്ടായിരുന്ന സ്ഥിതിക്ക് അനുജനായ നമ്മുടെ തിരുമനസ്സിലേക്കു മലയാള ബ്രാഹ്മണരുടെ സമ്പ്രദായപ്രകാരം വേളികഴിപ്പാൻ ആവശ്യമുണ്ടായിരുന്നില്ലെങ്കിലും ചാലക്കുടിക്കടുത്ത വടക്കാഞ്ചേരി എന്ന ഇല്ലത്ത് പുരുഷന്മാരില്ലായ്കയാൽ ആ ഇല്ലം നിലനിൽത്തുന്നതിനുവേണ്ടി വേളി കഴിക്കയും 'നെട്ടവത്ത് അപ്പൻനമ്പൂരി' എന്നു പേരു കേൾക്കുമായിരുന്ന അവിടുന്ന് 'അച്ഛൻനമ്പൂരി'യാകുവാനും ഭാഷാകവികളുടെ ശേഖരത്തിൽ 'നെട്ടവത്ത് മഹൻനമ്പൂരി' എന്നൊരാൾകൂടി ഉണ്ടായിത്തീരുവാനും ഇടവരികയും ചെയ്തു. വേളികഴിച്ച ഇല്ലംവക അമ്പതിനായിരം രൂപാ വിലക്കു വരുന്ന സ്വത്തുക്കൾ അനുഭവിച്ചു കൊള്ളുവാൻ അന്നത്തെ മഹാരാജാവു തിരുമനസ്സുകൊണ്ടു കല്പിച്ചു തീട്ടൂരം കൊടുത്തു. 'നെല്ലുകാലമൊരുവന്നുവരുമ്പോളില്ലംതേടുമവനുമുടക്കം' എന്നു പറഞ്ഞിട്ടുള്ളതുപോലെ ദൈവാധീനത്തിന്റെ ശക്തിയാൽ ദാരിദ്ര്യത്തിന്റെ നിവാരണത്തിനൊന്നു മാത്രമല്ല കുടുംബത്തിന്ന് ഒരുമാതിരി സൗഖ്യമായി കാലക്ഷേപം ചെയ്യത്തക്കവണ്ണംതന്നെ ഉള്ള മുതൽ മേൽപ്രകാരം സിദ്ധിച്ചു ഉടനെ, ഇര

ങ്ങാലക്കുടക്കു സമീപം തെത്തമ്പിള്ളി' 'നെടുമ്പിള്ളി' എന്ന അന്യംവന്ന രണ്ടു ഇല്ലങ്ങളും വക അത്രയും രൂപാവിലയ്ക്കുള്ള സ്വത്തുകളുംകൂടി അനുഭവിച്ചുകൊള്ളുവാൻ മഹാരാജാവുതിരുമനസ്സിലെ തീട്ടൂരം കിട്ടി. തമ്പുരാക്കന്മാർക്കും, രാജ്യഭരണാധികാരികൾക്കും അവിടുത്തെപ്പേരിലുള്ള അനല്പമായ പ്രീതിക്കു ഇതിലധികമായ തെളിവ് ആവശ്യമില്ലല്ലോ.

1040-ൽ, വേളികഴിച്ച അന്തർജ്ജനത്തിനു രക്തസ്രാവം തുടങ്ങി വളരെക്കലശലായി. അതിനു ചികിത്സിക്കാനായി എളേടത്തു തൈക്കാട്ടു നാരായണൻ മൂസ്സിനെ വരുത്തി പൂർണ്ണസുഖം സിദ്ധിപ്പാൻ പതിരുപത് ദിവസം താമസിപ്പിക്കേണ്ടിവന്നു. 'ഒരു നമ്പൂരിയെ വൈദ്യം പഠിപ്പിച്ചാൽ കൊള്ളാമെന്നുണ്ട്' എന്നു മൂസ്സ് ഒരു ദിവസം സന്ദർഭവശാൽ പ്രസ്താവിച്ചപ്പോൾ, വിദ്യാതല്പരനായ നമ്മുടെ നമ്പൂരി താൻതന്നെ ശിഷ്യനായിക്കൊള്ളാമെന്നു സമ്മതിച്ചു വൈദ്യം പഠിപ്പാനാരംഭിച്ചു. എന്നാൽ പഠിപ്പുതുടങ്ങിയ ഉടനെതന്നെ ചികിത്സിപ്പാനും അയച്ചുതുടങ്ങിയതിനാൽ പഠിപ്പിന്നു താമസംവന്നു. രണ്ടുകൊല്ലംകൊണ്ടു അഷ്ടാംഗഹൃദയം, 80 അദ്ധ്യായം പഠിച്ചു. അപ്പോഴേക്കും ഗുരുനാഥൻ മരിച്ചു. ബാക്കിഭാഗം അദ്ദേഹത്തിന്റെ അനുജനായി മഹാപ്രസിദ്ധനായ ഇട്ടീരിമൂസ്സാണ് പഠിപ്പിച്ചത്. മുൻപറഞ്ഞപ്രകാരം തീട്ടൂരങ്ങളാൽ സിദ്ധിച്ചിട്ടുള്ള മുതലിന്നു പുറമെ വൈദ്യവിഷയത്തിലും അനവധി സമ്പാദ്യമുണ്ടായിട്ടുണ്ട്.

ഉപ്പുവെള്ളം നിറഞ്ഞിട്ടുള്ള സമുദ്രത്തിൽ ശുദ്ധജലമായ ഉറവുകൾ അവിടെയവിടെയായി കാണാറുള്ളതുപോലെയും, അടച്ചുതള്ളിയ ചവറിൽനിന്ന് അനവധി ഫലങ്ങൾ ഉണ്ടാകുന്ന ഒരു മത്തത്തയ്യും, കുമ്പളത്തയ്യും മുളച്ചു പൊന്തുന്നതുപോലെയും, ഭാഗ്യമുള്ള കാലത്ത് ദോഷത്തിൽനിന്ന് ഗുണം ഉത്ഭവിക്കുന്നു എന്നുള്ള തത്വത്തിന്ന് ഉദാഹരണമായിട്ടു, ആണ് അച്ഛൻനമ്പൂരിക്ക് അന്തർജ്ജനത്തിന്റെ രോഗബാധയിൽനിന്ന് വൈദ്യശാസ്ത്രപരിശീലനത്തിനും അതു മൂലമായി അനല്പമായ സമ്പാദ്യത്തിനും യോഗമുണ്ടായത്. തമ്പുരാക്കന്മാർക്കു ധാരാളം തിരുവുള്ളമുണ്ട്. പ്രധാനപ്പെട്ട ഉദ്യോഗസ്ഥന്മാർക്കെല്ലാം വളരെ പഥ്യമാണ്. തീട്ടൂരപ്രകാരം സിദ്ധിച്ച വസ്തുക്കളിൽനിന്ന് ആദായം വന്നു തുടങ്ങി. വൈദ്യ

ത്തിൽ ധാരാളം സമ്പാദ്യമായി. ഇങ്ങിനെയുള്ളകാലത്ത് അന്യ ജന്മികളുടെ ഏതാനും നിലം, പുരയിടം മുതലായതു കാണം, പണയം മുതലായ അവകാശങ്ങളായും ചില വസ്തു അട്ടിപ്പേറായിട്ടു തന്നെയും കൈവശപ്പെട്ടുവാൻ സംഗതിയായി.

1051-മാണ്ട് അച്ഛൻനമ്പൂരിക്കു ഒരു ഗ്രഹപ്പിഴക്കാലമായിരുന്നു. അക്കൊല്ലത്തെ കന്നിമാസത്തിൽ, ജ്യേഷ്ഠനും തുലാമാസത്തിൽ ജ്യേഷ്ഠന്റെ മകനും മരിക്കുകയും മീനത്തിൽ ഇല്ലം കത്തുകയും ചെയ്തു. ഇല്ലം കത്തിയതിന്റെ ഭവിഷ്യൽഫലം വിചാരിച്ചാൽ അതൊരു ഗ്രഹപ്പിഴയുടെ കൂട്ടത്തിൽ കൂട്ടിക്കൂട. എന്തെന്നാൽ മീനത്തിൽ കത്തിയ ഗൃഹം, ആ ഇടവത്തിൽ വഷംകൂട്ടുന്നതിനു മുമ്പായി, പൂർവ്വാധികമോടിയോടുകൂടിയും രണ്ടുകെട്ടു മാളികയായും പറയത്തക്ക ചിലവ കയ്യിൽനിന്നു പറ്റാതെയും, പുതുതായി പണികഴിക്കുവാൻ സാധിച്ചാൽ അതൊരു ഗ്രഹപ്പിഴയാണോ? കൊച്ചുണ്ണിത്തമ്പുരാനെന്നു പ്രസിദ്ധനായ ശക്തൻ വീരകേരളതമ്പുരാൻ തിരുമനസ്സിലേക്ക്, പണ്ടേതന്നെ അവിടുത്തെ സേവനായിരുന്ന അച്ഛൻനമ്പൂതിരി, ഇല്ലംപണിയെ സംബന്ധിച്ച്, താഴെ കാണുംപ്രകാരം രണ്ടു ശ്ലോകങ്ങൾ അടിയറ വെക്കുകയും, തിരുമനസ്സുകൊണ്ടു സന്തോഷിച്ചു 300 രൂപ സമ്മാനം കൊടുക്കുകയും അന്നത്തെ വലിയതമ്പുരാൻ തിരുമനസ്സിലെ അടുക്കൽ പറഞ്ഞ് ഇല്ലംപണി വകക്ക് അറുപതുകുററി തേക്കുമരം കൊടുപ്പിക്കുകയും ഉണ്ടായി.

1. ജ്യേഷ്ഠൻമരിച്ചു,മകനുംതദനന്തരംഹാ!
കഷ്ടംഗമിച്ചു,ജനകാന്തികമത്രയല്ല
കഷ്ടംദഹിച്ചു,പുരമഗ്നിയതിങ്കൽവെച്ചു
നഷ്ടംഭവിച്ചുപലതുംക്ഷിതിപാലമൌലേ!

2. ഇല്ലംപണിക്കവിടെനിന്നുമനസ്സുവെച്ചു
തെല്ലെങ്കിലുംവകതരേണമെനിക്കിദാനീം
വല്ലാതെകണ്ടുവലയുന്നു,ഭവൽകടാക്ഷ-
മല്ലാതെയില്ലശരണംകരുണാംബുരാശേ!

ഭോട്ടുക്ലാട്ടുമരും മഹാസംസ്കൃതിയാം ഗോവിന്ദമേനോൻ' എന്ന ശ്ലോകത്രുപേണയും ഭേഷ്ഷേറിയാരത്താരു മാധവനിലുയതു പേ

ഷ്ഠാർ' എന്ന് തുള്ളൽവഴിയ്ക്കും വെണ്മണി നമ്പൂരിപ്പാടു മലയാളത്തിലുള്ളവൎക്കെല്ലാം പരിചയപ്പെടുത്തിക്കൊടുത്തിട്ടുള്ള ആ രണ്ടു പ്രമാണപ്പെട്ട ഉദ്യോഗസ്ഥന്മാൎക്കും അച്ഛൻനമ്പൂരിയെ വളരെ സ്നേഹമായിരുന്നതുകൊണ്ട് അവർ ഇല്ലംപണിക്കു മററും വളരെ വിലയേറിയ സഹായങ്ങൾ ചെയ്തു.

1055-ൽ കൊച്ചിസൎക്കാരിന്റെ മാനേജമെണ്ടിൻ കീഴിൽ ഇരുന്നിരുന്ന കോടശ്ശേരി കൎത്താവ് എന്ന പ്രസിദ്ധ ജന്മിയുടെ കാൎയ്യസ്ഥനായി. ഇതു ദിവാൻജിയുടേയും പേഷ്ക്കാരുടേയും പ്രീതിയുടെ ഫലങ്ങളിൽ ഒന്നായി ഗണിക്കാവുന്നതാണ്. വളരെ കുഴപ്പത്തിൽ കിടന്നിരുന്ന ആ സ്വരൂപത്തിലെ കാൎയ്യങ്ങൾ നന്നാക്കുകയും ക്ഷേത്രം പണി മുതലായ സൽകൎമ്മങ്ങൾ ചെയ്യുകയും ചെയ്തു. 64 ധനുവരെ ആ കാൎയ്യം നോക്കി. അപ്പോഴേക്കും 'മൂത്രകൃച്ഛ്രം' എന്ന രോഗം പിടിപെടുകയാൽ കാൎയ്യസ്ഥത ഉപേക്ഷിച്ചു ഇല്ലത്തുവന്നു ഭഗവൽസേവചെയ്ത് ഇരിപ്പായി. ഒരു കൊല്ലത്തോളം ദീനം അതികഠിനമായിരുന്നു. ഇതിനിടയിൽ അന്ന് ഇളയതമ്പുരാനായിരുന്ന ഇപ്പോഴത്തെ കൊച്ചി വലിയതമ്പുരാൻ തിരുമനസ്സുകൊണ്ടു തൃപ്പൂണിത്തുറെ താമസിപ്പിച്ചു വാത്സല്യപൂൎവ്വം ചികിത്സിപ്പിച്ചു. എന്നാൽ ദീനത്തിന്ന് ആശ്വാസംകിട്ടിയത്, പ്രസിദ്ധകവിയായ കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാൻ തിരുമനസ്സിലെ ചികിത്സകൊണ്ടാണെന്ന് അക്കാലത്തെ മനോരമ വായനക്കാൎക്കും ഭഗവദ്ദൂതിന്റെ പ്രസ്താവന വായിച്ചിട്ടുള്ളവൎക്കും അറിയാവുന്നതാണ്. രോഗം വീണ്ടും ശക്തിയായി ബാധിക്കാതിരിക്കുവാൻ വേണ്ടി ദിനചൎയ്യയിൽ പല നിഷ്കൎഷകളും ചെയ്തു.

മഹാദാരിദ്ര്യത്തിന്റെ ശക്തിയാൽ താൻ അളവില്ലാത്ത മനഃക്ലേശവും കായക്ലേശവും പെട്ടു വളൎത്തി ഉണ്ടാക്കിയ ഈ ഉണ്ണിയുടെ യൌവനപ്രാപ്തിയോടുകൂടി, ശ്രീകൃഷ്ണനെ കാണുവാൻ കുചേലബ്രാഹ്മണൻ ദ്വാരകയിലേക്കു പോയ കാലത്തു അദ്ദേഹത്തിന്റെ ഗൃഹത്തിൽ ഉണ്ടായ മാററംപോലെ, സൎവ്വപ്രകാരേണയുള്ള സമൃദ്ധികളും വന്നുകൂടി, യഥേഷ്ടം സുഖമനുഭവിച്ചു, പുത്രനാലും പൌത്രന്മാരാലും സശ്രദ്ധം ശുശ്രൂഷിതയായി, മകന്റെ പലവിധങ്ങളായ ശ്രേയസ്സുകളെ കണ്ടും കേട്ടും ആനന്ദിച്ച്, ആ മകൻ അമ്പതാം വയസ്സിൽ കാലു വെക്കുന്ന കൊല്ലമായ 1067-ൽ ഭാഗ്യശാലിനിയായ അ

മ്മ, അനവധി വർഷം ഭൂമിയെ അലങ്കരിച്ചതിനു ശേഷം, സ്വർഗ്ഗത്തിൽ കുടിയേറി. അമ്മയുടെ അനുഗ്രഹശക്തിയാൽ ദീനമായിരുന്നാലും ദീക്ഷ നിർവിഘ്നമായിത്തന്നെ കഴിഞ്ഞു. അച്ഛൻനമ്പൂരിയുടെ കീർത്തിസ്തംഭമായ ഭഗവദ്ദൂത് പ്രസിദ്ധപ്പെടുത്തിയതും 67-ൽതന്നെയാണ്. അംബോപദേശവും ഭഗവൽസ്തുതിയും 1061-ൽ ഉണ്ടാക്കി. കഥകളികളും ശൃംഗാരമയമായ ഒരു രംഗം, ഒഴിച്ചുകൂടാത്ത ഒരു ഇനമായി കാണുന്നതുപോലെ, അച്ഛൻനമ്പൂരിയുടെ ചെറുപ്പകാലത്തു കവിയാകേണമെങ്കിൽ, ഒരംബോപദേശശതകം ഉണ്ടാക്കണം എന്നൊരു സമ്പ്രദായം ഈ പ്രദേശത്തു ഉണ്ടായിരുന്നതിനെ അനുസരിച്ചു മാത്രമാണ് സദ്വൃത്തനായ അവിടുന്നു വിഫലമായ 'അംബോപദേശം' ഉണ്ടാക്കുവാൻ ഇടയായത്. 'പെട്ടിയുടെ വേഷംകെട്ടിയ സ്ഥിതിക്കു കളിക്കുവാൻ മടിക്കേണ്ട' എന്നു പറഞ്ഞതുപോലെ അംബോപദേശം ഉണ്ടാക്കുവാൻ പുറപ്പെട്ടപ്പോൾ ആ ജാതിക്കു വേണ്ടുന്ന ചമൽക്കാരമെല്ലാം വരുത്തിക്കൂട്ടുകയും, വെണ്മണി മഹൻനമ്പൂരിപ്പാട്ടിലെ അംബോപദേശത്തേക്കാൾ മെച്ചമാണ് അവിടുത്തേതെന്നു പല വിദ്വജ്ജനങ്ങൾക്കും ബോദ്ധ്യമാക്കുകയും ചെയ്തു. മനസ്സില്ലാമനസ്സോടുകൂടിയാണ് അംബോപദേശം കൃതിച്ചത് എന്ന്, അതിനു പരിഹാരമായി ഭഗവൽസ്തുതി ഉണ്ടാക്കി, രണ്ടുംകൂട്ടി ഒന്നിച്ചു അച്ചടിപ്പിച്ചതുകൊണ്ടുതന്നെ തീർച്ചപ്പെടുത്താവുന്നതാണല്ലോ. മേൽപറഞ്ഞ കൃതികൾക്കു പുറമെ ഈയിടെ ഉണ്ടാക്കി പ്രസിദ്ധപ്പെടുത്തിയ അഷ്ടമിയാത്രയും ശൃംഗേരിയാത്രയും കുറെ എഴുതിവെച്ചിരിക്കുന്ന 'അക്രൂരഗോപാലം' നാടകവും അല്ലാതെ അവിടുന്നു സ്വത്രുപിച്ചുള്ള വല്ല കൃതികളും ഉണ്ടാക്കിയതായി അറിവില്ല.

'അല്ലേഞാനൊന്നുവേട്ടുപുനരതിലുളവായ് മക്കളായ്‌രണ്ടുപേരും കല്യാണംചെയ്തയച്ചുള്ളൊരുസുതയുമെനിക്കിങ്ങിനെവർത്തമാനം' എന്ന് പണ്ടൊരിക്കൽ മലയാളമനോരമയിൽ അവിടുന്നു പ്രസിദ്ധപ്പെടുത്തിയിരുന്നുവല്ലോ. 'നേട്ടവത്തു മഹൻനമ്പൂരി' എന്നു പ്രസിദ്ധനായ സീമന്തപുത്രൻ 1043-ലും, പുത്രി 1047-ലും, രണ്ടാമത്തെ പുത്രൻ 10[illegible]2-ലും, ജനിച്ചു. ഇളയ മകൻ 15 വയസ്സായപ്പോഴേക്കും ഒരു വിധം വൈദുഷ്യം സമ്പാദിക്കുകയും ഗൃഹഭരണത്തിൽ മിടുക്കനാവുകയും തന്നിമിത്തം 'മിടുക്കൻ' എന്നു പേരു സി

ധിക്കുകയും ചെയ്തു. അനിവാൎയ്യമായ കൎമ്മശക്തിയാൽ ഈ മകൻ അനവധി ജനങ്ങളെ വ്യസനത്തിന്നധീനന്മാരാക്കി, 1075-ാമാണ്ടിൽ തന്റെ 23-ാം വയസ്സിൽ ഈ ലോകവാസം വിട്ടുപോയി. ഈ ദുസ്സഹസംഭവത്തെ സംബന്ധിച്ച് അച്ഛൻതന്നെ അക്കാലത്തു കേരളചന്ദ്രികയ്ക്കും, മലയാളമനോരമയ്ക്കും അയച്ച ശ്ലോകങ്ങളെ അങ്ങിനെതന്നെ പകൎത്തി എഴുതുന്നതായാൽ ഇതിനെപ്പററി പിന്നെ ഒന്നും പറയേണ്ട ആവശ്യമില്ലാത്തതുകൊണ്ടു അപ്രകാരം ചെയ്യുന്നു.

1. ഇന്നാളിവന്റെസുകൃതക്കൊടിവെന്തവൃത്ത-
മന്നാളിലോതുവതിനാൎത്തരമായതില്ല
ഇന്നോളമാക്കദനവഹ്നിശമിച്ചിടാതെ
നിന്നാളിടുന്നുഹൃദി,കേരളചന്ദ്രികേ!കേൾ

2. എന്നെക്കുറിച്ചധികമായൊരുസക്തിയുള്ളി-
ലെന്നല്ലഭക്തി,വിനയം,ഭയമെന്നിതെല്ലാം
കുന്നിച്ചിരുന്നതനയൻശിവ!ശേഷമേതാ-
ണെന്നാൽപ്രയാസമിനിയെന്തിനുജീവിതംമേ

3. കഷ്ടംമദീയമകനേറവിശിഷ്ടനാകു-
മിഷ്ടാംപെരുത്തപുരുഷൻപുരുപുണ്യശാലീ
ഇട്ടേച്ചുപോയിയിവനെപ്പുനരായതോൎത്തു
പൊട്ടുന്നുമന്മനമെനിക്കിനിയാരുപാരിൽ

4. മുന്നംമുദാജനനവേളയിൽജാതകൎമ്മം
നന്ദിച്ചുചെയ്തുമമകയ്യുകൾകൊണ്ടുതന്നെ
ഇന്നാക്കുമാരനുദകക്രിയചെയ്യുവാനായ്
വന്നോരുസംഗതിയെയൊരിക്കലുമോൎത്തുകൂട

5. ഉള്ളംതെളിഞ്ഞിവനെയും,തറവാട്ടിലിപ്പോ-
ളുള്ളോരുവസ്തുവിനെയുംപരിരക്ഷചെയ്വാൻ
കൊള്ളാംകുമാരനിവനെന്നുനിനച്ചിരുന്ന
വല്ലംചതിച്ചുവിധിസംഗതിയാക്കുന്നിക്കാം?

6. കാണാതെകാൽക്ഷണമിരിക്കുകിലപ്പൊഴേറ-
ക്കേണിട്ടുമങ്ങിനെയിരുന്നകുമാരനിപ്പോൾ
പ്രാണൻവെടിഞ്ഞുപരലോകമണഞ്ഞുഞാനോ,
ഞാണററവില്ലിനുകിടക്കുകിടന്നിടുന്നു

7. പുത്രാർത്തിമൂലമധികംകൃശയായലഞ്ഞു
കുത്രം പിവാണുശിവരാമ!ഹരേ!മുരാരേ!
ഇത്യാദിനാമജപമോടമരുന്നജായാ-
വൃത്താന്തമെങ്ങിനെപറഞ്ഞറിവിച്ചിടേണ്ടു

8. എന്നല്ലഭൃത്യരഖിലംനയനംനിറച്ചു
നിന്നീടുമെന്നരികിലായതുകണ്ടിടുമ്പോൾ
ഒന്നോർക്കുമുണ്ണിചരിതംമനതാരതിങ്കൽ
പിന്നത്തെവാർത്തയിനിഞാൻപറയേണ്ടതുണ്ടോ

9. തത്തമ്മപഞ്ജരമതിൽപരിചോടിരുന്നു
പുത്രന്റെനാമമധുനാപിവിളിച്ചിടുന്നു
അത്തല്വിലഗ്നിയതിലാജ്യമൊഴിച്ചുവീശി
ക്കത്തിച്ചിടുന്നപടിമന്മനമാളിടുന്നു

10. ഈവന്നവമ്പനിശമിക്കുകയില്ലജീവൻ
പോവാനടുത്തുജനകൻവ്യസനിച്ചിടൊല്ലെ
ആവമ്പനായമകനെന്നെവിളിച്ചിരുത്തി-
ട്ടേവംപറഞ്ഞകഥയെങ്ങിനെഞാൻമറക്കും

മനോരമക്ക്.

1. ധാതാവുചെയ്യുകഠിനക്രിയമൂലമിന്നും
ചേതസ്സുകത്തിയെരിയുന്നവതെങ്കിലുംഞാൻ
ചേതോരമേ!ഭവതിയോടതുതന്നെയല്ല-
മോതുന്നതുണ്ടഴൽതൊഴിക്കിലൊഴിക്കുമല്ലോ

2. തഞ്ചത്തിലീയിടവമാസമതിൽകലൎന്നു
ള്ളഞ്ചാംദിനത്തിലമലൻതനയൻദ്വിതീയൻ
പഞ്ചത്വമെൻറശിവനേ! പറയാൻപ്രയാസം
നെഞ്ചിപ്പൊഴുംകിടുകിടെന്നുവിറച്ചിടുന്നു

3. എപ്പോഴുമെന്നരികിലങ്ങിനെവാണുവേണ്ട
തെപ്പോഴുമാസ്ഥയൊടുചെയ്തുവരുംകുമാരൻ
പൊയ്പ്പോയതോൎക്കിലതിലപ്പുറമായദണ്ഡ-
മിപ്പോളിനിക്കുവരുവാനിനിയൊന്നുമില്ല

4. സത്യം,ദമം,സമത,സാത്വികവൃത്തിതന്നി-
ലത്യന്തസക്തിയലിവാൎത്തരി,ലാത്മബോധം
ഇത്യാദിവേണ്ടഗുണമാസകലംതികഞ്ഞ
പുത്രൻെറയീവിരഹമെങ്ങിനെഞാൻസഹിക്കും!

5. കൃത്യങ്ങൾവേണ്ടതനുവാസരമോൎത്തുവന്നായ്
പ്രത്യേകമോൎത്തരികിലുണ്ണിയെഞാൻവിളിച്ചാൽ
അത്തപ്പിലോൎത്തപണിതീൎത്തുതെളിഞ്ഞുചാര
ത്തെത്തുന്നൊരെൻെറമകനെന്നെവെടിഞ്ഞുകഷ്ടം!

6. 'ഇന്നിന്നതൊക്കെയിവിടെശ്ശരിയാക്കിനാളെ
ക്കിന്നിന്നതാണുപണിയങ്ങിനെതന്നെയല്ലേ'
എന്നെന്നൊടാദരാതിയരികത്തുവിനീതനായി-
നിന്നീടുമുണ്ണിശിവനേ!ശിവരാമ!രാമ!

7. ദീനത്തിൽഞാനിവിടെവീണമുതൽക്കുകാരണോ
സ്ഥാനംവഹിച്ചുവലുതായകുഡുംബഭാരം
താനേററവനേക്കിവളരെഗ്ഗുണമാക്കിയിപ്പോ-
ളാനന്ദിചെയ്യുമകനിങ്ങിനെചെയ്തുവല്ലോ

8. വയ്യാതെകണ്ടുവലയുമ്പൊഴുതെൻെറകാലും
കയ്യുംതിരുമ്പിയഴലാററിവരുംകുമാരൻ

ചെയ്യേണ്ടതായെന്തുകക്രിയഹന്ത! ഞാന്താൻ
ചെയ്യേണ്ടിവന്നുശിവനെ! തകരുന്നുചിത്തം

൯. ദിനത്തിലായിജനകൻപരിരക്ഷചെയ്യാൻ
താനാണുവേണ്ടതിനിയെന്നുതനിച്ചുറച്ചു
വാണോരുമത്തനയനുഴിവെടിഞ്ഞശേഷം
ഞാനെന്തിനിങ്ങിനെചടഞ്ഞുകിടന്നിടുന്നു.

10. നേരായ്നിനക്കിലിതുപോലെഹിതംനടത്തി
പ്പോരാനൊരാളുവരുവാൻവളരെപ്രയാസം
നാരായണൻതുണയിനിക്കിനിമേലിലല്ലാ
താരാണൊരാളുപറവാനറിയുന്നതില്ല.

അതേ, നാരായണൻതന്നെ തുണ. താൻ സർവ്വദാ മനസ്സിൽ ധ്യാ
നിച്ചുപോരുന്ന സച്ചിദാനന്ദമൂർത്തിയായ ശ്രീനാരായണസ്വാമിയും'
തനിക്കു ഇനി ശേഷിച്ചിട്ടുള്ള മകനായ 'നാരായണൻനമ്പൂരിയും,
തന്നെ തുണ.

വെള്ളായിക്കുന്നത്തു മനക്കലെക്കു വേളികഴിച്ചു കൊടുത്തിരു
ന്നതും ഒരു ഉണ്ണിയുടേയും മൂന്നു പുത്രികളുടേയും മാതാവായി ഭവിച്ചി
തും ആയ അവിടുത്തെ പുത്രിയും 1080 ധനു 7-ാംനു- പുഴയിൽ വീ
ണു അന്തരിച്ചുപോയി. 'ശിരസിലിഖിതമെക്കുംശിവശിവ! നീക്കി
ടാമോ'.

അച്ഛൻനമ്പൂരി തിരുമനസ്സിലേക്കു പ്രമാണപ്പെട്ട അനവധി
സ്നേഹിതന്മാരുണ്ടെങ്കിലും വലിയ കോയിത്തമ്പുരാൻ തിരുമനസ്സി
ലേക്കു പ്രത്യേകസ്നേഹമുണ്ടെന്നുള്ള വിവരം എടുത്തുപറയാതെ നി
വൃത്തിയില്ല. 1069-ൽ മുറജപത്തിന്നു തിരുവനന്തപുരത്തു പോയ
പ്പോഴാം അവിടെ വെച്ചാണ് ആദ്യമായി കണ്ടു പരിചയപ്പെട്ടത്.
അന്നുമുതൽ ഇന്നുവരെയും അങ്ങോട്ടും ഇങ്ങോട്ടും അതിബഹുമാന
വും അതിസ്നേഹവുമായിട്ടാണ് രണ്ടുപേരും കഴിഞ്ഞുവരുന്നത്.

അച്ഛൻനമ്പൂരിക്കു രണ്ടു ശിഷ്യന്മാരുണ്ട്. അതിൽ ഒന്ന് ഒ
രു നല്ല ഭാഷാകവിയായ 'ആറ്റുപുറത്തു ശങ്കുണ്ണിമേനോനും' മറ്റേ
ത് 'കനഖല' എന്ന ദിക്കിൽ ഇപ്പോഴം ഒരു യോഗിയായി താ

ചെയ്യേണ്ടതായൊരുദകക്രിയഹന്ത! ഞാന്താൻ
ചെയ്യേണ്ടിവന്നു ശിവനെ! തകരുന്നു ചിത്തം

൯. ദിനത്തിലായിജനകൻപരിരക്ഷചെയ്യാൻ
താനാണുവേണ്ടതിനിയെന്നുതനിച്ചുറച്ചു
വാണോരുമത്തനയനൂഴിവെടിഞ്ഞശേഷം
ഞാനെന്തിനിങ്ങിനെചടഞ്ഞുകിടന്നിടുന്നു.

10. നേരായ്നിനക്കിലിതുപോലെഹിതംനടത്തി
പ്പോരാനൊരാളുവരുവാൻവളരെപ്രയാസം
നാരായണൻതുണയിനിക്കിനിമേലിലല്ലാ
താരാണൊരാളുപറവാനറിയുന്നതില്ല.

അതേ, നാരായണൻതന്നെ തുണ. താൻ സർവ്വദാ മനസ്സിൽ ധ്യാനിച്ചുപോരുന്ന സച്ചിദാനന്ദമൂർത്തിയായ ശ്രീനാരായണസ്വാമിയും' തനിക്കു ഇനി ശേഷിച്ചിട്ടുള്ള മകനായ 'നാരായണൻനമ്പൂരിയും' തന്നെ തുണ.

നെല്ലായിക്കുന്നത്തു മനക്കലെക്കു വേളികഴിച്ചു കൊടുത്തിരുന്നതും ഒരു ഉണ്ണിയുടേയും മൂന്നു പുത്രികളുടേയും മാതാവായി ഭവിച്ചതും ആയ അവിടുത്തെ പുത്രിയും 1080 ധനു 7-ാനു- പുഴയിൽ വീണു അന്തരിച്ചുപോയി. 'ശിരസിലിഖിതമാർക്കും ശിവശിവ! നീക്കാമോ'.

അച്ഛൻനമ്പൂരി തിരുമനസ്സിലേക്കു പ്രമാണപ്പെട്ട അനവധി സ്നേഹിതന്മാരുണ്ടെങ്കിലും വലിയ കോയിത്തമ്പുരാൻ തിരുമനസ്സിലേക്കു പ്രത്യേകസ്നേഹമുണ്ടെന്നുള്ള വിവരം എടുത്തുപറയാതെ നിവൃത്തിയില്ല. 10[illegible]9-ൽ മുറജപത്തിനു തിരുവനന്തപുരത്തു പോയപ്പോഴ് അവിടെ വെച്ചാണ് ആദ്യമായി കണ്ടു പരിചയപ്പെട്ടത്. അന്നുമുതൽ ഇന്നുവരെയും അങ്ങോട്ടും ഇങ്ങോട്ടും അതിബഹുമാനവും അതിസ്നേഹവുമായിട്ടാണ് രണ്ടുപേരും കഴിഞ്ഞുവരുന്നത്.

അച്ഛൻനമ്പൂരിക്കു രണ്ടു ശിഷ്യന്മാരുണ്ട്. അതിൽ ഒന്ന് ഒരു നല്ല ഭാഷാകവിയായ 'ആറമ്പുറത്തു ശങ്കുണ്ണിമേനോനും' മറ്റേത് 'കനഖല' എന്ന ദിക്കിൽ ഇപ്പോഴും ഒരു യോഗിയായി ത

മസിച്ചുവരുന്ന പെരുമനത്തു പടിഞ്ഞാറേടത്ത് രാമപ്പുതുവാളുമാണ്'.

കവിതാവിഷയത്തിൽ അവിടെയ്ക്കു വലിയ കാരണവന്മാരാണുള്ളത്. 'ക്ലേർകൊണ്ടീടിന കോടലിംഗ നൃവരൻ കൊച്ചുണ്ണിയെന്നൂഴിയിൽ പേർകൊണ്ടീടിന സൽക്കവീന്ദ്രമകുടക്കല്ലായ കല്യാശയൻ കാർകൊണ്ടൽപ്രഭനാകുമെൻ പ്രഥമശിഷ്യൻ' എന്നു കൊച്ചുണ്ണിത്തമ്പുരാൻ തിരുമനസ്സിലെക്കുറിച്ചു പറഞ്ഞിട്ടുള്ള വെണ്മണി മഹൻനമ്പൂരിപ്പാട്' 'ഗുരുനാഥനാണ് നടുവ ക്ഷോണീസുരൻ ഭാസുരൻ' എന്നാണ് അച്ഛൻനമ്പൂരിയെക്കുറിച്ചു പറഞ്ഞിരിക്കുന്നത്. അതിനാൽ പ്രൌഢകവിയായ കൊച്ചുണ്ണിത്തമ്പുരാൻ തിരുമനസ്സിലെ പ്രസിദ്ധഗുരുവായ വെണ്മണി മഹൻനമ്പൂരിപ്പാട്ടിലെ കവിതാഗുരുവാണ് അച്ഛൻനമ്പൂരി എന്നു വരുന്നുണ്ടല്ലോ.

അച്ഛൻനമ്പൂരി തിരുമനസ്സിലെ ദിനചര്യയെപ്പററി കുറച്ചു പറയാതെ മനസ്സു സമ്മതിക്കുന്നില്ല. വെളുപ്പാൻകാലത്തു മൂന്നുമണിക്കു പതിവായി കുളി, സഹസ്രാവൃത്തി ആദിത്യനമസ്കാരം, ഭഗവൽഗീത, ദേവീമാഹാത്മ്യം (സപ്തശതി), ഇതുകൾ മുഴുവൻ പാരായണം, 8½ മണിക്കു ഇതെല്ലാം കഴിച്ചു മനക്കൽ വന്നു ഭാഗവതം ഏകാദശം പാരായണം സാളിഗ്രാമപുഷ്പാഞ്ജലി, ആ സമയം നിവേദിക്കുന്ന പായസം മാത്രം (കേതമ്പരി ഇട്ടുണ്ടാക്കുന്ന പഞ്ചാരപ്പായസം) ഭക്ഷണം, 10 മണിക്കു ഇതെല്ലാം കഴിച്ചു രണ്ടു മണിക്കൂറ വർത്തമാനക്കടലാസ്സുകൾ വരുന്ന എഴുത്തുകൾ മുതലായതു വായിക്കുക പിന്നെ പതിവായി നടന്നുവരുന്ന മാത്രാവസ്തി ഇത്രയും കഴിഞ്ഞാൽ കുറച്ചുനേരം കിടക്കും. പിന്നെ ഭാഗവതം ഭാരതം (ഇപ്പോൾ ലോകോപകാരിയായ കുഞ്ഞിക്കുട്ടൻ തമ്പുരാൻ തിരുമനസ്സിലെ ഭാഷ) മുതലായ ബുക്കുകൾ നോക്കിയും നാമം ജപിച്ചും വരുന്ന രോഗികൾക്കു ചികിത്സകൾ നിശ്ചയിച്ചും 5½ മണിയാകും. അനന്തരം തേച്ചുകുളി. 7 മണിക്കു ഊണ (സാധാരണ ശാല്യന്നം ഉപകരണങ്ങളോടുകൂടി ഭക്ഷിക്കും). 9 മണിയോടുകൂടി കിടക്കും.

ഇപ്രകാരം സകലവിധമായ മാന്യതകളോടും, ഐശ്വര്യങ്ങളോടും, നിഷ്കളങ്കമായ ഹൃദയത്തോടും, ഗാഢമായ ഭഗവൽഭക്തിയോടും, ഇതിനെല്ലാററിനും പുറമെ സുവർണ്ണവർണ്ണമായ ദേഹത്തോടും, ശാന്തരസം നിറഞ്ഞു വഴിയുന്നതും മന്ദസ്മിതാർദ്രവുമായ മുഖ

6. കമലസംഭവനുംഭവനുംതൊഴു-
ന്നമലമാംതവതൃപ്പദപല്ലവം
മമമനസ്സിലിരിക്കണമെപ്പൊഴും
വിമലകോമളകോടിശശിപ്രഭേ!

7. ഭവസമുൽഭവബാധയൊഴിച്ചിടും
ശിവസുഖങ്കരി! ശങ്കരി! ഞാൻതൊഴാം
ദിവസവുംതരണേകരുണാർദ്രമാം
നവസുധാംവസുധാധരകന്യകേ!

8. ദമശമാദിഗുണങ്ങളിണങ്ങണം
മമസുഖംവരണംതരണംശിവേ!
വിമലമാംതവസൽകൃപയായിട്ട
ന്നമൃതമാമൃതമാരസുഖപ്രദേ!

9. ഭുവനസുന്ദരിഭൂതികളൊന്നിടും
ധ്രുവപദംധുതകന്മഷമേകണം
ഇവനൊരാശ്രയമില്ലഭവാനിതാ
നവനമാംവനമാലിതൊഴുംശിവേ!

10. തരണദുർഘടമെത്രഭയങ്കരം
ശരണമററഭവാബ്ധികടക്കുവാൻ
തരണമേമമനിൻകൃപയായിടും
തരണിനീരണിനീലഗളപ്രിയേ!

11. ഉദിതസൂര്യകരാരുണകാന്തിയാ-
ന്നതിമഹത്വമെഴുംതിരുമേനിഞാൻ
മതിവിശുദ്ധിവരാൻകരുതുന്നതേ
ഹൃദിസദാദിസദാശിവവല്ലഭേ!

12. സകലനായകനായപുരാരിതൻ
പുകഴ്‌പുലന്നപുരാതനപുണ്യമേ!

സകരുണം കളയേണമിനിക്കെഴു-
ന്നകമലം കമലം പണിയും പദം

13. നവനവം വനവഞ്ജുളകോമളം
ഭുവനപാവനപാദതലം തവ
ഇവനുമേവനുമററവുമെങ്കിലി-
ന്നവനമേവനമേചകകുന്തളേ!

നടുവത്തുമഹൻനമ്പൂരി.

സാഹിത്യരക്ഷണം.

ബുദ്ധമഹർഷിയുടെ പല്ലിനും ഷേക്സ്പീയരുടെ കൈയെഴുത്തുപുസ്തകത്തിനും എഴുത്തച്ഛന്റെ മെതിയടിക്കും മററും ഉള്ള മാഹാത്മ്യം സർവ്വപ്രസിദ്ധമാണല്ലോ. സാഹിത്യകലകളിൽ പരിശ്രമിച്ച് അനശ്വരമായ യശോരാശിയെ ലോകത്തിൽ സ്ഥാപിച്ചിട്ടുള്ള മഹാന്മാരെക്കുറിച്ചു ജനസാമാന്യത്തിനുള്ള ആദരാതിശയം അനിതരസാധാരണമാകുന്നു. അവരുടെ കൃതികൾ ശാശ്വതങ്ങളാണ്. അവയോളം ശാശ്വതത്വം മററു യാതൊരു കലകൾക്കും ഇല്ല.

ജയന്തി തേ സുകൃതിനോ
രസസിദ്ധാഃ കവീശ്വരാഃ;
നാസ്തി തേഷാം യശഃകായേ
ജരാമരണജം ഭയം.

എന്നുള്ളതു സർവ്വസമ്മതം തന്നെ. മഹാപണ്ഡിതനായ ഭട്ടോജിദീക്ഷിതർ മേല്പുത്തൂർ നാരായണഭട്ടതിരിയുടെ നിസർഗ്ഗമധുരങ്ങളായ നാരായണീയാദികൃതികളാൽ ആകൃഷ്ടനായിട്ട് അദ്ദേഹത്തെ ഒന്നു കാണണം എന്നുള്ള ആഗ്രഹത്തോടുകൂടി മലയാളത്തിലേക്കു പുറ

പ്പെടുകയും, മാർഗ്ഗമദ്ധ്യത്തിൽ വച്ചു ഭട്ടതിരി ഇഹലോകവാസം വെടിഞ്ഞു എന്നറികയാൽ വ്യസനാക്രാന്തനായി ആ പരമഭാഗവതനായ കവിശിരോമണിയുടെ വാസസ്ഥലമായ ദിക്കിനെ നോക്കി നമസ്കരിച്ചിട്ടു മടങ്ങുകയും ചെയ്തതായി കേട്ടിട്ടുണ്ട്. കാശ്മീരത്തിലെ രാജാവായ ലളിതാദിത്യൻ കണൗജിലെ രാജാവിനെ ജയിച്ച് ആ രാജധാനിയിൽ നിന്നും അപഹരിച്ചുകൊണ്ടുപോയ വിലയേറിയ പദാർത്ഥങ്ങളിൽ ഒന്നു നമ്മുടെ ഭവഭൂതി എന്ന മഹാകവിയായിരുന്നുവെന്നു കാണുന്നു. ഭോജരാജാവിന്റെ 'അക്ഷരലക്ഷ'ത്തെക്കുറിച്ചു കേട്ടിട്ടില്ലാത്തവർ ഉണ്ടെന്നു തോന്നുന്നില്ല. നാല്പതു സംവത്സരങ്ങൾക്കു മുമ്പേ ഇംഗ്ലണ്ടിലെ ഒരു പുസ്തകശാലയിൽ നിന്ന് ഇരുപത്തിനാലു പവൻ വിലയ്ക്കു വിററ ഷേക്സ്പീയർകൃതിയുടെ ഒന്നാംപതിപ്പിനെ ഇപ്പോൾ ആ പുസ്തകശാലക്കാർതന്നെ മൂവായിരം രൂപാ കൊടുത്തു തിരിച്ചുവാങ്ങുന്നതിനു ഭാവിച്ചിരിക്കുന്നു എന്ന് ഈയിടെ ഒരു പത്രത്തിൽ കാണുകയുണ്ടായി.

ഓരോ കവിശ്രേഷ്ഠന്മാരുടെ കൃതികൾ ഏതെല്ലാമെന്നും, അവരുടെ ജീവിതം എപ്പോൾ ഏതേതു സ്ഥിതിയിൽ ആയിരുന്നു എന്നും, ഓരോ കൃതികളുടെ കർത്താക്കന്മാർ ഏതേതു കവികൾ ആണെന്നും സൂക്ഷ്മമായി അറിയുന്നതിനുവേണ്ടി അർവ്വാചീനന്മാരും ആധുനികന്മാരുമായ പണ്ഡിതന്മാരുടെ തലച്ചോറും ജിഹ്വയും തൂലികയും ചെയ്തിട്ടുള്ളതും ചെയ്തുവരുന്നതുമായ പ്രയത്നങ്ങൾക്ക് അവസാനമില്ല. എന്നിട്ടും യുക്തിയുടെ സർവ്വതോമുഖത്വം നിമിത്തം അവയിൽ അധികഭാഗങ്ങളും ഇപ്പോഴും അന്ധകാരഗ്രസ്തങ്ങളായിത്തന്നെ ഇരിക്കുന്നു. എഴുത്തച്ഛന്റെയോ നമ്പ്യാരുടെയോ ഒരു പ്രതിച്ഛായയോ കൈയെഴുത്തു പുസ്തകമോ കൈവശം ഉണ്ടായിരിക്കയും, അതിന്റെ പ്രദർശനത്തിനു ചുരുങ്ങിയതായ ഒരു ഫീസ് ഏർപ്പെടുത്തുകയും ചെയ്വാൻ ഒരാൾക്കു സാധിക്കുമെങ്കിൽ അയാൾ ക്ഷണദ്വയംകൊണ്ടു വിസ്മയനീയമാകുംവണ്ണം ഒരു കുബേരനായിത്തീരുമെന്നുള്ളത് അസന്ദിഗ്ദ്ധമാകുന്നു. ഇപ്പോൾ ജീവിച്ചിരിക്കുന്ന വലിയ കോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ട്, മാനവിക്രമൻ ഏട്ടൻ തമ്പുരാൻ തിരുമനസ്സുകൊണ്ട് മുതലായ പണ്ഡിതശ്രേഷ്ഠന്മാരെ ഒരു നോക്കു കണ്ടാൽ ജന്മം സഫലമായി എന്നു വിചാരിച്ച് അവരെ കാണ്മാൻ ഉത്സുകന്മാരായിരിക്കുന്ന സാഹിത്യരസികന്മാർ വളരെ ഉ

ണ്ട്. പത്രമുഖനായോ ലേഖനമുഖനായോ മാത്രം പരിചിതന്മാരായിരുന്ന പല പണ്ഡിതന്മാക്കും പരസ്പരദശ്നത്തിനും തന്മൂലകമായ പരമാനന്ദാനുഭവത്തിനും ഇദംപ്രഥമമായി ഇടയാക്കിയ ആ കോട്ടയം കവിസമാജത്തിന്റെയും അതിന്റെ സൂത്രധാരനായ വറുഗീസുമാപ്പിള അവർകളുടേയും സ്മരണ സഹൃദയന്മാരുടെ മനസ്സിൽനിന്ന് ഒരിക്കലും മാഞ്ഞുപോകുന്നതല്ല. ഇപ്രകാരമുള്ള മഹാന്മാരുടെ സമാഗമവും സാഹിത്യങ്ങളുടെ പരിശീലനവും കാലദേശങ്ങളുടെ അപരിഹായ്യമായ സ്ഥിതിഭേദത്താൽ എല്ലാവക്കും സുകരമായിട്ടുള്ളതല്ലെന്നു സ്പഷ്ടമാകുന്നു. ഒരു കവി എഴുതുന്ന കൃതികൾ എല്ലാം അദ്ദേഹത്തിന്റെ ജീവിതകാലത്തിൽതന്നെ അച്ചടിച്ചു എന്നു വരാവുന്നതല്ല. അപ്രകാരം അച്ചടിക്കാതെ കിടക്കുന്ന കൃതികളെ അദ്ദേഹത്തിന്റെ പിൽക്കാലം അന്യന്മാർ സ്വകീയമാക്കി അച്ചടിപ്പിക്കുക എന്നുള്ളതും അസംഭാവ്യമല്ല. അതിനു പ്രസ്താവയോഗ്യങ്ങളല്ലാത്ത ചില ഉദാഹരണങ്ങൾ ഉണ്ട്. നേരെ മറിച്ച് അന്യരചിതങ്ങളായ കൃതികളുടെ കത്തൃത്വം ഒരു കവിയുടെ ബഹുമാനത്തേയോ അപമാനത്തേയോ ഉദ്ദേശിച്ച് അദ്ദേഹത്തിൽ ചിലർ ആരോപിക്കുന്നതും പതിവാണ്. പല പല ഉത്തമഗ്രന്ഥങ്ങൾ ഉടമസ്ഥന്മാരുടെ ഔദാസീന്യത്താലോ അസൌകയ്യത്താലോ ഭദ്രമായി സൂക്ഷിക്കപ്പെടാതെ ചിതലിനും പുഴുവിനും ആഹാരമായിത്തീരുന്നുണ്ട്. ദോഷം വന്നിട്ട് അതിനെ പരിഹരിക്കുന്നതിനേക്കാൾ അതു വരാതെ സൂക്ഷിക്കയാണ് അധികം നല്ലത്. 'പ്രക്ഷാളനാദ്ധി പങ്കസ്യ ദൂരാദസ്പൎശനംവരം' എന്നാണല്ലോ ആപ്തവചനം. ആകയാൽ ഈ വക ന്യൂനതകൾ പരമ്പരയാലെങ്കിലും ഉണ്ടാകാതിരിക്കുന്നതിനായി മലയാളത്തിലുള്ള ഏതെങ്കിലും ഒരു പ്രധാനപട്ടണത്തിൽ ഒരു പുസ്തകമഹാശാല സ്ഥാപിക്കുന്നതു വളരെ നന്നായിരിക്കുമെന്നു തോന്നുന്നു. ഈ ശാലയിൽ കിട്ടുന്നിടത്തോളം പ്രാചീനങ്ങളും നവീനങ്ങളുമായ സകല പുസ്തകങ്ങളേയും ശേഖരിക്കേണ്ടതാണ്. ഇതു കൂടാതെ പ്രസിദ്ധന്മാരായ ഗ്രന്ഥകത്താക്കന്മാരുടെ സ്വഹസ്തലിഖിതമായ ഏതെങ്കിലും പുസ്തകമോ ലേഖനമോ യഥാലാഭം ഇവിടെ സംഗ്രഹിക്കണം. കഴിയുന്നിടത്തോളം ഓരോരുത്തരുടേയും പ്രതിച്ഛായയും ജീവചരിത്രവുംകൂടി സമ്പാദിക്കേണ്ടതാണ്. ഇങ്ങിനെ ഒരു പുസ്തകമഹാശാല ശാശ്വതമാണെ

ന്നു വിശ്വസിക്കത്തക്ക നിലയിൽ സ്ഥാപിക്കപ്പെടുന്നതായാൽ ഇപ്പോൾ ജീവിച്ചിരിക്കുന്ന എല്ലാ ഗ്രന്ഥകർത്താക്കന്മാരും അവിടെ സ്ഥാപിക്കാനായി സ്വകീയകൃതികളുടെ ഓരോ പ്രതിയും, (അച്ചടിച്ചതോ കൈയെഴുത്തു പ്രതിയോ രണ്ടുംകൂടിയോ) അവരവരുടെ പ്രതിച്ഛായയും, വേണ്ടിവന്നാൽ ജീവചരിത്രവും സസന്തോഷം അയച്ചുകൊടുക്കാതിരിക്കയില്ല. ഈ പുസ്തകമഹാശാല എത്ര രമണീയമായിരിക്കും! ഇതിന്റെ ദർശനം എത്ര സ്പൃഹണീയം! നോക്കുക: ഒരിടത്ത് ഒരു മഹാകവിയുടെ പ്രതിച്ഛായ! അതിനു നേരെ താഴെ അദ്ദേഹത്തിന്റെ നാമധേയം, സ്വഹസ്തലിഖിതം, കൃതികൾ, അവയുടെ പട്ടിക, ജീവചരിത്രം. അതാ! മറ്റൊരിടത്ത വേറൊരു മഹാകവിയുടെ. എന്തൊരാഹ്ളാദമാണ് ഇവിടെ ഉണ്ടാവുക!!

പുസ്തകശാലയുടെ മാഹാത്മ്യത്തെക്കുറിച്ച് ഡർഹാമിലെ ബിഷപ്പായ റിച്ചർഡ് ഡിബറി (Richard de Bury) 560 വർഷങ്ങൾക്കു മുമ്പേ ഇപ്രകാരം എഴുതിയിരിക്കുന്നു:—

'ഇവ (പുസ്തകങ്ങൾ) ചൂരൽകൊണ്ടുള്ള താഡനങ്ങളോ ശകാരങ്ങളോ കോപമോ പ്രതിഫലമോ കൂടാതെ നമ്മെ പഠിപ്പിക്കുന്ന ഗുരുക്കന്മാരാകുന്നു. നിങ്ങൾ അടുത്തു ചെല്ലുമ്പോൾ ഒക്കെയും അവർ ജാഗ്രത്തുകളായിരിക്കുന്നു. നിങ്ങൾ എന്തുതന്നെ ചോദിക്കുന്നതായാലും അവർ ഒളിച്ചുവയ്ക്കാതെ അവയുടെ മറുവടി പറഞ്ഞുതരുന്നു. നിങ്ങൾ തെറ്റിദ്ധരിച്ചാലും അവർ ഒരിക്കലും വൈമനസ്യം കാണിക്കുന്നില്ല. നിങ്ങൾ അറിവില്ലാത്തവരായിരുന്നാൽ അവർ നിങ്ങളെ പരിഹസിക്കയില്ല. അതിനാൽ ഒരു പുസ്തകശാല സർവ്വദ്രവ്യങ്ങളേക്കാളും വിലയേറിയതാകുന്നു. അതുപോലെ സ്പൃഹണീയമായിട്ടു മറ്റൊന്നുംതന്നെ ഇല്ല. ആയതുകൊണ്ടു സത്യം, സന്തോഷം, ജ്ഞാനം, വിജ്ഞാനം, ഈശ്വരവിശ്വാസം ഇവയെ അനുഗമിക്കണമെന്നു ദൃഢനിശ്ചയമുള്ള പുരുഷൻ പുസ്തകവായനയിൽ ആസക്തനായിരിക്കേണ്ടത് അത്യാവശ്യകമാകുന്നു'.

560 വർഷങ്ങൾക്കു മുമ്പേയുള്ള ഇതിന്റെ മാഹാത്മ്യം ഇത്ര വളരെയാണെങ്കിൽ അതിൽ പിന്നെ അനവധി പുസ്തകങ്ങൾ നവീനബോധങ്ങളോടുകൂടി ദിനംപ്രതി വർദ്ധിച്ചിട്ടുള്ളതും വർദ്ധിച്ചുകൊണ്ടിരിക്കുന്നതും ആയ ഈ കാലത്തിൽ അത് എത്ര ശതഗുണം അധികമായിരിക്കുന്നു എന്നു പറയണമെന്നില്ലല്ലോ. ഏകദേശം മേൽ

പറഞ്ഞ രീതിയിൽ തന്നെയെങ്കിലും ഈ വിഷയത്തെപ്പററി ഭംഗ്യന്തരേണ പെട്രാൎക്ക് (Petrarch) എന്ന പണ്ഡിതൻ പറയുന്നത് ഇപ്രകാരമാണ്:—

'ഞാൻ ഏതാനും സ്നേഹിതന്മാരെ സമ്പാദിച്ചിട്ടുണ്ട്. അവരുടെ സമാഗമം എനിക്ക് എല്ലായ്പോഴും ഉല്ലാസപ്രദമാണ്. അവർ എല്ലാ കാലത്തും ഉള്ളവരാകുന്നു. അവൎക്ക് രാജ്യതന്ത്രങ്ങളിലും യുദ്ധസമ്പ്രദായങ്ങളിലും പ്രകൃതിതത്വങ്ങളിലും നൈപുണ്യം ഉണ്ട്. അവർ സൎവ്വദാ എന്റെ അധീനതയിൽ ഇരിക്കുന്നതിനാൽ അവരുടെ സമാഗമം എനിക്കു സുഖകരമാകുന്നു. അവരെ സ്വീകരിക്കയോ നിരാകരിക്കയോ ചെയ്യുന്നത് എന്റെ ഇച്ഛാധീനമാണ്. അവർ ഒരിക്കലും ഉപദ്രവകാരികളല്ല. എന്നാൽ ഞാൻ ചോദിക്കുന്ന ചോദ്യങ്ങൾക്കെല്ലാം ഉടനുടൻ അവർ ഉത്തരം പറയുന്നു. ചിലർ എന്നോടു പൂൎവ്വകാലസംഭവങ്ങളെ വിവരിക്കുന്നു. മററു ചിലർ പ്രകൃതിയുടെ രഹസ്യങ്ങളെ ഉപദേശിക്കുന്നു.' ചിലർ ജീവിക്കേണ്ടത് എങ്ങനെ എന്നും, മററു ചിലർ മരിക്കേണ്ടത് എങ്ങനെ എന്നും എന്നെ പഠിപ്പിക്കുന്നു. ചിലർ അവരുടെ ഉന്മേഷവിശേഷത്താൽ എന്റെ ഉൽകണ്ഠകളെ ഉന്മൂലനം ചെയ്കയും മനസ്സിനെ ഉല്ലസിപ്പിക്കയും ചെയ്യുന്നു. മററു ചിലർ എന്റെ മനസ്സിനു ധൈൎയ്യത്തെ തരുന്നതിന്നു പുറമേ തൃഷ്ണകളെ നിയമിക്കയും സ്വശക്തിയെത്തന്നെ ആശ്രയിച്ചിരിക്കയും ചെയ്യേണ്ടത് എങ്ങനെയാണെന്നുള്ള പ്രധാനമായ തത്വത്തെ എനിക്കു നല്ലവണ്ണം മനസ്സിലാക്കിത്തരികയും ചെയ്യുന്നു. ചുരുക്കിപ്പറകയാണെങ്കിൽ അവർ സകല കലകളുടേയും സകല തത്വങ്ങളുടേയും പ്രവേശദ്വാരങ്ങളെ എനിക്കായിത്തുറന്നുതരുന്നു. എല്ലാ വിഷമാവസ്ഥകളിലും എനിക്ക് അവരുടെ ബോധനങ്ങളെ ആശ്രയിച്ച് ആശ്വസിക്കാവുന്നതാണ്. ഈ സേവനങ്ങൾക്കെല്ലാം പ്രതിഫലമായി അവർ എന്നോടാവശ്യപ്പെടുന്നത് എന്റെ ചെറുതായ ഗൃഹത്തിന്റെ വല്ല മൂലയിലും സൌകൎയ്യമുള്ള ഒരു മുറിയിൽ അവരെ പാൎപ്പിക്കണം എന്നു മാത്രമാകുന്നു. അവർ അവിടെ സമാധാനത്തോടുകൂടി പാൎത്തുകൊള്ളും. ജനസംഘത്തിലുള്ള വ്യവഹാരങ്ങളിൽ ഉൾപ്പെടുന്നതിനേക്കാൾ ഏകാന്തമായും ശാന്തമായും ഇരിക്കുന്നതിലാണ് അവർ അധികം സന്തോഷിക്കുന്നത്'.

'പുസ്തകങ്ങൾ ഇല്ലാത്ത മുറി ആത്മാവില്ലാത്ത ദേഹംപോലെയാകുന്നു' എന്ന് സിസെറോ (Cicero) എന്ന തത്വജ്ഞാനിയും 'ഒരു ഗ്രന്ഥസമുച്ചയം വാസ്തവത്തിൽ ഒരു സർവ്വകലാശാലയാകുന്നു' എന്ന് കാർലൈൽ (Carlyle) എന്ന പണ്ഡിതനും പറഞ്ഞിരിക്കുന്നു.

'വിദ്വാന്റെ ഒരു ദിവസം മൂഢന്റെ ജീവിതകാലത്തോടു തുല്യമാകുന്നു' എന്ന് അറേബ്യൻ ഭാഷയിൽ ഒരു പഴഞ്ചൊല്ലുണ്ട്.

ഇംഗ്ലണ്ടിൽ ഒരു ഗ്രാമത്തിലെ ലോഹകാരൻ റിച്ചാർഡ്സന്റെ (Pamela) എന്ന നാവൽ വാങ്ങി തന്റെ ആലയിൽ ഇരുന്ന് ഉഷ്ണകാലത്തിൽ വൈകുന്നേരംതോറും സശ്രദ്ധന്മാരായ അനേക ശ്രോതാക്കന്മാരുടെ മുൻപിൽവച്ചു വായിക്ക പതിവായിരുന്നു. അത് അത്ര ചെറിയ പുസ്തകമായിരുന്നില്ല. എങ്കിലും അതു മുഴുവൻ അവർ ഉത്സാഹപൂർവം കേട്ടു. ഒടുവിൽ അതിലെ നായികയേയും നായകനേയും സുഖമായ ദീർഘജീവിതത്തിനായി യോജിപ്പിക്കുന്ന സന്തോഷാവസരം വന്നപ്പോൾ അവർ അടക്കാൻ പാടില്ലാത്ത ആഹ്ളാദാതിശയത്താൽ അത്യുച്ചത്തിൽ ആർപ്പു വിളിക്കയും, അടുത്തുണ്ടായിരുന്ന പള്ളിയിൽ കയറി കൂട്ടമണിയടിക്കയും ചെയ്തു എന്നു കാണുന്നു. പുസ്തകവായനയാലുണ്ടാകുന്ന ഗുണവും ആഹ്ളാദവും എത്ര വലുതാണെന്നുള്ളതിലേയ്ക്കു ഇത്രയും വചോവിസ്താരംതന്നെ അനാവശ്യകമല്ലയോ എന്നു തോന്നുന്നുണ്ടെങ്കിലും ശ്രീശങ്കരാചാര്യരുടെ വാങ്മധുരിയിൽ ഇളകി മറിഞ്ഞു മാധവാചാര്യർ പറഞ്ഞിട്ടുള്ള ഒരു ഒന്നാംതരം ശ്ലോകംകൂടി ഇവിടെ ചേർക്കുന്നതിനു വായനക്കാരോട് അനുവാദം ചോദിച്ചുകൊള്ളുന്നു.

'അസ്വാദ്യസ്വാദ്യസലിസ്വാചിരതരമചരംക്ഷീരമദ്രാക്ഷമിക്ഷും
സാക്ഷാദ്ദ്രാക്ഷാമജക്ഷംമധുരസമധയംപ്രാഗവിന്ദംമരന്ദം
മോചാമാചാമമന്യോന്മധുരിമഗരിമാശങ്കരാചാര്യവാചാ-
മാചാന്തോഹന്ത! കിം തൈരലമപിചസ്തു ഗസാരസീസാരസീസ്താ'

(അർത്ഥം:— ഞാൻ ആഗ്രഹത്തോടുകൂടി തൈരിന്റെ ഘനമല്ലാത്ത ഭാഗം ഭക്ഷിച്ചിട്ടുണ്ട്. വളരെക്കാലം പാൽ കുടിച്ചിട്ടുണ്ട്. കരിമ്പിനെ ആസ്വദിച്ചിട്ടുണ്ട്. മുന്തിരിങ്ങാപ്പഴം നല്ലപോലെ ഭുജിച്ചിട്ടുണ്ട്. തേൻ കുടിച്ചിട്ടുണ്ട്. പണ്ടേതന്നെ പൂന്തേനും പാനം ചെയ്തിട്ടുണ്ട്. വാഴപ്പഴം ധാരാളം ഭക്ഷിച്ചിട്ടുണ്ട്. ഇ

ണ്ടാൽ ശങ്കരാചാര്യരുടെ വാക്കുകളെ ആസ്വദിച്ചതിൽ അതിനുള്ള വലുതായ മാധുര്യം അന്യാദൃശമായിരിക്കുന്നു. ആശ്ചര്യം! അതുള്ളപ്പോൾ മുൻപറഞ്ഞ മധുരസാധനങ്ങൾ എന്തിനാണ്? എന്നു മാത്രമല്ല, സാക്ഷാൽ സുധയുടെ സാരസ്യസർവസ്വവും നിഷ്ഫലംതന്നെ).

ശാശ്വതമെന്നു പലരാലും പൂർണ്ണമായി വിശ്വസിക്കപ്പെട്ടിരുന്ന ആർബത്ത്നട്ടിന്റെ കമ്പനിതന്നെയും പൊളിഞ്ഞുപോയിരിക്കുന്ന കഥയോർക്കുമ്പോൾ പ്രസ്തുത മഹാശാലയുടെ സ്ഥാപനം സ്ഥിരപ്രതിഷ്ഠമായിരിക്കുന്നതിനുവേണ്ടി ചെയ്യേണ്ടവയായ അനേകം മുൻകരുതലുകൾ അഹമഹമികയാ മനസ്സിൽ അങ്കുരിക്കുന്നുണ്ട്. എന്നാൽ ഈ വിഷയത്തിൽ താല്പര്യവും ആഢലോദയകർമ്മത്വവും ഉള്ളവരായ ഏതാനും മഹാന്മാർ ഉദ്യമിക്കാമെങ്കിൽ കാര്യം അനായാസം സാധിക്കാവുന്നതും നമുക്ക് ഒരു 'മലയാളസാഹിത്യമഹാനിധി' ലഭിക്കുന്നതും ആകുന്നു. ഇതിൽ ഗവർൺമെന്റിന്റെ സഹകരണമോ ഭാരവാഹിത്വംതന്നെയുമോ യഥേഷ്ടം സമ്പാദിക്കുക എന്നുള്ളതു ശ്രമിച്ചാൽ അസാധ്യമാണെന്നു തോന്നുന്നില്ല. ഇപ്പോൾ പലരും സ്വീകരിച്ചു തുടങ്ങിയിരിക്കുന്ന 'വന്ദേമാതരം' എന്ന പഞ്ചാക്ഷരത്തിലെ മാതൃശബ്ദത്തിന് മാതൃഭാഷയായ മലയാളം എന്ന അർത്ഥത്തെ സ്വീകരിച്ചാൽ കൊള്ളാം' എന്ന് ഈയിടെ ഒരു ഉപസംഹാരപ്രസംഗത്തിൽ മഹാനുഭാവനായ വലിയ കോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ട് അഭിപ്രായപ്പെട്ടിട്ടുള്ള വിവരംകൂടി പ്രസ്താവിച്ചുകൊണ്ടു പ്രകൃതത്തിന്റെ പര്യാലോചനയ്ക്കായി ഭാഷാഭിമാനികളായ മഹാജനങ്ങളെ സവിനയം ക്ഷണിച്ചുകൊള്ളുന്നു.

കെ. സി. കേശവപിള്ള.

മലയാംകൊല്ലം

(നാലാംസർഗ്ഗം)

വൃശ്ചികമാസം

1

പൊങ്ങിത്തുടങ്ങിലഘുവാഷ്പകപോലെമഞ്ഞു മങ്ങിത്തുടങ്ങിചെറുതാരഗണങ്ങളല്ലിൽ
തുംഗാചലസ്ഥനിസമസ്തഖഗാധിനാഥ നംഗാരകാലയമണഞ്ഞുവസിച്ചിടുന്നു.

2

ധന്യോത്തമപ്രിയസുതധാരണിജഗേഹം തന്നിൽ കടന്നമരവും രവിതൻകരത്തിൽ
അന്യൂനമായ് ഹിമമിഷാൽക്രമമോടുമന്നു തന്നിൽപ്പെട്ടുരസമെട്ടുത്തുകൊടുക്കുന്നു.

3

മായംവിനാസകലസാരസജാതിബന്ധു വായുള്ളഭാനുഭഗവാനളിയോടിരുന്നിം
തോയത്തൊടൊത്തുമരവുംമഹേന്ദ്രനിലച്ഛായയാളുകാളിപരിശോഭിതവക്ത്രപാത്രം.

4

നാകത്തിൽനിന്നമൃതമാസകലംധരിത്രീ ലോകത്തിലായി,പുനരാശുനിലച്ഛാഷം
നാകൈകചാരിപതിഭാനുകരങ്ങൾകൊണ്ടു തുഷാരമിഷമോടുമെടുത്തിടുന്നു.

5

മാഴ്കാതെതാരപതിയാംതുഹിനാംശുവിന്റെ പാകത്തിലംശുനികരംസപദിപ്രജത്താൽ
ഏകംഗ്രഹാധിപതിസൂര്യനിതാജലംമ-ഞ്ഞാകുംപ്രകാരമതിമന്ദമെടുത്തിടുന്നു.

6

ചിക്കെന്നുമന്നിലിഹകോരിയൊഴിച്ചുവെള്ളമൊക്കെക്ഷയിച്ചുജലദാളിവിശുഷ്യമായി
പൊക്കുന്നുവാരിതുഹിനച്ഛലമോടുകാലചക്രംതിരിപ്പവനതംബുജബാന്ധവൻ

7

മന്നെന്നുപേരുകലരുംവലുതായപാത്രം തന്നുള്ളിൽവന്മഴകൾകൊണ്ടുനിറഞ്ഞതാംവെള്ളം
അന്യൂനമുഷ്ണകരതാപമൊടാവിയായി ച്ചിന്നുംഹിമച്ഛലമൊടങ്ങിനെപൊങ്ങിടുന്നു.

8

പ്രാലേയമൂർത്തിഭഗവാനെൻറബ്ദപഹാരിയുമ്മ ശശലങ്കചന്ദ്രഭവനത്തിനകത്തുനിത്യം
കാലാത്മകൻദശശതാംശുവസിച്ചിടുന്നി ക്കാലംതുഷാരമയമായ്ചമയുന്നുകാണ്കെ

9

മഞ്ഞാതപാദ്യോഗമനാരംസഹജസ്വഭാവമെന്നാവിടാതെതാരജലംക്ഷിതിയിട്ടിദാനീം
തുംഗാന്ധകാരനികരംകെടുത്തുന്നസൂര്യാംസുഗത്തിനാൽഹിമമിഷത്തൊടുയർന്നിടുന്നു.

10

നിത്യോത്സവംകലരുമംബരചാരികൾക്കു ള്ളത്യന്തവൈരികളവലാഹകരാണവന്മാർ
ഇത്തല്ലിലല്ല,ഹിമവാരികരപ്രജത്താൽ നിത്യംഖഗാധിപതിസൂര്യനുയർത്തിടുന്നു.

11

അംബുത്തരാംബരകാന്തികളങ്ങളേല്ലും നഭ്രത്തിലംബുവഴിഭ്രമമോടുങ്ങിസർവ്വം
കൊള്ളാതുവിശാലഭവണോത്തുംഗഭൂമിയിവെള്ളം മേല്പ്പെട്ടിതാഹിമമിഷത്തൊടയച്ചിടുന്നു.

12

ത്തിൽ
വല്ലാത്തതാപമൊടുലോകർകൊതിച്ചുവമ്പിൽ നല്ലാഭഗൌരവമോടത്തിയജീവന
ഇല്ലിപ്പൊഴുതാരവൊയത്തനുമെന്നുപം തെല്ലാചെല്ലതപമൊടുപൊങ്ങിവരുന്നു മഞ്ഞാ
യ്.

13

ള്ളം
ലോകങ്ങൾതാപമൊടുപണ്ടുകൊതിയ്ക്കയാൽസത്താകുന്നഭഗവമിയന്നിവന്നവെ
ലോകത്തിലാദരവുമുള്ളകുറഞ്ഞുപൊങ്ങിപ്പോകുന്നഹന്തഭയവാണുനിനച്ചുതാൽ

14

ചേലൊത്തകളത്തുസമട്ടുപസൂഖക്രമത്താൽ പ്രാലേയജാലമിവിടത്തിൽവരുന്നിടുന്നു
പ്രാലേയമൂർത്തിയുടെവപ്പുഭയായരാത്രി മാലെന്നിയേക്രമമൊടിങ്ങുതുടിച്ചിടുന്നു.

15

മണ്ണിന്നകത്തുമവനോടുകിടന്നിടുന്ന വർണ്ണപ്രകാശമിയലുന്നനിശാഗണത്തെ
തിണ്ണംജനങ്ങൾതെളിവാക്കിയെടുത്തിടുന്ന വർണ്ണക്രമേണനിശകൾക്കിഹകൂടിടുന്നു

16

എല്ലാവുംതുടിതിച്ചുട്ടുകെട്ടുമ്പടിയ്ക്കു മെല്ലെന്നുശീതമയമായ് ചമയുന്നകാലം
ചൊല്ലാർന്നോരുഷ്ണകരനസ്തമനാചലത്തിൽ ചെല്ലുന്നവേഗമൊട്ടുരംവൃതടിച്ചിടുന്നു,

17

ലോകക്കുമേഹബലമിങ്ങുവിസർഗ്ഗകാല മാകുന്നമൂലമതിയായിവളർന്നിടുന്നു.
ഏഴ കാന്തരാത്രി,മദനോത്സവസൽപതാകേ കോകവധൂതിഷല്ലുചലരെവലുതായിടുന്നു,

18 [മള

ചേലൊത്തകോകമിഥുനത്തൊടിടഞ്ഞുമഞ്ഞശൈലത്തൊടേററവുമിണങ്ങിയകൊങ്കയുമ്
പ്രാലേയശൈലസഖിപൊന്മലമഞ്ഞെഴുന്നി ക്കാലേദിവാകരനെയേറ്റെമറച്ചിടുന്നു.

19

പൃത്ഥ്വീസമസ്തജനദേഹമഹാബലത്തെ ച്ചേർത്തിട്ടുമിപ്പൊഴുതിലഹിമച്ഛലത്താൽ
കീർത്തിപ്പെടുന്നതിവല്ലഭനേളമനല്പ കീർത്തിപ്രകാശമഴകോടുയരുന്നകാന്തേ

20

സൈസ്വാസ്ഥ്യസാരസുധാതരമണ്ഡലങ്ങളും ചേരുന്നനാകമതിലേയ്ക്കുസുധാചയത്തെ
പാരിങ്കൽനിന്നുസുരസേവകരായമർത്ത്യന്മാരാദരാൽഹിമമിഷത്തൊടയച്ചിടുന്നു

21

കഞ്ജങ്ങൾമഞ്ഞുമവടഞ്ഞുമയങ്ങുമാറു മഞ്ഞിജ്ജഗത്തിലിതവന്നുനിറഞ്ഞിടുന്നു
രഞ്ജിച്ചിടാതെ പ്രസിദ്ധഹബന്ധുവാട്ടരഞ്ജിച്ചിടുന്നപകലൊന്നുചടച്ചിടുന്നു

22

ധാരാളമായിധരാവലയത്തിൽവന്നു ചേരുന്നുസന്തതിതുഷാരകരോരവാതം
നേരായശേഷപവനാശയസഞ്ചയങ്ങൾ പാരിച്ചിടുംമദമൊടുംകലരുന്നുചിത്തേ

23

വൃക്ഷാഗ്രവാസിഗതികൾ അതിവിഷണ്ണമാകിവൃക്ഷങ്ങളേത്തുടിതിതന്റെബലാൽകുലുക്കി
അക്ഷീണമാവശമൊടുകാറുകൾവീശിടുന്നു പക്ഷീന്ദ്രവൈരിഭുജഗങ്ങളുമച്ചിടുന്നു

24

താരാദിചാരുബഹുപത്രഗണങ്ങളുള്ള താരാപഥാംബുനിധിയിൽപവനപ്രവാഹം
ചേരുന്നതത്രകളിയാടിടുമണ്ഡജൌഘം സൈരംചരിപ്പതിനുമഹന്തകുഴഞ്ഞിടുന്നു

25 [ൽ

പുണ്യാദ്രിപൂണ്ടശിഖിതന്നഹിതാജലെശംലാമണ്ണിന്റെചോട്ടിലമരാതെഹിമച്ഛലത്താ
ൽതിണ്ണാസമസ്തദിശിപൊങ്ങിവരുന്നവാതം ചന്ദനസൗരഭവമണയുന്നുള്ളതാശമിത്രം

26

സ്തംഭിച്ചിടുമ്പടിതണുപ്പുവളർന്നുകൊണ്ടു ജ്രംഭിച്ചിടുംലഘുതപൂണ്ടുയരുംഹിമത്താൽ
സമ്പൂർണ്ണസൗഖ്യമവിശ്രക്ഷതചേർന്നലോകം കമ്പിച്ചിടുന്നുമുഴുവൻപവനപ്രകോപാൽ

27

ആയാം,ക്രിയസ്ഥധികദക്ഷത,വഹ്നിദീപ്തി,മായംവിനാലഘുത,യെന്നിവസംഭവിപ്പാൻ
ഞായത്തിലഗ്നിസഖിനാകചരൻസമീരൻ വ്യായാമമിപ്പൊഴുതിലേറ്റമെടുത്തിടുന്നു

28

പങ്കാന്തവല്ലിയനദിച്ചിട്ടുമൊട്ടുമസ്സായ് വങ്കോപമോടുപവമാനനണഞ്ഞിടുന്നു
സങ്കോചമോടുപകലങ്ങനെ ച്ചിടുമ്പോൾ തങ്കോപമായവനിതാവെടിയുന്നുമന്ദം

29

കണ്ടാൽ പൃക്കളുംസമസ്തിലസുന്നമഞ്ഞു കൊണ്ടേറ്റവുംനിബിഡമായുളവന്നാന്തരാളേ
കണ്ടിട്ടുവഹ്നിസഖിയാകിയവായുമോദാൽകൊണ്ടാടിയങ്ങനെവളർന്നുവരുന്നവേഗം

30

കേടേററിടാതെ ബഹുവൃക്ഷമൃഗങ്ങളും വാഴും കാടായ കാടു നിജതീവ്രപ്രയത്നിനാലേ
പാടേ വകഞ്ഞു വെളിവാക്കി വരുന്നനന്മ കൂടുന്ന മാന്യഴിമ ... ദേവൻ

31

ഏറെ പിറന്നതിരുചിയുള്ള ഖരോത്തമന്മാർ മങ്ങുന്ന മട്ടു വലുതായ ജനസ്ഥലത്തിൽ
തിങ്ങുന്ന ജാഡ്യകരമായ തുഷാരസംഘം നീങ്ങുന്നതിന്നിഹ വരുന്നു ബലാൽ നഭസ്വാൻ

32

മുട്ടാതെ പാണ്ടിതുളുവോളമധിത്രിയെന്ന മട്ടുള്ള നാടുകളിൽനിന്നധിജനങ്ങൾ
മട്ടാതെ വന്നു മരുവും മലയാളമാമീ നാട്ടിൽ കടന്നറിയ കാവുകളിച്ചിടുന്നു

33

നന്നായുറപ്പോടു തടിച്ചതിയായ്‌വയന്ന് തന്നംഗമൊട്ടിടപിളന്നിഹ സംഹ്യശൈലം
മുന്നം കലാപമൊടു തൊഴുമൊട്ടു താൻ തന്നെ ഖണ്ഡനാപവനനായിട്ടിന്നു നൽകിടുന്നു

34

ഏററം ജ്വാലിവിടെ വന്നിട്ടു ഭീഷ്മഴക്കൻ കാററേല്ക്കുവാൻ വിഷമമേറെ നമുക്കില്ലവാഹോ
തെററന്യകേരളമിതീ വിധമായുറച്ചു തെററാതെ ... താക്കിടുന്നു

35

സൌരഭ്യമേറിയ പൂവാക്കമനേകവസ്തുചേരുന്ന ... വിപിനങ്ങളിൽനിന്നെല്ലാം
പാരം കിടന്നിളകിടുന്ന ജവേന ... പാരിച്ച ഗന്ധ ...

36

ചട്ടററ പത്രമാലിപൂണ്ടധികം വിശേഷപ്പെട്ടുള്ളവർകളെഴും മലയാളനാട്ടിൽ
പെട്ടെന്നു ... വിട്ടത്തിടുന്നു ... ണങ്ങളും

37

അല്പം നടപ്പതിനിങ്ങു താതിരണ്ണമിപ്പാരിടത്തിൽ മരുവുന്നവരങ്ങളെല്ലാം
എപ്പോഴുമൊട്ടുമമരപ്രഭുവായി വാഴ്ച കെല്പേറുമാർ മളുവേറവരച്ചിടുന്നു

38

നന്നായ് ബലത്തൊടു തരപ്രകരം മഥിച്ചു ... വിടെ നിന്നുള്ള വാരുഹെതാരെൻ
ഏന്നാത്തുവഹ്നിസഖി ... നന്ദമഹീരുഹഗണത്തെ മഥിച്ചിടുന്നു

39

ചെമ്മേ മഹീരുഹഗണങ്ങളും കുലുങ്ങിടുന്നു ... തൻ ബാഹുബലത്തിനാലേ
നന്മാതിരിക്കു ... ചുംബിച്ചിടുന്ന മഹിപാലസുചയ ...

40

വല്ലാതെയുണ്ടിഹ രജോമയമായശേഷം ചൊല്ലാനിട്ടുംധരയിലല്പ്പവാതകോപാൽ
തെല്ലല്ലദോഷമതു ഭൂമിയിലതവിച്ചും ... ലും സപദിസമ്പ്രതികണ്ടിടുന്നു.

41

വിണ്ണാസമസ്തമൊരുമാതിരിയായിദേശ ഖണ്ഡങ്ങളാം സകലവും മലിനങ്ങളായി
ഖണ്ഡപ്രദേശമണയുന്നൊരു വാതമൊന്നു തിണ്ണം നിനയ്ക്കിലധമപ്രകൃതിയ്ക്കു മൂലം

42

കാണാതെ ചുറ്റിനണയുന്നു സമസ്തലോകത്രാണത്തിനായിഹ സദാഗതിയായ ദേവൻ
ചേണാന്നെന്നു മണികളും കരമനേക ... പ്രാണിപ്രജങ്ങളതിമാത്രമകന്നിടുന്നു.

43

പുല്ലായ പുല്ലുകളശേഷവുമിപ്പൊളേററ മുല്ലാസമോടു കതിരിട്ടു വിളങ്ങിടുന്നു
ചൊല്ലുന്നിടുന്ന വൃക്ഷമഖിലനകത്തുവായ്ക്കും വല്ലാത്തമോദമൊടു കാഞ്ഞതടിച്ചിടുന്നു.

44

ഏറെ ജവത്തോടനിലകന്നിയ താടത്തിട്ടുന്നു കാണുറവുമനിലിമകൊമ്പുകൾവിങ്ങിട്ടു
തെററന്നശങ്കയാ തുടരെത്തുതറിച്ചുവന്നു പാറുന്നതൻ പണികഴിച്ചു മതംഗജങ്ങൾ.

45

പാരാതെതങ്ങളൊട്ടനേകത്തിട്ടുമഗ്രിതന്റെ സാരങ്ങളായിട്ടുമഗണങ്ങളെടുത്തശേഷം
സാരജ്ഞരാകും മറവന്മാർ നാട്ടിൽവന്നു ചേരുന്നഹസ്തികളുംകുന്ദ്രസമാനയാനേ

46

തണ്ടാരിൽമാതുതന്മോടുധരാന്തരാളേ രണ്ടാമതുവേലസുമാറുവിശേഷമായി
കണ്ടാലുള്ളിൽ കതിരുകുണ്ടകണ്ടാകെയെഷ്യാങ്ങുണ്ടാണു ചന്ദ്രതമോല്ലസമേഖലക്ഷ്മി

47

ഒട്ടൊട്ടു പാൽപറമുറച്ചുകതിർക്കലങ്ങൾ കട്ടിട്ടടൻ കിളികളങ്ങു പറന്നിടുന്നു.
ചുറ്റിടുന്ന കിളികൾ കൊയ്യമട്ടുമാട്ടും കിട്ടാഞ്ഞമട്ടുദയപാൽ മൊഴിതുകമായ്

48

കാടത്തുറേലകളെടുത്തിട്ടു ജനങ്ങൾ കൂടിസ്സകിളികളെപ്പറമാട്ടിടുന്നു
കോടനിരകിളിമൊഴികളൂതിൽവാക്കുകൊണ്ടു പാടേജനത്തിനരസത്തെ വളർത്തുമാ [റ്യു

49

[ജാലക

പൈന്തേൻതെഴുന്നമൊഴിമാരുടെകൈകൾകൊണ്ടു ചേർന്നുന്ന കാന്തികലർന്നപലക
ചന്തമേറുന്നമതിനാലിഹരണ്ടോരത്തും ചന്തസ്ഥലങ്ങളുഴകോട്ടുളവാക്കിടുന്നു.

50

മന്ദേതരം കചിരാളകമനോജ്ഞരൂപ കന്ദങ്ങൾ കൊണ്ടനിരയുമനേകത്തിലൊന്നി
കന്ദായുധാളിമധുരാഭഗവൽപ്രസാദ കന്ദായമാനകുചപുണ്ണുജാന്തരാളേ

51

പൂവൻ, സുഗന്ധി ഞാലിമയിന്ദ്രനെഴുന്ന പൂവൻ, പടററി, കദളി, നേന്ത്ര, കണ്ണൻ
ഇവ ഞ്ഞു പൂഷ്ക വാഴകൾ കൊണ്ടുഭൂമി ചൊവ്വോടണിഞ്ഞുവിലസുന്നവരോക്ക [ത്താൽ

52

നേയത്തിലുള്ളകൃഷിവിക്രയമെന്നിവയ്ക്കുള്ളായതിനാൽ ക്ഷിതിയിലിയ്യിടയിൽ ക്രമ
മായവെടഞ്ഞുനന്നയുള്ള നേന്ത്രവാഴ കായയ്ക്കുമസ്ഥലമായവമുള്ളതില്ലാ

53

ഈവാഴ തിൻറെ കണ്ണു കണ്ണു ദേവേന്ദ്രനാണിറകൊട്ടത്തുപണ്ടേപോലും
ദേവനന്നചിലരിക്കഫലത്തേ ദേവേന്ദ്രനായയിതിനമ്പ്രം ചൊല്ലിടുന്നു.

54

കെല്ലാട്ടുകാസമനത്തിനിതാറനന്നെ നാപ്പുവ്വിലാന്തുയാണിതലവസിലോകം
ഇപ്പാരംകസ്ഥനീകരത്തെയെടുത്തിടുന്നു വൃഷ്ടിയുദ്യോത്സവവികാസനിസൽക്കല [ഡ

55

പാലൊഴിയങ്ങുടയുന്നതുപാലയെങ്ങും പാലിൽകണങ്ങൾ ചിതറുന്നുറമുല്ലലതാ
ചെലാത്തിടുന്നചുഹവല്ലിപുഷ്പ ജാലം ചിച്ചുവിലസുന്നുവിശേഷമായി [ൽ

56

ശ്രീമത്പുമവചിരാവധിവോഗപടോലം പീമത്ഷപനങ്ങിനെയാകയാലേ,
ഭൂമണ്ഡലത്തിലഴകൊട്ടുപടോലമെന്ന നാമകചൻവിലസുംചെതവൃത്തിടുന്നു

57

കേടററനേകഗുണമുള്ളാരല്ലിവല്ലി യോടൊട്ടുട്ടത്തഫലമുള്ളാരകയ്യവല്ലി
പാടേപടർന്നുവിലസുന്നിതുവേലിയേററം കൂട്ടുന്നഭൂക്കതിരസസിസ്ഥവിൽവേലിയേററം

58

ആഷാഢാസാരനാഴവിച്ചിട്ടുമത്തരായാസാ സീല്ക്കാരമേകിയുമതിവപ്പം പുഷ്പങ്ങളും
നിഷ്പന്നപ്പൽപ്പുളകത്തോടുടയമോടു കല്ക്കന്നവയ്കഴൽതൊഴുമുദ്ധതാധാരങ്ങളി.

59

നല്ലൊരു പത്രനിരയിൽ തലക്കത്തുബോണ തുല്യങ്ങളായ പലവുമെങ്ങുകളോടിണങ്ങി
വില്ലൊത്തിട്ടും വഴുതിനങ്ങകൾ കൊണ്ടുവേണ്ട തെല്ലാംജഠിച്ചുതവും കൃഷീവലന്മാർ

60

കണ്ടാൽ തലസ്ഥലബഹുളക്കതിരസപ്രവാഹം കൊണ്ടുകൂട്ടമാക്കുമളവാസ്സുതമാറിനീം
ചുണ്ടങ്ങകൂട്ടവകളെച്ചിതമോടുണക്കി കൊണ്ടാട്ടമാക്കിയഴകിൽ ചിലർ വെച്ചിടുന്നു

61

കുമ്പളത്തൊടൊത്ത ചിലകായകൾ മൂത്തു വർഷാരംഭത്തിൽ നട്ടുവിളമത്തലരങ്ങണത്തിൽ
വമ്പിച്ചുതണ്ടോടുടസ്സായവായവർ പെട്ടത്തു കളഷ്മാണ്ഡമയനതേ ചിലർ വെച്ചിടുന്നു

62

സിദ്ധിച്ചിടുന്ന ഭൂവിധാതുബലം വിസർഗ്ഗ്യ മുഖ്യമാംനിമമിതിൽനകലക്കമേററം
യുദ്ധത്തിനായി മുതിരുന്നു കരിമ്പുവില്ലൻ വഴിച്ചിട്ടുന്നിതു കരിമ്പുകൾ നാട്ടിലെല്ലാം

63

സമ്പൂർണ്ണമാധുര്യസമോടു കരിമ്പുമന്യം തുമ്പും വെടഞ്ഞിഹ ജനങ്ങൾ ഭുജിച്ചിടുന്നു
ഭൂമ്പാചലന്മധുരാഖിലഗാത്രിയാമ്പും തുമ്പും വെടിഞ്ഞൊരവകൾക്കവിവേകമുണ്ടോ

64

കമ്പാവിനൊചെറിയമുത്തുകളെത്തപല്ലാൽ കമ്പേണിയേ ചിലർ കരിമ്പു കടിച്ചിടുന്നു
സമ്പൂർണ്ണസർവ്വഗുണമാസ്ഥിച്ചസ്വാകരിമ്പിൽ കമ്പിന്നകത്തുമണിമുത്തുകളുണ്ടുപോലും

65

ഇന്നാകരാവമധുരമാരസമേകിടുന്ന കണ്ഡായുധന്റെ ലളിതായുധമിക്ഷുയഷ്ടി
എന്നാലതിങ്കൽ മണിമുത്തുകളിപ്പകത്തു നന്നായ് സമരെനേമെയ്ക്കതിക്കള്ളതാന്യേ

66

പഞ്ചായുധായുധസഞ്ചരിക്കൽ നിന്നുളിച്ചു പഞ്ചാരപൂക്കുന്നമാറന്നമെകിടുന്നു
അഞ്ചാതെ പാലിലിതുനൽസ്മിതഭുഗ്ദദുഗ്ദ്ധ പഞ്ചാരവാണിശ്ശരണ ചാതുകിമെത്രകേമം

67

നാൽക്കാലിജാതികളിൽ മുമ്പു ചളിച്ചുപൈക്കൾ മുക്കാലുമേററമഴകിൽ പ്രസവിച്ചുയാഞ്ചേ
ഇക്കാലമൊക്കെയാമൊഴിവായിഹക്ഷണത്തിൽ മുഷ്കാലമുണ്ടുവിധിദുഗ്ദ്ധമല്ലാതെങ്ങുമുണ്ടോ

68

ഇക്കാലകമാസകലവുംതെളിയുംപ്രകാരം കാലോചിതം ബോധഗുണങ്ങളമങ്ങിടാതെ
പാലേറെകാട്ടുക്കളൊക്കാലികൾ തൻ യശസ്സു പോലേജഗത്തിലിഹ പാലതിറഞ്ഞിടുന്നു

69

ലാവണ്യവാരിനിധിയാം രമതന്റെകാന്തൻ കാർവ്വർണ്ണനായഭഗവാൻ പശുപാലനായി
പാൽവർണ്ണമതിവകവൻ ഭുജിച്ചുമുന്നം മിവർണ്ണമാക്കഴകകാലികളത്തനെന്ന്യേ

70

പുല്ലിന്നണക്കമൊരുമിക്കിലുമിപ്പവററീ ല്ലൊംജലാലംഘ്യതരംററിമമിപ്പൊഴുതാൽ
എല്ലാററിനാകവയുണ്ടുപത്തുക്കളിൽപാലുപ്പാസമോടുസുലഭംഭുവിപൃശ്ചികത്തിൽ

71

പോഷിച്ചപയ്യുകളുടെ പാലകിടിൽപെരുത്തു തോഷിച്ചിടുമ്പടികടിച്ചുതടിച്ചുതൂപ്പം
ഘോഷിച്ചുവത്സകുലമോടിനടന്നിടുന്നു തോഷിച്ചു ഘോഷമയമാമ്മലകത്തുപങ്കം

72

ധാത്രീതലത്തിലൂതെനാപുകഴ്ന്ന ദ്വാദശാ മാത്രാധികംവിലസിടുന്നോരു വൃശ്ചികത്തിൽ
ക്ഷേത്രങ്ങളിൽപലതിൽബന്ധപവാരമെന്ന സത്രങ്ങളങ്ങിനെനടന്നുവരുന്നുഭംഗ്യാ

73

നിത്യംശീവേലികളിൽനല്ലാനകുട്ടിയാന നത്തായപായസനിവേദ്യമൊടൊത്തസദ്യ
അത്യാദരമുള്ളനിറമാല,വിളക്കനേക മിത്യാദിമന്ധചവിളക്കിനചേർന്നവട്ടം

74

ദേവേന്ദ്രനാട്ടിനെതിരാംമലയാളനാട്ടിൽ ആവുന്നഘോഷമൊടുനല്ലമഹോത്സവങ്ങൾ
ദേവാലയങ്ങളിൽപലതിൽത്തുടരുന്നു,കാമ ദേവാതിമോഹനമഹോത്സവരൂപരൂപ

75

നീരാകൊണ്ടനീരേശമാറ്റലി,ഉഞ്ജിതങ്ങൾ ളൂകുന്നകൊട്ടു,വെടി,മിന്നൽവിളക്കനേകം
നാകത്തിൽനിന്നവകളൊക്കെയുമിപ്പോളിങ്ങു ലോകത്തിലുത്സവരസത്തിനുകൊണ്ടു
[പോന്നോ?

76

കാലത്തുകഞ്ഞിപകൽപ്പവലതായസദ്യ, കോലാഹലത്തൊടുശീവേലി,വിളക്കതിൽ
കാലത്തിനൊത്തുപലമാതിരിയാട്ടിടുന്നാകോലങ്ങളിങ്ങിനെമഹോത്സവചട്ടവട്ടം
[ന

77

സ്ഥാനത്തിലൊരമണിയൊത്തുമഹാധ്വജത്തിൽ ചീനാംബരോജ്ജ്വലപതാകകളുമിട്ടു
ഉജ്ജ്വലവിനാമണിയണിഞ്ഞുകളിയ്ക്കുമോമ ന്മീനധ്വജോത്സവകലാവിലസൽപതാകേ

78

ശീലോത്തമമമതിലകത്തുമഹോത്സവത്തി ലോലക്കുടയ്ക്കുവലുതായവിശേഷമത്രേ
ശിലക്കുടയ്ക്കുപുടക്കരടിട്ടുമിന്നു മാലോലകണ്ണുയുഗളേപുനരായതില്ലാ

79

ചട്ടറ്റപട്ടുകുട,ചാമരയുഗ്മമാലവട്ടങ്ങളും,കൊട്ടു,കുഴൽ,കൊമ്പുകളും,കൊമ്പനാന [ളം
കോട്ടാവെടിത്തിരികളുംകട്ടികളേത്തെളിഞ്ഞു കാട്ടുന്നതിന്നിതവരുന്നുവധൂജനങ്ങൾ

80

ഏണാക്ഷിമാരുടെമനോഹരമായരൂപലക്ഷാണിവരപ്രതിമതിവർസചിത്രപടം [ത്തിൽ
ചേണാർന്നിട്ടുംകളികളും,മേളമൊടെന്നിതെല്ലാംകാണാൻജനങ്ങളണയുന്നുമഹോത്സവ

81

[ത്സവത്തിൽ
കണ്ണിയ്ക്കുവാച്ചകൊതിയാൽചിലർസത്വരത്തിൽ നെഞ്ചിൽകനത്തരുചിയാൽചിലര
ങ്ങുമ്പിടാതെസഖിമാരൊടുകളിയാടി ങ്ങെല്ലാവാൻബഹുരസാൽചിചർവന്നിടുന്നു

82

മന്ദിച്ചിടാതെസമോട്ടുകൊടിയ്ക്കുകത്തു വന്ദിച്ചിടേണമഴകിൽപ്പരദൈവപാദം [തേ
എന്നോർത്തുകൊണ്ടുവരുന്നുമഹോത്സവത്തിൽ ചന്നെത്തിടുന്നുവനിതാകലമൊക്കെ

83

ആനന്ദകത്തിനൊടുസാധുജനങ്ങൾദേവ നാമാടിട്ടമ്പരാരാഞെമിച്ചുകളിച്ചിടുന്നു
ക്രോധവന്തത്തിലുംലോകിയതൽപ്രസാദ മേറെസതൊട്ടുയാചിച്ചുവിളങ്ങിടുന്നു

84

ശ്രീവൃന്ദമേകൊണ്ടുദേവാനന്ദുനന്ദനവെക്ക തവ്യാജമഷ്ടമിമഹോത്സവമുണ്ടിതന്നീ
ഭരനാടേജാതിചയമുള്ളമങ്ങുകാണാം ധന്യഹിമേന്ദ്രമുഖിസുന്ദരമെന്നയാനേ

85

ആരാധകോല്പമതിപ്പെട്ടുനാപ്പുരപ്പം മാനാതെവഞ്ചിധരണിപതിവൃശ്ചികത്തിൽ
ഏറുന്നാങ്ങൾപുഴവാണവരത്നത്തിൽ ക്രോടഹാകൃമചതിരൊമങ്ങിടുന്നു

86

ഉള്ളത്തിലുല്ലൂടതോദരവോടു ചുന്ദൻ വള്ളങ്ങൾ കോട്ടുകൾ തുടങ്ങ യവാഹനങ്ങൾ
ഉള്ളന്നിടയ്ക്കു കലാത്തവരത്രയാൾ ചൊല്ലുള്ളവന്നവഞ്ചിയാണീന്ദ്രനയച്ചിടുന്നു

87

വഞ്ചീന്ദ്ര കല്പിത സൽഫലമൂലഭാവം ഞ്ചിട്ടുമിമ്മാജപാദ്യസ്സമത്സരത്തെ
അഞ്ചാതെ തട്ടിത്തിട്ടമോദിസ്സമയേദിനേജഭാഗ്യം ഞെഞ്ചിൽപ്പുരാരസമൊടങ്ങുശമിച്ചിടുന്നു

88

ചൊല്ലാൻ വഞ്ചിനൃപന്നുള്ളൊരു നാട്ടുമുള്ളിലുല്ലാസമോടവിടെയെങ്കിലുമാണ്ടുന്മാർ
ചെല്ലുന്നവർക്കവിടത്തിലവർക്കുവേണ്ടതെല്ലാം നമ്പൂതിസുഖംവഴിപോലെപാന്തൽ

89

ശ്രീപത്മതീർത്ഥസലിലത്തിലിറങ്ങിമുങ്ങി ശ്രീപത്മനാഭസവിധത്തിലിരുന്നുകേക്ക്യാം
ശാപാദിശക്തികലരുംദ്വിജവര്യർവേദപാഠാദിഘോഷമഴകോടുജപിച്ചിടുന്നു

90

കമ്പാവെടിഞ്ഞിവിലബാഹുജജാതകർമ്മം സമ്പൂർണ്ണമായ്മനന്ത [illegible] ന്തിലൂണ്ണാം
നമ്പൂരി, പട്ടർ, പരീക്ഷ ചെയ്യാം [illegible] ക്ഷേത്രങ്ങളുണ്ട്

91

മായംവിനാസകലസദ്ഗുണവാരിപൂർണ്ണ മാർത്തുള്ളൊരിമ്മറുജപാത്സവമത്രകേമം
ഞായത്തിൽവന്നുടയധർമ്മസുതന്റെരാജസൂയമഹോത്സവം പരമിതിന്നുപമാനമോർത്താൽ

92

നംപ്യാർ [illegible] ചരിതാദ്ദിമുഖമായുള്ള ലെല്ലാറ്റിലും കവിശിരോമണിയായ കുഞ്ചൻ
ചെമ്മേ ല്ലരുമിമ്മുറജപപ്പുവയൊന്നുകൊണ്ടാണല്ലാജഗത്തിലുവശീകൃതമാക്കിടുന്നു

93

ഉത്സാഹമോടുയവനോത്തമഭാഷതന്നിൽ നത്സാരമായ് ചില പരീക്ഷകൊടുത്തശേഷം
പാസ്സാംകുമാരമിതെന്നുഴലുന്നബാല രാസ്യാളയാൽമതിയെ വെന്നൊരു മാന്യരില

94

മെല്ലെപ്പരീക്ഷകൾ കൊടുത്തുജയാമയങ്ങളെല്ലാം ഗമിപ്പതിനുമുമ്പിലവർക്കുചിത്തേ
വല്ലാതെയുണ്ടു ഭയ, മുല്ക്കടരംഗലജ്ജാ കല്ലോലജാലവിവശീകൃതചിത്തരാഗേ

95

അർത്ഥക്ഷയം, പരിഭവം, ശുഭബോധ്യകാലവ്യത്യയം, പലതുമിങ്ങിനെരേഖ്കൊലുണ്ടാം
സത്തായ്ജയിക്കകിലുമിതിൽവിപരീതമായി ട്ടോർത്തിടുമൊക്കെയിതിലാക്കിലകത്തുചിത്താം

96

ശ്രീകൃഷ്ണദേവനഴകോടുവിളങ്ങിടുന്ന വൈകുണ്ഠലോകസമമാം ഗുരുവായുഗേഹേ
ഏകാദശിക്കുമലയാളിജനങ്ങളെല്ലാ മാകെഗ്ഗമിക്കുമധുനാമധുനാശകേക്ക്യാ

97

ചൊല്ലേറുണ്ടസർപ്പനിവഹത്തിനുടപ്പരമരുമിക്കാലമാണൊരികസർപ്പബലിക്കുമുഖ്യം
തീക്കുന്നസർപ്പവിഷദോഷവുമാശു 'പാമ്പിന്മേക്കാട്ട്' വിപ്രന്റെ സൽക്രിയയാൽ ജനങ്ങൾ

98

നീക്കുന്നു സർപ്പവിഷദോഷവുമാശു പാമ്പിന്മേക്കാട്ടു, വിപ്രവരനീ മലയാളനാട്ടിൽ
ഓർക്കുമ്പൊഴുള്ളതമിതംഗജസർപ്പബാധ പോക്കുന്ന ശേഷഭുവനാളുന്നസൽഗുണാഢ്യ

99

ചേലൊത്തസർപ്പബലിദോഷവരക്കുതരും പാലുംകൊടുക്കിലിഹനാഗബലിപ്രതിഷ്ഠാം
പാലേത്തുളക്രിയകളിങ്ങിനെചെയ്തിടുന്ന കാലേമഹാജനമഹിസ്തുതിചെയ്തിടുന്നു

100

നന്ദിച്ചു ഞാനേറെ സഹസ്രഫണങ്ങളാൽ മന്നിടത്തിൽച്ചിരം ത്രിഭുവനം ചുമക്കുന്നപോലെ
നന്നായ്‌ ധരിച്ചു വിലസിടുമനന്തനെ ഞാൻ വന്ദിച്ചിടുന്നു വല്ലതായ യോഗികളോടെ

101

ചൊല്ലാർന്നിടുന്നപടി ചക്ഷുശ്രവം ക ല്യാണരൂപനുരു ലതാകിയ ദേവകൾക്കും
ഉല്ലാസമോടു ചെയ്യുന്ന നാഗരാജൻ നല്ലോണമെന്നെ കാത്തരുളേണമേ

102 രംട്ടു

പാലാഴി കടഞ്ഞ വിഷാഗ്നിയിൽ വിശ്വമെല്ലാം രക്ഷിച്ച കല്പനമയേ പാടസ്സോമക്കി
ശോഷിച്ചിടുന്ന ഭഗവാൻ ഫണിരാജരാജൻ രക്ഷാകരൻ നഴലശേഷമൊഴിച്ചിടട്ടെ

104

സന്ധിച്ചു ദേവദിതിജപ്രണയത്തിനപ്പോൾ മന്ഥാനമന്ദരധരായത ജ്ഞക്കരൻ
ചെന്താർശരാരിഭഗവാനണിമാലയായി ച്ചന്തത്തിലുള്ളൊരു വാസുകി കാത്തിടട്ടെ

105 [നാരം

സച്ചിത്സ്വരൂപി ഭഗവാൻ ഹരിനന്ദഗേഹേ കൊച്ചുണ്ണിയായ്‌ വിഹരിക്കുമ്പോഴതങ്ങൊരു
മെച്ചപ്പെടും ഫടിപടങ്ങളിലേറി നൃത്തം വെച്ചാരു കാളിയഫണീശനെ ആശ്രയാമ

106

വൃത്രാദിദൈത്യരെ വധിച്ചു ജഗത്തു കാത്ത നക്ഷത്രനാഥാധിപതിയായ പുരന്ദരന്റെ
അത്യന്തമിഷ്ട സഖാ തക്ഷക നാഗരാജൻ നിത്യം തൊഴുന്നടിയനിൽ കൃപ ചെയ്യിട്ടെ

107

കാർക്കോടകമഖിലശത്രു കാൻ നളൻതൻ കാക്കൽ കടിച്ചു വിഷവഹ്നി പകർന്ന ധീമാൻ
കാർക്കോടകൻ ഫണിശിഖാമണി നിത്യമന്നേക്കാൾ മായതിനതാണു വണങ്ങിടുന്നേൻ

108 [ൻ

പാരമ്പര്യമെല്ലാം പലവിഷാഗ്നിയാൽ വിശ്വമെല്ലാം നീറുമ്പോളത്ത വിഷവിദ്യമതേറെ
മറ്റുള്ള നാഗവരരിഷ്ട വരപ്രദന്മാർ ചെറ്റുമലങ്ങടിയനാശ്രയമേകിടട്ടെ [നാര

109 ന്ന

നാഗസ്തവങ്ങൾ പല വിധങ്ങളിലെന്നിലല്ലീയറിയാം നാഗേന്ദ്രസ്തവം ഭൂരിജനങ്ങൾ ചമച്ചിട്ട
ഭോഗീന്ദ്ര പാദയുഗ്മമാവിശ്വകനന്താന്തർഭാഗത്തിൽ പാദയുഗ്മമിങ്ങുണർത്തിടുന്ന

110

ആവശ്യത്തിനു പാപാല പനിയിൽ ദ്ധാരംഭമെന്നായിരം
പ്രാവിൺ്യംപറയും പശുക്കളുടെ പേർ മുക്കാലുറിക്കൊലമാം
ജീവൻ ചന്തിയിനൊക്കെയുണ്ടതിബലം ഞങ്ങൾ കളുക്കേറവും
ദേവം വൃശ്ചികമാസമെന്നു കരുതിക്കൊള്ളേണമുള്ളത്തിൽ നീ

ഭൂരുഹശാസ്ത്രം



ജീവികളെ അചരങ്ങൾ എന്നും ചരങ്ങൾ എന്നും രണ്ടായി വിഭജിക്കപ്പെട്ടിരിക്കുന്നു. ഒരു സ്ഥലം വിട്ടു മറെറാരു സ്ഥലത്തെക്കു സ്വേച്ഛപോലെ പോകുന്നതിന്നു ശക്തിയില്ലാത്തതായ ജീവികളെ അചരമെന്നും മേൽപ്രകാരം ചെയ്യുന്നതിന്നു ശക്തിയുള്ള ജന്തുക്കളെ ചരമെന്നും പറയുന്നു. അചരങ്ങളിൽ വൃക്ഷങ്ങൾ, തൃണങ്ങൾ, ലതകൾ മുതലായവയും ചരങ്ങളിൽ മനുഷ്യർ, മൃഗങ്ങൾ, പക്ഷികൾ, മത്സ്യങ്ങൾ മുതലായവയും ഉൾപ്പെടുന്നു. ജീവനുള്ള വസ്തുക്കൾക്കു സമുദായനാമമായിട്ടാണല്ലോ ജീവി എന്ന പദത്തെ ഉപയോഗിച്ചു വരുന്നത്. ആ സ്ഥിതിക്കു അചരങ്ങളെ ഇതിൽ ഉൾപ്പെടുത്താമൊ എന്നൊരു സംശയം ചിലർക്കുണ്ടായേക്കാം. എന്നാൽ അചരങ്ങൾക്കും ജീവനുണ്ടെന്നു തെളിയുന്ന പക്ഷം ആ ആക്ഷേപത്തിന്ന് അവകാശമില്ലല്ലോ.

ജീവനുള്ള വസ്തുക്കളുടെ പ്രധാന ഗുണങ്ങൾ 1. ജനനം 2. വർദ്ധനം 3. പോഷണം 4. രക്ഷണം 5. ഉല്പാദനം 6. മരണം ഇവയാകുന്നു. ഇതിൽ ഒരു വൃക്ഷത്തിന്റെയൊ മറെറാ ബീജം മുളക്കുന്നതുകൊണ്ട് ഒന്നാമത്തെ ഗുണത്തെയും, അങ്ങിനെ മുളച്ചാൽ ആയതു ക്രമേണ വലുതായി വളരുന്നതുകൊണ്ടു രണ്ടാമത്തെ ഗുണത്തെയും ആ വളർന്ന വൃക്ഷത്തിൽ ബീജം ഉണ്ടാകുന്നതുകൊണ്ട് അഞ്ചാമത്തെ ഗുണത്തെയും കലാശം ആ വൃക്ഷം നശിക്കുന്നതുകൊണ്ട് ആറാമത്തെ ഗുണത്തെയും തെളിയിക്കുന്നു. ഇനി മൂന്നും നാലും ഗുണങ്ങളായ പോഷണം രക്ഷണം ഇവയെപ്പററി അല്പമൊന്നു വിസ്തരിക്കേണ്ടതായിരിക്കുന്നു.

നാം ഒരു പയറൊ അവണക്കിൻ കുരുവൊ മറെറാ നനവുള്ള ഭൂമിയിൽ കുഴിച്ചു മൂടിയാൽ മൂന്നു നാലു ദിവസംകൊണ്ടു ഭൂമിക്കു മീതെ ഒരു മുള വരുന്നതായി കാണാം. ആ സമയത്ത് അതിനെ മ-

ന്തി നോക്കിയാൽ ഭൂമിയിൽ കീഴ്പ്പോട്ടും മുളപോലെ ഒരു സാധനം പോയിരിക്കുന്നതായി കാണാം. അങ്ങിനെ കീഴ്പ്പോട്ടു പോയിട്ടുള്ള സാധനമാണ പോഷണത്തിന്നു പ്രധാനമായ അംശം. ഇതിനെ മൂലമെന്നും വേരെന്നും പറയും. ഈ വേര ക്രമേണ അനേകം വേരുകളായി പിരിഞ്ഞു മുട്ടു നില്ക്കുന്ന സ്ഥലത്തുനിന്നും വളരെ ദൂരം ഭൂമിയിൽ വ്യാപിച്ചു ജലത്തേയും ഭക്ഷണദ്രവ്യത്തേയും ശേഖരിക്കുന്നു. ഇപ്രകാരംതന്നെ ഭൂമിക്കു മീതെ കണ്ട മുളയും മേല്പോട്ട് ഉയൎന്നു ശാഖകളായും പത്രങ്ങളായും തീൎന്ന് ആകാശത്തിൽ വ്യാപിച്ചു കിടക്കുന്ന വായുവിൽനിന്നു ഇംഗാലാമ്ലത്തെ (Carbonic acid-gas) ആകൎഷിച്ച് അതിലനിന്നും ഇംഗാലത്തെ (Carbon) തന്റെ ദേഹപോഷണത്തിന്നു സ്വീകരിക്കുകയും ആമ്ലജൻ (Exygen) പ്രാണവായു എന്ന വായുവിനെ പുറമുള്ള വായുമണ്ഡലത്തിലേക്കു മോചിക്കുകയും ചെയ്യുന്നു. പത്രങ്ങളുടെ ഈ പ്രവൃത്തി നമ്മുടെ ശ്വാസോച്ഛ്വാസത്തിന്നു സമാനമാണ്. വേരുകൾ ആവശ്യത്തിന്നനുസരിച്ചു ഭക്ഷണദ്രവ്യങ്ങളെ ഭൂമിയിൽനിന്നും സമ്പാദിച്ചു അവയെ രസനാളങ്ങൾ ശേഖരിച്ചു ജലത്തിൽ കലക്കി വൃക്ഷത്തിന്റെ എല്ലാ ഭാഗങ്ങളിലേക്കും അയക്കുന്നതു നമ്മുടെ ദേഹത്തിലുള്ള രക്തസഞ്ചാരത്തോട് ഉപമിക്കാം. രക്ഷണമെന്ന പദത്തിൽ പോഷണമെന്ന പദത്തിന്റെ താല്പൎയ്യംകൂടി അടങ്ങിട്ടുണ്ട്. എങ്കിലും രക്ഷണമെന്ന പദത്തിന് ഇവിടെ ആപന്മോചനമെന്ന പ്രത്യേകാൎത്ഥത്തെ മാത്രമേ സ്വീകരിച്ചിട്ടുള്ളൂ.

ഒരു വൃക്ഷം വളൎന്നുവരുമ്പോൾ അതിന്റെ വളൎച്ചക്കു പ്രതിബന്ധമായി വേറെ ഒരു വൃക്ഷത്തിൻ ശാഖയോ മററൊ നേരെ മുകളിൽ നിന്നിരുന്നാൽ ഈ വിധം പ്രതിബന്ധം ഇല്ലാത്ത സ്ഥലംനോക്കി കഴിഞ്ഞുമാറി വളരുന്നതു നാം സാധാരണ കാണാറുണ്ടല്ലോ. ഇപ്രകാരം തന്നെ നിബിഡങ്ങളായ വൃക്ഷക്കൂട്ടങ്ങളുടെ ചുവട്ടിൽ മുളച്ചുണ്ടാകുന്ന ബാലവൃക്ഷങ്ങൾ യാതൊരു ശാഖയേയും ജനിപ്പിക്കാതെ നേരെ മേല്പോട്ടുയൎന്നു ചുറവുമുള്ള വൃക്ഷശാഖകളുടെ ഇടയിൽ കൂടി വൃക്ഷബാധയില്ലാത്തതായ ആകാശദേശത്തിൽ പ്രവേശിച്ചതിന്റെ ശേഷമേ ശാഖകൾ മുതലായതു ജനിപ്പിച്ചു വളരുന്നുള്ളൂ. മററൊരു വൃക്ഷത്തേയോ മററൊ ആശ്രയിച്ചു വളരേണ്ടതായ ലതാജാതിയിൽ വള്ളിക്കു ബലമുള്ളവ താനാങ്ങൾ ആശ്രയിച്ചു പടൎന്നു കേറിയിരി

ക്കുന്ന വൃക്ഷങ്ങളിൽനിന്നും കൊട്ടുംകാററിനാലോ മറേറാ മറിഞ്ഞു രസി വീണുപോകാതിരിക്കത്തക്കവണ്ണം ആ വൃക്ഷങ്ങളെ ദൃഢമായി ചുററി ബന്ധിച്ചു പടരുന്നു. വള്ളികൾ ശക്തിയില്ലാത്ത മററുചില ലതകൾ പത്രോല്പത്തിസ്ഥാനങ്ങളിൽ ഓരോ കൊടികൾ ജനിപ്പിച്ചു അതിന്റെ അഗ്രത്താൽ താന്താങ്ങൾ ആശ്രയിച്ചിരിക്കുന്ന വൃക്ഷങ്ങളോടു സ്ഥിരബന്ധങ്ങളായി രക്ഷപ്പെടുന്നു. ഇപ്രകാരംതന്നെ വെററിലക്കൊടി മുളകുകൊടി ഇവയെപ്പോലെയുള്ള മററുചില ലതകൾ പത്രോല്പത്തിസ്ഥാനങ്ങളിൽ അനേകം വേരുകളെ ജനിപ്പിച്ച് അവയാൽ വൃക്ഷത്തെ ദൃഢമായി പിടിച്ചു പടന്നു കേറുന്നു. ഇതുപോലെ അനേകം ഉദാഹരണങ്ങളെ ചേക്കാം. സൂക്ഷ്മം നോക്കിയാൽ ചരങ്ങളിൽ കണ്ടുവരുന്നതുപോലെ ആത്മരക്ഷക്കുള്ള ശ്രമവും വഴക്കും അചരങ്ങളിലും നടന്നുവരുന്നുണ്ട്. ശക്തിയുള്ളവർ ശേഷിക്കുക ശക്തിയില്ലാത്തവർ നശിക്കുക എന്ന ന്യായം അചരങ്ങളേയും ബാധിച്ചിട്ടുണ്ട്. സവ്വകമ്മത്തിനും ആധാരമായിരിക്കുന്ന "ഞാനെന്നും എനിക്കെന്നും എന്റെഎന്നും" ഉള്ള ബുദ്ധി ചരങ്ങളുടെ ഇടയിൽ പ്രബലപ്പെട്ടിരിക്കുന്നതുപോലെതന്നെ സൂക്ഷ്മം നോക്കിയാൽ അചരങ്ങളുടെ ഇടയിലും കാണാം. തന്ത [illegible] കഴിയുന്നതും ഉപദ്രവം തട്ടാതെ സ്വജാതിയെ രക്ഷപ്പെടുത്തുന്നതിന്നും ബാല്യത്തിൽ താന്താങ്ങളുടെ സന്തതികളെ രക്ഷിക്കുന്നതിന്നും അചരങ്ങൾ ചെയ്യുന്ന ശ്രമത്തെ സൂക്ഷിച്ചു നോക്കിയാൽ ഇതു ദൃഷ്ടാന്തപ്പെടും. ഈ സംഗതി വിശദപ്പെടുത്തുന്നതിന്നു ചില ഉദാഹരണങ്ങൾ ഇവിടെ ചേക്കുന്നു.

ഒന്നാമതു നമുക്കു ഏററവും പരിചയമുള്ള ഒരു നാളികേരം കയ്യിൽ എടുത്തു പരിശോധിക്കുക. പ്രഥമദൃഷ്ടിയിൽ ഇതു ഏററവും മിനുസമായും ഉറപ്പുള്ളതായും ഇരിക്കുന്ന ഒരു തൊലിയാൽ പൊതിയപ്പെട്ടും മൂന്നു പട്ടമായിട്ടു മൂടുസ്ഥലം കൂർത്തും അഗ്രം കുഴിഞ്ഞും കുഴിയുടെ ചുററും തടിച്ചും കുഴിയുടെ മദ്ധ്യത്തിൽ അല്പം വട്ടത്തിൽ ബ്രഷിന്റെ തല പോലെ നാരുകളുടെ അററം കണ്ടും ഇതിനേയും ഈ കുഴിയേയും അടിയിൽ ഒരു തൊപ്പിപോലെ ഒരു സാധനത്താൽ മൂടിയുമാണ് കാണുന്നത്. ഈ നാളികേരത്തെ ഒരു വെട്ടുകത്തികൊണ്ടോ കുററിക്കോലുകൊണ്ടോ പൊതിച്ചാൽ അണ്ഡാകൃതിയായ സാക്ഷാൽ നാളികേരം ചേരേയും അതിനെ പൊതിഞ്ഞിരുന്ന

തൊലയായ ചകിരി വേറേയുമായി തിരിയുന്നു. ഈ ചകിരിയെ ആവൎത്തിച്ചു പരിശോധിച്ചാൽ പല തരത്തിലുള്ള നാരുകളാൽ ഉണ്ടാക്കപ്പെട്ട ഒരു കൂട്ടിൽ വളരെ മൃദുത്വവും പതുപ്പും ഉള്ള ഒരു സാധനം നിറച്ച് ഏകോപിച്ച് ഉണ്ടാക്കിയതാണെന്നും മുഖത്തുനിന്നു സുമാർ ആശാരിക്കോൽക്കു രണ്ടര വിരൽ താഴെ മുതൽക്കാണ് സാക്ഷാൽ നാളികേരം പ്രായേണ ഇരിക്കുന്നത് എന്നും മേൽപറഞ്ഞ രണ്ടരവിരൽ സ്ഥലത്തു മററുള്ള ഭാഗങ്ങളിൽ കാണുന്നതിനേക്കാൾ എത്രയോ മൃദുവായ നാരുകളും അധികം ചോറും ഉള്ളതായി ബോദ്ധ്യപ്പെടും. ഇനി ചകിരിയിൽനിന്നും വേർതിരിക്കപ്പെട്ട സാക്ഷാൽ നാളികേരത്തെ പരിശോധിക്കാം.

ഇതിൻെറ ബഹിർഭാഗം ഏററവും കഠിനമുള്ളതും ചിരട്ട എന്നു വിളിച്ചു വരുന്നതും ആയ ഒരുമാതിരി ഓടിനാൽ പൊതിഞ്ഞും മുഖത്ത് അടുപ്പുപോലെ മൂന്നു സ്ഥാനത്തായി മദ്ധ്യം ഏറിയ ഒരു സാധനത്താൽ മൂടിയും കാണാം. ഈ സാധനത്തെ പിശ്ശാങ്കത്തികൊണ്ടോ നഖംകൊണ്ടോ ചിരണ്ടി നീക്കിയാൽ മൂന്നു കണ്ണുകൾ പ്രത്യക്ഷപ്പെടും. ഈ കണ്ണുകളെ പതുക്കെ കുത്തിനോക്കിയാൽ ഇതിൽ ഒന്ന് എളുപ്പത്തിൽ തുളയുന്നതായിട്ടും മററു രണ്ടു കണ്ണുകൾക്കു ചിരട്ടയുടെ കാഠിന്യം ഉള്ളതിനാൽ കള്ളക്കണ്ണുകളാണെന്നും ബോദ്ധ്യപ്പെടും. ഈ എളുപ്പത്തിൽ തുളയുന്ന കണ്ണു കേടുവരാതെ വൃത്തത്തിൽ ചൂന്ന് എടുത്താൽ അതിൻെറ മദ്ധ്യത്തിൽ ആനക്കൊമ്പിൻെറ നിറത്തിൽ ഉരുണ്ട ഒരു നെല്ലോളം വലുത്തിൽ ഒരു വസ്തു വളരെ വെളുത്ത മാംസോപമമായ ഒരു സാധനത്താൽ പൊതിഞ്ഞിരിക്കുന്നതായി കാണാം. ഈ വസ്തുവാകുന്നു ഈ നാളികേരത്തിൻെറ പ്രജ. ഈ പ്രജ വളൎന്നാകുന്നു മേലിൽ തെങ്ങ ഉണ്ടാവുന്നത്. നാം ചൂന്ന് എടുത്ത ദ്വാരത്തിൽക്കൂടി അകത്തേക്കു നോക്കിയാൽ പ്രജയെ പൊതിഞ്ഞിരിക്കുന്ന മാംസോപമമായ സാധനം അതിൻെറ അകം മുഴുവൻ വ്യാപിച്ചിരിക്കുന്നതു കൂടാതെ മധുരരസത്തോടുകൂടിയ കുറെ ജലവും സംഭരിച്ചിരിക്കുന്നതായി കാണാം. ഇതെല്ലാം ഈ പ്രജ വളരുമ്പോൾ യഥാക്രമം അതിൻെറ ക്ഷേമത്തിനുള്ള സാധനങ്ങളാകുന്നു. ഈ നാളികേരത്തിൻെറ ചകിരി ചിരട്ട മുതലായതു സകലവും കലാശം ഈ പ്രജയുടെ ക്ഷേമമായിത്തീരുന്നു. ചകിരിയുടെ സംഘടനവിശേഷത്താൽ രണ്ട്

ഉദ്ദേശം സാധിക്കുന്നു. ഉയരത്തിൽനിന്നു താഴേ വീഴുമ്പോൾ ചിരട്ട പൊട്ടാതെ ഇരിപ്പാനും പ്ലവത്വം എന്ന ഗുണം സിദ്ധിച്ചിരിക്കുന്നതിനാൽ ദൂരേ തെറിച്ചു പോകുന്നതിനുമാണ് ഈ വിദ്യ. ഇങ്ങിനെ അനേകം സൂത്രങ്ങൾ ഈ നാളികേരത്തിന്റെ സംഘടനത്തിൽ ഉപയോഗിച്ചിട്ടുണ്ട്.

ഒരു തെങ്ങിന്റെ വളൎച്ചക്കു സാധാരണ ചുരുങ്ങിയ പക്ഷം ആശാരി കോൽക്ക് ആറേകാൽ ചുററു സ്ഥലം ആവശ്യമാണ്. അതുകൊണ്ടു തെങ്ങിന്റെ സന്തതികളായ നാളികേരങ്ങൾ നേരെ ചുവട്ടിൽ വീണു മുളച്ചു തുടങ്ങിയാൽ തനിക്കു ദോഷം തട്ടുന്നതിന്ന് എളുപ്പമുണ്ട്. ഇതിനെ പരിഹരിക്കുന്നതിലാണു സാധാരണ നാളികേരക്കുല ഓലമടലിന്റെ മുകളിലായും നാളികേരം പാകമാകുന്നതുവരെ ഈ മടല് അതിന്ന് ഒരു താങ്ങായും ഇരിക്കുന്നതും പാകമാകുമ്പോൾ മടലിന്റെ മുകളിൽക്കൂടി ഉരസി താഴത്തു വീണു ചാടി തെറിച്ച് അതിദൂരത്തിൽ ചെന്നു കിടക്കുന്നതും. ഇങ്ങിനെ ആത്മരക്ഷക്കും പ്രജാരക്ഷക്കും നാളികേരം പ്രയോഗിച്ചിട്ടുള്ള നൈപുണ്യം പോലെ അവസ്ഥാനുസരണം മററു വൃക്ഷങ്ങളും പ്രയോഗിച്ചു കാണുന്നുണ്ട്. മാവു പക്ഷി മൃഗാദികളാലാണു തന്റെ പ്രജയെ ദൂരദിക്കിൽ നയിക്കുന്നത്. അങ്ങിനെ ചെയ്യുന്നതിൽ തന്റെ പ്രജക്കു ദോഷം തട്ടാതെ ഇരിക്കുന്നതിന്നും ഇതിലേക്കു പക്ഷി മൃഗാദികളെ ഉത്സാഹിപ്പിക്കുന്നതിന്നും വേണ്ട കരുതലുകൾ എല്ലാം ചെയ്തിട്ടുണ്ട്. കാററിനാൽ ബീജത്തെ ദൂരദിക്കിൽ പ്രവേശിപ്പിക്കുന്ന എലവ് മുതലായ ഭൂരുഹങ്ങളുടെ സൂത്രവും ആലോചനീയമാണ്. ഇതുകളെക്കൊണ്ടു അചരങ്ങൾ രക്ഷാവിഷയത്തിൽ വളരെ സാമൎത്ഥ്യം പ്രകടിപ്പിച്ചിരിക്കുന്നതായി തെളിയുന്നു. മേൽ കാണിച്ച ന്യായങ്ങൾ കൂടാതെ പശ്ചിമദിക്കുകളിൽ പ്രചാരം സിദ്ധിച്ചിരിക്കുന്ന ‘സാംക്രമികന്യായം’ (Theory of Evolution) ആലോചിച്ചാലും അചരങ്ങളെ ജീവിവൎഗ്ഗത്തിൽ ചേൎക്കേണ്ടതായി കാണുന്നു. അചരങ്ങളുടെ ആകൃതിയും ഏതാനും ചില സ്വഭാവവും ചരങ്ങളുടെ ഏതാനും സ്വഭാവവുമായി ചില ഭൂരുഹങ്ങൾ ഉണ്ട്. ദൃഷ്ടാന്തം തെക്കെ അമേരിക്കയിൽ ‘മക്ഷികംഗ്രാഹി’ (Fly-catcher) എന്ന ഒരു ചെടിയുണ്ട്. ഇതിന്റെ ഇല ഏകദേശം മനുഷ്യന്റെ കരതലത്തോടു സാദൃശമാണ്. ഈ ഇലയുടെ ഉപരിഭാഗത്ത് ഒരു മാതിരി പശയും നറച്ചു മുള്ളുകളും ഉണ്ട്. ഈ ഇലക്കകത്തു വല്ല ഈച്ചയോ

പുഴുഃവാ വന്നിരുന്നാൽ ഉടൻ ആ ഇല കൂമ്പുകയും അഞ്ചുനിമിഷം കഴിഞ്ഞാൽ വീണ്ടും വിടരുകയും ചെയ്യുന്നു. അഃപ്പാൾ ഈ ഇലയിൽ നോക്കിയാൽ അതിൽ വന്നിരുന്ന സാധനത്തെ മുഴുവൻ ഭക്ഷിച്ചതായി കാണാം. ഈ അസുരച്ചെടി ചിലഃപ്പാൾ ചെറിയ പക്ഷികളെക്കൂടി ഭക്ഷിക്കുന്നു. ആകൃതിയിൽ അചരവും പ്രകൃതിയാൽ മുഴുവൻ ചരവുമായിട്ടുള്ള വസ്തുക്കളും ഉണ്ട്. ദൃഷ്ടാന്തം സഞ്ചരിക്കുന്ന ഇല (Mantis or the Walking leaf) ഇതു കാഴ്ചയിൽ ഒരു ഇലഃ പോലെ ഇരിക്കും. യഥാത്ഥത്തിൽ തുമ്പിജാതിയിൽ ഒരുവക കീടമാണ്.

ഈ രണ്ടു വസ്തുവും ചരാചരങ്ങളെ വേർതിരിക്കുന്ന വരയിൽ നിഃല്ക്കുണ്ടവയാണെന്ന് ആഃലാചിക്കേണ്ടിയിരിക്കുന്നു.

മേൽ കാണിച്ച സംഗതികളാൽ അചരങ്ങളും ജീവികളുടെ കൂട്ടത്തിൽ പെട്ടവയാണെന്നു തീച്ചപ്പെടുഃത്തണ്ടിയിരിക്കുന്നു. അചരം എന്ന പദത്താൽ ശിലാപവ്വതാദികൾക്കൂടി ഉൾപ്പെടുത്തി ചിലർ ഉപയോഗിച്ചു വരുന്നതിനാൽ വൃക്ഷലതാദികളുടെ സമുദായനാമമായി ഭൂരുഹം എന്ന പദത്തെയാണ് ഇനി ഞാൻ ഉപയോഗിക്കാൻ ആലോചിക്കുന്നത്.

ജന്തുശാസ്ത്രം എന്നതു ജീവിവഗ്ഗത്തെപററി പറയുന്ന ശാസ്ത്രമാകുന്നു (Biology). ഈ ശാസ്ത്രത്തെ 1. മൃഗശാസ്ത്രമെന്നും (Zoology) ഭൂരുഹശാസ്ത്രമെന്നും (Botany) രണ്ടു വലിയഭാഗമായി തിരിച്ചിരിക്കുന്നു. ഈ രണ്ടു ഭാഗങ്ങഃളയും ആകൃതിശാസ്ത്രമായിട്ടും (Morphology) പ്രകൃതിശാസ്ത്രമായിട്ടും (Physiology) വിവരിക്കാവുന്നതാണ്. ഭൂരുഹശാസ്ത്രത്തിൽ വിശേഷിച്ചു വഗ്ഗനിണ്ണയം (Classification) എന്നൊരു ഭാഗംകൂടി ചേത്തിട്ടുണ്ട്.

ഭൂരുഹശാസ്ത്രത്തെ ആകൃതിശാസ്ത്രമായിട്ടും പ്രകൃതിശാസ്ത്രമായിട്ടും വേറെ വേറെ പറഞ്ഞു വരുമ്പോൾ ഗ്രന്ഥവിസ്താരം ഭയന്ന് ആവശ്യാനുസരണം രണ്ടിനേയും ഇടകലത്തി വിവരിക്കുകയും ഒടുവിൽ വഗ്ഗനിണ്ണയത്തെ വിവരിക്കുകയും ചെയ്യാനാണ് ആലോചിക്കുന്നത്. അന്യഭാഷകളിൽനിന്നും അവശ്യം ചില നാമങ്ങളും ഉപയോഗിക്കേണ്ടിയിരിക്കുന്നു. ഈ പ്രസ്താവന അവസാനിപ്പിക്കുന്നതോടുകൂടി ഭൂരുഹശാസ്ത്രത്തിന്റെ സംക്ഷേപമായ ഒരു ചരിത്രം കൂടി ഇവിടെ ചേക്കുന്നു. (തുടരും)

പി. കെ. എം., ബി എ,

പലവക

കാലംപോകുന്നുവെന്നോ കലിദുരിതവിലാസത്തിലാഴുന്നുവെന്നോ
കോലംകെട്ടിക്കളിക്കുന്നിതു ശലഭകുലത്തിന്റെ കൂത്താട്ടമെന്നോ
മേലാലെന്തെന്നുമോരാതലമലയുമൊരീലോകകീടത്തിനോർത്താ-
ലാലംബം മൂലമാതാവേ! തവപദതളിരിൽത്തങ്ങിടും പങ്കമെല്ലാം

സങ്കേതസംഭാഷണം

ആദികാലം മുതല്ക്കുതന്നെ അകലത്തിങ്കലിരിക്കുന്ന ആളുകളായിട്ടു സങ്കേതങ്ങളെക്കൊണ്ടു സംഭാഷണം ചെയ്യുന്നതിൽ ജനങ്ങൾക്കു ഉൽകണ്ഠയുണ്ടായിരുന്നു. തുടക്കത്തിങ്കൽ ശബ്ദത്തിന്റെയോ വെളിച്ചത്തിന്റെയോ സഹായംകൊണ്ടായിരുന്നു സങ്കേതസംഭാഷണം സാധിച്ചുപോന്നിരുന്നത്. ട്രായ് നഗരത്തിന്റെ അധഃപതനം അഗ്നിജ്വാലകളെക്കൊണ്ടാണ് അഗമെമ്മനാൺ (Agamemnon) എന്ന ആൾ നഗരവാസികളെ മനസ്സിലാക്കിയത്. അലക്സാണ്ടർ എന്ന ഗംഭീരപുരുഷൻ കാഹളശബ്ദംകൊണ്ടു കാര്യം മനസ്സിലാക്കിയതായി കേട്ടിട്ടുണ്ട്. രണ്ടാം നൂററാണ്ടിൽ 'പൊളിബിയസ്സ്' ഒരു മാതിരി ദൂരസംഭാഷണരീതി കണ്ടുപിടിക്കുകയും അതുമൂലം വാക്കുകൾ അക്ഷരംപ്രതി അറിയിക്കുവാനുള്ള മാർഗ്ഗമാക്കിത്തീർക്കുകയും ചെയ്തു. അക്ഷരമാലയിലുള്ള എല്ലാ അക്ഷരങ്ങളേയും അഞ്ചു നേർ വരികളായി തിരിച്ചു, ഇത്രാമത്തെ വരിയിൽ ഇത്രാമത്തെ അക്ഷരമെന്ന സങ്കേതംകൊണ്ടു മനസ്സിലാക്കിയിരുന്നു. അകലത്തിങ്കലേക്ക് ഈ അറിവുകൊടുക്കുവാനായി രണ്ടാളുകളെ അയ്യഞ്ചു ചൂട്ടുകളോടുകൂടി ഒരേടത്തു നിറുത്തപ്പെട്ടു. ആദ്യത്തെ ആൾ ആവശ്യമുള്ള എണ്ണത്തോളം ചൂട്ടുകൾ ഉയർത്തി ഇത്രാമത്തെ വരിയിലുള്ള അക്ഷരമെന്ന ധരിപ്പിക്കുകയും രണ്ടാമത്തെ ആള് അതുപോലെതന്നെ ആ വരിയിൽ ഇത്രാമത്തെ അക്ഷരമെന്നതു കുറിക്കുകയും ചെയ്തു വന്നിരുന്നു. അതിന്റെ ശേഷം ചൂട്ടുകളുടെ സ്ഥാനത്തു സ്തംഭദീപങ്ങൾ, വെടിയുടെ ശബ്ദം, ഘണ്ടാരവം, കാഹൽക്കുഴൽ മുതലായത് ഉപയോഗിച്ചിരുന്നു. അതിന്റെ

ശേഷം ഓരോരോ അത്ഥത്തെ കുറിക്കുന്ന പ്രത്യേകവാക്കുകളെ ഓരോരോ പ്രത്യേക സാധനങ്ങളെക്കൊണ്ടു സൂചിപ്പിക്കുവാൻ തുടങ്ങി. പക്ഷെ ഒടുവിൽ ഈ സൂത്രം അസാദ്ധ്യമായിട്ടു തള്ളിക്കളയേണ്ടതായി വന്നു. പിന്നീട ഓരോരോ പ്രത്യേക അക്ഷരങ്ങളെ കുറിക്കുവാൻ ഓരോരോ പ്രത്യേക സാധനങ്ങൾ ഉപയോഗിച്ചു തുടങ്ങി. ഈ വഴി ആദ്യം പറഞ്ഞതിനേക്കാൾ എളുപ്പമുള്ളതാണ എങ്കിലും അനേകം തവണ സങ്കേതം കാണിക്കുന്നതിനുള്ള അദ്ധ്വാനം നിമിത്തം ഈ വഴിയും ഫലിക്കാതായി. പിന്നെ പ്രയോഗിച്ച സൂത്രം രണ്ടു സാധനങ്ങളെ പല തവണയായി പല പ്രകാരത്തിൽ കാണിച്ചു വാക്കുകളെ സങ്കേതപ്പെടുത്തുകയായിരുന്നു. ഇപ്പോൾ കമ്പിത്തപ്പാലിൽ 'മൊർസ്', (Morse) മാതിരിയിൽ ഉപയോഗിച്ചു വരുന്ന സങ്കേതസൂത്രത്തിന്റെ സാരം ഇതുതന്നെയാണ്. പേനകൊണ്ടോ പെനസ്സിൽകൊണ്ടോ അടയാളപ്പെടുത്തുന്നതുപോലെയുള്ള വെട്ടിന്റേയും കുത്തിന്റേയും പലമാതിരിയിലുള്ള യോഗങ്ങളെക്കൊണ്ടാണ് ഈ മോർസ് മാതിരിയിൽ അക്ഷരങ്ങളെ മനസ്സിലാക്കുന്നത്. ചുരുക്കത്തിൽ ചില വത്തമാനങ്ങളെ അറിയിക്കുന്നതിൽ സ്തംഭദീപങ്ങളെ ഉപയോഗിച്ചു സങ്കേതസംഭാഷണം നടത്തുന്നതാണ മുഖ്യമായിട്ടുള്ളത്. ആദിമമായ സ്തംഭദീപം അലക്സാണ്ഡ്രിയക്കടുത്തുള്ള 'ഫെറൊസ്' എന്ന സ്ഥലത്തു സ്ഥാപിക്കപ്പെട്ടതായിരുന്നു. ഇത നൂറുനാഴിക അകലം കാണത്തക്കതായിരുന്നുവത്രേ. 18-ാം നൂററാണ്ടിലാണ കമ്പിത്തപ്പാലിന്റെ ആവശ്യം അനുഭവിച്ചു തുടങ്ങിയത്. 1192-ൽ 'ചാപ്പ്' എന്ന ആളുടെ കമ്പിത്തപ്പാൽ ഫ്രാൻസ് ഗവൎമ്മേണ്ടു സ്വീകരിച്ചു. അതിന്റെ ശേഷം ചെയ്തിട്ടുള്ള ഓരോ പരിഷ്കാരങ്ങളെക്കൊണ്ടാണ് കമ്പിത്തപ്പാൽ ഇപ്പഴത്തെ സ്ഥിതിയിൽ എത്തിട്ടുള്ളത്.

ബോധംവാജ്ഞാനമാകുന്നൊരുമിഴിചുടുകുണ്ഡാനലേചുട്ടുപൊട്ടി-
ച്ചിധാത്രീരോഗശാലക്കകമൊരുപണിയില്ലാതെതള്ളുന്നമൂലം
ആധിവ്യാധിപ്പരപ്പിൽപ്പെട്ടുമൊരുവിഷയാസക്തരോഗിക്കുമറെറ-
ന്നാധാരംതാൽപദപ്പൊടിപതിവുപിഴക്കാതെസേവിപ്പതെന്ന്യേ

P. SUBBAROY'S

World- renowned and most efficacious Ayurvedic medicine

പി. സുബ്ബരായിയുടെ ലോകപ്രസിദ്ധങ്ങളും ഏററവും ഫലവത്തുക്കളും ആയ ആയുർവേദ ഔഷധാലയം.

---

27. അശോകഘൃതം.

തെററിയുണ്ടാവുന്ന തീണ്ടാരി, വേദനയോടുകൂടി പ്രതിമാസമുണ്ടാകുന്ന തീണ്ടാരി, തീണ്ടാരികാലങ്ങളിൽ ഒടികളിലുണ്ടാകുന്ന വേദന, കാലനിർണ്ണയമില്ലാത്ത തീണ്ടാരി, മാസന്തോറുമുണ്ടാകുന്ന തീണ്ടാരിയിൽ അധികരിച്ചോ ചുരുങ്ങിയതോ ആയ രക്തപ്പോക്ക് മച്ചി എന്ന അവസ്ഥ സാധാരണയായ ഗർഭച്ചസൽ എന്നീ രോഗങ്ങളേയുംക്രമം തെററിയ തീണ്ടാരിനിമിത്തമുണ്ടാകുന്ന മററെല്ലാരോഗങ്ങളേയും ശമിപ്പിപ്പാൻ ഇത് ഏററവും വിശേഷപ്പെട്ട ഒരു ഔഷധമാകുന്നു. മാസന്തോറുമുണ്ടാകേണ്ടുന്ന തീണ്ടാരിക്കു ഈ ഔഷധം മേത്തരമായതും ഫലിതമായതുമാകുന്നു, ദേഹസുഖമുള്ള നല്ല കുട്ടികൾ ഉണ്ടാകേണ്ടതിന്നു ആഗ്രഹിക്കുന്ന സ്ത്രീകൾ ഇതിനെ ഉപയോഗിക്കേണ്ടതാണ്. കുപ്പി 1 ക്കു വില 1—0—0 ഒന്നോ രണ്ടോ കുപ്പികൾക്കു വി. പി. ചാർജ്ജ 5ണ പുറമെ.

28. ബൃഹൽചന്ദ്രോദയമകരധ്വജം.

മനക്കമ്പത്തോടുകൂടിയ ദൌർബ്ബല്യം സതാക്ഷയം വാർദ്ധക്യകാഴ്ച വിസ്മൃതനിശസ്ഖലിതം എന്നിവകൾക്കു ഇവ വിലയേറിയ ഒരു ഔഷധമാകുന്നു. ഇതിന്റെ ഫലിതം അത്ഭുതകരവും ആയതു നാൾക്കുനാൾ അഭിവൃദ്ധിയോടുകൂടി കാണപ്പെടാവുന്നതും ആകുന്നു. ചെറുപ്പം നിമിത്തമുണ്ടായ ദുർവൃത്തികളാൽ യൌവ്വനം നഷ്ടപ്പെട്ടു പോയിട്ടുള്ളവർ ഈ ഔഷധത്തെ ഒന്നു പരീക്ഷിച്ചു നോക്കേണ്ടതാണ. അല്പകാലത്തിനുള്ളിൽ ഇത് അവരെ യൌവനയുക്തരാക്കിത്തീർക്കുമെന്നതു നിശ്ചയമാണ്. ഒരു ആഴ്ചക്കു വേണ്ടുന്നതിന്നു വില 3 ക. വി. പി. ചാർജ്ജ 5ണ. പുറമെ.

29. ച്യവനപ്രാശം.

ശ്വാസനാഡികളേയും തൊണ്ടയേയും സംബന്ധിച്ചുള്ള എല്ലാ രോഗങ്ങൾക്കും ഇതു മേത്തരം ഔഷധമാകുന്നു. കഫസംബന്ധമായ എല്ലാതരം ഉപദ്രവങ്ങൾക്കും

പി. സുബ്ബരായി, പറങ്കിപ്പേട്ട, തെക്കേ ആർക്കാട്ട് ജില്ല.

11. കൎണ്ണബിന്ദു.

ചീക്കൊളു ചെവികുത്തു ചെവിയടപ്പ ഇരച്ചിൽ മുതലായ കൎണ്ണരോഗങ്ങളെ ഭേദപ്പെടുത്തും. ശ്രവണസൂക്ഷ്മതയുണ്ടാക്കും. വില കുപ്പി 1ക്ക 8 ണ തപാൽ ചിലവു മൂന്നു കുപ്പികൾവരെ 5 ണ വേറെ.

12. സുഖഭേദിഗുളികകൾ.

ഭേദി ശരിപ്പെടുത്തും. അജീൎണ്ണം പിത്തോപദ്രവങ്ങൾ വായു മലം പിടിത്തം അഗ്നിമാന്ദ്യം വാതം മുതലായ പല രോഗങ്ങളേയും ശമിപ്പിക്കും വില ഡപ്പി ഒന്നിന്ന 8 ണ തപാൽ ചിലവു 1 മുതൽ 4 വരെ ഡപ്പികൾക്ക 5 ണ വേറെ

13. നേത്രബിന്ദു.

കൺനോവു കൺകുത്തു കൃച്ഛം നീരെടുപ്പ മിന്നൽ മാലക്കണ്ണു പീളകെട്ടു ശേവളച്ചു പൂവു ചെരപ്പു എരിച്ചിൽ ഇമ പുറികം ഇവയുടെ വലിവു പുകച്ചിൽ ഇങ്ങിനെയുള്ള രോഗങ്ങളെ ഭേദപ്പെടുത്തും. വില ഡപ്പി ഒന്നിന്ന 8 ണ തപാൽ ചിലവു മൂന്നു കുപ്പികൾവരെ 5 ണ വേറെ

14. സ്ഖലിതരക്ഷണി.

ബലഹീനതയാലും അത്യുഷ്ണത്താലും മറ്റും ഉണ്ടാകുന്ന ഇന്ദ്രിയ സ്ഖലിതത്തെ നീക്കും വില ഡപ്പി ഒന്നിന്ന 8 ണ തപാൽ ചിലവു 5 വരെ ഡപ്പികൾക്ക 5 ണ വേറെ

15. മൃഗകസ്തൂരി.

കാഷ്മീരിൽനിന്നും വരുത്തിട്ടുള്ള ഒന്നാന്തരം കസ്തൂരി എപ്പോഴും ആപ്പീസ്സിൽ ഉണ്ടു. ത്രപാത്തുക്കത്തിന്ന 48 ക. വില. ഒരു ത്രപാമുതൽക്കുള്ള ഏതു സംഖ്യക്കും ചില്ലറയായിട്ടും കൊടുക്കപ്പെടും തപാൽ ചിലവു പുറമെ എഴുത്തുകുത്തുകൾ എല്ലാം ഇംഗ്ലീഷിലൊ തമിഴിലോ ആയിരിക്കണം.

16. തേൾവിഷത്തിന്നു സിദ്ധൌഷധം.

തേൾ കടിച്ച സ്ഥലത്തു രണ്ടു തുള്ളി ഒഴിച്ചാൽ പൊടുന്നനെ ആശ്വാസം കാണും. ഒരു കുഡുംബത്തിലെങ്കിലും ഇതു മരുന്നു ഒരു കുപ്പി കരുതി വെക്കാതെ ഇരിക്കരുത. വില കുപ്പി 1 ക്ക 2 ക 8 ണ. 12 കുപ്പിയിൽ കുറയാതെ ഒന്നിച്ചു വാങ്ങുന്നവൎക്ക ഡസൻ 1 ക്ക 2 ക 8 ണ. ഉള്ള വിലയിൽ കുറച്ചുമാത്രമെ വില ചുമത്തുന്നുള്ളു വി പി കമ്മീഷൻ 5 ണ പുറമെ. ഇൻഡ്യയിലും ബൎമ്മയിലും 12 കുപ്പിവരെ വി. പി. കമ്മീഷൻ 5 ണ. സിലോൺ ടി 7 ണ

ഭക്ഷിച്ചും താംബൂലത്തോടുകൂടിയോ ഉപയോഗിക്കാം. ആഹാരത്തോടുകൂടി രണ്ടു ഗുളികകളെ ഉപയോഗിച്ചാൽ ഏതു ഗുരുദ്രവ്യത്തെയും ജീൎണ്ണിപ്പെടുത്തും. പ്രസവകാലത്തു താംബൂലത്തോടുകൂടി ഉപയോഗിച്ചാൽ സന്നി അടുക്കയില്ല. അപായകരമായ യാതൊരു ലഹരിസാധനങ്ങളും ഇതിൽ ചേൎത്തിട്ടില്ല. കാശ്മീരത്തുനിന്നു വരുത്തിയ കസ്തൂരി പച്ചക്കൎപ്പൂരം മുതലായ അനേകം വിലയേറിയ സംധനങ്ങൾ ഇതിൽ ചേൎത്തിട്ടുണ്ട്. ചളി കാസശ്വാസം ജ്വരം മുതലായ രോഗങ്ങൾ വയസ്സിന്റെ ഏററക്കുറച്ചിൽപോലെ ഒന്നുമുതൽ 4 വരെ ഗുളികകൾ വെററിലച്ചാററിൽ കൊടുത്താൽ മതി. 200 ഗുളികകൾ ഉള്ള കുപ്പി 1-ക്ക വില ണ 4. 1 മുതൽ 12 വരെ കുപ്പികൾ അടങ്ങിയ ബങ്കി 1-ക്ക തപാൽകൂലി 4 ണ.

6. ദന്തചൂൎണ്ണം.

സുഗന്ധമായുള്ളതു. എല്ലാമാതിരി ദന്തരോഗങ്ങളേയും നീക്കും. വില കുപ്പി ഒന്നിനു 3-ണ. തപാൽ ചിലവു 2 കുപ്പിവരെ 5 ണ വേറെ

7. ജ്വരസംഹാരി.

കുളിൎപ്പനി മുറപ്പനി വാതപ്പനി പിത്തജ്വരം കഫജ്വരം അസ്ഥിജ്വരം മുതലായവക്കു നന്നു. വില ഡപ്പി ഒന്നിനു 1 ക. തപാൽ ചിലവു 7 ണ വേറെ

8. ലോകപ്രസിദ്ധമായ സുഗന്ധകുന്തളതൈലം.

ഈ തൈലം പിരട്ടിയാൽ തലമുടി മീശ ഇമ ഇവ പുഷ്ടിയായും ഞെരുക്കമായും കറുപ്പായും വളരും. കണ്ണിന്നു കുളൎമ്മയുണ്ടാക്കും. സകല കൺനോവുകളും തലവേദനകളും നീങ്ങും. ചെമ്പിച്ച രോമം കറുക്കും. രോമം പൊഴിയാതിരിക്കും. കണ്ണിന്നു നല്ല തെളിച്ചമുണ്ടാക്കും. വില കുപ്പി ഒന്നിനു 8 ണ തപാൽചിലവു 5 ണ വേറെ.

9. രോമസംഹാരി

രോമം എവിടെ വേണ്ടാതാക്കണമൊ അവിടെ ഈ മരുന്നു പുരട്ടിയാൽ യാതൊരു വേദനയുമുണ്ടാക്കാതെ രോമത്തെ മാററും. വില കുപ്പി ഒന്നിനു 4 ണ തപാൽ ചിലവു മൂന്നു കുപ്പികൾവരെ 5 ണ വേറെ

10. അഗ്നിമാന്ദ്യസംഹാരി.

ദഹനമില്ലായ്മ പുളിച്ചുതികട്ടുക നെഞ്ചുകലിക്കുക മൂലബന്ധം വയറുനോവു വായനാററം അജീൎണ്ണം വയറുവീൎത്തുകയറുക നിദ്രാഭംഗം മുതലായ പിത്തോപദ്രവങ്ങളെ നീക്കി സുഖപ്പെടുത്തും. ഡപ്പി ഒന്നുക്ക അണ 8 തപാൽകൂലി 5 ണ വരെ

---

17. വ്രണവിരോപണ തൈലം.

ഈ കുഴമ്പു പിത്തപ്പുണ്ണു മുതലായ എല്ലാ വിധ വ്രണങ്ങൾക്കും കൈകണ്ട ഔഷധമാകുന്നു. ഇതു സകല കൃമികളേയും നശിപ്പിച്ചു എല്ലാ വ്രണങ്ങളേയും വിശുദ്ധീകരിച്ചു വളരെ വേഗത്തിൽ ഉണക്കുന്നതാകുന്നു വില 8 ണ മൂന്നു കുപ്പിവരെ വി പികമ്മീഷൻ 5 ണ മാത്രം

18. കണ്ഠശുദ്ധിഗുളിക.

ഇതു കണ്ഠം തെളിഞ്ഞു ശാരീരം നന്നാവുന്നതിന്നു അതിവിശേഷമായ ഔഷധമാകുന്നു. പ്രത്യേകിച്ചു സംഗീതക്കാൎക്കും പ്രസംഗക്കാൎക്കും പാതിരിമാൎക്കും ശബ്ദവയവംകൊണ്ടു അത്യായാസം ചെയ്യേണ്ടവരായ മറ്റെല്ലാവൎക്കും വളരെ ഉപയോഗമുള്ളതാകുന്നു. വില 8 ണ വി പി കമ്മീഷൻ 6 കുപ്പിവരെ 6 ണ

19, സ്നാനചൂൎണ്ണം.

ഈ പൊടി തേച്ചു കുളിക്കുന്നതിന്നു വിലയേറിയ സോപ്പിനേക്കാൾ വളരെ വിശേഷം. ഇതു ദേഹത്തിലെ അഴുക്കും ദുൎഗ്ഗന്ധവും കളഞ്ഞു മൃദുത്വവും പ്രകാശവും സുഗന്ധവും ഉണ്ടാക്കുന്നു. ഇതിന്നും പുറമെ ദേഹത്തിന്നു ശൈത്യവും സുഖവും എല്ലായ്പോഴും തോന്നിക്കും. ഇതു ഇന്ത്യയിലുള്ള എല്ലാവൎക്കും വേണ്ടതാകുന്നു. വില 8ണ വി പി കമ്മീഷൻ 3 ണ

20. സഞ്ജീവഗുളിക.

കുട്ടികൾക്കുണ്ടാകുന്ന പനി ജലദോഷം തലവേദന ചുമ അതിസാരം അശസ്സു ഉറക്കമില്ലായ്മ ഇവക്കും ആന്ത്രവായു മുതലായി എല്ലാ ഉദരരോഗങ്ങൾക്കും ഈ ഗുളിക വളരെ ഉപയോഗമുള്ള ഔഷധമാകുന്നു. ഇതു മദ്ധ്യവയസ്സന്മാൎക്കും ഒരുപോലെ ഉപകരിക്കാവുന്നതാകുന്നു. വില 10 ണ വി പി കമ്മീഷൻ 6 കുപ്പിവരെ 5ണ

21. ഒന്നാംതരം ഗോരോചന ഗുളിക.

എല്ലാവിധ പനികൾക്കും അതു സംബന്ധമായി പ്ലീഹ, കരള ഇതുകളിൽ ഉണ്ടാവുന്ന ഉപരോഗങ്ങൾക്കും ജലദോഷം, തലവേദന, ചുമ, അതിസാരം, അശസ്സ്, ഉറക്കമില്ലായ്ക, ആന്ത്രവായു മുതലായ എല്ലാ ഉദരരോഗങ്ങൾക്കും അതിവിശേഷമായ ഔഷധമാകുന്നു വില 5 ണ, വി. പി. കമ്മീഷൻ 6 കുപ്പിവരെ 5 ണ

പി. സുബ്ബറായി പറങ്കിപ്പേട്ട, തെക്കെ ആൎക്കാട്ട ജില്ല.

23. ത്വഗ്രോഗപരിഹാരി.

ഈ ഔഷധം കരപ്പൻ, ചുണങ്ങ, ചൊറി, പോളുൻ, ചൂട, പുഴുക്കടി, തമര ണം, ഒട്ടവട്ട മുതലായ കടിയും ചൊറിയും ഉള്ള എല്ലാ ത്വഗ്രോഗങ്ങൾക്കും ഏററവും നല്ല ഔഷധമാകുന്നു. ഇതു ദേഹത്തിൻെറ പുറമെമാത്രം ഉപയോഗിച്ചാൽ മതി. വി പി കമ്മീഷൻ 5 ണ

മെത്തരം ഗോരോചനം തോല 1-ക്ക വില 5 ക. മെത്തരം കുങ്കുമകേസരം തോല 1-ക്ക വില 1 ക. മെത്തരം പച്ചക്കപ്പൂരം, തോല 1-ക്ക വില 2 ക മെതരം രോജാ അത്തർ, മല്ലിപ്പൂ അത്തർ, വെട്ടിവേർ, താഴമ്പൂ, മരിക്കളന്തു, ജാതിമല്ലി, സ്വഹാഗ, ഹന, മഗിഡമ്പു അത്തർ മുതലായതുകൾ എപ്പോഴും തയ്യാറുണ്ട. ഇവ ഒരു തോല തൂക്കത്തിന്ന 1 ക. 8 ണ. തപാൽകൂലി പുറമെ.

				ക്.	ണ്.	സ്.
ഒന്നാംതരം	ഗോരോചനം	രൂപാത്തൂക്കം	1-ക്ക	5	0	0
ടി	മഞ്ഞൾ	ടി	1-ക്ക	1	0	0
ടി	പച്ചക്കപ്പൂരം	ടി	1-ക്ക	1	0	0

24. രക്ഷാമൃതം.

ഇത ഈ നാട്ടിലെ സസ്യങ്ങളിൽനിന്ന ഉണ്ടാക്കപ്പെടുന്ന വിശേഷമായ ഒരു പൊടിയാണ. കാപ്പിക്കും ചായക്കും പകരം ഉപയോഗിക്കേണ്ട ഒരു ഭക്ഷണദ്രവ്യമാണ. ഇതിന്ന കാപ്പിക്കും ചായക്കുമുള്ള ദോഷങ്ങൾ യാതൊന്നുമില്ല. ദഹനക്കേടുള്ളവൎക്കും പ്രമേഹരോഗക്കാൎക്കും ഇത ഒരു ദിവ്യ ഔഷധമാണ. ഇത രക്തശുദ്ധി വരുത്തുകയും, പിത്തം, ദഹനക്ഷയം, ചുമ, വായുക്ഷോഭം, പനി, തലവേദന മുതലായ രോഗങ്ങൾ മാററുകയും ചെയ്യും. ദേഹത്തിലെ ഉഷ്ണത്തെ ഇല്ലായ്മ ചെയ്തു മൂത്രച്ചൂട, അസ്ഥിസ്രാവം മുതലായ രോഗങ്ങളെ തീരെ ഭേദപ്പെടുത്തുകയും കായബലം വൎദ്ധിപ്പിക്കുകയും ചെയ്യും. ഇത രോഗികൾക്കും ശിശുക്കൾക്കും, ദൃഢഗാത്രന്മാൎക്കും എല്ലാം ഉപയോഗിക്കാവുന്നതും ഗുണപ്രദമായിട്ടുള്ളതുമാണ.

തകരം 1-ക്ക അണ 6 മാത്രം വി പി ചാൎജ്ജ അണ 3 പുറമെ.

മേൽവിലാസം തമിഴിലൊ ഇംഗ്ലീഷിലൊ വിശദമായി എഴുതണം.

പി. സുബ്ബറായി പറങ്കിപ്പേട്ട, തെക്കേ ആൎക്കാട്ടജില്ല.